# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിന്റെ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിന്റെ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിന്റെ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിന്റേതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിന്റെ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997


പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


വാല്യം 1

**പാറശ്ശാല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

**നേമം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

**വെള്ളനാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

**വാമനപുരം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

**വർക്കല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

## വാല്യം 13

### ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

## വാല്യം 14

### കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

## വാല്യം 15

### ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

## വാല്യം 16

### വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

## വാല്യം 17

### പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

## വാല്യം 18

### അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

## വാല്യം 19

### കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

## വാല്യം 20

### ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

## വാല്യം 21

### ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

## വാല്യം 22

### അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

## വാല്യം 23

### മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

## വാല്യം 24

### ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

## വാല്യം 25

### ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

## വാല്യം 26

### മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

## വാല്യം 27

### പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

5

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

6

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

7

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്യക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

8

## വാല്യം 85

### ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

## വാല്യം 86

### പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

## വാല്യം 87

### മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

## വാല്യം 88

### തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

## വാല്യം 89

### അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

## വാല്യം 90

### ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

## വാല്യം 91

### കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

## വാല്യം 92

### ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

## വാല്യം 93

### വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

## വാല്യം 94

### മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

## വാല്യം 95

### കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

## വാല്യം 96

### മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

## വാല്യം 97

### ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

## വാല്യം 98

### തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

## വാല്യം 99

### പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

10

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാനൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

13

# നഗരസഭകൾ

വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി



# പഞ്ചായത്ത് വികസന റിപ്പോർട്ട്

## ജനകീയാസൂത്രണപ്രസ്ഥാനം

എടവിലങ്ങ് ഗ്രാമപഞ്ചായത്ത്.

1996

# ഒമ്പതാം പദ്ധതി
# നമ്മുടെ പദ്ധതി

## ജനകീയാസൂത്രണ പ്രസ്ഥാനം

## പ്രഥമ വികസന റിപ്പോർട്ട്
# എടവിലങ്ങ് ഗ്രാമപഞ്ചായത്ത്
## 1996



# വികസനത്തിന്റെ ഒരേട്

കെ.എം.സൈനബ

പഞ്ചായത്ത് പ്രസിഡണ്ട്

ഇന്ത്യയുടെ ആസൂത്രണചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന്നു വഴിതുറക്കുന്ന നൂതന സംരംഭമാണ് കേരള സർക്കാരും, സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപംനൽകി നടപ്പിലാക്കിവരുന്ന ജനകീയാസൂത്രണ പ്രസ്ഥാനം.

നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്കും ജനകീയാവശ്യങ്ങൾക്കനുസൃതമായി താഴേതട്ടിൽനിന്നും ജന പങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം നേടുന്നതിന്നായി ആവിഷ്ക്കരിച്ചിട്ടുള്ള ഈ കർമ്മ പരിപാടി രാഷ്ട്രീയകക്ഷിഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വിശേഷാൽ ഗ്രാമസഭ മുതൽ വികസന സെമിനാർവരെയുള്ള പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടന്നുകഴിഞ്ഞു.

കഴിഞ്ഞ ഒക്ടോബർ രണ്ടിന് അധികാരം പഞ്ചായത്തിന് കൈമാറിയതിനുശേഷം അനുവദിക്കപ്പെട്ടിരുന്ന മുഴുവൻ ഫണ്ടും നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുകഴിഞ്ഞു.

നമ്മുടെ വിശേഷാൽ ഗ്രാമസഭകളിലെല്ലാംതന്നെ ജനപങ്കാളിത്തം ആശാവഹമായിരുന്നു. സ്ത്രീകളുടെ പങ്കാളിത്തം പ്രത്യേകം എടുത്തു പറയേണ്ടതാണ്. നമ്മുടെ വികസന കാര്യങ്ങൾ ചർച്ചചെയ്യുന്നതിന്നായി ഇത്രയും അധികം ജനങ്ങൾ ഒന്നിച്ചുകൂടുക എന്നത് നല്ലൊരനുഭവമായിരുന്നു. ഗ്രാമസഭകളിൽനിന്നും ഉരുത്തിരുഞ്ഞുവന്ന അഭിപ്രായങ്ങളാണ് ഈ വികസന റിപ്പോർട്ടിൽ ക്രോഡീകരിച്ചിരിക്കുന്നത്. കൂടാതെ വിദഗ്ധർ, പഴമക്കാർ, അനുഭവസ്ഥർ എന്നിവരുടെ അഭിപ്രായങ്ങളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പദ്ധതിയെപ്പോലെതന്നെ പ്രധാനമാണ് അത് രൂപപ്പെടുത്തുന്ന രീതിയും. പദ്ധതി രൂപീകരണം മുതൽ അതു നടപ്പിലാക്കുന്നതുവരെയും എല്ലാ ഘട്ടത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുകവഴി ഒരു പുതിയ കാഴ്ചപ്പാട് ജനങ്ങളിൽ ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗ്രൂപ്പുലീഡർമാർ, L.R.P. മാർ, D.R.P. മാർ, കീ റിസോഴ്സ് പേഴ്സൺ, പഞ്ചായത്ത് ജീവനക്കാർ, വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ നൽകിയ സഹകരണം വളരെ വിലപ്പെട്ടതായിരുന്നു. അതുപോലെത്തന്നെ ഈ റിപ്പോർട്ട് തയ്യാറാക്കുവാൻ സഹായിച്ച എല്ലാവരോടും നന്ദി പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കട്ടെ.

ഇത് പ്രഥമ റിപ്പോർട്ടാണ്. എല്ലാ വിവരങ്ങളും ശേഖരിച്ച് സമഗ്രമായൊരു വികസന റിപ്പോർട്ട് തയ്യാറാക്കുകയാണ് ലക്ഷ്യം. അതിന്ന് വികസന സെമിനാറിൽ പ്രോത്സാഹജനകമായ ചർച്ചകൾ ഉണ്ടാകണം.

തുടന്നുള്ള പടിപടിയായുള്ള പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും സഹകരണം ഉണ്ടാകണമെന്നും അങ്ങിനെ നാംതന്നെ നമ്മുടെ കാര്യങ്ങൾ തീരുമാനിച്ച് പഞ്ചായത്തിന്റെ സമഗ്രവികസനത്തനായി ജനകീയാസൂത്രണമെന്ന സങ്കല്പം എന്നൊരവസ്ഥയിൽനിന്ന് ഒരു യാഥാർത്ഥ്യമായി ഉയർത്തുന്നതിന്നുവേണ്ടി പ്രത്യാശനൽകുന്ന പുതിയ കാലഘട്ടത്തിലേക്കായി നമുക്കൊരുമിച്ചു മുന്നേറാം. നിങ്ങൾ നൽകിയ സഹായസഹകരണങ്ങൾക്ക് നന്ദി രേഖപ്പെടുത്തികൊണ്ട് തുടർന്നും അകമഴിഞ്ഞ സഹകരണം നിങ്ങളിൽനിന്നും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട്.

ആശംസകളോടെ

കെ.എം.സൈനബ

18

# എടവിലങ്ങ് ഗ്രാമപഞ്ചായത്ത്
# ഇന്നത്തെ ഭരണസമിതി

**ശ്രീമതി. കെ.എം.സൈനബ**
പഞ്ചായത്ത് പ്രസിഡണ്ട്

**ശ്രീ. എം.എ.മോഹൻദാസ്**
വൈസ് പ്രസിഡണ്ട്

**ശ്രീ. ഇ.കെ.ശങ്കരനാരായണൻമാസ്റ്റർ**
സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ

**ശ്രീ. കെ.കെ.ബാലൻ**
രണ്ടാം വാർഡ് മെമ്പർ

**ശ്രീ. കെ.ആർ.പരമു**
നാലാം വാർഡ് മെമ്പർ

**ശ്രീമതി. കത്രീനാജോസഫ്**
ആറാം വാർഡ് മെമ്പർ

**ശ്രീ. കെ.എ.അബ്ദുൾഖാദർ**
ഏഴാം വാർഡ് മെമ്പർ

**ശ്രീമതി. ഉമാവതിപ്രഭാകരൻ**
എട്ടാം വാർഡ് മെമ്പർ

**ശ്രീ. ടി.വി.രാമു**
ഒമ്പതാം വാർഡ് മെമ്പർ

---

**ശ്രീ. കെ.എച്ച് നാസിമുദ്ദീൻ**
ജില്ലാ പഞ്ചായത്ത്
സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ

**ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ**
സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ
ബ്ലോക്ക് പഞ്ചായത്ത്

**ശ്രീമതി. വസന്താ പുരുഷോത്തമൻ**
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ

## വികസന സെമിനാർ സ്വാഗതസംഘം

| | |
|---|---|
| രക്ഷാധികാരികൾ: | ശ്രീ. കെ.എച്.നസിമുദ്ദീൻ |
| | ശ്രീ. ഇ.ടി.ടൈസൻ മാസ്റ്റർ |
| ചെയർമാൻ: | ശ്രീ. കെ.എ.അബ്ദുൾറഹിമാൻകുട്ടി |
| വൈസ് ചെയർമാൻമാർ: | ശ്രീ. എം.എ.മോഹൻദാസ് |
| | ശ്രീമതി. വസന്താപുരുഷോത്തമൻ |
| | ശ്രീമതി. പി.സരോജിനിടീച്ചർ H.M. എടവിലങ്ങ്. |
| ജനറൽ കൺവീനർ: | ശ്രീമതി. കെ.എം.സൈനബ |
| കൺവീനർമാർ: | ശ്രീ. കെ.എ.അബ്ദുൾഖാദർ |
| | ശ്രീ. ടി.വി.രാമു |
| | ശ്രീമതി. സുഹറാടീച്ചർH.M. GLP.എടവിലങ്ങ്. |
| **വികസനറിപ്പോർട്ട്** | |
| ചെയർമാൻ: | ശ്രീ. കെ.എ.അബ്ദുൾഖാദർ |
| കൺവീനർ: | ശ്രീ. എം.എ.രാഘവൻ |
| **റജിസ്ട്രേഷൻ** | |
| ചെയർമാൻ: | ശ്രീ. കെ.ആർ.പരമു |
| കൺവീനർ: | ശ്രീ. കെ.എ.സലീം |
| **പ്രചരണം** | |
| ചെയർമാൻ: | ശ്രീ. കെ.കെ.ബാലൻ |
| കൺവീനർ: | ശ്രീമതി. ഉമാവതിപ്രഭാകരൻ |
| **ഭക്ഷണം** | |
| ചെയർമാൻ: | ശ്രീമതി. കത്രീനാജോസഫ് |
| കൺവീനർ: | ശ്രീ. കെ.കെ.സുരേന്ദ്രൻ |
| **ഫൈനാൻസ്** | |
| ചെയർമാൻ: | ശ്രീ. എം.എ.മോഹൻദാസ് |
| കൺവീനർ: | ശ്രീ. ഇ.കെ.ശങ്കരനാരായണൻമാസ്റ്റർ |

# ജനകീയാസൂത്രണ പ്രസ്ഥാനം

| | | |
|---|---|---|
| പഞ്ചായത്ത് കൺവീനർ | – | ശ്രീ. ഇ.കെ.ശങ്കരനാരയണൻ മാസ്റ്റർ |
| പഞ്ചായത്ത് ജോ.കൺവീനർ | – | ശ്രീ. കെ.എ.അബ്ദുൾഖാദർ |
| ബ്ലോക്ക് കൺവീനർ | – | ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ |

**പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കിയവർ**

ശ്രീ. കെഎ.അബ്ദുൾ ഖാദർ – ചെയർമാൻ

ശ്രീ. എം.എ.രാഘവൻ – കൺവീനർ

ശ്രീ. ഇ.കെ.ശങ്കരനാരായണൻ മാസ്റ്റർ

ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ

ശ്രീ. കെ.എം.സലീം

ശ്രീ. കെ.കെ.സുരേന്ദ്രൻ

ശ്രീ. കെ.എസ്സ്.വിനോദ്കുമാർ

ശ്രീ. പി.കെ.അബ്ദുൾ റഹിമാൻ

ശ്രീ. ടി.എം.ജലീൽ

## ആമുഖം

'അധികാരം ജനങ്ങളിലേക്ക്; ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന മുദ്രാവാക്യം ഇന്ന് സാർവത്രികമായിരിക്കുകയാണ്. നമ്മുടെ ഭരണഘടന പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചായത്ത് രാജ് / നഗരപാലികാ സംവിധാനങ്ങൾക്ക് പങ്കാളിത്തം ഉറപ്പു നൽകുന്നു. കേരള നിയമസഭ 1994ൽ പാസ്സാക്കിയ പഞ്ചായത്ത് രാജ് – മുൻസിപ്പൽ നിയമങ്ങളും ഈ ചുമതല കൂടുതൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. എന്നാൽ അടുത്ത ഏപ്രിൽ മുതൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിൽ ഈ ചുമതലകൾ നിർവഹിക്കുന്നതിന്ന് ഒട്ടേറെ പ്രായോഗിക തടസ്സങ്ങൾ ഉണ്ട്.

താഴത്തെ തട്ടിൽ നിന്നുള്ള ആസൂത്രണത്തിന്റെ മുൻ അനുഭവങ്ങളുടെ അഭാവം.

വേണ്ടത്ര അധികാരങ്ങളോ ഉചിതമായ ചട്ടങ്ങളോ ഇല്ലാത്തത്

വേണ്ടത്ര ഉദ്യോഗസ്ഥന്മാരുടേയും വിദഗ്ധന്മാരുടേയും അഭാവം

വികസനരംഗത്തെക്കുറിച്ചുള്ള വികലമായ അവബോധം

തുടങ്ങിയവയെല്ലാം ഗൗരവമായ പ്രശ്നങ്ങളാണ്. മുകളിൽ സൂചിപ്പിച്ച എല്ലാവിധ പ്രതിബന്ധങ്ങളേയും മറികടന്ന് സമയബന്ധിതമായി ജനങ്ങളിൽ അർപ്പിതമായ നിയമാനുസൃതമായ ആസൂത്രണ ചുമതല നിർവഹിക്കുന്നതിന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനം രൂപം നൽകിയിട്ടുള്ളത്. ജനങ്ങളുടെ സംഘടിതശേഷിയും ജനാധിപത്യ അവബോധവും പുനർജീവിപ്പിച്ച് അത് വികസനത്തിനുവേണ്ടി ഉപയോഗിക്കുക മാത്രമാണ് കേരളം നേരിടുന്ന വികസന പ്രതിസന്ധിക്കു പരി

ഹാരം. ഒമ്പതാം പദ്ധതിയുടെ അടങ്കൽത്തുകയുടെ 35 മുതൽ 40% വരേയും വരുന്ന സ്കീമുകൾക്ക് വിവിധ തട്ടുകളിലുള്ള പഞ്ചായത്ത് - മുൻസിപ്പൽ സമിതികൾ വഴി രൂപപ്പെടുത്തിയെടുക്കുക മാത്രമല്ല ഉദ്ദേശം. ഇതുമായി ബന്ധപ്പെട്ടു നടത്തുന്ന പരിശീലനം, പ്രചരണം, സന്നദ്ധസേവനം മുതലായവ കേരളത്തിൽ ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിന്നും ആസൂത്രണപ്രസ്ഥാനം ലക്ഷ്യമിടുന്നു.

കേരളസംസ്ഥാനത്തിന്റേയും ആസൂത്രണ പ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന് നാം വിജയകരമായ തുടക്കം കുറിച്ചിരിക്കുകയാണ്. പുതിയ പ്രസ്ഥാനത്തിന്റെ തുടക്കത്തിൽതന്നെ ഉളവായിരിക്കുന്ന ആവേശവും പുതിയ പ്രതീക്ഷകൾക്ക് വക നൽകിയിരിക്കുകയാണ്. ജനകീയാസൂത്രണ പരിപാടിയുടെ പടിപടിയായുള്ള ഘട്ടങ്ങൾ ഒരോന്നും അവധാനതയോടെ പൂർത്തീകരിക്കുവാൻ നാം ഓരോരുത്തരും തയ്യാറാവണം.

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും ഇതിനായുള്ള റിസോഴ്സ് പേഴ്സൺമാരുടെ ആദ്യഘട്ടം പരിശീലനം പൂർത്തീകരിച്ചു കഴിഞ്ഞതിന്നുശേഷം ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ചേർന്ന വിശേഷാൽ ഗ്രാമസഭകൾക്ക് ഈ റിസോഴ്സ് പേഴ്സൺമാരാണ് നേതൃത്വം നൽകിയത്.

നമ്മുടെ പഞ്ചായത്തിൽനിന്ന് റിസോഴ്സ്പേഴ്സൺമാരായി വിദഗ്ധ പരിശീലനം ലഭിച്ചവർ സംസ്ഥാനതലത്തിൽ ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ (key resourse person), ഡിസ്ട്രക്ട് തലത്തിൽ ിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺമാരായി ശ്രീമതി സൈനബാ അബൂബക്കർ (പഞ്ചായത്ത് പ്രസിഡണ്ട്), ശ്രീ. എം.എ.മോഹൻദാസ് (പഞ്ചായത്ത് വൈസ്പ്രസിഡണ്ട്), ശ്രീ. ഇ.കെ.ശങ്കരനാരായണൻ മാസ്റ്റർ (പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ) പഞ്ചായത്ത് മെമ്പർമാരായ ശ്രീ. കെ.കെ. ബാലൻ, ശ്രീ. കെ.ആർ.പരമു, ശ്രീമതി കത്രീന ജോസഫ്, ശ്രീ. കെ.എ.അബ്ദുൾ ഖാദർ, ശ്രീമതി ഉമാവതി പ്രഭാകരൻ, ശ്രീ. ടി.വി.രാമു, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി വസന്താ പുരുഷോത്തമൻ, പൊതുപ്രവർത്തകരായ ശ്രീ. എം.എ.രാഘവൻ, കെ.എം.സലീം, ശ്രീ. കെ.കെ.സുരേന്ദ്രൻ, ശ്രീ അബ്ദുൾറഹിമാൻകുട്ടി, ശ്രീ. കുഞ്ഞുമൊയ്തീൻ മാസ്റ്റർ, ശ്രീ. കുട്ടൻ എന്നിവരും, പഞ്ചായത്തുതലത്തിൽ ഒമ്പതു വാർഡുകളിൽനിന്നും, പഞ്ചായത്ത് അംഗങ്ങൾ തെരഞ്ഞെടുത്ത 45 പേരും പഞ്ചായത്ത് ഏകദിന പരിശീലനത്തിൽ പങ്കെടുത്തിരുന്നു.

ഗ്രാമസഭകളിൽ നമ്മുടെ പഞ്ചായത്തിലെ ഒമ്പതു ഗ്രാമസഭാ നിയോജക മണ്ഡലങ്ങളിലായി ഏകദേശം 1500ൽപ്പരം ആളുകൾ പങ്കെടുക്കുകയുണ്ടായി. ഗ്രാമസഭകളിൽ ശ്രദ്ധിക്കപ്പെട്ട മറ്റൊരു പ്രത്യേകത അതിവിപുലമായ സ്ത്രീ പങ്കാളിത്തമായിരുന്നു. നമ്മുടെ ഗ്രാമസഭകളിൽ 600ൽപ്പരം സ്ത്രീകൾ പങ്കെടുക്കുക മാത്രമല്ല സജീവമായിത്തന്നെ ചർച്ചകളിലെല്ലാം പങ്കാളികളാവുകയും ചെയ്തു. വികസനപ്രശ്നങ്ങൾ ചർച്ചചെയ്യുവാൻ ഇത്രയധികം ജനങ്ങൾ ഒത്തുകൂടിയ സന്ദർഭം ഇതിനു മുൻപൊരിക്കലും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭകളിൽ നമ്മുടെ പ്രദേശത്തെ വികസന പ്രശ്നങ്ങൾ തിട്ടപ്പെടുത്തുകയും സാദ്ധ്യമായ പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. അഞ്ചുമുതൽ എട്ടുവരെ ഗ്രൂപ്പുകളായി തിരിഞ്ഞുകൊണ്ടാണ് പ്രധാനമായും ചർച്ചകൾ നടന്നത്.

ഒന്ന് – കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം

രണ്ട് – വ്യവസായം, ഊർജ്ജം, ഗതാഗതം, വാർത്താവിനിമയം, പൊതു മരാമത്ത്, മാർക്കറ്റ്

മൂന്ന് – വിദ്യാഭ്യാസം, സംസ്കാരം, കുടിവെള്ളം, ആരോഗ്യം, പാർപ്പിടം

നാല് – സാമൂഹ്യക്ഷേമം, വനിത, പട്ടിക ജാതി – പട്ടിക വർഗ്ഗം

അഞ്ച് – സഹകരണ മേഖല, വിഭവ സമാഹരണം, ധനകാര്യം

ചർച്ചകൾ നയിച്ചിരുന്നത് ഓരോ വാർഡിലും, ജില്ലാതലത്തിൽ പരിശീലനം ലഭിച്ച DRPമാരും പഞ്ചായത്തുതലത്തിൽ പരിശീലനം ലഭിച്ച LRPമാരും ആയിരുന്നു. ചർച്ചകൾക്കുശേഷം ഒരോ ഗ്രൂപ്പിന്റേയും ലീഡർമാർ, ഗ്രാമസഭകളിൽ നടന്ന ചർച്ചകളെ ക്രോഡീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് അവതരിപ്പിച്ചു. അങ്ങിനെ മൊത്തം ഗ്രൂപ്പുകളിൽനിന്നും പഞ്ചായത്തു സെമിനാറിൽ പങ്കെടുക്കുന്നതിനായി ഈരണ്ടുപേരെ തെരഞ്ഞെടുക്കുകയും ചെയ്തു. ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങൾ മുൻഗണനാ ക്രമത്തിൽ ചൂണ്ടി

ക്കാണിച്ച വികസന പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുക, അവയെ പ്രായോഗിക പ്രസക്തിയുള്ള സ്കീമുകളാക്കി മാറ്റുക തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്തങ്ങളാണ് ഇനി നമുക്ക് ഏറ്റെടുക്കുവാനുള്ളത്.

ഗ്രാമസഭകൾ ഫലപ്രദമായി എങ്ങിനെ വിളിച്ചു ചേർക്കാം എന്നതിനെക്കുറിച്ചെല്ലാം ആലോചിക്കുന്നതിന്നായി ബ്ലോക്കുതലത്തിലും പഞ്ചായത്തുതലത്തിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരുടേയും പ്രത്യേക യോഗങ്ങൾ ബ്ലോക്കു പഞ്ചായത്തിലും ഗ്രാമപഞ്ചായത്തിലും നാലഞ്ചു പ്രാവശ്യം വിളിച്ചു ചേർക്കുകയുണ്ടായി.

പിന്നീട് വിളിച്ചു ചേർക്കപ്പെട്ട ഗ്രൂപ്പ് ലീഡർമാരുടെ യോഗത്തിൽ ഗ്രാമസഭകളിൽ ഓരോ നിയോജക മണ്ഡലത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്ന റിപ്പോർട്ടിന്റെ ക്രോഡീകരണം പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർവഹിക്കുകയെന്നതായിരുന്നു. ക്രോഡീകരണത്തിനു ശേഷം ഡാറ്റാ കളക്ഷനുവേണ്ടി പ്രത്യേക ടീമുകളെ തെരഞ്ഞെടുക്കുകയുണ്ടായി. ക്രോഡീകരണത്തിനുശേഷം രണ്ടാംഘട്ടം പരിശീലനം ആരംഭിച്ചു. സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും, പഞ്ചായത്ത് തലത്തിലും പരിശീലനങ്ങൾ നടന്നു. പഞ്ചായത്ത്തല പരിശീലനത്തിൽ ഗ്രൂപ്പ് ലീഡർമാരടക്കം 100 പേർ പങ്കെടുക്കുകയുണ്ടായി. ഒന്നാംഘട്ട പരിശീലനത്തിന്റെ അനുഭവങ്ങളും ശേഷിച്ച പ്രവർത്തനങ്ങളുടെ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ടാണ് രണ്ടാംഘട്ടം പരിശീലനങ്ങൾ നടന്നത്.

വികസന റിപ്പോർട്ട് തയ്യാറാക്കുക

സെമിനാർ സംഘടിപ്പിക്കുക

എന്നിവ മുൻഗണനാ ക്രമത്തിൽ സംയോജിപ്പിച്ച് ഒമ്പതാം പദ്ധതിക്കു രൂപം കൊടുക്കുക, ജനാധിപത്യത്തെവികേന്ദ്രീകരണത്തെക്കുറിച്ചും, കാംമ്പെയിനെക്കുറിച്ചും ഒരു പൊതുധാരണ കൊടുക്കുക, അവരിൽ ഒരു ടീം സ്പിരിറ്റ് സൃഷ്ടിക്കുക എന്നിവയും പരിശീലനത്തിന്റെ ലക്ഷ്യങ്ങളായിരുന്നു. പിന്നീട് പഞ്ചായത്തിലെ വിവിധ മേഖലകളിലുള്ള കൃഷി വിദഗ്ധർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, സഹകരണ മേഖലയിലുള്ളവർ, അദ്ധ്യാപകർ, റിട്ടയേർഡ് ഉദ്യോഗസ്ഥന്മാർ എന്നിവരുടെ ഒരു യോഗം കഴിഞ്ഞ ഒക്ടോബർ 10ന് വിളിച്ചു ചേർക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിശദമായ ചർച്ചകളിൽ വിവിധ വിഷയങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന ഏകദേശം നാൽപ്പത്തി അഞ്ചോളം നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞതു തന്നെ പ്രാധാന്യമർഹിക്കുന്നതാണ്.

## പഠനപര്യടനം

പഞ്ചായത്ത് വികസന റിപ്പോർട്ടും വികസനരേഖകളും തയ്യാറാക്കുന്നതിന്റെ ആദ്യപടിയായി പഞ്ചായത്തിന്റെ ഭൂപ്രകൃതി, പ്രകൃതി വിഭവങ്ങൾ, ഭൂവിനിയോഗ വിവരങ്ങൾ, സമൂഹ നിർമിത ആസ്തികളുടെ വിവരങ്ങൾ, ജലലഭ്യതയുടെ വിശദാംശങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളനികൾ, ഗ്രാമപാതകൾ, വിളകളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവയെക്കുറിച്ചെല്ലാം നേരിൽ കണ്ടുകൊണ്ട് അവയെക്കുറിച്ചെല്ലാം ഒരു സമഗ്രമായ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന്നായി പഞ്ചായത്ത് സ്റ്റാൻഡിഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ഇ.കെ.ശങ്കരനാരായണൻ മാസ്റ്ററുടെ നേതൃത്വത്തിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി വസന്താ പുരുഷോത്തമൻ, പഞ്ചായത്ത് മെമ്പർ ടി.വി.രാമു, കെ.കെ.ബാലൻ, ശ്രീമതി. ഉമാവതി പ്രഭാകരൻ, ജില്ലാ റിസോഴ്സ് പേഴ്സൺമാരായ ശ്രീ എം.എ.രാഘവൻ, ശ്രീ. കെ.കെ.സുരേന്ദ്രൻ, പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാരായ ശ്രീ. കെ.കെ.മുഹമ്മദാലി, ശ്രീ. കെ.എ.നാരായണൻ മാസ്റ്റർ, കെ.കെ.മുഹമ്മദ് എന്നിവരടങ്ങുന്ന പഠനസംഘം ഒന്നാം വാർഡിന്റെ പടിഞ്ഞാറേ അറ്റം മുതൽ ഓരോ വാർഡിന്റെ വിവിധ മേഖലകളിൽക്കൂടി ഒമ്പതു വാർഡുകളേയും ഉൾപ്പെടുത്തിക്കൊണ്ട് പഠനം നടത്തി റിപ്പോർട്ടുകൾ ശേഖരിക്കുകയുണ്ടായി. പഞ്ചായത്തിനെക്കുറിച്ച് വളരെ വിശദമായിത്തന്നെ അറിയുന്നതിനുള്ള സാഹചര്യമുണ്ടാക്കിയ ആ പഠനപര്യടനം ഒരു വലിയ അനുഭവമായിരുന്നുവെന്നാണ് അംഗങ്ങൾ വിലയിരുത്തിയത്.

# പൊതു വിവരണങ്ങളും, ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | – | എടവിലങ്ങ് |
| റവന്യൂ വില്ലേജ് | – | എടവിലങ്ങ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | – | കൊടുങ്ങല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | – | കൊടുങ്ങല്ലൂർ |
| താലൂക്ക് | – | കൊടുങ്ങല്ലൂർ |
| ജില്ല | – | തൃശ്ശൂർ |
| അസംബ്ലി മണ്ഡലം | – | കൊടുങ്ങല്ലൂർ |
| വിസ്തീർണ്ണം | – | 7.60 ചതു. കി.മീറ്റർ |
| ജനസംഖ്യ | – | 18749 (1991 കാനേഷുമാരി കണക്കനുസരിച്ച്) |
| വാർഡുകളുടെ എണ്ണം | – | 9 |
| പ്രസിഡണ്ട് | – | ശ്രീമതി സൈനബാ അബൂബക്കർ |
| വൈസ് പ്രസിഡണ്ട് | – | ശ്രീ എം.എ.മോഹൻദാസ് |
| സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ | – | ശ്രീ. ഇ.കെ.ശങ്കരനാരായണൻ |

പഞ്ചായത്ത് മെമ്പർമാർ:

| | | |
|---|---|---|
| ശ്രീ. കെ.കെ.ബാലൻ | – | 2-ാം വാർഡ് |
| ശ്രീ. കെ.ആർ.പരമു | – | 4-ാം വാർഡ് |
| ശ്രീമതി കത്രീനാ ജോസഫ് | – | 6-ാം വാർഡ് |
| ശ്രീ. കെ.എ.അബ്ദുൾ ഖാദർ | – | 7-ാം വാർഡ് |
| ശ്രീമതി ഉമാവതി പ്രഭാകരൻ | – | 8-ാം വാർഡ് |
| ശ്രീ. ടി.വി.രാമു | – | 9-ാം വാർഡ് |
| സെക്രട്ടറി | – | ശ്രീ. കെ.വി.പോൾ |

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ –

ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ
(സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻ)

ശ്രീമതി വസന്താ പുരുഷോത്തമൻ

ജില്ലാ പഞ്ചായത്ത് മെമ്പർ –

ശ്രീ. കെ.എച്ച്.നാസിമുദ്ദീൻ
(സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻ)

എം.എൽ.എ. – പ്രൊഫ. മീനാക്ഷീ തമ്പാൻ

എം.പി. – ശ്രീ. പി.സി.ചാക്കോ

ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട്
– പി.കെ.മുഹമ്മദുണ്ണി (പതിയാശ്ശേരി മാങ്ങാംപറമ്പത്ത്)

പഴയ പഞ്ചായത്ത് ഓഫീസ് – നടവരമ്പു ചന്തയിലെ മാങ്ങാംപറമ്പത്തെ ഇരുനിലക്കെട്ടിടത്തിൽ വാടകക്കായിരുന്നു. ആദ്യത്തെ പഞ്ചായത്തിൽ 6 വാർഡുകളും 7 പഞ്ചായത്ത് മെമ്പർമാരും ഉണ്ടായിരുന്നു. 6-ാം വാർഡ് ഒന്ന് റിസർവ്വും ഒന്നും ജനറലും ആയിരുന്നു.

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് – 1953ൽ

പ്രസിഡണ്ട് – ശ്രീ. ആർ.കെ.വേലായുധൻ മാസ്റ്റർ

19 – 9 – 57 to 5 – 9 – 58 ശ്രീ. എം.എൽ.ഫ്രാൻസിസ്

13 – 1– 62 to 31 – 12 – 62 ശ്രീ. വി.ടി.സെബാസ്റ്റ്യൻ മാസ്റ്റർ

6 – 2 – 63 to 27 – 11 – 63 സ്പെഷൽ ആഫീസർ

11 – 12 – 63 to 17 – 7– 65 ശ്രീ. വി.എ.മമ്മാലി സാഹിബ്ബ്

18 – 7 – 65 to 10 – 8 – 65 ശ്രീ. ആർ.കെ.വേലായുധൻ (ഇൻചാർജ്ജ്)

11 – 8 – 65 to 28 – 8 – 79 സ്പെഷൽ ആഫീസർ

29 – 9 – 79 to 24 – 10 – 84 ശ്രീ. കെ.എച്ച്.നാസിമുദ്ദീൻ

25 – 10 – 84 to 8 –2 – 88 സ്പെഷൽ ആഫീസർ

9 – 2 – 88 to 30 – 9 – 95 ശ്രീ.കെ.എ.അബ്ദുൾ റഹിമാൻകുട്ടി

**പഞ്ചായത്ത് ഒറ്റനോട്ടത്തിൽ**

| | | |
|---|---|---|
| ആകെ വീടുകൾ | – | 4100 |
| ഓല മേഞ്ഞത് | – | 2783 |
| പൈപ്പുകൾ | – | 64 |
| ജനംസംഖ്യ | – | 18749 |
| പുരുഷൻമാർ | – | 8959 |
| സ്ത്രീകൾ | – | 9790 |
| അമ്മമാരുടെ എണ്ണം | | |
| ഒരു കുട്ടി | – | 528 |
| രണ്ടു കുട്ടികൾ | – | 974 |
| രണ്ടിൽ കൂടുതൽ | – | 545 |
| കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ | – | 1507 |
| അന്ധർ | – | 5 |
| ബധിരർ | – | 5 |
| മൂകർ | – | 3 |
| ബധിരമൂകർ | – | 5 |
| അംഗവൈകല്യ മുള്ളവർ | – | 20 |
| മന്ദബുദ്ധികൾ | – | 21 |

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കാലം പ്രസിഡണ്ടായിരിക്കുവാൻ ഭാഗ്യം സിദ്ധിച്ചത് ശ്രീ. കെ.എ.അബ്ദുൾറഹിമാൻകുട്ടി സാഹിബിനായിരുന്നു. പഞ്ചായത്തിന്റെ വികസന കാര്യത്തിൽ അദ്ദേഹം വഹിച്ച പങ്ക് ഇവിടുത്തെ ജനങ്ങൾ കൃതജ്ഞതാപൂർവം സ്മരിക്കുന്നു.

ആദ്യം എടവിലങ്ങ് പഞ്ചായത്ത്, മുകുന്ദപുരം താലൂക്കിലായിരുന്നു. പിന്നീട് 1956ൽ നടന്ന താലൂക്ക് പുനഃസംഘടനയിൽ എടവിലങ്ങിനെ കൊടുങ്ങല്ലൂർ താലൂക്കിൽ ലയിപ്പിക്കുകയുണ്ടായി. എടവിലങ്ങിന്റെ ഭാഗമായി ഇന്നത്തെ തിരുവഞ്ചിക്കുളം അമ്പലം സ്ഥിതി ചെയ്യുന്ന സ്ഥലം മുതൽ പുഴവക്കുവരേയും എടവിലങ്ങ് പഞ്ചായത്തിൽ ഉൾപ്പെട്ടതായിരുന്നു. ക്ഷേത്രം കൊച്ചിൻ ദേവസ്വത്തിൽ ആയിരുന്നതിനാൽ കൊടുങ്ങല്ലൂർ തമ്പുരാന്റെ കീഴിലുണ്ടായിരുന്ന ക്ഷേത്രങ്ങളുമായി ബന്ധമുണ്ടായിരുന്നില്ല കൊച്ചി രാജ കുടുംബാംഗങ്ങൾക്ക് താമസിക്കുന്നതിനായിട്ടായിരുന്നു അന്ന് ഇന്നത്തെ വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന കോവിലകം പണിതീർത്തിരുന്നത്. റവന്യൂ സൗകര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് തിരുവഞ്ചിക്കുളം എടവിലങ്ങിന്റെ ഭാഗമാക്കിത്തീർത്തത്. അവിടുത്തെ ജനങ്ങൾ നമ്മുടെ ആറാം വാർഡിൽപ്പെട്ടവരും വോട്ടുചെയ്യുവാൻ 6 –ാം വർഡിലും വരണമായിരുന്നു. പിന്നീട് ഇത് മേത്തല പഞ്ചായത്തിൽ ലയിപ്പിച്ചു. അന്ന് കൊടുങ്ങല്ലൂർ താലപൊലിക്ക് മൂന്നാം താലപ്പൊലി നാൾ താലം പോകുന്നതും ആനയെ എഴുന്നള്ളിച്ചു കൊണ്ട് പറയെടുക്കുന്നതും ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ രണ്ട് പോസ്റ്റാഫീസുകളും, ഒരു വില്ലേജ് ഓഫീസും, പഞ്ചായത്ത്, കൃഷിഭവൻ, V.O.മാരുടെ ഓഫീസ്, മത്സ്യത്തൊഴിലാളികളുടെ ക്ഷേമനിധിഓഫീസ് മുതലായവയാണുള്ളത്. 9 വാർഡുകളിലായി 4,100 വീടുകളും 555 കടകളുമുണ്ട്.

എടവിലങ്ങിന്റെ നാലതിരുകൾ കിഴക്കും വടക്കും ശ്രീനാരായണപുരം പഞ്ചായത്തും, തെക്കികിഴക്ക് കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയും, തെക്കുഭഗത്ത് എറിയാട് പഞ്ചായത്തും പടിഞ്ഞാറ് അറബിക്കടലുമാണ്.

## എടവിലങ്ങിന്റെ ചരിത്രപശ്ചാത്തലം.

എടവിലങ്ങിന്റെ കിഴക്കുഭാഗത്തെ പതിനെട്ടരയാളം എന്ന സ്ഥലപ്പേരിനാലാണ് മുൻകാലങ്ങളിൽ അറിയപ്പെട്ടിരുന്നത്. അതിപുരാതനകാലത്ത് പതിനെട്ടരകവികളോളം തന്നെ പ്രസിദ്ധരായവർ ജീവിച്ചിരുന്നതു കൊണ്ടാണ് ഇങ്ങിനെ പേരുണ്ടായതെന്ന് രേഖകൾ പറയുന്നു. പഴമക്കാരും അങ്ങിനെ വിശ്വസിക്കുന്നു. മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കാലത്ത് സാഹിത്യകലാ, സാംസ്കാരിക രംഗത്ത് കൊടുങ്ങല്ലൂരിനുണ്ടായ പ്രഭാവവുമായി ബന്ധമുണ്ടെന്ന് ചിലരെങ്കിലും വിശ്വസിക്കുന്നു. ഇന്ന് പതിനെട്ടരയാളം എന്ന നാമം തന്നെ വിസ്തൃതമായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് എടവിലങ്ങ് എന്ന നാമത്തിൽ മാത്രമാണറിയപ്പെടുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗമായ 'കാര' ഒരു കാരാഗൃഹത്തെയാണ് ഓർമിപ്പിക്കുന്നത്. കാരയെന്ന മലായളവാക്കിനും അതുതന്നെയാണ് അർത്ഥം. വടക്ക് പടിഞ്ഞാ

റൻ പ്രദേശം കാതിയാളം എന്നാണറിയപ്പെടുന്നത്. ഇത് രസാവഹമായ സ്ഥലനാമമാണ്. അളം എന്ന വാക്കിന് "ഉപ്പളം" എന്നും വെറും സ്ഥലമെന്നും അർത്ഥം കൽപ്പിക്കാം കാതി എന്ന വാക്ക് ക്വാദി - തടവുകാരൻ എന്നർത്ഥമുള്ള അറബിവാക്കിന്റെ തൽഭാവമാണെങ്കിൽ തടവുകാർ വസിച്ചിരുന്ന സ്ഥലമാണ് കാതിയാളം. ചിലപ്പചികാരത്തിൽ ചേരരാജാക്കൻമാരുടെ പ്രധാനമന്ത്രിക്ക് കാവടി എന്ന പേർ ചേർത്തുകാണുന്നു. ഉച്ചാരണത്തിൽ മാറ്റം വന്നുകൊണ്ട് കാവുതിയാളമായി മാറിയസ്ഥലപ്പേരാണെങ്കിൽ ഈ ധനമന്ത്രിയുടെ പേരിലുള്ള സ്ഥലം അഥവാ അദ്ദേഹം അധിവസിച്ചിരുന്ന സ്ഥലം എന്നുമാകാം കമ്പരാമായണം 429 -ാം ശ്ലോകത്തിലെ

"പുകഴ്മകോതയില് വാഴും മന്നവൻ കാതി"

ആണോ ഈ സ്ഥലപ്പേരിന്ന് കാരണഭൂതൻ എന്നും സംശയിക്കാം (അവലംബം:- റാവുസാഹേബ് കോമാട്ടിൽ അച്ചുതമേനോൻ BABL, കൊല്ലവർഷം 1118ൽ എഴുതിയ കൊച്ചിയിലെ സ്ഥനാമങ്ങൾ എന്ന പുസ്തകത്തിൽ നിന്നും.)

മൊത്തം ജനസംഖ്യയിൽ 8,959 പുരുഷൻമാരും 9790 സ്ത്രീകളുമാണുള്ളത്. അതിനാലാണ് പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നത്. ഇതിൽ 1, 6, 8 വാർഡുകളിൽ സ്ത്രീകളുടെ സംഖ്യകൂടുതലായതിനാൽ അവ വനിതകൾക്കായി റിസർവ്വ് ചെയ്തിരിക്കന്നു. ത്രിതലപഞ്ചായത്ത് നിയമം വന്നതോടെ ബ്ലോക്കുപഞ്ചായത്തിൽ രണ്ട് അംഗങ്ങളും ജില്ലാപഞ്ചായത്തിനായി അഴീക്കോട് ഡിവിഷനിൽ ഒരു ജില്ലാപഞ്ചായത്ത് അംഗവും നമുക്കുണ്ട്. രണ്ട് ബ്ലോക്ക് അംഗങ്ങളിൽ ഒരെണ്ണം സ്ത്രീകൾക്കായി റിസർവ്വചെയ്തിരിക്കുന്നു. ഇതിൽ 4, 5, 7, 8, 9 വാർഡുകളാണ് വനിതാ റിസർവേഷനുകളായി നീക്കി വെച്ചിരിക്കുന്നത്.

1991ൽ നമ്മുടെ പഞ്ചായത്തു കൂടി ഉൾപ്പെടുത്തി ജില്ലാ കൗൺസിൽ രൂപീകൃതമായപ്പോൾ നമ്മുടെ പ്രതിനിധിയായി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ.എച്ച്.നാസിമുദ്ദീനാണ്. പഞ്ചായത്തിൽ നിന്നും ആദ്യമായി BDC ചെയർമാനായതും അദ്ദേഹമായിരുന്നു. ഇപ്പോൾ ജില്ലാ പ്ലാനിങ്ങ് കമ്മറ്റി (DCP) അംഗവുമാണ്.

കാലാവസ്ഥയും ഭൂപ്രകൃതിയും പ്രത്യേകമായി എടുത്തുപറയത്തക്കതല്ല. സമതല പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ തീരപ്രദേശങ്ങളിൽ മണലും, മറ്റുഭാഗങ്ങളിൽ പശിമരാശിമണ്ണുമാണുള്ളത്. നാളികേരവും അടക്കയുമാണ് പ്രധാനവിളകൾ. നെൽകൃഷി പേരിന്നു മാത്രമായി ചുരുങ്ങി ഏകദേശം 5 ഹെക്ടറിലായി ഒതുങ്ങി നിൽക്കുന്നു. ഏതാണ്ട് 30 കൊല്ലങ്ങൾക്കു മുൻപുവരെയും ഞാറ്റുപാട്ടും, വടക്കൻപാട്ടും താളലയമിട്ടുകൊണ്ട് ഞാറുനടുകയും കളപറിക്കുകയും ചെയ്യുന്ന നാടൻ സ്ത്രീകളുടെ ഈണമുള്ള ശീലുകൾ കേട്ടുവളർന്ന ഒരു തലമുറ അന്നിവിടെ ഉണ്ടായിരുന്നു. കൊയ്ത്തുകാലത്തെ ഉത്സവഭരിതരായ ഗ്രാമീണജനതയും ഇന്ന് പഴം കഥകളായി മാറുകയാണ്.

തെങ്ങുരോഗം ഇന്ന് സർവ്വസാധാരണമായിക്കഴിഞ്ഞു. വാഴ, കൊണ്ടൽകൃഷി മുതലായ ഇവിടെ പ്രസിദ്ധികേട്ടവയായിരുന്നു. മത്തനും കുമ്പളവും കത്തിരിയും ഇവിടത്തെ പ്രധാനകാർഷികവിളയായിരുന്നു. ഒരാൾ എടുത്താൽ പൊന്താത്തത്രയും വലിയ കുമ്പളങ്ങയും മത്തങ്ങയും ഇവിടത്തെതനതായിരുന്നു. അവ ധാരാളം ഇവിടെ നിന്നും പുറം ചന്തകളിലേക്ക് കയറ്റിപ്പോയിരുന്നു. ഇന്നവയെല്ലാം നാമമാത്രമായി അവശേഷിക്കുന്നു. നമ്മുടെ പഞ്ചായത്ത് ഇപ്പോൾ വാട്ടർഷഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3897 വീടുകളും 555 പീടികകളും നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ വാർഷികമായിരുന്നു 9,16,893 രൂപയും ചിലവ് 9,92,600 രൂപയുമാണ്. കുടിവെള്ളത്തിനായി 64 ശുദ്ധജലവിതരണടാപ്പുകളും, 84 പൊതുകിണറുകളുമുണ്ട്. 200 സ്ട്രീറ്റ് ലൈറ്റുകളുമുണ്ട്. മൊത്തം 10 കോളനികളുള്ള നമ്മുടെ പഞ്ചായത്തിൽ ലക്ഷം വീട്കോളനികൾ 28 – 3, ഹരിജൻ കോളനി1. മിച്ചഭൂമികോളനി 1. ഭൂരഹിതർക്കുള്ളത് 3 മത്സ്യതൊഴിലാളികൾക്കായി 1 വില്ലേജുകോളനി1 ഒരു ഗവർമെണ്ട് ഹൈസ്കൂളുമ മൂന്ന് പ്രൈമറി വിദ്യാല

യങ്ങളുമുണ്ട്.

അറബികടൽ അരഞ്ഞാണമായി കിടക്കുന്ന നമ്മുടെ കൊച്ചു ഗ്രാമത്തിൽ തീരപ്രദേശത്തെ ജനങ്ങൾ പരമ്പരാഗത തൊഴിലുകളായ മത്സ്യബന്ധനത്തിലും, കയർവ്യവസായത്തിലും മുഴുകിക്കഴിയുന്നവരാണ്. 700 ൽ പരം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഒരുകാലത്ത് കയർവ്യവസായവുമായി ബന്ധപ്പെട്ട് നിരവധിആളുകൾ ആരംഗത്തുണ്ടിയിരുന്നു. കയർവ്യവസായത്തിലുണ്ടായ തകർച്ച ഈ രംഗത്തെ നിരവധി തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടമായിരിക്കുകയാണ്. സ്ത്രീകൾ ധാരാളമായി ജോലി ചെയ്തിരുന്ന ഈ മേഖലയിൽ ഇന്ന് വെറും നൂറിൽത്താഴെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കു ജോലിയുള്ളു. അത് സ്ഥിരമായിട്ടില്ല.

എടവിലങ്ങിലെ ഏറ്റവും വലിയ പരമ്പരാഗത തൊഴിലായ തഴപ്പായനെയ്ത്താണ് ഇവിടുത്തെ ഭൂരിഭാഗം സ്ത്രീകൾക്കും തൊഴിൽ ചെയ്യാൻ കഴിയുന്ന ഒരു മേഖല. ആരംഗത്ത് ഇന്ന് ധാരാളം സ്ത്രീകൾ പണിയെടുക്കുന്നു. അതാണവരുടെ ഏക വരുമാന മാർഗ്ഗവും. ആയിരക്കണക്കായ സ്ത്രീകൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. കേരളത്തിലെ തന്നെ ഏറ്റവും വലിയ പായമാർക്കറ്റും നമ്മുടെ പഞ്ചായത്തിലെ നടവരമ്പുചന്തയാണ്. ഏറ്റവും കൂടുതൽ പായവിപണനം നടക്കുന്നതും ഇവിടെയാണ്. ഈ രംഗവും ഇവിടെ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. തഴ ലഭിക്കുന്നതിനുള്ള കൈത കൃഷി ഇവിടെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിനുള്ള പരിഹാരമാർഗ്ഗം അടിന്തിരമായി ഉണ്ടാകണമെന്നുമാണ് എല്ലാഗ്രാമങ്ങളിൽ നിന്നും പൊന്തിവന്നിട്ടുള്ള അഭിപ്രയങ്ങൾ. പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ് നടവരമ്പുചന്ത. പണ്ടുകാലത്ത് 365 ദിവസവും ഒറ്റ ദിവസം പോലും മുടങ്ങാതെ ഈ ചന്ത നടന്നിരുന്നു. എന്നാൽ കൊച്ചിയിലെ മഹാരാജാവോ കുടുംബാംഗങ്ങളോ മരണമടഞ്ഞാൽ (തീപ്പെട്ടാൽ) അന്ന് ചന്തമുടക്കമായിരിക്കും. എങ്കിലും ചന്തമുടങ്ങാതിരിക്കുവാൻ എടവിലങ്ങിന്റെ ഒമ്പതാം വാർഡിന്റെ വടക്കുകിഴക്കേ അതൃത്തിയിൽ സ്ഥിതിചെയ്യുന്ന മലബാറിന്റെ അതൃത്തിയിൽ "വെളിച്ചപ്പാട്ടെപറമ്പ്" എന്ന സ്ഥലത്ത് ചന്തകൂടുകയും ചെയ്തിരുന്നു വെന്നതു കൊണ്ടുതന്നെ ഈ വ്യവസായത്തിന്റെ പ്രാധാന്യം മനസ്സിലാക്കമെല്ലോ?

വ്യവസായങ്ങൾ യാതൊന്നും തന്നെ എത്തി നോക്കുവാൻ പോലും അറച്ചു നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഏതാനും ചില ചെറിയ സ്ഥാപനങ്ങളേ നിലവിലുള്ളു. 500 ൽപ്പരം ആളുകൾ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നു. കരയിലുള്ള ഒരൈസ്പ്ലാന്റും, രണ്ടുതടിമില്ലുകളും, ഏതാനും ഫ്രാബ്രിക്കേഷൻ വർക്കുഷാപ്പുകളും, ഫ്ളവർമില്ലുകലും 8-ാം വാർഡിലുള്ള ഒരു ചെറുകിട പ്രൊഡക്ഷൻ വർക്കുഷോപ്പും മാത്രമാണ് ഈ രംഗത്തുള്ളത്. കൂടാതെ രണ്ട് മസാലാപ്പൊടികൾ ഉൽപാദിപ്പിക്കുന്ന ചെറുയൂണിറ്റും ക്ഷീരസാഗർ എന്ന ഒരു സ്ഥാപനവുമുണ്ട്. കൊപ്രവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതാനും വ്യക്തികൾ ഇവിടെയുണ്ട്.

1954ൽ പ്രവർത്തനം ആരംഭിച്ച എടവിലങ്ങ് സർവീസ് സഹകരണബാങ്കിന്റെ സ്ഥാപകൻ ശ്രീ. ആർ. ഏ. പരമേശ്വരനായിരുന്നു. ഇന്ന് വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണബങ്കിന്റെ പ്രസിഡണ്ട് ശ്രീ എം.എ. മോഹൻദാസും, സെക്രട്ടറി ശ്രീ.ഇ.ജി.സുഗതനുമാണ് മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ രണ്ടെണ്ണം പ്രവർത്തിക്കുന്നു. ഒന്ന് ഭാഗികമായി മാത്രം പ്രവർത്തിക്കുന്നു. ശ്രീ.കെ.കെ. ബാലൻ പ്രസിഡണ്ട്. ശ്രീ.ഇ.കെ.ബാബു സെക്രട്ടറിയുമാണ്. തഴപ്പായസഹകരണസംഘവും ഇവിടെ ഭാഗികമായി പ്രവർത്തിക്കുന്നുണ്ട്.

ക്ഷീരകർഷകർതക്കായി രണ്ട് ക്ഷീര സഹകരണസംഘങ്ങൾ മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്നു. 4,5,6 വർഡുകൾക്കായി കുഞ്ഞയിനിയാളും 7,8,9, വാർഡികൾക്കായി പതിനെട്ടരയാളും ഇവിടെ പ്രവർത്തിക്കുന്നു. ശ്രീ.വി.ഐ.ജസ്റ്റിനും ശ്രീ.പി.കെ.ഗോപാലനും യഥാക്രമം പ്രസിഡണ്ടുമാരാണ്.

ചെമ്മീൻ വളർത്തലിനായി രണ്ട് ഹാക്ചറികൾ ഇവിടെ കാരാകടപ്പുറത്ത് പ്രവർത്തിച്ചുവരുന്നു.

ഒന്നിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

എടവിലങ്ങിന്റെ ആരോഗ്യസംരക്ഷണ കാര്യത്തിൽ ഏറ്റവും അധികം സംഭാവനനൽകിയിരുന്ന ആയുർവേദം ഇന്നിവിടെ പേരിന്നുമാത്രമായി ചുരങ്ങിയിരിക്കുകയാണ്. വൈദ്യകുടുംബങ്ങളുടെ ഒരു പരമ്പരതന്നെ നമുക്കുണ്ടായിരുന്നു. വിഷവൈദ്യത്തിൽ കൊടുങ്ങല്ലൂരിൽത്തന്നെ പ്രസിദ്ധനായിരുന്ന പുന്നക്കൽ കോന്നൻ കുഞ്ഞി ആശാനും നമ്മുടെ പഞ്ചായത്തിലായിരുന്നു.

പണ്ടുകാലത്ത് ഇവിടുത്തെ ജനസംഖ്യയിൽ നല്ലൊരുശതമാനം പുരുഷൻമാർ സിലോണിൽ ഉപജീവനം തേടിപ്പോയവരായിരുന്നു. കൊളമ്പിൽ നിന്നുള്ള വരുമാനമാർഗ്ഗം അന്ന് ഇവിടെത്തെ സമ്പൽഘടനയിൽ വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മദ്യവ്യവസായത്തിലും ചെത്തിലും ഏർപ്പെട്ടിരുന്ന വളരെയാളുകൾ സാമ്പത്തികമായി ഉന്നതിയിലെത്തിയിരുന്നു.

പിന്നീട് ഗൾഫുനാടുകളിൽ തൊഴിലവസരങ്ങൾ സാദ്ധ്യമായപ്പോൾ ഗൾഫുനാടുകളിലേക്കുള്ള പ്രയാണം നമ്മുടെ പഞ്ചായത്തിലെ ഏറെയാളുകളെ സമ്പന്നരാക്കി. ചെറുപ്പക്കാരുടേയും, ആഭ്യസ്തവിദ്യരുടേയും തൊഴിലില്ലായ്മയിൽ ഗണ്യമായ മാറ്റങ്ങൾ വരുത്തി.ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർന്നു. പുതിയ രമ്യഹർമ്മ്യങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ മുഖഛായതന്നെ മാറ്റിമറിച്ചു. ഇതൊക്കെയാണെങ്കിലും വ്യവസായരംഗത്ത് ഒരു ശതമാനം പോലും മൂലധനമാക്കിമാറ്റിയിട്ടില്ല എന്നത് വലിയ ചോദ്യചിന്നമായി ഉയരുന്നു.

ഒരുകാലത്ത് പുറത്തുനിന്നും കുടിയേറിപ്പാർത്ത കുടംബി സമുദായക്കാർ നമ്മുടെ പഞ്ചായത്തിലെ കാരയിലും കാതിയാളത്തിലും ധാരാളമുണ്ടായിരുന്നു. കൃഷിയും പപ്പട നിർമ്മാണവും അവരുടെ മുഖ്യതൊഴിലാളികളായിരുന്നു. തെങ്ങുമാറ്റി വക്കുന്നതിൽ ഇവർ വളരെ വിദഗ്ധരായിരുന്നു.

## വിദ്യാഭ്യാസരംഗം

മൊത്തത്തിൽ ഇന്നത്തെ നില ആശാവഹമാണ്. മുൻകാലങ്ങളിലേക്കാൾ വിദ്യാഭ്യാസരംഗത്തെ സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസം താരതമ്യേന വളരെ അധികം മെച്ചമായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ.

1895 ൽ പതിനെട്ടരാളത്ത് കൊച്ചി സർക്കാർ സ്ഥാപിച്ച് ലോവർപ്രൈമറി സ്കൂൾ. 101 വർഷങ്ങൾക്കു മുമ്പ് നാലര ക്ലാസ്സുകളോടെ സ്ഥാപിച്ച ഈ വിദ്യാലയം. 1964 ൽ എടവിലങ്ങ് ഗവർമെണ്ട് സ്കൂളായി ഉയർത്തുകയുണ്ടായി.

1903ൽ തീരദേശമായ കാരയിൽ സ്ഥാപിച്ച കാര സെന്റൊൽബനസ്കൂൾ.

1931 ൽ കാതിയാളത്ത് ഫിഷർമാൻമാരുടെ കുട്ടികൾക്കായി സ്ഥാപിച്ച അഞ്ചാം സ്റ്റന്റേർഡ് ഉൾപ്പെടുന്ന ഇംഗ്ലീഷ് ഗവർമെണ്ട് ഫിഷറിസ്കൂൾ അന്ന് ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ ആരംഭിച്ച ഈ വിദ്യാലയം പിന്നീട് 65 കൊല്ലങ്ങൾക്കുശേഷം കാര അങ്ങാടിയുടെ വടക്കുഭാഗത്തുള്ള പുറംപോക്കുസ്ഥലത്തിൽ സ്വന്തമായൊരു കെട്ടിടം നിർമ്മിക്കുകയുണ്ടായി. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വളരെ കുറച്ച് ആളുകളേ മുൻപന്തിയിലുള്ളു. അദ്ധ്യാപന രംഗത്താണ് വനിതകളടക്കം ഏറെപേർ ജോലിചെയ്യുന്നത്. ഔദ്യോഗികപദവിയിൽ തിരുകൊച്ചിയിലെ ഭക്ഷ്യവകുപ്പിലെ സെക്രട്ടറിയായിരുന്ന പരേതനായ കെ.എസ്സ്.രാഘവൻ, ആത്മീയരംഗത്ത് ഉന്നത സ്ഥാനത്തെത്തിയ ആർച്ച്ബിഷപ്പ് ഡോക്ടർ കൊർണേലിയസ് ഇലഞ്ഞിക്കൽ, ഹൈകോടതി റജിസ്ട്രാറായിരുന്ന പരേതനായ ശ്രീ. എം.എൽ.ജോസഫ്, തച്ചുശാസ്ത്ര വിദഗ്ധനും പേരുകേട്ട ജോത്സ്യനുമായിരുന്ന പരേതനായ ശ്രീ. വി.എ.ഉണക്കണ്ഠനാചാരി മുതലായവർ എടുത്തുപറയത്തക്കവരാണ്.

## കലാസാംസ്കാരികരംഗം.

ഈ രംഗം ഇന്ന് പൊതുവെ ഉണർവുകളില്ലാതെ നിൽക്കുന്നു. ഇരുപതോളം കലാസമിതികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏതാനും ചില തൊഴിച്ച് ഒരു വാർഷിക പരിപാടികളിൽ ഒതുങ്ങി നിൽക്കുന്ന ഇവക്കൊന്നും തന്നെ നമ്മുടെ സാംസ്കാരിക രംഗം ചലനാത്മകമാക്കുവാൻ കഴിയുന്നില്ല.

മുൻകാലങ്ങളിൽ നാടകാഭിനയം ഇവിടുത്തെ ചെറുപ്പക്കാരുടെ സ്ഥിരം പരിപാടികളായിരുന്നു. പഞ്ചായത്തിന്റെ വകയായി ഏകദേശം ആറായിരത്തോളം പുസ്തകങ്ങളുള്ള നല്ലൊരു ലൈബ്രറി നമുക്ക് സ്വന്തമായുണ്ട്. റീഡിംഗ് റൂമിൽ എല്ലാ പ്രമുഖദിനപത്രങ്ങളും, എല്ലാആഴ്ചപ്പതിപ്പുകളും, മാസികകളും ലഭ്യമാണ്. പഞ്ചായത്തിൽ 2 T.V. സെറ്റുകൾ പൊതുവായി നൽകിയിട്ടുണ്ട്. പൊതു ആവശ്യങ്ങൾക്കായി ഒരു സാംസ്കാരിക നിലയമോ ഒരു പൊതു ഹാളോ ഇല്ലായെന്ന കുറവ് ഭാവിയിലെങ്കിലും പരിഹരിക്കേണ്ടിയിരിക്കുന്നു.

ദേശീയ പ്രസ്ഥാനം വലിയ ചലനങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ ഉണ്ടാക്കിയിരുന്നില്ല. എങ്കിലും ഏതാനും വ്യക്തികൾ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ അലയടികൾ നമ്മുടെ കൊച്ചു ഗ്രാമത്തിലും എത്തിയിരുന്നു.

ട്രെയ്ഡ് യൂണിയൻ രംഗത്ത് വളരെയേറെ ഉണർന്നു പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലൊന്നാണ് നമ്മുടേത്. മത്സ്യതൊഴിലാളിയൂണിയനുകൾ, കർഷകസംഘങ്ങൾ, കർഷകതൊഴിലാളി സംഘടനകൾ, കേരകർഷകരുടെ സംഘടന, ചുമട്ടുതൊഴിലാളി സംഘടനകൾ കെട്ടിടനിർമാണത്തൊഴിലാളിസംഘങ്ങൾ, മരപ്പണിത്തൊഴിലാളി സംഘങ്ങൾ തെങ്ങുകയറ്റത്തൊഴിലാളി യൂണിയനുകൾ മുതലായവയാണ് പ്രധാനപ്പെട്ടവ.

ജാതിക്കും അനാചാരങ്ങൾക്കുമെതിരായി പൊതുവായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും എടുത്തുപറയത്തക്ക സംഭവങ്ങൾ ഒന്നും തന്നെയില്ല.

ഭൂവുടമാ സമ്പ്രദായത്തിൽ ഏറേ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഭൂപരിഷ്കരണനിയമം മൂലം പഞ്ചായത്തിലെ ഭൂമിയില്ലാത്ത നിരവധി കുടികിടപ്പികാർക്ക് 10 സെന്റ് ഭൂമി ലഭിക്കികയുണ്ടായി. 200 ഓളം പാട്ടകുടിയൻമാർക്കും സ്വന്തമായി ഭൂമിലഭിക്കുകയുണ്ടായി. മൊത്തം ഭൂമിയുടെ വിസ്തീർണ്ണം 3283 ഹെക്ടറാണുള്ളത്. തെങ്ങു കൃഷിയും കൗങ്ങുകൃഷിയുമാണ് പഞ്ചായത്തിലെ മുഖ്യവിളകൾ. നെല്ലുല്പാദനം ഒരു കാലത്ത് നമ്മുടെ വില്ലേജിൽ വ്യാപകമായിരുന്നു. നെൽകൃഷിക്കനുയോജ്യമായ കൃഷിഭൂമി ഗൃഹനിർമാണത്തിനായി നികത്തി വീടുകൾ വക്കുകയാണ്. നെൽകൃഷി ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ പ്രയാസമായൊരു അന്തരീക്ഷമാണിന്ന് നമ്മുടെ പഞ്ചായത്തിൽ. തെങ്ങുകൃഷിയും ഇന്ന് രോഗബാധയും വെള്ളക്കെട്ടുമൂലം തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പാടങ്ങളും തോടുകളും നികത്തിയതുകൊണ്ട് വെള്ളമൊഴിഞ്ഞു പോകുവാനുള്ള സൗകര്യങ്ങൾ പാടെ ഇല്ലാതായിരിക്കുകയാണ്. പണ്ടുകാലത്ത് ജലഗതാഗതത്തിന് ജലനിർഗ്ഗമനത്തിനുമായി ഉപയോഗിച്ചിരുന്ന നമ്മുടെ മൂന്നു പ്രധാന തോടുകളായ പെരുംതോട്, അറപ്പത്തോട്, വേടിത്തോട് എന്നിവ ഇന്ന് സംരക്ഷിക്കപ്പെടാതെ കിടക്കുകയാണ്. ഒരു കാലത്ത് കൊച്ചിയിൽ നിന്നും, കോട്ടപ്പുറത്തുനിന്നും ചരക്കുകയറ്റി നമ്മുടെ തോടുകളിലൂടെയെത്തുന്ന വള്ളങ്ങളും വഞ്ചികളും സാധാരണകാഴ്ചകളായിരുന്നു. ചെങ്കല്ല്, ചളി മുതലായവ ലാഭകരമായി ഈ വഞ്ചികളിൽ നമ്മുടെ പഞ്ചായത്തിൽ സുലഭമായി എത്തിയിരുന്നു.

തുലാമാസത്തിലെ കറുത്തവാവു ദിവസം കാരയിലെ വാക്കടപ്പുറത്തുനടക്കുന്ന ദീപാവലിമഹോത്സവം തീരപ്രദേശത്തെ ഒരു ദേശീയെത്സവം തന്നെയാണ്. അന്നേദിവസം പിതൃബലിയർപ്പിക്കുന്നതിനായി നിരവധിആളുകൾ വാക്കടപ്പുറത്തെത്തുന്നു. ധാരാളം കച്ചവടക്കാർ അന്നവിടെയെത്തുന്നു. ജാതിമതഭേദമന്യേ നിരവധി ജനങ്ങൾ ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്നു. കലാസാംസ്കരിക സമ്മേളനങ്ങൾ, കലാപരിപാടികൾ മുതലായവ അന്നവിടെ അവതരിപ്പിക്കുന്നു. കൂടാതെ ഈ കടപ്പുറത്തിന്റെ മറ്റൊരു പ്രത്യേകത കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിൽ മീനമാസത്തിലെ. ഭരണയുത്സവത്തിന്നായെത്തുന്ന പതിനായിരക്കണക്കിന് ഭക്തജനങ്ങൾ പണ്ടുകാലം മുതലേ കോതപറമ്പ് – കാരറോഡിലൂടെ കാൽനടയായി വാക്കടപ്പുറത്തെത്തി കടലിൽക്കുളിച്ച്, കടലമ്മയെ വണങ്ങി കാണിക്കയർപ്പിച്ച് കടലമ്മയുടെ അനുഗ്രഹവും വാങ്ങി തിരികെ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലേക്ക് ഭഗവതിക്കിഷ്ടമാണെന്നു പറയപ്പെടുന്ന പൂരപ്പാട്ടുംപാടി ഉത്സാഹഭരിതരായിപോ

കുന്ന കാഴ്ച മീനമാസത്തിലെ രേവതി – ഇരവതി – അശ്വതിനാളുകളിൽ ഇവിടുത്തെകാർക്കൊരു കാഴ്ച തന്നെയായിരുന്നു.

ദൂരദർശന്റെ അതിപ്രസരം ഇവിടത്തെ കലാ സാംസ്കാരിക രംഗവും ഗ്രമീണകലകളും പ്രസക്തി യില്ലാതെ പോവുകയാണ്. നാടൻ കലകൾ ഓരോ ന്നായി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഓണപ്പാട്ടും തിരുവാതിരയും മാസ്സുകളിയും, കോട്ട വാറുകളിയും ഇന്ന് ഒരോർമ്മ മാത്രമായിരിക്കുക യാണ്. ഗ്രാമീണസ്ത്രീകളും പുരുഷൻമാരും ഒന്നു ചേർന്ന് കൈകൊട്ടിപ്പാടികളിച്ചിരുന്ന ഓണക്കളിയും മത്സരകളിയും പെണ്ണിരന്നുകളിയും, കൊടമൂത്തും പണ്ട് ഓണക്കാലത്തെ ഒരു ഉത്സവമായിരുന്നു. നറു നിലാവണിഞ്ഞു നിന്നിരുന്ന ധനുമാസരാവിലെ തിരു വാതിര നാളുകളിൽ ഗ്രാമാന്തരീക്ഷത്തെ പുളകം കൊള്ളിച്ചിരുന്ന ഊഞ്ഞാൽപ്പാട്ടും വായ്ക്കുരവയും നമുക്കിനി എപ്പോഴെങ്കിലും കേൾക്കുവാൻ കഴി യുമോ? അതുപോലെ തന്നെ വളരെയേറെ അദ്ധ്വാ നവും താളക്കൊഴുപ്പും, ചടുലമായചുവടുവെപ്പുകളും കൊണ്ട് മനോഹരമായിരുന്ന ഐവർകളിയുടെ പേരു പോലും ഇന്ന് മറന്നുപോയിരിക്കുകയാണ്. ഒരു കാലത്ത് ഇത് എടവിലങ്ങിന്റെ തനതായ ഒരു നാടൻകലയായിരുന്നു. കാരയിലുള്ള മേരി മാത തിയ്യ റ്ററാണ് ഏകസിനിമാശാല.

കാരയിലെ അതിപുരാതനമായ കൃസ്ത്യൻപ ള്ളിയും , കാതിയാളത്തിലെ ജുമാമസ്ജിതും, കുഞ്ഞയനിക്ക് കിഴക്കുഭാഗത്തുള്ള ചിരപുരാതനമായ ശ്രീകൃഷ്ണപുരം ശിവക്ഷേത്രവും മതമൈത്രിയുടെ സ്നേഹഗീതമാലപിക്കുമ്പോൾ ശിവക്ഷേത്രത്തിൽ നിന്നുയരുന്ന ഭക്തി നിർഭരമായ സുപ്രഭാതവും കാര പള്ളിയിൽ നിന്നുമുയരുന്ന ണാം....... ണാം....... എന്ന മണിനാദവും അല്ലാഹുഅക്ബർ എന്ന ജൂമാമസ്ജി തിൽ നിന്നുമുയരുന്ന ബാങ്കുവിളികളും കേട്ടാണ് നമ്മുടെ കൊച്ചുഗ്രാമം ഉണരുന്നത്. മതമൈത്രിയുടെ എല്ലാഭാവങ്ങളും നിറഞ്ഞു നിൽക്കുന്ന കൊച്ചുഗ്രാമം. അതാണ് നമ്മുടെ എടവിലങ്ങ്.

വികസനം സ്വപനം കണ്ടുകഴിയുന്ന നമ്മുടെ പ്രദേശം ഇനിയും മുഴുവനായി വൈദ്യുതീകരിക്കപ്പെ ട്ടിട്ടില്ല. പഞ്ചായത്തിന്ന് സ്വന്താമായൊരു ആഫീസ് കെട്ടിടവും നടവരമ്പത്തും കാരയിലും ഷോപ്പിംഗ്കോ പ്ലക്സുകളും സ്വന്താമായൊരു കളിസ്ഥലവും ശ്മശാ നവും ആരോഗ്യകേന്ദ്രവും ഈയ്യിടെ ഉൽഘാടനം നടന്ന മൃഗാശുപത്രിയും അഭിമാനാർഹങ്ങളാണ്.

ജനകീയപങ്കാളിത്തത്തോടെ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശ ങ്ങൾ പദ്ധതികളായി രൂപപ്പെടുത്തിയെടുത്ത് കർമ്മ പഥത്തിൽ കൊണ്ടു വരുവാൻ കഴിഞ്ഞാൽ നമ്മുടെ ഗ്രാമത്തിന്റെ മുഖഛായ തന്നെ മാറ്റിയെടുക്കുവാൻ നമ്മുടെ കൂട്ടയാപ്രവർത്തനങ്ങൾക്ക് കഴിയും. നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി അഭിപ്രാ യവ്യത്യാസങ്ങൾ മറന്ന് ഒറ്റക്കെട്ടായി നമുക്ക് മുൻപോ ട്ടുപോകാം. പുത്തൻ പ്രതീക്ഷകളുമായി ശുഭാപ്തി വിശ്വാസത്തോടെ നമുക്ക് മുന്നേറാം.

"നിങ്ങളിൽ വിശ്വങ്ങളെ ജയിക്കാൻ മതിയായ

മംഗല മഹാശക്തി ഉറങ്ങിക്കിടക്കുന്നു.

ഉണർന്നു സജ്ജരായ് മുന്നോട്ടു പാഞ്ഞീടുവിൻ

തകർന്നു തരിപ്പണമാകട്ടെ തടസ്സങ്ങൾ"

– സഹോദരൻ അയ്യപ്പൻ.

# കൃഷിയും ജലസേചനവും

**ആമുഖം.**

നമ്മുടെ പഞ്ചായത്ത് സമതല രൂപത്തിലുള്ള ഭൂപ്രദേശമാണ്. മണ്ണിന്റെ സ്വഭാവമെടുക്കുകയാണെങ്കിൽ പൂഴിമണൽ പ്രദേശമാണ്. അതുകൊണ്ട് തന്ന മണ്ണിന് ഫലഭൂഷ്ടി കുറവാണ്. ശസ്ത്രീയരീതിയിൽ തന്നെ എടുത്തു നോക്കിയാൽ തെങ്ങ്, കവുങ്ങ്, മുതലായവക്ക് മാത്രം അനുയോജ്യമാണ്. ഈ പഞ്ചായത്തിലെ മുഖ്യവിളകൾ തെങ്ങും കവുങ്ങുമാണ്. ഈ പ്രദേശത്തിന്റെ പഴയ കാല ചരിത്രമെടുത്ത് പരിശോധിച്ചാൽ നെല്ലും സമതലപ്രദേശങ്ങളും അടങ്ങിയ ഭൂപ്രകൃതിയായിരുന്നു. കാലക്രമേണ നെൽകൃഷി നടത്തുന്നത് ലാഭകരമല്ലതായി തീർന്നതിനാൽ കൃഷിക്കാർ നെൽപാടങ്ങൾ നികത്തി തെങ്ങ് കൃഷിയിലേക്ക് തിരിയുകയായിരുന്നു. ഇത് മൂലം പലപ്രദേശങ്ങലും വെള്ള കെട്ടുള്ള പ്രദേശങ്ങളായി തീർന്നു. ഇത് തെങ്ങു കൃഷിയുടെ ഉല്പാദനക്ഷമതയേയും കാര്യമായി ബാധിച്ചിട്ടുണ്ട്.

ഭൂപരിഷ്കരണ നിയമം നടപ്പിലാവുന്നതിന് മുൻപ് നമ്മുടെ പഞ്ചായത്തിലും ജന്മി കുടിയാൻ സമ്പ്രദായമായിരുന്നു. നിയമം നിലവിൽവന്നതിനു ശേഷം കുടിയാന്മാരെല്ലാം ഭൂമിയുടെ ഉടമകളായിതീരുകയും ഭൂമി തുണ്ടം തുണ്ടം ആക്കപ്പെടുകയും ചെയ്തു. ഇന്നത്തെ ഭൂവിളയുടെ ഉത്പാദനക്ഷമതയെ ഇത് ബാധിച്ചിട്ടുണ്ട്. നെല്ല് കൃഷി ഉണ്ടായിരുന്ന വേനൽ കാലത്ത് ഇടവിളയായി പച്ചക്കറി കൃഷികൾ നടത്തിയിരുന്നു. പയർ, കക്കിരി, മത്തങ്ങ, തണ്ണീർമത്തൻ, കുമ്പളങ്ങ, പീച്ചി, ഇവയായിരുന്നു പച്ചക്കറി കൃഷികൾ. ഇപ്പോൾ ഇത്തരം കൃഷി ഇല്ല എന്നു തന്നെ പറയാം. കൊടുങ്ങല്ലൂർ മുണ്ടകൻ എന്ന പേരിലറിയപ്പെടുന്ന വളരെ പ്രസിദ്ധമായ നെല്ലായിരുന്നു ഇവിടെ വിളയിച്ചിരുന്നത്. ഇത് കുംഭമാസത്തിലെ പുതുമഴക്ക് വിത്തിറക്കി മകരമാസത്തിലാണ് കൊയ്തിരുന്നത്. ഏത് വെള്ളത്തിലും വേനലിലും അതികരുത്തോടെ നിന്നിരുന്നു.

**ഭൂവിനിയോഗം**

| വിഭാഗം | വിസ്ത്രിതി (ഹെക്ടറിൽ ) |
|---|---|
| മൊത്തം ഭൂമി | 958.4 Hect |
| കൃഷിക്ക് ഉപയോഗിക്കാത്ത ഭൂമി | 263. Hect |
| നെൽകൃഷി | 5. Hect |
| തെങ്ങ് | 642. 47 Hect |
| മറ്റു വിളകൾ | 47. Hect |

**കൈവശഭൂമിയുടെ വിവരം**

ആകെ ഭൂവുടമകൾ 3283

| ഭൂവിസ്തീർണ്ണം. | ഭൂവടമകളുടെ എണ്ണം. |
|---|---|
| 2. ഹെക്ടർവരെ | 1114 |
| O.21H to o.5.83 | 813 |
| O.5.1 to 1 | 692 |
| 1 മുതൽ 2 ഹെക്ടർ വരെ | 483 |

കർഷക തൊഴിലാളികളുടെ കൂലി നിരക്ക് പരിശോധിച്ചാൽ 1990 ൽ 50 രൂപയായിരുന്നത് 85 രൂപയായിട്ടുണ്ട്. ഈ രംഗത്ത് വേണ്ടത്ര തൊഴിലാളികളെ കിട്ടാത്ത അവസ്ഥയുണ്ട്.

**ശരാശരി വിളവ് വർഷത്തിൽ**

| | |
|---|---|
| തെങ്ങ് | 32നാളികേരം 1 തെങ്ങിൽ നിന്നും |
| കവുങ്ങ് | 70 അടയ്ക്ക 1 കവുങ്ങിൽനിന്നും |

നമ്മുടെ പഞ്ചായത്തിൽ ആകെ ഒരു രാസവളക്കടയാണ് ഉള്ളത്.

**കർഷക തൊഴിലാളികൾ**

| | |
|---|---|
| പുരുഷൻ | 2568 |
| സ്ത്രീ | 1112 |
| കൃഷിക്കാരുടെ എണ്ണം | 2550 |

**ജലസേചന ഭൂമി**

| | |
|---|---|
| തെങ്ങ് | 6001 H |
| കവുങ്ങ് | 20 H |

**ജലസേചനത്തിനുപയോഗിക്കുന്നത്**

| | |
|---|---|
| കിണർ | 1228 |
| കുളം | 1418 |
| പമ്പ്സെറ്റ് | 1394 |

**കാറ്റ് വീഴ്ച്ച ബാധിച്ച തെങ്ങുകളുടെ എണ്ണം.**

| | |
|---|---|
| രോഗലക്ഷണമുള്ള തെങ്ങുകളുടെ എണ്ണം. | 4447 |
| രോഗം ബാധിച്ച് നീക്കേണ്ടവ | 1992 |

കണക്കുകൾ പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിൽ ജലസേചനസൗകര്യമുള്ള കൃഷിയിടങ്ങളുടെ എണ്ണം കുറവാണ്. കൃഷിക്കാരെ ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്ന സ്ഥിതിയുണ്ട്. ഉടമസ്ഥർ സ്വന്തം കൃഷിയിടങ്ങളിൽ പണിയെടുക്കുന്ന സ്ഥിതി കുറവാണ്.

## പ്രശ്നങ്ങൾ

1. തെങ്ങുകൾക്ക് രാസവളവും ജൈവവളവും എല്ലാ കർഷകർക്കും വിതരണം ചെയ്യണം.
2. പഞ്ചായത്തിൽ തെങ്ങുകൾക്ക് ബാധിച്ചരിക്കുന്ന വിവധരോഗങ്ങൾ പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുക.
3. തെങ്ങുകളിൽ നിന്നും കൂടുതൽ ഉത്പാദനം ലഭിക്കുന്നതായി ചെളിയിടൽ, കുളംവെട്ട്, തൊട്വെട്ടൽ എന്നിവക്ക് കൊടുത്തിരുന്ന ആനുകൂല്യം പുനഃസ്ഥാപിക്കുക.
4. ജൈവവളത്തിന് പ്രാധാന്യം കൊടുത്തുള്ള കൃഷി രീതി വ്യാപകമാക്കണം.
5. പഞ്ചായത്തിലെ വിവധവാർഡുകളിലെ വെള്ള കെട്ടുകൾ ഒഴിവാക്കുന്നതിനുള്ള സ്ഥിരമായ പദ്ധതി നടപ്പാക്കണം. കൂടുതൽ വെള്ള കെട്ടുള്ള പ്രദേശങ്ങളും 7 –ാം വാർഡിന്റെ കിഴക്ക് ഭാഗം (അപ്സര മഹിളാസമാജം)

8–ാം വാർഡിലെ കുഞ്ഞയനി മലബാർ റോഡിന്റെ കിഴക്ക് ഭാഗവും, മാർക്കറ്റ് മലബാർ റോഡിന്റെ പടിഞ്ഞാറ് ഭാഗവും 9– ാം വാർഡിന്റെ കിഴക്ക് ഭാഗവും

6. നമ്മുടെ പഞ്ചായത്തിലെ തഴപ്പായ വ്യവസായത്തിന് തഴവേണ്ടത്ര കിട്ടാത്ത അവസ്ഥയുണ്ട്.
7. രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 750 രൂപ സബ്സിഡിയും പുതിയ തെങ്ങിൻ തൈയും വിതരണം ചെയ്യണം.
8. കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന തെങ്ങിൽ വിത്തുകളടക്കം ഗുണകരമല്ലാത്ത സ്ഥിതിയുണ്ട്.
9. ഉത്പാദനക്ഷമത കുറഞ്ഞപ്രായം ചെന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം ലഭിക്കുന്നതിന് ശ്രമിക്കുക.
10. കൃഷിയുടെ മുഖ്യപ്രശ്നം വർഷക്കാലത്തെ വെള്ള കെട്ടും വേനൽകാലത്തെ വരൾച്ചയുമാണ്.
11. തോടുകളുടെ ഇരുകരകളിലുള്ള സ്ഥലക്കാർ തോട് അമിതമായി താഴ്ത്തി മറ്റ് സ്ഥലങ്ങൾ നികത്തുന്നതിനാൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.
12. വൈദ്യുതിയുടെ അഭാവം മൂലം പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ജലസേചന സൗകര്യം ഇല്ലാത്ത സ്ഥിതിയുണ്ട്.
13. തെങ്ങുകൾക്ക് വ്യാപകമായ കീടബാധയുണ്ട്.
14. നല്ലയിനം വിവധ വിത്തുകൾ ലഭിക്കുന്നില്ല.
15 ജൈവവളങ്ങൾ കിട്ടാനില്ല.
16 ആവശ്യമായ യന്ത്രോപകരണങ്ങൾ കിട്ടാനില്ല.
17. ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
18. വായ്പാ സൗകര്യങ്ങൾ അപര്യാപ്തമാണ്.
19. ഉത്പന്ന സംസ്കരണത്തിനുള്ള സൗകര്യങ്ങളില്ല.

**പച്ചക്കറി കൃഷി**

പച്ചക്കറി കൃഷി വ്യാപകമാക്കാനുള്ള സമഗ്രമായ പദ്ധതിയുണ്ടായിരിക്കണം. വിവിധയിനം പച്ചക്കറിയുടെ വിത്തുകൾ പഞ്ചായത്തുതലത്തിൽ സംഭരിച്ച് സൗജന്യമായി വിതരണം ചെയ്യണം. ഇതിന് വർഡ്തലത്തിൽ സമിതികൾ വേണം ഇതുവഴി വളം, മേൽനോട്ടം, വിപണനം തുടങ്ങിയവക്ക് സൗകര്യം വേണം. ഇതിനുവേണ്ടി മണ്ണിന്റെ പശിമ കൂട്ടണം.

വാഴ, കൊള്ളി, കപ്പ, എന്നിവയും വ്യാപകമാക്കണം. സമയബന്ധിത പരിപാടിയോടെ കൃഷിഭവനുമായി സഹകരിച്ച് ഇത് ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തണം.

**ഔഷധ സസ്യകൃഷി**

ഇതിന്റെ വിപുലമായ സാധ്യത കണക്കിലെടുത്ത് ഔഷധകൃഷിക്കായി നല്ലയിനം ഔഷധച്ചെടികൾ കൃഷിക്കാർക്ക് നൽകാൻ പദ്ധതിവേണം. തരിശുഭൂമികളിൽ അനുയോജ്യമായ വിള ചെയ്യണം.

ജലസേചനം വ്യാപകമാക്കുക വഴി തെങ്ങ്, വാഴ പച്ചക്കറി എന്നിവയുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ അതിന് ഡ്രിപ്പ്, സ്പിംഗ്ളർ തുടങ്ങിയവ വ്യാപകമാക്കണം.

**പൂകൃഷി**

വനിതകൾക്ക് വ്യാപകമായ തൊഴിലവസരം ലഭിക്കാൻ സഹായിക്കും പുരയിടത്തിൽ തന്നെ ഇത് ചെയ്യാൻ കഴിയും ഇതിന് ഇന്ന് വിപണിയിൽ ഡിമാന്റ് ഉള്ള പൂവിത്തുകൾ കണ്ടെത്തി പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് തലത്തിലോ, പൂകൃഷി വ്യാപകമാക്കാനുള്ള നടപടിയുണ്ടാക്കണം.

കൂൺ കൃഷി: ഭൂമി ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൂൺകൃഷിരീതി വ്യാപകമാക്കണം. ഇത് കൃഷി മുതൽമുടക്ക് കുറയ്ക്കാനും ഉതത്പാദന ക്ഷമത വർദ്ധിപ്പിക്കാനും ഉപകരിക്കും അതിനു വേണ്ടി സമഗ്രമായ പദ്ധതി ആവിഷ്കരിക്കണം.

നീർമിറി പദ്ധതി ഫലപ്രദമായി നടപ്പാക്കണം.

പച്ചില ജൈവവളങ്ങളുടെ ഉത്പാദനം വ്യാപകമാക്കണം. അതിനേറ്റവും പറ്റിയ ശീമക്കൊന്നയാണ്.

നീർവീഴ്ച ഒഴിവാക്കാൻ പെരും തോട്ടിലും വേടി തോട്ടിലും ചുരുങ്ങിയത് മൂന്നു തടയണകൾ നിർമ്മിക്കണം. വേടിതോടിന് 1 -ാം വർഡിലുള്ള തടയണ സ്ഥിരമാക്കുകയും പാലത്തിന്റെ തെക്ക് വശം പഞ്ചായത്ത് അതിർത്തിയിലും പെരും തോടിന് പഞ്ചായത്ത് അതിർത്തിയിലും തടയണ നിർമ്മിക്കുക.

കൂൺ കൃഷി വ്യാപകമാക്കണം.

നമ്മുടെ പഞ്ചായത്തിൽ വിത്ത് ഉദ്പാദനത്തിനായി തെങ്ങ്, കവുങ്ങ്, തുടങ്ങിയ വിത്തുകൾ പഞ്ചായത്തിൽ തന്നെ പാകി മുളപ്പിച്ച് വിതരണം ചെയ്യണം. ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

അടയ്ക്ക കൃഷി വ്യാപകമാക്കണം

കൈതകൃഷി വ്യാപകമാക്കണം. പഞ്ചായത്തിലെ വേടിതോട്, പെരുംതോട്, അറപ്പതോട്, വലിയ തോട്, എന്നിവയുടെ ഇരുകരകളിലും പുറംപോക്ക് സ്ഥലങ്ങളിലും പഞ്ചായത്ത് നേതൃത്വത്തിൽ വ്യാപകമായി കൈത വച്ച് പിടിപ്പിക്കണം. ഇത് വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യണം.

ചകിരിച്ചോറിൽ നിന്നും ജൈവവളം ഉത്പാദിപ്പിക്കുന്ന കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.

തെങ്ങ് രോഗങ്ങൾക്ക് നിവാരണ മരുന്നുതെളി പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കണം.

ഭൂപരിധിയില്ലാതെ രാസവളവും ജൈവവളവും വിതരണം ചെയ്യണം.

നാളികേരസംഭരണം, വിപണനം എന്നിവയ്ക്ക് പഞ്ചായത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കണം. ട്രില്ലർ അനുവദിക്കണം. കൈതച്ചക്ക കൃഷി വ്യാപകമാക്കണം.

മണ്ണിന്റെ പുളിരസം കുറയ്ക്കുന്നതിന് കുമ്മായം തുടങ്ങിയവ സൗജന്യമായി നൽകണം.

തേനീച്ച കൃഷി വ്യാപകമാക്കണം, ഇതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകണം.

മൾബറി കൃഷി നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകണം.

പഞ്ചായത്തിലെ പൊതു കുളങ്ങളിലും സ്വകാര്യ കുളങ്ങളിലും മത്സ്യകൃഷി വ്യാപകമാക്കണം. ഇതിന് വേണ്ടി മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിതരണം ചെയ്യണം.

കാർഷികാവശ്യത്തിന് സൗജന്യനിരക്കിൽ വൈദ്യുതി ലഭിക്കുന്നതിന് നടപടിയുണ്ടാക്കണം. കാർഷികാവശ്യത്തിന് മോട്ടോർ വാങ്ങി ഫിറ്റ് ചെയ്തിട്ടുള്ളവർക്ക് എത്രയും വേഗം കണക്ഷൻ അനുവദിക്കുക.

വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ നിന്നും പ്രധാന തോടുകളിലേക്ക് കൈതോടുകൾ നിർമ്മിക്കണം. ഇവ സംരക്ഷിക്കപ്പെടണം.

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്ത

ത്തോടെ നടപ്പിലാക്കുക.

ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യാക്കുന്നതിന് ആഗ്രോക്ലീനിക്കുകൾ നടപ്പിലാക്കുക.

ബാങ്കുകളിൽ നിന്നും സഹായസ്ഥപനങ്ങളിൽ നിന്നും പരിധിയില്ലാതെ സാമ്പത്തിക സാഹായങ്ങൾ നൽകണം.

ആനുകൂല്യങ്ങൾ ലഭിക്കാൻ ചുരുങ്ങിയത് 30 സെന്റ് വേണമെന്നുള്ള പരിധിമാറ്റണം. പരിധിയില്ലാതെ ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് ലഭ്യാമാക്കണം.

മണ്ണ് പരിശോധന കേന്ദ്രം ബ്ലോക്ക് തലത്തിൽ അനുവദിക്കണം.

വാഴകൃഷിക്കാവശ്യമായ വാഴക്കണ്ണുകൾ സൗജന്യമായി നൽകണം.

കർഷകർക്ക് സബ്സിഡിയോടുകൂടി കൊടുക്കുന്ന മോട്ടോർ പമ്പ് സെറ്റ് ഉപഭോക്താവിന് താൽപര്യമുല്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനനുവദിക്കണം.

4–ാം വാർഡിൽ നിന്നു തുടങ്ങി 3–ാം വാർഡിലെ അറപ്പത്തോട്ടിൽ ചെന്ന് ലയിക്കുന്ന കോതാട് തോട് പലഭാഗങ്ങളിലും നികന്നുകിടക്കുകയാണ്. അത് പൂർവ്വസ്ഥിയിലാക്കി വെള്ളം തടഞ്ഞു നിർത്തുന്നതിനായി തടയണ നിർമ്മിക്കണം.

പഞ്ചായത്തിലെ വിവധ സ്ഥലങ്ങളിലും വാർഡുകളിലും വെള്ളക്കെട്ടുകൾ തീർക്കുന്നതിനായി സമഗ്രമായ പദ്ധതി ഏർപ്പെടുത്തണം.

വെലങ്ങപ്പാടത്തിന്റെ പടിഞ്ഞാറോട്ടും വടക്കോട്ടും ചെറിയ തോടുകൾ നന്നാക്കി പോളത്തോടുമായി ബന്ധിപ്പിക്കണം.

ജലസേചനത്തിനായി എല്ലാവിധ കർഷകർക്കും P.V.C. പൈപ്പുവാങ്ങുന്നതിനായി സബ്സിഡി അനുവദിക്കണം.

പഞ്ചാത്തിലെ പ്രധാനപ്പെട്ട തോടുകളായ പെരുംതോട് വേടിത്തോട്, കോതോട് ഇവയുടെ ഇരുകരകളിലും കൈയ്യേറിയിട്ടുള്ള സ്ഥലങ്ങൾ ഒഴിപ്പിച്ച് തോടിന്റെ ശരിയായ വിസ്തീർണ്ണം നിലനിർത്തി ഇതിന്റെ ഇരുകരകളിലും കൈതച്ചെടിവെച്ചു പിടിപ്പിക്കണം.

# മത്സ്യബന്ധനം

**ആമുഖം**

എടവിലങ്ങ് വില്ലേജിന്റെ 1,2 വാർഡുകളിലാണ് കടൽത്തീരമുള്ളത്. ഏകദേശം 100 കൊല്ലം മുമ്പ് കടൽക്കര ഒരു കിലോമീറ്ററോളം പടിഞ്ഞാറു ഭാഗത്തായിരുന്നു. ഉഗ്രമായൊരു കടൽക്ഷോഭത്തിനു ശേഷം കടൽ കിഴക്കോട്ടു കയറുകയും ഒരു കിലോമീറ്ററോളം കര കടലായി മാറുകയും ചെയ്തുവെന്നാണ് ഇവിടുത്തെ പഴമക്കാർ പറയുന്നത്.

കൊല്ലംതോറും ഉണ്ടാകുന്ന കടൽക്ഷോഭം തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് എന്നും അസ്വസ്ഥത ഉണ്ടാക്കുമായിരുന്നു. മത്സ്യബന്ധനത്തിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ ഒന്നുംതന്നെ അന്ന് ഉണ്ടായിരുന്നില്ല. പരമ്പരാഗതമായി ഈ മേഖലയിൽ പണിയെടുക്കുന്ന സ്ഥിരം കുടുംബങ്ങൾ ഉണ്ടായിരുന്നു. മത്സ്യബന്ധനം ആദായകരമായ ഒരു തൊഴിൽ ആയിരുന്നെങ്കിലും വിപണനരംഗത്ത് ഏറെ സാദ്ധ്യതകൾ ഉണ്ടായിരുന്നില്ല. കടലിൽനിന്നും ലഭിച്ചിരുന്ന മത്സ്യസമ്പത്ത് മൂന്നുനാലു മണിക്കൂറിലധികം കേടുകൂടാതെ സൂക്ഷിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്ന സൗകര്യങ്ങൾതന്നെ ഏതാനും വെച്ചുകെട്ടുചാപ്പകളായിരുന്നു. മത്സ്യം കൂടുതലായി ലഭിക്കുമ്പോൾ അവ ഉപ്പിലിട്ടുണക്കി കേടുവരാതെ സൂക്ഷിക്കുമായിരുന്നു.

ധാരാളമായി ലഭിച്ചിരുന്ന ചെമ്മീൻ നാടൻരീതിയിൽ പുഴുങ്ങി ഉണക്കി പരിപ്പ് എടുത്ത് വിപണനം നടത്തുമായിരുന്നു. അക്കാലത്ത് ഏറ്റവും കൂടുതലായി ലഭിച്ചിരുന്ന അയല ചാള (മത്തി) മുള്ളൻ സ്രാവ് എന്നിവ ധാരാളമായി ഉപ്പിലിട്ടുണക്കി മത്സ്യം ലഭ്യമല്ലാത്ത സമയങ്ങളിൽ വിപണനം നടത്തുമായിരുന്നു. ഇതിനെല്ലാം ചുരുങ്ങിയ പരിമിതികളേ ഉണ്ടായിരുന്നുള്ളു.

മത്സ്യം വിറ്റഴിക്കുന്നത് ഇടത്തട്ടുകാർ വഴിയാ യതിനാൽ മൊത്തം വിലയുടെ പകുതിപോലും യഥാർത്ഥ മത്സ്യത്തൊഴിലാളിക്ക് ലഭിക്കുമായിരുന്നില്ല. ഇടത്തട്ടുകാരുടെ ചൂഷണം ചോദ്യം ചെയ്യപ്പെടാത്തതായിരുന്നു. മത്സ്യബന്ധനം സാധ്യമല്ലാത്ത വർഷക്കാലങ്ങളിൽ അതുകൊണ്ടുമാത്രം മത്സ്യത്തൊഴിലാളികൾക്ക് പട്ടിണിയും പരിവട്ടവുമായി കഴിയേണ്ടിവന്നു.

ഇന്നത്തേതുപോലെ വലയുടേയും മത്സ്യബന്ധനത്തിനാവശ്യമായ സാമഗ്രികളുടേയും ലഭ്യതയും കുറവായിരുന്നു. വർഷക്കാലമാകുമ്പോഴേക്കും മിക്കവാറും വലകൾ പണയപ്പെടുത്തിയിരിക്കും. അതും അവരുടെ മത്സ്യബന്ധനത്തിനു തടസ്സമായിരുന്നു.

നിന്നു.

കഠിനമായ ശാരീരികാദ്ധ്വാനവും വിശ്രമമില്ലായ്മയും രാപ്പകലദ്ധ്വാനിച്ചിട്ടും കുടുംബം പുലർത്താനുള്ള വരുമാനമില്ലായ്മയും ആരോഗ്യപരമായ ചുറ്റുപാടുകളുടെ അഭാവവും മിതവ്യയമില്ലായ്മയും സാമ്പത്തിക പരാധീനതയും ഇടത്തട്ടുകാരുടേയും ഹുണ്ടികക്കാരുടേയും ചൂഷണവും; ഇവയ്ക്കെല്ലാം വിധേയമായതുകൊണ്ടാണ് ഈ വിഭാഗം എല്ലാ രംഗത്തും പിൻതള്ളപ്പെടുന്നത്.

കൂടാതെ കടൽക്ഷോഭകാലത്ത് 3 മാസം ജോലിക്കു പോകുവാൻ നിവൃത്തിയില്ലാത്തത് മറ്റൊരു കാരണം കൂടിയാണ്. ഉദ്ദേശം 15 കൊല്ലത്തോളമായി



കാര കടപ്പുറം

വഞ്ചിയും വലയും സ്വന്തമായില്ലാത്തവർ മറ്റു വഞ്ചിയുടമകളുടെ കീഴിൽ കരാറ് അടിസ്ഥാനത്തിൽ ജോലി ചെയ്യണമായിരുന്നു. അതുകൊണ്ട് മത്സ്യം എത്ര കിട്ടിയാലും മത്സ്യത്തൊഴിലാളികൾക്ക് കിട്ടിയിരുന്ന ഓഹരി വളരെ കുറവായിരുന്നു. ഏറ്റവും കൂടുതൽ കായികാദ്ധ്വാനമുള്ള മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവർ അദ്ധ്വാനത്തിനനുസരിച്ച് കൂലി ലഭിക്കാത്തതുമൂലം പോഷകാഹാരങ്ങൾ കഴിക്കാനുള്ള കഴിവില്ലായ്മകൊണ്ട് ശാരീരികവും മാനസികവുമായി തളർന്നിരുന്നു. പട്ടിണിയും രോഗങ്ങളും അവരുടെ സ്ഥിരം കൂട്ടുകാരായിരുന്നു. സ്വന്തമായി വഞ്ചിയും വലയും അവരുടെ ഒരു സ്വപ്നമായിത്തന്നെ നില

ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളം ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനം തുടങ്ങിയിട്ട്. തന്മൂലം അദ്ധ്വാനഭാരം കുറഞ്ഞെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് താങ്ങാനാവാത്ത വിലയാണ് വള്ളം വല എഞ്ചിൻ മറ്റുപകരണങ്ങൾക്കും നൽകേണ്ടിവരുന്നത്.

നമ്മുടെ പഞ്ചായത്തിൽ 2 കിലോമീറ്ററോളം കടൽത്തീരം കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളതിനാൽ രൂക്ഷമായ കടലാക്രമണഭീതി ഇന്ന് മത്സത്തൊഴിലാളികളുടെ ഇടയിൽ ഇല്ല.

ഒന്നാം വാർഡിൽ 70മീറ്ററോളം വീതിയുള്ള

ലാന്റിങ് ഗ്യാപ്പും രണ്ടാം വാർഡിൽ 70 മീറ്റർ ലാന്റിങ് ഗ്യാപ്പും നമ്മുടെ കടൽത്തീരത്ത് ഉണ്ട്. കൂടാതെ നമ്മുടെ അതിർത്തിയോട് തൊട്ട് കിടക്കുന്ന മറ്റൊരു ലാന്റിങ് ഗ്യാപ്പും ഉണ്ട്. ഇവിടെ മൊത്തം 700ഓളം തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

മത്സ്യഫെഡ് വഴി NCDCയിൽ നിന്നും ഇന്ന് ഗ്രൂപ്പുകൾക്ക് കിട്ടുന്ന വായ്പ അപര്യാപ്തമാണ്. 25പേരുള്ള ഗ്രൂപ്പിന് രണ്ടര ലക്ഷം രൂപയും 14 1/4 % പലിശക്കു പുറമേ 2% സർച്ചാർജ്ജും കൊടുക്കണം. 3 കൊല്ലംകൊണ്ട് വായ്പ അടച്ചു തീർക്കുന്നവർക്ക് 25 % സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും മിക്ക ഗ്രൂപ്പിനും സബ്സിഡി ലഭിക്കുവാൻ ഇടയില്ല. പിടിക്കുന്ന മത്സ്യത്തിന്റെ 2% കമ്മീഷനായി മത്സ്യഫെഡിനു കൊടുക്കണം. ഈ കമ്മീഷൻ വ്യവസ്ഥ അവസാനിപ്പിക്കണം. എഞ്ചിൻ, വല മുതലായവ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണം. 3 കൊല്ലം 10 കൊല്ലമായി വർദ്ധിപ്പിക്കണം.

യന്ത്രവൽക്കരണം വന്നതോടുകൂടി വളരെ അകലെ പോയി മത്സ്യം പിടിക്കുവാൻ സാധിക്കുക വഴി മത്സ്യബന്ധനം അഭിവദ്ധി പ്രാപിച്ചിട്ടുണ്ട്. മത്സ്യം ഉണ്ടാകുമ്പോൾ ശീതീകരണ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് കുറഞ്ഞ വിലക്ക് വളത്തിന് കൊടുക്കുവാൻ നിർബന്ധിതരാകുന്നു. അതുപോലെ ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭിക്കുന്നില്ല. ഈ ദുസ്ഥിതിക്ക് പരിഹാരം ഉണ്ടാകണം. ഉൾനാടൻ മത്സ്യം വളർത്തൽ ആദായകരം ആണ്. ഇപ്പോൾ ആറാം വാർഡിൽ ഉൾനാടൻ മത്സ്യം വളർത്തൽ കേന്ദ്രം ഉണ്ട്.

ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉള്ള കുളങ്ങളിൽ മത്സ്യം വളർത്താനുള്ള സഹായവും പ്രോത്സാഹനവും ഉണ്ടാകണം. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമാണവായ്പ 35,000 രൂപയായി ഉയർത്തണം. എങ്കിലേ മത്സ്യത്തൊഴിലാളികൾക്ക് ചെറിയ വീടുകളെങ്കിലും വയ്കാനാകൂ. മറ്റ് ഇതര തൊഴിലുകളെ അപേക്ഷിച്ച് സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ പിന്നോക്കാവസ്ഥയിലാണ് മത്സ്യത്തൊഴിലാളികൾ.

1, 6 വാർഡുകളിൽ മത്സ്യത്തൊഴിലാളികൾ താമസിക്കുന്നു.

**നിർദ്ദേശങ്ങൾ**

I a) ഈ തീരദേശ പഞ്ചായത്തിൽ ഏകദേശം 700ഓളം മത്സ്യത്തൊഴിലാളികൾ 1,2,3,6 വാർഡുകളിലായി താമസിക്കുന്നു.

b) മത്സ്യവിപണനരംഗത്തുള്ളവരുടെ എണ്ണം ഏകദേശം 500ൽ കൂടുതലാണ്.

c) മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് രാത്രികാലങ്ങളിൽ കരയേയും കടവിനേയും തിരിച്ചറിയുന്നതിനായി യാതൊരു സംവിധാനവുമില്ല. ഓരോ ഫിഷിങ് ഗ്യാപ്പിലും ടവർലൈറ്റുകൾ സ്ഥാപിക്കണമെന്നത് വളരെ അത്യാവശ്യമാണ്.

d) മഴക്കാലങ്ങളിൽ കടൽക്ഷോഭം മൂലം കടൽഭിത്തികൾ താഴ്ന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ വെള്ളം പുറമേയ്ക്കടിച്ചു കയറി മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് നാശനഷ്ടങ്ങളും ജീവാപായവും സംഭവിക്കുന്നുണ്ട്. അതു തടയുന്നതിനായി കടൽഭിത്തിയുടെ ഉയരം വർദ്ധിപ്പിക്കുന്നതിന്നായി നമ്പർ കട്ടകൾ (കരിങ്കല്ല്) നിരത്തി കടൽഭിത്തിയുടെ പൊക്കം ഗണ്യമായി വർദ്ധിപ്പിക്കണം.

e) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ മത്സ്യഫെഡിൽനിന്നും N.C.D.C മുഖേന ലഭ്യമാക്കാൻ വേണ്ട നടപടിയുണ്ടാകണം.

f) മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കൈത്തൊഴിൽ ചെയ്യുന്നതിന്നായി അവർ നിർദ്ദേശിക്കുന്ന കുടിൽവ്യവസായങ്ങൾക്ക് ധനസഹായം ലഭ്യമാകണം.

g) മത്സ്യത്തൊഴിലാളികളുടെ അഭ്യസ്തവിദ്യരായ കുട്ടികൾക്ക് സർക്കാർതലത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിന് മുൻഗണന നൽകണം.

h) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒന്നും രണ്ടും മൂന്നും വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കണം.

i) മത്സ്യബന്ധനം കൂടുതൽ ലാഭകരമാക്കുന്നതിനും ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ യന്ത്രവൽകൃത ബോട്ടുകൾ നൽകുവാൻ നടപടിയുണ്ടാകണം.

j) ധാരാളം മത്സ്യം ലഭിക്കുന്ന ദിവസങ്ങളിൽ മത്സ്യവില കുത്തനേ താഴുകയോ വിപണനം അസാദ്ധ്യമാകുകയോ ചെയ്യുന്നു. അത് പരിഹരിക്കുന്നതി

നായി ഒന്നും രണ്ടും വാർഡുകളിൽ ചുരുങ്ങിയത് ഓരോ ഫ്രീസിങ് പ്ലാന്റും കോൾഡ് സ്റ്റോറേജും ഫിഷറീസ് വകുപ്പിൽനിന്നോ പഞ്ചായത്തിൽനിന്നോ നിർമിച്ച് മത്സ്യസംഘങ്ങൾക്ക് കൈമാറണം.

k) ഉൾനാടൻ മത്സ്യസംരക്ഷണം പ്രോത്സാഹിപ്പിക്കണം. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് മത്സ്യസംരക്ഷണവും മത്സ്യം വളർത്തലും നടത്താനാഗ്രഹിക്കുന്നവർക്ക് മത്സ്യക്കുഞ്ഞുങ്ങളേയും അവക്കുള്ള തീറ്റയും സൗജന്യമായി വിതരണം ചെയ്യണം.

l) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി യൂണിഫോം, പുസ്തകം എന്നിവ സൗജന്യമായി നൽകണം.

m) വഞ്ചിയും വലയും മറ്റുപകരണങ്ങളും ഇൻഷൂർ ചെയ്യുന്നതിന് സഹായിക്കുന്ന പദ്ധതികളിൽ പണമടക്കാൻ ഒട്ടുമിക്ക മത്സ്യത്തൊഴലാളികൾക്കും കഴിയുന്നില്ല. അതിനാൽ പ്രീമിയം സൗജന്യമായി അടക്കാൻ ഗവൺമെന്റിൽനിന്നും സംവിധാനമുണ്ടാകണം.

n) എല്ലാ തൊഴിലാളികളേയും ഇൻഷൂറൻസിൽ ഉൾപ്പെടുത്തണം.

o) മത്സ്യബന്ധനം നടത്താൻ കഴിയാത്ത വർഷക്കാലത്ത് ഓരോ തൊഴിലാളികുടുംബങ്ങൾക്കും ജീവിക്കാനാവശ്യമായ ധനസഹായം നൽകണം.

p) മത്സ്യവിപണനകേന്ദ്രം സ്ഥാപിക്കണം.

q) ഒറ്റ സഹകരണസംഘമാണുള്ളത്. അതിനെ ഇനിയും പോഷിപ്പിക്കേണ്ടിയിരിക്കുന്നു.

r) വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീടു നിർമിച്ചു നൽകാൻ കഴിയണം.

s) അപകടങ്ങൾ ഉണ്ടാകുമ്പോൾ സഹായമെത്തിക്കാൻ കഴിയുംവിധം നിയമക്കുരുക്കുകൾ മാറ്റിയെടുക്കണം.

t) ഉൾനാടൻ കുളത്തിൽ വളരുന്ന മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് നിവാരണമാർഗം കണ്ടെത്തണം.

u) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യമായി ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുക

v) കുളങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നവർക്ക് സബ്സിഡി നൽകുക.

w) മത്സയത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിൽ വികസനം എത്തിനോക്കിയിട്ടില്ലാത്തതു മനസ്സിലാക്കി ആ പ്രദേശങ്ങളിലെ പൊതു ആവശ്യമായ വിദ്യുച്ഛക്തി, കുടിവെള്ളം, ഗതാഗത സൗകര്യം മുതലായവ ലഭ്യമാക്കുവാൻ ഊർജ്ജിതമായ പദ്ധതികൾ ആവിഷ്കരിച്ച് അവരുടെ അടിസ്ഥാന ആവശ്യങ്ങളായ മുകളിൽ വിവരിച്ച കാര്യങ്ങൾക്കും ഏറ്റവും മുൻഗണന നൽകി സാധിതപ്രായമാക്കണം.

25 കൊല്ലം മുൻപ് രൂപീകൃതമായ മത്സ്യത്തൊഴിലാളി കോളനിയിലെ നിവാസികൾക്ക് ഇതുവരേയും പട്ടയം നൽകിയിട്ടില്ല. ഒന്നാം വാർഡിന്റെ തെക്കുപടിഞ്ഞാറേ മൂലയിലുള്ള ഈ കോളനിക്കടുത്തായി കിടക്കുന്ന, ഫിഷറീസ് ആഫീസായിരുന്ന ഉദ്ദേശ്യം 40 സെന്റു ഭൂമിയും പഴയ കെട്ടിടവും നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ്. വികസനം എത്തിനോക്കിയിട്ടില്ലാത്ത ഈ വാർഡിൽ ആ കെട്ടിടം കേടുപാടുകൾ തീർത്ത് ഒരു ഹോമിയോ ആശുപത്രിയായി മാറ്റുകയാണെങ്കിൽ തീരപ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും മൊത്തത്തിൽ പഞ്ചായത്തിലെ മറ്റു ജനങ്ങൾക്കും വളരെ ഉപകാരപ്രദമായിത്തീരും. അതിനാൽ ഹോമിയോ ചികിത്സാ സൗകര്യം ഇല്ലാത്ത നമ്മുടെ പഞ്ചായത്തിന് അതൊരു നേട്ടമാക്കുവാൻ കഴിയും.

മത്സ്യത്തൊഴിലാളികൾക്ക് റേഷൻ നിരക്കിൽ കൊടുക്കുന്ന മണ്ണെണ്ണ നമ്മുടെ പഞ്ചായത്തിൽ കിട്ടുന്നത് എറണാകുളം ജില്ലയിൽ കിട്ടുന്നതിനേക്കാൾ വളരെ കുറവാണ്. ആ ജില്ലയിൽ Horse Powerന്റെ തോതിൽ നൽകി വരുന്നത്ര മണ്ണെണ്ണ നമ്മുടെ പഞ്ചായത്തിലും കിട്ടുന്നതിന്നായി ഉടനെ നടപടി സ്വീകരിക്കണം.

കേടുവന്ന വള്ളക്കാർക്കും കടൽക്ഷോഭത്തിൽ തകർന്ന വള്ളങ്ങൾക്കും എഞ്ചിൻ, വല എന്നിവ തകർന്നുപോയവർക്കും ധനസഹായം നൽകി ഉടനെ പുനരുദ്ധാരണപ്രക്രിയക്ക് സഹായിക്കണം.

**മത്സ്യബന്ധനമേഖല ഒറ്റനോട്ടത്തിൽ**

| വാർഡ് നമ്പർ | കടൽമത്സ്യം | | | | | ഉൾനാടൻ മത്സ്യം | | മത്സ്യബന്ധനോപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|
| | മത്സ്യബന്ധന തൊഴിലാളികൾ | | മറ്റ് തൊഴിലാളികൾ | | | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | യന്ത്രവത്കൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
| | മുഖ്യ തൊഴിൽ | ഭാഗിക തൊഴിൽ | മത്സ്യ വിപണനം | വല നന്നാക്കൽ | മത്സ്യസംസ്കരണം | | | | | |
| 1 | 107 | 16 | 1 | 2 | 1 | | | | 11 | 13 |
| 2 | 355 | 60 | 3 | 5 | 3 | | | 1 | 35 | 20 |
| 3 | 150 | 20 | 4 | 1 | 4 | | | 1 | 1 | 3 |
| 4 | 1 | | | | | | | 1 | | |
| 5 | 2 | | 2 | | 2 | | | | | |
| 6 | 30 | | | | | 100X70 | 1 | 4 | 1 | 4 |
| 7 | 1 | | | | | | | | | |
| ആകെ | 636 | 96 | 10 | 8 | 10 | | 1 | 8 | 48 | 40 |

# മൃഗസംരക്ഷണം

**ആമുഖം**

എടവിലങ്ങ് പഞ്ചായത്തിൽ മൃഗസംരക്ഷണം മുൻപത്തേതിനേക്കൾ പുരോഗമിച്ചു വരുന്നു. ഇപ്പോൾ മൃഗാശുപത്രിയും പാൽവിപണനത്തിനായി രണ്ട് മിൽമ സൊസൈറ്റികളും ഉണ്ട്.

പണ്ട് ഏറ്റവും കൂടുതൽ എരുമകളായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥാനം പശുക്കൾ കൈയടക്കിയിരിക്കയാണ്. വിശദമായ ചാർട്ടുകൾ താഴെ കൊടുത്തിട്ടുണ്ട്.

കൃത്രിമ ബീജസങ്കലനം മിൽമയുടെ പതിനട്ടരായളം സൊസൈറ്റിയുടെ കീഴിൽ നടക്കുന്നത്. ആടു വളർത്തലും മുൻപത്തേക്കൾ കൂടിവരുന്നുണ്ട്. കോഴി വളർത്തൽ മുൻപത്തേക്കാളും നല്ലരീതിയിൽ നടക്കുന്നുണ്ട്. താറാവ് വളർത്തൽ വയലുകൾ ഇല്ലാത്തതിനാൽ പണ്ടത്തേതിലും വളരെ കുറഞ്ഞിരിക്കയാണ്. മൃഗസംരക്ഷണത്തിനും കോഴിവളർത്തലിനും തീറ്റ ഒരു പ്രശ്നമായിരിക്കുകയാണ്. പുല്ല് വേണ്ടത്ര ലഭിക്കുന്നില്ല. ഇപ്പോൾ തന്നെ വൈക്കോലും ലഭ്യമല്ല. അതിനാൽ കാലിതീറ്റകൾക്കായി റെഡിമെയ്ഡ് തീറ്റകളെ തന്നെ ആശ്രയിക്കണം. ആധുനിക രീതിയിലുള്ള തൊഴുത്തുകൾ നിർമ്മിക്കുന്നതിനാവശ്യമായി കൃഷിഭവൻ വഴി സഹായധനവും സബ്സിഡിയും നൽകുന്നുണ്ട്. മൃഗസംരക്ഷണമേഖലയിൽ ധാരാളം സ്ത്രീകൾ മുൻപോട്ടു വരുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിക്കുകയും, ലോണുകൾ സബ്സിഡികൾ മുതലായവ നൽകി കൂടുതൽ സഹായിക്കുകയാണെങ്കിൽ ഈ രംഗം ലാഭകരമാകുവാൻ കഴിയും. അതുപോലെ കാലിതീറ്റ മരുന്നുകൾ മുതലായവ കിട്ടുന്നതിനുള്ള സഹായങ്ങൾ സംജാതാമാക്കണം.

**നിർദ്ദേശങ്ങൾ**

1) കന്നുകാലികളെ വളർത്തി പാലുൽപ്പാദിപ്പിച്ച് ഉപജീവനം നടത്തുന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മൃഗസംരക്ഷണം വ്യാപകമാക്കുന്നതിനായി നല്ലയിനം പശു, എരുമ, ആട്, മുതലായവയെ വാങ്ങുന്നതിനായി കർഷകർക്ക് സബ്സിഡിയും ധനസഹായവും നൽകണം.

2) പാല് വൻതോതിൽ ശേഖരിക്കുന്നതിനായി മിൽമയുടെ രണ്ടു സൊസൈറ്റികൾ ഈ പഞ്ചായത്തിലുണ്ട്. അതിനാൽ പാല് ഉൽപാദിപ്പിച്ച് വിപണനം വളരെ നല്ലരീതിയിൽ നടത്താൻ കഴിയും.

3) കാലിത്തീറ്റ നിർമ്മിക്കുന്നതിനാവശ്യമായ ഒരു സ്ഥാപനം പഞ്ചായത്തിൽ ആവശ്യമാണ്.

4) തരിശുനിലങ്ങളിലും, ഇടവിളകളായും, പുല്ല് വളർത്തുന്നതിന് സഹായം നൽകണം. നല്ലയിനം പുൽവിത്തുകൾ വിതരണം ചെയ്യുന്നു. പാൽകൃഷി വ്യാപകമാക്കുന്നതിനായി ധനസഹായം നൽകണം.


5) തൊഴുത്തുകൾ നിർമ്മിക്കുന്നതിനായി സഹായധനം അർഹരായവർക്ക് നൽകണം.

6) കോഴിവളർത്തൽ താറാവ് വളർത്തൽ എന്നിവയെ പ്രോത്സാഹിപ്പിക്കണം.

7) ഇറച്ചികോഴികൾ ആട് മുതലായവയെ വളർത്തുന്നതിയാവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കണം.

8) പാൽവിപണനത്തിൽ ലഭിക്കേണ്ടുന്ന വില ലഭിക്കാത്തതിനാൽ പാലുൽപാദനം ആദായകരമല്ല. മിൽമ മുതലായ സൊസൈറ്റികളുടെ നടത്തിപ്പിനായി M.D.ജനറൽമാനേജർ, മറ്റു ഉന്നത ഉദ്യോഗസ്ഥർ മുതലായവരുടെ തസ്തികൾ എടുത്തുകളഞ്ഞ് ആവശ്യത്തിനുമാത്രമുള്ള ഉദ്യോഗസ്ഥരെ വച്ചുകൊണ്ട് ഓവർഹെഡ് ചാർജ്ജുകൾ ലഘൂകരിച്ച് പാലിന് ഇന്നുള്ള വിലയേക്കാൾ ലിറ്ററിന് 2 രൂപയെങ്കിലും കൂടുതലായി നൽകുവാൻ നിഷ്പ്രയാസം കഴിയും.

9) കാലിത്തീറ്റയുടെ ദൗർലഭ്യം ഏറെയാണ്. വൈക്കോൽ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരണം. അവയുടെ വിലതാങ്ങാവുന്നതിലധികമാണ്. ഇവയെല്ലാം കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.



മൃഗാശുപത്രി

10) കോഴിവസന്ത, മൃഗങ്ങൾക്കുവരുന്ന രോഗങ്ങൾ എന്നിവയ്ക്ക് കുത്തിവപ്പുകൾ സമയാസമയങ്ങളിൽ നടത്തുന്നതിനായി മൃഗാശുപത്രിയും അതിന്റെ അതികൃതരും പരിപാടികൾ ആവിഷ്ക്കരിക്കണം.

11) മൃഗങ്ങൾ വഴിയുണ്ടാകുന്ന പകർച്ച വ്യാധികൾ തടയുന്നതിനാവശ്യമായ മുൻകരുതലുൾ ചെയ്യണം

12) പശു, ആട്, എരുമ, എന്നിവ നല്ലയിനം വാങ്ങുന്നതിനാവശ്യമായി കർഷകർക്ക് സബ്സിഡിയും ധനസഹായവും നൽകണം.

13) കോഴിവളർത്തൽ, താറാവുവളർത്തൽ മുത



മൃഗാശുപത്രി ഉദ്ഘാടനം

ലായവ വ്യാപകമാക്കുന്നതിനായി ചുരുങ്ങിയ വിലക്ക് കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യണം.

14) വളർത്തുനായ്ക്കൾക്ക് സൗജന്യമായി വാക്സിനേഷൻ നടത്തുന്നതിന് സഹായിക്കണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം.

15) ഇറച്ചികോഴി വളർത്തലിനായി ധനസഹായം നൽകണം.

16) ഇറച്ചിക്കായി വ്യാവസായികാടിസ്ഥാനത്തിൽ മുയൽ വളർത്തുന്നതിന് സഹായധനം നൽകണം.

17) കോഴിവളർത്തുന്നതിനായി സ്ത്രീകളെ ബോധവൽക്കരിക്കുന്നത് നന്നായിരിക്കും.

18) പുൽകൃഷി വ്യാപകമാക്കാൻ ഓരോ കർഷകർക്കും വിത്തും വളവും സൗജന്യമായി നൽകുകയും കൃഷിഭവൻ വഴി സാങ്കേതിക വിദ്യകൾ നൽകുകയും ചെയ്യണം.

19) കുളമ്പുരോഗം അകിടുവീക്കം, ഫംഗസ് മുതലായ മൃഗരോഗങ്ങൾക്ക് സമയാസമയങ്ങളിൽ ചികിൽസ നൽകുവാൻ വേണ്ട പരിപാടികൾ ചെയ്യണം.

20) സമ്മിശ്ര കൃഷി (ആട്, മാട്, മത്സ്യം, മുതലായവ) ചെയ്യുന്ന കർഷകർക്ക് ധനസഹായവും പ്രോത്സാഹനവും കൊടുക്കുക.

21) ശാസ്ത്രീയമായ തൊഴുത്ത് ഉള്ള എല്ലാ മൃഗ കർഷകർക്ക് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ധനസഹായവും പ്രോത്സാഹനവും കൊടുക്കുക.

22) കന്നുകാലിവളർത്തൽ ഒരു ഉപതൊഴിൽ ആക്കാതെ മുഖ്യതൊഴിൽ (വ്യവസായ അടിസ്ഥാനത്തിൽ) ആക്കുന്ന കർഷകർക്ക് കൂടുതൽ ധനസഹായം കൊടുക്കുന്നതുവഴി കൂടുതൽ പേർക്ക് തൊഴിൽ സാദ്ധ്യതയും ലഭിക്കുന്നു.

23) എല്ലാ വിധകന്നുകാലിരോഗങ്ങൾക്കും സൗജന്യമായി മരുന്ന് മൃഗാശുപത്രി വഴി വിതരണം ചെയ്യുക.

24) വളർത്തു നായ്ക്കൾക്ക് പഞ്ചായത്ത് ലൈസൻസ് നിർബന്ധമാക്കുക. അതുവഴി പേപ്പട്ടി ശല്യം ഒഴിവാക്കാൻ സാധിക്കും

## അനുബന്ധം 4

### വളർത്തു മൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ, | | കാളസങ്കരം | | പശു നാടൻ | | പശു സങ്കരം, | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ | കറവ | | | | |
| I | – | – | – | – | – | – | 8 | 6 | 4 | 2 | – | 36 | 5 | – |
| II | – | – | – | – | – | – | 20 | 10 | 2 | 2 | – | 31 | 8 | – |
| III | – | – | – | – | – | – | 17 | 12 | 4 | 2 | – | 50 | 5 | – |
| IV | – | – | – | – | – | – | 25 | 12 | 2 | 2 | – | 69 | 4 | – |
| V | – | – | – | – | – | – | 35 | 14 | 4 | 2 | – | 72 | 5 | – |
| VI | – | – | – | – | – | – | 33 | 12 | 5 | 3 | – | 41 | 6 | – |
| VII | – | – | I | – | – | – | 34 | 12 | 6 | 4 | – | 42 | 7 | – |
| VIII | – | – | I | – | – | – | 65 | 20 | 8 | 6 | 1 | 84 | 9 | – |
| IX | – | – | I | – | – | – | 95 | 44 | 7 | 5 | – | 121 | 10 | – |
| | | | | | | | 332 | 182 | 44 | 28 | 1 | 576 | 59 | |

### വളർത്തു പക്ഷി സംഖ്യ

| വാർഡ്നമ്പർ | പൂവൻ കോഴി | പിടകോഴി | | താറാവ് | |
|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ടഇടാത്തത് | ആൺ | പെൺ |
| I | 25 | 150 | 175 | 5 | 45 |
| II | 50 | 350 | 150 | 12 | 65 |
| III | 60 | 365 | 160 | 16 | 84 |
| IV | 28 | 144 | 160 | 18 | 78 |
| V | 32 | 140 | 155 | 14 | 58 |
| VI | 68 | 364 | 108 | 8 | 32 |
| VII | 24 | 138 | 144 | 9 | 16 |
| VIII | 49 | 248 | 138 | 10 | 38 |
| IX | 78 | 398 | 109 | 6 | 11 |
| ആകെ | 413 | 2257 | 1299 | 98 | 427 |

## പേ വിഷബാധ – പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം. | – | – | – | 2 | – | 45 |
| കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | – | – | 1 | – | – | – |

## കൃത്രിമ ബീജസങ്കലനവിവരങ്ങൾ

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 334 | 234 | 148 |
| കിടാവ് | 148 | 60 | 28 |
| എരുമ | 70 | 25 | 12 |

## രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന |
|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ Digestive disorders | 50 | 12 | 49 | – | 8 | – | – | – | – |
| 2 | ശ്വാസകോശസംബന്ധം Respiratory diseases | 8 | – | – | – | – | – | – | – | – |
| 3 | ഉപാപചയ സംബന്ധം Metabolic diseases | 8 | – | – | – | – | – | – | – | – |
| 4 | ത്വക് രോഗങ്ങൾ Skin diseases | 5 | – | 2 | 0 | – | – | – | – | – |
| 5 | ധാതുലവണങ്ങളുടെ അഭാവം | 178 | 12 | 134 | – | 178 | – | – | – | – |
| 6 | പരാദരോഗങ്ങൾ Parasitic diseases | 48 | 12 | 24 | – | 68 | 3128 | 1128 | – | – |
| 7 | പ്രത്യുത്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders | 148 | 16 | 18 | – | 10 | – | – | – | – |
| 8 | വന്ധ്യത Inferitility | 55 | 16 | 12 | – | 4 | – | – | – | – |
| 9 | അകിടുവീക്കം Mastitis | 48 | – | – | – | – | – | – | – | – |
| 10 | മുടന്തൻ പനി Ephemeral Fever | 174 | – | – | – | – | – | – | – | – |
| 11 | പകർച്ച വ്യാധികൾ Contagion diseases | 78 | 14 | 6 | – | 578 | – | – | – | – |

# വിദ്യാഭ്യാസം

കൊടുങ്ങല്ലൂർ താലൂക്കിലെ ഏറ്റവും ചെറിയ വില്ലേജായ എടവിലങ്ങിന്റെ വിദ്യാഭ്യാസ ചരിത്രത്തിന് ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. വില്ലേജിന്റെ പല ഭാഗത്തും പഴയകാലത്ത് നാട്ടാശാൻമാരുടെ നേതൃത്വത്തിൽ കൂടി പള്ളികൂടങ്ങളുണ്ടയിരുന്നതിന്റെ ഫലമായി സംസ്കൃതത്തിൽ പാണ്ഡിത്യം നേടിയ പല വ്യക്തികളും ഇവിടെ ഉണ്ടായിരുന്നു. ഈ സംസ്കൃതപഠനത്തിൽ നിന്ന് ഉയർന്നുവന്ന സംസ്കാരത്തിന്റെ ബഹിർസ്പുരണത്തിൽ നിന്ന് ഉൽഭൂതമായ വൈദ്യം, വിഷവൈദ്യം, മൃഗചികിത്സ, തച്ചുശാസ്ത്രം, ജോത്സ്യം എന്നിവയിൽ പ്രവീണ്യം നേടിയ അനവധിയാളുകൾ ഇവിടെ അധിവസിച്ചിരുന്നു. അവരുടെ ആശ്രന്ത പരിശ്രമത്തിന്റെ ഫലമായി കൊച്ചി സർക്കാർ, പതിനെട്ടരയാളം ദേശത്ത് സർക്കാരുടമയിൽ 1895 ൽ " പതിനെട്ടരയാളം ലോവർ പ്രൈമറി സ്കൂൾ" സ്ഥാപിച്ചു. 101 വർഷത്തിനു മുൻപ് സ്ഥാപിച്ച ഈ ലോവർ പ്രൈമറിസ്കൂൾ 1964ൽ "എടവിലങ്ങ് ഗവർമെണ്ട് ഹൈസ്കൂളായി"ഉയർത്തപ്പെട്ടു.

വില്ലേജിന്റെ ഏതാണ്ട് കിഴക്കു ഭാഗത്തായി സ്ഥാപിച്ച ഈ ലോവർ പ്രൈമറിസ്കൂളിലേക്ക് തീരപ്രദേശങ്ങളിൽ നിന്ന് രണ്ടര കിലോമീറ്റർ നടന്നു വന്ന് വിദ്യാഭ്യാസം നടത്തുകയെന്നത് അക്കാലത്ത് ദുഷ്കരമായിരുന്നു. ഇതിന് പരിഹാരമുണ്ടാക്കുന്നതിനായി തീരദേശത്ത് 1903ൽ കാരസെന്റ് ആൽബാനസ്കൂൾ എന്ന പേരിൽ സ്വകാര്യ മേഖലയിൽ ഒരു ലോവർ പ്രൈമറി സ്കൂൾ സ്ഥാപിക്കപ്പെട്ടു. 93 കൊല്ലത്തെ പ്രശസ്തമായ പാരമ്പര്യത്തോടെ ഇന്നും ആ സ്കൂൾ പ്രവർത്തിക്കുന്നു.

തീരദേശത്തെ മത്സ്യ തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസാർത്ഥം 1931ൽ കാതിയാളത്ത് തുടങ്ങിയ 5-ാം സ്റ്റാന്റേഡ് ഉൾപ്പെടുന്ന ഇംഗ്ലീഷ് പ്രൈമറിസ്കൂളാണ് ഇന്നത്തെ ഗവ:ഫിഷറി.ലോവർ പ്രൈമറിസ്കൂൾ. ഇന്നും അവിടെ 5-ാം തരം വരെ പഠനം നടക്കുന്നു. ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ തുടങ്ങിയ ഈ സ്കൂളിന്റെ 65 കൊല്ലത്തെ പ്രവർത്തനത്തിനിടയിൽ സർക്കാർവക പുറമ്പോക്കുസ്ഥലത്ത് ഒരു കെട്ടിടം പണിത് അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

4 സ്കൂളികളിലേക്കുമായി അനുവദിക്കപ്പെട്ടിട്ടുള്ളത് 102 പോസ്റ്റുകളാണ്. ഇവയിൽ ഹൈസ്കൂളായി 2 പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. വില്ലേജിലെ ആകെ അദ്ധ്യാപകരിൽ 27 പേർ പുരുഷൻമാരും 73 പേർ സ്ത്രീകളുമാണ്. എല്ലാവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി 3125 കുട്ടികൾ അദ്ധ്യായനം നടത്തുന്നു. ഇതിൽ ഹൈസ്കൂളിൽ 1846 പേരും പ്രൈമറിയൻ 1279 കുട്ടികളുമാണുള്ളത്. ഇവരിൽ 1636 പേർ പെൺകുട്ടികളും 1489 പേർ ആൺകുട്ടികളുമാണ്. പട്ടികജാതിയിൽ പെട്ട 190 പേരിൽ 88 ആൺകുട്ടികളും 102 പെൺകുട്ടികളും വിദ്യാർത്ഥികളുണ്ട്.

വിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 5 വർഷങ്ങളിൽ ഹൈസ്കൂളിലെ S.S.L.C. വിജയശതമാനം 35%ആണ്. ഹൈസ്കൂൾ ലൈബ്രറിയിൽ നാലായിരത്തോളം പുസ്തകങ്ങളുണ്ട്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള വായനശാലയിൽ 5365 പുസ്തകങ്ങളുണ്ട്. മലയാളവർഷം 1117ൽ തുടങ്ങിയ ഈ വായനശാലയിൽ റഫറൻസുപുസ്തകങ്ങളടക്കം എല്ലാ വിഭാഗത്തിലുമുള്ള ഗ്രന്ഥങ്ങളുണ്ട്. കൂടാതെ സ്വകാര്യമേഖലയിൽ ജമശിക്ഷൺനിലയം എന്നലൈബ്രറിയും പ്രവർത്തിച്ചുവരുന്നു. പ്രൈമറി സ്കൂൾ വിഭാഗത്തിൽ G.F.L.P. സ്കൂളിൽ ഒരു കൊച്ചു ലൈബ്രറി ഉണ്ടെന്ന വസ്തുത എടുത്ത്പറയേണ്ടിയിരിക്കുന്നു. ഈ ലൈബ്രറികളെല്ലാം തന്നെ ഇവിടത്തെ വിദ്യാഭ്യാസമേഖലയിൽ ഒരു മുതൽ കൂട്ടാണ്.

വില്ലേജിന്റെ കിഴക്കുഭാഗത്ത് പ്രവർത്തിക്കുന്ന ഹൈസ്കൂളിലേക്ക് പടിഞ്ഞാറുഭാഗത്തുനിന്നുള്ള കുട്ടികൾ രണ്ടര കിലോമീറ്ററോളം സഞ്ചരിച്ചിട്ടാണ് എത്തിച്ചേരുന്നത്. യു.പി.സ്കൂൾ ഇല്ലാത്ത് ഈ വില്ലേജിൽ പടിഞ്ഞാറൻ മേഖലയിൽ ഒരു യു.പി.സ്കൂൾ അത്യന്താപേക്ഷിതമാണ്. ഇന്നത്തെ G.F.L.P.S. ഒരു യു.പി.സ്കൂളായി ഉയർത്തേണ്ടത് അത്യവശ്യമായ ഒരു കാര്യമാണ്. ഇന്നത്തെ ഹൈസ്കൂൾ ഒരു വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തേണ്ടത് കാലഘട്ടത്തിന്റെ ഒരാവശ്യമായി നിലകൊള്ളുന്നു.

വിവധ വാർഡുകളിലായി പൊതുമേഖലയിൽ 4 ബാലവാടികളും സ്വകാര്യമേഖലയിൽ 6 എണ്ണവും ഒരു പാരലൽകോളേജും ഇവിടെ പ്രവർത്തിക്കുന്നു.

**വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ**

1. G.F.L.P.S.ന്റെ ഭൗതീക സാഹചര്യങ്ങൾക്ക് പരിമിതികളുണ്ട്. ഇതിനെ ഒരു യു.പി.സ്കൂളായി ഉയർത്തുമ്പോൾ താഴെ പറയുന്നവ ഉണ്ടായിരിക്കണം.

(എ) ഇന്നുള്ള ക്ലാസ്സുമുറികൾ ഈ സ്കൂളിനു തന്നെ തീരെ പോര. 8മുറികൾ ഉൾക്കൊള്ളുന്ന ഒരു ഇരുനില കെട്ടിടം ഇവിടെ ഉണ്ടാവണം. അതിനുള്ള സ്ഥലവും ഇവിടെയുണ്ട്.

(ബി) സ്കൂളിനു ചുറ്റും മതിൽ നിർമിക്കണം

(സി) ഒരു മൂത്രപുര കൂടി ഉണ്ടാകണം.

(ഡ) സ്കൂളിനു മുൻവശത്തുകൂടി കുടിവെള്ളത്തിനുള്ള പൈപ്പുകൾ പോകുന്നുണ്ട്. ഒരു ടാങ്കുണ്ടാക്കി ആവശ്യമായ ടാപ്പുകളിട്ട് കുടിവെള്ള പ്രശ്നം പരിഹരിക്കണം.

(ഇ) മുൻവശത്തുള്ള റോഡിൽ തെക്കും വടക്കുമായി ഹംപുകൾ നിർമ്മിക്കണം.

(എഫ്) ആവശ്യമായ ഫർണീച്ചറുകൾ നൽകണം.

(ജി) പുതിയ കെട്ടിടത്തിന് അടച്ചുറപ്പുള്ള വാതിലുകളും ജനലുകളും നിർമ്മിക്കണം.

2. ഗവർമെന്റ് എൽ.പി.(എച്ച്.എസ്) സ്കൂളിൽ 4 ക്ലാസ്സുകൾ നടത്തുന്നത് ഓലഷെഡ്ഡിലാണ്. ഓരോ ക്കൊല്ലവും കെട്ടിമേച്ചിലിനായി ആവർത്തനചിലവുകൾ വന്നു കൊണ്ടിരിക്കുന്നു വെന്നു മാത്രമല്ല ഷെഡ് സുരക്ഷിതവുമല്ല. ഈ സ്കൂളിൽ

(എ) 4 മുറികളുള്ള ഒരു കെട്ടിടമുണ്ടാക്കണം

(ബി) പുതിയ ഒരു മൂത്രപുരയുണ്ടാക്കണം

(സി) ഒരു റേഡിയോ നൽകണം

(ഡി) ആവശ്യമായ ഫർണിച്ചറുകൾ നൽകണം.

3. (എ) ഹൈസ്കൂളിലെ ഓലഷെഡ്ഡിൽ പ്രവർത്തിക്കുന്ന ക്ലാസ്സുമുറികൾക്കുപകരം 5 ക്ലാസ്സ് മുറികളുള്ള ഒരു പുതിയ കെട്ടിടമുണ്ടാക്കണം.

(ബി) ഇന്നത്തെ പാചക മുറി വിപുലീകരിക്കണം.

(സി) ആവശ്യമായ ഫർണിച്ചറുകൾ നൽകണം.

(ഡി) രണ്ട് മൂത്രപുര കൂടി വേണം.

(ഇ) ഒഴിവുള്ള രണ്ട് തസ്തികകളിൽ ഉടനെ ആളെ വെക്കണം.

4 ഹൈസ്കൂളിൽ സയൻസ് പഠിപ്പിക്കാനുള്ള ഉപകരണങ്ങളും, വിവധചാർട്ടുകൾ മേപ്പുകൾ എന്നിവ തീരെ അപര്യാപ്തമാണ്. ഇവ പരിഹരിക്കണം.

5. ഉച്ചകഞ്ഞി വിതരണത്തിന് നൽകിവരുന്ന സഹായധനം തീരെ അപര്യപ്തമാണ്. വിറകുവിലയും കൂലിച്ചിലവും വർദ്ധിച്ച സാഹചര്യത്തിൽ ഇന്നത്തെ സ്ഥിതിഗതികൾ അടിയന്തിരമായി പുനപരിശോധിക്കണം.

6, സർവ്വീസ് സ്റ്റാബ് സ്കൂളുകളിലേക്ക് അനുവദിക്കണം

7(എ) ഇന്നുള്ള 4 ബാലവാടികളെയും അംഗനവാടിയായി ഉയർത്തണം.

എല്ലാസ്കൂളികളിലും അതനുവദിക്കണം

(ബി) ആവശ്യമായ ഫർണീച്ചറുകൾ നൽകണം

(സി) കളിക്കോപ്പുകൾ നൽകണം.

ഓരോ സ്കൂളിലേക്ക് ഇനി ആവശ്യമായ ഫർണീച്ചർ

| സ്കൂളിന്റെ പേർ | ഡസ്ക്ക് | ബഞ്ച് | മേശ | കസേര | അലമാര |
|---|---|---|---|---|---|
| G.F.L.P.S. | 15 | 20 | 5 | 5 | 2 |
| L.P.S(HS) | 35 | 20 | 10 | 10 | 3 |
| G.H.S. | 20 | 20 | 10 | 15 | 2 |
| ആകെ | 70 | 60 | 25 | 30 | 7 |

1. P.T.A.കളുടെ പ്രവർത്തനം നന്നായി നടക്കുന്നുണ്ട്. എടവിലങ്ങ് ഹൈസ്കൂളിൽ ചുറ്റു മതിൽ കെട്ടുകയും കാരസെന്റ് ആൽബനയിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത് പി.ടി.എ നേതൃത്വത്തിലാണ്.

2മറ്റു പഞ്ചായത്തുകളെ പോലെ തന്നെ സാക്ഷരത പ്രവർത്തനം സാമൂഹ്യസാംസ്കാരിക സംഘടനകളുടെ സഹായത്തോടെ വളരെ വിജയകരമായി

പൂർത്തിയാക്കിയ പഞ്ചായത്താണിത് തുടർവിദ്യാഭ്യാസ പരിപാടി ഇടയ്ക്ക് വെച്ച് നിന്നത് മൂലം സാക്ഷാരായവർ വീണ്ടും നിരക്ഷരാവുന്ന അവസ്ഥയാണിന്നുള്ളത്.

3. കലാ – കായികരംഗത്ത് വളരെ താഴ്ന്നനിലവാരത്തിലാണ് നമ്മുടെ സ്കൂളുകൾ. എങ്കിലും കഴിഞ്ഞ വർഷത്തിൽ ഹൈജബിൽ ദേശീയതലത്തിൽ 3-ാം സ്ഥാനവും സംസ്ഥാനതലത്തിൽ 1-ാം സ്ഥനവും നേടാൻ നമ്മുടെ ഹൈസ്കൂളിലെ പ്രേംസബീബ് എന്ന വിദ്യാർത്ഥിക്ക് കഴിഞ്ഞിട്ടുണ്ട്. വേണ്ട രീതിയിൽ പ്രോത്സാഹന സംരഭങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിൽ ഇത്തരം ഒരുപാട് കായികതാരങ്ങളെ സൃഷ്ടിക്കുവാൻ കഴിയും.

**ഗ്രാമസഭകളിൽ**
**ഉയർന്നുവന്ന നിർദ്ദേശങ്ങളും**
**പരിഹാരമാർഗ്ഗങ്ങളും**

1. ഓൾപ്രമോഷൻ, മൊഡറേഷൻ എന്നിവ നിർത്തലാക്കി വിദ്യാഭ്യാസ നിലവാരം ഉയർത്തണം.
2. തൊഴിൽ അധിഷഠിത മേഖലയെ പ്രോൽസാഹിപ്പിക്കണം- കൃഷി മൃഗസംരക്ഷണം- നമ്മുടെ പ്രാദേശികമേഖലയെ അടക്കം ബന്ധപ്പെടുത്തി വിദ്യാഭ്യാസം വേണം.
3. വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് അവർക്ക് താൽപര്യമുള്ള തൊഴിൽ പരിശീലനം ഏർപ്പെടുത്തണം.
4. ഒന്നാം സ്റ്റന്റേഡിലെ ഓൾ പ്രമോഷൻ നിർത്തലാക്കണം. അക്കങ്ങളും അക്ഷരങ്ങളും ഒന്നാം ക്ലാസ്സിൽ നിന്നു തന്നെ പഠിക്കണം. ബോധന ക്രമത്തിൽ മാറ്റം വരുത്തണം. ദൃശ്യ ശ്രാവ്യ മൗന സമ്പ്രദായത്തിലൂടെയുള്ള അദ്ധ്യാപന രീതിസ്വീകരിക്കണം. പരീക്ഷാസാമ്പ്രദായത്തിൽ മാറ്റം വരുത്തണം. സ്കൂളും പരിസരവും ആകർഷകമാക്കണം. പൂമരങ്ങൾ വെച്ചു പിടിപ്പിക്കണം. പഠനയാത്രകൾ നടത്തണം. ദേശീയദിനാചരണങ്ങൾ ഒരു ചടങ്ങായി നടത്താതെ അതിന്റെ പ്രാധാന്യം കുട്ടികൾക്ക് മനസിലാക്കി കൊടുത്ത് ഗൗരവബുദ്ധിയോടെത്തന്നെ പരിപാടികൾ ആവിഷ്കരിക്കണം. അക്കാദമിക്ക് സമിതിയുടെ നേതൃത്വത്തിൽ കരടുരൂപരേഖ തയ്യാറാക്കണം. പഞ്ചായത്തതിർത്ഥിയിലെ മുഴുവൻ അദ്ധ്യാപകരേയും ഉൾപ്പെടുത്തികൊണ്ടുള്ള ശിൽപശാലകൾ ഉണ്ടായിരിക്കണം. സ്കൂൾ പ്രവർത്തനങ്ങൾ പരിശോധിക്കുന്ന ഇന്നത്തെ സാമ്പ്രദായത്തിനു പുറമേ ജനപ്രതിനിധികൾക്ക് അതിൽ പങ്കാളിത്തം ഉണ്ടാകണം. പി.ടി.എയുടെയും മാതൃസംഗമത്തിന്റെയും പ്രവർത്തനങ്ങൾ വിപുലീകരിക്കണം. അവരുടെ സഹായത്തോടെ പഠനോപകരണങ്ങൾ നിർമ്മിക്കണം. സാഹിത്യസമാജങ്ങൾ പുനരിജ്ജിവിപ്പിക്കണം. സ്കൂൾ വാർഷിക ദിനാഘോഷം നിർബന്ധമാക്കണം. അദ്ധ്യപകർക്ക് ജില്ലാതല പരിശീലനം നൽകുന്ന ഇന്നത്തെ രീതി അവസാനിപ്പിച്ച് അത് താലൂക്ക് തലത്തിൽ ഏർപ്പെടുത്തണം. സ്കൂൾ കലണ്ടകർ തയ്യറാക്കുകയും അത് കർശനമായി നടപ്പാക്കുകയും വേണം. S.S.L.C. റിസൾട്ട് മെച്ചപ്പെടുത്താനുള്ള തീവ്രശ്രമങ്ങൾ ആരംഭിക്കണം. കരകൗശല വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം. സയൻസ് ക്ലാസ്സുകൾ ശക്തിപ്പെടുത്തണം. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ അദ്ധ്യാപകർ കൂടുതൽ ശ്രദ്ധിക്കണം. പഠനമാദ്ധ്യമം മലയാളമായിരിക്കണം. പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം. ഹൈസ്കൂളിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സാകുന്ന കുട്ടിക്ക് പഞ്ചായത്തിന്റെ വക സമ്മാനം കൊടുക്കണം. സ്കുളുകളിൽ ഹെൽത്ത് കാർഡ് നിർബന്ധമാക്കണം. വൈദ്യുതി പരിശോധന ഓരോ മാസവും നടത്തിയിരിക്കണം. കുട്ടികളുടെ പ്രോഗ്രസ്സ് കാർഡ് രക്ഷാകർത്താക്കൾക്ക് കിട്ടിയിരിക്കണം.
5. ഗവർമെണ്ട് ഹൈസ്കൂളിൽ വിദ്യാലയവർഷത്തിൽത്തന്നെ അദ്ധ്യാപകരെ നിയമിക്കണം. ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന പോസ്റ്റുകൾ ഉടനടിനികത്തണം.
6. ഹൈസ്കൂളിൽ V.H.S.C.ആക്കിഉയർത്തി, അതിൽ വെറ്റിനറി, കൃഷി, പാരാമെഡിക്കൽ കംപ്യൂട്ടർ, കോമേഴ്സ് മുതലായവ ഏർപ്പെടുത്തണം.
7. ഹൈസ്കൂളിൽ സ്പെഷ്യൽ ക്ലാസ്സുകൾ നടത്തുന്നതിന് സൗകര്യപ്രദമായ വിധത്തിൽ തദ്ദേശിയരായ അദ്ധ്യാപകൻ നിയമിക്കണം. ഭാവിയിൽ നടക്കുന്ന നിയമനങ്ങളിൽ ഈ മാനദണ്ഡം സ്വീകരിക്കണം.

8. മെഡിക്കൽ, എൻജിനീയറിങ്ങ്, M.B.Aഎന്നിവയ്ക്ക് എൻട്രൻസ് കോഴ്സിനുള്ള ഒരു പരിശീലന കേന്ദ്രം ഈ വില്ലേജിൽ ആരംഭിക്കണം.

9. ഒരു പാരലൽ കോളേജുണ്ടാവണം, സഹകരണ മേഖലയിൽ.

10. കെ.കെ.ടി.എം.കോളേജിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങാനായി പഞ്ചായത്തിൽനിന്ന് സമ്മർദ്ദമുണ്ടാകണം.

11. ലാബറട്ടറി, വായനശാല എന്നിവ വിപുലപ്പെടുത്തുന്നതിനായി സാമ്പത്തിക സഹായങ്ങൾ നൽകണം.

12. കടലാക്രമണസമയത്തും, വെള്ളപ്പൊക്കസമയത്തും ജനങ്ങളെ സ്കൂളുകളിൽ താമസിക്കുന്നതുകൊണ്ട് അദ്ധ്യായന ദിവസങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതിഒഴിവാക്കണം. ഈയാവശ്യത്തിനായി പ്രത്യേകം റിലീഫ് സെന്റുകൾ സ്ഥാപിക്കണം.

13. ഉച്ചകഞ്ഞി വിതരണം നല്ലഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ചും ശുചിത്തോടുകൂടിയും ആയിരിക്കണം.

14. പഠനനിലവാരം ഉയർത്തുന്നതിനും വിദ്യാലയത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കുമായി ഓരോ വിദ്യാലയത്തിനും ഒരു ഉപദേശക സമിതി ഉണ്ടായിരിക്കണം.

15. അഞ്ചാം വാർഡിലെ ബാലവാടിയുടെ കിണർ തേച്ചു വൃത്തിയാക്കണം. ചുറ്റുമതിൽ കെട്ടണം, കൂടുതൽ ഫർണിച്ചറുകൾ നൽകണം

16. രണ്ടാം വാർഡിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ബാലവാടിനിർജീവമാണ്. അത് പ്രവർത്തനക്ഷമമാക്കണം.

17. ആറാം വാർഡിൽ പ്രവർത്തിക്കുന്ന വിന്നേഴ്സ് ബാലവാടിക്ക് സ്വന്തമായി കെട്ടിടമുണ്ട്. ആ ബാലവാടിയെ പഞ്ചായത്ത് അംഗീകരിക്കണം.

18. ഒന്നാം വാർഡിലും രണ്ടാംവർഡിലും മൂന്നാം വാർഡിലും നാലാംവാർഡിലും ഏഴാം വാർഡിലും ഒമ്പതാം വർഡിലും ഓരോ അംഗൻവാടികൾ ഉണ്ടായിരിക്കണം.

19. എട്ടാം വാർഡിൽ പ്രവർത്തിക്കുന്ന ആരാധനാ ഫീഡിങ്ങ്സെന്റർ ഒരു അംഗനവാടിയാക്കണം.

20. ഓരോ വാർഡിലും ഓരോ വായനശാല ഉണ്ടാവണം

21. ഹരിജൻ കോളനിയിൽ വായനശാലയ്ക്കായി നീക്കിവച്ചിരിക്കുന്നസ്ഥലം ഇപ്പോൾ സ്വകാര്യവ്യക്തികൾക്ക് കയ്യേറിയിരിക്കുന്നത് ഒഴിപ്പിച്ചെടുത്ത് വായനശാലഉണ്ടാക്കണം.

22. പ്രൈമറിസ്കൂളിൽ പഠിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി കൊടുക്കണം.

23. വയോജനവിദ്യാഭ്യാസം തുടരണം സാക്ഷരതയിലെ തുടർവിദ്യാഭ്യാസ പദ്ധതി തുടരണം.

24. നാലാം വാർഡിൽ ഒരു പ്രൈമറി സ്കൂൾ തുടങ്ങണം.

25. കലാ - കായികരംഗത്ത് മുന്നേറ്റം നടത്തുന്നവർക്ക് വേണ്ട പ്രോത്സാഹനവും പരിശീലനനവും അവാർഡുകളും നൽകാനുള്ള നടപടി പഞ്ചായത്ത് നേതൃത്വത്തിൽ ഉണ്ടാകണം.

26. പൊതു വിദ്യാലയങ്ങളുടെ ഭാവിയെ തകർക്കുന്ന അൺ എയ്ഡഡ് വിദ്യാലയങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് ഗവർമെണ്ടിന്റെ ഭാഗത്ത് നിന്ന് കർശനമായ നടപടിയുണ്ടാകണം.

# കുടിവെള്ളവും പൊതുജനാരോഗ്യവും പരിസര ശുചിത്വവും

## കുടിവെള്ളം

**ആമുഖം**

എടവിലങ്ങ് പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. 4,100 ഓളം വീടുകളുള്ളതിൽ ഏകദേശം 2,000 വീടുകൾ കിണറുകളെയാണ് കുടിനീരിന് ആശ്രയിക്കുന്നത്. ഇതിൽ 70% വീടുകളിലും സ്വന്തം കിണറുകളാണ്. മറ്റുള്ളവർ പൊതു കിണർ, ടാപ്പ്, കുളങ്ങൾ, ചാമ്പ് പൈപ്പുകൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലങ്ങളിൽ പഞ്ചായത്തിലാകെ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പല സമയത്തും പൊതുവിതരണ സംവിധാനത്തിലൂടെ മോശമായ വെള്ളവും വിതരണം ചെയ്യപ്പെടുന്നുണ്ട്. കുടിനീർ മനുഷ്യന്റെ ജീവന്റെ നിലനിൽപിന് വളരെ അത്യാവശ്യമായ ഘടകമായതുകൊണ്ട് ജനങ്ങളുയർത്തിയ പ്രശ്നങ്ങളെല്ലാം വളരെ പ്രാധാന്യത്തോടെതന്നെ അടിയന്തിര പരിഹാരങ്ങൾ കാണേണ്ടതുണ്ട്.

പൊതു ചാമ്പുപൈപ്പുകളുടെ പ്രയോജനം ഏകദേശം 100 വീടുകൾ ഉപയോഗിക്കുന്നുണ്ട്. സമൂഹത്തിൽനിന്നും പിന്നോക്കം നിൽക്കുന്ന ഹരിജന കുടുംബങ്ങൾക്ക് മുൻതൂക്കം കൊടുത്താണ് 30 ചാമ്പ്പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. 64 പൊതുടാപ്പും 118 ഹൗസ് കണക്ഷനുകളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന് തനതായ വാട്ടർ ടാങ്ക് 6ാം വാർഡിൽ പഞ്ചായത്തുതന്നെ പണിചെയ്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പക്ഷേ, അതൊന്നും നമ്മുടെ പഞ്ചായത്തിലെ ജലക്ഷാമം പരിഹരിക്കാൻ പര്യാപ്തമായിട്ടില്ല. S. N. പുരം പഞ്ചായത്തിലെ ഒരു വാട്ടർ ടാങ്കിൽനിന്നുകൂടി ഈ ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കുന്നുണ്ട്. 1 മുതൽ 6 വരെ വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. 1, 2, 3 വാർഡുകളിൽ തീരപ്രദേശവും, തോടുകളും കൂടുതലുള്ളതിനാൽ വെള്ളത്തിൽ ഓരു കയറിയും മറ്റു കാരണങ്ങളാലും കുടിവെള്ളം മലിനപ്പെടുന്നു. ഉപ്പുവെള്ളത്തിന്റെ പ്രശ്നമുള്ളതിനാൽ കുളങ്ങളേയോ കിണറുകളേയോ ആശ്രയിക്കാനാവില്ല. അതുകൊണ്ടു തന്നെ പൊതുവിതരണ ടാപ്പുകളാണ് ഇവിടങ്ങളിൽ മുഖ്യകുടിനീർ ആശ്രയം.

1966 – 67 മുതൽ 1992 – 93 വരെ സംസ്ഥാന സർക്കാർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്കായി 435 കോടി രൂപ ചെലവഴിക്കുകയുണ്ടായി. എന്നിട്ടും പൂർണ്ണമായ ശുദ്ധജലം കിട്ടുന്നവർ 2% മാത്രമേയുള്ളൂ എന്ന് കാണുമ്പോൾ ഇതിന്റെ പ്രാധാന്യം ബോധ്യമാകും. 200 മീറ്റർ ദൂരപരിധിക്കുള്ളിലെങ്കിലും കുടിവെള്ളമെത്തിക്കാൻ കഴിയണം.

**പ്രശ്നങ്ങൾ**

1. ഏതാനും വാർഡുകളിൽ സ്ഥിരമായ കുടിവെള്ള ക്ഷാമം നേരിടുന്നു.

2. തീരപ്രദേശങ്ങളിൽ ഓരു കയറ്റം കാരണം കുടിവെള്ളക്ഷാമം ഉണ്ടാകുന്നു.

3. പൈപ്പുവെള്ളം വേനൽക്കാലത്ത് ലഭിക്കാറേയില്ല.

4. ടാപ്പുകളുടെ തകരാറുകാരണം ധാരാളം കുടിവെള്ളം പാഴായിപ്പോകുന്നു.

5. ചിലർ ടാപ്പുകളിലെ വെള്ളം ദുരുപയോഗം ചെയ്യുന്ന പ്രവണതയും കണ്ടുവരുന്നു.

6. പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല.

7. കോളനികളിൽ രൂക്ഷമായ ജലക്ഷാമം ഉണ്ട്.

8. 1, 2, 3 എന്നീ വാർഡുകളിൽ ഉപ്പുവെള്ളത്തിന്റെ പ്രശ്നമുണ്ട്.

9. മറ്റു വാർഡുകളുടെ പടിഞ്ഞാറുഭാഗത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്.

10. പഞ്ചായത്തിന്റെ കിഴക്കുഭാഗത്തും കുടിവെള്ളക്ഷാമം രൂക്ഷമാണ്.

11. ജലജന്യരോഗങ്ങൾ കൂടുതലായി ഉണ്ടാകുന്നു. ഈ വർഷം ഒരു കോളറ ബാധയും റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

**പരിഹാര നിർദ്ദേശങ്ങളും സാദ്ധ്യതകളും**

പൊതു കിണറുകളുടെ സംരക്ഷണം, അവയ്ക്ക് അടപ്പ് നിർമ്മിക്കൽ, ഉപയോഗശൂന്യമായ കിണറുകൾ വൃത്തിയാക്കൽ തുടങ്ങിയവ സന്നദ്ധസേവനത്തിലൂടെ നടപ്പാക്കാൻ കഴിയുന്നതാണ്.

ഇതിനുവേണ്ട ബോധവൽക്കരണ ക്ലാസുകൾ പഞ്ചായത്ത് നേതൃത്വം കൊടുത്ത് നടപ്പാക്കണം.

വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽനിന്നും ചെറുതോടുകൾ നിർമ്മിച്ച് വലിയ തോടുകളുമായി ബന്ധിപ്പിച്ച് വെള്ളം ഒഴുക്കി കളയുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിനു കുറുകെ ഒഴുകുന്ന അറപ്പതോട്, പെരുംതോട്, വേടിതോട് എന്നീ മൂന്നു തോടുകളും പൊതുജന പങ്കാളിത്തത്തോടെ സംരക്ഷിക്കപ്പെടണം.

1. നിലവിലുള്ള പൊതു കിണറുകളെല്ലാം ഉപയോഗയോഗ്യമാക്കുക.
2. എല്ലാ പൈപ്പുകളുടെയും പൊതു ടാപ്പുകളുടെയും അറ്റകുറ്റപ്പണി യഥാസമയങ്ങളിൽ നടത്തി വെള്ളം ഒട്ടും ചോർന്നുപോകാതെ സംരക്ഷിക്കാൻ പഞ്ചായത്ത്തലത്തിൽ ഒരു സംനിധാനം ഉണ്ടാക്കുക.
3. പൊതുവിതരണത്തിനുള്ള വെള്ളം അണു വിമുക്തമാണെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം ഉണ്ടാക്കുക.
4. കിണറുകൾ യഥാസമയങ്ങളിൽ ക്ലോറിനേറ്റ് ചെയ്യുന്ന പദ്ധതി പഞ്ചായത്ത് മുഖേന ചെയ്യണം.
5. ഓരുകയറ്റം ഉള്ള പ്രദേശങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കുക.
6. പഞ്ചായത്തിലെ ആകെ ജല സംരക്ഷണ വിതരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കുക.
7. ജല മലിനീകരണം തടയാൻ പ്രായോഗിക പരിപാടികൾ ദീർഘവീക്ഷണത്തോടെ നടപ്പാക്കുക.
8. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക.
9. പഞ്ചായത്തിലെ 40ാം വാർഡിലെ പൊതുകുളം സംരക്ഷിച്ച് അതിന്റെ സാധ്യത ഉപയോഗിച്ച് പൊതുടാങ്ക് പണിത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടിയെടുക്കുക.
10. അഴീക്കോട് – എടവിലങ്ങ് ശുദ്ധജലവിതരണ പദ്ധതി (എടവിലങ്ങ്, എറിയാട്, മേത്തല പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള പുതിയ പദ്ധതി) അടിയന്തിരമായി നടപ്പാക്കാൻ പഞ്ചായത്ത് ശക്തമായ നടപടി എടുക്കുക.
11. ജല സംരക്ഷണത്തെക്കുറിച്ചും, ജലജന്യ രോഗങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ തയ്യാറാക്കുക.
12. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ശുദ്ധജലം എത്തിക്കണം.

## ആരോഗ്യം

**ആമുഖം**

എടവിലങ്ങ് പഞ്ചായത്തിലെ 35% വീട്ടുകാർക്ക് ഇന്നും കക്കൂസ് ഇല്ല. തീരപ്രദേശങ്ങളിൽ കുറഞ്ഞ ചെലവിൽ പണിയുന്ന E.S.P. കക്കൂസുകൾ പ്രായോഗികമല്ല. ഭൂനിരപ്പിൽ നിന്നും ഉയർന്നു നില്ക്കുന്ന ടാങ്കോടുകൂടിയ പ്രത്യേകതരം കക്കൂസുകൾ വേണ്ടിവരും. അടുത്തകാലത്ത് പഞ്ചായത്ത് സോഷ്യോ – ഇക്കണോമിക് വകുപ്പുമായി സഹകരിച്ച് പഞ്ചായത്തിൽ ആകെ 500 കക്കൂസുകൾ പണിതീർത്തിട്ടുണ്ട്.

വിവിധ സംഘടനകളുടെ സഹായത്തോടെ നടപ്പാക്കിയ ബോധവൽക്കരണ ക്ലാസുകൾ, വയറിളക്കമടക്കമുള്ള സാംക്രമിക രോഗങ്ങൾ ഒരു പരിധിവരെ തടഞ്ഞു നിർത്താൻ സഹായകമായിട്ടുണ്ട്. പൊതുജനാരോഗ്യം പ്രധാനമായും സംവിധാനത്തെയും മറ്റും ആശ്രയിച്ചിരിക്കുന്നതിനാൽ അത്തരം കാര്യങ്ങളിൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു.

### ഗവ. ആയുർവേദ ഡിസ്പൻസറി ചികിത്സയെക്കുറിച്ച് 1992 – 96

| വർഷം | ഔട്ട്പേഷ്യന്റ് എണ്ണം | ത്വക് രോഗം | വാതരോഗം | പകർച്ച വ്യാധികൾ | വിഷചികിത്സ | മറ്റ് രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|
| 1992 – 93 | 4,564 | 1,516 | 1,927 | 137 | 46 | 938 | 4,564 |
| 1993 – 94 | 4,878 | 1,463 | 2,146 | 268 | 59 | 942 | 4,878 |
| 1994 – 95 | 4,342 | 945 | 2,054 | 196 | 39 | 1,108 | 4,342 |
| 1995 – 96 | 4,933 | 1,311 | 2,274 | 213 | 45 | 1,090 | 4,933 |
| ആകെ | 18,717 | 5,235 | 8,401 | 814 | 189 | 4,078 | 18,717 |

പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം പഞ്ചായത്തിൽ കൂടുതലാണ്

സ്ത്രീകൾ – 9.004 പുരുഷന്മാർ – 7,406 കുട്ടികൾ – 2,498

1 വയസ്സിന് താഴെയുള്ള കുട്ടികൾ – 251

പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയവർ – 214

ഗർഭിണികൾ – 259

മന്ദബുദ്ധികൾ – 21

സ്ഥായിയായ രോഗബാധിതർ – 124

അംഗവൈകല്യമുള്ളവർ – 142

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ – 1,507

ഇതിൽ ഒരുവയസ്സുള്ള കുട്ടികളുടെ അമ്മമാരിൽ 528 പേരുള്ളതിൽ 142 പേരെ കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളു. ഇതിൽതന്നെ 95 അമ്മമാരും താൽക്കാലിക മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. സ്ഥായിയായ രോഗം ബാധിച്ചിട്ടുള്ളവരിൽ ക്ഷയം, പ്രമേഹം ബാധിച്ചവരുടെ എണ്ണം കൂടുതലാണ്.

### വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

| 5 വയസ്സുള്ളവർ | | 5 – 10 | | 10 – 18 | | 18 – 25 | | 25 – 45 | | 45 – 50 | | 60നുമേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 3 | 1 | 5 | – | 20 | 9 | 8 | 6 | 35 | 18 | 24 | 8 | 4 | 1 | 99 | 43 |

ഈ പഞ്ചായത്തിൽ ആകെ 142 പേർ വിവിധതരത്തിലുള്ള അംഗവൈകല്യമുള്ളവരായി കാണുന്നു.

| പ്രായം | നോർമൽ | | 1ാം ഗ്രേഡ് | | 2ാം ഗ്രേഡ് | | 3ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ഒരു വയസ്സിൽ താഴെ | 126 | 125 | – | – | – | – | – | – |
| 1 – 3 വയസ്സ് | 301 | 363 | 17 | 11 | 4 | 3 | – | – |
| 3 – 6 വയസ്സ് | 220 | 208 | 17 | 16 | 8 | 10 | – | – |

### വാർഡുകളിലെ ആകെ വീടുകളും, കക്കൂസില്ലാത്ത വീടുകളും അടങ്ങുന്ന പട്ടിക:

| വാർഡ് | ആകെ വീടുകളുടെ എണ്ണം | കക്കൂസില്ലാത്ത വീടുകളുടെ എണ്ണം |
|---|---|---|
| 1 | 290 | 72 |
| 2 | 440 | 102 |
| 3 | 479 | 106 |
| 4 | 383 | 130 |
| 5 | 533 | 166 |
| 6 | 529 | 190 |
| 7 | 356 | 182 |
| 8 | 439 | 160 |
| 9 | 628 | 210 |
| ആകെ | 4,077 | 1,318 |

എടവിലങ്ങ് പഞ്ചായത്തിൽ ഒരു മിനി പ്രൈമറി ഹെൽത്ത് സെന്റർ (PHC)റും കാര, കാതിയാളം, എടവിലങ്ങ് എന്നിവിടങ്ങളിലുള്ള സബ്സെന്ററുകളും അടങ്ങുന്നതാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. ആയുർവേദ ഡിസ്പൻസറിയൊഴികെ മറ്റെല്ലാം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എടവിലങ്ങിന് വളരെ സമ്പുഷ്ടമായ ഒരു നാട്ടുവൈദ്യ സമ്പ്രദായം നിലവിലുണ്ട്.

ഇവിടെ ഏതാനും സ്വകാര്യ ഹോമിയോ ഡിസ്പൻസറികളും ഒരു വിഷചികിത്സാലയവും പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിൽ ഔദ്യോഗികമായ അറവുശാലയില്ലെങ്കിലും ഇവിടുത്തെ ആളുകൾ ആട്ടിറച്ചിയും, മാട്ടിറച്ചിയും ധാരാളമായി ഉപയോഗിക്കുന്നുണ്ട്. തികച്ചും അനാരോഗ്യകരമായ ചുറ്റുപാടിൽ കൈകാര്യം ചെയ്യുന്ന ഇത്തരം മാംസം ഭക്ഷിക്കുന്നതുമൂലം നിരവധി രോഗങ്ങളും ഉണ്ടാകുന്നുണ്ട്.

പ്രതിവർഷം നമ്മുടെ സംസ്ഥാനത്ത് 518 കോടി രൂപയുടെ മാംസം ഉപയോഗിക്കുന്നതായാണ് കണക്ക്. അടുത്തിയിടെ പകർന്ന ജപ്പാൻജ്വരം അടക്കം പല രോഗങ്ങളും വളർത്തു മൃഗങ്ങളിൽ നിന്നാണ് പകരുന്നത്. നമ്മുടെ പഞ്ചായത്തിൽ ജലജന്യരോഗങ്ങളും കുറവല്ല.

### എടവിലങ്ങ് പഞ്ചായത്ത് പകർച്ച വ്യാധി രോഗങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ |
|---|---|---|---|
| 1993 – 94 | 18 | 6 | – |
| 1994 – 95 | 56 | 8 | 1 |
| 1995 – 96 | 42 | 12 | 1 |

ജലജന്യരോഗങ്ങൾ കൂടുതലാണെന്നതുകൊണ്ട് കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം അനിവാര്യമാണ്.

### പഞ്ചായത്ത് സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ * |
|---|---|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം | അലോപ്പതി | സ്വന്തം | 15 | 1–11–1994 | |
| 2 | ഗവ. ആയുർവേദ ഡിസ്പൻസറി | ആയുർവേദം | വാടക | 3 | 1953 | |

* 1. രോഗികളെ കിടത്തി ചികിത്സിക്കാൻ വാർഡ് സൗകര്യം ഉണ്ടാവണം (12 ബഡ്ഡെങ്കിലും)

2.. മരുന്നുകൾ 6 മാസത്തേയ്ക്ക്പോലും തികയാത്ത അവസ്ഥ. ആയത് പരിഹരിക്കാൻ പഞ്ചായത്തിൽനിന്നും സഹായം വേണം. ആവശ്യമായ ഫർണീച്ചറോ, സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ല.

**പ്രശ്നങ്ങൾ**

1. 1, 2, 3, 6 വാർഡുകളിൽ പ്രത്യേകിച്ചും വർഷക്കാലത്ത് വെള്ളംകെട്ടി നില്ക്കുന്നതിനാൽ പലവിധ അസുഖങ്ങൾക്കും കാരണമാകുന്നു.
2. പ്ഞ്ചായത്തിൽ ഒരു അറവുശാലയില്ല.
3. ശുദ്ധജല വിതരണം കാര്യക്ഷമമല്ല.
4. വ്യാപകമായ കൊതുകു ശല്യം, തെരുവുനായ്ക്കളുടെ ശല്യം, ഈച്ച ശല്യം മുതലായവ രൂക്ഷമാണ്.
5. സർക്കാരിൽനിന്നുള്ള കണക്കില 1953 ലാണ് അയുർവേദ ഡിസ്പൻസറി തുടങ്ങിയതെങ്കിലും ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് വളരെമുൻപ് തന്നെ നിലനിന്നിരുന്ന ഒരു സ്ഥാപനമാണെന്നാണ് അനുഭവജ്ഞാനമുള്ള വ്യക്തികളിൽനിന്നും അറിയാൻ കഴിഞ്ഞത്. എന്നാൽ ഇത് ഇന്നും യാതൊരുവിധ പുരോഗതിയോ, വികസനമോ ഇല്ലാതെ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.
6. ഈ ഡിസ്പൻസറിയിൽ മരുന്നുകൾ പാകംചെയ്യുന്നതിനും, സൂക്ഷിച്ചുവെയ്ക്കുന്നതിനും ആവശ്യമായ പാത്രങ്ങളുടെയും, ഫർണിച്ചറുകളുടെയും ദൗർലഭ്യമുണ്ട്.
7. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം, ഡോക്ടറുടെ രാത്രികാല സേവനവും അത്യാവശ്യമാണ്.
8. ഇവിടെ അത്യാവശ്യമരുന്നുകൾക്ക് ക്ഷാമമമുഭവപ്പെടുന്നു.
9. കാര സബ് സെന്ററിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് പുതുക്കി പണിയാൻ നടപടിയുണ്ടാവണം.
10. അംഗൻവാടികളുടെ പ്രവർത്തനം ഈ പഞ്ചായത്തിലില്ല. അതുണ്ടാകാനുള്ള നടപടികൾ ഉണ്ടാകണം.
11. മായംചേർക്കൽ, മയക്കുമരുന്ന് എന്നിവ തടയാൻ കർശന നടപടിയുണ്ടാവണം.
12. ബാലവാടികളുടെ പ്രവർത്തനം ഫലപ്രദമല്ല, കട്ടിടമില്ലായ്മയും ഫീഡിങ് നടക്കാതിരിക്കലുമെല്ലാം ഇവിടത്തെ പ്രശ്നങ്ങളാണ്.
13. പഞ്ചായത്തിലെ പ്രധാനപ്പെട്ട 3 തോടുകളായ അറപ്പത്തോട്, വേടിത്തോട്, പെരുംതോട് എന്നിവയുടെ ഇരുകരകളിലും താമസിക്കുന്ന ഏതാനും കുടുംബങ്ങൾ കക്കൂസിന്റെ ഔട്ട്ലറ്റുകൾ ഈ തോടുകളിലേക്കാണ് തുറക്കുന്നത്. ഇത് ഒട്ടനവധി പകർച്ചവ്യാധികൾക്കും, പാരിസ്ഥിതിക പ്രശ്നങ്ങൾക്കും വഴിയൊരുക്കുന്നു. അവിടത്തെ ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഈ സാഹചര്യം ഒഴിവാക്കുന്നതിനായി അവർക്ക് ശരിയായ കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുകയും, നിലവിലുള്ള രീതി നിരോധിക്കുകയും വേണം.
14. ഈ പഞ്ചായത്തിലെ ഒട്ടുമിക്ക കൊപ്രക്കളങ്ങളിലും, നാളികേര വെള്ളവും മറ്റ് അഴുക്കുവെള്ളവും കെട്ടിക്കിടക്കുന്ന സാഹചര്യമാണ്. ഇതുമൂലം പരിസരവാസികൾക്ക് അതിശക്തമായ കൊതുകുശല്യവും, പരിസര മലിനീകരണ ഭീഷണിയും നേരിടുന്നു. ഇതൊഴിവാക്കാനായി അവയുടെ പരിസരങ്ങളിലുള്ള ഒഴുക്കുള്ള തോടുകളിലേയ്ക്ക് പൈപ്പ്ലൈൻ ഇട്ട് ഈ അഴുക്കുവെള്ളം തിരിച്ചുവിടുകയോ അല്ലെങ്കിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ശീതളപാനീയമാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയോ വേണം.
15. കേന്ദ്ര ഗവ., സംസ്ഥാന ഗവ., ജില്ല, ബ്ലോക്ക് സഹായത്തോടെ ആധുനിക അറവുശാല നിർമ്മിക്കുക. 15 ലക്ഷം രൂപ ചെലവ് വരുന്ന ഈ പദ്ധതിയ്ക്ക് 50% ചെലവ് കേന്ദ്ര ഗവ. ഗ്രാന്റായി ലഭിക്കുമെന്ന് അറിവായിട്ടുണ്ട്.
16. പഞ്ചായത്തിൽ ആകെ 142 പേർ വിവിധതരത്തിലുള്ള അംഗവൈകല്യമുള്ളവരായി കാണുന്നു. അവരുടെ അംഗവൈകല്യത്തിന്റെ സ്വഭാവം അനുസരിച്ച് അവർക്ക് ഉപകാരപ്രദമാകുന്ന സഹായ ഉപകരണങ്ങൾ നൽകലും, അവരെ പുനരധിവസിപ്പിക്കാമുള്ള നടപടികളും ഗൗരവമായി കണക്കിലെടുത്ത് നടപ്പാക്കേണ്ടതാണ്.
17. പ്രകൃതി ചികിത്സ സാദ്ധ്യതകൾ പരിശോധിച്ച് നടപ്പാക്കണം.

**നിർദ്ദേശങ്ങൾ**

1. ആധുനിക സജ്ജീകരണങ്ങളോടുകൂടി കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളോടെ സ്വന്തമായ കെട്ടിടം നിർമ്മിച്ച് ആയുർവേദ ആസ്പത്രിയായി വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സ്വകാര്യവ്യക്തി അതിനായി തിരിച്ചിട്ടിരിക്കുന്ന സ്ഥലത്ത് അവരുടെ സഹകരണത്തോടെ പഞ്ചായത്തിന് അതിനുവേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കിഴക്കുനിന്നും രോഗികൾക്ക് വരാൻ ഇന്നുള്ള അവസ്ഥയിൽ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് പുതിയ റോഡ് വരുന്നതോടൊപ്പം ഗെയ്റ്റ് വലുതാക്കി വാഹനങ്ങൾക്ക് അകത്തേയ്ക്ക് വരാൻ സൗകര്യമുണ്ടാക്കണം.

3. ഇപ്പോൾ ഈ ആശുപത്രിയിൽ ഏകദേശം 150 ഓളം രോഗികൾ നിത്യേന എത്തുന്നുണ്ട്. ഇവരെ ഉൾക്കൊള്ളാനുള്ള കെട്ടിട സൗകര്യം ഇന്ന് നിലവിലില്ല. അതിന് പരിഹാരമായി മേൽക്കൂരയോടുകൂടി തറ കോൺക്രീറ്റ് ചെയ്തുകൊണ്ട് വലിയ വരാന്തയടക്കമുള്ള ഒരു പോർച്ച് നിർമിക്കണം.

4. ഈ പഞ്ചായത്തിൽ ഹോമിയോ ഡിസ്പൻസറി നിലവിലില്ല. അത് ഉടൻ അനുവദിക്കണം.

5. ജനസംഖ്യാനുപാതികമായി ഒരു സബ്സെന്റർകൂടി അനുവദിക്കണം. ഏഴോ, എട്ടോ വാർഡുകളിലേതെങ്കിലും ആയിരിക്കണം ഇത് അനുവദിക്കുന്നത്.


6. രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർ പോസ്റ്റുകൾ പുതുതായി അനുവദിക്കണം.

7. നിലവിൽ ഒരു JHI (JUNIOR HEALTH INSPECTOR), LHI (LADY HEALTH INSPECTOR), HI (HEALTH INSPECTOR) പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഈ ഒഴിവുകൾ അടിയന്തിരമായി നിയമനം നടത്തണം.

8. പാരാമെഡിക്കൽ രംഗത്ത് നിരവധി ഒഴിവുകൾ നിലനിൽക്കുന്നു. പകർച്ചവ്യാധി നിർമാർജ്ജനം, ശുചിത്വം തുടങ്ങിയ മേഖലകളിൽ ഇത് വൻ ഭീഷണിയാണ്. അതുകൊണ്ട് ഇവർക്ക് വേണ്ടത്ര പരിശീലന സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം.

9. നാട്ടുവൈദ്യന്മാർക്ക് ലൈസൻസ് നൽകി ആരോഗ്യരംഗത്ത് അവരുടെ സേവനം ഉറപ്പുവരുത്തുക.

10. അവർക്കാവശ്യമുള്ള ഔഷധസസ്യങ്ങൾ നമ്മുടെ പഞ്ചായത്തിൽതന്നെ ഉദ്പാദിപ്പിക്കാൻ കർഷകർക്ക് ഔഷധസസ്യതൈകൾ വിതരണം ചെയ്ത് ഈ രംഗത്തെ പ്രശ്നം പരിഹരിക്കുക.



അഞ്ചാംവാർഡിലെ പ്രാഥമികാരോഗ്യകേന്ദ്രം

11. നാട്ടുവൈദ്യം പ്രത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

12. ജീവൻരക്ഷാ മരുന്നുകൾ പൂർണമായും സൗജന്യമായി പ്രാഥമികാരോഗ്യ കേന്ദ്രത്തിലൂടെ വിതരണം ചെയ്യുക.

13. പാർശ്വഫലങ്ങൾ കൂടുതൽ ഉള്ള മരുന്നുകൾ നിരോധിക്കുക.

14. ഒരുരോഗത്തിനുതന്നെ നിരവധി മരുന്നുകൾ നിർദ്ദേശിക്കുന്ന രീതി അവസാനിപ്പിക്കുന്നതിനുള്ള തീരുമാനം സർക്കാർ തലത്തിൽ എടുക്കുക.

15. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഇന്ന് നിലവിലുള്ള മെഡിക്കൽ കോളേജുകളേജിലേക്കുള്ള രോഗികളുടെ അഡ്മിഷൻ, പ്രാഥമികാരോഗ്യകേന്ദ്രത്തിൽനിന്നും, താലൂക്കാസ്പത്രിയിലേക്കും, അവിടെനിന്നും മെഡിക്കൽകോളേജിലേക്കും ആയിരിക്കണം. (ത്രീ ടയർ സിസ്റ്റം)

16. ഇന്ന് നിലവിലുള്ള റോഡ് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഗെയ്റ്റവരെയെ വരുന്നുള്ളു. അതുകൊണ്ട് റോഡിൽനിന്നും രോഗികളെ എടുത്ത്കൊണ്ട് പോകേണ്ട അവസ്ഥയാണ്. ഇതൊഴുവാക്കാനായി കൽപൊടിയിട്ട് ആസ്പത്രിവരാന്തവരെ വാഹനമെത്തിക്കാൻ സൗകര്യമുണ്ടാക്കണം.

17. സ്കൂൾ ആരോഗ്യപദ്ധതി, ഹെൽത്ത്ക്ളബ് പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമല്ല. അത് ശക്തിപ്പെടുത്തി, ആരോഗ്യസംരക്ഷണ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ നേത്രരോഗ ചികിത്സാക്യാമ്പുകൾ, രക്തഗ്രൂപ്പ് നിർണയ ക്യാമ്പ്, പ്രതിരോധ വാരാചരണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

18. കോളനികളിൽ ഓരോ വീട്ടുകാർക്കും കക്കൂസും, പൊതുവായ ടാങ്കും പണിയുക.

**പരിഹാരങ്ങൾ**

1. ജനപങ്കാളിത്തത്തോടുകൂടി ജനകീയ കമ്മറ്റി രൂപീകരിച്ച് പ്രാഥമികാരോഗ്യകേന്ദ്രം, ആയുർവേദാശുപത്രി എന്നിവയുടെ പ്രവർത്തനത്തിനും, വികസനത്തിനും മുൻകൈയെടുത്ത് പരിഹാരമുണ്ടാക്കണം.
2. ഒന്നാംവാർഡിലെ ഫിഷർമെൻ കോളനിയിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കെട്ടിടം കേടുപാടുകൾ തീർത്ത് ഹോമിയോ ഡിസ്പൻസറിയാക്കാം.

അല്ലെങ്കിൽ,

വില്ലെജ് കോളനിക്കടുത്ത് റവന്യൂ വകുപ്പിന്റെവക സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഡിസ്പൻസറി പണിയുക.

3. എടവിലങ്ങ് പഞ്ചായത്തിൽ 4ാം വാർഡിൽ കാതിയാളത്ത് പ്രവർത്തിച്ചുവരുന്ന വിഷചികിത്സാലയത്തിന് ഗ്രാന്റ് നല്കിക്കൊണ്ട് പ്രോത്സാഹിപ്പിക്കുക.

## പരിസര ശുചിത്വം

രോഗാണുകൾക്ക് വികസിക്കാനും വളരാനും പാകത്തിൽ വിവിധ പ്രകാരങ്ങളിൽ മനുഷ്യശരീരത്തിൽ കടന്ന് രോഗം വരുത്താൻ കാരണമാകുന്ന വ്യക്തി, ഗൃഹാന്തരീക്ഷ – പരിസര സംബന്ധമായ സാഹചര്യങ്ങളേയും, രീതികളേയും തടയുംവാനും, ഇല്ലാതാക്കുവാനും കഴിയുന്ന അവസ്ഥയെയാണ് സാമാന്യമായി ശുചിത്വമെന്ന് വിവക്ഷിക്കുന്നത്.

മനുഷ്യർക്ക് ഇന്നുണ്ടാകുന്ന രോഗങ്ങളിൽ ഭൂരിഭാഗവും ജലസംബന്ധിയായ കാരണങ്ങളാണ്. ഇവ ഒഴിവാക്കണമെങ്കിൽ ശുദ്ധമായ കുടിവെള്ളവും പരിസരശുചിത്വവും ഉണ്ടായേപറ്റൂ. വയറിളക്കം, വയറുകടി, സന്നിപാതജ്വരം, പിള്ളവാതം, മഞ്ഞപ്പിത്തം, വിഷൂചിക മുതലായ മാരകമായ പകർച്ചവ്യാധികൾ കുടിക്കുന്ന വെള്ളത്തിലൂടെയും കഴിക്കുന്ന ആഹാരത്തിലൂടെയുമാണ് പകരുന്നത്. വൃത്തിഹീനമായ കക്കൂസുകൾ, മലിനജലം കെട്ടികിടക്കൽ മുതലായ കാര്യത്തിൽ സാമാന്യ ജനങ്ങളും ബന്ധപ്പെട്ടവരും അപകടകരമായ ഉദാസീനത പുലർത്തുന്നു.

**നിർദ്ദേശങ്ങൾ**

1. മൂടിയില്ലാത്ത കക്കൂസുകൾക്ക് മൂടികൾ നിർമ്മിച്ച് വയ്ക്കുക

2. മത്സ്യം മുതലായവ പാതവക്കിൽ വിപണനം നടത്തുന്നത് തടയുക

3. മാംസം വിൽക്കുന്ന സ്ഥലങ്ങൾക്കായും

മത്സ്യവിപണനത്തിനായും മാർക്കറ്റുകളിൽ സ്ഥലം നൽകുക

4. കാര അങ്ങാടിക്കടുത്തുള്ള ഇറച്ചിവെട്ടുശാലയും മത്സ്യ വിൽപനയും പാതവക്കിൽനിന്നും മാറ്റി സ്ഥാപിക്കുക

5. ശുചിത്വത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകുക

6. വീടും പരിസരവും ശുദ്ധിയാക്കി വെക്കുന്നതിനായി ജനങ്ങളെ ബോധവാന്മാരാക്കുക

7. കാലിത്തൊഴുത്തുകൾ ദിവസവും വൃത്തിയാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

8. കക്കൂസുകളില്ലാത്ത വീടുകൾക്ക് കക്കൂസുകൾ നിർമ്മിച്ച് നൽകുക

9. ജനങ്ങൾ തിങ്ങി പാർക്കുന്ന എല്ലാ കോളനികളിലും ശുചീകരണ വ്യവസ്ഥിതികൾ മെച്ചപ്പെടുത്തുക

10. പൊതുനിരത്തുകളുടെ പാർശ്വങ്ങൾ മറ്റു പരിസരങ്ങൾ തുടങ്ങി ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിലെല്ലാംതന്നെ കുമ്മായം വിതറുന്നതിനായി പഞ്ചായത്തുതലത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുക

11. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വിൽക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തുക

12. അമിതമായി പെരുകുന്ന ചപ്പുചവറുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ മുതലായ ഇടങ്ങളിൽനിന്നും ദിവസവും മാറ്റുന്നതിനായി സംവിധാനങ്ങൾ ഉണ്ടാക്കുക

13. പഞ്ചായത്തിലെ ഹോട്ടലുകൾ ശീതളപാനീയശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കുക

# വ്യവസായം

**ആമുഖം**

എടവിലങ്ങ് പഞ്ചായത്തിൽ ഉല്പാദനമേഖലയിൽ വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. വിവിധ തരത്തിലുള്ള ചെറുകിട വ്യവസായങ്ങൾ ആണ് ഈ പഞ്ചായത്തിലുള്ളത്. പരമ്പരാഗത വ്യവസായങ്ങൾ ആയ കയർപിരി, തഴപായ നെയ്ത് എന്നിവ തീരപ്രദേശങ്ങളിലെ സ്ത്രീകളുടെ പ്രധാനപ്പെട്ട തൊഴിൽ ആയിരുന്നു, മടൽ അടിയും കയർപിരിയും. ഇവിടെ ഉല്പാദിപ്പിക്കുന്ന കയറുകൾ കൊച്ചിയിലേയ്ക്ക് കയറ്റുമതി ചെയ്തിരുന്നു. യന്ത്രവൽക്കൃത സമ്പ്രദായങ്ങൾ വന്നതോട്കൂടി കൈത്തൊഴിലായ കയർപിരി കടുത്ത പ്രതിസന്ധിയിലാവുകയും സ്ത്രീകളുടെ തൊഴിൽ നഷ്ടമാവുകയും ചെയ്തു. ഇപ്പോൾ ഈ മേഖലയിൽ നാമമാത്രമായ വനിതകളെ ജോലി ചെയ്യുന്നുള്ളു. ഒരു കാലത്ത് പായനെയ്ത്തിന് ഏറ്റവും കൂടുതൽ പേരുകേട്ട പ്രദേശമായിരുന്നു എടവിലങ്ങ്. ഏറ്റവും കൂടുതൽ വനിതകൾ ഇപ്പോഴും ജോലി ചെയ്യുന്നതും ഈ മേഖലയിൽ ആണ്. തഴയുടെ ദൗർലഭ്യവും കച്ചവടക്കാരുടെ വില നിർണ്ണയിക്കുന്ന കുത്തക അധികാരവും പുതിയതായി വിപണിയിലിറക്കിയ പ്ലാസ്റ്റിക്ക് പായ, പുൽപായ എന്നിവയും നമ്മുടെ സാധ്യതകളെ തകിടംമറിക്കുന്നു.

തൃശൂർ ജില്ലയിലെത്തന്നെ ഏറ്റവും പ്രധാനപ്പെട്ട കൊപ്രശേഖരിക്കുന്ന സ്ഥലമായിരുന്നു നമ്മുടെ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ 51 ചെറുകിട വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. വിരലിലെണ്ണാവുന്ന ചുരുക്കം ചുരുക്കം ചിലതൊഴികെ ബാക്കിയുള്ളവ പ്രവർത്തനരഹിതമായ നിലയിലാണ്.

മുമ്പ് നമ്മുടെ പഞ്ചായത്തിൽ എണ്ണയാട്ടു വ്യവസായം നല്ല രീതിയിൽ നടന്നിരുന്നു. നാടൻ ചക്കിൽ ആട്ടിയ വെളിച്ചെണ്ണയും എള്ളെണ്ണയും പിണ്ണാക്കും വേണ്ടവിധം ലഭ്യമായിരുന്നു. ഈ അടുത്തകാലത്തായി ചെറുകിട വ്യവസായയൂണിറ്റുകൾ പുതുതായി രൂപംകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പാല്കൊണ്ട് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ, സിമന്റിൽ നിർമ്മിക്കുന്ന ജനൽ, കട്ടില, പൈപ്പ്, സിമന്റ് കട്ട, ചെടിച്ചട്ടി തുടങ്ങിയവ പുതിയയൂണിറ്റുകളിൽപ്പെടുന്നു. പാരമ്പര്യ കൈതൊഴിലായ സ്വർണ്ണാഭരണ പണിക്കാർ, മരപ്പണിക്കാർ, കൽപ്പണിക്കാർ, കൊല്ലന്മാർ തുടങ്ങിയവരും ഈ മേഖലയിൽ ജോലി ചെയ്യുന്നു.

പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തിൽ ചുരുക്കം ചില സ്ത്രീകൾ മാത്രമാണ് ജോലിചെയ്യുന്നത്. താരതമ്യേന കുറഞ്ഞ കൂലിനിരക്ക് നിലനില്ക്കുന്നതിനാൽ വിവിധ തൊഴിലാളികളെ ആകർഷിക്കുവാൻ കഴിയുന്നില്ല. തഴപ്പായ നിർമ്മാണത്തിൽ വളരെ ഗുണമേന്മയേറിയ ആശാരിച്ചിപായയും, മെത്തപ്പായയും ഈ പഞ്ചായത്തിലെ ഒരു സവിശേഷമായ ഉല്പന്നങ്ങളാണ്. ഫർണിച്ചർ വ്യവസായ രംഗത്തും ചെറിയ ഗുണപരമായ ചലനങ്ങൾ ദൃശ്യമാകുന്നു.

നമ്മുടെ പഞ്ചായത്തിൽ I.R.D.P. ലിസ്റ്റ് പ്രകാരം ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിയിൽ 47 അപേക്ഷകർ ഉണ്ടായിരുന്നു. എങ്കിലും ഉപകരണങ്ങൾ ലഭിച്ചവരുടെ എണ്ണം 11 മാത്രമായിരുന്നു. പൊതുവെ പറഞ്ഞാൽ നമ്മുടെ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ തീരെ ഇല്ലാ എന്നുള്ളത്, ഉള്ള ചെറുകിട യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമല്ലായെന്നുള്ളതും പുതിയ മേഖലകളിലേയ്ക്ക് ചെറുകിട വ്യവസായങ്ങളെ കൊണ്ടുവരികഎന്നുള്ളതും അടിയന്തിര പ്രധാന്യം അർഹിക്കുന്നു.

**നിർദ്ദേശങ്ങൾ**

(1) A. എടവിലങ്ങ് പഞ്ചായത്തിലെ സ്ത്രീകളുടെ പരമ്പരാഗതമായ തൊഴിൽ തഴപ്പായ നെയ്ത്ത് ആയതിനാൽ ആ വ്യവസായം വളർത്തുന്നതിന് ആവശ്യമായ, സഹകരണ അടിസ്ഥാനത്തിൽ ഒരു സൊസൈറ്റിക്ക് രൂപംനൽകണം.

B. തഴ ലഭ്യമാക്കുന്നതിനായി പഞ്ചായത്തിലെ തരിശ് നിലങ്ങളും പെരും തോടിന്റെയും വേടി തോടിന്റേയും ഇരുവശങ്ങളിലും സഹകരണ അടിസ്ഥാനത്തിൽ രൂപം കൊടുക്കുന്ന തഴപ്പായ സൊസൈറ്റി വഴിതന്നെ കൈതകൾ വെച്ച് പിടിപ്പിച്ച് തഴ ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് മുൻകൈയ്യെടുത്ത് ചെയ്യേണ്ടതാണ്.

C. തഴപ്പായ ഉപയോഗിച്ച് തൊപ്പി, സഞ്ചി, കരകൗശല സാമഗ്രികൾ മുതലായവയും പ്രസിദ്ധമായ മെത്ത നിർമ്മാണവും വ്യാവസായിരക അടിസ്ഥാനത്തിൽ നിർമ്മിക്കാം.

(2) A. തീരപ്രദേശത്തെ മറ്റൊരു പരമ്പരാഗതനായി തൊഴിലാളികളെ പങ്കാളിയാക്കി സഹകരണ അടിസ്ഥാനത്തിൽ ഈ വ്യവസായത്തിസലുള്ള തുടർ സാധ്യത ലഭ്യമാക്കണം.

C. കയർ ഉല്പ്പന്നങ്ങൾ ഉപയോഗിച്ച് കയറ്റി പായ, ബ്രഷ്, ചവിട്ടി മുതലായവ സഹകരണമേഖലയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ പരിശീലനം നല്കികൊണ്ട് ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുണം.

D. മടൽ അഴികിച്ച് ചകിരിയാക്കുന്നതിനുള്ള സൗകര്യങ്ങൾ കുറവായി വരുന്നതിനാൽ ആധുനികരീതിയിൽ കണ്ടുപിടിക്കപ്പെട്ട, പച്ചമടൽ അടിച്ച് ചകിരിയാക്കി എടുക്കുന്ന മെഷീൻ സൊസൈറ്റി വഴി



**കയർ തൊഴിലാളികൾ തിരക്കിട്ട ജോലിയിൽ**

കുടിൽ വ്യവസായമായ കയർ രംഗം ഇന്ന് തികച്ചും തകർച്ചയുടെ വക്കോളം എത്തി നിൽക്കുകയാണ്. 2 ാം വാർഡിൽ ഏകദേശം 8 കൂടുകളും 20 ഓളം തൊഴിലാളികളും പണിയെടുത്തിരുന്ന കയർ വ്യവസായം ഇന്ന് ഭാഗികമായി നിർത്തിയിരിക്കുകയാണ്.

2ാം വാർഡിൽ 2 കൂടും 3 ാം വാർഡിൽ 12 വീടുകളിലായി 18 കൂടും അതിൽ പണിയെടുക്കുന്ന 40 ഓളം പേരും 4 ാം വാർഡിൽ ഒരു കൂടും 4 പേരും പണിയെടുക്കുന്നു. കൂടുതൽ സ്ത്രീകൾക്ക് പണിയവസരം ഉണ്ടായിരുന്ന കയർ മേഖലയിൽ ഇന്ന് വെറും 60 ഓളം തൊഴിലാളികളായി ചുരുങ്ങിയിരിക്കുകയാണ്.

B. കയർ വ്യവസായം പുനരുദ്ധരിക്കുന്നതിവാങ്ങി വ്യാപകമായരീതിയിൽ ചകിരി ഉൽപാദനം സാധ്യമാക്കണം.

3. സ്ത്രീകൾക്ക് തൊഴിലവസരം ലഭിക്കുന്നതിന് ആവശ്യമായി സഹകരണ അടിസ്ഥാനത്തിൽ റെഡിമെയ്ഡ്സ് വസ്ത്ര നിർമ്മാണകേന്ദ്രം പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങണം. അതിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള ഒരു സംവിധാനം കൂടി പഞ്ചായത്ത് നടത്തണം.

4. കടൽ മത്സ്യം ഉപയോഗിച്ച് അച്ചാറുകൾ, മസാലപൗഡർ, അരിപൊടി വിവിധ കറി പൗഡറുകൾ മുതലായവ ഉണ്ടാക്കി വിപണനം നടത്തുന്ന സ്ഥാപനം ആരംഭിക്കാവുന്നതാണ്.

5. മെഴുകുതിരി നിർമ്മാണം, സോപ്പ് നിർമ്മാണം, ഔഷധ നിർമ്മാണം, പുക്കൃഷി, കൂൺ കൃഷി മുതലായവയ്ക്ക് പരിശീലനം നല്കി സ്ത്രീകളെ പങ്കെടുപ്പിച്ച്കൊണ്ടുള്ള വ്യവസായം നമ്മുടെ പഞ്ചായത്തിൽ തുടങ്ങണം.

6. സിമന്റ് ഇഷ്ടിക നിർമ്മാണം വ്യാവസായികമായി സഹകരണഅടിസ്ഥാനത്തിൽ തന്നെ നമ്മുടെ പഞ്ചായത്തിൽ തുടങ്ങണം.

7. കോഴിമുട്ട വൻതോതിൽ ഉപയോഗിക്കുന്നത്കൊണ്ട് പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തനുള്ള മുട്ടകൾ ഇവിടെ ഉല്പാദിക്കപ്പെടുന്നില്ല.

മാസത്തിൽ ശരാശരി ഒരു ലക്ഷം മുട്ടയോളം ചെലവാകുന്ന ഈ പഞ്ചായത്തിൽ കൊഴിവളർത്തിലിനെ സഹായകമാകുന്ന സംഘങ്ങൾക്ക് രൂപം നൽകണം. ഇറച്ചികോഴികളുടെ ആവശ്യവും നമ്മുടെ പഞ്ചായത്തിൽ വളരെ കൂടുതലാണ്. എന്നാൽ ഇവയെല്ലാം തമിഴ്നാട്ടിൽ നിന്നും മറ്റുമാണ് എത്തുന്നത്. നമുക്ക് ആവശ്യമായ കോഴിമുട്ടയും, ഇറച്ചി കോഴികളും, കോഴിക്കുഞ്ഞുങ്ങളും നമ്മുടെ പഞ്ചായത്തിനെ തന്നെ ഉല്പാദിക്കാനുള്ള പദ്ധതി തയ്യാറാക്കണം.


8. നോട്ട് ബുക്ക് നിർമ്മാണം, ബൈയിന്റിങ്, ചോക്ക് നിർമ്മാണം മുതലായവ P.T.A. മാതൃസംഗമം എന്നിവയുടെ സഹായത്തോടെ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കണം.

9. നാളികേരവെള്ളംകൊണ്ട് വിവിധ പാനീയങ്ങൾ ഉണ്ടാക്കി വിൽക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം.

10. തേങ്ങ ചെരുകി പാക്കറ്റിലാക്കി വിപണനം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണം.

11. ചിരട്ട, കൊതുമ്പ്, കോഞ്ഞാട്ട, മടൽ എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്ന ഒരു കുടിൽ വ്യവസായവും ഈർക്കിൽചൂൽ ഉണ്ടാക്കുന്ന ഒരു പദ്ധതിയും വ്യവസായിക അടിസ്ഥാനത്തിൽ ആരംഭിക്കണം.

12. കൈത്തറിയും ഖാദിയും പരീക്ഷണാർത്ഥം ആരംഭിക്കാവുന്നതാണ്.



റാട്ടുകളുടെ സംഗീതം

13. കുടനിർമ്മാണം, പ്ലാസ്റ്റിക് വള്ളികൾ ഉപയോഗിച്ച് കസേരനെയ്ത്ത് സഞ്ചി, മറ്റു വിട്ടുപകരണ സാമഗ്രികൾ മുതലായവ ഉണ്ടാക്കുന്നതിനായി സ്ത്രീകൾക്ക് പരിശീലനം നൽകി അവരുടേതായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

14. ആധുനിക സാങ്കേതികസങ്കേതങ്ങൾ ഉപയോഗിച്ച് നാളികേരം കൊപ്രയാക്കുക, ചിരട്ടക്കരി ഉപയോഗിച്ച് കാർബൺ ഉണ്ടാക്കുക. ചിരട്ടക്കരി ഉണ്ടാക്കുമ്പോൾ ഉപയോഗിക്കുന്ന ഇന്ധനം ഉപയോഗിച്ച് നാളികേരം കൊപ്രയാക്കുക മുതലായവയ്ക്കായി ഒരു സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കണം.

15. തഴപായ നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധിയും ഇൻഷുറൻസും E.S.I. സൗകര്യവും ഉണ്ടാക്കികൊടുക്കുകയും തഴപായ നെയ്ത്ത് ഒരു കുടിൽ വ്യവസായമായി അംഗീകരിക്കുന്നതിനുള്ള നടപടി ഉണ്ടാവുകയും വേണം.


16. പരമ്പരാഗതകൃഷിയായ കശുമാവ്കൃഷി വ്യാപകമാക്കിക്കൊണ്ട് കശുവണ്ടി സംഭരണവും സംസ്ക്കരണവും നടത്തുന്ന ഒരു വ്യവസായ യൂണിറ്റ് ബ്ലോക്ക്തലത്തിൽ ആരംഭിക്കുക.

17. കാലിത്തീറ്റ നിർമ്മിക്കുന്നതിന്നായി ഒരു വ്യവസായയൂണിറ്റ് ആരംഭിക്കുക.

21. കൊപ്രസംസ്ക്കരണത്തിനും നാളികേര വില പിടിച്ച് നിർത്തുന്നതിനുമായി കേരകർഷകരുടെ സൊസൈറ്റി രൂപികരിച്ച് കൊപ്ര ശേഖരണവും വിപണനവും നടത്താവുന്നതാണ്.

22. വൻ വ്യവസായങ്ങൾക്ക് സാധ്യതയില്ലാത്ത ഈ പഞ്ചായത്തിൽ ചെറുകിട വ്യവസായം, കുടിൽ വ്യവസായം, എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം ബഡ്ജറ്റിൽ 20% എങ്കിലും നീക്കിവക്കണം.

23. നമ്മുടെ പഞ്ചായത്തിന്റെ 2 സ്ഥലങ്ങളിലെങ്കിലും ലോൺട്രി യൂണിറ്റ് ആരംഭിക്കണം. പുതിയ



നടവരമ്പ് ചന്തയിലെ തിരക്കിട്ട പായക്കച്ചവടം

തൊഴിൽ മേഖല കണ്ടെത്തുന്നതിന്റെ ഭാഗമായി വേണം ഈ യൂണിറ്റിനെ കാണേണ്ടത്. ഇതിനുള്ള സാങ്കേതിക സഹായം ബ്ലോക്ക്തലത്തിൽനിന്നും ഉണ്ടാകണം.

18. ചകിരിച്ചോർ ഉപയോഗിച്ച് വളം ഉണ്ടാക്കുന്ന ഒരു വ്യവസായയൂണിറ്റ് ഉണ്ടാക്കുക.

19. കൊപ്രയാട്ട് സഹകരണ ആടിസ്ഥാനത്തിൽ ആരംഭിക്കുകയും നമ്മുടെ പഞ്ചായത്തിലേയ്ക്ക് ആവശ്യമായ ശുദ്ധമായ വെളിച്ചെണ്ണ ഇവിടെ ഉല്പാദിപ്പിച്ച് ബോട്ടിൽചെയ്ത് വ്യവസായ അടിസ്ഥാനത്തിൽ വിപണനം നടത്തുക. അതിനായി മറ്റ് ഏതെങ്കിലും കുടിൽവ്യവസായയൂണിറ്റുമായി ബന്ധിക്കാവുന്നതും പരിശോധിക്കുക.

20. ചകിരി വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഇവിടെനിന്നും പുറത്തേയ്ക്ക് പോകുന്നത് ഒഴിവാക്കാനായി ഇവിടെ തന്നെ സംസ്ക്കരിച്ചെടുക്കാനുള്ള സാധ്യതകൾ ഉണ്ടാകണം.

24. നമ്മുടെ പഞ്ചായത്തിന്റെ ഏതെങ്കിലും ഒരു സ്ഥലത്ത് വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 1/2 ഏക്കർ സ്ഥലം എങ്കിലും കണ്ടെത്തണം.

25. ഇലക്ട്രോണിക്ചോക്ക്, സ്റ്റബലൈസർ എന്നിവ ഉണ്ടാക്കാവുന്ന ചെറുകിട വനിതാ യൂണിറ്റുകൾ ആരംഭിക്കാനുള്ള സാധ്യത കണ്ടെത്തണം.

26. വ്യവസായ വാർത്താ പ്രചരണം, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കണം.

27. തഴപായ വ്യവസായം ആധുനികവൽക്കരിക്കണം.

28. കരകൗശല വ്യവസായ സംഘങ്ങളെയും പരമ്പരാഗത വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കണം.

29. മത്സ്യക്കുഞ്ഞുങ്ങൾ, കോഴിക്കുഞ്ഞുങ്ങൾ എന്നിവയെ ഉല്പാദിപ്പിക്കുവാൻ ഹാച്ചറി, പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കണം.

30. സ്വയംതൊഴിൽ പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കുകയും വ്യവസായ യൂണിറ്റുകൾക്ക് അനുമതി, വൈദ്യുതി, സാങ്കേതിക പരിശീലനം എന്നിവ നൽകണം.

31. വൈദഗ്ധ്യ പോഷണത്തിന്റെ ഭാഗമായി വിവിധ മേഖലയിൽ ഒരാൾക്ക്തന്നെ പരിശീലം കൊടുക്കുന്ന പദ്ധതി തയ്യാറാക്കണം. പ്ലമ്പിങ്, പമ്പ് റിപ്പയർ, ഗൃഹോപകരണ റിപ്പയർ, സ്റ്റവ് റിപ്പയർ, മെച്ചപ്പെട്ട വിറകടുപ്പ് ഫിറ്റു ചെയ്യൽ എന്നിവയുടെ പരിശീലനം നേടിയ ഒരു ഗ്രൂപ്പ് പഞ്ചായത്തിൽ ഉണ്ടാകണം.

32. ഗ്രീറ്റിങ് കാർഡ് തുടങ്ങുവാനുള്ള ഒരു വ്യവസായ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം.

33. ഈ പഞ്ചായത്തിൽ ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവർ കൂടുതൽ ഉള്ളതിനാൽ അവരുടെ വിദേശനാണ്യം ഇവിടെ വ്യവസായവൽക്കരിക്കുന്നതിന് ഉപയോഗപ്പെടുത്തണം.

34. ബാങ്കുകൾ, സഹകരണസംഘങ്ങൾ എന്നിവയിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നതിനും ഒരു നിശ്ചിത വരുമാനം പഞ്ചായത്തിൽതന്നെ മുതൽ മുടക്കുവാൻ വേണ്ടി പരിപാടികൾ ഉണ്ടാവണം.

35. സ്വയംതൊഴിൽ സംരഭർക്ക് മുഴുവൻ സഹായങ്ങളും പഞ്ചായത്ത് തലത്തിൽ നൽകുക. അതിനായി ഒരു പഞ്ചായത്ത് വ്യവസായവികസന സമിതി ഉണ്ടാകണം.

36. വിവിധ മേഖലകളിൽ പരിശീലനം ലഭിച്ചവരും ലഭിക്കേണ്ടവരേയും കണ്ടെത്തി അവർക്ക് വിദഗ്ധ പരിശീലനം നൽകുവാനുള്ള പദ്ധതി ഉണ്ടാകണം.

37. ഏതൊക്കെ മേഖലയിൽ ആണ് സഹായം ലഭിക്കുന്നത് എന്നീ കാര്യങ്ങളും അതിന്റെ സാദ്ധ്യതയേയും കുറിച്ച് അറിവു നൽകുന്ന ഒരു എംപ്ലോയ്മെന്റ് ഇൻഫോർമേഷൻ എക്സ്ചേഞ്ച് പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം.

**ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)**

| വാർഡ് നമ്പർ | IRDP സർവേ പ്രകാരം ഗ്രാമീണ കൈത്തൊഴിൽകാരുടെ എണ്ണം. | സഹായം ലഭിച്ച വരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | | | | |
| 2 | 9 | – | 9 | |
| 3 | 4 | – | 4 | |
| 4 | 11 | 2 | 9 | Electronic drill znd hard wise |
| 5 | 13 | 1 | 12 | Bench type drilling machine with 1/2 HP single phase motor. |
| 6 | 5 | 3 | 2 | |
| 7 | 93–94 4 95 ഇല്ല | 95–96 1 | | |
| 8 | 93–94 2 | 95 –96 1 | | |
| 9 | 93–94 3 | 3 | ഇനിയും കിട്ടുവാൻ പലരും ഉണ്ട് | |

# ഗതാഗതം

**ആമുഖം**

പഞ്ചായത്തിലെ മുഖ്യമായ ഗതാഗതമാർഗ്ഗം റോഡ് ഗതാഗതമാണ്. ആദ്യാമായി കാര – കോതപ്പ റമ്പ് വഴി ബസ് ഗതാഗതം ആരംഭിച്ചത് 1959 സെപ്തം ബർ 1ാം തീയതിയാണ്. FMS എന്നപേരിലുള്ള ബസ്സ് സർവീസ് ആണ് അത്. അക്കാലത്ത് ചെങ്കൽ റോഡി ലൂടെ ബസ് ഓടിയിരുന്നത്. ഇന്ന് റോഡ്ഗതാഗത രംഗത്ത് കുറയൊക്കെ മുന്നേറുവാൻ ഈ പഞ്ചായ ത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽക്കൂടി കോതപറമ്പിൽനിന്നും – കാര വഴി അഴീക്കോട്ടേക്കും കോളേജുവഴിയും ഉള്ള റോഡാണ് പ്രധാന ഗതാഗത സൗകര്യം. ഗ്രാമസഭകളിൽനിന്നും നിരവധി റോഡു കളുടെയും നിലവിലുള്ള പോരായ്മയെക്കുറിച്ച് വ്യാപ കമായ നിർദ്ദേശം വരികയുണ്ടായി.

ഇതുവഴി പ്രൈവറ്റ് മേഖലയിൽനിന്നുള്ള ബസ്സ് സർവീസാണ് ഉള്ളത്. പൊതുബസ്സ് സർവീസ് കുറ വുള്ള പഞ്ചായത്തുകൂടിയാണ് ഇത്. ഇവിടെനിന്നും അറപ്പതോട് വഴിയും പെരുംതോട് വഴിയും കൊച്ച യിൽനിന്നും, കോട്ടപ്പുറത്തുനിന്നും ചരക്കുകൾ കൊണ്ടുവന്നിരുന്നു. അറപ്പതോട് വഴി ചങ്ങനാശ്ശേരി, ആലുവയിലേയ്ക്കു ഉണക്കമത്സ്യങ്ങൾ കയറ്റുമതി ചെയ്തിരുന്നു. പഞ്ചായത്തിൽ 100 ഓളം ഓട്ടോറി ക്ഷയും 15 ഓളം ടൂറിസ്റ്റ് ടാക്സിയും, എന്നാൽ ഇവയ്ക്ക് പാർക്കിങ്ങ് സൗകര്യങ്ങൾ ഇല്ല.

ഈ പഞ്ചായത്തിൽ 14 റോഡുകൾ ടാറിട്ടതും 5 റോഡുകൾ ടാറിടാനും, 22 റോഡുകൾ മെറ്റൽ വിരി ക്കുവാനും ഉണ്ട്. ഈ പഞ്ചായത്തിൽ 7.800 KM റോഡ് ടാർ ചെയ്തിട്ടുണ്ട്. 5 റോഡുകൾ മണ്ണ് റോഡുകൾ ആണ്. 1.750 KM

ഈ പഞ്ചായത്തിൽ എല്ലാ റോഡുകളിലും വെള്ളംകെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്. അത് മഴ ക്കാലം അവസാനിക്കുന്നതുവരെ വെള്ളം കെട്ടിക്കി ടക്കുന്നു. ഇതുമൂലം റോഡ് തകർച്ചയ്ക്കും വാഹന അപകടവും ഉണ്ടാക്കുന്നു.

റോഡ് നിർമാണരംഗത്ത് ഉപയോഗിക്കുന്ന കൽപൊടി നിലവാരം കുറഞ്ഞത് ആയതിനാൽ മഴ ക്കാലത്ത് യാത്രയോഗ്യമല്ലാതാകുന്നു.

നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്. ഈ പഞ്ചായത്തിൽ ഒരു റോഡിനാണ് ഓടയുള്ളത്. റോഡുകൾക്ക് പൊതുവെ വീതി കുറ വാണ്. റോഡ് നിർമ്മിച്ച് കഴിഞ്ഞാൽ അറ്റകുറ്റപ്പണി കൾ നടത്താറില്ല.

എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കണം.

ബഹുജനപങ്കാളിത്തത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം.

എല്ലാ റോഡുകളും ടാറിടണം.

റോഡ് സംരക്ഷണത്തിനായി ജനകീയസമിതി കൾ രൂപീകരിക്കണം. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കൺവർട്ടുകൾ നിർമ്മിക്കണം.

എറിയാട് – അഞ്ചങ്ങാടി റോഡ് ഇരുവശങ്ങളും സൈഡ് കെട്ടി സംരക്ഷിക്കണം. അതിർത്തിയിലുള്ള എറിയാട് പാലം പൊളിച്ചുപണിയണം. കാരകോത പ്പറമ്പ് റോഡിലെയും എടവിലങ്ങ് ചന്തയുടെ പടി ഞ്ഞാറെപാലം പൊളിച്ചു പണിയണം.

പൊതു വഴികൾ സംരക്ഷിക്കപ്പെടുന്നില്ല. അതിന് നടപടി ഉണ്ടാകണം. വിദ്യാർത്ഥികളെ ബസ്സിൽ കയറ്റാതിരിക്കുന്ന പ്രവണത ബസ്സ് ജീവന ക്കാരിൽ ഉണ്ട്. ഇതിന് പഞ്ചായത്ത് മുൻകൈയെ ടുത്ത് പരിഹാരം ഉണ്ടാക്കണം.

നമ്മുടെ പഞ്ചായത്തിൽ തോടുകൾ മുറിച്ചുകട ക്കുന്ന വഴികളിൽ നടപ്പാതനിർമ്മിക്കണം. VI ാം വാർഡും VII ാം വാർഡും തമ്മിൽ ബന്ധിപ്പക്കുന്ന ശിവകൃഷ്ണക്ഷേത്രത്തിനു മുൻവശം പെരുംതോടിന് കുറുകെയും II ാം വാർഡും III ാം വാർഡും ബന്ധി പ്പിക്കുന്ന വാക്കടപുറത്തിനു വടക്കുവശം അറപ്പതോ ടിനും I ാം വാർഡിൽ പുതിയറോഡിന് കിഴക്കുവശം എറിയാട് പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന സ്ഥലത്തും VIII ാം വാർഡിൽ പെരുംതോട്ടിൽ മാർക്കറ്റ് മലബാർ റോഡിൽ നിന്നും പടിഞ്ഞാറോട്ട്

പോകുന്ന റോഡിന്റെ പാലത്തിനു വടക്കുവശവും ശ്രീനാരായണ റോഡിന്റെ കിഴക്കുവശവും 2 നടപാലങ്ങൾ പണിയണം.

അസ്മാബീ കോളേജിൽനിന്നും തുടങ്ങി തൃശൂർ, പറവൂർ, എറണാകുളം റൂട്ടിലേയ്ക്ക് ട്രാൻസ്പോർട്ട് ബസ്സുകൾ അനുവദിക്കണം. (കാന കോതപ്പറമ്പ് വഴി)

പഞ്ചായത്തിൽ ടാർചെയ്യാത്ത എല്ലാ റോഡുകളും മെറ്റൽചെയ്ത് ടാർ ചെയ്യണം.


എല്ലാ വാർഡുകളിലും സ്ഥലം സൗജന്യമായി കിട്ടുന്നമുറയ്ക്ക് പുതിയ റോഡുകൾ നിർമ്മിക്കണം.

മുള്ളൻബസാർ, പുഴങ്കാവ് വഴി മതിലകം പഞ്ചായത്തിലെ പുതിയകാവിൽ NH 17 മായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കണം. രണ്ട് ബ്ലോക്ക് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡായതുകൊണ്ട് ഈ റോഡ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് പണി നടത്തണം.

പഞ്ചായത്തിലെ 1 ാം വാർഡിൽ അറപ്പക്കടവിൽനിന്നുള്ള തീരദേശ റോഡ് നമ്മുടെ പഞ്ചായത്ത് അതിർത്തിവരെ വീതികൂട്ടി ടാർ ചെയ്യണം.

റോഡ് സൈഡിലുള്ള കുളങ്ങളുടെ സൈഡ് കെട്ടുമ്പോൾ നല്ല ഉറപ്പുള്ള രീതിയിൽ പണിയണം. പല സ്ഥലങ്ങളിലും കെട്ടിയത് ഇടിഞ്ഞുകിടക്കുന്നു.

റോഡിന് ഇരുവശങ്ങളിൽ വാട്ടർ അതോറിറ്റി, ടെലിഫോൺ എന്നീ വകുപ്പുകൾ പരസ്പരം ബന്ധപ്പെടാതെ റോഡുകൾ നാശമാക്കുന്ന സ്ഥിതിയുണ്ട്. ഈ വകുപ്പുകളും പഞ്ചായത്തും ബന്ധപ്പെട്ട് പ്ലാനിങ്ങിൽകൂടി ഇതിന് പരിഹാരം ഉണ്ടാക്കണം.



പഞ്ചായത്തിലെ ഉപഭോക്താക്കളുടെ ജനകീയ കമ്മറ്റി ഉണ്ടാക്കി ഗുണനിലവാരമുള്ള വസ്തുക്കൾ ഉപയോഗിച്ച് റോഡിന്റെ അറ്റകുറ്റപണിയും നിർമ്മാണവും നടത്തണം.

പഞ്ചായത്തിലെ ടാർചെയ്ത റോഡുകളിൽ പലതും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു. ഈ റോഡുകൾ റീ ടാർ ചെയ്യണം.

എറിയാട് പഞ്ചായത്തിലെ പേബസാർ – പടാകുളം റോഡിൽ OS മില്ലിനു സമീപത്തുനിന്നും ആരംഭിച്ച് യൂബസാർ, എടവിലങ്ങ് ചന്ത, പത്താഴക്കാട്,

റോഡിന് ഇരുവശവുമുള്ള പോസ്റ്റുകൾ (ടെലിഫോൺ, ഇലക്ട്രിസിറ്റി) റോഡിനോട് ചേർന്ന് നിൽക്കുന്നതിനാൽ പലപ്പോഴും അപകടം ഉണ്ടാകുന്നുണ്ട്. ഇതിന് പരിഹാരമായി റോഡിൽനിന്നും ടെലിഫോൺ പൂർണ്ണമായും മണ്ണിനടിയിൽ ആക്കുകയും അപകടസാധ്യതയുള്ള ഇലക്ട്രിക് പോസ്റ്റുകൾ റോഡിൽ പരമാവധി നീക്കിയിടുകയും വേണം.

## എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

### നിർമ്മാണം പൂർത്തിയാക്കിയ സാമൂഹിക ആസ്തികളുടെ എണ്ണം

| | എണ്ണം | | | | റോഡ് KM | | |
|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | സ്കൂൾ കെട്ടിടങ്ങൾ | ആസ്പത്രി കെട്ടിടങ്ങൾ | പാലം | കൾവെർട്ട് | ടാർചെയ്തത് | ഇനി ടാർ ചെയ്യാനുള്ളത് | അറ്റകുറ്റപ്പണികൾ ചെയ്യാനുള്ളത് |
| 1 | | | 1 | 2 | 7.800 കി.മീ. | 27.475 കി.മീ. | 1.750 കി.മീ. |
| 2 | 1 | | 1 | 2 | | | |
| 3 | | 1 | 8 | | | | |
| 4 | | 1 | 2 | | | | |
| 5 | 1 | 2 | 1 | 1 | | | |
| 6 | | | | 3 | | | |
| 7 | | | | 5 | | | |
| 8 | | | 1 | 4 | | | |
| 9 | 2 | 1 | | 10 | | | |

റോഡ് അരികിലുള്ള വാഹന പാർക്കിങ് നിരോധിച്ച് പാർക്കിങ് സൗകര്യം പഞ്ചായത്ത് ഉണ്ടാക്കിക്കൊടുക്കണം.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മുൻവശം ഹമ്പുകൾ വേണം. നിർബന്ധമായും ഇതിൽ വെള്ള, കറുപ്പ് അടയാളം രേഖപ്പെടുത്തണം.

ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന വഴിയോര കച്ചവടങ്ങൾ കർശനമായും നിരോധിക്കണം.

രാത്രി 7 മണി കഴിഞ്ഞാൽ ഇവിടെനിന്നും കൊടുങ്ങല്ലൂർക്ക് ബസ്സ് സർവീസ് ഇല്ല. ടൈം ഷീറ്റിൽ ബസ്സുള്ളതായി അറിയുന്നു. ഇതിന് അടിയന്തിര പരിഹാരം ഉണ്ടാക്കണം.

**പ്രശ്നങ്ങളും സാധ്യതകളും**

1. പഞ്ചായത്തിലെ മിക്കറോഡുകളും മഴക്കാലത്ത് മോശമാകുന്ന സ്ഥിതിയുണ്ട്. അത് പരിഹരിക്കാനുള്ള പരിപാടിയുണ്ടാകണം.

2. കോതപറമ്പ് – കാര റോഡും എറിയാട് – അഞ്ചങ്ങാടി റോഡും റീട്ടാർ ചെയ്യുകും ആവശ്യമായ സ്ഥലങ്ങളിൽ വീതികൂട്ടുകയും സൈഡ് പ്രൊട്ടക്ഷൻ കൊടുക്കുകയും വേണം. ഈ റോഡിലുള്ള വീതി കുറഞ്ഞ 2 പാലങ്ങൾ വീതികൂട്ടണം.

റോഡു സംരക്ഷണത്തിനായി റോഡിന്റെ ഇരുകരകളിലുമായി കാനകൾ നിർമിച്ച് വെള്ളം ഒഴിഞ്ഞുപോകാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

അറപ്പംതോട് അറ്റകുറ്റപണി നടത്തി സഞ്ചാരയോഗ്യമാക്കണം.

# ഊർജ്ജം

**ആമുഖം**

എടവിലങ്ങ് പഞ്ചായത്തിലെ വൈദ്യുതി പ്രതിസന്ധി വളരെ മോശമാണ്. വോൾട്ടേജ് ക്ഷാമവും, അപ്രഖ്യാപിത പവർകട്ടുകളും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങളും വ്യവസായങ്ങൾ ആരംഭിക്കുവാൻ തത്പര്യമുള്ളവരെ നിരുത്സാഹപ്പെടുത്തുന്നതാണ്. എടവിലങ്ങ് പഞ്ചായത്തിൽ വൈദ്യുതി വിതരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള 11K.V.ലൈൻ കൊടുങ്ങല്ലൂർ 66.K.V.സബ്സ്റ്റേഷനിൽ നിന്നും വരുന്ന അഴിക്കോട്, മതിലകം, ഫീഡറുകളിലൂടെയാണ് പ്രസ്തുത സബ്സ്റ്റേഷനിൽ ഏറ്റവും കൂടുതൽ ലോഡ് ഉള്ളതും കൂടുതൽ ദൂരം കടന്നു പോകുന്നതുമായ അഴിക്കോട് ഫീഡറിൽ അടിക്കടി വൈദ്യുതി തടസ്സവും അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമവും നേരിടുന്നതാണ്. കൂടാതെ പഞ്ചായത്തിന്റെ പല ഭാഗത്തും സിംഗിൾ ഫേയ്സ് ലൈൻ അശാസ്തീയമായരീതിയിൽ വലിച്ചിരിക്കുന്നതും വോൾട്ടേജ് ക്ഷാമത്തിന് ഒരു കാരണമാണ്. വൈദ്യുതി ലൈൻ വീടിന് അരികിലൂടെ കടന്നുപോയിട്ടില്ലാത്തവർക്ക് കണക്ഷൻ കിട്ടുന്നതിനായി മറ്റുള്ളവരുടെ Concent കിട്ടുവാനുള്ള തടസ്സവും വൈദ്യുതി വീടുകളിൽ എത്തിക്കുന്നതിന് തടസ്സമായിട്ടുണ്ട്. വൈദ്യുതി കിട്ടുന്നതിന് ഈടാക്കുന്ന തുക കോളനിയിൽ താമസിക്കുന്നവർക്ക താങ്ങാൻ കഴിയുന്നതിലും കൂടുതലാണ്. ഇതും തടസ്സമായി നിൽക്കുന്നു.

**നിർദ്ദേശങ്ങൾ**

11 K.V ലൈനിലെ ലോഡ്കുറക്കുന്നതിനും, പ്രസ്തുത ലൈനിലെ തകരാറുകൾ പഞ്ചായത്തിൽ മുഴുവനായും വൈദ്യുതി നിലനിൽക്കുന്നതിനും വേണ്ടി പഞ്ചായത്തിലൂടെ പോകുന്ന അഴികോട് ഫീഡറിൽ നിന്നും കുറച്ച് ഭാഗം അരികിലൂടെ പോകുന്ന മതിലകം കൊടുങ്ങല്ലൂർ പറവൂർ ഫീഡറുകളിലേക്ക് നല്കുകയും, 11 K.V. ലൈനിൽ ഇപ്പോഴുള്ളതിൽ കൂടുതൽ ലിങ്ക് സ്വിച്ചുകൾ സ്ഥാപിക്കുകയും ചെയ്യണം .കൂടാതെ അഴിക്കോട് ഫീഡറിന് ഒരു ഡ്യൂപ്ലിക്കേറ്റ് ഫീഡർ വലിക്കണം.

2. ദീർഘദൂരത്തിൽ Single phase line വലിക്കുന്നതു മൂലമുള്ള വോൾട്ടേജ് ക്ഷാമം കുറക്കുവാൻ Single phase ഉള്ളിടത്ത് 3 Phase വലിച്ച് 3 phaseലും ലോഡ് തുല്യമാക്കുക.

3. ട്രാൻസ്ഫോർമർ വളരെ അകലെയുള്ള സ്ഥലത്ത് 11 K.V. ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുക. ഇപ്പോൾ നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി ഉയർത്തുക.

4. പ്രധാന റോഡുകളിലും, മനുഷ്യവാസം കൂടുതലുള്ള പ്രദേശത്തെ റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക (ഇതിനായി ഇലക്ട്രോണിക്ക് ചോക്കുകൾ ഉപയോഗിച്ചുള്ള ട്യൂബലൈറ്റുകൾ സ്ഥാപിച്ചാൽ കുറഞ്ഞ വോൾട്ടേജിലും വർക്ക് ചെയ്യുകയും കൂടുതൽ വെളിച്ചം കിട്ടുകയും വൈദ്യുതി ഉപയോഗം കുറയുകയും ചെയ്യും)

സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി യഥാസമയം ചെയ്യണം.

5. മേൽപറഞ്ഞ ഇലക്ട്രോണിക്ക് ചോക്കുകൾ പഞ്ചായത്തിൽ നിന്നും സബ്സിഡി നിരക്കിൽ വിതരണം ചെയ്താൽ വോൾട്ടേജ് ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാനാകും.

6 വയറിങ്ങ് നടത്തുവാൻ സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് (ഉദ: കോളനി നിവാസികൾ മത്സ്യബന്ധന തൊഴിലാളികൾ) അതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും കണക്ഷൻ കിട്ടാനുള്ള നിയമത്തിന്റെ വഴികൾ ലളിതമാക്കുകയും ചെയ്യണം.

7. പഞ്ചായത്തിൽ ഇതുവരെ വൈദ്യുതി കിട്ടാത്തവർ എത്രയെന്ന് ലിസ്റ്റ് ഉണ്ടാക്കി അതിനുള്ള കാരണങ്ങൾ അന്വേഷിച്ച് വേണ്ട പരിഹാരങ്ങൾ കാണണം.

8. തീരജ്യോതി, കുടിൽജ്യോതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാൽ പഞ്ചായത്തിൽ സാമൂഹ്യപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മത്സ്യതൊഴിലാളികൾക്കും. കോളനിനിവാസികൾക്കും വെദ്യുതി ലഭിക്കാൻ സഹായകമാകും. ഇതുമൂലം ഇവരെ മിനിമം ഗ്യാരണ്ടിയിൽ നിന്ന് ഒഴിവാക്കാം.

9. പഞ്ചായത്തിൽ വിറകിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി പാഴ്മരങ്ങൾ വച്ച് പിടിപ്പിക്കുകയും പുകയില്ലാത്ത അടുപ്പുകൾ, ബയോഗ്യാസ്പ്ലാന്റുകൾ സ്ഥാപിക്കാനും ശ്രമിക്കണം. കൂടാതെ പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസി തുടങ്ങിയാൽ ഇന്ധനക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാനാകും.

**ഗ്രാമസഭാറിപ്പോർട്ട് ക്രോഡീകരണം**

1. 4-ാം വാർഡിന് കിഴക്കുഭാഗവും അതിനടുത്തുള്ള കോളനിയിലും കോതാട് പ്രദേശത്തും വൈദ്യുതിയില്ല. വോൾട്ടേജ് ക്ഷാമമുണ്ട് ട്രാൻസ്ഫോമർ സ്ഥാപിക്കണം.

2. അഴിക്കോട് ഫീഡറിൽ അറ്റകുറ്റപ്പണിനടത്തണം, സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

3. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വയറിംഗ് നടത്താനും കണക്ഷൻ കിട്ടാനും പഞ്ചായത്ത് തലത്തിൽ സഹായം വേണം.

4. ആറാം വാർഡിലെ 50%വീടുകളിൽ വൈദ്യുതിയില്ല. കോളനിനിവാസികൾക്ക് സൗജന്യനിരക്കിൽവൈദ്യുതി എത്തിച്ചു കൊടുക്കാണം, ബയോഗ്യാസ് സ്ഥാപിക്കണം, സൗജന്യനിരക്കിൽ പുകശല്യമില്ലാത്ത അടുപ്പ് നിർമിച്ച് കൊടുക്കണം.

5. സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

സൊസൈറ്റിക്ക് വടക്ക് പടിഞ്ഞാറ് 200 വീട്ടുക്കാർക്ക് വൈദ്യുതി ലഭിച്ചിട്ടില്ല.

പഞ്ചാത്ത് തലത്തിൽ ഗ്യാസ് വിതരണത്തിന് സംവിധാനം വേണം.

വോൾട്ടേജ് ക്ഷാമം പഞ്ചായത്തിൽ ആകെയുണ്ട്. ഇലവൻ കെ.വി ലൈൻ വലിക്കണം.

പുകശല്യമില്ലാത്ത അടുപ്പുകൾ സബ്സിഡിനിരക്കിൽ എല്ലാവർക്കും എത്തിക്കണം.

9-ാം വാർഡ് പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമമുണ്ട്, കോളനികൾക്കുള്ളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

വൈദ്യുതി ഇല്ലാത്ത വീടുകളുടെ കണക്കെടുത്ത് വൈദ്യുതി എത്തിക്കാനുള്ള പദ്ധതി തയ്യാറാക്കുക.

വിറക് ക്ഷാമം പരിഹരിക്കാൻ പഞ്ചായത്ത് തലത്തിൽ പാഴ്മരങ്ങൾ വച്ച് പിടിപ്പിക്കുക.

1 -ാം വാർഡിലെ ഫിഷർമെൻ കോളനിയായി അംഗീകരിച്ച മിനിമം ഗ്യാരണ്ടിയിൽനിന്നും ഒഴിവാക്കി വൈദ്യുതി അനുവദിക്കണം.

കോളനികളിൽ വൈദ്യുതി എത്തിക്കാൻ ബൃഹത്തായ പദ്ധതി രൂപപ്പെടുത്തുക. പരമാവധി സ്ട്രീറ്റ് ലൈറ്റുകൾ നൽകുക.

5 -ാം വർഡിൽ ട്രാൻസ്ഫോമാർ സ്ഥാപിക്കണം. തീരപ്രദേശത്ത് വീടുകളിലും സ്ട്രീറ്റുകളിലും വൈദ്യുതി എത്തിക്കണം. തീരജ്യോതി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കണം

**അനുബന്ധം - 10**

**വൈദ്യുതിസംബന്ധിച്ച വിവരങ്ങൾ**

1. നിലവിലുള്ള ഉപഭോക്താക്കൾ

| | |
|---|---|
| a) ഗാർഹികം | 2765 |
| b) വ്യാപാരം | 245 |
| c) വ്യാവസായികം | 25 |
| d) കാർഷികം | 1057 |

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| | |
|---|---|
| a) Ordinary | 24 |
| b) OTP | 3 |
| c) OYEC | 13 |

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാതീയതി

| | |
|---|---|
| OYEC 3 - | 96 |
| Normal 7 - | 94 |

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം. 200 എണ്ണം

| | | |
|---|---|---|
| a)ബൾബ് 40W | 156 | 100W |
| b) ട്യൂബ് | 29 | 15 |

c) മെർക്കുറി വേപ്പർ ഇല്ല

d)സോഡിയം വേപ്പർ ഇല്ല

4. ആകെ വൈദ്യുതികരിച്ച ഹരിജൻ കോളനികൾ 3

5. തൻ വർഷത്തെ കണക്ഷൻ

ഓർഡിനറി - 22

OTP - 4

OYEC - 41

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. പൊടിയൻബസാർ 160 കെ.വി.
2. എടവിലങ്ങ് ചന്ത 160 കെ.വി.
3. ബാലവാടി 100 കെ.വി
4. ചർച്ച് (കാര) 100 കെ.വി.
5. കാര 100 കെ.വി.
6. കാര 100 കെ. വി
7. ഫിഷറീസ് കാര 100 കെ.വി.
8. ഫിഷറീസ് കാര II 100 കെ.വി.
9. കാരടിപ്പർ 100 കെ.വി.

10 കുഞ്ഞയനി 160 കെ.വി.

11 വിലങ്ങപ്പാടം 160 കെ.വി.

7. സ്ടീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 3008 രൂപ

## ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതികണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപ: എണ്ണം | പണം നൽകി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം. |
|---|---|---|---|---|
| II | കാരഹരിജൻ കോളനി ആകെ വീടുകൾ 12+7 | 17 | 14 | 3 |
| VII | വാർഡ് 7 ഹരിജൻ കോളനി | 29 | കുടിൽജ്യോതി 4 സൗസ്ലാബ് 8 | 8 |
| VI | അറുപതാം കോളനി ഹരിജൻകോളനി | 60 | കുടിൽജ്യോതി 8 സൗസ്ലാബ് 9 | ഇല്ല. |

1. വൈദ്യുത ലൈനിന്റെ നീളം 11 K.V. - 8 K.M, L.T. 60 KM
2. തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ തൻ വർഷം ചെലവഴിച്ച തുക 36096- 00
3. വരുമാനത്തിന്റെ എത്ര ശതമാനം 6.75 %

# പാർപ്പിടം

എടവിലങ്ങ് പഞ്ചായത്തിൽ നാലായിരത്തി ഇരുനൂറോളം വീടുകളുണ്ട്. കർഷകത്തൊഴിലാളികൾ, നിർമാണത്തൊഴിലാളികൾ, പിന്നോക്കമായി നിൽക്കുന്ന ആളുകൾ തുടങ്ങിയവർക്കു മുൻതൂക്കമുള്ള പഞ്ചായത്താണ്. എകദേശം ആയിരത്തഞ്ഞൂറോളം കുടുംബങ്ങൾ കോൺക്രീറ്റ് വീടുകളിൽ കഴിയുന്നവരാണ്. ഈ പഞ്ചായത്തിൽ ഒരു ഹരിജൻ കോളനിയും മൂന്നു, ലക്ഷംവീടു കോളനികളുമടക്കം ആകെ ഒമ്പത് കോളനികളുണ്ട്. ഈ പഞ്ചായത്തിൽ പ്രഥമികമായി കണക്കെടുത്തതിൽ ഏകദേശം ആയിരത്തിമുന്നൂറ്റമ്പത് (1350) ആളുകൾക്ക് വീട് നിർമ്മിക്കേണ്ടതുണ്ട്.

ഹരിജൻ കുടുംബങ്ങളുടെയടക്കം പല വീടുകളും പണി പൂർത്തീകരിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ അമിതമായ കോൺക്രീറ്റു ഭ്രമം താരതമ്യേന കുറവാണ്. കെട്ടിട നിർമാണ സാമഗ്രികൾ കുറവാണ്. ചിലവ് കുറഞ്ഞ കെട്ടിടനിർമാണ സാമഗ്രികൾ ഉണ്ടാക്കാനുള്ള നടപടികൾ ഉണ്ടാകണം. വളരെയധികം കെട്ടിടനിർമാണത്തൊഴിലാളികൾ ഉള്ള പഞ്ചായത്താണിത്. കെട്ടിടനിർമാണ രംഗത്ത് സ്ത്രീകളുടെ എണ്ണം കുറവാണ്. ഈ രംഗത്തുള്ള തൊഴിലാളികളുടെ കൂലിനിരക്കുകൾ പരിശോധിച്ചാൽ 1990ൽ 60 – 70വരേയും 1996ൽ 125 വരേയും കൂലിയുണ്ട്.

ദുർബ്ബല വിഭാഗങ്ങൾക്ക് വീടു വക്കുന്നതിന് 22,000 രൂപയാണ് അനുവദിക്കുന്നത്. ഇത്രയും തുക കൊണ്ട് ആവശ്യമായ വീടു നിർമിക്കുക എന്നത് ദുഷ്കരമാണ്. ഈ രംഗത്ത് ഫലപ്രദമായി പഞ്ചായത്തും ബ്ലോക്ക് – പഞ്ചായത്തും ഇടപെട്ടുകൊണ്ടും സന്നദ്ധപ്രവർത്തനങ്ങളിൽക്കൂടിയും വീടു പണിയാനുള്ള നടപടികൾ ഉണ്ടാകണം.

**പ്രശ്നങ്ങൾ**

1. സ്വന്തമായി വീടു നിർമിക്കാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾ, ഹരിജനങ്ങൾ, കർഷകത്തൊഴിലാളികൾ, വിധവകൾ, വികലാംഗർ എന്നീ ദരിദ്ര വിഭാഗത്തിന് മുൻതൂക്കം കൊടുത്തു വേണം സഹായങ്ങൾ അനുവദിക്കാൻ.

2. ഈ പഞ്ചായത്തിൽ ഒമ്പത് കോളനികളുണ്ട്. കൂടാതെ ഹരിജനങ്ങളും പാവപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ പാർപ്പിടപ്രശ്നം വളരെ രൂക്ഷമാണ്.

3. ഭൂരഹിതരായ ആളുകളുടെ കണക്കെടുക്കണം.

4. കോളനികളിലെ കുടിവെള്ളം, വൈദ്യുതി, റോഡുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളുടെ കുറവുണ്ട്.

5. ദുർവ്യയം ഇല്ലാത്ത വീടുകൾ നിർമിക്കാൻ സാങ്കേതിക വിദഗ്ധന്മാരുടെ കുറവുണ്ട്.

6. ഗവൺമെന്റ് ഏജൻസികൾ വഴിയുള്ള വീടു നിർമാണ വായ്പകൾ അർഹതപ്പെട്ടവർക്കു ലഭിക്കാത്തതും ആനുകൂല്യം ലഭിച്ചവർക്ക് പൂർണമായും അത് ലഭിക്കാത്തതും ആയ സ്ഥിതിവിശേഷം ഉണ്ട്.

7. നമ്മുടെ പഞ്ചായത്തിൽ ഒരു ഹൗസിങ് സൊസൈറ്റി നിലവില്ല.

**സാദ്ധ്യതകൾ**

1.കെട്ടിടനിർമാണ സാമഗ്രികൾ ഇവിടെത്തന്നെ നിർമിക്കാനുള്ള നടപടി ഉണ്ടാവണം. അത്തരം പരിപാടികൾക്ക് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ സഹായം ലഭ്യമാക്കണം.

2. ചിലവു കുറഞ്ഞ വീടു നിർമാണങ്ങളെക്കുറിച്ച് പരിശീലനവും പ്രചരണവും ഉണ്ടാകണം.

3. പഞ്ചായത്ത് തലത്തിൽ ഇത്തരം തൊഴിലാളികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകണം.

4. ഭൂരഹിതർക്കും ദുർബ്ബല വിഭാഗങ്ങൾക്കും വേണ്ടി പ്രത്യേക സ്ഥലങ്ങളും ഭവന നിർമാണ പദ്ധതികളും ഉണ്ടാവണം.

5. ദുർവ്യയത്തോടെ വീടു നിർമിക്കുന്നവർക്ക്

പ്രത്യേക നികുതി സംവിധാനം ഏർപ്പെടുത്തണം.

6. നികുതി കൊടുക്കാൻ അർഹതയുള് മുഴുവൻ വീടുകൾക്കും നികുതി ഏർപ്പെടുത്തണം.

7. ദുർബ്ബല വിഭാഗങ്ങൾക്ക് അറ്റകുറ്റപ്പണികൾക്ക് ധനസഹായം കൊടുക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം.

8. കൂടുതൽ പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ആസൂത്രിത കോളനികൾ ഉണ്ടാകണം.

9. ചെലവു കുറഞ്ഞ സാമഗ്രികൾ, വാർക്ക, ജനൽ, കട്ട്ള തുടങ്ങിയവ നിർമിക്കാനുള്ള വിദഗ്ധ തൊഴിലാളികളുണ്ട്. അവരെ ഫലപ്രദമായി സംഘടിപ്പിക്കണം.

**പ്രശ്നങ്ങൾ**

1. ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ച് തറ പണി, ചുമർ പൊക്കം എന്നിവ പൂർത്തിയാക്കിയതിന് ശേഷമാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ ഘട്ടത്തിനു വേണ്ട പണം മുൻകൂട്ടി നൽകുവാനുള്ള നടപടികൾ ഉണ്ടാകണം.

2. ഹരിജനങ്ങൾക്ക് ലഭിക്കുന്നത്പോലെ ഗ്രാന്റ് മറ്റു വിഭാഗങ്ങൾക്കും ലഭ്യമാക്കാൻ നടപടിയുണ്ടാവണം.

3. ഗൃഹനിർമാണ സാമഗ്രികൾ മിതമായ വിലക്ക് കിട്ടാവുന്നതും, സാങ്കേതിക വിദ്യകൾ നൽകുന്നതുമായ നിർമിതി കേന്ദ്രങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാവണം.

**ഭവന നിർമാണത്തെ സംബന്ധിക്കുന്ന വിവരം.**

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ 1990 മുതൽ 1996 വരെ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 62 | 7 | 1 | 6 | 62 |
| 2 | 156 | 5 | 2 | 3 | 156 |
| 3 | 106 | 7 | | | 129 |
| 4 | 130 | 7 | | | 230 |
| 5 | 166 | 10 | | | 98 |
| 6 | 195 | 10 | 6 | 4 | 195 |
| 7 | 194 | 4 | | | 194 |
| 8 | 156 | 7 | 3 | 4 | 156 |
| 9 | 111 | 7 | 1 | 6 | 111 |
| ആകെ | 1276 | 64 | 13 | 23 | 1331 |

# സംസ്കാരം

സംസ്കാരമെന്നാൽ കലയും സാഹിത്യവും മാത്രമല്ല. മനുഷ്യരുടെ ധാർമിക വിശ്വാസങ്ങളും മൂല്യ ബോധവും ആചാരാനാചാരങ്ങളും എല്ലാം ഇതിൽ ഉൾപ്പെടും. സമന്വയമായാലും, സംഘർഷമായാലും സമൂഹത്തെ ഘടിപ്പിച്ചു നിർത്തുന്നത് സംസ്കാരത്തിന്റെ കണ്ണികളാണ്. കുടുംബബന്ധങ്ങളായാലും ജാതിമത കെട്ടുപാടുകളായാലും അവയെല്ലാം സാംസ്കാരിക നൂലുകളാലാണ് ബന്ധിതമാക്കിയിരിക്കുന്നത്. മനുഷ്യസമൂഹത്തിന്റെ അനാദികാലം മുതൽക്കുതന്നെ സംസ്കാരം അതിന്റെ ഘടനയ്ക്ക് പ്രേരകമാവുകയും, പോഷകമായും വർത്തിച്ചിരുന്നു. മതത്തിന്റെ പേരിലായാലും മനുഷ്യരുടെ മനസ്സിൽ മാറ്റംവരുത്തി സാംസ്കാരിക പരിവർത്തനത്തിലൂടെ ലോകത്തെ നന്മയിലേക്കും, മേന്മയിലേക്കും നയിക്കാനാണ് ലോകോപകാരികളായ നവോത്ഥാന നായകരും മതപ്രവാചകരും ശ്രമിച്ചുപോന്നിട്ടുള്ളത്.

സംസ്കാരം മനുഷ്യരുടെ ജൈവവാസനകളെ സാമൂഹികപ്രചോദനങ്ങളാക്കി മാറ്റുകയും അവരെ കർത്തവ്യനിരതരാക്കി ജീവിത സാക്ഷാൽക്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

എടവിലങ്ങിന്റെ സാംസ്കാരിക പൈതൃകത്തിന് നൂറ്റാണ്ടുകാലത്തെ പഴക്കമാണുള്ളത്. കൊച്ചി രാജാക്കന്മാർ ഭരിച്ചിരുന്ന നമ്മുടെ പഞ്ചായത്ത്, കൊടുങ്ങല്ലൂർ കോവിലകത്തിന്റെ പരിലാളനമേറ്റാണ് വളർന്നത്. കുഞ്ഞുകുട്ട തമ്പുരാന്റെ കാലത്തുണ്ടായിരുന്ന സാഹിത്യ കലാ സാംസ്കാരിക രംഗത്ത് കൊടുങ്ങല്ലൂരിനുണ്ടായിരുന്ന പ്രശസ്തി അതി വിപുലമായിരുന്നു. 18 1/2 കവികളോളം പ്രമുഖരായ കവികൾ വാണിരുന്ന സ്ഥലമാകയാലാണിതിന്ന് പതിനെട്ടരയാളമെന്ന സ്ഥലനാമമുണ്ടായതെന്നും പഴമക്കാർ വിശ്വസിക്കുന്നു.

1895 ലാണ് കൊച്ചിൻ സർക്കാർ പതിനെട്ടരയാളം ലോവർപ്രൈമറി സ്കൂൾ സ്ഥാപിച്ചത്. 1964 ൽ ഹൈസ്കൂളായി ഉയർത്തുകയുണ്ടായി. തീരദേശമായ കാരയിൽ 1903 ലാണ് സെന്റാൽലാബർടിസിൽ സ്കൂൾ സ്ഥാപിതമായിത്. തീരപ്രദേശത്തെ മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കായി 1931ൽ ആരംഭിച്ച 5 ാം സ്റ്റാന്റേഡിലെത്തുന്ന ഇംഗ്ലീഷ് പ്രൈമറിസ്കൂളാണ് ഇന്നത്തെ ഗവ. ഫിഷറിസ്കൂൾ. ഇന്ന് 5 ാം തരം വരെയും ക്ലാസുകളുള്ള ഇതിന് സ്വന്തമായ സ്ഥലവും കെട്ടിടവുമുണ്ട്.

1953 മുതൽ 1959 വരെയുള്ള കാലഘട്ടത്തിൽ ഇവിടെ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന വായനശാലകളും കലാസമിതികളും നിലനിന്നിരുന്നു.

| | |
|---|---|
| കർഷകവായനശാല | – കാര |
| പുരോഗമന കലാസമിതി, | |
| പുരോഗമന വായനശാല | – കുഞ്ഞയിനി |
| കേരളകലാമന്ദിർ | – കുഞ്ഞയിനി |
| യുവജനകലാവേദി | – നടവരമ്പ് ചന്ത |
| സോഷ്യൽ ക്ലബ് | – കാതിയാളം |
| SNMAC | – കുഞ്ഞയിനി |
| ഗ്രാമീണ വായനശാല – പഞ്ചായത്തിന്റ കീഴിൽ | |
| ആശാൻ മെമ്മോറിയൽ | |
| ആർട്സ് ക്ലബ് | – പൊടിബസാർ |

ഇതിൽ ഗ്രാമീണ വായനശാല പഞ്ചായത്ത് വായനശാലയായും ആശാൻ മെമ്മോറിയൽ ആർട്സ് ക്ലബും രമഗത്തുണ്ട്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഏക ദേശം 20 ഓളം കലാസാംസ്കാരിക സംഘടനകൾ പ്രവർത്തിന്നുണ്ടെങ്കിലും ഇവയൊന്നിനും നമ്മുടെ സാംസ്കാരിക രംഗത്ത് ഏറെ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നില്ലായെന്നതാണ് പരമാർത്ഥം. ദൂരദർശന്റെയും കേബിൾ ടി.വി.യുടെയും അതിപ്രസരം നമ്മുടെ സാംസ്കാരികരംഗത്തെ മാന്ദ്യതക്ക് ഒരു കാരണമാ

കുന്നുണ്ട്. കലാവാസനയുള്ള ധാരാളം ചെറുപ്പക്കാരും മറ്റുള്ളവരും നമ്മുടെ പഞ്ചായത്തിലുണ്ട്. അവരെയെല്ലാം പ്രോത്സാഹിപ്പിച്ചുകൊണ്ട് നമ്മുടെ സാംസ്കാരികരംഗത്ത് ഒരു പുത്തൻ ഉണർവിന്റെ തുടക്കം കുറിക്കുവാൻ നമുക്ക് കഴിയണം.

നിരവധി ആരാധനാലയങ്ങൾ നമുക്കുണ്ട്. അവയെല്ലാംതന്നെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. നാനാജാതിമതസ്ഥർ ഇടതിങ്ങി പാർക്കുന്ന നമ്മുടെ പഞ്ചായത്തിൽ മതസൗഹാർദ്ദവും മതേതരത്വവും ശാന്തിപൂർവം നിലനിൽക്കുന്നു എന്നതുതന്നെ നമ്മുടെ സാംസ്കാരിക പൈതൃകത്തെ വിളിച്ചറിയിക്കുന്നു.

സ്വാതന്ത്ര്യത്തിന് ശേഷം ഇവിടുത്തെ ജനങ്ങളുടെ ജീവിതരീതിയിൽ വന്ന മാറ്റങ്ങൾ നിരവധിയാണ്. വിദ്യാഭ്യാസത്തിലും, ജീവിതനിലവാരത്തിലും, സാംസ്കാരികബോധത്തിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നു നമുക്കു കാണാൻ കഴിയും. വസ്ത്രധാരണത്തിലും ശുചിത്വത്തിലും നാം വളരെയേറെ മുൻപോട്ടു പോയിക്കഴിഞ്ഞു. ആധുനിക രീതിയിലുള്ള കുടുംബ നിയന്ത്രണങ്ങൾമൂലം ജനനനിരക്കിൽ സാരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

കായികസാംസ്കാരിക രംഗത്ത് പറയത്തക്ക മുന്നേറ്റങ്ങൾ യാതൊന്നുംതന്നെ ഉണ്ടായിട്ടില്ല. ആ രംഗത്തെ പരിപോഷിപ്പിക്കുന്നതിനായി കളിസ്ഥലങ്ങൾ, വോളീബാൾ കോർട്ടുകൾ, പരിശീലന കേന്ദ്രങ്ങൾ മുതലായവ ഇവിടെ ആരംഭിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വകയായുള്ള കളിസ്ഥലം മതിലുകെട്ടി സംരക്ഷിക്കുകയും, കലാപ്രതിഭകളെ വളർത്തുന്നതിനായി അവിടെ വിവിധങ്ങളായ കളികൾക്കും മറ്റും സൗകര്യം ഉണ്ടാക്കിയാൽ ഈ രംഗത്ത് നമുക്ക് നേട്ടങ്ങൾ കൈവരിക്കാം.

ജനകീയാസൂത്രണം, വേലയും കൂലിയും, ഭക്ഷണവും, വസ്ത്രവുമുൾപ്പെടെ ഭൗതിക നേട്ടങ്ങൾ ഉണ്ടാക്കുവാൻ മാത്രമുള്ള ഒന്നല്ല എന്നും, നവസംസ്കാരത്തെ പ്രചരിപ്പിക്കുവാനും സ്വാംശീകരിക്കുവാനും ഉള്ളതാണെന്നും മാത്രം മനസ്സിലാക്കിയാൽ പോര. ഈ ഭൗതിക നേട്ടങ്ങൾ ഉറപ്പിക്കുവാനുള്ള മനുഷ്യരുടെ മഹാശക്തി സ്വരൂപിക്കുവാനും അതിന്ന് ലക്ഷ്യബോധം നൽകാനും, നവീന സംസ്കാരവും അതിന്റെ ഘടകമായ നവീനമൂല്യബോധവും അത്യന്താപേക്ഷികമാണ്.

**പ്രശ്നങ്ങൾ**

* പഞ്ചായത്ത് ലൈബ്രറി സൗകര്യമുള്ള മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റി പ്രവർത്തനം കാര്യക്ഷമമാക്കണം.
* കലാ – സ്പോർട്സ് മേളകൾ സംഘടിപ്പിക്കണം.
* ടി.വി. ഇല്ലാത്ത മറ്റു പൊതുസ്ഥലങ്ങളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കണം.
* വനിതകൾക്ക് ലൈബ്രറിയും റീഡിങ്റൂമും ഉപയോഗിക്കുവാനുള്ള സൗകര്യമുണ്ടാക്കണം.
* ഒരു സാംസ്കാരിക നിലയം എല്ലാ സൗകര്യങ്ങളോടുംകൂടി നിർമ്മിക്കണം.
* കാരയിൽ ഒരു വായനശാല ഉണ്ടാക്കണം.
* യുവജനങ്ങളുടെ കലാകായിക വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലബുകളെ പ്രോത്സാഹിപ്പിക്കണം.
* അതിന്നായി പഞ്ചായത്ത് ബഡ്ജറ്റിൽ പ്രത്യേകം വക ഉൾക്കൊള്ളിക്കണം.

# വനിതാക്ഷേമം

കേരളത്തിലെ വികസനമാതൃകയുടെ ദൗർബ ല്യങ്ങളിലൊന്നായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് വിക സന പ്രക്രിയയിലെ കുറഞ്ഞ സ്ത്രീ പങ്കാളിത്തമാണ്. ഇത് മറികടക്കണമെങ്കിൽ ഇന്നു നടക്കുന്ന പ്രാദേ ശികാസൂത്രണ പ്രക്രിയയിലും, വികസന പ്രവർത്ത നങ്ങളിലും വൻതോതിൽ സ്ത്രീകളെ പങ്കെടുപ്പിക്കേ ണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ ജനസംഖ്യ 18,749 ആണ്. അതിൽ പകുതിയിലധികംവരുന്ന 9,790 പേരും സ്ത്രീകളാണ് ജനസംഖ്യയിൽ വനിതകൾ കൂടുത ലായതിനാൽ നമ്മുടെ പഞ്ചായത്ത് സ്ത്രീകൾ ഭരി ക്കണമെന്നാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. 9 വാർഡു കളിൽ 1, 6, 8 ഉം വാർഡുകൾ സ്ത്രീകൾക്കുവേണ്ടി യുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിന്നു രണ്ട് അംഗ ങ്ങളിൽ ഒന്നു സ്ത്രീകൾക്കായി സംവരണം ചെയ്തി രിക്കുകയാണ്. ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. സൈനബ അബൂബക്കർ, 6ൽ നിന്നും തെര ഞ്ഞെടുക്കപ്പെട്ട ശ്രീമതി. കത്രീനാ ജോസഫ്, 8ൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി. ഉമാവതി പ്രഭാ കരനും. ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് 4, 5, 7, 8, 9 എന്നീ വാർഡുകൾ ചേർന്ന വനിതാ സംവരണമണ്ഡ ലത്തിൽനിന്നും ശ്രീമതി. വസന്താ പുരുഷോത്തമനു മാണ് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ. ഗ്രാമസഭ യിലെ കണക്കുകൾ നോക്കിയാൽ സ്ത്രീകളുടെ പങ്കാളിത്തം ആശാവഹമായിരുന്നു. മൊത്തം 1,500 പേർ എല്ലാ ഗ്രാമസഭകളിലുമായി പങ്കെടുത്തതിൽ 600 ഉം സ്ത്രീകളായിരുന്നു. ഗ്രാമസഭകളിൽ പങ്കെടു ക്കുകമാത്രമല്ല അവരെല്ലാംതന്നെ നമ്മുടെ ജനകീയാ സൂത്രണ പ്രക്രിയയിൽ ആത്മാർത്ഥമായിത്തന്നെ പങ്കാളികളാവുകയും വികസനപ്രവർത്തനങ്ങളെക്കു റിച്ച് നടന്ന ചർച്ചകളിൽ സജീവമായി പങ്കെടുക്കു കയും ചെയ്തു. വനിതകൾ ഇനിയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വരേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ മുന്നേറ്റം കുറവല്ല. ആരോഗ്യപരമായും സ്ത്രീകൾ മുന്നോക്ക മാണ്. വിദ്യാഭ്യാസരംഗത്ത് പങ്കാളിത്തം ദുർബലവി ഭാഗങ്ങളിൽനിന്നും പട്ടികജാതിക്കാരിൽനിന്നും വളരെ കുറവാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഓ.പി. വിഭാഗത്തിൽ വിശകലനം ചെയ്തതിൽ കൂടു തൽ രോഗികൾ സ്ത്രീകളാണ്. ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസം ലഭിച്ചിട്ടും കുട്ടികളുടെ എണ്ണം കുറവാ യിട്ടും വരുമാനം ഉണ്ടാക്കുന്ന തൊഴിലുകളിൽ ഏർപ്പെടുന്നവർ കുറവാണ്. സ്ത്രീകൾ പായ നെയ്ത്ത്, തയ്യൽ, വീട്ടുജോലി, കയർനിർമ്മാണരംഗം, വീട്പണി, കൂലിപണികൾ എന്നിവയിൽ ഏർപ്പെടു ന്നവരാണ് കൂടുതൽ. ഇത്തരം മേഖലകളിലാണ് പണിയെടുക്കുന്നുള്ളതുകൊണ്ട് രോഗാദുരത കൂടു തലാണ്. തൊഴിൽരംഗത്ത് പരിശോധിക്കുമ്പോൾ, പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീതൊഴിലാളികളുടെ വേതനനിരക്ക് കുറവാണ്. സ്ത്രീകളിൽ തൊഴിലി ല്ലായ്മ പൊതുവെ രൂക്ഷമാണ്.

സ്ത്രീകൾ കുടുംബങ്ങളിലും സമൂഹങ്ങളിലും പീഡനങ്ങൾ അനുഭവിക്കുന്നുണ്ട്. സ്ത്രീകൾ പൊതുവെ കുട്ടികളെ പരിചരിക്കുക, പാചകം, ആടു മാടുകളെനോക്കുക, വിറക് ശേഖരിക്കുക തുടങ്ങിയ കാണാപണികളിൽ ഏർപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ട്. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുറെ വീടുകൾ ഇവിടയുണ്ട്. D.W.C.R.A യുടെ നേതൃത്വ ത്തിൽ നാല് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾ പൊതുരംഗത്തും സാമൂഹ്യരംഗത്തും കുറ വാണ്. സ്ത്രീകൾ പൊതുരംഗത്ത് വരുന്നതിന് കുടും ബങ്ങളിൽ നിന്നടക്കം നിരവധി എതിർപ്പുകളുണ്ട്. ബാലവാടികളുടെ പ്രവർത്തനം പൊതുവെ തൃപ്തി കരമല്ല. സ്ത്രീധനത്തിന്റെ പേരിൽ കുറച്ചൊക്കെ പീഡനങ്ങൾ നടക്കുന്നുണ്ട്. ചെറിയതോതിലെങ്കിലും സ്ത്രീകളുടെ നേരെയുള്ള അക്രമണങ്ങൾ ഉണ്ട്.

**പ്രശ്നങ്ങൾ**

1) സ്ത്രീകളുടെ രംഗത്ത് തൊഴിലില്ലായ്മ രൂക്ഷമാണ്.

2) തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനങ്ങൾ നിലനിൽക്കുന്നുണ്ട്.

3) പൊതുരംഗത്ത് സ്ത്രീകളുടെ പോരായ്മ.

4) വിവധരംഗങ്ങളിൽ പരിശീലനം ലഭിച്ച സ്ത്രീതൊഴിലാളികളുടെ എണ്ണം കുറവാണ്.

5) സ്ത്രീപീഢനം നിലനിൽക്കുന്നുണ്ട്.

6) അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും സ്ത്രീകളാണ് മുൻപന്തിയിൽ നിൽക്കുന്നത്.

7) സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ കുറവാണ്.

**സാധ്യതകൾ**

1. വനിതകൾക്ക് വേണ്ടി മാത്രമുള്ള പ്രത്യേക തൊഴിൽ സംരഭങ്ങൾക്ക് പഞ്ചായത്ത് മുൻകൈഎടുക്കണം.

2. D.W.C.R.A, വനിതാക്ഷേമ കോർപ്പറേഷൻ, ട്രൈസം പദ്ധതി തുടങ്ങിയ മേഖലകളിൽ നിന്ന് സാമ്പത്തികസഹായങ്ങൾ അടക്കമുള്ള നടപടികൾ ഉണ്ടാവാൻ പഞ്ചായത്ത് നേതൃത്വത്തിൽ സമിതി ഉണ്ടാവണം.

3. പൂകൃഷി, കോഴിവളർത്തൽ, തുന്നൽപണി, തഴപ്പായവ്യവസായം, സിമന്റ് കട്ട നിർമാണം, മെഴുകുതിരി, സോപ്പുനിർമ്മാണം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള കുടിൽ വ്യവസായങ്ങൾ ഉണ്ടാവണം.

4. വനിതാ സഹകരണസംഘം രൂപീകരിച്ച് തഴപ്പായ തൊഴിലാളികളെ സഹായിക്കണം.

5. അർഹരായ മുഴുവൻ പേർക്കും വിവിധ പെൻഷൻ പദ്ധതികൾ അനുവദിക്കാൻ നടപടിഉണ്ടാവണം.

6. സ്ത്രീകൾക്കായി പ്രത്യേക പരിശീലന കേന്ദ്രങ്ങൾ ഉണ്ടാവണം.

7. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം ഉണ്ടാവണം.

8. ബാലവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

9. നിലവിലുള്ള ബാലവാടികളും ഫീഡിങ്ങ് സെന്ററുകളും അംഗൻവാടികളാക്കണം. അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണം.

10 വിധവകളായ സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന ഉണ്ടാവണം.

11. സ്ത്രീപുരുഷ സമത്വ ബോധം ഉണ്ടാക്കാനുള്ള വിദ്യാഭ്യാസ നടപടികൾ ഉണ്ടാക്കണം.

12. കുട്ടികളെയും വൃദ്ധജനങ്ങളേയും പരിചരിക്കാൻ തൊഴിൽ ബന്ധിത സേവനമേഖലയായി വികസിപ്പിക്കാവുന്നതാണ്. ഇതിനായി സൊസൈറ്റിരൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ വനിതകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

# സഹകരണം

**ആമുഖം**

എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ മാത്രം പ്രവർത്തിക്കുന്ന സഹകരണരംഗത്തെ ഏകസ്ഥാപനമാണ്. "എടവിലങ്ങ് സർവീസ്ഹകരണസംഘം ബാങ്ക്." 1954 ൽ പ്രവർത്തനമാരംഭിച്ച ഇതിൽ ഇപ്പോൾ 5,553 അംഗങ്ങളുണ്ട്. കാർഷികവായ്പകൾ, ഗോൾഡ്ലോൺ, സെൽഫ് എംബ്ലോയ്മെന്റ് വായ്പകൾ, മൈനർ ഇറിഗേഷനാവശ്യമായ വായ്പകൾ എന്നിവ ബാങ്കുവഴി കൊടുക്കുന്നുണ്ട. എന്നാൽ ഇത് കൂടുതൽ കുടംബാംഗങ്ങൾക്ക് വായ്പലഭിക്കത്ത വിധം സാമ്പത്തിക പദ്ധതികൾ ഉണ്ടാക്കണം. കാര സെന്ററിൽ ഒരുബ്രഞ്ച് തുറന്നു പ്രവർത്തിക്കുകയും കൂടുതൽ ഡെപ്പോസിറ്റ് സമാഹരിച്ചുകൊണ്ടും ജില്ലാ ബങ്കിന്റെ ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ടും കൂടുതൽ കൂടുതൽ കുടുംബങ്ങൾക്ക് വായ്പലഭിക്കാനുള്ള സാഹചര്യങ്ങൾക്ക് രൂപം നൽകേണ്ടിയിരിക്കുന്നു. ഇപ്പോൾ ബാങ്കിന് 80 ലക്ഷം രൂപയോളം ഡെപ്പോസിറ്റ് ഉണ്ട്. കാർഷിക ഹ്രസ്വകാല വായ്പ 1,9,4472 രൂപയും IRDP. 5, 47274 രൂപയും സാധാരണ ലോൺ O.L.32,79,128 രൂപയും മൈനർ ഇറിഗേഷൻ ലോൺ 15, 42529 രൂപയും മുതലായവയാണ് സംഖ്യകൾ. താഴ്ന്ന വരുമാനമുള്ളവർക്ക് സ്വന്തമായി വീടുണ്ടാക്കുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിനും ഉള്ള വായ്പകളും കൊടുക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തണം.

രണ്ട് മിൽമാ സഹകരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 4,5,6 വാർഡികളിലായി കുഞ്ഞയനി കേന്ദ്രമായി ഒന്നും. 7,8,9 വാർഡുകൾക്കായി പതിനെട്ടരയാളം കേന്ദ്രമായി മറ്റൊന്നും പ്രവർത്തിക്കുന്നു. ഇവിടെ നിന്നും 525 ലിറ്റർ പല് പുറത്തേക്കയക്കുകയും 150 ലിറ്ററോളം ഇവിടെ തന്നെ വിറ്റഴിക്കുകയും ചെയ്യുന്നു. കൂടുതൽ പാൽ സംഭരിക്കുന്നതിന് ക്ഷീരകർഷകന് ആവശ്യമായ സാമ്പത്തിക സഹായവും കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റും ലഭ്യമാക്കുന്നതിനായി സമ്പസിഡിയും മറ്റാനുകുല്യങ്ങളും അവർക്ക് ലഭ്യമാക്കണം. അതുപോലെ തീറ്റക്കായി നല്ലയിനം പുല്ല് വെച്ചുപിടിപ്പിച്ച ചുരുങ്ങിയ വിലക്ക് അവ നൽകുന്നതിന്നും സാധിക്കണം. 1,2,3, വർഡുകളിൽ ക്ഷീരസംഘങ്ങൾ ഇല്ല. മിൽമയുമായി ബന്ധപ്പെട്ട് അവിടെ കൂടി സഹകരണസംഘം ഉണ്ടാക്കണം. അതുവഴി ആ വാർഡുകളിലെ ക്ഷീരകർഷകർക്കും മറ്റു ആവശ്യക്കാർക്കും പാൽ ലഭ്യമാക്കുവാൻ കഴിയും.

ഏറ്റവും കൂടുതൽ തഴപ്പായ നെയ്യുന്ന വനിതകൾ ഈ പഞ്ചായത്തിലാണ് ഉള്ളത്. ഇത് ഒരു ഉപജീവനമാർഗ്ഗവും നമ്മുടെ പഞ്ചായത്തിന്ന് വരുമാനമാർഗ്ഗവുമാണ്. ഈ രംഗത്ത് നമ്മുടേതായ സഹകരണസംഘങ്ങൾ നിലവിലില്ല. 7–ാം വാർഡ്കേന്ദ്രീകരിച്ച് ഒരു തഴപ്പായ സഹകരണസംഘം മുൻപുണ്ടായിരുന്നു. അത് ഇപ്പോൾ പ്രവർത്തനം ഇല്ലാതായിരിക്കുകയാണ്. പഞ്ചായത്ത് ഭരണസമിതി വഴി ആസംഘം പ്രവർത്തനയോഗ്യമാക്കിയെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.


നമ്മുടെ തീരപ്രദേശമായ 1,2,3 വാർഡുകളിൽ പണ്ടുകാലത്ത് നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കയർ വ്യവസായം വളരെ ആളുകൾക്ക് ജോലി നൽകിയിരുന്ന ഒരു മേഖലയായിരുന്നു. കയർ വ്യവസായത്തിന്റെ തകർച്ച ഈ രംഗത്ത് നിരവധി ആളുകൾക്ക് ജോലിയില്ലാതാവുകയും പ്രത്യേകിച്ച് കൂടുതൽ വനിതകൾക്ക് തൊഴിൽ സാദ്ധ്യതകളുണ്ടായിരുന്ന ഈ വ്യവസായം ഇന്ന് നാമമാത്രമായിത്തീരുകയും ചെയ്തു. ഏകദേശം ഇരുപത് കൂടുകളിലായി നൂറിൽത്താഴെ മാത്രം തൊഴിലാളികളാണ് ഇന്ന് ഈ മേഖലയിൽ തൊഴിലെടുക്കുന്നത്. അവർക്ക തന്നെ സ്ഥിരമായി തൊഴിലില്ല. ഈ മേഖലയിൽ തൊഴിലാളികളെ കൂടി പങ്കാളികളാക്കി ഒരു കയർ സഹകരണസംഘം ആരംഭിക്കുകയും കയർ ഉപയോഗിച്ച് നിരവധി കരകൗശല സാധനങ്ങളും ചവുട്ടി, കയറ്റുപായ മുതലായവ നിർമിച്ച് വിപണന രംഗത്തേക്ക് എത്തിക്കുകയും പച്ചമടൽ അടിച്ച് ചകി

യോഗിച്ചുകൊണ്ടും ഈ രംഗം സജീവമാക്കുവാനും കയർ വ്യവസായം പുനരുദ്ധീകരിക്കാനും വേണ്ട നടപടികൾ ഉടനെ ആരംഭിക്കേണ്ടതാണ്.

ഗ്രാമസഭകളിൽ ഏറ്റവും അധികം ഉയർന്നു കേട്ട ആവശ്യം നമ്മുടെ പഞ്ചായത്തിൽ രു വനിതാ സഹകരണസംഘത്തിന്റെ ആവശ്യത്തെക്കുറിച്ചാണ്. വനിതാ സഹകരണസംഘം വഴി റെഡ്മെയ്ഡ് വസ്ത്രനിർമാണം, സിമന്റുകട്ട, തീപ്പെട്ടിക്കൊള്ളി, മെഴുകുതിരി, സോപ്പ്, പഴസത്ത് ഉപയോഗിച്ച് സ്ക്വാഷ്, ജാം, മസാലപ്പൊടി, പലഹാരപ്പൊടികൾ മുതലായവ നിർമ്മിച്ച് വിപണനം നടത്തുവാൻ കഴിയും. അതിനുള്ള സാദ്ധ്യതയും ഏറെയാണ്. ഇന്നുള്ള ചെറിയസംഘങ്ങളെ ഏകീകരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏകീകൃതമായൊരു സഹകരണസംഘം ഉണ്ടാക്കണം.

മത്സ്യത്തൊഴിലാഴിയുമായി ഇവിടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമസഹകരണസംഘം ഉണ്ട്. ഏകദേശം 500 ൽ ത്താഴെ അംഗങ്ങൾ ഉണ്ട്. സംഘത്തിന് ഗവർമെണ്ടുഗ്രാന്റായി 30,000 രൂപയും N.C.D.C.വഴി 5,25000 രൂപയും വായ്പയായി ലഭിക്കുന്നുണ്ട്. തയ്യൽ മെഷിൻ സൈക്കിൾ മത്സ്യത്തൊഴിലുമായി ബന്ധപ്പെട്ട മറ്റുവായ്പകൾ, തഴപ്പായ നെയ്ത്തിനുവേണ്ട വായ്പകൾ എന്നിവ നൽകിവരുന്നു. ഗവർമെണ്ടുമായി ആലോചിച്ച് കൂടുതൽ ഗ്രാന്റും മറ്റുവായപകളും സംഘത്തിന് ലഭിക്കുകയാണെങ്കിൽ കൂടുതൽ കുടുംബാംഗങ്ങൾക്ക് പ്രയോജനകരമായി വായ്പകൾ നൽകുവാൻ കഴിയും. അതുപോലെ ഏറിയാട് അഴിക്കോട്, മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളിലൂടെ എടവിലങ്ങ് ഭാഗത്തുള്ളവർക്കു കൂടുതൽ ലോൺ നൽകുവാനും ശ്രമിക്കുകയാണെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് അതൊരു സഹായമായിരിക്കും.

എടവിലങ്ങ് ഹൈസ്ക്കൂളിൽ കുട്ടികളുടെ ഒരു സഹകരണസംഘം ഉണ്ട്. അത് വിപുലീകരിച്ച് ഈ പ്രദേശത്തുള്ള കുട്ടികളുടെ ആവശ്യത്തിനായി നോട്ടുബുക്കുകൾ നിർമ്മിക്കുന്നതിനായി ശ്രമങ്ങൾ നടത്താം. ഗവർമെണ്ടുകോട്ടയിൽ കുറഞ്ഞ വിലക്ക് കടലാസു ലഭ്യമാകുവാൻ പഞ്ചായത്തുലത്തിൽ ശ്രമിക്കുകയും ചെയ്യണം. നോട്ടുബുക്ക് നിർമ്മാണത്തിനാവശ്യമായ ചെറിയതോതിലുള്ള കട്ടിംഗ് മെഷിനുകൾ വാങ്ങുകയും മറ്റുപകരണങ്ങൾ വാങ്ങുകയും ചെയ്യണം. വനിതാ സഹകരണസംഘങ്ങളെയും ഇതിൽ ഉൾപ്പെടുത്തിക്കൊണ്ട് അവർക്കും കൂടുതൽ തൊഴിൽ സംരംഭങ്ങളും ലഭിക്കുവാൻ കൂടി കഴിയുമാറാകണം. കുറഞ്ഞവിലക്ക് നോട്ടുബുക്കുകൾ നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്ക് ഇതുവഴിലഭ്യമാകും.



എടവിലങ്ങ് സർവീസ് സഹകരണ ബാങ്ക്

കൊടുങ്ങല്ലൂരിൽ മുഴുവനായി പ്രവർത്തിക്കുന്ന ഹൗസിംഗ് സഹകരണസംഘം, കാർഷികവികസന ബാങ്ക്, T.D.C.ബാങ്ക് എന്നിവവഴി നമ്മുടെ പഞ്ചായത്തിൽ വീടുവക്കുന്നതിനും., സ്ഥലം വാങ്ങുന്നതിനും ഇപ്പോൾ ലോൺ കിട്ടുന്നുണ്ട്. പതിനേഴുപേർക്കായി 10 ലക്ഷത്തിൽപ്പരം രൂപ ഇപ്പോൾ ലോണായി നൽകിയിട്ടുണ്ട്. TDC ബാങ്ക് 22 ലക്ഷവും കാർഷികവികസന ബാങ്ക് 15 ലക്ഷവും ലോണുകളായി ഇവിടത്തുക്കാർക്ക വീടുപണിക്കായി നൽകിയിട്ടുണ്ട്. ഈ സഹായങ്ങൾ നമ്മുടെ പഞ്ചായത്തിൽ കൂടുതൽ വ്യക്തികൾക്ക് ലഭിക്കത്തക്കവിധത്തിൽ ഏകീകരിച്ച് ഈ രംഗം കൂടുതൽ പേർക്ക് സഹായകരമാക്കും

ടൗൺബാങ്കിന്റെ ബ്രാഞ്ചുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്, ഇതിൽ ഇവിടത്തെ ജനങ്ങൾക്ക് കൂടുതൽ മെമ്പർഷിപ്പും കൂടുതൽ ലോൺ നൽകുവാനും ശ്രമങ്ങൾ നടത്തണം. IRDP വായ്പകൾ ഈ ബാങ്കുവഴി ലഭിക്കുന്നതിനായി വേണ്ടതു ചെയ്യണം. കാർഷിക മേഖലയിൽ കൂടുതൽ ലോൺ ജനങ്ങൾക്കു നൽകുന്നതിനായി ബാങ്കിനെ കൺട്രോൾ ചെയ്യുന്ന റിസർവുബാങ്കിനോടും ആവശ്യപ്പെടുവാൻ നടപടിയുണ്ടാകണം.

ധനലക്ഷ്മി ബാങ്കിന്റെ ഒരു ശാഖ എടവിലങ്ങ് ചന്തയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കിനോടും ഇവിടെത്ത കർഷകർക്കായ ചുരുങ്ങിയ പലിശക്ക് ലോൺ നൽകുന്നതിനായി അഭ്യർത്ഥിക്കണം.

**അനുബന്ധം 13**

**സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ**

I 1) സ്ഥാപനത്തിന്റെ പേര് – എടവിലങ്ങ് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 3468.

2) പ്രവർത്തന പരിധി – എടവിലങ്ങ് വില്ലേജ്.

3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് – ക്രെഡിറ്റ്

4) പ്രവർത്തനം ആരംഭിച്ച വർഷം 16 – 11 – 1954

5) ആകെ അംഗങ്ങൾ – 5513

6) ഒരു ഓഹരിയുടെ വില – 10 ക

7) അംഗീകൃത ഓഹരി മൂലധനം – 307500–

8) പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം – 592205

9) സർക്കാർ ഓഹരിയുണ്ടോ – ഉണ്ട്

10) ഉണ്ടെങ്കിൽ ലഭിച്ച തുക – Rs.120500 /– (One Lakh twenty thousand five hundred)

11) പരമാവധി കടം എടുക്കാവുന്ന തുക – പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം + റിസർവ്ഫണ്ട് x 35

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം – 5773382.70

b) ഹ്രസ്വകാലം 1422476. 28

GT 7195858.98

III നൽകിയിട്ടുള്ള വായ്പകൾ 1–7–95 to 30 – 6 – 96

a) കാർഷിക വായ്പകൾ

1. ഇനം തുക

2. കാർഷിക ഹ്രസ്വകാല വായ്പ Rs. 1565630 –

b) മറ്റ് വായ്പകൾ

1. ഇനം തുക

2. സാധാരണ വായ്പ Rs. 1670575

3. ഐ.ആർ.ഡി.പി. വായ്പ 268272

c) പ്രത്യേക വായ്പകൾ

1. ഇനം തുക

2. സെൽഫ് എംപ്ലോയ്മെന്റ് Rs. 10,000

3, മൈനർ ഇറിഗേഷൻ (എം.ടി) 4670

GT. 3519147

എടവിലങ്ങ് area യിൽനിന്ന് വായ്പ എടുക്കുന്നവരുടെ വിവരങ്ങൾ

31. 3. 95ന് മുമ്പ് എടുത്ത വായ്പ ബാക്കി നിൽക്കുന്നത് എണ്ണം. തുക 18 726000

1.4.95 to 31. 3. 96 വരെ 17 10,07,000

1.4.96ന് ശേഷം ഇതുവരെ 4 3,46,000

**ക്ഷീര സഹകരണസംഘം (ആപ്കോസ് ഉൾപ്പെടെ)**

എടവിലങ്ങ് ക്ഷീരോല്പാദക സഹകരണ സംഘം

മൊത്തം ശേഖരിക്കുന്ന പാൽ –320 ലിറ്റർ

പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് – 20 ലിറ്റർ

പുറത്തേക്ക് അയക്കുന്നത് –300ലിറ്റർ

പതിനെട്ടരയാളം ക്ഷീരസഹകരണസംഘം.

മൊത്തം ശേഖരിക്കുന്ന പാൽ -350 ലിറ്റർ

പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് - 1225ലിറ്റർ

പുറത്തേക്ക് അയക്കുന്നത് -225 ലിറ്റർ

**സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ**

തൃശൂർ ജില്ലാ സഹകരണബാങ്ക് കാർഷിക വായ്പ, OD, ഐയആർ.ഡി.പി. etc. 2232598 രൂപ

**നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ**

| വായ്പാസ്ഥലം | തുക |
|---|---|
| 1, കാർഷിക വായ്പ | 449395- |
| 2. ഐ.ആർ.ഡി.പി. | 118127 - |
| 3. സാധാരണ വായ്പ | 306703 - |
| 4. ഹൗസ് ലോൺ | 30034- |
| 5. ഗോൾഡ് ലോൺ | 255631- |
| | 1159890 |

സ്ഥാപനത്തിന്റെ ചെലവുകൾ

| | |
|---|---|
| Establishment charges | 202512 |
| Contingennoies | 3128/80 |

**വായ്പ സഹകരണസംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ**

1. വായ്പാ വിതരണം
2. ഡെപ്പോസിറ്റ്
3. വളം കൺസ്യൂമർ
4. ചിട്ടി.

**ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിന്റെ എല്ലാ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ഏക സ്വരത്തിലുള്ള അഭിപ്രായം, ഈ പഞ്ചായത്തിലെ നിരവധി സ്ത്രീകൾ തൊഴിൽ ചെയ്യുന്ന തഴപ്പായ നെയ്ത്തുകാരെ സഹായിക്കുന്നതിന്നും ആ വ്യവസായം കൂടുതൽ അഭിവൃദ്ധി പ്രാപിക്കുന്നതിന്നും ഒരു തഴപ്പായ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിക്കണം എന്നാണ്.

2. പഞ്ചായത്തിന്റെ രണ്ട് വലിയ ജലനിർഗ്ഗമന മാർഗ്ഗങ്ങളായ തോടുകളുടെ ഇരു കരകളും ഗവർമെണ്ട് അക്വയർ ചെയ്തിട്ടുണ്ട്. അവിടെയെല്ലാം കൈതകൃഷി, സഹകരണസംഘം വഴി പഞ്ചായത്തിന്റെ അനുമതിയോടെ നടത്തുന്നതിനായി ഗവർമ്മെണ്ടിൽ സമ്മർദം ചെലുത്തി കൈതകൃഷിയെ പ്രോത്സാഹിപ്പിക്കണം.

3. ചിരട്ട, കൊതുമ്പ്, ഈർക്കിലി മുതലായവ ഉപയോഗിച്ച് കരകൗശല സാമഗ്രികളുടെ നിർമ്മാണവും, ഈർക്കിൽ ഉപയോഗിച്ച് വൻതോതിൽ ചൂലു നിർമ്മാണവും, തുണികൾ ഉപയോഗിച്ച് ഒരു ഗാർമെന്റ് നിർമ്മാണവും വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം കൊടുത്തുകൊണ്ട് ഒരു സഹകരണ സംഘം രൂപീകരിക്കണം.

4. സിമന്റ് ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിന്നാവശ്യമായ സിമന്റ് കട്ടകൾ, കട്ടില, ജനലുകൾ, ഗൃഹ നിർമ്മാണ അലങ്കാര വസ്തുക്കൾ മുതലായവ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന്നായി ഒരു സഹകരണസംഘം സ്ഥാപിക്കണം.

5. അരി ഉപയോഗിച്ച് പലഹാരങ്ങൾക്കാവശ്യമായ അരിപ്പൊടി, മസാലപ്പൊടികൾ, കറിപൗഡറുകൾ മതലായവ ഉണ്ടാക്കുന്നതിന്നും, വിപണനത്തിന്നുമായി ഒരു സഹകരണസംഘം ഉണ്ടാക്കണം.

6. തീപ്പട്ടിക്കൊള്ളി, മെഴുകുതിരി, സോപ്പ്, നീലം മുതലായവ നിർമ്മിക്കുന്നതിന്നും സൗകര്യങ്ങൾ ഉണ്ടാക്കണം.

7. കയർ മേഖലയിൽ കൂടുതൽ തൊഴിൽ സാദ്ധ്യതകൾക്കായി ചവുട്ടി, കയറ്റുപായ, ബ്രഷുകൾ മുതലായവ നിർമ്മിക്കുന്നതിന്നും, വൻതോതിൽ കയർ ഉല്പാദിപ്പിക്കുന്നതിന്നും വനിതകൾക്ക് കൂടുതൽ പങ്കാളിത്തം നല്കിക്കൊണ്ട് ഒരു സഹകരണസംഘം സ്ഥാപിക്കണം.

8. സഹകരണസംഘം വഴി കുക്കിങ് ഗ്യാസ് വിതരണത്തിന്നായി ഓയിൽ കോർപ്പറേഷൻനുമായി ബന്ധപ്പെട്ടുകൊണ്ട് അതു നമ്മുടെ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുന്നതിന്നായി പഞ്ചായത്തു വഴി മുൻകൈയെടുക്കണം. ഇന്ന് ഗ്യാസ് ലഭിക്കുന്നതിന്നായി കൊടുങ്ങല്ലൂരിലുള്ള സ്ഥാപനത്തെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. അത് ജനങ്ങൾക്ക് ഏറെ അസൗകര്യങ്ങളും, സാമ്പത്തിക നഷ്ടവും വരുത്തുന്നു. അതിന്ന് ഉടനടി പരിഹാരമുണ്ടാകണം.

9. മാവേലിസ്റ്റോറുകൾ മറ്റു പഞ്ചായത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിലും മാവേലിസ്റ്റോർ ആരംഭിക്കുന്നതിന്നായി ശ്രമിച്ചാൽ വിലക്കയറ്റംകൊണ്ട് വലയുന്ന ഗ്രാമീണ ജനങ്ങൾക്ക് അതൊരു വലിയ അനുഗ്രഹമായിരിക്കും.

10. സർവ്വീസ് സഹകരണ ബാങ്കിൽ നിർദ്ധനരായവർക്ക് അംഗത്വം നൽകുന്നതിന്നുവേണ്ട നടപടികളുണ്ടാക്കണം. അംഗത്വം എല്ലാവർക്കും ഉദാരമാക്കണം.

11. തയ്യൽ പരിശീലനം നേടിയ പെൺകുട്ടികൾക്ക് തയ്യൽ മെഷിൻ സഹകരണസംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ കൊടുക്കുവാൻ പദ്ധതിയുണ്ടാക്കണം.

12. ബേക്കറി ബിസിനസ്സിന് നമ്മുടെ പഞ്ചായത്തിൽ സാധ്യതകൾ ഏറെയുണ്ട്. വനിതാ സഹകരണസംഘം വഴി ഇത് ആരംഭിക്കാവുന്നതാണ്. അതിന്നായി വിദഗ്ധപരിശീലനം താല്പര്യമുള്ളവർക്ക് നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

# പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം

നമ്മുടെ പഞ്ചായത്തിലെ വിവിധ കോളനികളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പതിനാറ് വർഷം കഴിഞ്ഞിട്ടും പട്ടയം ലഭിച്ചിട്ടില്ല. സ്വന്തമായി ഒരു വീടും പുരയിടവും ലഭിച്ചിട്ടുപോലും അവർ മാനസികമായി പീഡനം അനുഭവിക്കുകയാണ്. സ്വന്തം പേരിൽ ഒരുതുണ്ട് ഭൂമിലഭിക്കുക എന്നത് മനുഷ്യന്റെ ഒരു അടിസ്ഥാന ആഗ്രഹമാണ്. അതു നടക്കുമോ ഇല്ലയോ എന്ന് സംശയിക്കുന്നതാണ് പട്ടയം കിട്ടാത്ത ഭൂരിഭാഗവും.

എട്ടാം വാർഡിൽ പെരുതോട് റോഡിനു വടക്കുഭാഗത്തായി ധാരാളം ഹരിജനങ്ങൾ തിങ്ങിപാർക്കുന്നുണ്ട്. പഞ്ചായത്തുകളിൽ വിവിധ കോളനികളിലും മറ്റു സ്ഥലങ്ങളിലും ഭൂമിയും വീടുമില്ലാതെ ഒറ്റപ്പെട്ട് കഴിയുന്ന പട്ടികജാതിക്കാരെ ഒന്നിച്ചു ചേർത്തുകൊണ്ട് ഒരു പട്ടികജാതി കോളനികൂടി എട്ടാം വാർഡിൽ സ്ഥാപിക്കുക. ഹരിജനങ്ങൾ താമസിക്കുന്ന കോളനികളിൽ വൈദ്യുതി ഇന്നൊരു മരീചികയാണ്. അതിനു ശാശ്വതമായ പരിഹാരം ഉണ്ടാകണം. പട്ടികജാതിക്കാരുടെ സ്ഥിരമായ തൊഴിലുകൾ ഇന്ന് അന്യമായിരിക്കുകയാണ്. ഉദാ: തെങ്ങ് കയറ്റം, കൈക്കോട്ട് പണി എന്നിവയ്ക്ക് തൊഴിലാളികളെ കിട്ടാൻ പ്രയാസമാണ് നമ്മുടെ പഞ്ചായത്തുകളിൽ. ആയതിനാൽ പട്ടികജാതി ഉൾപ്പെടെയുള്ള മറ്റു ആളുകൾക്കും പരിശീലനം നല്കി ആ രംഗത്ത് മാന്ദ്യത അവസാനിപ്പിക്കാൻ ശ്രമം ഉണ്ടാകണം.

മൊത്തത്തിന് പട്ടികജാതിക്കാരുടെ കോളനികളിൽ ശുചിത്വത്തെക്കുറിച്ച് നല്ല രീതിയിൽ ബോധവൽക്കണം നടത്തണം.

പട്ടികജാതികാരുടെ സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ചെറുകിട കുടിൽവ്യവസായ യൂണിറ്റുകൾ, അവരുടെ പങ്കാളിത്വത്തോടെ ആരംഭിക്കണം.

സഹകരണ മേഖലകളിൽനിന്നും ലഭിക്കുന്ന ലോണുകൾക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകണം. പൊതുവായി ഇവരുടെ ക്ഷേമത്തിനായി മുൻതൂക്കം നൽകിക്കൊണ്ട് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് അവരുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

പൊതുവെ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം താരതമ്യേന കുറവാണ്. പലരും വിദ്യാഭ്യാസ ആനുകൂല്യങ്ങളടക്കം ശരിയാംവണ്ണം ഉപയോഗിക്കുന്നില്ല. ഈ പഞ്ചായത്തിലാകെ 190 കുട്ടികൾ ഈ വിഭാഗത്തിൽ വിദ്യാഭ്യാസംചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ ഒരു ഹരിജൻ കോളനിയാണുള്ളത്. 21 വീടുകളുള്ളതിൽ 2 എണ്ണം വെച്ചുകെട്ടിയതാണ്. 2 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. 60ാം കോളനിയിൽ. 15 വീടുകൾ പട്ടികജാതിക്കാരുടേതായുണ്ട്. 35ാം കോളനിയിൽ 11 കുടുംബങ്ങളും ഇതിൽ 3 കുടുംബങ്ങൾ റോഡിന്റെ സ്ഥലം കയ്യേറിപാർക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**

1. പട്ടികജാതി – പട്ടികവർഗ്ഗ വീടുകൾക്ക് അടിസ്ഥാന സൗകര്യം ഇല്ല. അവയ്ക്ക് പരിഹാരം വേണം.

2. പുതിയ വീടുകൾ ഉണ്ടാക്കുന്നതിന് ധനസഹായം 30,000/= ആക്കണം.

3. ഈ വിഭാഗങ്ങളിൽ തൊഴിൽ പരിശീലനം ലഭിക്കാൻ നടപടി വേണം.

4. കോളനികൾ അല്ലാതെ ഹരിജനങ്ങൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ കോളനികൾ അനുവദിക്കണം.

5. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വീടുകളില്ലാത്തവരെ യോജിപ്പിച്ചുകൊണ്ട് പട്ടികജാതി കോളനികളുണ്ടാക്കുക. ഇതിനുവേണ്ട സ്ഥലം കണ്ടെത്തുക.

6. പട്ടികജാതി – പട്ടികവർഗ്ഗ വീടുകളുടെ അറ്റകുറ്റപണികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

7. ഇവർക്ക് കൃഷിഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുക.

8. 2ാം വാർഡിലെ പട്ടികജാതി കോളനിയിലെ ഉപയോഗശൂന്യമായ കിണർ പൊളിച്ചുകളയുകയും സാംസ്കാരിക കേന്ദ്രം പണിയികും ചെയ്യുക.

9. ഹരിജൻ കോളനിയിൽ ബാലവാടി സ്ഥാപിക്കുക.

10. ഈ വിഭാഗക്കാരുടെ വിദ്യാഭ്യാസം ഹൈസ്ക്കൂൾ തലത്തിൽ നിന്നു പോകുന്ന സ്ഥിതിയുണ്ട്. അതിന് ഒരു പരിഹാരം ഉണ്ടാകണം.

11. പഞ്ചായത്തിൽ ഈ വിഭാഗക്കാർക്കുവേണ്ടി പ്രത്യക ട്യൂഷൻ ഏർപ്പെടുത്താൻ നടപടിയുണ്ടാകണം.

12. പഞ്ചായത്തിലെ വിവിധ മേഖലകൾ കണ്ടെത്തി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം.

13. ബാങ്കുകളിൽ ധനസഹായത്തിന് സമീപിക്കുന്ന ഹരിജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടാകണം.

14. ഹരിജൻ കോളനിക്ക് സമീപമുള്ള കള്ളുഷാപ്പുകൾ നിർത്തലാക്കാൻ നടപടികൾ വേണം.

15. ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടപ്പിലാക്കാൻ പഞ്ചായത്തുതലത്തിൽ പട്ടികജാതി ഓഫീസ് സ്ഥാപിക്കുക.

16. തെങ്ങിൽനിന്ന് വീണ് അപകടം പറ്റുന്നവർക്ക് അപകടത്തിന്റെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് വേണ്ട അടിയന്തിര സഹായം കൊടുക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

17. എല്ലാ പട്ടികജാതി – പട്ടികവർഗ്ഗക്കാർക്ക് ഇൻഷൂറൻസ് ഏർപ്പെടുത്തുക.

പണിയുന്ന വീടുകൾക്ക് ഉറപ്പ് വരുത്തുന്നതിനാവശ്യമായ വിദഗ്ധ പരിശോധന വേണം.

ഹൗസിങ് സൊസൈറ്റിയോ, സഹകരണ സംഘം വഴിയോ, നബാർഡ് വഴിയോ സഹായമെത്തിക്കാനുള്ള നടപടികൾ ഉണ്ടാക്കണം.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ പട്ടികജാതി – പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിന് വേണ്ടി പട്ടികജാതി – പട്ടികവർഗ്ഗം (ഭവന നിർമ്മാണത്തിനു വേണ്ടി) സഹകരണസംഘം സ്ഥാപിക്കുക.

2. പഞ്ചായത്തിലെ പട്ടികജാതി – പട്ടികവർഗ്ഗക്കാരുടെ വീടുകൾ സൗജന്യമായി വയറിങ് ചെയ്തുകൊടുക്കുക.

3. പട്ടികജാതി – പട്ടികവർഗ്ഗക്കാരുടെ പുതിയ വീടുകൾ ഉണ്ടാക്കുന്നതിന് 30,000 രൂപയായി ഉയർത്തുക.

4. പട്ടികജാതി – പട്ടികവർഗ്ഗക്കാരുടെ വനിതകൾ തൊഴിൽ പരിശീലന കേന്ദ്രം പഞ്ചായത്തുതലത്തിൽ അനുവദിക്കുക.

5. പഞ്ചായത്തിൽ പട്ടികജാതി – പട്ടികവർഗ്ഗ കോളനി അല്ലെങ്കിലും ഇവർ താമസിക്കുന്ന പ്രദേശങ്ങളെ പട്ടികജാതി – പട്ടികവർഗ്ഗ കോളനിയായി അംഗീകരിക്കുകയും ഇവിടെ ഇതിന്റെ പേരിൽ കിട്ടാവുന്ന എല്ലാ സഹായവും എത്തിക്കുക. (ഉദാ: 5ാം വാർഡ് ലക്ഷംവീട് കോളനി, 8ാം വാർഡിൽ പെരും

തോടിന്റെ കിഴക്കുവശം വടക്ക് വടക്കുഭാഗത്തായി) 7ാം വാർഡ് മിച്ചഭൂമികോളനി, 3ാം വാർഡിൽ 35ാം കോളനി.

6. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വീടുകൾ ഇല്ലാത്തവരെ യോജിപ്പിച്ചുകൊണ്ട് പഞ്ചായത്തിൽ പട്ടികജാതി – പട്ടികവർഗ്ഗ കോളനി ഉണ്ടാക്കുക. ഇതിന് വേണ്ട സ്ഥലം കണ്ടെത്തുക.

7. പഞ്ചായത്തിലെ പട്ടികജാതി – പട്ടികവർഗ്ഗക്കാരുടെ വീടുകൾ അറ്റകുറ്റപ്പണി ചെയ്യാനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

8. പഞ്ചായത്തിലെ പട്ടികജാതി – പട്ടികവർഗ്ഗക്കാർക്ക് കൃഷിഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുക.

9. എടവിലങ്ങ് പഞ്ചായത്തിലെ പട്ടികജാതി കോളനിയിൽ ഉപയോഗശൂന്യമായ കിണർ പൊളിച്ചുകളയുകയും മേൽപറഞ്ഞ സ്ഥലത്ത് സാംസ്കാരികനിലയം – വായനശാല TV എന്നിവ വയ്ക്കുകയും ചെയ്യുക. കുടിവെള്ള പ്രശ്നത്തിന് 3 ടാപ്പുകൾ വെയ്ക്കുക. പഞ്ചായത്തിലെ പട്ടികജാതി കോളനിയിലെ സ്ഥലം സർവ്വെ നടത്തി യഥാർത്ഥ വ്യക്തികൾക്ക് കൊടുക്കുകയും ബാക്കിസ്ഥലം പൊതു ആവശ്യത്തിന് ഉപയോഗിക്കുക.

# വിഭവസമാഹരണം

വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കണമെങ്കിൽ പഞ്ചായത്തുകൾക്ക് പണം വേണം. വിഭവസമാഹരണത്തിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി മാത്രമേ പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ കഴിയു. അതിനാൽ പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നറിയണം. പണം ചിലവഴിക്കുന്നത് എങ്ങിനെയാണെന്നറിയണം.

**വരവ് സംബന്ധിച്ച വിവരങ്ങൾ (1995 - 96)**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് |
|---|---|---|
| കെട്ടിട നികുതി | 202,691 | 202,691 |
| സർവ്വീസ് ചാർജ്ജ് (ലൈബ്രറി സെന്റർ) | 10,667 | 10,667 |
| തൊഴിൽ നികുതി | 68,185 | 68,185 |
| വാഹനനികുതി | — | - |
| വിനോദനികുതി | 29,742 | 29,742 |
| അഡി.വിനോദനികുതി | 16,819 | 16,819 |
| പ്രദർശനനികുതി | 2,144 | 2,144 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ് | 536 | 536 |
| ചന്ത വരവ് | 45,250 | 45,250 |
| ലാന്റ് സെസ്സ് | — | — |
| ലൈസൻസ് ഫീസ് | 3,579 | 3,579 |
| കെട്ടിടനികുതി സർചാർജ്ജ് | — | — |
| വസ്തുകൈമാറ്റ നികുതി 75 % | 10,276 | 10,276 |
| വസ്തുകൈമാറ്റ നികുതി 25 % | — | - |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 131,925 | 131,925 |
| സംഭാവന | — | - |
| സെപ്പോസിറ്റ് | 46,581 | 46,581 |
| മറ്റുള്ളവ | 6,906 | 6,906 |
| ആകെ | 916,893 | 916,893 |

ഒന്നാം പട്ടികയിൽ പഞ്ചായത്തിന്റെ മുഴുവൻ വരുമാനവും കാണിക്കുന്നു. പഞ്ചായത്തിന്റെ തനതു വരുമാനമാർഗ്ഗം വളരെ പരിമിതമാണ്. ഏറ്റവും കൂടുതൽ വരുമാനം കെട്ടിടനികുതിയിൽ നിന്നാണ് നമുക്ക് ലഭിക്കുന്നത്.

## കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 328 | 4 | 51 | 201 | 76 | – | ഫിഷർമെൻകോളനി 12 |
| 2 | 550 | – | 61 | 322 | 167 | – | ഹരിജൻകോളനി 10 |
| 3 | 527 | – | 93 | 243 | 191 | – | – |
| 4 | 422 | – | 77 | 179 | 166 | – | – |
| 5 | 436 | 1 | 134 | 200 | 102 | – | 14 എണ്ണം |
| 6 | 575 | – | 103 | 278 | 193 | 1 | ലക്ഷംവീട് 12 എണ്ണം |
| 7 | 456 | 1 | 140 | 209 | 107 | – | – |
| 8 | 556 | 6 | 119 | 274 | 161 | – | – |
| 9 | 750 | 3 | 180 | 430 | 140 | – | ലക്ഷംവീട് 26 എണ്ണം |
| ആകെ | 4,600 | 15 | 958 | 2,336 | 1,303 | 1 | 74 |

## പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം

| | |
|---|---|
| 1991 – 92 | 4,274 |
| 1992 – 93 | 4,369 |
| 1993 – 94 | 4,434 |
| 1994 – 95 | 4,513 |
| 1995 — 1996 | 4,601 |

നമ്മുടെ പഞ്ചായത്തിൽ കെട്ടിടനികുതി കണക്കാക്കുന്നത് ശാസ്ത്രീയ രീതിയിലല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്ര

മല്ല ആഡംബരവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. വീട്ടുനികുതി തിട്ടപ്പെടുത്തുമ്പോൾ അതെങ്ങിനെ നിശ്ചയിച്ചുവെന്ന് വീട്ടുടമസ്ഥനെ ബോദ്ധ്യപ്പെടുത്തുവാൻ ഉദ്യോഗസ്ഥർ തയ്യാറാകണം. നികുതി നിശ്ചയിക്കുന്നതിന് ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തണം. പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം, അവക്ക് കഴിഞ്ഞ അഞ്ചുവർഷത്തിലുണ്ടായ വർദ്ധന എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ നിന്നും നമുക്ക് മനസിലാക്കാം.

(2) പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽ നിന്നും അനുവദിച്ച സംഖ്യയെക്കുറിച്ചുള്ള വിവരങ്ങളാണ് താഴെകൊടുക്കുന്നത് ഗ്രാന്റ് നീതി പൂർവകമായി വിതരണം ചെയ്യണമെങ്കിൽ കൃത്യസമയത്ത് അവ ലഭ്യമാക്കണം ഒന്നും രണ്ടും വർഷങ്ങൾ കഴിഞ്ഞാണ് ഇന്നത്തെ വ്യവസ്ഥയിൽ ഗ്രാന്റുകൾ പഞ്ചായത്തിൽ എത്തുന്നത്. കാലതാമസം ഫണ്ടുകളുടെ ദുരുപയോഗത്തിന് കാരണമാകുന്നു.

(3) മറ്റ് ഇനങ്ങളിൽ പഞ്ചായത്തിനു ലഭിക്കുന്ന തുകയുടെ മുഴുവൻ പട്ടികയും താഴെ കൊടുക്കുന്നു.

**പഞ്ചായത്ത്രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ**

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| മൃഗസംരക്ഷണം | – | – | – |
| ആരോഗ്യം | 132,364 | – | 132,364 |
| കൃഷി | 131,500 | – | 131,500 |
| പി.ഡബ്ല്യു.ഡി. | – | 18,140 | 18,140 |
| ഹരിജനക്ഷേമം | – | 250 | 250 |
| മറ്റുള്ളവ | – | 1,420 | 1,420 |
| ആകെ | 263,864 | 19,810 | 283,674 |

**ഗ്രന്റ് വിവരങ്ങൾ**

| VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി 25% രൂപ | അടിസ്ഥാന നികുതി 75% രൂപ | JRY രൂപ | അൺടൈഡ് ഫണ്ട് രൂപ | ആകെ രൂപ |
|---|---|---|---|---|---|---|---|
| 11,383 | 11,450 | 9,345 | – | 10,137 | 204,500 | 274,700 | 521,515 |

(4) നമ്മുടെ പഞ്ചായത്തിൽ ലേലം വഴിയുള്ള വരുമാനമാർഗ്ഗങ്ങൾ മൂന്നു കാര്യങ്ങളിലായി ഒതുങ്ങി നിൽക്കുന്നു. തെങ്ങ് മറ്റു ഫലവൃക്ഷങ്ങൾ മുതലായവ ചന്ത ലേലം വഴി ലഭിക്കുന്നവ, ഷോപ്പിംഗ് കോംപ്ലക്സ് ലേലം വഴി ലഭിക്കുന്നവ എന്നിവയാണ്.

**ലേല വരുമാനം സംബന്ധിച്ച വിവരങ്ങൾ**

| | |
|---|---|
| ചന്ത | 45,250 |
| സ്റ്റാൾ | – |
| ചവറ് | – |
| പട്ടമരങ്ങൾ | – |
| ഫലവൃക്ഷങ്ങൾ | 12,493 |
| ഷോപ്പിംഗ് കോംപ്ലെക്സ്/ കടകൾ | 118,815 |
| മറ്റുള്ളവ | – |
| ആകെ | 176,558 |

(5) പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളിൽ ലൈസൻസുഫീസായി ലഭിക്കുന്ന തുകയുടെ വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

**ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം/ വ്യാപാപരം | ഹോട്ടലുകൾ | സാധാരണകടകൾ | മറ്റുള്ളവ | ആകെ | |
| 1 | 3 | – | 4 | 2 | 9 | 312 |
| 2 | 5 | – | 5 | 10 | 20 | 894 |
| 3 | 2 | 1 | 5 | 6 | 14 | 310 |
| 4 | 2 | – | 2 | 2 | 6 | 208 |
| 5 | 4 | – | 8 | 9 | 21 | 476 |
| 6 | 3 | 1 | 6 | 10 | 20 | 430 |
| 7 | 5 | 2 | 8 | 5 | 20 | 425 |
| 8 | 4 | – | 9 | 9 | 22 | 505 |
| 9 | 3 | – | 7 | 12 | 22 | 546 |
| ആകെ | 31 | 4 | 54 | 65 | 154 | 4,106 |

(6) പഞ്ചായത്തിന്റെ ചിലവുകൾ സംബന്ധിച്ച വിവരങ്ങളാണ് ഇനി നമുക്ക് വിലയിരുത്താനുള്ളത് വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചിലവഴിക്കുന്നത് ഇതുവരെ തീരെ പ്രത്യുല്പാദനമല്ലാത്ത രീതിയിലാണ്. എങ്കിലും പഞ്ചായത്തിന്റെ ഭരണപരമായ ചിലവുകളിൽ കാര്യമായ മാറ്റമൊന്നും വരുത്താൻ നമുക്ക് കഴിയില്ല.

**ചെലവ് സംബന്ധിച്ച വിവരങ്ങൾ**

| ഇനം | തുക |
|---|---|
| ഭരണം | 450,693 |
| പൊതുമരാമത്ത് | 372,333 |
| വിദ്യാഭ്യാസം | 9,701 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 9,345 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 36,096 |
| മറ്റുള്ളവ | 114,432 |
| ആകെ | 992,600 |

(7) പഞ്ചായത്തിന്റെ പൊതുവായ സാമ്പത്തീകനില എന്താണെന്ന് താഴെ കൊടുക്കുന്ന പട്ടികളിൽ നിന്നും മനസ്സിലാക്കാം.

**പൊതു സാമ്പത്തിക നില**

| | പൊതു കണക്ക് | മൂലധന കണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| OB | 556,365.66 | 8,774.00 | 13,471.00 |
| വരവ് | 455,043.00 | 400,000.00 | 61,940.00 |
| ചെലവ് | 605,889.00 | 371,903.00 | 14,808.00 |
| CB | 405,522.00 | 36,871.00 | 60,603.00 |

(8) പൊതുമരാമത്ത് സംബന്ധിക്കുന്ന വിവരങ്ങൾ നോക്കിയാൽ റോഡിന്റെ മരാമത്ത് പണികൾക്കും നിർമാണത്തിനുമാണ് പഞ്ചായത്ത് ഏറ്റവും കൂടുതൽ വരുമാനം ചിലവാക്കിയിരിക്കുന്നത്.

**പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ**

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചാ. ഫണ്ട് | ആകെ |
| റോഡ് | 356,678 | 190,247 | – | 190,247 |
| തോട് | 1,000 | 998 | – | 998 |
| കെട്ടിടം | 192,600 | 181,088 | – | 181,088 |
| ആകെ | 550,278 | 372,333 | – | 372,333 |

(9) എടവിലങ്ങ് ഗ്രാമ പഞ്ചായത്തിനുള്ള ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. സർക്കാർ നിരക്കിലുള്ള മതിപ്പുവിലയാണ് ഈ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

**സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ**

| ക്രമനമ്പർ | വക വിവരം | വില്ലേജിന്റെ പേര് | വിസ്തീർണം | മതിപ്പുവില |
|---|---|---|---|---|
| 1 | പഞ്ചായത്താഫീസ് കോമ്പൗണ്ട് | എടവിലങ്ങ് | 0.21 സെന്റ് | 525,000 |
| 2. | മത്സ്യമാർക്കറ്റ് | " | 0.85 | 17,00,000 |
| 3. | പായചന്ത | " | 0.20 | 20,00,000 |
| 4. | പൊതുശ്മശാനം | " | 0.50 | 2,50,000 |
| 5. | കാരയിൽ കളിസ്ഥലം | " | 0.82 | 10,00,000 |
| ആകെ | | | 2.58 | 54,75,000 |

## ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ പേര് | ജനറൽ | | SC/ ST | |
|---|---|---|---|---|
| | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| ഫിഷറീസ് സ്കൂൾ റോഡ് | | | | |
| കൾവർട്സ് വാർഡ് 3 | 90,000 | 90,000 | | |
| കുരിശുവള്ളി ലോകമലേശ്വരം | | | | |
| വാർഡ് | 45,000 | 45,000 | | |
| ആശാൻ റോഡ് | 30,000 | 30,000 | | |
| കുഞ്ഞായനി – മലബാർ റോഡ് | | | | |
| വാർഡ് 4, 5, 8 | 20,000 | 20,000 | | |
| കൾവർട് വാർഡ് 2 | 10,100 | 9,805 | | |
| കൾവർട് എം.എ.റോഡ് | 5,000 | 5,000 | | |
| കുഞ്ഞായനി – മലബാർ റോഡ് | 10,000 | 10,000 | | |
| ദണ്ഡപാണി റോഡ് | 7,000 | 7,000 | | |
| വാക്കടപ്പുറം ബ്രിഡ്ജ് വാർഡ് | 8,000 | 7984 | | |
| 10. ഹരിജൻ വീടുകളുടെ | | | | |
| നിർമ്മാണം 1995 – 96 | | | 79,000 | 66,800 |

(11) അടുത്തതായി പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ വിവരങ്ങൾ.

### സ്ഥാപന വിവരങ്ങൾ

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|
| 1. | പഞ്ചായത്താഫീസ് | സ്വന്തം | 10 |
| 2. | വില്ലേജാഫീസ് | ,, | 5 |
| 3. | ഗവ. എൽ.പി.സ്കൂൾ എടവിലങ്ങ് | ,, | 18 |
| 4. | ഗവ. എൽ.പി.സ്കൂൾ കാര | ,, | 12 |
| 5. | ഗവ. എൽ.പി.സ്കൂൾ സെൻട്രൽ | ,, | 12 |
| 6. | ഗവ. ഹൈ സ്കൂൾ എടവിലങ്ങ് | ,, | 70 |
| 7. | പ്രൈമറി ഹെൽത്ത് സെന്റർ | ,, | 13 |
| 8. | ഗവ. ആയുർവേദാശുപത്രി | വാടക | 3 |

| | | | |
|---|---|---|---|
| 9. | സർവ്വീസ് സഹകരണ ബാങ്ക് എടവിലങ്ങ് | സ്വന്തം | 5 |
| 10. | ടൗൺ സർവ്വീസ് സഹകരണ ബാങ്ക് കാര | വാടക | 4 |
| 11. | ടൗൺസർവ്വീസ്സഹകരണബാങ്ക് എടവിലങ്ങ് | വാടക | 5 |
| 12. | കൃഷിഭവൻ എടവിലങ്ങ് | വാടക | 3 |
| 13. | ധനലക്ഷ്മി ബാങ്ക് | ,, | 4 |
| 15. | വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് കാര | ,, | 1 |
| 16. | വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് കാതിയാളം | ,, | 1 |

**മനുഷ്യശേഷിയും അദ്ധ്വാനവും**

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായവിഭവം മനുഷ്യവിഭവമാണെന്നതിൽ തർക്കമില്ല. മനുഷ്യദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്കായി നൽകുവാൻ ഇവിടെത്തെ ജനങ്ങൾ തയ്യാറാണെന്നതിന് ഉത്തമമായ ഉദാഹരണമാണ് കഴിഞ്ഞ നവംബർ ഒന്നിന് രാഷ്ട്രപുനരർപ്പണദിനമായി നാം ആചരിച്ചത്. അന്ന് നമ്മുടെ പഞ്ചായത്തിലെ ഓരോ വാർഡിലും വിവധങ്ങളായ നിർമാണപ്രവർത്തനങ്ങൾ

ജനങ്ങൾ മുൻകൈ എടുത്ത് ആരംഭിച്ചത്. അവയിലെല്ലാം മനുഷ്യപ്രയത്നം മുഖ്യഘടകങ്ങളായിരുന്നു. ഉത്സാഹഭരിതരായ ജനങ്ങൾ അവരുടെ അദ്ധ്വാനം അന്നേദിവസം നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനായി അർപ്പിച്ചു. ജാതി മത കക്ഷി ചിന്തകൾക്കതീതമായി സ്വന്തം ഗ്രാമത്തിന്റെ വികസനത്തിനായി തന്റെ സ്വന്തം അദ്ധ്വാനം സംഭാവന ചെയ്യുകയെന്ന മാഹത്തായ ആശയവുമായി മുൻപോട്ടു വന്നത്. വികസനപ്രവർത്തനങ്ങൾ നമുക്കൊന്നിച്ച് ചെയ്യുവാൻ കഴിയും എന്ന പ്രത്യാശയോടെ നമുക്ക് മുൻപോട്ടു പോകാം. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യവും.


**ടൂറിസം വികസനവും സാദ്ധ്യതകളും**

നമ്മുടെ പഞ്ചായത്തിന്ന് അതിമനോഹരമായൊരു കടപ്പുറമുണ്ട്. ഏകദേശം രണ്ടു കിലോമീറ്ററോളം വരുന്ന അറബികടലിന്റെ തീരം നമ്മുടെ സംസ്ഥാനത്തിന്റെ ടൂറിസവികസനത്തിന് വളരെയേറെ സാദ്ധ്യതകളുള്ളതാണ്. വാക്കടപ്പുറം ചരിത്രപരമായിത്തന്നെ ഖ്യാതി നേടിയ കടൽക്കരയാണ്.ദീപാലിയും ഭരണിയും പ്രസിദ്ധമാണ്. അന്നവിടെ ജനംഇരമ്പികയറും. പ്രകൃതികനിഞ്ഞനുഗ്രഹിച്ച നമ്മുടെ കടൽതീരത്ത് സൂര്യാസ്തമയവും, മത്സ്യബന്ധനവും കാണുന്നതിനായി ധാരാളമാളുകൾ എത്തിച്ചേരാറുണ്ട്. ജനങ്ങളുടെ ഇച്ഛാശക്തിയെ ഒരുമുതൽക്കൂട്ടായി മാറ്റിയെടുക്കുന്നതുകൊണ്ട് കരിങ്കൽ ഭിത്തികളാൽ സുരക്ഷിതമാക്കിയ കടൽത്തീരം അതിമനോഹരമായൊരു ടൂറിസ്റ്റ് കേന്ദ്രമാക്കിമാറ്റുവാൻ നമുക്ക് കഴിയണം. സംസ്ഥാനസർക്കാരിന്റെ സത്വരമായ ശ്രദ്ധ ഇക്കാര്യത്തിൽ വരികയാണെങ്കിൽ നമ്മുടെ കടൽക്കര ഒരു ടൂറിസ്റ്റ്കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കാൻ കഴിയും. അതിനായുള്ള ഒരു സമഗ്രമായ പദ്ധതി നാം രൂപപ്പെടുത്തിയെടുക്കണം. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ മുഖഛായതന്നെ മാറ്റിയെടുക്കുവാൻ അതിന്നു കഴിയുമാറാകട്ടെ!

## പഞ്ചായത്തിലെ റേഷൻകാർഡുകളുടെ സ്ഥിതിവിവരങ്ങൾ

| വാർഡ് | ARD No. | കാർഡുകളുടെ എണ്ണം | വലിയവർ | കുട്ടികൾ | ആകെ | വൈദ്യുതീകരിച്ച വീടുകൾ | വൈദ്യുതീ കരിക്കാത്തവർ |
|---|---|---|---|---|---|---|---|
| 1 | 49 | 538 | 2258 | 405 | 4921 | 365 | 173 |
| 2 | 50 | 604 | 2594 | 530 | 5718 | 365 | 239 |
| 3 | 53 | 389 | 1741 | 356 | 3838 | 163 | 226 |
| 4 | 55 | 605 | 2664 | 453 | 5781 | 217 | 388 |
| 5 | 56 | 698 | 3065 | 494 | 6624 | 355 | 343 |
| 6 | 57 | 447 | 1834 | 353 | 4021 | 266 | 181 |
| 7 | 190 | 267 | 1093 | 224 | 2410 | 125 | 142 |
| ആകെ | | 3548 | 15249 | 2815 | 33313 | 1856 | 1992 |

# എരിയാട് ഗ്രാമപഞ്ചായത്ത്




# വികസന റിപ്പോർട്ട്

## ജനകീയാസൂത്രണം

83

# എറിയാട് ഗ്രാമപഞ്ചായത്ത്



# വികസന റിപ്പോർട്ട്

## ജനകീയാസൂത്രണം

ചീഫ് എഡിറ്റർ . വി. കെ. ബാലചന്ദ്രൻ മാസ്റ്റർ.

എഡിറ്റർ.

എം. ആർ. സുനിൽ ദത്ത്

എഡിറ്റോറിയൽ സ്റ്റാഫ്

എസ്. എം സുബൈദ

സി. എ നസീർമാസ്റ്റർ

കെ. എസ്. സുനിൽകുമാർ

എൻ. എ ഗുലാംമുഹമ്മദ്

പി. പി. സദാനന്ദൻ

ഇ.എം അബ്ദുകുഞ്ഞിമാസ്റ്റർ

സി. കെ മണി

എം. എ സദാനന്ദൻ

എ.എ. നൗഫൽ

ടി.കെ സ്കന്ദകുമാർ

പി.എ. കുഞ്ഞുമൊയ്തീൻ

PAGE SETTING, LAYOUT, PRINTING
TIPTOP OFFSET PRINTERS KODUNGALLUR

# എറിയാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി



എസ്. എം. സുബൈദ
(പ്രസിഡന്റ്)



പി.കെ. അബ്ദുൾ റഹീം
(വൈസ് പ്രസിഡന്റ്)



കെ. എം അബ്ദു.
(ചെയർമാൻ, സ്റ്റാൻഡിങ്ങ് കമ്മറ്റി)

ഇ.എം അബ്ദുകുഞ്ഞിമാസ്റ്റർ (മെമ്പർ)
എം.എ. മുഹമ്മദാലി (മെമ്പർ)
പി.കെ ഷംസുദ്ധീൻ
പി.കെ ശാരദ
പി.പി സദാനന്ദൻ
റൈഹാനത്ത് സുലൈമാൻ
എ.കെ ഉണ്ണികൃഷ്ണൻ
അഡ്വ. പി.എം. ഹാരിസ്
അംബുജാക്ഷി കുട്ടൻ
എൻ.എ. ഗുലാംമുഹമ്മദ്
കെ.കെ അബു
ബേബി ജനാർദ്ധനൻ

1. ആമുഖം 7

2. പഞ്ചായത്ത് : പൊതുവിവരണം 10

3. സാമൂഹീക - സാംസ്ക്കാരിക ചരിത്രം 11

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം 15

5. സാമൂഹിക-സാമ്പത്തിക മേഖലകൾ 18

5.1 കൃഷിയും ജലസേചനവും 19

5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും 31

5.3 വ്യവസായം 44

5.4 വിദ്യാഭ്യാസം 51

5.5 കുടിവെള്ളവും പൊതുജനാരോഗ്യവും 59

5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 77

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും 92

5.8 സംസ്ക്കാരം 101

5.9 വനിത 104

5.10 സഹകരണം 106

5.11 പട്ടികജാതി-പട്ടികവർഗക്ഷേമം 113

5.12 വിഭവസമാഹരണം 115

6 ഉപസംഹാരം 120

1

# ആമുഖം

1947 ആഗസ്റ്റ് 15-നു ഇന്ത്യ സ്വതന്ത്രമായെങ്കിലും ഭാരതീയ ആസൂത്രണത്തിൻെറ ചരിത്രമാരംഭിക്കുന്നത് 1950 മുതലാണ്. സോവിയറ്റ് പദ്ധതികളിൽ നിന്നും ആവേശം കൊണ്ടു അന്നത്തെ പ്രധാനമന്ത്രി നെഹ്റുവാണ് പ്ലാനിങ്ങ് സ്റ്റേറ്റു നിലവാരത്തിൽ വേണമെന്ന ആശയത്തിനുവേണ്ടി ഉറച്ചുനിന്നത്. ഒന്നും രണ്ടും പദ്ധതികൾ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റി. അങ്ങനെ പഞ്ചവത്സരവദ്ധതികൾ പലതും നടന്നു. ആ അർത്ഥത്തിൽ വികസനവും നടന്നു. പക്ഷെ ''ഗ്രാമസ്വരാജ്'' എന്ന ഗാന്ധിയൻ സ്വപ്നം യാഥാർത്ഥ്യമായില്ല.

വികസനത്തിൻെറ യഥാർത്ഥ പ്രയോക്താവാകേണ്ട അടിസ്ഥാനവർഗ്ഗത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല. തൊഴിലില്ലായ്മയും, ദാരിദ്ര്യവും, പണപ്പെരുപ്പവും, വിലക്കയറ്റവുമൊക്കെ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം അരനൂറ്റാണ്ടായിട്ടും അതേപടി തുടരുന്നു.

കോടാനുകോടികൾ ചിലവു ചെയ്തു വിമാനത്താവളങ്ങളും, സ്പോർട്ട്സ് ഗ്രാമങ്ങളും, നക്ഷത്ര ഹോട്ടലുകളും നിർമ്മിക്കുന്നതിനേക്കാൾ ഒരു ഗ്രാമത്തിൻെറ മുഖച്ഛായ മാറ്റുന്ന തൊഴിൽശാലയുടെ നിർമ്മാണത്തിനോ, ഒരു പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ നിർമ്മാണത്തിനോ ആവണമെന്ന ആസൂത്രണ വ്യാഖ്യാനത്തിനാവണം പ്രസക്തി.

അധികാര കേന്ദ്രീകരണവും കേന്ദ്രീകരണ ആസൂത്രണവും മുകളിൽ നിന്നു രൂപപ്പെടുന്ന പദ്ധതികളും അടിസ്ഥാനവർഗ്ഗങ്ങളിൽ വേണ്ടവണ്ണം എത്തിയോ എന്ന ചോദ്യത്തിന് നിഷേധത്തിലല്ലാത്ത ഉത്തരം ലഭിക്കാൻ പ്രയാസമുണ്ട്. ഇതുവരെ തുടർന്നുവന്ന ആസൂത്രണപ്രക്രിയയുടെ ഘടന, ആസൂത്രണത്തിൻെറ മുകൾത്തട്ടിൽ നിന്നും കീഴോട്ടുള്ള പ്രയാണം തിരുത്തിയേമതിയാകൂ. ആസൂത്രണം ഏറ്റവും താഴേത്തട്ടിലുള്ള ജനങ്ങളിൽ നിന്നാരംഭിക്കണം. ആസൂത്രണത്തിലും വികസനപ്രക്രിയയിലും ജാതിമത, രാഷ്ട്രീയഭിന്നതകൾക്കതീതമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന, പദ്ധതികളും അവയുടെ ആസൂത്രണവുമാണ് ഇനി നാം കാണാൻ പോകുന്നത് എന്നു ഇടതുജനാധിപത്യമുന്നണി ഗവ: ഉറപ്പുനല്കുന്നു. ഇതു വികസനചരി

ത്രത്തിലെ ഒരു പുത്തൻ സംഭവമാണ്. 9-ാം പദ്ധതിയുടെ 40%വിഹിതവും അതു വിനിയോഗിക്കാനുള്ള അധികാരവും പഞ്ചായത്തുകൾക്കു നല്കുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുമെന്ന സ്ഥിതി വിശേഷം വളർന്നുവരുന്നുണ്ട്.

പഞ്ചായത്തുകൾക്കുള്ള 40% സർക്കാർ വിഹിതം, കേരളസർക്കാരിന്റെ 60% ൽ പെട്ട ചില സ്കീമുകൾ, കേന്ദ്ര സർക്കാർ ഫണ്ട്, വിവിധവികസന ഏജൻസികൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതിവരുമാനം, എല്ലാറ്റിനും പുറമെ ജനകീയ സംഭാവനകൾ, (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങിയവ വികസനപ്രക്രിയയുടെ വിവിധ സ്രോതസ്സുകളാണ്.

പഞ്ചായത്തുകളുടെ വികസനത്തിനു തടസ്സമായിവരുന്ന ഘടകങ്ങളെ ഒരു പരിധിവരെ ഒഴിവാക്കാനും വികസനത്തിന്റെ ശരിയും ഉദാത്തവുമായ മാർഗ്ഗരേഖ കണ്ടെത്താനും വഴിയൊരുക്കുന്ന, ജനകീയ പങ്കാളിത്തത്തോടെ, അഴിമതിയുടെ ഊരാക്കുടുക്കുകളൊഴിവാക്കി, ഒരു പുതിയ ചരിത്രം വിരചിക്കാനും കഴിവുറ്റ ഒരു പ്രസ്ഥാനമായി ഈ പ്രക്രിയ വളർന്നുവരും എന്നു നമുക്കു ന്യായമായും പ്രതീക്ഷിക്കാം. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്രഗതിയിലുള്ളതുമായിത്തീരും.

സംസ്ഥാനതലത്തിൽ ആരംഭിച്ച ജനകീയാസൂത്രണത്തിന്റെ ഭാഗമായാണ് എറിയാട് പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്.

പഞ്ചായത്തിലെ മെമ്പർമാരടക്കം 18 പേരാണു ഒന്നാംഘട്ടജില്ലാപഞ്ചായത്ത് റിസോഴ്സ് പേഴ്സൻ പരിശീലനത്തിൽ പങ്കെടുത്തത്. സെപ്തംബർമാസം 13-നും പ്രാദേശിക റിസോഴ്സ് പേഴ്സൻ പരിശീലനം നടന്നു. വിവിധരാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുമാണ് അഴീക്കോടുസീതി സാഹിബു മെമ്മോറിയൽ ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുത്തത്.

ഗ്രാമസഭകൾക്കുമുമ്പായി വിവിധവാർഡുകളിൽ വിവിധരാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക മണ്ഡലങ്ങളിലെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുമാണു അഴീക്കോടു സീതിസാഹിബു മെമ്മോറിയൽ ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുത്തത്.

ഗ്രാമസഭകൾക്കുമുമ്പായി വിവിധ വാർഡുകളിൽ വിവിധരാഷ്ട്രീയ, സാമൂഹ്യ



89

സാംസ്കാരികവർഗ്ഗബഹുജനസംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സ്വാഗതസംഘങ്ങൾ രൂപീകരിച്ചു. ആ സ്വാഗതസംഘങ്ങളാണ് പ്രത്യേക അജണ്ട (ഒമ്പതാംപദ്ധതി, ജനകീയ പദ്ധതി) വെച്ചുള്ള ഗ്രാമസഭകളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന ചിട്ടയായ പ്രവർത്തനം നടത്തിയത്. പ്രചണ്ഡമായ പ്രചരണപരിപാടികൾതന്നെ നടന്നു. 100 മുതൽ 400 വരെ ആളുകൾ വിവിധവാർഡുകളിലെ ഗ്രാമസഭകളിൽ പങ്കെടുത്തു. പരിശീലനം കിട്ടിയ ജില്ലാറിസോഴ്സ് പേഴ്സൻ, പഞ്ചായത്ത്, ബ്ലോക്കുപ്രസിഡൻറുമാർ, അതാതു പഞ്ചായത്തുമെമ്പർമാർ തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം കൊടുത്തു. 5 മുതൽ 12വരെ ഗ്രൂപ്പുകളായിത്തിരിഞ്ഞു ചർച്ചകൾ നടന്നു. ഗ്രാമസഭകളിൽ അതാതു ഗ്രൂപ്പുലീഡർമാർ ക്രോഡീകരിച്ചവതരിപ്പിച്ച റിപ്പോർട്ടുകളിൽ ഈ ഗ്രാമത്തിൻെറ സ്പന്ദനം കേൾക്കാം, അനുഭവിക്കാം, ആ റിപ്പോർട്ടുകളാണ് ഈ വികസനറിപ്പോർട്ടിൻെറ ആത്മാവ്.

രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിനു മേത്തല കമ്മ്യൂണിറ്റിഹാളിൽ എറിയാട് പഞ്ചായത്തു തിരഞ്ഞെടുത്തയച്ചത് വിവിധ സന്നദ്ധസംഘങ്ങളിലെയും, വിവിധ വകുപ്പുകളിലെയും ഉദ്യോഗസ്ഥന്മാരുമടങ്ങുന്ന ഗ്രാമസഭകളിൽ തിളങ്ങിയ വ്യക്തികളെയും കൂടി കൂടുതൽ ഉൾപ്പെടുത്തിക്കൊണ്ടാണ്. ഒന്നാംഘട്ട പ്രവർത്തനങ്ങളെ വിലയിരുത്തിയശേഷമാണ് പരിശീലകരെതെരഞ്ഞെടുത്തത്.

ഇതിനുമുമ്പുതന്നെ പഞ്ചായത്തിലെ തനതു വിഭവങ്ങളുടെ വിവരശേഖരണം നടത്തേണ്ടിയിരിക്കുന്നു. സമയക്കുറവുമൂലം സർക്കാരിൻെറ വിവിധവകുപ്പുകൾ ശേഖരിച്ച ദ്വിതീയവിവരശേഖരണമാണു നടത്തിയത്.

2-ാംഘട്ട പ്രാദേശിക പരിശീലനം ഒക്ടോബർ 28-ന് പേബസാർദുറുൽ ഉലൂം മദ്രസയിൽ നടന്നു. 125 പേർ പങ്കെടുത്തു. തൊട്ടടുത്ത ദിവസം പഠനപര്യടന പരിപാടിയിൽ പങ്കെടുക്കേണ്ടവരെ നിശ്ചയിക്കുകയും അവർക്കു വിവരശേഖരണത്തിൻെറ വിവിധവശങ്ങളെക്കുറിച്ചു പരിശീലനം നല്കുകയും ചെയ്തു. പഞ്ചായത്തുവികസനരേഖ തയ്യാറാക്കേണ്ട രീതിയും അതുൾക്കൊള്ളേണ്ട വിവരങ്ങളെക്കുറിച്ചും വിശദമായ പരിശീലനം പ്രാദേശിക റിസോഴ്സ് പേഴ്സൻകൾക്കുള്ള ഈ പരിശീലനപരിപാടിയിൽ ലഭിച്ചു.

ഈ രീതിയിൽ ശേഖരിച്ച വിവരങ്ങളും ഗ്രാമസഭാറിപ്പോർട്ടുകളും വിശദമായി പരിശോധിച്ചു ക്രോഡീകരിച്ചതാണ് ഈ വികസനരേഖ.

## 2

# പഞ്ചായത്ത്-പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | എറിയാട് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | എറിയാട്, അഴിക്കോട് |
| ബ്ലോക്ക് | : | കൊടുങ്ങല്ലൂർ |
| താലൂക്ക് | : | കൊടുങ്ങല്ലൂർ |
| അസംബ്ലി മണ്ഡലം | : | കൊടുങ്ങല്ലൂർ |
| വിസ്തീർണ്ണം | : | 16.75 ച. കി. മീ |
| അതിരുകൾ | : | തെക്ക്-പെരിയാർ |
| | | വടക്ക്-എടവിലങ്ങ് പഞ്ചായത്ത് |
| | | കിഴക്ക്-മേത്തല പഞ്ചായത്ത്, കൊടുങ്ങല്ലൂർ |
| | | പടിഞ്ഞാറ്-അറബിക്കടൽ |
| ജനസംഖ്യ | : | 42011 |
| പുരുഷന്മാർ | : | 20184 (48.4%) |
| സ്ത്രീകൾ | : | 21827 (51.6%) |
| ജനസാന്ദ്രത | : | 2508 |
| സാക്ഷരത | : | 93.65% |
| പുരുഷൻ | : | 98.78% |
| സ്ത്രീ | : | 89.78% |
| വാർഡുകൾ | : | പതിനഞ്ച് |



91

## 3

# സാമൂഹിക-സാംസ്കാരിക ചരിത്രം

എറിയാട് പഞ്ചായത്തിൻെറ ഭാവികാര്യങ്ങളെകുറിച്ച് ഗൗരവമായി ആലോചിക്കുമ്പോൾ, പഞ്ചായത്തിൻെറ ഭൂതകാലത്തെകുറിച്ച് അന്വേഷിക്കേണ്ടത് അനിവാര്യതയാണല്ലോ? അങ്ങനെ പഞ്ചായത്തിൻെറ ചരിത്രപ്രാധാന്യത്തെകുറിച്ച് വിലയിരുത്തുമ്പോൾ സ്വാഭാവികമായും ലോകപ്രശസ്തമായും, ഇന്ത്യയിലെതന്നെ പ്രധാനപ്പെട്ടതുമായ ''മുസിരിസ്'' തുറമുഖത്തെക്കുറിച്ച് ഓർക്കുന്നത് നന്നായിരിക്കും. മുസിരിസ് തുറമുഖം എന്നത് എറിയാട് പഞ്ചായത്തിൻെറ തെക്കേ അതിർത്തിയിലുള്ള പെരിയാർ, അറബിക്കടലിൽ ചേരുന്ന സ്ഥലമാണെന്ന വസ്തുത ഏവർക്കും അറിവുള്ളതാണ്, ഒരുകാലത്ത് ലോകത്തിൻെറ പലഭാഗത്തുനിന്നും ഇന്ത്യയിലേക്കു കടൽ മാർഗ്ഗം വന്നിരുന്ന വിദേശസഞ്ചാരികൾ ഏറിയപങ്കും ഈ തുറമുഖത്താണ് വന്നുചേർന്നിരുന്നത്. അതിൽ ഭൂരിഭാഗവും ഡച്ചുകാർ, പോർച്ചുഗീസുകാർ മുതലായവർ ആയിരുന്നു. തുറമുഖം പെരിയാറിൽ ആയതുകൊണ്ട് തുറമുഖപട്ടണം എറിയാട് പഞ്ചായത്തിൽ ആയിരുന്നുവെന്നും വിശ്വസിക്കുന്നതിലും തെറ്റില്ല. അതുകൊണ്ടുതന്നെ നമുക്കുവളരെക്കാലം മുതൽക്കുതന്നെ ചരിത്രപരമായ ഒരു പശ്ചാത്തലമുണ്ട് എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്.

പണ്ട് ഇന്നത്തെ എറിയാട് എന്ന സ്ഥലം വലിയകാടായിരുന്നുവെന്നും ആ സ്ഥലത്തെ ഏറിയകാട് എന്നാണ് അറിയപ്പെട്ടിരുന്നതെന്നും, ഏറിയകാട് ലോപിച്ച് എറിയാട് ആയിമാറിയെന്നും സ്ഥലനാമചരിത്രം സൂചിപ്പിക്കുന്നു. അതിനും കുറെക്കാലത്തിന് ശേഷമുള്ള ചരിത്രത്തിലേക്കു നമുക്കുവരാം.

എല്ലാസ്ഥലങ്ങൾക്കും എന്നപോലെ എറിയാടിനും സാമൂഹ്യവും, സാംസ്കാരികവും, വിദ്യാഭ്യാസപരവും, വിപ്ലവപരവുമായ ചരിത്രമുണ്ട്. 1933-ൽ നടന്ന 'കർഷക സമരം' എറിയാട് പഞ്ചായത്തിൽ നിന്നാണ് പൊട്ടിപ്പുറപ്പെട്ടത്. ഈ സമരം കേരളത്തിൻെറ ചരിത്രത്തിൽ തന്നെ ആദ്യത്തെ കർഷകസമരമായിരുന്നു. പ്രധാനവിളയായ നാളികേരത്തിൻെറ വില കുത്തനെകുറച്ചതുകൊണ്ട് നാട്ടുകാരായ കർഷകർക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെവന്നപ്പോൾ സേട്ടുമാരായ ഹുണ്ടിക്കക്കാരിൽ നിന്നും പണം, കൃഷിസ്ഥലത്തിൻെറ പണയത്തിന്മേൽ കടംവാങ്ങിക്കേണ്ടി



92

വന്നു. നൂറുരൂപയ്ക്കു വർഷത്തിൽ 48 രൂപ പലിശവന്നപ്പോൾ തിരിച്ചടക്കാൻ വയ്യാതാവുകയും സ്ഥലം ഹുണ്ടികക്കാരുടെ അധീനതയിൽ വന്നുചേരുകയും ചെയ്തതിന് എതിരായി കെ. എം. ഇബ്രാഹിം സാഹിബിന്റെ നേതൃത്വത്തിലാണ് സമരം നടന്നത്. 1934-ൽ കെ. എം. മൊയ്തീൻസാഹിബിന്റെ നേതൃത്വത്തിൽ കൊച്ചിദിവാന്റെ ആസ്ഥാനത്തേക്ക് സമരത്തിനായി ജനങ്ങൾ പുറപ്പെടുകയും വില്ലിംഗ്ടൺ പ്രഭുവിന്റെ ഉത്തരവുപ്രകാരം സമരക്കാർ അതിക്രൂരമായി മർദ്ദിക്കപ്പെടുകയും അടിച്ചമർത്താൻശ്രമിക്കപ്പെടുകയും ചെയ്തു. എന്നാൽ ഈ സമരത്തിന്റെ ഫലമായി കടാശ്വാസബില്ല് നിലവിൽ വരികയും പലിശ ആറുശതമാനമായി കുറക്കുകയും കടം ഗഡുക്കളായി അടച്ചുതീർക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തു. എന്നാൽ ഇതിനുമുമ്പ് നിലനിന്നിരുന്ന പ്രവണതകളുടെ ഫലമായി പലകർഷകരുടെയും കൃഷിയിടങ്ങൾ ഹുണ്ടികക്കാരുടെ കൈയ്യിൽ വന്നുചേരുകയും അവരുടെ കൈയ്യിൽ നിന്ന് നാട്ടിലെ ഭൂപ്രമാണിമാരുടെ കൈയ്യിൽ വന്നുചേരാന്നുള്ള പശ്ചാത്തലം ഉണ്ടാവുകയുംചെയ്തു. തൽഫലമായി പഞ്ചായത്തിലെ വളരെചെറിയ ജനവിഭാഗത്തിന്റെകൈയ്യിൽ കാർഷികവിഭവങ്ങളിൽ ഏറിയപങ്കും എത്തിചേർന്നു. ആ ആളുകൾ, അവസാനം സ്വാതന്ത്ര്യസമരകാലത്ത്, നെഹ്റു കാശ്മീരിൽ പ്രവേശിച്ചപ്പോൾ, അദ്ദേഹത്തെ ബയനറ്റ്ചാർജ്ജ് ചെയ്തതിൽ പ്രതിഷേധിച്ച്, നാട്ടിലെ ദേശീയവാദികളും, പുരോഗമനവാദികളും കൂടി നടത്തിയ പ്രകടനത്തിനുനേരെ ഗുണ്ടകളെ അഴിച്ചുവിടുകയും, അക്രമണം നടത്തുകയും ചെയ്തു. അതിൽ അനേകം ആളുകൾക്ക് പരുക്കേറ്റു. ആ കേസിലെ ഒന്നാംപ്രതിയായി ചാർജ്ചെയ്തത് കരിക്കുളത്ത് ഖാൻസാഹിവിനെ ആയിരുന്നു. ഇതിനെല്ലാം പുറമേ ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിൽ പ്രധാനികളായ വ്യക്തികളും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബും, സീതി സാഹിബും, സി. എ. അബ്ദുൾഖാദർ, എം. എം. കുഞ്ഞു മൊയ്തീൻസാഹിബ്, കെ. എം. ഇബ്രാഹിം, കെ. എം. മൊയ്തീൻ, പി. പി. കുമാരൻ എന്നിവർ ആണ്. കൂടാതെ പാലിയം സത്യാഗ്രഹത്തിൽ പങ്കെടുത്ത കെ. കെ. പേങ്ങൻ ചേരമാൻ പരിസരത്തു താമസിക്കുന്നു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി എറിയാട്പഞ്ചായത്തുപ്രദേശത്ത് പല മഹാന്മാരും ഒളിവിൽ കഴിഞ്ഞിട്ടുണ്ട്. അതിൽ പ്രധാനികളാണ് ഇ. ഗോപാലകൃഷ്ണമേനോൻ, ഇ. എം. എസ്. നമ്പൂതിരിപ്പാട്, സി. അച്യുതമേനോൻ, സി. എച്ച്. കണാരൻ, ജോർജ് ചടയൻ മുറി, ഇ. കെ. ഇമ്പിച്ചിബാവ, ടി. എം. അബു എന്നിവർ.

രണ്ടാംലോകമഹായുദ്ധകാലത്ത് എറിയാട് പഞ്ചായത്തിലെ കടപ്പുറത്ത് ഒരു ടെലിഫോൺ ഉണ്ടായിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ ടെലിഫോൺ ആയിരുന്നു അത്. ഈ കാലഘട്ടത്തിൽ തന്നെ ചേർത്തലയിൽ പട്ടിണിരൂക്ഷമാവുകയും, തൽഫലമായി പട്ടിണിമരണം പെരുകുകയും ചെയ്തപ്പോൾ അതിലേക്കുള്ള ആശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി വിഭവങ്ങൾ സമാഹരിച്ച് കൊടുത്തയച്ചവരുടെ കൂട്ടത്തിൽ എറിയാട് പഞ്ചായത്തിലെ ജനങ്ങളും ഉണ്ടായിരുന്നു. ആ കാലഘട്ടത്തിലെ പ്രധാന ഭൂപ്രഭുക്കൾ മുസ്ലിംപ്രമാണിമാർ ആയിരുന്നു. കേരളമു



93

സ്ലീം ഐക്യസംഘം സ്ഥാപിച്ചത് എറിയാട് പഞ്ചായത്തിൽ വച്ചായിരുന്നു; മലയാള മാസം 1101-ൽ.

സാംസ്കാരികമായി ഉള്ള ചരിത്രം പരിശോധിച്ചുനോക്കുമ്പോൾ വിവിധമതവിശ്വാസികൾ ഒരുമിച്ചുതാമസിക്കുന്ന പ്രദേശമായതുകൊണ്ട് മതപരമായ ആചാരങ്ങളെ ആസ്പദമാക്കിയും അല്ലാതെയും ഉള്ള സാംസ്കാരികപാരമ്പര്യംകണ്ടെത്താൻ കഴിയും. ഇന്ത്യയിലെതന്നെ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയങ്ങളിൽ ഒന്നായ മാർത്തോമ്മാ പള്ളി, എറിയാട് പഞ്ചായത്തിൽ ആണ് സ്ഥാപിച്ചിട്ടുള്ളത്. പഞ്ചായത്തിൽ ആദ്യമായി സ്ഥാപിച്ച മുസ്ലീംപള്ളി അഴീക്കോട് പുത്തൻപള്ളിയും, ആദ്യത്തെ ഹിന്ദുദേവാലയം തിരുവള്ളൂർ ക്ഷേത്രവുമാണ്. പള്ളിയിലെ പെരുനാളിനും അമ്പലത്തിലെ ഉത്സവങ്ങൾക്കും ജാതിമതഭേദമന്യേ നാട്ടുകാർ സഹകരിച്ചുപോന്നിട്ടുണ്ട്. അതിൽ ഏറ്റവും വലിയ ഉദാഹരണമാണ് പത്താം വാർഡിലെ കസ്തൂരികോവിൽ എന്ന സുബ്രഹ്മണ്യക്ഷേത്രം. അതിന് സ്ഥലം നൽകി സഹായിച്ചത് കസ്തൂരികുഞ്ഞുമൊയ്തീൻ ആയിരുന്നു. തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ നിന്നുള്ള ആറാട്ട് എറിയാട് ചേരമാൻ മൈതനത്തെത്തുമ്പോൾ വലിയ ഉത്സവമായിട്ടാണ് കൊണ്ടാടിയിട്ടുള്ളത്. തെയ്യം, തെറയാട്ട്, മുടിയേറ്റ്, കളംപാട്ട് മുതലായ നാടൻ കലാരൂപങ്ങൾ അവിടെ അവതരിപ്പിച്ചുപോന്നിരുന്നു. ഇത് കാണാൻ നാട്ടിലെ എല്ലാ മതസ്ഥരും എത്തിച്ചേർന്നിരുന്നുവെന്ന് പഴമക്കാർ പറയുന്നു. 1938-വരെ ഇതുതുടർന്നുപോന്നിരുന്നു. കൂടാതെ പ്രശസ്തരായ ധാരാളം എഴുത്തുകാർ നമ്മുടെ പഞ്ചായത്തിൽ ജന്മംകൊണ്ടിട്ടുണ്ട്. എ. കെ. അലി മുഹമ്മദ്, എൻ. കെ. സെയ്തു മുഹമ്മദ്, മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി, മൊയ്തുപടിയത്ത്, എ. കെ. എസ്. മുതലായവർ ഈ ഗണത്തിൽപെടുന്നു. കൂടാതെ സുധീർ, ബഹദൂർ, കമൽ എന്നീ സിനിമാ കലാകാരന്മാരും ഈ പഞ്ചായത്തിലാണ് ജനിച്ചത്. പഴയകാലത്ത് ഇവിടെ പ്രാധാനകളികൾ വാറുകളി, തലപ്പന്തുകളി, ഐവർകളി എന്നിവയാണ്. കർഷകപ്രക്ഷോഭ കാലഘട്ടത്തിൽ പ്രശസ്തനായ പി. കേശവദേവ് ഇവിടെ വരികയും 'പത്തുമടൽ ഓല' എന്ന നാടകം കളിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്നുള്ള 98-ാം നമ്പർ സഹകരണസംഘത്തിൻെറ പഴയപേര് എറിയാട്-ഇടവിലങ്ങ്-സഹകരണസംഘം എന്നായിരുന്നു. ആദ്യത്തെ ബസ്സ് സർവ്വീസ് പി. എസ്. എൻ. മോട്ടോഴ്സ് ആണ്. 1954-ൽ ആണ് എറിയാട് പഞ്ചായത്തുരൂപംകൊണ്ടത്. ആദ്യത്തെ കമ്മറ്റിയിൽ പത്തംഗങ്ങൾ ഉണ്ടായിരുന്നു. ആദ്യ പഞ്ചായത്ത് പ്രസിഡൻറ് എ. കെ. കൊച്ചുമൊയ്തീൻസാഹിബായിരുന്നു. രണ്ടാമത്തെ കമ്മിറ്റിയിൽ 1963-ൽ നിലവിൽ വന്നു. ആ കമ്മിറ്റിയുടെ ആദ്യകാല പ്രസിഡൻറ് അബ്ദുള്ള മാസ്റ്ററും, രണ്ടാമതായി കെ. എ. കുഞ്ഞിക്കോമുവും ആയിരുന്നു. അതിനുശേഷം 1979-ൽ അഡ്വക്കേറ്റ് ഹബീബ് പ്രസിഡൻറായിട്ടുള്ള കമ്മറ്റിയായിരുന്നു. 1988-ൽ കെ. കെ. കുഞ്ഞിക്കോമ്മു പ്രസിഡൻറായിട്ടുള്ള കമ്മിറ്റിയും നിലവിൽ വന്നു.

പഞ്ചായത്തിലെ ആദ്യത്തെസ്കൂൾ ഗവണ്മൻറ് യു. പി. സ്കൂൾ, അഴീക്കോട്, ആയിരുന്നു. കോട്ടപ്പുറം വീട്ടിൽ സീതി




94

മുഹമ്മദ് ആണ് ഈ സ്കൂൾ സ്ഥാപിച്ചത്. പഞ്ചായത്തിലെ രണ്ടാമത്തെ സ്കൂൾ കേരള വർമ്മ സ്കൂൾ ആണ്. 1912-ലാണ് സ്കൂൾ നിലവിൽ വന്നത്. ഈ സ്കൂൾ സ്ഥാപിച്ചത് മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയായിരുന്നു. 1955-ൽ ബ്ലോക്ക് ഓഫീസിനുള്ള സ്ഥവവും എറിയാട് വില്ലേജാഫീസിനുള്ള സ്ഥലവും അദ്ദേഹം തന്നെയാണ് നൽകിയത്. ഇതു സൂചിപ്പിക്കുന്നത് ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ അന്നും നമ്മുടെ നാട്ടിൽ നടന്നിരുന്നു എന്നുള്ളതാണ്. എറിയാട് പഞ്ചായത്തിലെ ആദ്യത്തെ വായനശാല 1938-ൽ അഴീക്കോട് ഗ്രാമീണവായനശാല എന്ന പേരിൽ സ്ഥാപിക്കപ്പെട്ടു. 1950-നവംബർ 23-ന് മുഹമ്മദ് അബ്ദുൾറഹിമാൻ വായനശാലയും സ്ഥാപിക്കപ്പെട്ടു. ഈ രണ്ട് വായനശാലയും എറിയാട് പഞ്ചായത്തിൻെറ വിദ്യാഭ്യാസപരവും, സാംസ്കാരികവുമായ ഉയർച്ചയ്ക്ക് വളരെയേറെ പങ്കുവഹിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ തന്നെയാണ് ഷൺമുഖംചെട്ടി നമ്മുടെ നാട്ടിൽ ഒരു വ്യവസായപരിശീലന കേന്ദ്രം സ്ഥാപിച്ചത്. അവിടെ ചവിട്ടി നിർമ്മാണം, അവിൽ ഇടി, ചക്ക് ആട്ടൽ, കോഴി വളർത്തൽ, സോഫനിർമ്മാണം എന്നിവയ്ക്ക് പരിശീലനം നൽകിവന്നിരുന്നു.

സ്വാതന്ത്ര്യസമരം, സാമൂഹ്യപരിഷ്കരണം, നവോത്ഥാനങ്ങൾ, സാംസ്കാരിക പരിവർത്തനങ്ങൾ എന്നിവയുടെ മുമ്പിൽ പീഡനങ്ങൾ, മർദ്ദനങ്ങൾ, നിസ്സഹകരണ ങ്ങൾ എന്നിവയ്ക്ക് വഴിമാറേണ്ടിവന്നിട്ടുണ്ട് എന്നുള്ള ചരിത്രത്തിലൂടെ സഞ്ചരിച്ച് മനുഷ്യൻ എങ്ങനെ പണിയെടുത്തു, ജീവിച്ചു എന്ന അറിവിലൂടെ നാം ഇന്ന് ''ജനകീയ ആസൂത്രണത്തിൻെറ'' തുടക്കത്തിലെത്തിനിൽക്കുന്നതോടെ പഴയ ചരിത്രം അവസാനിക്കുകയും, പുതിയ ചരിത്രം കുറിക്കുകയും ചെയ്യുന്നു.

4



# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

തൃശൂർജില്ലയുടെ തെക്കുപടിഞ്ഞാറുഭാഗത്തു പെരിയാറും അറബിക്കടലും ചേരുന്നതിനു വടക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു ഭൂപ്രദേശമാണ് എറിയാട് പഞ്ചായത്ത്. പഞ്ചായത്ത് വിസ്തീർണ്ണം 16.75 ചതുരശ്രകിലോമീറ്ററാണ്.

**പ്രത്യേകത :**

കുറെഭാഗം കടലെടുത്തിട്ടുണ്ട്. മുനക്കൽ മുതൽ അറപ്പക്കടവുവരെ 5. കി. മീ കടൽതീരമാണ് നമുക്കുള്ളത്.

എറിയാട്, അഴീക്കോടുവില്ലേജുകളും പഴയ ലോകമലേശ്വരം വില്ലേജിൻെറയും മേത്തലവില്ലേജിൻെറയും ചെറിയൊരു ഭാഗവും ഉൾക്കൊള്ളുന്നതാണ് ഈ പഞ്ചായത്ത്.

ഈ പഞ്ചായത്തിൽ 75 കുടുംബങ്ങളടങ്ങുന്ന ഒരു കൊച്ച് ഉപദ്വീപുണ്ട്-ഇടിയൻ ചാൽ-നേരത്തെ തുരുത്തായിരുന്നപ്രദേശം. ടിപ്പുസുൽത്താൻ റോഡിനുകിഴക്കും പടിഞ്ഞാറുമായി ഒരുകാലത്തു കുന്നിൽ പ്രദേശമായിരുന്നു. മണ്ണെടുത്തുപോയെങ്കിലും ഇന്നും അതിൻെറ അവശിഷ്ടങ്ങൾ കാണാവുന്നതാണ്.

എറിയാടുപഞ്ചായത്തിൻെറ വിവിധഭാഗങ്ങൾ കടൽ സമ്മാനിച്ച അവശിഷ്ടങ്ങളിൽ നിന്നും ഈ പഞ്ചായത്തുപ്രദേശത്തിന് ഏറിയ ചരിത്രം അവകാശപ്പെടാനില്ല.

ചില ഭാഗങ്ങളിൽ പ്രത്യേകിച്ചും 5-ാം വാർഡിൻെറ കിഴക്കുഭാഗം ചേടികലർന്ന മണ്ണാണുള്ളത്. എന്നാൽ ഭൂരിഭാഗവും മണൽപ്രദേശമാണ്. പഞ്ചായത്തിനു കിഴക്കുവശമുള്ള പെരുംതോടിനു പടിഞ്ഞാറുവശം പല ഭാഗങ്ങളിലും ചുവപ്പുകലർന്ന ചരൽ മണ്ണു കാണുന്നു. കായലിൻെറയും കടലിൻെറയും തീരപ്രദേശങ്ങൾ എക്കലിൻെറ സാന്നിദ്ധ്യം കൂടുതൽ ഫലഭൂയിഷ്ടമാക്കുന്നു.

## അതിരുകൾ

| | | |
|---|---|---|
| പടിഞ്ഞാറ് | - | അറബിക്കടൽ |
| വടക്ക് | - | എടവിലങ്ങു പഞ്ചായത്ത് |
| കിഴക്ക് | - | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, മേത്തല പഞ്ചായത്ത് |
| തെക്ക് | - | പെരിയാർ |

ഭൂപ്രകൃതിയനുസരിച്ച് നമ്മുടെ പഞ്ചായത്ത് തീരസമതലവിഭാഗത്തിൽപെടുത്താം. ഈ പഞ്ചായത്തിലെ പ്രധാനകൃഷി തെങ്ങു കൃഷിയാണ്.

## ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾപ്രകാരം എറിയാടു പഞ്ചായത്തിൽ ജനസംഖ്യ 42011 ആയിരുന്നു. അതിൽ 20,184 പുരുഷന്മാരും 21827 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 1648 സ്ത്രീകൾ കൂടുതൽ ഈ പഞ്ചായത്തു പ്രദേശത്തുണ്ട്. ആകെ 7264 വീടുകളായിരുന്നു. ശരാശരി ഒരു വീട്ടിൽ 5.8 വീതം അംഗങ്ങളുണ്ട്. ജനസാന്ദ്രത ച. കീ. മീറ്ററിനു 2508 ആയിരുന്നു.

6 വയസ്സിനു താഴെയുള്ള കുട്ടികൾ 5402 ആണ്. അതിൽ ആൺകുട്ടികൾ 2780 പെൺകുട്ടികൾ 2622.

പട്ടികജാതി ജനസംഖ്യ 2412 അതിൽ 1211 പുരുഷന്മാരും 1201 സ്ത്രീകളും ആണ്. ആകെ ജനങ്ങളിൽ സാക്ഷരർ 32,242 ആയിരുന്നു. ഇതിൽ പുരുഷന്മാർ 16,191 ഉം സ്ത്രീകൾ 16031 ഉം ആയിരുന്നു. 1990-ൽ സാക്ഷരതാപ്രവർത്തനത്തിനുവേണ്ടി നടത്തിയ സർവെപ്രകാരം 4655 നിരക്ഷരർ ഉണ്ടായിരുന്നു. അവരിൽ 2047 പേരെ നവസാക്ഷരാക്കാൻ കഴിഞ്ഞു.

(വാർഡ്തല ജനസംഖ്യാപട്ടിക പേജ് 17-ൽ)

വിദ്യാഭ്യാസരംഗത്ത് തൃശൂർജില്ലയിൽ മുന്നിൽ നില്ക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് എറിയാട്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുന്നുണ്ടെങ്കിലും പഠന നിലവാരം മെച്ചപ്പെടുന്നതായിക്കാണുന്നില്ല. ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കുന്നതിന് സത്വരമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായ ഒരു പ്രശ്നമാണ്. തൊഴിലിന്റെ സാദ്ധ്യതയ്ക്കനുസരിച്ച തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിയാൽ മാത്രമേ ഇതിനൊരു മാറ്റമുണ്ടാക്കാൻ കഴിയൂ.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായ കാർഷികരംഗം തകർച്ചയെ നേരിടുന്നതുകൊണ്ടു മറ്റു മേഖലകളിലേയ്ക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുന്നു. പ്രധാനമായി കെട്ടിടനിർമ്മാണരംഗത്തേയ്ക്കും ഗൾഫിൽ തൊഴിൽ തേടിയുമാണ് ആളുകൾ പൊയ്ക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത തൊഴിൽ മേഖലയായ കയർ വ്യവസായരംഗത്ത് തൊഴിൽ സാദ്ധ്യതകുറഞ്ഞു വരികയാണ്. മത്സ്യമേഖലയിൽ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു. തൊഴിൽ എടുക്കുവാൻശേഷിയുള്ള 30% ആളുകൾക്കു യാതൊരു തൊഴിലുമില്ല.



97

## വാർഡ് തല ജനസംഖ്യാ വിവരപട്ടിക (1991 സെൻസസ് പ്രകാരം)

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 1 | 1769 | 1852 | 3621 |
| 2 | 1305 | 1438 | 2743 |
| 3 | 1598 | 1723 | 3321 |
| 4 | 1210 | 1075 | 2285 |
| 5 | 1355 | 1459 | 2814 |
| 6 | 1767 | 1950 | 3717 |
| 7 | 1600 | 1771 | 3371 |
| 8 | 1531 | 1726 | 3257 |
| 9 | 1808 | 1958 | 3766 |
| 10 | 1573 | 1696 | 3269 |
| 11 | 1203 | 1330 | 2533 |
| 12 | 1398 | 1639 | 3034 |
| 13 | 1026 | 1155 | 2181 |
| 14 | 1041 | 1058 | 2099 |
| 15 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |



98

## ജലപ്രകൃതി

വർഷത്തിൽ ശരാശരി........മി.മീ. മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഡിസംബർ, ജാനുവരി, ഫെബ്രുവരി മാസങ്ങളിലാണ് ഏറ്റവും കുറവ് മഴ ലഭിക്കുന്നത്. പഞ്ചായത്തിൻെറ തെക്ക് ഭാഗത്ത് പെരിയാർ പുഴയും പടിഞ്ഞാറ് അറബിക്കടലും അതിരിടുന്നു. എല്ലാ തോടുകളും പെരിയാറിലാണ് ചെന്നുചേരുന്നത്. ആകെ തോടുകൾ 16.5 കി. മീ. നീളം വരും. കണക്ക് ലഭ്യമല്ലാത്ത ചെറിയ തോടുകൾ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ കാണാം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ബ്ലാങ്ങാച്ചാൽ-അറപ്പതോടാണ് കൂടാതെ 8 കുളങ്ങളും കൂടിചേർന്നതാണ് ഉപരിതല സ്രോതസ്സുകൾ.

പ്രധാന കുളങ്ങളെകുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

### കുളങ്ങളുടെ പട്ടിക

| | പേര് | വാർഡ് | വില്ലേജ് | വിസ്തീർണ്ണം |
|---|---|---|---|---|
| 1. | മേനോൻബസാർകുളം | 6 | അഴീക്കോട് | 10 സെൻറ് |
| 2. | കാട്ടാകുളം | 7 | എറിയാട് | 63 1/4 സെൻറ് |
| 3. | പോളക്കുളം | 9 | എറിയാട് | 10സെൻറ് |
| 4. | പുളിയകുളം | 10 | എറിയാട് | 8സെൻറ് |
| 5. | അറപ്പപ്പുറംകോളനി കുളം | 12 | എറിയാട് | 4 സെൻറ് |
| 6. | ചക്കപ്പന്തറക്കുളം | 12 | എറിയാട് | 5 സെൻറ് |
| 7 | അത്താണിലക്ഷംവീട് കോളനികുളം | 9 | എറിയാട് | 5 സെൻറ് |
| 8. | എരുമക്കുറക്കുളം | 15 | എറിയാട് | 15 സെൻറ് |

പുരയിടങ്ങളോടനുബന്ധിച്ച് ചെറുതും വലുതമായ ധാരാളം കുളങ്ങളുണ്ട്. ഏകദേശം 5 ച. കി. മീ പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുന്നു. മറ്റു പ്രദേശങ്ങളിൽ ഓരു ജലമാണ്. പഞ്ചായത്തിൻെറ കിഴക്ക് ഭാഗത്ത് രണ്ടോ മൂന്നോ വാർഡുകളിലൊഴികെ ബാക്കി എല്ലാഭാഗത്തും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.



99

5

# സമൂഹിക സാമ്പത്തിക മേഖലകൾ

5.1

# കൃഷിയും ജലസേചനവും

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽതന്നെ എറിയാട് പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായി കൃഷി ചെയ്തു വന്നിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ എല്ലാപ്രദേ ശങ്ങളിലേക്കും കൃഷിവ്യാപിച്ചു. പഴയസെറ്റി ൽമെൻറ് രേഖകൾ പ്രകാരം തരിശ് ഭൂമി പഞ്ചായത്തിൽ ഇല്ലായി രുന്നു. തരിശ് ഭൂമി ഉണ്ടായിരുന്നെങ്കിൽ അത് പുറംപോക്ക് ഭൂമിയോ, ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടവസ്തു ക്കളോ ആയി രുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൃഷി യുടെ വ്യാപനം കൂടുതൽ പരിഗണിക്കപ്പെ ടേണ്ടതില്ല. എന്നാൽ വിളചേരുവകളിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

റവന്യുരേഖകൾപ്രകാരം ഭൂവിഭാഗത്തിന്റെ വിസ്തൃതിയിൽ 23.22% നെൽകൃഷിയാ യിരുന്നു (389 ഹെക്ടർ) എന്നാൽ 1991 ആയപ്പോൾ അത് കേവലം 0.26% ആയി കുറഞ്ഞു. (4.5 ഹെക്ടർ). നെൽപ്പാടങ്ങൾ തെങ്ങിൽതോപ്പുകളായി മാറുന്ന ഈ പ്രക്രിയയുടെ തുടക്കം 1960കളുടെ ആരംഭത്തിൽ തുടങ്ങി. എഴുപതുക ളോടെ അതി വേഗത്തിലായിഎൺപതുകളിൽ പൂർത്തീകരിക്കപ്പെട്ടു.

തെങ്ങുകൃഷിക്കും, കവുങ്ങ് കൃഷിക്കും ഏറ്റവും അനുയോജ്യമായ ഈ സമതലമണൽ പ്രദേശത്ത് അഞ്ചോ, ആറോ മേനിമാത്രം വിളഞ്ഞിരുന്ന പൊക്കാളി, മുണ്ടകൻ എന്നിവ കൃഷിചെയ്തിരുന്നത് അത്ഭുതകര മായി തോന്നുന്നു. അന്ന് നിലനിന്നിരുന്ന പാട്ടകൃഷി സമ്പ്രദായമോ, കുടിയായ്മ സമ്പ്രദായമോ ആണ് ലാഭകരമല്ലെങ്കിലും നെൽകൃഷി ചെയ്യുന്നതിന് കർഷകനെ പ്രേരിപ്പിച്ചത്. ഒന്നാം വിളകഴിഞ്ഞാൽ പച്ചക്കറി കൃഷിക്ക് ഈ വയലുകൾ ഉപയോഗിച്ചിരുന്നു.

1957ൽ നിലവിൽവന്ന കാർഷിക പരിഷ്ക്കാര നിയമം പാട്ടകുടിയാന്മാർക്ക് സംരക്ഷണം നൽകിയതോടെ പാടങ്ങളിൽ തെങ്ങും, കവുങ്ങും നടുവാൻ തുടങ്ങി. 1970ലെ ഭൂപരിഷ്ക്കരണ നിയമം ഇതിന് ആക്കം കൂട്ടി. തെങ്ങുകൃഷി, നെൽകൃഷിയേക്കാൾ ലാഭകരമായിരുന്നതിനാൽ ഈ പ്രക്രിയക്ക് പ്രോത്സാഹകരവുമായി. വിദ്യാഭ്യാസവ്യാപനം കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരുടെ എണ്ണത്തിൽകുറവ് ഉണ്ടാക്കിയതും ഒരു പ്രധാന കാരണമാണ്.



101

നെൽപ്പാടങ്ങൾനികത്തൽ പരിസ്ഥി തിയേയും ബാധിച്ചിട്ടുണ്ട്. നെല്ല്, എള്ള്, പച്ചക്കറി എന്നിവയായിരുന്നു പാടങ്ങളിലെ സാധാരണവിളകൾ. പാടങ്ങൾ കുറഞ്ഞതോടെ പച്ചക്കറി മറ്റ് സ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് എറിയാട് പ്രദേശത്ത് വിറ്റഴിക്കുന്നു. ഒരു കാലത്ത് മറ്റ് സ്ഥലങ്ങളി ലേക്ക് കയറ്റിവിട്ടിരുന്ന പച്ചക്കറികൾ നമ്മൾ മറ്റ് സ്ഥലങ്ങളിൽ നിന്നും വാങ്ങേണ്ടി വരുന്നു. പുരയിടകൃഷിയിലും ഈ കാലയള വിൽ കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, കശുമാവ്, പുളി പൈൻ തുടങ്ങിയവ ആയിരുന്നു പ്രധാനമായും കൃഷി ചെയ്തിരുന്നത്. എന്നാൽ മിക്കപുരയിടങ്ങളിലും ഇപ്പോൾ തെങ്ങും, കവുങ്ങും മാത്രമാണ് കൃഷി ചെയ്തുകൊണ്ടിരിക്കുന്നത്.

ജനസംഖ്യയിൽ ഉണ്ടായവർധനവ് വീടുകളുടെ ആവശ്യം വർദ്ധിപ്പിച്ചു. അതിന്റെ ഫലമായി പാടങ്ങൾ നികത്തി വീട്വയ്ക്കുക എന്നത് ഒരു പതിവായിമാറി.

## ഇന്നത്തെ വിളചേരുവ

പഞ്ചായത്തിലെ ഇന്നത്തെ മുഖ്യവിളതെങ്ങാണ്. 99% സ്ഥലത്തും ,തെങ്ങാണ് കൃഷിചെയ്യുന്നത്. ഇടവിളയായി കവുങ്ങും ധാരാളം കൃഷിചെയ്ത് വരുന്നു. പുരയിടങ്ങളിൽ മാവ്, പ്ലാവ്, ആഞ്ഞലി എന്നീ വൃക്ഷങ്ങളും വ്യാപകമായി ഉണ്ട്. 1291.67 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യുന്നു. 2,85040 തെങ്ങുകളാണ് ആകെ ഉള്ളത്. ഇതിൽ കായ്ഫലം തരുന്നത് 2,55906 എണ്ണമാണ്.69 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിചെയ്യുന്നു. വാഴ, കുരുമുളക്, പച്ചക്കറികൾ, ജാതി എന്നിവ ഇടവിളയായി ചെയ്തുവരുന്നു. ഇത് വ്യാപകമായി എല്ലാപ്രദേശങ്ങളിലും കൃഷിചെയ്തുവരുന്നില്ല.

വിള-വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തംഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് | 4.5 ഹെക്ടർ | 5 ടൺ | 1 ടൺ |
| പച്ചക്കറി | 3 ഹെക്ടർ | 40 ടൺ | 13.3 ടൺ |
| തെങ്ങ് | 1291.67 ഹെക്ടർ | 72,33,352 തേങ്ങ | 5600/ഹെക്ടർ |
| കുരുമുളക് | 4.5 ഹെക്ടർ | 720 കിലോഗ്രാം | 160 കി. |
| കവുങ്ങ് | 69 ഹെക്ടർ | 1,89,675 | 2748 |



102

## ഉല്പാദനക്ഷമത

4.5 ഹെക്ടർ പ്രദേശത്ത് നെൽ കൃഷി ഉണ്ട് എന്ന് കണക്കുകൾ കാണിക്കുന്നുണ്ടെങ്കിലും, ഒരു കൃഷിയെന്ന നിലയിൽ അതിനെ കാണുവാൻ കഴിയില്ല. മൊത്തം ഉല്പാദനം ഏകദേശം 5 ടൺ മാത്രമാണ്. സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ഉല്പാദനക്ഷമത വളരെ കുറവാണ്. ഒരുപ്പൂമാത്രമാണ് കൃഷി. ജല ദൗർലഭ്യം, ഫലഭൂയിഷ്ടമല്ലാത്ത മണൽ പ്രദേശം, ശാസ്ത്രീയമായി കൃഷിചെയ്യുന്നതിലുള്ള വൈമുഖ്യം എന്നിവയാണ് ഉല്പാദനം കുറയുന്നതിന് നിദാനം.

1291.67 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്ന തെങ്ങിൻെറ കാര്യത്തിലും ഉല്പാദനക്ഷമത മെച്ചമല്ല. സംസ്ഥാന ശരാശരിയോട് അടുത്തോ, അതിൽനിന്ന് കുറവോ ആണ് പലഭാഗങ്ങളിലും. ഉദ്ദേശം 5600 തേങ്ങയാണ് ഒരു ഹെക്ടറിൽനിന്ന് ഉല്പാദിപ്പിക്കപ്പെടുന്നത്. പലപ്രദേശത്തും വെള്ളം കിട്ടാത്ത ത്കൊണ്ട് ജലസേചന സൗകര്യം ഇല്ലായ്മ, കാലാകാല ങ്ങളിൽ പണിയെടുക്കുന്നതിന് ആവശ്യമായ കർഷകതൊഴിലാളികളെ കിട്ടുവാനുള്ള ബുദ്ധിമുട്ട്, ആവശ്യാനുസരണം ജൈവവളം ലഭിക്കായ്മ, തെങ്ങിനെ ബാധിച്ചിട്ടുള്ള വിവിധതരം രോഗങ്ങൾ തുടങ്ങിയവയാണ് ഉല്പാദനം കുറയുന്നതിനുള്ള പ്രധാന കാരണങ്ങൾ. ശാസ്ത്രീയ കൃഷിരീതി അവലംബിയ്ക്കാ ത്തതും ഉല്പാദനം കുറയുന്നതിനുള്ളപ്രധാനകാരണമാണ്. ഇടവിളകളിൽ പ്രമുഖസ്ഥാനമുള്ള കവുങ്ങിൻെറ ഉത്പാദനക്ഷമതയും കുറവാണ്. കവുങ്ങിനെ പരിചരിക്കുന്ന കാര്യത്തിൽ ഉണ്ടായിരുന്ന അശ്രദ്ധയും ജലത്തിൻെറ ദൗർലഭ്യതയും ആണ് ഉത്പാദനംകുറയുന്നതിന് കാരണമായിട്ടുള്ളത്. അടുത്തകാലത്തായി അടയ്ക്കയുടെ വിലയിൽ വർദ്ധനവ് ഉണ്ടായപ്പോൾ മാത്രമാണ് കവുങ്ങ് നട്ടുവളർത്തുന്നതിലും പരിചരിക്കുന്നതിലും കർഷകർ താല്പര്യം പ്രകടിപ്പിച്ച് തുടങ്ങിയത്.

എല്ലാവിളകളും എടുത്ത് പരിശോധിച്ചാലും, ശാസ്ത്രീയ കൃഷിമാർഗ്ഗം സ്വീകരിയ്ക്കാത്തതിൻെറ ഫലമായി ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല എന്ന് കാണാം.രാസവള പ്രയോഗത്തിൽ വേണ്ടത്രശ്രദ്ധചെലുത്താത്തതും ഉല്പാദനത്തെ തടസ്സപ്പെടുത്തുന്ന ഒന്നാണ്. അത്യുല്പാദനശേഷി യുള്ള വിത്തുകളോ ചെടികളോ ലഭിയ്ക്കാത്തതും, കിട്ടുന്നവയുടെ ഗുണനിലവാരം മോശമായതും ഉത്പാദനത്തെ ബാധിക്കുന്നു. പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളിലും ഉപ്പുവെള്ളമാണ് ലഭിക്കുന്നത് എന്നുള്ളത്കൊണ്ടും മറ്റ് ജലസേചന സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടും കൃഷികൾക്ക് ആവശ്യമായ വെള്ളം ലഭിയ്ക്കാത്തതിനാൽ ഉത്പാദനം കുറയുന്നു.

മണ്ണ് പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ കുറവായതിനാൽ മണ്ണിൻെറ ഫലഭൂയിഷ്ഠത മനസ്സിലാക്കുന്നതിന് കർഷകന് കഴിയാതെ വരുന്നു. എന്തെല്ലാം ഘടകങ്ങളാണ് മണ്ണിൽ കുറവെന്ന്

മനസ്സിലാക്കി അതിന് അനുസരണമായ വളം ചേർക്കുവാൻ കഴിയാത്തതും. തെങ്ങുകളെ ബാധിക്കുന്ന വിവിധതരം രോഗങ്ങൾക്ക് ശരിയായ രോഗപ്രതിരോധ നടപടികൾ ഇല്ലാത്തതും ഉത്പാദനം കുറയുന്നു. രോഗത്തെ ഫലപ്രദമായി തടയുന്നതിന് ഉത്തമമായ കീടനാശിനികൾ ഇല്ലാത്തതും, നിലവിൽ നിർദ്ദേശിക്കപ്പെടുന്നവ കൃത്യമായി ലഭിക്കുന്നതിന് സംവിധാനം ഇല്ലായെന്നുള്ളതും തെങ്ങ് കൃഷിയെ വളരെയധികം ബാധിക്കുന്നു.

## ജലസേചനസൗകര്യങ്ങൾ

എറിയാട്ഗ്രാമ പഞ്ചായത്ത് അതിർ ത്തിയിൽ 8 പൊതുകുളങ്ങളും, 108 പൊതുകിണറുകളും, 7 കുഴൽ കിണറിക് ളുമാണ് പൊതുഉപയോഗത്തിന് ഉള്ളത്. പെരുന്തോട്, ബ്ലാങ്ങാചാലിതോട്, മന്തോട്, എന്നിവയാണ് പ്രധാനതോടുകൾ. ഇതല്ലാതെനിരവധി ചെറുതോടുകളുംപഞ്ചായത്തിൻെറ വിവിധവാർഡുകളിലായി ഉണ്ട്.

ചെറുകിട ജലസേചന പദ്ധതിയുടെ ഭാഗമായി 1994ൽ പണികഴിഞ്ഞ ചുങ്കംതോട്ടിലെ സ്ലൂയിസ് കം കൽവർട്ട് 32.6 ഏക്കർ സ്ഥലത്ത് കൃഷിക്ക് ഉപയുക്തമാകുന്നു. 1996ൽ പണി പൂർത്തിയായ മാന്തോട്ടിലെ സ്ലൂയിസ് കം ബ്രിഡ്ജ് 50.27 ഏക്കർ സ്ഥലത്ത് കൃഷിക്ക് ഉപയുക്തമാകും. പുരയിടങ്ങളിൽ കിണറുകളും കുളങ്ങളും ധാരാളമായി വ്യാപകമായ രീതിയിൽ ഉണ്ട്.

എറിയാട് പഞ്ചായത്തിലെ പ്രധാനപ്പെട്ട കുളങ്ങൾ വൃത്തിയാക്കി അതിൻെറ വശങ്ങൾ ചിറകെട്ടി സംരക്ഷിച്ചാൽ അനേകം ഏക്കർ സ്ഥലത്ത് ജലസേചനത്തിന് ഉപയോഗിക്കുവാൻ കഴിയും. 70 സെൻേറാളം വിസ്തൃതിയിലുള്ള കാട്ടാകുളവും 10 സെൻറ് വിസ്തൃതിയിലുള്ള അഴീക്കോട് മേനോൻ ബസാറിലെ കുളവും, 9-ാം വാർഡിൻെറ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പോളക്കുളവും, 15-ാം വാർഡിൽ ഉള്ള എരുമക്കുറകുളവും, 10-ാംവാർഡിൽ ഉള്ള പുളിയക്കുളവും വൃത്തിയാക്കി താഴ്ത്തിയാൽ സമീപപ്രദേശങ്ങളിലെ അനേകം ഏക്കർ സ്ഥലത്ത് ജലസേചനത്തിന് ഉപയോഗിക്കുവാൻ കഴിയും. പെരുന്തോട്, ബ്ലാങ്ങാചാലിതോട്, മാന്തോട് എന്നിവ താഴ്ത്തി വീതികൂട്ടി വശങ്ങൾ കൽചിറകെട്ടി സംരക്ഷിക്കുകയും ഉപ്പ്വെള്ളം കയറാതിരിക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്താൽ കൃഷിക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയും.

ജനസംഖ്യയിൽ ഉണ്ടായ വർദ്ധനവിൻെറ ഫലമായി, പാർപ്പിടങ്ങൾ വർദ്ധിച്ചപ്പോൾ, പഴയകാലഘട്ടങ്ങളിൽ ജലസേചനത്തിന് ഉപയോഗിച്ചിരുന്ന പല കുളങ്ങളും നികത്തപ്പെട്ടു. മാത്രമല്ല പല തോടുകളും മൂടുകയോ, ഭാഗികമായി മൂടപ്പെടുകയോ ഉണ്ടായി. ജലലഭ്യതയെ ഈ നടപടികൾ വളരെ ബാധിച്ചിട്ടുണ്ട്.



104

പാടശേഖരങ്ങൾ തെങ്ങിൻ തോപ്പുകളായി മാറിയപ്പോൾ പാടങ്ങളുമായി ബന്ധപ്പെട്ടിരുന്ന തോടുകളും നികത്തപ്പെട്ടു. തോടുകളുടെ ഈ രീതിയിലുള്ള തിരോധാനം നീർവാർച്ചക്ക് തടസ്സം സൃഷ്ടിക്കുന്നു. അശാസ്ത്രീയമായ റോഡ് നിർമ്മാണത്തിന്റെ ഫലമായി വെള്ളം ഒഴുകിക്കൊണ്ടിരുന്ന നീർച്ചാലുകൾ അടഞ്ഞതും നീർവാർച്ചക്ക് തടസ്സം നിൽക്കുന്നു.

പഴയകാലത്തുണ്ടായിരുന്ന ജലസേചന രീതികൾക്കും മാറ്റം വന്നിരിക്കുന്നു. മൺകുടം ഉപയോഗിച്ച് വെള്ളം കുളത്തിൽനിന്ന് കോരിനനച്ചിരുന്ന സ്ഥാനത്ത് മോട്ടോർ പമ്പുകൾ ധാരാളമായി സ്ഥാനം പിടിച്ചു. കുറെയധികം വെള്ളം ദുരുപയോഗപ്പെടുത്തുന്നതിന് ഇതുവഴി വച്ചിട്ടുണ്ട്.

പഞ്ചായത്തിൽ പറമ്പുകളിലെ ജലസേചനം വ്യാപകമായി നടന്നുവരുന്നു. മിക്കവാറും പുരയിടങ്ങളിൽ പമ്പുസെറ്റുകൾ സ്ഥാപിക്കുകയും ജലസേചനം നടത്തുവാൻ ശ്രമിക്കുകയും ചെയ്തുവരുന്നു. എന്നാൽ കോളനികൾ, ഭൂമിയുടെ തുണ്ടുവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടായ ചെറിയ ചെറിയ കൃഷിയിടങ്ങളിൽ ജലസേചനത്തിന് ആവശ്യമായ വെള്ളം ലഭിക്കാത്തതുകൊണ്ട് വിളകൾക്ക് വെള്ളം ഉപയോഗിക്കുവാൻ കഴിയുന്നില്ല. ജലസേചനത്തിന് ആവശ്യമായ ഭൗതിക സാഹര്യങ്ങൾ ഉള്ള പുരയിടങ്ങളിലോ കൃഷി സ്ഥലങ്ങളിലോ വേനൽക്കാലം രൂക്ഷമാകുമ്പോൾ ജലം ലഭിക്കുന്നില്ല. ഉള്ള ജലസമ്പത്ത് കാര്യക്ഷമമായും ശാസ്ത്രീയമായും ഉപയോഗിച്ചാൽ ഇതിന് പരിഹാരം കാണുവാൻ കഴിയും.

## ഉത്പന്നങ്ങളുടെ വിലയും വിപണനവും

പ്രധാനവിളയായ നാളികേരത്തിന് മിക്കവാറും സമയങ്ങളിൽ ഉത്പാദന ചിലവുമായി താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട വില ലഭിക്കാറില്ല. കാർഷിക വിളകളുടെ വിപണന കേന്ദ്രം പഞ്ചായത്തിലില്ല. നാളികേരം വെട്ടി കൊപ്രയാക്കുന്നത് സ്വകാര്യ കച്ചവടക്കാർ മാത്രമാണ്. അതും എണ്ണത്തിൽ കുറവാണ്. ചെറുകിട കർഷകർ സാമ്പത്തിക പരാധീനതകൾ മൂലം ഈ സ്വകാര്യ കച്ചവടക്കാരുമായി ബന്ധിതരാകുന്നതിന്റെ ഫലമായി കൈവശമുള്ള തുച്ഛമായ നാളികേരത്തിന് പോലും മാർക്കറ്റ് വില ലഭിക്കുന്നില്ല. കൃഷിക്കാരന് ലഭിക്കേണ്ട വിലയുടെ ഒരു നിശ്ചിത ശതമാനം അവർക്ക് ലഭിക്കാതെ വരുന്നു.

മാർക്കറ്റിംഗ് സൊസൈറ്റി ഇല്ലാത്തതു കൊണ്ടും നാളികേര വിപണനരംഗത്ത് മറ്റ് ഏജൻസികൾ ഇല്ലാത്തതുകൊണ്ടും കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. എല്ലാ കർഷകരേയും ഉൾപ്പെടുത്തി വളരെ വിപുലമായ നാളികേരവിപണന സഹകരണ സംഘം രൂപികരിക്കേണ്ടത് അത്യാവശ്യമായി കഴിഞ്ഞിരിക്കുന്നു. അഴീക്കോട് ജെട്ടിയോടനുബന്ധിച്ച് കോട്ടപ്പുറം ചന്തപോലെ ഒരു ചന്ത ഉണ്ടാവുന്നത്



105

വിളകളുടെ വിപണനത്തിന് അത്യാവശ്യമാണ്.

## കാർഷികബന്ധങ്ങൾ

കൃഷിഭൂമികളുടെ തുണ്ടുവൽക്കരണം കാർഷികബന്ധങ്ങളിൽ വലിയമാറ്റം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ഒരു ഹെക്ടറിൽ താഴെയുള്ള നാമമാത്രകർഷകരാണ് കൂടുതൽ. 9035 പേർ ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. ഒരു ഹെക്ടർ മുതൽ 2 ഹെക്ടർവരെ ഭൂമി കൈവശമുള്ള ചെറുകിട കർഷകർ 414 ആണ്. 2 ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശമുള്ള വൻകിടകർഷകർ 173 ആണ്. നാമമാത്ര കർഷകരിൽ ബഹുഭൂരിപക്ഷത്തിനും 10 സെൻറ് മുതൽ 50 സെൻറ് ഭൂമി വരെയാണ് കൈവശമുള്ളത്.

മുപ്പതുകളുടെ അവസാനഘട്ടത്തിലും 40കളുടെ ആരംഭത്തിലുമായി ഈ പഞ്ചായത്തിലെ കൃഷി ഭൂമി വിരലിലെണ്ണാവുന്നത്ര ഉടമകളുടെ കൈവശം എത്തിച്ചേർന്നിരുന്നു. ആ കാലഘട്ടത്തിൽ ആയിര കണക്കിന് കുടികടപ്പുകാരും നൂറ് കണക്കിന് കർഷകതൊഴിലാളികളും ഉണ്ടായിരുന്നു.

1970ൽ സമഗ്രമായ ഭൂപരിഷ്ക്കരണം നടപ്പിലായതിൻെറ ഫലമായി ആയിരങ്ങൾ ഭൂമിയുടെ ഉടമകളായി മാറി. മണ്ണിൻെറ ഉടമകളായി മാറിയ കർഷകതൊഴിലാളി കുടുംബത്തിലെ പിൻമുറക്കാർക്ക് ലഭിച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ, ബാങ്ക് ദേശാൽക്കരണത്തിലൂടെ നടപ്പിലായ ബാങ്ക് സഹായങ്ങൾ, ചെറുകിട വ്യാപാരത്തിനും വ്യാവസായത്തിനും ഉണ്ടായ പ്രചോദനം, ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ സാധ്യത എന്നിവ മൂലം കർഷകതൊഴിലാളികളുടെ എണ്ണം കുറഞ്ഞുവന്നു. ഇന്ന് കർഷക ജനസംഖ്യയിൽ വളരെ ന്യൂനപക്ഷം മാത്രമാണ് കർഷകതൊഴിലാളികളായിട്ടുള്ളു. ഈ മേഖലയിൽ ലഭിച്ചുകൊണ്ടിരുന്ന കൂലിയുടെ കുറവും ഈ പണി അനാകർഷകമായി തീർത്തു. വീടുകളുടെ നിർമ്മാണം വർദ്ധിച്ചതോടെ ആ രംഗത്ത് തൊഴിൽ സാധ്യത ഉയരുകയും, അവിടെ നിന്ന് ലഭിക്കു ന്ന ഉയർന്ന കൂലിയും കർഷകതൊഴി ലാളികളുടെ എണ്ണം കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്.

സ്വന്തം ഭൂമിയിൽ കൃഷി ചെയ്ത് ജീവിക്കുന്ന കർഷകരുടെ എണ്ണം വളരെ കുറവാണ്. മിക്കവാറും കർഷകർ മറ്റു തൊഴിലുമായി ബന്ധപ്പെട്ടവരോ, ഉദ്യോഗസ്ഥന്മാരോ കച്ചവടക്കാരോ ആണ്. അതിനാൽ സ്വന്തം ഭൂമിയിൽ പണിയെടുക്കുന്നതിനുള്ള സമയമോ പരിചയമോ അവർക്കില്ല. കാർഷികവൃത്തിയോടുള്ള താൽപര്യമില്ലായ്മയും ഇതിന് ഒരു കാരണമാണ്.

## വളം ഉപഭോഗം

കാർഷിക സഹകരണസംഘങ്ങൾ, കൃഷിഭവൻ, രാസവള വില്പനശാലകൾ



106

വില്പനശാലകൾ എന്നീ ഏജൻസികളിൽ നിന്നും ലഭിച്ച വിവരം പ്രകാരം രാസവള ഉപഭോഗം വർഷം തോറും വർദ്ധിച്ചുവരുന്നതായിട്ടാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഒരു ഹെക്ടർ സ്ഥലത്ത് 38 കിലോഗ്രാം എന്നതോതിൽ ഉപയോഗിക്കപ്പെടുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത് അതിർത്തിയിൽനിന്ന് അല്ലാതെ മറ്റു സ്ഥലങ്ങളിൽ നിന്നും രാസവളങ്ങൾ വാങ്ങി ഉപയോഗിക്കുന്നതുകൊണ്ട് കൃത്യമായി കണക്ക് ലഭ്യമല്ല. എന്നിരുന്നാലും രാസവള പ്രയോഗം വളരെ കുറവാണെന്നാണ് വിവരങ്ങൾ സൂചിപ്പിക്കുന്നത്. രാസവളപ്രയോഗംകൊണ്ട് വിളകൾക്ക് കേടുസംഭ വിക്കുന്നു എന്ന തെറ്റായ ധാരണയാണ് ഇതിനു പ്രധാന കാരണം. വളം ഉപയോഗിക്കുന്നത് എങ്ങനെ യെന്ന ശാസ്ത്രീയ അറിവില്ലായ്മയും ഒരു കാരണമാണ്.

ജൈവവളത്തിൻെറ കാര്യത്തിലാണെങ്കിൽ ലഭ്യത കുറഞ്ഞു കുറഞ്ഞു വരുന്നു. പച്ചില വളം തീരെ ലഭ്യമല്ലന്ന് തന്നെ പറയാം. ചാണകം തുടങ്ങിയ വളങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും വിലയും ജൈവവളത്തിൻെറ ഉപഭോഗത്തിലും കുറവു വരുത്തിയിട്ടുണ്ട്. മീൻവളം, തമിഴ്നാട്ടിൽ നിന്നും വരുന്ന കോഴികാഷ്ഠം തുടങ്ങിയ വളങ്ങൾ ആണ് ഇന്ന് പലപ്രദേശങ്ങളിലും ഉപയോഗിക്കുന്നത്.

## നടപ്പ് പദ്ധതികൾ

1. ചെറുകിട കർഷകർക്കുള്ള സംയോജിത കേര പദ്ധതി.

ഈ പദ്ധതിപ്രകാരം രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് 200 രൂപയും പകരം സങ്കരയിനം തെങ്ങിൻതൈയും ഇന്ന് കൃത്യമായി ലഭിക്കുന്നതിനുള്ള സാദ്ധ്യത വേണ്ടത്ര നിലവിലില്ല. അലോട്ട് ചെയ്യുന്ന ഫണ്ടിൻെറ കുറവുകാരണം എല്ലാകർഷകർക്കും ഇതിൻെറ ആനുകൂല്യം ലഭിക്കുന്നില്ല. രാസവളങ്ങൾ കിറ്റിലാക്കി വിതരണം ചെയ്യുന്നതും എല്ലാ കർഷകർക്കും ലഭിക്കുന്നതിനും ഏർപ്പാടില്ല.

2. സമഗ്ര നാളികേര വികസനപദ്ധതി.

ചുരുങ്ങിയത് 30 സെൻറ് സ്ഥലമുള്ളവർക്ക് ജലസേചനത്തിന് കിണർ നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് ചെലവിൻെറ മൂന്നിൽ ഒന്ന് എന്ന നിരക്കിൽ പരമാവധി 2500 രൂപ ധനസഹായം വീതം ആകെ 5000 രൂപ. ഇത് കൃത്യമായി ഉപയോഗി ക്കപ്പെടുന്നില്ലന്ന് കണക്കുകൾ വ്യക്തമാക്കുന്നു. തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതിയും കവുങ്ങ് വികസനപദ്ധതിയും വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികളും വേണ്ടത്ര ഫലപ്രദമായ രീതിയിൽ പ്രാവർത്തികമാക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇതിന് വ്യാപകമായ പ്രചരണം കൊടുക്കുന്നതിന് കൃഷിഭവൻ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചതായി കാണുന്നില്ല.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണിക്കേണ്ട പ്രശ്നങ്ങൾ താഴെ പറയുന്നു.

1. തേങ്ങക്ക് വേണ്ടത്ര വില കിട്ടുന്നില്ല.
2. നീർവാർച്ചക്ക് സൗകര്യം കുറഞ്ഞതുമൂലം തെങ്ങിൻെറ വേരുകൾക്ക് ചീച്ചിൽ സംഭവി ക്കുന്നു.
3. കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
4. കർഷകതൊഴിലാളികളുടെ സേവനനിലവാരം കുറഞ്ഞുവരുന്നു.
5. നല്ലയിനം നടീൽ വസ്തുക്കൾ വേണ്ടത്ര ലഭിക്കുന്നില്ല.
6. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടന്നുവരുന്നത്.
7. ജൈവവളങ്ങളുടെ ഉപയോഗം കുറഞ്ഞുവരുന്നു. നല്ല ജൈവവളങ്ങൾ കിട്ടാനില്ല.
8. ജലസേചനസൗകര്യങ്ങൾ വളരെ കുറവാണ്.
9. കൊപ്രവിപണനത്തിന് പ്രാദേശിക സൗകര്യങ്ങൾ തീരെ കുറവാണ്.
10. രാസവളത്തിൻെറ പ്രയോഗം തീരെ കുറവാണ്. ഉള്ളവ അശാസ്ത്രീയവുമാണ്.
11. തെങ്ങിന് വേരുചീച്ചിൽ, ഓലകരിച്ചിൽ, ചെന്നിയൊലിപ്പ് എന്നീ രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. മണ്ണ് സംരക്ഷണത്തിന് അടിയന്തിര പ്രാധാന്യം നൽകുക.
2. നീർവാർച്ച ശരിയായ രീതിയിൽ നടക്കുന്ന തിന് തോടുകളുടെ ആഴം കൂട്ടുകയും കൽച്ചിറകെട്ടി സംരക്ഷിക്കുകയും ചെയ്യുക.
3. പുതിയ ജലസേചനസൗകര്യങ്ങൾ ഉണ്ടാ ക്കുക.
4. കൃഷിഭവൻെറ പ്രവർത്തനം കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുക.
5. നഴ്സറികൾ ആരംഭിച്ച് നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുക.
6. ആവശ്യമായ ജൈവവളം ഉത്പാദിപ്പിക്കുന്നതിന് പഞ്ചായത്തിൻെറ പുറംപോക്കുകളിൽ ശീമക്കൊന്ന തുടങ്ങിയ വളചെടികൾ വ്യാപകമായി കൃഷി ചെയ്യുക.
7. കാർഷികപ്പണി എളുപ്പത്തിലും വേഗത്തിലും നടത്തുന്നതിന് ആവശ്യമായ ആധുനിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക.
8. പൊതുമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുക.
9. നാളികേരസംഭരണ വിതരണ സഹകരണ സംഘം രൂപികരിക്കുക.
10. രോഗനിവാരണ പ്രവർത്തനങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുക.
11. കർഷകർക്ക് ആവശ്യമായ വായ്പ ലഭിക്കുന്നതിന് കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപകവും ലളിതവുമാക്കുക.
12. എല്ലാപുരയിടങ്ങളിലും ഇടവിളയായി വാഴ, ജാതി, പൈനാപ്പിൾ എന്നിവ വ്യാപകമായി കൃഷി ചെയ്യുന്നതിന് പ്രോത്സാഹനവും സഹായവും നൽകുക.
13. എല്ലാ അടുക്കളമുറ്റത്തും ഒരു തോട്ടം എന്ന ലക്ഷ്യത്തിലേക്ക്, ജനകീയ സഹകരണത്തോടെ ഊർജ്ജിതമായ പ്രവർത്തനം ആരംഭിക്കുക.

# മൃഗസംരക്ഷണം-മത്സ്യബന്ധനം

## മൃഗസംരക്ഷണം

സങ്കരയിനം പശുക്കളുടെ വ്യാപനമാണ് മൃഗപരിപാലനരംഗത്തുണ്ടായ ഏറ്റവും വലിയ മാറ്റം. കൂടിയത് 4 ലിറ്റർവരെ പാല് ലഭിച്ചിരുന്ന നാടൻ പശുക്കളായിരുന്നു 20 വർഷം മുമ്പ് നാട്ടിൽ ധാരാള മായിട്ടുണ്ടായിരുന്നതെങ്കിൽ ഇന്ന് പഞ്ചായത്തിലെ മൊത്തം പശുക്കളിൽ 2/3 ഭാഗവും സങ്കരയിനം പശുക്കളാണ് ഉള്ളത്. ചെലവുകുറവും വളർത്താൻ എളുപ്പമായ തുകൊണ്ടും പശുക്കളേക്കാൾ ആടുകളാണ് ഈ പ്രദേശത്ത് ധാരാളമായിട്ടുള്ളത്. പന്നിവളർത്ത്ൽ മിക്ക വാറും ഇല്ല എന്നുതന്നെപറയാം.

1987ലെ കന്നുകാലി സെൻസസിൽനിന്ന് സങ്കരയിനം പശുക്കളിടെ വ്യാപനം സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കും.

| നാടൻ പശു | സങ്കരയിനം പശു | എരുമ | ആട് | പട്ടി | പന്നി |
|---|---|---|---|---|---|
| 462 | 949 | 345 | 2311 | 282 | 4 |

| കോഴിനാടൻ | കോഴിമേൽത്തരം | താറാവ് |
|---|---|---|
| 15420 | 1613 | 3521 |

കൃഷിഭവൻ നടത്തിയ സർവെ

| പശു | എരുമ | ആട് | പട്ടി |
|---|---|---|---|
| 891 | 91 | 570 | 95 |

| പൂവൻകോഴി | പിടക്കോഴി | താറാവ് |
|---|---|---|
| 821 | 12801 | 1658 |



109

പഞ്ചായത്തിലെ ശരാശരി ഓരോ വീട്ടിലും 2 കോഴിപോലും ഇല്ല.

രോഗവിവരങ്ങൾ

| | പശു | എരുമ | ആട് | കോഴി | താറാവ് |
|---|---|---|---|---|---|
| ദഹനസംബന്ധമായവ | 76 | 2 | 98 | 260 | 10 |
| ശ്വാസസംബന്ധം | 6 | | 10 | 50 | |
| ഉപാപചയസംബന്ധം | | | 2 | | |
| ത്വക്ക്‌രോഗങ്ങൾ | 25 | | 13 | | |
| ധാതുലവണങ്ങളുടെ അഭാവം | 26 | 9 | | | |
| പാദരോഗങ്ങൾ | 204 | 20 | 108 | | 84 |
| പ്രത്യുൽപാദന വ്യാവസ്ഥയുമായി ബന്ധപ്പെട്ടവ | 96 | 4 | 7 | | |
| വന്ധ്യത | 2 | 2 | | | |
| അകിടുവീക്കം | 20 | 20 | 3 | | |
| മുടന്തൻപനി | 10 | 10 | | | |

പശുക്കൾക്ക് വരുന്ന രോഗങ്ങളിൽ പാദരോഗങ്ങളാണ് കൂടുതൽ. ശാസ്ത്രീയമല്ലാതെ തൊഴുത്തുകൾ നിർമ്മിക്കുന്നതുകൊണ്ടും വൃത്തിഹീനമായ അന്തരീക്ഷത്തിൽ വളരുന്നതുകൊണ്ടുമാണ് അകിടുവീക്കം, ത്വക്ക് രോഗങ്ങൾ ഇവ വരുന്നത്. ആവശ്യത്തിന് തീറ്റപുല്ലും കാലിത്തീറ്റയും മിതമായ വിലക്ക് ലഭ്യമല്ലാത്തതിനാൽ ധാതുലവണങ്ങളുടെ അഭാവവും ഉണ്ട്. പശുവളർത്തലിലെ അജ്ഞതയാണ് ദഹനസംബന്ധമായ രോഗങ്ങൾക്ക് പ്രധാനകാരണം.

പേവിഷബാധ പ്രതിരോധ കുത്തിവെപ്പ് വിവരങ്ങൾ

| പശു | എരുമ | ആട് | പട്ടി |
|---|---|---|---|
| 9 | 1 | 9 | 48 |

സമയാസമയങ്ങളിൽ വിരയിളക്കാനും പ്രതിരോധ കുത്തിവെപ്പ് എടുക്കാനും ശ്രദ്ധിക്കാറില്ല.

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം | ആകെ | കൃത്രിമബീജ സങ്കലനം നടത്തിയത് | ഗർഭധാരണത്തിനാലധികം ബീജസങ്കലനം വേണ്ടിവന്നവ. |
|---|---|---|---|
| പശു | 886 | 626 | 32 |
| കിടാരി | 142 | 132 | 40 |
| എരുമ | 78 | 48 | 18 |

## വെറ്റിനറി ഡിസ്പെൻസറി

1996 മാർച്ചിലാണ് എറിയാട് പഞ്ചായത്തിൽ വെറ്റിനറി ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചത്. അപര്യാപ്തതകളുടെ ഒരു നീണ്ടപട്ടികയാണ് ഈ ഡിസെപെൻസറി പ്രവർത്തിക്കുന്നത്. റഫ്രിജറേറ്റർ, സ്റ്റെറിലൈസർ, ലാബറട്ടറി സൗകര്യങ്ങൾ (മൈക്രോസ്കോപ്പ് മുതലായവ) റിയേജൻറുകൾ, ടോയ്ലറ്റ്, ട്രെവിസ്, മിനിഓപ്പറേഷൻ തിയ്യറ്റർ, ടെലഫോൺ തുടങ്ങിയ സൗകര്യങ്ങൾ ലഭിച്ചാൽ മാത്രമേ വെറ്റിനറി ഡിസ്പെൻസറിയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട്കൊണ്ട് പോകാൻ കഴിയുകയുള്ളു.

## പ്രശ്നങ്ങൾ

1. കാലിതീറ്റയുടെ തീവിലയും തീറ്റപുല്ലിൻെറ അഭാവവും കാലിവളർത്തൽ ചെലവേറിയതാക്കുന്നു.

2. പാലിന് ന്യായവില ലഭിക്കുന്നില്ല. പഞ്ചായത്തിൽ മിൽക്ക് സൊസൈറ്റികൾ ഇല്ലാത്തതുകൊണ്ട് വിപണനത്തിന് ഏറെ ബുദ്ധിമുട്ടുന്നു.

3. ഉല്പാദനശേഷിയുള്ള പശുക്കളാണെങ്കിലും ശാസ്ത്രീയമായ കാലിവളർത്തലിനെ കുറിച്ച് ധാരണ വന്നിട്ടില്ലാത്തതിനാൽ സാധ്യതകൾ പൂർണ്ണമായും ഉപടോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

4. സമയാസമയങ്ങളിൽ പ്രതിരോധകുത്തിവെപ്പ് എടുക്കാതിരുന്നാൽ കോഴിവസന്ത പടന്നുപിടിച്ച് കോഴികൾ ചത്തുപോകുന്നു.

5. താറാവ് വളർത്തലിൻെറ സാദ്ധ്യതകൾ വേണ്ടത്ര ഉപയോഗിച്ചിട്ടില്ല.

6. അറവുശാലകൾ വൃത്തിഹീനവും ആരോഗ്യത്തിന് ഹാനികരവുമായ അന്തരീക്ഷത്തിലാണ് നടത്തേണ്ടത്.

7. പഞ്ചായത്തിലെ മൃഗാശുപത്രിയിലെ സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ശരിയായ സേവനം ലഭിക്കാൻ ബുദ്ധിമുട്ടുന്നു.

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1. പാൽ സംഭരിക്കുന്നതിന് പഞ്ചായത്തിൽ രണ്ടോ മൂന്നോ സൊസൈറ്റികൾ പ്രവർത്തനമാരംഭിക്കുക. പാൽ ഉല്പന്ന നിർമാണ യൂണിറ്റുകളുടെ സാദ്ധ്യതകൾ പരമാവധി കണ്ടെത്തുക, ബ്ലോക്ക് തലത്തിൽ പാൽപൊടി നിർമാണ സാദ്ധ്യത ആലോചിക്കുക.

2. ചെറുകിട കീലിതീറ്റ നിർമാണ യൂണിറ്റുകൾ ആരംഭിക്കുക.

3. തീറ്റപുൽ കൃഷി പ്രോത്സാഹനം നൽകി വികസിപ്പിക്കുക.

4. താല്പര്യവും സാദ്ധ്യതകളും കണക്കിലെടുത്ത് 1 മുതൽ 10. വരെ പശുക്കളെ വളർത്തുന്ന യൂണിറ്റുകൾ ആരംഭിക്കുക. വനിതാസംഘങ്ങളുടെ സാദ്ധ്യത ഉപയോഗപ്പെടുത്തണം.

5. വൈറ്റമിൻ ധാതുലവണ മിശ്രിത വിതണത്തിലൂടെ കാലികൾക്ക് വരുന്ന രോഗങ്ങൾ നിയന്ത്രിക്കുക.

6. ആധുനിക രീതിയിലുള്ള അറവുശാല പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുകയും വാർഡ്തോറും മാംസ്യ വിപണന ബൂത്തുകൾ സ്ഥാപിക്കുകയും ചെയ്യുക. രക്തം, തുകൽ ഇവയുടെ സംസ്ക്കരണത്തിലൂടെ പുതിയ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുക.


7. പഞ്ചായത്തുതലത്തിൽ എഗ്ഗർലെയർ നഴ്സറി ആരംഭിക്കുകയും വീട്ടുമുറ്റത്ത് കോഴിവളർത്തൽ വികസിപ്പിക്കുയും ചെയ്യുക.

8. പ്രത്യേക കാളക്കുട്ടി പരപാലന പരിപാടി, കന്നുകുട്ടി പരിപാലനപരിപാടി ഇവ നടപ്പിലാക്കുക. ആടുവളർത്തൽ യൂണിറ്റുകൾ, താറാവ് വളർത്തൽ കൂടുതൽ പ്രോത്സാഹനം നൽകുക.

9. സങ്കരയിനം പശുക്കൾക്ക് തീറ്റ സബ്സിഡി നൽകുക.

10. ഗോരക്ഷാ ക്യാമ്പുകൾ, വന്ധ്യത നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുക. കർഷകമേളകൾ സംഘടിപ്പിക്കുകയും മാതൃക കർഷകന് അവാർഡ് ഏർപ്പെടുത്തുക.

11. മൃഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഗ്രീൻകാർഡ് സമ്പ്രദായം ഏർപ്പെടുത്തുക.



12. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.

13. ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റുകൾ കൂടുതൽ ആരംഭിക്കുക.

14. ശാസ്ത്രീയമായ കാലി, കോഴി, താറാവ് വളർത്തൽ ഇവയ്ക്ക്വേണ്ടി വിജ്ഞാന വ്യാപന പരിപാടികൾ നടപ്പിലാക്കുക.

15. ബ്ലോക്കാപ്പീസിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന വെറ്റിനറി സബ്സെൻറർ ഡിസ്പെൻസറിയാക്കി ഉയർത്തുക.



113

5

# മത്സ്യബന്ധനം

അറബികടലിൻേറയും പെരിയാർ പുഴയുടേയും തീരത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് പ്രദേശത്തെ സമ്പദ്‌വ്യവസ്ഥയിലും ജീവിതരീതിയിലും മത്സ്യമേഖല പണ്ട് മുതൽ തന്നെ നിർണായ സ്വാധീനം ചെലുത്തി വരുന്നു. കാലത്തിൻെറ കുത്തിയൊഴുക്കിൽ മത്സ്യബന്ധന രീതികളിലും അനുബന്ധതൊഴിലുകളിലും ഒപ്പംതന്നെ ജീവിതരീതികളിലും വലിയ മാറ്റങ്ങൾ വരുത്തുകയുണ്ടായി.

നാടൻ വള്ളങ്ങളിലും തടി വള്ളങ്ങളിലും കോട്ടൻ നൂലിൽ കൈകൊണ്ട് നെയ്ത വലകൾ ഉപയോഗിച്ച തണ്ട് വലിച്ചും പങ്കായം തുഴഞ്ഞും നടത്തിയ മത്സ്യബന്ധനം ഇന്ന് യന്ത്രവൽകൃത വള്ളങ്ങളിലും ബോട്ടുകളിലും യന്ത്രിനിർമിതമായ നൈലോൺ വലകൾക്ക് ഏതാണ്ട് പൂർണമായും വഴിമാറി കൊണ്ടിരിക്കുന്നു. കോരുവല, വട്ടോല, കൊല്ലി, ഐെലവല, ചാളവല, സ്രാവ്‌വല, തെരണ്ടി വല, ചെമ്മീൻവല, പറ്റുംവല എന്നീ പേരുകളിലുള്ള വലകൾ ഉപയോഗിച്ചും ചൂണ്ട, വീശൽവല എന്നിവ ഉപയോഗിച്ചും വൻതോതിൽ മീൻപിടുത്തം നടത്തിയിരുന്നു. ഞണ്ട്, ചാള, ഐെല, ആവോലി, മണങ്ങ്, വേളൂരി, മുള്ളൻ, കൊണ്ടാൻ, എഴുത്തൻ, ചെമ്മീൻ (നാരൻ, പൂവാലൻ, കരിക്കാടി, കഴുന്തൻ, വില്ലൻ) കൊഴുവ, കണവ, മാന്തൾ, നത്തോലി, തളയൻ, വായ്മീൻ, വാള, കിരിയാൻ, തെരണ്ടി, സ്രാവ്, ഏട്ട, നാവേട്ട, ബ്രാൽ, അറിക്ക്യവറ്റ, കുട്ടൻകോര, ചെങ്കോര, കോര, പല്ലിമീൻ, ഊള, നന്തൻ, മുള്ളൻ, കത്തിചാള, വട്ടചാള, കോക്കാൻചാള, തുടങ്ങിയ മീനുകളാണ് ലഭിച്ചിരുന്നത്. വലിയ കുട്ടകളിൽ തല ചുമടായും കാവ് കൊട്ടയിലും നടത്തിയിരുന്ന മത്സ്യവിതരണം ഇന്നും ഉണ്ടെങ്കിലും സൈക്കിളിലും മോട്ടോർ സൈക്കിളിലും ടെമ്പോകളിലുമായിട്ടാണ് പ്രധാനമായും ഇപ്പോൾ നടത്തി വരുന്നത്. അന്നും ഇന്നും ഈ പ്രദേശത്തുകാരുടെ ഭക്ഷണത്തിൽ മത്സ്യം മുഖ്യ ഇനമാണെങ്കിലും ഇന്ന് അളവിൽ കുറവ് വന്നിട്ടുണ്ട്.

നാട്ടുകാരുടെ ആവശ്യം കഴിച്ച് ബാക്കി വരുന്ന മത്സ്യങ്ങൾ കടപ്പുറങ്ങളിലെ ചാപ്പകളിൽ ഉപ്പിട്ട് ഉണക്കി ചങ്ങനാശേരി, അതിരമ്പുഴ എന്നീ മാർക്കറ്റുകളിലേക്ക് കയറ്റി അയച്ചിരുന്നത്. ഒട്ടേറെ സ്ത്രീകൾ ചാപ്പകളിൽ തൊഴിൽ ചെയ്തിരുന്നു. മത്സ്യം അധികം ലഭിക്കുന്ന സമയങ്ങളിൽ കടപ്പുറ



114

ങ്ങളിൽ ഉത്സവത്തിന്റെ പ്രതീതി ഉണ്ടായിരുന്നു. ഇന്ന് അങ്ങനെ കാണുന്നില്ല.

മത്സ്യബന്ധനഉപകരണങ്ങൾ നാലോ, അഞ്ചോ ജന്മിമാരുടെ ഉടമസ്ഥതയിലായിരുന്നെങ്കിൽ ഇന്ന് വലിയൊരു വിഭാഗം മത്സ്യതൊഴിലാളികളും മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളായി മാറിക്കഴിഞ്ഞു.

വെള്ളചെമ്മീൻ, ചൂടൻചെമ്മീൻ, കാരചെമ്മീൻ, തിരുത, കണമ്പ്, പള്ളത്തി, കരിമീൻ, പൂമീൻ, വറ്റ, കുറുക്ക, ഞണ്ട്, ആരൽ, കാളാഞ്ചി, കട്ട്ല, മാലാൻ, പ്രായിൽ, കല്ലാൻ, വെട്ടൻ, കൂരി, പഴിച്ചി, ബ്രാൽ, പരൽ, മുഷൂർ, കരിപ്പിടി എന്നീ മത്സ്യങ്ങൾകൊണ്ട് സമൃദ്ധമായിരുന്ന ഉൾനാടൻ മത്സ്യമേഖല ഇന്ന് ഏറെ ശുഷ്കമാണ്. ബ്രാൽ, കരിപ്പിടി, കാരി തുടങ്ങിയ മീനുകൾ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

## ഇന്നത്തെ അവസ്ഥ

5 കി. മീ. കടലോരവും, 2 കി. മീ. പുഴയോരവും 8 പൊതുകുളങ്ങളും ചെറുതും വലുതുമായ ആയിരത്തിൽ താഴെ സ്വകാര്യകുളങ്ങളും കടലിനു സമാന്തരമായി പെരിയാറിൽ നിന്നും പുറപ്പെടുന്ന രണ്ടു പെരുംതോടുകളും ഇതിന്റെ ശാഖോപശാഖകളായി ധാരാളം തോടുകളുമുള്ള പഞ്ചായത്ത് പ്രദേശത്തിന് സമൃദ്ധമായ ജലാശയമാണ് ഉള്ളത്.

പഞ്ചായത്തിലെ ഏഴായിരത്തിൽ പരം കുടുംബങ്ങളിൽ 1300 എണ്ണവും മത്സ്യതൊഴിലാളി കുടുംബങ്ങളാണ്. 2219 മത്സ്യതൊഴിലാളികൾ ക്ഷേമനിധിബോർഡിൽ അംഗങ്ങളാണ്. രജിസ്റ്റർ ചെയ്യാത്തവരായി 500-ൽ കൂടുതൽ ആളുകളുണ്ട്.

## മത്സ്യസംസ്കരണമേഖല

എട്ട് പീലിംഗ്ഷെഡുകൾ അടക്കം 35 മത്സ്യസംസ്കരണശാലകളിലായി ഏകദേശം 1000-ൽപരം തൊഴിലാളികൾ പണിയെടുക്കുന്നു. തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. ഏഴുവർഷംമുമ്പ് 8 രൂപ ആയിരുന്നു കൂലിയെങ്കിൽ ഇന്ന് 45 രൂപാമുതൽ 75 രൂപവരെയാണ് ഒരുദിവസത്തെ കൂലിയായി ഇവർക്കു ലഭിക്കുന്നത്. ശരാശരി 10 ടൺ മത്സ്യം പ്രതിദിനം സംസ്കരിക്കുന്നുണ്ട്. കണവ, ചെമ്മീൻ, ഞണ്ട്, കക്കയിറച്ചി, ആവോലി, തുടങ്ങിയ മീനുകൾ ഗ്രീസ്, തായ്വാൻ, ഹോങ്കോങ്, ചൈന, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റിഅയക്കുന്നു. ഏഴ് ഐസ് ഫാക്ടറികൾ ഈ പ്രദേശത്തുണ്ട്.

സ്ത്രീ തൊഴിലാളികൾക്ക് പുരുഷതൊഴിലാളികളേക്കാൾ വളരെ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. ഇതുകൊണ്ടുതന്നെ ആരോഗ്യവിദ്യാഭ്യാസ സാമ്പത്തിക മേഖലകളിൽ ഈ തൊഴിലാളികളുടെ കുടുംബങ്ങൾ ഏറെ പിന്നോക്കമാണ്.

സമയാസമയങ്ങളിൽ ശുചീകരിക്കാത്തതുകൊണ്ട് സംസ്കരണശാലകളുടെ പരിസരപ്രദേശങ്ങളിൽ അസഹ്യമായ ദുർഗന്ധവും ഉണ്ടെന്നു മാത്രമല്ല പല ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു.



115

## എറിയാട് ഗ്രാമപഞ്ചായത്ത് - മത്സ്യബന്ധനം

| കടൽമത്സ്യം | | | | | ഉൾനാടൻമത്സ്യം | | മത്സ്യബന്ധനോപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|
| മത്സ്യബന്ധനതൊഴിലാളികൾ | | മറ്റ് തൊഴിലാളികൾ | | | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | യന്ത്രവൽകൃത ബോട്ടുകൾ | യന്ത്രംഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
| മുഖ്യതൊഴിൽ | ഭാഗിക തൊഴിൽ | മത്സ്യവിപണനം | വല നന്നാക്കൽ | മത്സ്യസംസ്കരണം | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 2219 | | കണക്ക് ലഭ്യമല്ല | കണക്ക് ലഭ്യമല്ല | 1000 | 16 1/2 കി. മീ പെരുംതോടുകൾ 145 സെൻറ് പൊതുകുളങ്ങൾ | ഏകദേശം 30 | ഏകദേശം 100 | 487 ഏകദേശം 100 | |

## എറിയാട് സംഘം-മത്സ്യതൊഴിലാളിക്ഷേമസഹകരണസംഘം

| സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ | | |
|---|---|---|
| സ്ഥാപനം | സ്വഭാവം | തുക |
| N.C.D.C. | മത്സ്യബന്ധനോപകരണം | 216316 |

| നൽകിയ വായ്പകൾ | |
|---|---|
| തഴപ്പായ നെയ്ത്ത് | 50000 രൂപ |
| | |

116

| സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രെഡിറ്റ് | നോൺ ക്രെഡിറ്റ് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒരു ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരിയുണ്ടെങ്കിൽ ലഭിച്ചതുക | ജനങ്ങളിൽ നിന്നും സ്വീകരിച്ചനിക്ഷേപം | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | സ്ഥിര നിക്ഷേപം | ഹ്രസ്വ |
| അഴീക്കോട്-എറിയാട്-എടവിലങ്ങ് മത്സ്യ തൊലിലാളി-വികസന ക്ഷേമസഹകരണസംഘം എറിയാട് പി. ഒ. ക്ലിപ്തം നമ്പർ F. (R) 11/89/C.Z. | അഴീക്കോട്-എറിയാട്-എടവിലങ്ങ് വില്ലേജുകൾ | | | 1988 | 2351 | 10 രൂപ | 200000 | 139590 | 40000 | 400000 | |
| അഴീക്കോട് മത്സ്യതൊഴിലാളി വികസനക്ഷേമ സംഘം- D.F. (R) 98/92 അഴീക്കോട് പി. ഒ. | അഴീക്കോട് വില്ലേജ് | | | 1992 | 1118 | 10 രൂപ | 500000 | 144740 | 30000 | 436590 | 34890 |
| എറിയാട് മത്സ്യ തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം D.F. (R) 99 പി. ഒ എറിയാട് | എറിയാട് വില്ലേജ് | | | 1992 | 349 | 10 രൂപ | 500000 | | 30000 | | |
| | | | | | | | | | | | |




117

# അഴീക്കോട്-എറിയാട്-എടവിലങ്ങ് മത്സ്യതൊഴിലാളി ക്ഷേമസഹകരണ സംഘം

| സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ | | |
|---|---|---|
| സ്ഥാപനം | സ്വഭാവം | തുക |
| N.C.D.C. | മത്സ്യബന്ധനോപകരണം | 6613055.70 |
| | | |
| | | |
| | | |
| | | |
| | | |
| | | |

| നൽകിയ വായ്പകൾ | | |
|---|---|---|
| വായ്പാ സ്വഭാവം | | തുക |
| 1 | തഴപ്പായ നെയ്ത്ത് | 320000 |
| 2 | തയ്യൽ മെഷീൻ | 160000 |
| 3 | കച്ചവടം | 112000 |
| 4 | സൈക്കിൾ | 100000 |
| 5 | മെയ്ൻറനൻസ് | 25000 |

## അഴീക്കോട് മത്സ്യതൊഴിലാളി ക്ഷേമസഹകരണ സംഘം

| സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ | | | |
|---|---|---|---|
| | സ്ഥാപനം | സ്വഭാവം | തുക |
| 1 | N.C.D.C. | മത്സ്യബന്ധനോപകരണം | 644000 |
| 2 | N.C.D.C. | മണ്ണെണ്ണ വിതരണം | 25000 |
| 3 | N.C.D.C. | പിക്കപ്പ് വാൻ | 44500 |
| | | | |
| | | | |
| | | | |
| | | | |

| നൽകിയ വായ്പകൾ | | |
|---|---|---|
| വായ്പാ സ്വഭാവം | | തുക |
| 1 | തഴപ്പായ നെയ്ത്ത് | 638000 |
| 2 | തയ്യൽ മെഷീൻ | 70000 |
| 3 | മത്സ്യകച്ചവടം | 124000 |
| 4 | സൈക്കിൾ | 120000 |
| 5 | മോപ്പഡ് | 132000 |

119

# അഴീക്കോട്-എറിയാട്-എടവിലങ്ങ് മത്സ്യതൊഴിലാളിവികസനക്ഷേമസഹകരണസംഘം

എൻ.സി.ഡി. സി. ലോൺ വിവരങ്ങൾ

| ഉപകരണങ്ങൾ | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വഞ്ചി | 14 | 274 |
| ചെറുവഞ്ചി | 6 | 16 |
| ഇടത്തരംവഞ്ചി | 21 | 96 |
| ആകെ | 41 | 386 പേർ |

**ഹൗസിങ്ങ് സ്കീം**

**HUDCO-29**

**ഫെഡ്-449**

**കക്കൂസ്**

**ഫെഡ് നേരിട്ട് നിർമ്മിച്ചത്-29**

**ഫെഡും S.E.U. സംയുക്തമായി നിർമ്മിച്ചത്-495**

| | | |
|---|---|---|
| വിതരണം ചെയ്ത എഞ്ചിനുകൾ | - | 130 |
| മണ്ണെണ്ണ പെർമിറ്റ് ഉള്ളത് | - | 99 |
| അപകടമരണഇൻഷുറൻസിൽ ചേർന്നത് | - | 274 |
| സമ്പാദ്യപദ്ധതിയിൽ റിക്കറിങ്ങ് ഡെപ്പോസിറ്റുള്ളവർ | - | 57 |
| സുമംഗലി | - | 364 |

എസ്. എസ്. എൽ. എസി.ക്ക് ഫസ്റ്റായി വരുന്ന അംഗങ്ങളുടെ കുട്ടികൾക്ക് 1001 രൂപയും സെക്കൻറിന് 501 രൂപയും മൂന്നാമത് വരുന്ന കുട്ടിക്ക് 251 രൂപയും കൊടുക്കുന്നു.

## ഫിഷറീസ് ഡിപ്പാർട്ടുമെൻറ് നടപ്പാക്കിവരുന്ന പദ്ധതികൾ

1. സമ്പാദ്യസമാശ്വാസപദ്ധതി : ഈ പദ്ധതിയിൽ എറിയാട് പഞ്ചായത്തിൽ 941 പേർ അംഗങ്ങളായിട്ടുണ്ട്. ഒരു അംഗം പ്രതിമാസം 45 രൂപ 8 തവണഅടച്ചാൽ നാലുപ്രാവശ്യമായി 270രൂപ വീതം ലഭിക്കും.

2. മാതൃകാ മത്സ്യതൊഴിലാളി ഗ്രാമവികസനപദ്ധതി: ഈ പദ്ധതിപ്രകാരം വീടില്ലാത്ത മത്സ്യതൊഴിലാളികൾക്ക് വീടു വയ്ക്കുവാൻ ഒരാൾക്ക് 35,000 രൂപ ലഭിക്കും. ഇതിനുവേണ്ടി എറിയാട് പഞ്ചായത്തിൽ 21ലക്ഷംരൂപ അനുവദിച്ചു.

3. പത്താംധനകാര്യകമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഈ പദ്ധതിമൂലം മത്സ്യതൊഴിലാളികൾക്ക് ഭവനനിർമ്മാണം, യാത്രാസൗകര്യം, ശുദ്ധജലവിതരണം എന്നിവ നാലു വർഷമായി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നു.

4. വിദ്യാഭ്യാസ ആനുകൂല്യം : മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടി ഓരോ വർഷവും 4 ലക്ഷം രൂപ നൽകിവരുന്നു. ഇത് കൃത്യമായി ലഭിക്കുന്നില്ല. ഇത് വിദ്യാഭ്യാസവർഷാരംഭത്തിൽ ലഭിക്കുവാനുള്ള അവസരം ഉണ്ടാക്കണം.

5. സമുദ്രമത്സ്യബന്ധനനിയന്ത്രണനിയമം: ജൂൺ മുതൽ സെപ്തംബർ മാസങ്ങളിൽ കടൽരക്ഷാപ്രവർത്തനത്തിന് കൺട്രോൾറൂം തൃശൂർ ഡെപ്യൂട്ടിഡയറക്ടർ ആഫീസിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഫോൺ : 333608

6. വനിതാ മത്സ്യതൊഴിലാളിസേവന ബാങ്ക് ചേറ്റുവ കേന്ദ്രമായി പ്രവർത്തിക്കുന്നു. ഇതിൽ 18നും 60നും ഇടയ്ക്കു പ്രായമുള്ള മത്സ്യതൊഴിലാളികളുടെ കുടുംബത്തിലെ സ്ത്രീകൾക്ക് അംഗത്വം ലഭിക്കുന്നു. ഓഹരി സംഖ്യ 100 രൂപ. നമ്മുടെ പഞ്ചായത്തിൽ നിന്നും 60 പേർ അംഗങ്ങളായിട്ടുണ്ട്. ഇനിയും വ്യാപകമായി മത്സ്യതൊഴിലാളി സ്ത്രീകളെ അംഗങ്ങളാക്കേണ്ടതാണ്. ഇതിലെ അംഗങ്ങൾക്ക് ആദ്യഘട്ടത്തിൽ 500 രൂപയും 2-ാം ഘട്ടത്തിൽ 5,000 രൂപയും 5% പലിശയ്ക്ക് ലഭിക്കുന്നതാണ്.

ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഒട്ടേറെ പദ്ധതികൾ നിലവിലുണ്ടെങ്കിലും ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ ഇല്ലാത്തതുകൊണ്ട് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. തൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലാണ് ഇതിലെ പ്രവർത്തനങ്ങൾ.



121

# മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ്

| | |
|---|---|
| ആകെ അംഗങ്ങൾ | 1719 |
| പട്ടികജാതി | 10 |
| വനിതകൾ | 4 |
| രജിസ്റ്റർ ചെയ്യാത്തവർ | 500 |
| കുടുംബങ്ങൾ | 1300 |
| പെൻഷൻ ലഭിക്കുന്നവർ | 217 |
| നിലവിൽ ലഭിക്കുന്നവർ | 141 |
| ഇൻഷൂറൻസ് | ആരും ചേർന്നിട്ടില്ല |
| കുടുംബാസൂത്രണ ആനുകൂല്യം | 19 |
| കക്കൂസ് (2500 രൂപാപ്രകാരം) | 10 |

മത്സ്യതൊഴിലാളികളുടെ മക്കളിൽ സംസ്ഥാനതലത്തിൽ ഒന്നാമത് വരുന്നവർക്ക് 3000 രൂപയും രണ്ടാമത് വരുന്നവർക്ക് 2000 രൂപയും ഈ കുട്ടികൾക്ക് പ്രതിമാസം 100 രൂപ രണ്ടുവർഷം ലഭിക്കും. ജില്ലാ അടിസ്ഥാനത്തിൽ ഫസ്റ്റായി വരുന്ന കുട്ടികൾക്ക് 1000 രൂപയും നല്കുന്നു. കഴിഞ്ഞ വർഷം അഴീക്കോടുനിന്ന് ഒരു കുട്ടിക്ക് ജില്ലാ അടിസ്ഥാനത്തിൽ സമ്മാനം ലഭിച്ചു. 96-97ൽ എഞ്ചിൻ വാങ്ങിക്കുന്നതിൽ സബ്സിഡി 3 പേർക്ക് ലഭിച്ചു. മത്സ്യതൊഴിലാളികളുടെ മക്കളിൽ അഭ്യസ്തവിദ്യരായിട്ടുള്ള കുട്ടികൾക്ക് ടൈപ്പ്റൈറ്റിംഗ്മെഷീൻ, തയ്യൽ മെഷീൻ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ടെലിഫോൺ ബൂത്ത് ഇവയ്ക്ക് സഹായത്തിന് പ്രൊപ്പോസൽ അയച്ചിട്ടുണ്ട്.

ക്ഷേമനിധി ബോർഡിലെയും സംഘങ്ങളുടെയും പ്രവർത്തനങ്ങൾ വേണ്ടത്ര കാര്യക്ഷമമല്ല. ആവശ്യത്തിന് സ്റ്റാഫില്ല, സെക്രട്ടറിയില്ല.



122

## അനാഥമായി കിടക്കുന്ന ഫിഷിംഗ് സെൻറർ

സർക്കാർ അനാസ്ഥയുടെ പ്രതീകമായി നാമാവശേഷമായി മാറിക്കൊണ്ടിരിക്കുന്ന ദുരനുഭവമാണ് അഴീക്കോട് ഫിഷിംഗ് സെൻററിന് ഇന്നുള്ളത്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച ബോട്ട് ബിൽഡിംഗ് യാഡ്, സ്ലീപ്പ്‌വേ, ഐസ് പ്ലാൻറ്, കോൾഡ് സ്റ്റോറേജ് ഇവയെല്ലാം നാശത്തിലേക്കുള്ള പ്രയാണത്തിലാണ്. പ്രകൃതി ദത്തമായ രീതിയിലുള്ള ഇവിടുത്തെ സ്ലീപ്പ്‌വേ കേരളത്തിൽ ഏറെയുണ്ടാകില്ല. 7 ഏക്കർ 21 സെൻററ് സ്ഥലത്തായി വ്യാപിച്ചുകിടക്കുന്ന ഈ സ്ഥാപനങ്ങളിലെ ബോട്ട്ബിൽഡിംഗ്‌യാഡ്, സ്ലീപ്‌വേ, ഐസ്പ്ലാൻറ്, കോൾഡ്സ്റ്റോറേജ് ഇവയെല്ലാം പഞ്ചായത്തിനു വിട്ടുകൊടുക്കുകയും ചെയ്താൽ ഏറെപേർക്ക് തൊഴിൽകൊടുക്കുവാൻ സഹായകരമായിരിക്കും. ഈ പ്രദേശത്തിൻെറ മുഖച്ഛായ മാറ്റുമെന്നുള്ളതിനാൽ ഇതിൻെറ പുനരുദ്ധാരണത്തിന് ഇനി ഏറെവൈകിക്കൂടാ.

## ചെമ്മീൻ കുഞ്ഞ് ഉല്പാദന കേന്ദ്രം (Regional Shrimp Hatchery)

*സ്ഥാപിച്ചത് 1979*

*ഉല്പാദിപ്പിച്ച ചെമ്മീൻ കുഞ്ഞുങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.*

| | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| നാരൻ | 58.27 ലക്ഷം | 64.46 ലക്ഷം | 26.34 ലക്ഷം | 96.04 ലക്ഷം | 69.71 ലക്ഷം | 71 ലക്ഷം |
| കാര | 0.09 ലക്ഷം | - | 0.36 ലക്ഷം | 2.29 ലക്ഷം | 3.54 ലക്ഷം | - |
| ആറ്റ്കൊഞ്ച് | 1.04 ലക്ഷം | 1.83 ലക്ഷം | 3.24 ലക്ഷം | 0.64 ലക്ഷം | 0.30 ലക്ഷം | 1.5 ലക്ഷം |

നാരന് 1000ന് 75 രൂപയും, കാരചെമ്മീന് 300 രൂപയും, ആറ്റുകൊഞ്ച് 600 രൂപയുമാണ് വില.

# ന്യൂട്രിഫിഷ് വളനിർമ്മാണശാല

1972-ൽ സ്ഥാപിച്ചു. ചാള ഉപയോഗിച്ച് ഫിഷ്മീൽ നിർമ്മാണമായിരുന്നു ആദ്യം ചെയ്തിരുന്നത്. പിന്നീട് ചാളമീൻെറ ദൗർലഭ്യം ശാലയെ പ്രതിസന്ധിയിലാക്കി. 1984 മുതൽ മത്സ്യവളനിർമാണമാണ് ഇവിടെ നടത്തിവരുന്നത്. ചെമ്മീൻതല, വേപ്പിൻ പിണ്ണാക്ക്, പൊട്ടാഷ് ഇവ ഉപയോഗിച്ചാണ് മത്സ്യവളം നിർമ്മിക്കുന്നത്. 1988-ൽ ഈ സ്ഥാപനം മത്സ്യഫെഡ് ഏറ്റെടുത്തു. പ്രതിവർഷം 2000ടൺ മത്സ്യവളം ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും ആവശ്യത്തിനനുസരിച്ച് ഉല്പാദിപ്പിക്കാൻ കഴിയുന്നില്ല. 10 തൊഴിലാളികളും 8 സ്റ്റാഫും ഇവിടെ പ്രവർത്തിക്കുന്നു.

| വർഷം | ഉല്പാദനം | വിറ്റുവരവ് |
|---|---|---|
| 1991-92 | 2473 ടൺ | 57.67 ലക്ഷംരൂപ |
| 94-95 | 1900 ടൺ | 61 ലക്ഷം രൂപ |
| 95-96 | 1600 ടൺ | 48 ലക്ഷംരൂപ |

ഇവിടെനിന്ന് കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിലേക്കാണ് മത്സ്യവളം പ്രധാനമായിപോകുന്നതെങ്കിലും സമീപ പ്രദേശങ്ങളിൽ ആവശ്യക്കാർ കുറവാണ്.

പഞ്ചായത്തുപ്രദേശത്ത് ഇതുകൂടാതെ 3 സ്വകാര്യ മത്സ്യവളനിർമ്മാണശാല പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൻെറ കീഴിൽ ഒരു വളം നിർമ്മാണശാല തുടങ്ങാനുള്ള വലിയ സാദ്ധ്യതയാണുള്ളത്.

## പ്രശ്നങ്ങൾ

(1) വിദേശട്രോളിംഗ്മൂലം ഉല്പാദനം കുറയുന്നു.

(2) മത്സ്യസംസ്കരണമേഖലയിൽ കൂടുതലും സ്ത്രീ തൊഴിലാളികളാണ്. ഏറെ കഷ്ടപ്പെടുന്ന അവർക്ക് ന്യായമായ കൂലി ലഭിക്കാത്തതിനാൽ ആരോഗ്യവിദ്യാഭ്യാസ സാമ്പത്തികമേഖലയിൽ പിന്നോക്കം നില്ക്കുന്നു. മത്സ്യസംസ്കരണ ശാലകളിൽ നിന്നും പുറത്തുവരുന്ന മലിനജലം ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

(3) മുനക്കൽ ഫിഷിംഗ്ഹാർബർ നിർമ്മാണത്തിന് ചീനവലകൾ പൊട്ടിച്ചുമാറ്റുമ്പോൾ നൂറോളം കുടുംബങ്ങളുടെ ജീവനോപാധി നഷ്ടപ്പെടും.

(4) അഴീക്കോട് ജെട്ടിയിൽ സർക്കാർ ഉടമസ്ഥതയിൽ ഐസ്പ്ലാൻറ്, കോൾഡ് സ്റ്റോറേജ്.....തുടങ്ങി ലക്ഷ കണക്കിനുരൂപാ വിലവരുന്ന ഉപകരണ

ങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നു.

(5) മത്സ്യതൊഴിലാളികളും ഉപഭോക്താക്കളും ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാണ്. മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ല. എൻജിൻ കേടുവന്നാൽ സ്വകാര്യവ്യക്തികളുടെ കടുത്തചൂഷണ ത്തിന് വിധേയരാകുന്നു. എല്ലാ മത്സ്യതൊഴിലാളികളും മത്സ്യബന്ധനോപാധികളുടെ ഉടമകളായിട്ടില്ല.

(6) ചകിരിച്ചോറ്, മടൽക്കറ്റ തുടങ്ങിയവ ഉൾനാടൻ മത്സ്യമേഖലയിൽ മലിനീകരണം സൃഷ്ടിക്കുന്നു.

(7) സ്കൂളുകളിൽ മത്സ്യതൊഴിലാളികളുടെ മക്കളുടെ കൊഴിഞ്ഞുപോക്ക് കൂടുതലാണ്. ലംപ്സംഗ്രാൻറ് കൃത്യമായി ലഭിക്കുന്നില്ല. മത്സ്യതൊഴിലാളികളുടെ മക്കളിൽ മികച്ച വിദ്യാർത്ഥികൾക്ക് പഞ്ചായത്തുതലത്തിൽ അവാർഡ് നല്കുക.

(8) മത്സ്യതൊഴിലാളികൾ ആരോഗ്യനിലവാരത്തിൽ പിന്നോക്കമാണ്. സാക്ഷരത നിരക്ക് കുറവാണ്. വിനോദ വിജ്ഞാനവ്യാപനപരിപാടികൾ ഇല്ല.

(9) കടലാക്രമണ ഭീഷണി നിലനില്ക്കുന്നു.

(10) മത്സ്യതൊഴിലാളികളുടെ ആവശ്യത്തിനനുസരിച്ച് വായ്പനല്കാൻ സംഘങ്ങൾക്ക് കഴിയുന്നില്ല. എൻ. സി. ഡി. സി. ലോൺ മത്സ്യതൊഴിലാളി സഹകരണസംഘങ്ങൾ നേരിട്ട് മത്സ്യതൊഴിലാളികൾക്ക് കൊടുക്കണം. ഉപകരണങ്ങൾ കുറഞ്ഞ പലിശയ്ക്ക് കൊടുക്കാൻ കഴിയണം. മണ്ണെണ്ണ റേഷൻ വിലയ്ക്ക് സംഘങ്ങൾ വഴി വിതരണം ചെയ്യാൻ കഴിയണം.

(11) മത്സ്യലേലം സംഘം നേരിട്ടുനടത്തുക.

(12) മത്സ്യതൊഴിലാളികളുടെ ആരോഗ്യനിലവാരം ഉറപ്പുവരുത്തുന്നതിന് ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

(13) മത്സ്യതൊഴിലാളികളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് വരുമാനത്തിൻെറ ചെറിയഭാഗം മത്സ്യതൊഴിലാളിസഹകരണസംഘങ്ങളെ ഏല്പിക്കുകയും പഞ്ഞമാസങ്ങളിൽ വിതരണം ചെയ്യുന്ന പരിപാടി ഉണ്ടാക്കേണ്ടതാണ്.



125

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിലെ എല്ലാ സ്വകാര്യകുളങ്ങളും പൊതുകുളങ്ങളും തോടുകളും സംയോജിത ജലകൃഷിക്ക് ഉപയുക്തമാക്കുക. 50 വീടുകൾ ചേർന്ന അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും-പഞ്ചായത്തിന് മത്സ്യഗ്രാമമായി മാറ്റുന്ന ജനകീയ പരിപാടി നടപ്പിലാക്കുക. വിവിധ ഏജൻസികളുടെ സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുക.

2. കടൽ, പുഴ ഇവയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് നൂതന കൃഷിസംരംഭങ്ങൾ ആരംഭിക്കുക. മത്സ്യം, ചെമ്മീൻ, ചിപ്പി, മുത്ത്, കല്ലുമ്മക്കായ, ഞണ്ട്, അലങ്കാരമത്സ്യം, കടൽപായൽ തുടങ്ങിയ നൂതന കൃഷിരീതികൾ ഉപയോഗപ്പെടുത്തുക.

3. അഴീക്കോട് ജെട്ടിയിൽ ഫിഷ്‌ലാൻറിംഗ് സെൻറർ സ്ഥാപിക്കുക. ഐസ് പ്ലാൻറ്, കോൾഡ് സ്റ്റോറേജ്, സ്ലീപ്പ്‌വേ തുടങ്ങിയവയുടെ പ്രവർത്തനം പുനരാരംഭിച്ച് ആധുനിക സൗകര്യങ്ങളുള്ള മത്സ്യ സംസ്കരണശാല സ്ഥാപിക്കുക.

4. ഫിഷ്‌ലാൻറിംഗ് സെൻററിൽ നിന്ന് മുനയ്ക്കൽ ഭാഗത്തേയ്ക്ക് ഗതാഗതയോഗ്യമായ ബണ്ട് കെട്ടി ചെമ്മീൻ കൃഷി നടത്തുക.

5. വനിതാമത്സ്യസംസ്കരണസംഘങ്ങൾ രൂപീകരിച്ച് ആവശ്യമായ ധനസഹായം നല്കിയാൽ ഒട്ടേറെ സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താൻ കഴിയും.

6. മത്സ്യസംഭരണസംസ്കരണവിപണന തൊഴിലാളികൾക്ക് പ്രത്യേകനിയമസഹായപദ്ധതികൾ ഇല്ല. ഇവർക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്താൻ ഗവണ്മെൻറിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

7. മത്സ്യമേഖലയിലെ വിവിധവകുപ്പുകളെ ഏകോപിപിച്ച് പഞ്ചായത്തുതലത്തിൽ മത്സ്യഭവൻ ആരംഭിക്കുക. മത്സ്യസംഭരണവും വിതരണവും തൊഴിലാളി സംഘങ്ങൾ ഏറ്റെടുത്ത് പഞ്ചായത്ത് വിവിധഭാഗങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ച് ന്യായവിലയ്ക്ക് മത്സ്യം കിട്ടുമെന്ന് ഉറപ്പുവരുത്തുക.

8. അഴീക്കോട് മുനക്കൽ ഭാഗം ക്രേന്ദീകരിച്ച് ടൂറിസം ഫിഷറീസ് സംരംഭങ്ങൾ ആരംഭിക്കുക.

9. നാട്ടിൻകുളം :- പഞ്ചായത്തിലെ കുറെ കുളങ്ങൾ ഗ്രൂപ്പുകൾക്കോ സംഘങ്ങൾക്കോ മത്സ്യകൃഷിക്കായി നല്കുക.

10. വീട്ടുകുളംപദ്ധതി:- വീട്ടുവളപ്പിലുള്ള കുളങ്ങൾ മത്സ്യകൃഷിക്കുപയോഗിക്കുന്ന പദ്ധതിയുടെ സാദ്ധ്യതകൾ ആരായുക. മത്സ്യകുഞ്ഞുങ്ങളും സാങ്കേതിക സഹായങ്ങളും നല്കുക.

11. മത്സ്യകൂടുകളുടെ നിർമ്മാണം :- കടലിലും പുഴയിലും മത്സ്യകൂടുകൾ സ്ഥാപിച്ച് മത്സ്യകൃഷി ചെയ്യുക. സ്വന്തമായി കൃഷിയിടമില്ലാത്ത മത്സ്യതൊഴിലാളികൾക്ക് സഹായകരമായ ഈ പദ്ധതിയുടെ സാദ്ധ്യതകൾ കണ്ടെത്തുക.

12. ഒന്നാംവാർഡിൻെറയും മൂന്നാംവാർഡിൻെറയും സംഗമസ്ഥലത്ത് ഇടിയാൻ ചാൽ-വാകചാൽ തോട്ടിൽ ചീപ്പിട്ട് മത്സ്യവളർത്തലിന് വളരെ സാദ്ധ്യതകൾ ഉണ്ട്.

# 5.3 വ്യവസായം

4500 ഏക്കർ വിസ്തൃതിയാണ് നമ്മുടെ പഞ്ചായത്തിൻെറ ഭൂപരിധി. പഞ്ചായത്തിൻെറ വടക്കേ അതിരു് എടവിലങ്ങ് പഞ്ചായത്തും പടിഞ്ഞാറ് അറബിക്കടലും, തെക്ക് പെരിയാറും, കിഴക്ക് കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി, മേത്തലപഞ്ചായത്തുമാണ് . നമ്മുടെ ഭൂപ്രകൃതി അനുസരിച്ച് പരമ്പരാഗത വ്യവസായം ഉണ്ടാക്കാനും വിപുലപ്പെടുത്താനും പറ്റിയ സാഹചര്യം നിലനിൽക്കുന്നു. പ്രധാനമായും മത്സ്യസമ്പത്ത്, നാളികേരം, ചകിരിച്ചോറു് , കക്ക, തൊണ്ട്(മടൽ ) എന്നിവ സംസ്കരിച്ച് ഉൽപ്പന്നങ്ങളാക്കി മാറ്റാൻ കഴിയുന്ന നിരവധി വ്യവസായ യൂണിറ്റുകൾ നമുക്ക് ആരംഭിക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസം കഴിഞ്ഞതും ഇടക്കാലത്തു് വെച്ച് വിദ്യാഭ്യാസം നിർത്തിയതുമായ നിരവധി യുവതീ - യുവാക്കൾ തൊഴിലില്ലാതെ അലയുന്നു. വ്യവസായ സംരംഭങ്ങൾ വർദ്ധിപ്പിച്ചാൽ ഒരു പരിധിവരെ ഇത് പരിഹരിക്കാൻ കഴിയും.

1970 കൾക്ക് ശേഷം കാർഷിക മേഖലയിൽ തൊഴിൽ ദിനങ്ങൾ ധാരാളമായികുറഞ്ഞു. വർഷത്തിൽ ഏകദേശം 92 തൊഴിൽ ദിനങ്ങളാണ് ഈരംഗത്തുള്ളത് നിർമ്മാണരംഗത്ത് തൊഴിൽ ദിനങ്ങൾ വർദ്ധിച്ചു. ഇന്ന് നമ്മുടെ പ്രദേശത്ത് ഉപയോഗപ്പെടുത്തേണ്ട മനുഷ്യാദ്ധ്വാനവും ബുദ്ധിയും കയറ്റുമതിചെയ്യുന്നു. ഇത് നമ്മുടെ പ്രദേശത്ത് ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ , സാമ്പത്തിക രംഗത്ത് നമ്മുടെ പഞ്ചായത്തിൽ ഒരു മുന്നേറ്റം നടത്താൻ കഴിയും.

നമ്മുടെ് പഞ്ചായത്ത് ഒരു തീരപ്രദേശ ഗ്രാമമാണ്. ഇവിടുത്തെ പ്രധാന വരുമാനമാർഗ്ഗം മത്സ്യബന്ധനമാണ് . അതുകൊണ്ട് തന്നെ ഇവിടുത്തെ പ്രധാന വ്യവസായം മത്സ്യ സംസ്കരണവും, വിപണനവുമായി ബന്ധപ്പെട്ടതാണ് സംസ്ക്കരണം, വളം നിർമ്മാണം, ഉപവ്യവസായമായി ഐസ് പ്ലാൻറുകൾ എന്നിവ മാത്രമാണ് ഈരംഗത്തുള്ളത്. 5 വളം നിർമ്മാണ ശാലകളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. ഗവർമ്മേണ്ട് ഉടമയിൽ ഒന്നും, സ്വകാര്യമേഖലയിൽ നാലും സ്ഥാപനങ്ങൾ ഉണ്ട്.

എന്നാൽ ഈരംഗത്ത് ധാരാളം മത്സ്യകൃഷിയും, സംസ്കരണമേഖലയും, ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന ഫാക്ടറികളും ഉണ്ടാക്കാൻ കഴിയും . ഇതുമൂലം ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, ഉപവ്യവസായങ്ങൾ ആരംഭിക്കാനും ഇതുവഴി നമ്മുടെ പഞ്ചായത്തിനെ അഭിവൃദ്ധിയിലേക്ക് ഉയർത്തുവാനും കഴിയും . നമ്മുടെ ഗ്രാമത്തിൽ ശുദ്ധജലം ലഭിക്കുന്നതും, ഉപ്പ് വെള്ളം ലഭിക്കുന്നതുമായ ധാരാളം കുളങ്ങളും, തോടുകളുമുണ്ട് . സഹകരണാടിസ്ഥാനത്തിലോ, കുടുംബങ്ങൾക്കോ സാങ്കേതികവുമായ സഹായങ്ങൾ നൽകിക്കൊണ്ട് മത്സ്യകൃഷിനടത്തുന്നതിന് വേണ്ട



127

നടപടികൾ സ്വീകരിക്കേണ്ടതാണ് നമ്മുടെ തീരപ്രദേശം ഉദ്ദേശം 5 കി. മീറ്ററാണ് കടൽ . ഈ പ്രദേശത്ത് ധാരാളം മത്സ്യത്തൊഴിലാളികൾ, കോടിക്കണക്കിന് രൂപയുടെ മത്സ്യബന്ധനോപകരണങ്ങൾ ഓരോ സീസണിലും ഉപയോഗിക്കുന്നു. ഈ ഉപകരണങ്ങളിൽ പലതും നമുക്ക് ഇവിടെ നിർമ്മിക്കാൻ കഴിയുന്നതാണ് മൊത്തം ഈരംഗത്ത് ഉപയോഗിക്കുന്ന ഉപകരണങ്ങൾ സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ചു വിതരണം നടത്താനോ, വിതരണഏജൻസിയായി പ്രവർത്തിക്കാനോ കഴിഞ്ഞാൽ, തൊഴിലാളികളെ സ്വകാര്യവ്യക്തികൾ ചൂഷണം ചെയ്യുന്നത് തടയാനും, പഞ്ചായത്തിന് കൂടുതൽ സാമ്പത്തികാഭിവൃദ്ധി വർദ്ധിപ്പിക്കുവാനും കഴിയും അതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും.

നമ്മുടെ പഞ്ചായത്തിന്റെ തെക്കേ അറ്റം പെരിയാറിന്റെ പടിഞ്ഞാറു ഭാഗം അഴിമുഖ വികസനത്തിന്റെ ഭാഗമായി ആഴം വർദ്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാൻ പോകുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട് ഇതിനോടനുബന്ധിച്ച് ബണ്ടുനിർമ്മാണം വഴി ഉദ്ദേശം 15 ഏക്കറോളം സ്ഥലം പഞ്ചായത്തിന് ലഭിക്കും. ഈ സ്ഥലത്ത് വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യം ഉൽപ്പാദിപ്പിക്കുവാൻ കഴിയും. അഴീക്കോട് ജെട്ടിയുടെ പടിഞ്ഞാറുഭാഗത്ത് ഒരു ബോട്ട് ബിൽഡിംഗ്യാർഡു് ഉപയോഗശൂന്യമായികിടക്കുന്നു. ഈ യാർഡിലുള്ള സ്ലീപ്പ്‌വേ ( ബോട്ട് ഇറക്കുന്നതിനും, കയറ്റുന്നതിനും) ഇന്ന് കേരളത്തിൽ ഉള്ളതിൽ ഏറ്റവും സാങ്കേതിക മേന്മയുള്ളതാണെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഇത് പഞ്ചായത്ത് ഏറ്റെടുക്കുകയും, ഉപയോഗപ്രദമാക്കുകയും വേണം . ഇതിനോടനുബന്ധിച്ച് 7 ഏക്കർ 20 സെൻറ് ഭൂമിയും, നിലവിലുള്ള ബോട്ട് ബിൽഡിംഗ്യാർഡ് കെട്ടിടങ്ങളും സംസ്ക്കരണയൂണിറ്റിനായുള്ള ഐസ്പ്ലാൻറും , കോൾഡ് സ്റ്റോറേജും ഉപയോഗശൂന്യമായി കിടക്കുന്നു. ഇവയെല്ലാം പഞ്ചായത്ത് ഏറ്റെടുത്ത് ഉപയോഗപ്രദമാക്കിയാൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, സമൂഹത്തിന് ഗുണപരമായ മാറ്റം സൃഷ്ടിക്കാനും, സാമ്പത്തികരംഗത്ത് പൊതുവേ പഞ്ചായത്തിൽ മുന്നേറ്റം സൃഷ്ടിക്കാനും കഴിയും കടൽ നാക്ക് ഉപയോഗിച്ച് വളം നിർമ്മാണത്തിനാവശ്യമായ രാസവസ്തു നിർമ്മിക്കാൻ കഴിയും. അഴീക്കോട് മിനി ഹാർബറിന്റെ പണിപൂർത്തീകരിക്കുകയാണങ്കിൽ ആയിരക്കണക്കിന് തൊഴിലവസരങ്ങളും പഞ്ചായത്തിന് ഭീമമായ സാമ്പത്തികനേട്ടവും ഉണ്ടാക്കാൻ കഴിയും ഇതിനോടനുബന്ധിച്ച് ഉപതൊഴിലുകളും സൃഷ്ടിക്കാൻ കഴിയും നമ്മുടെ പഞ്ചായത്തിലെ മറ്റൊരു പരമ്പരാഗതവ്യവസായമാണ് തൊണ്ട് അഴുകിച്ചെടുത്ത് കയർ ഉൽപ്പാദിപ്പിക്കുന്നത്. ഈ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ രണ്ട് സഹകരണ സംഘങ്ങളും, 50 ഓളം സ്വകാര്യ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങളും, അതിലേറെ കുടിൽ വ്യവസായങ്ങളും ഈരംഗത്തുണ്ട് . ഉദ്ദേശം 350 ഓളം തൊഴിലാളികൾ ഈരംഗത്ത് വർക്ക് ചെയ്യുന്നു. ഇതിൽ 80% സ്ത്രീ തൊഴിലാളികളും, 20% പുരുഷതൊഴിലാളികളുമാണ്. എന്നാൽ ഈ രംഗത്ത് പുതിയ തൊഴിലാളികൾ കടന്നുവരികയോ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയോ ചെയ്യുന്നില്ല.

കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറികളും, അതു പോലെ ആലപ്പുഴകൊയർഫെഡ് നിർമ്മിക്കുന്നതുപോലെ ഫൈബർ നാര് ഉപയോഗിച്ച് ഗൃഹോപകരണങ്ങൾ (കൊയർ ഫെഡിൻെറ ബ്രാഞ്ചായി തുടങ്ങിയാലും മതി). നിർമ്മിക്കുന്ന ഫാക്ടറിയും സ്ഥാപിച്ചാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തിക മുന്നേറ്റം സൃഷ്ടിക്കുവാനും കഴിയും. ആവശ്യമായ സ്ഥലം, മൂലധനം, വിദഗ്ദ്ധ തൊഴിലാളികൾ, കെട്ടിടം, ഊർജ്ജം , എന്നിവ ലഭിക്കുന്നതിനും വേണ്ടിയുള്ള സഹായങ്ങൾ പഞ്ചായത്ത് ചെയ്യുക. കയർ ഉൽപ്പാദിപ്പിക്കുമ്പോൾ പുറം തള്ളുന്ന ചകിരിച്ചോറ് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുന്നു. ഇത് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുകയാണങ്കിൽ പരിസരമലിനീകരണം ഒഴിവാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും തന്മൂലം പഞ്ചായത്തിൻെറ സാമ്പത്തികാഭിവൃദ്ധിവർദ്ധിപ്പിക്കുവാനും കഴിയും.

നമ്മുടെ പ്രദേശത്ത് ഏറ്റവും കൂടുതൽ സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗതവ്യവസായമാണ് തഴയോല സംസ്ക്കരണവും, തഴപ്പായനെയ്ത്തും. കേരളത്തിൽ മൊത്തം ഉൽപ്പാദിപ്പിക്കപ്പെടുന്ന തഴപ്പായയുടെ നല്ലൊരു ശതമാനം നമ്മുടെ പഞ്ചായത്തിൽ നിന്നാണ്. സഹകരണാടിസ്ഥാനത്തിൽ ഒരു സ്ഥാപനം മാടവന ഗ്രാമ വ്യവസായ സഹകരണസംഘത്തിൽപ്രവർത്തിക്കുന്നു പക്ഷേ സംഘത്തിൻെറ പ്രവർത്തനം ഇനിയും വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. ഇന്ന് സംഘം ചെയ്യുന്നത് ഉൽപ്പാദകരിൽ നിന്ന് പായ കളക്ട് ചെയ്ത് വിപണനം നടത്തുന്നു എന്നതാണ്. ഇതിന് മാറ്റം വരുത്തിക്കൊണ്ട് ഉൽപ്പാദകർക്ക് ആവശ്യമായ അസംസ്കൃതവസ്തു വിതരണം ചെയ്യുകയും, ഇത് സംസ്ക്കരിച്ച് തഴപ്പായ കൂടാതെ മറ്റു കരകൗശല വസ്തുക്കൾ, നിർമ്മിക്കുന്നതിനുമുള്ള യൂണിറ്റുകൾ വാർഡുകൾ തോറും സ്ഥാപിക്കുകയും ചെയ്യുക. ഇതുപോലെ നമ്മുടെ ഗ്രാമത്തിൻെറ തീരപ്രദേശങ്ങളിൽ സ്ത്രീ പുരുഷ ഭേദമന്യേ ധാരാളം കക്കവാരൽ തൊഴിലാളികൾ ഉണ്ട്. ഇവർ സംഭരിക്കുന്ന കക്കയിൽ നിന്ന് ഇറച്ചി എടുത്ത ശേഷം ഇത്തൾ വിൽക്കുകയാണ് ചെയ്യുന്നത്. ഇതുമൂലം ഈ അസംസ്കൃതവസ്തു ഉപയോഗിച്ചുള്ള വ്യവസായം നമ്മുടെ പ്രദേശത്ത് ഉണ്ടാകുന്നില്ല. അയൽ സംസ്ഥാനങ്ങളിലേക്ക് ഇത്തൾ കയറ്റിപോകുകയാണ് ചെയ്യുന്നത്. ഈ വ്യവസായങ്ങൾ നമ്മുടെ പ്രദേശത്ത് ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ പഞ്ചായത്ത് മുഖേന ചെയ്യുക.

നമ്മുടെ പഞ്ചായത്തിലുള്ള സ്ക്കൂളുകളിലേക്ക് ആവശ്യമായ നോട്ട് ബുക്കുകളും, ഫർണ്ണീച്ചറുകളും നിർമ്മിക്കുന്നതിന് ഒരു സഹകരണ സ്ഥാപനം തുടങ്ങുക. ഇതുമൂലം ഈ രംഗത്തുള്ള സാമ്പത്തിക ചൂഷണം ഒരു പരിധിപരെ ഒഴിവാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

സഹകരണാടിസ്ഥാനത്തിൽ കുടനിർമ്മാണം, പാദരക്ഷാനിർമ്മാണം , വീട് നിർമ്മാണത്തിനാവശ്യമായ സിമൻറ്കട്ട നിർമ്മാണം, തേങ്ങവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയനിർമ്മാണം, മെഴുകുതിരി, തീപ്പട്ടി, കൺസ്യൂമർസ്റ്റോറുകൾ എന്നിവ സ്ഥാപിക്കുക. ഇതു കൂടാതെ ടോയ്ലറ്റ് സോപ്പ് നിർമ്മാണം നടത്തുക. ഈരംഗത്ത് മുതൽമുടക്കുന്നതിന്ന് സ്ഥലവും, കെട്ടിടവും ഉള്ളതും മൂലധനം ഇറക്കാൻ തയ്യാറുള്ള സ്വകാര്യവ്യക്തികൾ മുന്നോട്ട് വന്നിട്ടുണ്ട്. അവർക്ക് വേണ്ട മറ്റുസൗകര്യങ്ങളും, സഹായങ്ങളും ചെയ്തു കൊടുക്കുക.

വനിതകൾക്കായി പ്രത്യേകം ചെയ്യാൻ കഴിയുന്ന ഒരു പാട് വ്യവസായങ്ങൾ ഉണ്ട്. റെഡിമെയ്ഡ് ഡ്രസ്സ് യൂണിറ്റ്, ടൈലറിംഗ് പരിശീലനം, കരകൗശലയൂണിറ്റ്, കശുമാങ്ങ, മാമ്പഴം മുതലായ ഫലവർഗ്ഗങ്ങളിൽ നിന്ന് മറ്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ( ഉദാ:- സ്കാഷ്, ജാം എന്നിവ) സ്ഥാപിക്കുക. കറി പൗഡറുകൾ, അച്ചാറുകൾ എന്നിവനിർമ്മിക്കുന്ന യൂണിറ്റുകൾ ഉണ്ടാക്കുക. നമ്മുടെ പ്രദേശത്ത് സുലഭമായി ലഭിക്കുന്ന ഒന്നാണ് കൂവ. ഇത് സംസ്ക്കരിച്ച് കൂവപ്പൊടി നിർമ്മിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിന് പുറത്ത് വിപണികണ്ടെത്താൻ കഴിയുന്ന ഒന്നാണ് ഇത്. വിപുലമായി സംഘടിപ്പിക്കാനും, പ്രവർത്തിപ്പിക്കാനും കഴിയുന്ന രണ്ട് യൂണിറ്റുകളാണ് പച്ചകറിയും, കോഴി വളർത്തലും. നമ്മുടെ പ്രദേശത്ത് ഒരു മാസം ശരാശരി ഉപയോഗിക്കുന്ന പച്ചക്കറിയുടെയും കോഴി, കോഴിമുട്ട എന്നിവയുടെയും കണക്കെടുത്ത് ഇവ പുറത്ത് നിന്ന് ഇറക്കുമതി ചെയ്യാതിരിക്കുന്നതിനായി നമ്മുടെ പഞ്ചായത്തിൽ തന്നെ വ്യവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുക. D.W.C.R.A. യൂണിറ്റുകൾ സ്ഥാപിക്കുക.

നമ്മുടെ പഞ്ചായത്തിലെ വ്യവസായികയൂണിറ്റുകളിൽ ജോലിചെയ്യുന്നതൊഴിലാളികളുടെ എണ്ണം താഴെ ചേർക്കുന്നു.

| പുരുഷന്മാർ | സ്ത്രീകൾ | മൊത്തം |
|---|---|---|
| 8803 | 4005 | 12808 |

*താൽക്കാലിക ജോലിക്കാർ*

| പുരുഷന്മാർ | സ്ത്രീകൾ | മൊത്തം |
|---|---|---|
| 851 | 1016 | 1867 |

ഇനിയും നമ്മുടെ പ്രദേശത്തിന് ഇണങ്ങുന്നതും ഇവിടെത്തന്നെ അസംസ്കൃത വസ്തുക്കൾ ധാരാളം ലഭിക്കുന്നതുമായ വളരെയധികം വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുണ്ട്. തൊഴിലില്ലാത്ത ധാരാളം യുവതി - യുവാക്കൾക്ക് തൊഴിൽ നൽകാനും കഴിയും.

ഇതുകൂടാതെ മന്ദഗതിയിൽ പ്രവർത്തനം നടക്കുന്ന കേരോൽപ്പന്ന വ്യവസായ സഹകരണസംഘവും ഉണ്ട്. എത്രയും വേഗം ഇതിനെകുറിച്ച് ഒരു സമഗ്രാന്വേഷണം അവശ്യമാണ്. വൈകിയാൽ ഈസ്ഥാപനവും, സ്ഥലവും പ്ലോട്ടുകളായി വിൽപ്പന നടന്നുപോകും. ഇപ്പോൾ തന്നെ കെട്ടിടം പകുതിയോളം പൊളിച്ചുവിൽപ്പന നടത്തിക്കഴിഞ്ഞു. യന്ത്രങ്ങളുടെ എണ്ണം കുറഞ്ഞു. കുറേ സ്ഥലവും വില്പ്പന കഴിഞ്ഞു. ഇത് വേണ്ട രീതിയിൽ ശ്രദ്ധിച്ചു കഴിഞ്ഞാൽ നല്ല രീതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന മേഖലയാണ്.

നമ്മുടെ പഞ്ചായത്തിൽ നിന്ന് ധാരാളം യുവാക്കൾ ഗൾഫുനാടുകഴിൽ ജോലി ചെയ്യുന്നവരുണ്ട്. ഇവരുടെ ലക്ഷക്കണക്കിന് രൂപ കൊടുങ്ങല്ലൂർ മേഖലയിലെ വിവിധ ബേങ്കുകളിൽ ഡെപ്പോസിറ്റായി (Dead - money) കെട്ടിക്കിടക്കുന്നു. ഇത്തരം കുടുംബങ്ങളുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നടത്തി, ഈ പണം പ്രത്യുൽപ്പാദന മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## പട്ടിക 1

| വിഭാഗം | ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ | വൃദ്ധർ | കുട്ടികൾ | തൊഴിലാളികൾ | തൊഴിൽ ഇല്ലാത്തവർ |
|---|---|---|---|---|---|---|---|
| എണ്ണം | 42011 | 20184 | 21827 | 4201 | 8402 | 16804 | 12603.3 |
| % ശതമാനം | | 48.4 | 51.6 | 10% | 20% | 40% | 30% |
| റിമാർക്സ് | 91-ലെ സെൻസസ് | 91-ലെ സെൻസസ് | 91-ലെ സെൻസസ് | ചർച്ച | ചർച്ച | ചർച്ച | ചർച്ച |

## പട്ടിക 2

| നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | % |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ | ശതമാനം |
| 1. | കയർ സഹകരണമേഖല | 70 | 280 | 350 | 4.21 |
| 2. | കയർ, സ്വകാര്യമേഖല | 150 | 350 | 500 | 6.02 |
| 3. | തഴപ്പായനെയ്ത്ത് | | 3350 | 3350 | 40.36 |
| 4. | ഓലപ്പണി | 300 | 1700 | 2000 | 24.09 |
| 5. | മത്സ്യസംസ്ക്കരണം | 600 | 1200 | 1800 | 21.69 |
| 6. | ഖാദിഗ്രാമവ്യവസായം | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | - |
| 7. | നാളികേരസംസ്ക്കരണം | 90 | 210 | 300 | 3.61 |
| | ആകെ | 1210 | 7090 | 8300 | 100 |

## പട്ടിക 3
## ചെറുകിട വ്യവസായ തൊഴിലാളികൾ

| സ്ഥിരം തൊഴിലാളികൾ | | | താത്കാലിക തൊഴിലാളികൾ | | |
|---|---|---|---|---|---|
| പുരുഷന്മാർ | സ്ത്രീകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| 8803 | 4005 | 12308 | 851 | 1016 | 1867 |

## പട്ടിക - 4

## നിർദ്ദേശങ്ങൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ - S.S.I | 1. | യന്ത്രം ഉപയോഗിച്ചുള്ള പച്ച ചകിരിനാർ |
| | 2. | കയർ നിർമ്മാണം - യന്ത്രവൽകൃതം |
| | 3. | കയർ ഉൽപ്പന്നവ്യവസായം |
| | 4. | ജൈവവളം - ചകിരിച്ചവറ് ഉപയോഗിച്ച് |
| | 5. | ഫർണ്ണിച്ചർ - തെങ്ങ് തടി ഉപയോഗിച്ച് |
| | 6. | തേങ്ങാപൊടി - തേങ്ങാപാൽ ക്രീം |
| | 7. | വെളിച്ചെണ്ണ |
| | 8. | കന്നുകാലിതീറ്റ |
| | 9. | മത്സ്യവളം |
| | 10. | കക്കത്തോട് (ഇത്തൾ) ഉപയോഗിച്ചുള്ള വ്യവസായം |
| വനിതാ വ്യവസായം | 1. | ശീതളപാനീയം - തേങ്ങാവെള്ളം |
| | 2. | തെങ്ങ് തടി, ചിരട്ട, ഈർക്കിലി, കക്കതോട്, ശംഖ്, തഴപ്പായ - മുതലായവ ഉപയോഗിച്ച് കരകൗശലനിർമ്മാണയൂണിറ്റുകൾ |
| | 3. | ഇലക്ട്രോണിക്സ് വസ്തുക്കളുടെ അസംബ്ലിംഗ് യൂണിറ്റ് |
| | 4. | വേസ്റ്റ് പേപ്പർ റീസൈക്ളിംഗ് |
| | 5. | സോപ്പ്, അലക്ക് പൗഡർ , തുള്ളിനീലം |
| | 6. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| | 7. | അച്ചാർ, കറി പൗഡർ, ജാം ( കശുമാങ്ങ, മാമ്പഴം) സ്ക്വാഷ് |



132

## പട്ടിക - 5

## ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ S. S. I | 1. | നൈലോൺ വല |
| | 2. | കോഴിവളർത്തൽ |
| | 3. | ഫർണ്ണിച്ചർ (തെങ്ങ് തടി) |
| | 4. | സ്ക്കൂൾ ബാഗ് |
| | 5. | ക്ലീനിംഗ് പൗഡർ |
| | 6. | ഇലക്ട്രോണിക് ചോക്ക് |
| വനിത | 1. | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 2. | അലക്ക് സോപ്പ്, നീലം, സോപ്പ് പൊടി |
| | 3. | പേപ്പർ കവർ |
| സഹകരണസംഘം (വനിത) | 1. | നോട്ട് ബുക്ക്, ഫയൽ, ചോക്ക് |
| | 2. | കറിപൗഡർ, അച്ചാർ , സ്ക്വാഷ്, ജാം |
| | 3. | വേസ്റ്റ് പേപ്പർ സംസ്ക്കരണം |
| | 4. | അടയ്ക്ക, തേങ്ങ സംസ്ക്കരണം |
| സഹകരണം ജനറൽ | 1. | സിമൻറ് ജനൽ, കട്ടിള, കട്ടനിർമ്മാണം. |
| | 2. | ജൈവവളനിർമ്മാണം |
| | 3. | പ്ലാസ്റ്റിക് റീസൈക്ക്ളിംഗ് |
| | 4. | മത്സ്യസംസ്ക്കരണം |
| സഹകരണസംഘം SC/ST | 1. | കൂൺ കൃഷി |
| | 2. | കിടക്കനിർമ്മാണം |
| | 3. | ഉപ്പ് നിർമ്മാണശാല |
| | 4 | പ്രിൻറിംഗ് |



133

5-4



# വിദ്യാഭ്യാസം


പിന്നോക്ക വിഭാഗത്തിൽ പെട്ട കൂടുതൽ ആളുകൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഒരു തീരദേശ പഞ്ചായത്താണ് എറിയാട് ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ 1909 -ൽ ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കപ്പെട്ടു. അതാണ് ഇന്നത്തെ ഗവ. യു.പി. സ്കൂൾ, അഴിക്കോട്. കേരള നിയമസഭയുടെ സ്പീക്കറായിരുന്ന ജനാബ് കെ.എം സീതി സാഹിബ് ഈ വിദ്യാലയത്തിൽ പ്രവേശനം ലഭിച്ച ആദ്യത്തെ വിദ്യാർത്ഥിയാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയ ജനാബ് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, കൊച്ചി നിയമസഭാംഗവും ആദ്യകാല കർഷക പ്രസ്ഥാനത്തിന്റെ നേതാവുമായിരുന്ന ശ്രീ. കെ. എം. ഇബ്രാഹിം സാഹിബ് എന്നിവർ ഈ വിദ്യാലയത്തിലെ ആദ്യ ബാച്ചിലെ വിദ്യാർത്ഥികളായിരുന്നു. പഞ്ചായത്തിൽ രണ്ടാമതായി സ്ഥാപിക്കപ്പെട്ട വിദ്യാലയമാണ് ഇന്നത്തെ കേരള വർമ്മ ഗവ: ഹൈസ്കൂൾ. ഈ വിദ്യാലയം സ്ഥാപിക്കുന്നതിനും അവിടേക്ക് പാവങ്ങളായ വിദ്യാർത്ഥികൾ എത്തുന്നതിന് ഉച്ചഭക്ഷണം കുട്ടികൾക്ക് വിതരണം നടത്തുന്നതിനും മറ്റു എല്ലാവിധ സഹായവും നൽകിയത് പരേതനായ മണപ്പാട്ട് കുഞ്ഞ് മുഹമ്മദ് ഹാജിയാണ്. ആ കാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്ന മുസ്ലീം ഐക്യ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഈ



134

ഗ്രാമത്തിന്റെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് വളരെയേറെ പങ്കുവഹിച്ചിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് തന്നെ ഈ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട മറ്റ് രണ്ട് വിദ്യാലയങ്ങളാണ് പനപ്പറമ്പിൽ കുഞ്ഞി പോക്കർകുട്ടി സാഹിബ് സ്ഥാപിച്ച എറിയാട് ശിശു വിദ്യാപോഷിണി എൽ. പി. സ്കൂൾ, 1929 - ൽ സ്ഥാപിച്ച ഇന്നത്തെ എറിയാട് എ.എം.ഐ.യു.പി സ്കൂൾ. ഗ്രാമത്തിലുള്ള മറ്റ് വിദ്യാലയങ്ങളെല്ലാം തന്നെ സ്വാതന്ത്ര്യാനന്തരം ആരംഭിച്ചതാണ്.

45,000 ത്തോളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ പത്തു വിദ്യാലയങ്ങളിലായി 8422 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ആകെയുള്ള 289 അദ്ധ്യാപകരിൽ 222 പേർ അദ്ധ്യാപികമാരാണ് എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. (പട്ടിക 1) പുരുഷന്മാർ അദ്ധ്യാപനത്തിൽ വേണ്ടത്ര താല്പര്യം കാണിക്കാത്തതും സ്ത്രീകൾക്ക് അനുയോജ്യമായ ജോലിയാണ് അദ്ധ്യാപനം എന്നുള്ള ചിന്താഗതിയുമാണ് ഇതിനുകാരണം എന്നു മനസ്സിലാക്കുന്നു. ഈ വ്യത്യാസം പഠനനിലവാരത്തേയും മറ്റു പാഠ്യാനു ബന്ധ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ജനസംഖ്യയിൽ സ്ത്രീകളാണ് അധികമെങ്കിലും വിദ്യാർത്ഥികളിൽ പെൺകുട്ടികളുടെ എണ്ണം കൊല്ലംതോറും കുറഞ്ഞുവരുന്നതായി കാണുന്നു. (പട്ടിക 1,2)



| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | | | | | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | 94 - 95 | | | 95 - 96 | | | 96 - 97 | | | | | |
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പുരു | സ്ത്രീ | ആകെ |
| 1 | കെ.വി.എച്ച്.എസ്സ് എറിയാട് | ഗവ: | | | 2509 | 1381 | 1080 | 2461 | 1383 | 1015 | 2398 | 27 | 55 | 82 |
| 2 | എസ്സ്.എസ്സ്.എം.എച്ച്.എസ്സ് അഴീക്കോട് | എയ്ഡഡ് | 391 | 398 | 789 | 439 | 486 | 925 | 414 | 391 | 805 | 6 | 25 | 31 |
| 3 | എ.എം.ഐ.യു.പി.എസ്സ് എറിയാട് | എയ്ഡഡ് | 564 | 508 | 1072 | 489 | 456 | 945 | 468 | 445 | 931 | 9 | 25 | 34 |
| 4 | ജി.യു.പി.എസ്സ് അഴീക്കോട് | ഗവ: | 533 | 489 | 1042 | 510 | 488 | 998 | 500 | 455 | 955 | 5 | 26 | 31 |
| 5 | ഐ.എം.യു.പി.എസ്സ് അഴീക്കോട് | എയ്ഡഡ് | 299 | 220 | 519 | 290 | 228 | 518 | 319 | 229 | 548 | 7 | 18 | 25 |
| 6 | എച്ച്.യു.പി.എസ്സ് പൊയിലിങ്ങപ്പറമ്പ് | എയ്ഡഡ് | 408 | 350 | 758 | 402 | 376 | 769 | 408 | 450 | 758 | 6 | 15 | 21 |
| 7 | എം.ഐ.ടി.എസ് അത്താണി | അംഗീകാരം ഇല്ലാത്തത് | 189 | 195 | 384 | 191 | 192 | 383 | 242 | 233 | 475 | 2 | 24 | 26 |
| 8 | എം.ഇ.എം.എൽ.പി.എസ്സ് അഴീക്കോട് | അൺ എയ്ഡഡ് | 240 | 186 | 426 | 276 | 208 | 475 | 325 | 244 | 569 | - | 10 | 10 |
| 9 | എസ്സ്.വി.പി.എൽ.പി.എസ്സ് എറിയാട് | എയ്ഡഡ് | 300 | 293 | 593 | 272 | 233 | 505 | 258 | 205 | 463 | 1 | 12 | 13 |
| 10 | കെ.വി.എൽ.പി.എസ്സ് എറിയാട് | ഗവ: | 328 | 259 | 587 | 312 | 249 | 561 | 300 | 238 | 538 | 4 | 12 | 16 |

എൽ.പി, യു.പി, എച്ച്.എസ്സ് വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം 96-97

പട്ടിക - 2

| ആകെ വിദ്യാർത്ഥികൾ | എൽ.പി | | | യു.പി | | | എച്ച്.എസ്സ് | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 8422 | 1917 | 1601 | 45.51 | 1407 | 1152 | 39.22 | 1293 | 1052 | 44.86 |

നമ്മുടെ പ്രദേശത്ത് വിദ്യാലയങ്ങളിൽ ഇപ്പോഴും കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് നടക്കുന്നുണ്ട്. ഒമ്പതാം ക്ലാസിൽ വച്ചാണ് ഇതിന്റെ അളവ് വർദ്ധിക്കുന്നത്. സാമൂഹികവും സാമ്പത്തികവുമായ ചുറ്റുപാടുകളാണ് ഇതിന് ഒരു കാരണം. വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് (പട്ടിക - 3) പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതിക്കും പി. ടി. എ. കൾകും വളരെ സഹായിക്കാനാകും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾ തിങ്ങി പാർക്കുന്ന ഈ പ്രദേശത്ത് സർക്കാർ അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പുകളും ഗ്രാന്റുകളും യഥാകാലം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് എടുക്കേണ്ടതാണ്. പ്രൈമറി സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് പഞ്ചായത്തിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നില്ല. ഈ സംഖ്യ വളരെ കൃത്യമായി വിതരണം ചെയ്യുന്നത് ദരിദ്രരായ വിദ്യാർത്ഥികൾക്ക് ദിവസവും ഉച്ചഭക്ഷണം ലഭിക്കാനും ഈ കുട്ടികൾ മുടങ്ങാതെ സ്കൂളിൽ എത്തുന്നതിനും സഹായകമാകും.

മൊത്തം ജനസംഖ്യയിൽ 6% പട്ടിക ജാതി പട്ടിക വിഭാഗക്കാരാണ്. എങ്കിലും വിദ്യാർത്ഥികളിൽ 5.07% മാത്രമാണ് ഈ വിഭാഗം

പഞ്ചായത്തിലെ പത്തു വിദ്യാലയ ങ്ങളിൽ മൂന്നെണ്ണം സർക്കാർ മേഖലയിലും അഞ്ചെണ്ണം സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലും രണ്ടെണ്ണം അൺഎയ്ഡഡ് മാനേജ്മെന്റിന്റെ കീഴിലുമാണ് പ്രവർത്തി ക്കുന്നത്. മൊത്തത്തിലുള്ള അദ്ധ്യാപകരിൽ 44.64% വും വിദ്യാർത്ഥികളിൽ 46.2% വും സർക്കാർ വിദ്യാലയങ്ങളിലാണ് ഉള്ളത്. (പട്ടിക - 5)

ഇവിടെനിന്നും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കും പഞ്ചായത്തിനു പുറത്തുള്ള വിദ്യാലയ ങ്ങളിലേക്കും നിരവധി വിദ്യാർത്ഥികൾ പോകുന്നുണ്ട്. പഞ്ചായത്തിലെ 7 -ാം വാർഡിലുള്ള ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ആശ്രയിക്കുന്നത് വാർഡിനോട് തൊട്ട് കിടക്കുന്ന കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ വിദ്യാലയങ്ങളെയാണ്. കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ പരിശോധി ക്കുമ്പോൾ അൺ എയ്ഡഡ് വിദ്യാലയങ്ങളൊഴികെ മറ്റെല്ലാസ്ഥാപനങ്ങളിലും വിദ്യാർത്ഥി കളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. (പട്ടിക - 1) ഇതിനു

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 15 | 9 | 24 | 126 | 55 | 181 |

പട്ടികജാതി/പട്ടികവർഗ്ഗം വിദ്യാർത്ഥികളുടെ വിവരം 96-97

പട്ടിക -4

| ആകെ വിദ്യാർത്ഥികൾ | എൽ.പി | | | യു.പി | | | എച്ച്.എസ്സ് | | |
|---|---|---|---|---|---|---|---|---|---|
| | ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 427 | 3518 | 147 | 4.17 | 2559 | 152 | 5.93 | 2345 | 128 | 5.45 |

സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെയുംവിദ്യാർത്ഥികളുടെയും വിവരം

പട്ടിക - 5

| ആകെ അദ്ധ്യാപകർ | ഗവ: സ്കൂളിലെ അദ്ധ്യാപകർ | ശതമാനം | ആകെ കുട്ടികൾ | ഗവ: സ്കൂളിലെ കുട്ടികൾ | ശതമാനം |
|---|---|---|---|---|---|
| 289 | 129 | 44.64 | 8422 | 3891 | 46.2 |

കാരണമായി കാണുന്നത് ജനസംഖ്യാ വർദ്ധനവിൽ വന്നിട്ടുള്ള കുറവും ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള രക്ഷിതാക്ക ളുടെ അമിതമായ താൽപര്യവും അതോടൊപ്പം നമ്മുടെ പഞ്ചായത്തി ലുള്ള മറ്റു സ്കൂളുകളിലെ നിലവാര കുറവുമാണ്. നമ്മുടെ രണ്ട് ഹൈസ്കൂളുകളിലെ എസ്സ്. എസ്സ്. എൽ. സി. വിജയ ശതമാനം സംസ്ഥാന ശരാശരി യേക്കാൾ താഴെയാണ്. ഭൂരിഭാഗവും വിദ്യാർത്ഥികളും പരാജയ പ്പെടുന്നത് ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങൾ ക്കാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് മറ്റു പല പഞ്ചായത്തു കളിലും ഉള്ളതു പോലെ പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ സമിതിരൂപീകരിക്കേണ്ടതും പി. ടി. എ. മാതൃസംഗമം എന്നിവയുടെ പ്രവർത്തനം സജീവമാക്കേണ്ടതുമാണ്. ഇംഗ്ലീഷ് പഠിപ്പിക്കുന്നതിലേക്ക് മാത്രമായി പ്രത്യേക അദ്ധ്യാപകരെ നിയമിക്കുന്നത് ഇതിന് ഒരു പരിഹാര മാണ്. ഇതോ ടൊപ്പം മേൽപറഞ്ഞ

എസ്സ്. എസ്സ്.എൽ. സി വിജയ ശതമാനം

പട്ടിക 6

| | K.V.H.S എറിയാട് | | | | | | | S.S.M.H.S അഴീക്കോട് | | | | | | | പഞ്ചാ-യത്ത് % |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പരീക്ഷയ്ക്ക് ഇരുന്നവർ | | | ജയിച്ചവർ | | | % | പരീക്ഷയ്ക്ക് ഇരുന്നവർ | | | ജയിച്ചവർ | | | % | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | |
| 91-92 | 167 | 143 | 310 | 54 | 48 | 102 | 33 | 79 | 88 | 167 | 19 | 38 | 57 | 34 | 33.33 |
| 92-93 | 183 | 160 | 343 | 80 | 86 | 166 | 49 | 89 | 84 | 173 | 21 | 35 | 56 | 32 | 43.02 |
| 93-94 | 156 | 206 | 362 | 52 | 54 | 116 | 32 | 103 | 103 | 206 | 21 | 30 | 51 | 25 | 29.40 |
| 94-95 | 191 | 207 | 398 | 77 | 82 | 159 | 40 | 89 | 108 | 197 | 23 | 40 | 63 | 32 | 37.31 |
| 95-96 | 203 | 223 | 426 | 35 | 73 | 108 | 254 | 88 | 141 | 229 | 16 | 62 | 78 | 35 | 28.39 |

വിഷയങ്ങ ളുടെ സിലബസിനെക്കുറിച്ച് പരിശോധന നടത്തേണ്ടതുമാണ്. (പട്ടിക - 6)

30% പ്രൈമറി വിദ്യാർത്ഥികൾക്കും അക്ഷരജ്ഞാനവും സംഖ്യാബോധവും കുറവാണ്. കുട്ടികളിൽ കാണുന്ന ഈ ന്യൂനത പരിഹരിക്കുന്നതിനും സ്കൂളു കളിലെ നിലവാരം മെച്ചപ്പെടുത്തുന്ന തിനുമായി തൃശൂർ ജില്ലാ പഞ്ചായത്ത് ആരംഭിച്ചിട്ടുള്ള വിദ്യാജ്യോതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേ ണ്ടതും ഇത് പഞ്ചായത്ത്തല തുടർ പരിപാടിയാക്കേണ്ടതുമാണ്.

ഇപ്പോൾ പഞ്ചായത്ത് തലത്തിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് യാതൊരു പ്രോൽസാഹനവും നൽകി വരുന്നില്ല. ഈ മേഖലയിൽ എടുത്തു് പറയത്തക്ക പ്രോൽസാഹനം നൽകുന്നത് അഴീക്കോട് എസ്സ്. എസ്സ്. എം. ട്രസ്റ്റും കെ.വി.എച്ച്.എസ്സി ലെ പി. ടി. എ. യും എസ്സ്.എസ്സ്.എം.എച്ച്. എസ്സ് ലെ പി.ടി.എ.യും അഴീക്കോട് നേതാജി യൂത്ത് സെന്റർ വക ക്യാഷ് അവാർഡും മറ്റും ആണ്. ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്തു കൊണ്ട് പി.ടി.എ സഹകരണത്തോടെ എല്ലാ സ്കൂളുക ളിലും പഠനത്തിലും പാഠ്യേതര വിഷയ ങ്ങളിലും സമർത്ഥരായ കുട്ടികൾക്ക് പ്രോൽസാഹനം നൽകുവാൻ അവാർഡു കൾ ഏർപ്പെടുത്തേണ്ടതാണ്. അതോടൊ പ്പംതന്നെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്കോളർഷിപ്പുകളും ഏർപ്പെടുത്തേ ണ്ടതുമാണ്.

എറിയാട് പഞ്ചായത്തിൽ പ്രൈവറ്റ് മേഖലയിൽ 3 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും 2 ടൈലറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു ഐ.ടി.സി. യും ഒരു പാരലൽ കോളേജുമാണ് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നത്. കോടതി വിധിയെ തുടർന്ന് അദ്ധ്യയനം നിർത്തിവച്ച എസ്സ്. എസ്സ്. എം. ടി. ടി. ഐ ആണ് മറ്റൊരു വിദ്യാഭ്യാസ സ്ഥാപനം. വിദ്യാലയങ്ങളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അനിവാര്യമാണ്.



139

## പട്ടിക 7 (എ)

### അക്കാദമിക്ക് സൗകര്യങ്ങൾ

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കോർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | ക്ലാസ്സ് റൂം ആവശ്യമുള്ളത് | ഡസ്ക് ആവശ്യമുള്ളത് | ബെഞ്ച് ആവശ്യമുള്ളത് | മേശ ആവശ്യമുള്ളത് | കസേര ആവശ്യമുള്ളത് | ഓഫീസ് ഫർണീച്ചർ ആവശ്യമുള്ളത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 8 | 3 | 9 | 4 | 9 | 4 | 3 | 1 | 2 | 2 | 2 | 0 | | | | | | | |
| ഇല്ലാത്തത് | 2 | 0 | 1 | 0 | 1 | 6 | 7 | 9 | 8 | 8 | 8 | 10 | 52 | 32 | 430 | 365 | 47 | 47 | 15 |

ആയതുകൊണ്ട് വിദ്യാലയങ്ങളിൽ കൈത്തൊഴിൽ പരിശീലിപ്പിക്കുന്നതിനും കലാകായികരംഗങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനും നിലവിലുണ്ടായിരുന്ന സ്പെഷ്യൽ ടീച്ചേഴ്സ് തസ്തിക പുനസ്ഥാപിക്കേണ്ടതും പരിശീലനത്തിൽ പ്രാദേശിക തൊഴിലുകൾക്ക് പ്രാധാന്യം കൊടുക്കേണ്ടതും അത്യാവശ്യമാണ്.

എസ്സ്. എസ്സ്. എൽ. സി. പാസ്സായി വരുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി ഈ പഞ്ചായത്തിൽ യാതൊരു സ്ഥാപനങ്ങളുമില്ല. എറിയാട് ഗവ. കെ. വി. എച്ച്. എസ്സിൽ മതിയായ സൗകര്യങ്ങളോടുകൂടി വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ തുടങ്ങേണ്ടതാണ്.

ശിശു വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള രണ്ട് ബാലവാടികളും, രണ്ട് സ്വകാര്യ പ്രി-പ്രൈമറി സ്കൂളുകളുമാണ്. ഈ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തീരെ അപര്യാപ്തമാണ്. അതുകൊണ്ട് ഒരു വാർഡിൽ ഒരു ബാലവാടി വീതമെങ്കിലും സ്ഥാപിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ എല്ലാ ബാലവാടി കുട്ടികൾക്കും സൗജന്യമായി പോഷകാഹാരം നൽകേണ്ടതുമാണ്. പഞ്ചായത്ത് വിദ്യാഭ്യാസസമിതി പ്രീപ്രൈമറിയുടെ പാഠ്യപദ്ധതി ഉണ്ടാക്കുകയും മേൽനോട്ടം നടത്തുകയും വേണം.

പഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ ഭൗതീക സാഹചര്യങ്ങളും പൊതുവേ തൃപ്തികരമല്ല. (പട്ടിക 7എ, 7ബി) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾ ആരംഭിക്കുകയും എയ്ഡഡ് സ്കൂളുകൾക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് മാനേജ്മെന്റിൽ കൂടുതൽ സമ്മർദ്ദം ചെലത്തേണ്ടതു മാണ്. ഇതിൽ ക്ലാസ്സ് മുറികൾ, ബഞ്ച്, ഡെസ്ക്, മൂത്രപുര,



140

പട്ടിക - 7 ബി

ഭൗതീക സാഹചര്യങ്ങൾ / അക്കാദമിക്ക് സൗകര്യങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | ഓഫീസ് | സ്റ്റാഫ്റൂം | ലൈബ്രറി | ലാബ് | കളിസ്ഥലം | പാചകപ്പുര | വൈദ്യുതി | ഫോൺ | കുടിവെള്ളം | ആവശ്യത്തിന് മൂത്രപ്പുര ഉണ്ടോ? | ആവശ്യത്തിന് കക്കൂസ് ഉണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | K.V.H.S എറിയാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 2 | S.S.M.H.S. അഴീക്കോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 3 | A.M.I.U.P.S എറിയാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 4 | G.U.P.S അഴീക്കോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 5 | I.M.U.P.S അഴീക്കോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | H.U.P.S പൊയ്ലിങ്ങഷറമ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 7 | M.I.T.S അത്താണി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | M.E.M.L.P.S അഴീക്കോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9 | S.V.L.P.S എറിയാട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 10 | K.V.L.P.S എറിയാട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |

ബ്ലാക്ക്ബോർഡ്. എന്നീ സൗകര്യങ്ങൾ പോലും ഉണ്ടാക്കുന്നതിന് മാനേജ്മെന്റിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്ന് മനസ്സിലാക്കാൻ കഴിയുന്നു.

3.11. വാർഡുകളിലെ കുട്ടികൾ ലോവർ പ്രൈമറി സ്കൂളുകളിൽ എത്തുന്നത് രണ്ടര കിലോമീറ്ററോളം നടന്നാണ്. (പട്ടിക -8)

മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് ഒരു ഫിഷറീസ് എൽ. പി. സ്കൂൾ അടിയന്തിരമായി സ്ഥാപിക്കുവാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ എടുത്ത് പറയാവുന്നത് എറിയാട് മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക വായനശാലയും അഴീക്കോട് ഗ്രാമീണ വായനശാലയും മാത്രമാണ്. സാക്ഷരതാ പ്രവർത്തനത്തോടെ കൂടുതൽ ആളുകൾ അക്ഷരം പഠിച്ച പഞ്ചായത്ത് എന്ന നിലയിൽ സാമൂഹിക പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഓരോ വാർഡിലും ജനവിദ്യാ കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ ഗ്രാമീണ പുസ്തക പദ്ധതി അനുസരിച്ച് പ്രവർത്തിക്കുന്ന മുഹമ്മദ് അബ്ദു



741

## പട്ടിക 8

| തരം | ശരാശരി ദൂരം | പരമാവധി ദൂരം |
|---|---|---|
| L.P സ്കൂൾ | 2.K.M. | 2.5 K.M. |
| U.P സ്കൂൾ | 2.K.M. | 3 K.M. |
| ഹൈസ്കൂൾ | 3.K.M. | 4 K.M. |

റഹ്മാൻ സ്മാരക ഗ്രന്ഥശാലക്ക് ആവശ്യമായ സാമ്പത്തീക സഹായം നല്കി അതിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭകളിലെ ചർച്ചകളിൽനിന്നും ഉരിതിരിഞ്ഞുവന്ന നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസരംഗം സമ്പുഷ്ടമാക്കുന്നതിലേക്കായി താഴെ പറയുന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിക്കേണ്ട താണ്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും ഭൗതീകസൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും തൃപ്തികരമല്ല.

2 അൺ-എയ്ഡഡ് വിദ്യാലയങ്ങളൊഴികെ മറ്റു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

3. പ്രൈമറി വിദ്യാലയങ്ങളിലെ 30% കുട്ടികൾക്ക് അക്ഷരജ്ഞാനവും അക്കജ്ഞാനവും ലഭിക്കുന്നില്ല.

4. 3,11, വാർഡുകളിലെ വിദ്യാർത്ഥികൾ പ്രൈമറി സ്കൂളുകളിലേക്ക് കൂടുതൽ ദൂരം നടക്കുന്നു.

5. പഞ്ചായത്ത് തലത്തിൽ സാങ്കേതിക സ്ഥാപനങ്ങളും ഉപരിപഠനത്തിനുള്ള സൗകര്യങ്ങളും അപര്യാപ്തമാണ്.

6. ശിശുവിദ്യാഭ്യാസത്തിനു (പ്രീ-പ്രൈമറി)വേണ്ടത്ര സൗകര്യങ്ങളോ പ്രത്യേക പാഠ്യപദ്ധതിയോ ഇല്ല.

7പഠനത്തിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും താൽപര്യം ലഭിക്കുന്ന വിധത്തിൽ പഞ്ചായത്ത് തലത്തിൽ യാതൊരുവിധ പ്രോൽസാഹനങ്ങളും ലഭിക്കുന്നില്ല.

8. അനൗപചാരിക വിദ്യാഭ്യാസ സൗകര്യങ്ങൾ വേണ്ടത്രയില്ല.

9. അധ്യാപകർക്ക് ഏർപ്പെടുത്തിയ വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

10. അദ്ധ്യാപകർക്ക് പുനഃപരിശീലന സംവിധാനം ഇല്ല.

11. വിദ്യാജ്യോതിയുടെ പ്രവർത്തനം തൃപ്തികരമല്ല.

12.പഞ്ചായത്ത്തലത്തിൽ വിദ്യാഭ്യാസ സമിതി നിലവിലില്ല

സാധ്യതകൾ - പരിഹാരങ്ങൾ

1. ഓരോ വിദ്യാലയത്തിലെയും പി.ടി.എ. മാതൃസംഗമം എന്നിവ കൂടുതൽ സജീവമാക്കുകയും സ്കൂൾ വികസന സമിതി രൂപീകരിക്കുകയും ചെയ്യാവുന്നതാണ്. ഇവയുടെ മേൽനോട്ടത്തിൽ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.

2. സ്കൂളിലെ പൊതു പഠനനിലവാരം ഉയർത്തി സ്കൂളുകൾ ആകർഷകമാക്കുകയും ഓരോ വിദ്യാലയത്തിലും പ്രീ-പ്രൈമറി ആരംഭിക്കുകയും വേണം.

3. 'വിദ്യാജ്യോതി' ജനകീയമാക്കുകയും പഞ്ചായത്ത്തല പരിപാടിയാക്കി മാറ്റുകയും വേണം.

4. പ്രീ-പ്രൈമറിയുടെ പാഠ്യപദ്ധതിയും നടത്തിപ്പിന്റെ വിലയിരുത്തലിനുള്ള സംവിധാനവും ഉണ്ടാകണം

5. ഗുണനിലവാരം ഉയർത്തുന്നതിന് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക. വിദ്യാർത്ഥികളുടെ ക്ലാസ്സ് കയറ്റം ശാസ്ത്രീയമാക്കുക.

6. പി.ടി.എ. മാതൃസംഗമം എന്നിവയുടെ ഭരണസമിതിയിലേക്ക് മാതാപിതാക്കളെ തന്നെ തിരഞ്ഞെടുക്കുന്ന സാഹചര്യം ഉണ്ടാക്കുക.

7. 3,11, വാർഡിലെ കുട്ടികൾക്കായി ഫിഷറീസ് എൽ. പി.സ്കൂൾ ആരംഭിക്കേണ്ടതാണ്.

8. ഗവ. കെ.വി.എച്ച്. എസിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിക്കേണ്ടതാണ്.

9. ഓരോ വാർഡിലും ഒന്നു വീതമെങ്കിലും ബാലവാടി തുടങ്ങേണ്ട താണ്.

10. ഓരോ വാർഡിലും ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

11. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസം ഗൗരവമായും ചിട്ടയായും നടത്തുന്നതിന് അദ്ധ്യാപക പ്രതിനിധികൾ, രാഷ്ട്രീയ -സന്നദ്ധ സംഘടനാ പ്രതിനിധികൾ, റിട്ടയേർഡ് അദ്ധ്യാ പകർ, പി.ടി.എ മാതൃസംഗമം, വിദ്യാലയ വികസന സമിതി പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ച് പഞ്ചായത്ത് വിദ്യാഭ്യാസസമിതി രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.



# 5-5

# കുടിവെള്ളവും പൊതു ജനാരോഗ്യവും

എറിയാട് ഗ്രാമ പഞ്ചായത്ത് എറിയാട്, അഴീക്കോട് എന്നീ വില്ലേജുകാം ഉാക്കൊള്ളുന്ന പ്രദേശമാണല്ലോ. ഏകദേശം അഞ്ചര കി. മീറ്റർ വരുന്ന അറബിക്കടലും ഒന്നര കി. മീറ്റർ പെരിയാറിൻെറ സംഗമസ്ഥാനമായ അഴീക്കോട് അഴിമുഖവും പടിഞ്ഞാറും തെക്കും ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്നു. കടലും കായലും ഉപ്പും ഓരും നിറച്ചു കൊണ്ടിരിക്കുകയാണിവിടെ. കൂടാതെ അറപ്പാ-ബ്ലാങ്ങാച്ചാൽ തോടും, പെരും തോടും, വേടി തോടും യഥാക്രമം 1,2,3,11,14,13 എന്നീ വാർഡുകളിലും 4,5,6,9,12 എന്നീ വാർഡുകളിലും 12,13 എന്നീ വാർഡുകളിലും ഉപ്പും ഓരും വ്യാപിപ്പിക്കുന്നു. 7,8,15,10 വാർഡുകാം താരതമ്യേന ഉപ്പിൻെറ ആധിക്യം ഇല്ലെങ്കിലും പല ഭാഗങ്ങളിലും ഓരു ജലമാണ്. വെള്ളം സർവത്രയാണെങ്കിലും കുടിവെള്ള പ്രശ്നം വളരെ ഗുരുതരമായ ഒന്നാണെന്ന് ഈ പശ്ചാത്തലം വ്യക്തമാക്കുന്നു.

1991ലെ സെൻസസ് പ്രകാരം 42011 പേരാണ് ഈ പഞ്ചായത്തിൽ 7264 വീടുകളിലായി അധിവസിക്കുന്നത്. 20184 പുരുഷന്മാരും 21827 സ്ത്രീകളുമാണ്. പട്ടികജാതിയിൽ പെട്ട 1211 പുരുഷന്മാരും 1201 സ്ത്രീകളുമുണ്ട്. പട്ടികവർഗ്ഗത്തിൽ പെട്ട ഒരു പുരുഷനും ഒരു സ്ത്രീയുമാണുള്ളത്. പ്രൈമറി ഹെൽത്ത് സെൻററിലെ രേഖ അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 1996ൽ 44281 ആണ്. ഈ ജന വിഭാഗത്തെ അവർ അനുഭവിച്ചു കൊണ്ടിരിക്കുന്ന ഗുരുതരമായ കുടിവെള്ള പ്രശ്നത്തിന് എങ്ങനെ പരിഹാരം കണ്ടെത്താൻ കഴിയും എന്നും നിലവിലുള്ള ജലസ്രോതസ്സുകളെ എങ്ങനെ ഉപയോഗിക്കാൻ കഴിയും എന്ന് ചിന്തിപ്പിക്കുന്നു.

ഈ പഞ്ചായത്തിൽ ഇപ്പോാം ശുദ്ധജലവിതരണം നടത്തിവരുന്നത് കൊടുങ്ങല്ലൂർ-മേത്തല ശുദ്ധജല വിതരണപദ്ധതിയിൽ നിന്നുമാണ്.

# KWA എറിയാട് പഞ്ചായത്തിൽ ശുദ്ധജല വിതരണം സംബന്ധിച്ച പട്ടിക

| വിതരണത്തിന് ആകെ സ്ഥാപിച്ച പൈപ്പിൻെറ നീളം | പൊതു ടാപ്പുകൾ | ഹൗസ് കണക്ഷൻ (Domestic) | ഇതര കണക്ഷനുകൾ (Non Domestic) |
|---|---|---|---|
| (250 MMAC - 50 MMPVC) 53 കി. മീറ്റർ | 240 | 692 | 22 |

എറിയാട് പഞ്ചായത്തിൽ ശുദ്ധ ജല മെത്തിക്കുന്നതിൽ പഞ്ചായത്ത് ഇതിനകം നല്ല പരിശ്രമമാണ് നടത്തിവരുന്നത്. 240 പൊതു ടാപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞു. ശരാശരി 180 പേർക്ക് 1 ടാപ്പ് വീതം ആയിട്ടുണ്ട്. ഇതു വഴി പഞ്ചായത്ത് പ്രതിവർഷം 210000 രൂപാ (1 ടാപ്പിന് 875 രൂപാ ക്രമത്തിൽ) വാട്ടർ അതോറിറ്റിക്ക് നൽകണം. ഇത് പഞ്ചായത്ത് ഫണ്ടിൻെറ 30% മാണെന്നോർക്കണം. ഇപ്പോഴും പല വാർഡുകളിലും പൈപ്പ് ലൈനില്ല. അത്യാവശ്യമുള്ള പല പ്രദേശങ്ങളിലും ടാപ്പില്ല. പൊതുടാപ്പ് എന്ന ചിന്താഗതി ഇന്നത്തേതു പോലെ തുടരാൻ കഴിയുമോ എന്ന് ആലോചിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ടാപ്പുകളും സ്വകാര്യ ടാപ്പുകളും നൽകുന്നതിൽ പ്രത്യേകപരിഗണന നൽകണം. ഇത് പരിശോധിക്കുമ്പോൾ ജല ലഭ്യത പ്രധാന പ്രശ്നമാണെന്ന് മനസ്സിലാകും. അതുകൊണ്ട് എറിയാടിന് ഒരു പ്രത്യേക ശുദ്ധ ജലവിതരണ പദ്ധതി നടപ്പിലാക്കുകമാത്രമാണ് പരിഹാരമായിട്ടുള്ളത്. ഈ ആവശ്യം സർക്കാർ പരിഗണിക്കുകയും പുതിയ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ ഭൂമി അക്വയർ ചെയ്യുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും അംഗീകാരത്തിനയച്ചിട്ടുണ്ട്.

സീതീ സാഹിബ് സ്കൂൾ പരിസരത്തുള്ള ടാങ്കിലേക്ക് ജലം സംഭരിച്ച് വിതരണം നടത്തണമെന്ന് പഞ്ചായത്ത് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. കഴിഞ്ഞ വർഷം വരൾച്ച ദുരിതാശ്വാസത്തിനനുവദിച്ച തുക അതിലേക്ക് വകയിരുത്തുകയായിരുന്നു പഞ്ചായത്ത് ചെയ്തത്. ഇത് സംബന്ധിച്ചു വാട്ടർ അതോറിറ്റിയുടെ ഫണ്ടു കൂടി ഉപയോഗിച്ച് പണിചെയ്യുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതായി അറിയുന്നു.

നിലവിലുള്ള പദ്ധതികൾക്ക് പുറമെ തീരദേശവികസന പദ്ധതിയിൽപെടുത്തി ശുദ്ധജലവിതരണം നടത്തണമെന്ന ആവശ്യം അംഗീകരിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തുവരുന്നു.

## കുടിവെള്ളത്തിൻെറ ഉപയോഗക്രമം - വീടുകഠം

| സാധാരണ കിണർ | കുളം | പൈപ്പ് വെള്ളം | ബോർവെൽ |
|---|---|---|---|
| 2871 | 114 | 4351 | 1409 |

ധാരാളം കുളങ്ങഠം ഉള്ള ഒരു പ്രദേശമാണിത്. പല പറമ്പുകളിലും കുളങ്ങളുണ്ട്. കുറച്ചൊക്കെ നികത്തി പോയിട്ടുണ്ട്. 5 പൊതു കുളങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. 7,8,9,10, 12, 15 എന്നീ വാർഡുകളിൽ ഉപ്പിൻെറ ആധിക്യമില്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളത്തിനായി ധാരാളമായി കിണറുകളേയും കുളങ്ങളേയും ആശ്രയിച്ചു വരുന്നു. സ്വകാര്യവ്യക്തികളുടെ കിണറുകളുടെ എണ്ണം ലഭ്യമല്ല. എങ്കിലും പൊതു കിണറുകഠം 120 എണ്ണമുണ്ട്. 600 കുടുംബങ്ങളെങ്കിലും ഈ കിണറുകളെ ആശ്രയിക്കുന്നവരാണ്.

ശുദ്ധജല വിതരണം ആരംഭിച്ചതോടെ മുൻകാലങ്ങളിൽ കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്ന കിണറുകളുടേയും കുളങ്ങളുടേയും സംരക്ഷണത്തിലും ഉപയോഗത്തിലും പ്രകടമായ മാറ്റം വന്നിട്ടുണ്ട്. പെരുംതോടിലും അറപ്പ-ബ്ലാങ്ങാച്ചാൽ തോടിൻെറ കൈതോടുകളിലും ബണ്ടുകഠം കെട്ടിയിരുന്നതും അതുമൂലം ഈ പ്രദേശങ്ങളിൽ ഉപ്പും ഓരും കയറാതെ സംരക്ഷിച്ചിരുന്നതും ഇന്നത്തെപ്പോലെ ബുദ്ധിമുട്ടില്ലാതെ ഉപയോഗിച്ചിരുന്നതും പഴമക്കാർ അനുസ്മരിക്കുന്നു. ഇപ്രകാരം ചെയ്താൽ ഈ പ്രദേശങ്ങളിൽ കിണറുകളിലും കുളങ്ങളിലും ഉപ്പും ഓരും കയറില്ല. കുടിവെള്ളത്തിനു മാത്രമല്ല മറ്റാവശ്യങ്ങഠംക്കും ആവശ്യമായ നല്ല വെള്ളം ലഭിക്കുകയും ചെയ്യും.

ഭൂഗർഭജലം ഉപയോഗിക്കാവുന്ന സ്ഥിതി ഈ പഞ്ചായത്തിലില്ല. കടലോര-കായലോരപ്രദേശമായതുകൊണ്ട് കൂടുതൽ താഴ്ത്തുന്തോറും ഉപ്പും ഓരും ചെളിയും വെള്ളം മലിനമാക്കുന്നു. ഭൂഗർഭജലത്തിന് വേണ്ടി നടത്തിയ പല പരീക്ഷണങ്ങളും പരാജയപ്പെടുകയായിരുന്നു.

## പ്രശ്നങ്ങഠം

1 - പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും കുടിവെള്ള പ്രശ്നം പ്രധാനമാണ്.

2 - സർവ്വത്ര വെള്ളമുണ്ടെങ്കിലും കുടിവെള്ളാവശ്യത്തിന് മാത്രമല്ല മറ്റാവശ്യങ്ങഠംക്കുപോലും വെള്ളം ലഭിക്കുന്നില്ല.



146

3 - കൊടുങ്ങല്ലൂർ-മേത്തല ശുദ്ധ ജല വിതരണ പദ്ധതിയിൽ നിന്നും ഇപ്പോൾ ജലവിതരണം നടക്കുന്നുണ്ടെങ്കിലും അത് പൂർണ്ണമല്ല. പല പ്രദേശങ്ങളിലും പൈപ്പ് ലൈനില്ല. വേണ്ടത്ര ടാപ്പുകൾ ഇട്ടിട്ടില്ല. പൈപ്പുലൈനും ടാപ്പും ഉള്ള പല പ്രദേശങ്ങളിലും പലപ്പോഴും വെള്ളം ലഭിക്കുന്നില്ല. (ഉദാ : 1-ാം വാർഡ്, 3,4,5 വാർഡുകളുടെ പല ഭാഗങ്ങളും)

4 - വ്യാസം കുറഞ്ഞ പൈപ്പിൽ നിന്നും കൂടിയ പൈപ്പിലേക്ക് യാതൊരു ശാസ്ത്രീയമായ കാഴ്ചപ്പാടുമില്ലാതെ കണക്ഷൻ നൽകിയിട്ടുള്ളതുമൂലം വെള്ളത്തിൻെറ ലഭ്യത കുറയുന്നു.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1 - എറിയാട് ശുദ്ധ ജല പദ്ധതി ആരംഭിക്കണം. (എറിയാട് സെൻസസ്സ് പട്ടണമാണ്)

2 - അഴീക്കോട് സീതീസാഹിബ് സ്കൂൾ ടാങ്ക് കപ്പാസിറ്റി പരിശോധിക്കണം. ആവശ്യമാണെങ്കിൽ ബലപ്പെടുത്തണം. അഴീക്കോട് വില്ലേജിലേക്ക് ഈ ടാങ്കിൽ വെള്ളം സംഭരിച്ച് വിതരണം നടത്തണം.

3 - എറിയാട് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പൈപ്പ് ലൈൻ നീട്ടി ജലവിതരണം നടത്തണം.

4 - തീരദേശ വാർഡുകളിലെ ജലലഭ്യത ഉറപ്പിക്കാൻ ആവശ്യമായ സംവിധാനം വേണം. പൈപ്പ് ലൈൻ ശാസ്ത്രീയമായി സംവിധാനം ചെയ്യണം.

5 - കോളനി പ്രദേശങ്ങളിലും ജനങ്ങൾ തിങ്ങി താമസിക്കുന്ന മറ്റു പ്രദേശങ്ങളിലും കൂടുതൽ ടാപ്പുകൾ സ്ഥാപിക്കണം.

6 - കമ്മ്യൂണിറ്റി ടാപ്പുകൾ സ്ഥാപിക്കുന്നതിന് നടപടികൾ ഉണ്ടാകണം.

7 - പൊതുടാപ്പുകൾ സംരക്ഷിക്കുന്നതിനും ദുർവിനിയോഗം തടയുന്നതിനും അറ്റ കുറ്റപ്പണികൾ, ജലലഭ്യത എന്നീ കാര്യങ്ങളിൽ യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനും ഇടപെടുന്നതിനും ഗുണഭോക്താക്കളുടെ കമ്മറ്റികൾ രൂപീകരിക്കണം.

8 - പൈപ്പിൽ നിന്നും മോട്ടോർ വച്ച് വെള്ളമെടുക്കുക, മറ്റാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുക തുടങ്ങി പലവിധത്തിൽ വെള്ളം ദുരുപയോഗം നടത്തുന്നവരെ ശിക്ഷിക്കുന്നതിന് നടപടിയുണ്ടാകണം.

9 - വരൾച്ച ദുരിതാശ്വാസ ഫണ്ടിൽ നിന്നും അനുവദിച്ചതും, അഴീക്കോട്ട് ടാങ്കിലേക്ക് പമ്പ് ചെയ്യുന്നതിനു സംവിധാനം ഏർപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയിലേക്ക് ശുപാർശ ചെയ്തതുമായ സംഖ്യ ഉപയോഗിച്ച് നിർദ്ദിഷ്ട ജോലി എത്രയും വേഗം ചെയ്തു തീർക്കണം.

10 - പെരും തോട് ആഴവും വീതിയും കൂട്ടി സംരക്ഷിക്കുക. പെരുംതോട്ടിലും അറപ്പ - ബ്ലാങ്ങാച്ചാൽ തോട്ടിലേക്കുള്ള കൈത്തോടുകളിലും വേടി തോടിലും ബണ്ടുകൾ കെട്ടി ഓരും ഉപ്പും തടഞ്ഞ് ജലം ശുദ്ധമാക്കാൻ നടപടിയെടുക്കുക.

11 - നിലവിലുള്ള കുളങ്ങളും കിണറുകളും ശുദ്ധമായി സംരക്ഷിക്കുക.

12 - നല്ല വെള്ളം ലഭിക്കുന്നതും ജനങ്ങൾ തിങ്ങി താമസിക്കുന്നതുമായ പ്രദേശങ്ങളിൽ ആവശ്യമായ പൊതു കിണറുകൾ സ്ഥാപിക്കുക.

13 - ശുദ്ധ ജലവിതരണത്തിനുള്ള പൈപ്പുകളിൽ പലപ്പോഴും ജല ചോർച്ചയും തകരാറുകളും മൂലം ജലനഷ്ടം നിത്യ സംഭവങ്ങളാണ്. ഇതിന് ഉടനടി പരിഹാരം കാണേണ്ടതാണ്. പഞ്ചായത്തിന് ഇടപെടാനുള്ള അധികാരം വേണം.

14 - വാട്ടർ ചാർജ്ജ് ഈടാക്കുന്നതിന് വാട്ടർ അതോറിറ്റി മാസത്തിൽ ഒരു ദിവസം പഞ്ചായത്ത് ഓഫീസിൽ വച്ച് കളക്ഷനുള്ള സംവിധാനം ഏർപ്പെടുത്തണം.

# ആരോഗ്യരംഗം

എറിയാട് അഴീക്കോട് വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നതും 44281 പേർ അധിവസിക്കുന്നതുമായ ഒരു പഞ്ചായത്താണല്ലോ നമ്മുടെ പഞ്ചായത്ത്. ശുദ്ധജലം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ വളരെ സങ്കീർണ്ണങ്ങളാണിവിടെ. സംസ്ഥാനസർക്കാർ ബഡ്ജറ്റിൽ 17% ആരോഗ്യ രക്ഷക്ക് വേണ്ടിയാണ് ചിലവാക്കുന്നത്. കേരളം ആരോഗ്യരംഗത്ത് മുന്നണിയിൽ വരാനും ആയുർദൈർഘ്യം വികസിത രാജ്യങ്ങൾക്കൊപ്പം എത്തുന്നതിനും ഇടയായതിൽ നാം അഭിമാനിക്കുന്നു. എന്നാൽ അടുത്ത കാലത്തായി രാജ്യത്തിൻെറ പല ഭാഗത്തും പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന പല രോഗങ്ങളും, നമ്മുടെ രാജ്യത്തു നിന്നും ഒഴിവാക്കിയെന്നും നാം അഭിമാനിച്ചിരുന്ന പല രോഗങ്ങളും തിരിച്ചു വരാൻ തുടങ്ങിയതോടെ സ്ഥിതി ഗതികൾ ഗുരുതരവഹമായിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് സങ്കീർണ്ണമായ നമ്മുടെ പഞ്ചായത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത്.

നമ്മുടെ സംസ്ഥാനത്തിലെ പൊതു മരണ നിരക്ക് ആയിരത്തിന് 5.9 ആണ്. ശിശു മരണനിരക്ക് 16ഉം മാതൃമരണ നിരക്ക് ആയിരത്തിന് ഒന്നിൽ താഴെയും ജനനനിരക്ക് 17ഉം ആണ്. ഈ പഞ്ചായത്തിൽ ഇവ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ സംസ്ഥാനശരാശരിയുമായി നമുക്ക് ഒരു താരതമ്യപഠനത്തിന് കഴിയില്ല. ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ 506ഉം ഒരു വയസ്സിനും 5 വയസ്സിനുമിടയിൽ പ്രായമുള്ളവർ 2660ഉം ആണ്. ഇതിൽ 29 പേരാണ് പ്രതിരോധ കുത്തിവെയ്പ് തീരെ നടത്താത്തവരായുള്ളത്.

## പ്രതിരോധ കുത്തിവയ്പ് നടത്തിയ കുട്ടികളുടെ പട്ടിക

| പ്രായം | പൂർണ്ണ അളവിൽ കുത്തിവെച്ചവർ | ഭാഗീകമായി കുത്തിവച്ചവർ | കുത്തി വയ്ക്കാത്തവർ | ആകെ |
|---|---|---|---|---|
| ഒരു വയസ്സിൽ താഴെ പ്രായമുള്ളവർ | 299 | 180 | 27 | 506 |
| 1-5 വയസ്സിന് ഇടയിൽ ഉള്ളവർ | 2536 | 122 | 2 | 2660 |
| ആകെ | 2835 | 302 | 29 | 3166 |

രോഗപ്രതിരോധ പ്രവർത്തനരംഗത്ത് നാം ചെയ്തു തീർക്കേണ്ട കാര്യങ്ങൾ ഇതിൽ നിന്നും മനസ്സിലാക്കാം. കുത്തി വയ്ക്കാത്തവരെ കുത്തി വയ്ക്കുന്നതിനും ഭാഗീകമായി കുത്തിവച്ചിട്ടുള്ളവരെ പൂർണ്ണമാക്കാനും നമുക്ക് കഴിയണം.

രോഗത്തിന് മറ്റൊരു കാരണം പോഷകാഹാരക്കുറവാണ്. ഇത് കുട്ടികളുടെ വളർച്ചക്കും പ്രതിബന്ധമാകുന്നു. സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ പിന്നണിയിൽ കിടക്കുന്ന ഈ പ്രദേശങ്ങളിലെ ബഹുഭൂരിപക്ഷം വരുന്ന മത്സ്യ-കയർ-തഴ പായ- കർഷക തൊഴിലാളി കുടുംബങ്ങളിലെ പ്രശ്നങ്ങളാണ്. ഇത് കൃത്യമായി വിശകലനം നടത്താൻ കണക്കുകൾ ഇല്ലെങ്കിലും ഈ വസ്തുത തികച്ചും യാഥാർത്ഥ്യമാണ്.

അതുപോലെ തന്നെ വൃദ്ധരിലും വയോവൃദ്ധരിലും ആരോഗ്യപ്രശ്നം സങ്കീർണ്ണമാണ്. സംസ്ഥാനതലത്തിൽ നൂറിന് 7 പേരാണ് വൃദ്ധരായിട്ടുള്ളത്. ഇക്കാര്യത്തിലും പഞ്ചായത്തിലെ കൃത്യമായ കണക്ക് ലഭ്യമല്ല. ദരിദ്ര ജനവിഭാഗങ്ങളിലെയും ദുർബലജനവിഭാഗങ്ങളിലേയും വൃദ്ധരായിട്ടുള്ളവർ പ്രായത്തോടൊപ്പം പോഷകാഹാരക്കുറവിനും രോഗങ്ങൾക്കും അടിമകളാണ്. ചിലവേറിയ ചികിത്സയും പരിചരണവും ഇവർക്ക് വലിയ പ്രശ്നങ്ങളാണ്. വിവിധ പെൻഷൻ പദ്ധതികൾ ചെറിയ ഒരു വിഭാഗത്തിന് തെല്ലെങ്കിലും സഹായമാകുന്നുണ്ടെങ്കിലും വലിയ ഒരു വിഭാഗം ക്ലേശകരമായ ഒരവസ്ഥയെ നേരിടുന്നു. വൃദ്ധരിൽ കൂടുതൽ സ്ത്രീകളാണെന്നുള്ളതും കൂടുതൽ ഒറ്റപ്പെട്ടവരായിട്ടാണ് ഇവർ കഴിയുന്നതെന്നും കാണാതിരുന്നുകൂട. സാമൂഹ്യസുരക്ഷാപരിപാടികളിലൂടെ ഈ വൃദ്ധജനങ്ങൾക്ക് സംരക്ഷയും പോഷകാഹാര വിതരണവും ചികിത്സാ സഹായവും നൽകേണ്ടതുണ്ട്.

അംഗവൈകല്യം ബാധിച്ചവരായി ഈ പഞ്ചായത്തിൽ 350 പേരുണ്ട്. ഇതിൽ 44 പേർ മന്ദബുദ്ധികളാണ്. ഇവർക്ക് പരിരക്ഷയും സഹായവും വേണം.



149

## രോഗാതുരത

മാടവന പ്രൈമറി ഹെൽത്ത് സെൻറർ, അഴീക്കോട് ഗവ:ആയുർവേദ ആശുപത്രി, എറിയാട് ഗവ:ഹോമിയോ ഡിസ് പെൻസറി എന്നീ സ്ഥാപനങ്ങളിൽ വർദ്ധിച്ചു വരുന്ന രോഗികളുടെ എണ്ണം രോഗാതുരത വ്യക്തമാക്കുന്നു. ഇതോടൊപ്പം സർക്കാർ - സ്വകാര്യ ആശുപത്രികളിലും ഇത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

### എറിയാട് ഗ്രാമ പഞ്ചായത്തിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലെ രോഗികളുടെ പട്ടിക 2

| വർഷം | പ്രൈമറി ഹെൽത്ത് സെൻറർ | | | ആയുർവേദ ആശുപത്രി | | | ഹോമിയോ ഡിസ്പെൻസറി |
|---|---|---|---|---|---|---|---|
| | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ആകെ | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ആകെ | രോഗികളുടെ എണ്ണം |
| 1992-93 | 1179 | 26479 | 27658 | 118 | 41616 | 41734 | (കിട്ടിയിട്ടില്ല) |
| 1993-94 | 1378 | 32776 | 34154 | 98 | 74347 | 74445 | 34881 |
| 1994-95 | 1149 | 28606 | 29755 | 70 | 62536 | 62906 | 37365 |
| 1995-96 | 1642 | 38884 | 40526 | 89 | 89896 | 89985 | 24303 |

ഈ രോഗികളത്രയും ഈ പഞ്ചായത്തിൽ നിന്നല്ല, അടുത്ത പ്രദേശങ്ങളിൽ നിന്നുള്ളവരുമുണ്ട്. എന്നാൽ പഞ്ചായത്തിനു പുറത്തുള്ള സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും എത്രയോ പേർ ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നു എന്നതും യാഥാർത്ഥ്യമാണല്ലോ.

പ്രൈമറി ഹെൽത്ത് സെൻററിൽ കഴിഞ്ഞ വർഷത്തിൽ ചികിത്സക്കെത്തിയവരിൽ കുഷ്ഠം - (3) ക്ഷയം /86) എയ്ഡ്സ് (1) എന്നീ രോഗം ബാധിച്ചവർ ഉൾപ്പെടുന്നു. മാരകമായ ഇത്തരം രോഗങ്ങൾ നിലനില്ക്കുന്നുവെന്നും തിരിച്ചു വന്നുകൊണ്ടിരിക്കുന്നുവെന്നും ഇത് കാണിക്കുന്നു.

## പകർച്ചവ്യാധികളുടേയും മറ്റുരോഗങ്ങളുടേയും പട്ടിക
## (പി.എച്ച്.സി മാടവന)

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | ത്വക്ക് രോഗം | എല്ലുരോഗം | മറ്റു പകർച്ച വ്യാധികൾ | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| 1992-93 | - | - | - | 28 | 7 | 56 | - |
| 1993-94 | 333 | 58 | 45 | 12 | 13 | 78 | - |
| 1994-95 | 612 | 38 | 34 | 43 | 16 | 76 | |
| 1995-96 | 551 | 86 | 30 | 58 | 14 | 90 | 1(എയ്ഡ്സ്) |

*വയറിളക്കരോഗങ്ങൾ - ഒ.പി. - 270, ഐപി. 32

ഛർദ്ദി അതിസാരം ഒ.പി. 17, ഐ.പി. 14. മരണമില്ല

വായുജന്യരോഗങ്ങളിൽ ക്ഷയവും പ്രാണിജന്യരോഗങ്ങളിൽ മലേറിയയും ഉൾപ്പെടുന്നു.

## രോഗങ്ങൾ സംബന്ധിച്ച വിവരം
## (ആയുർവേദ ആശുപത്രി, അഴീക്കോട്)

| വർഷം | വാതരോഗങ്ങൾ | മറ്റു രോഗങ്ങൾ | ആകെ | റിമാർക്സ് |
|---|---|---|---|---|
| 1992-93 | 38549 | 3185 | 41734 | |
| 1993-94 | 64309 | 10136 | 74445 | |
| 1994-95 | 50875 | 12031 | 62906 | |
| 1995-96 | 69638 | 20347 | 89985 | |



151

## ഗവ: ഹോമിയോ ഡിസ്പെൻസറി, എറിയാട്

| വർഷം | രോഗികൾ | രോഗവിവരം |
|---|---|---|
| 1993-94 | 34881 | പ്രത്യേക രോഗങ്ങളെ തരം തിരിച്ചിട്ടില്ല. |
| 1994-95 | 37365 | വയറിളക്കം, ഛർദ്ദി അതിസാരം, ഗർഭിണികൾക്കും കുട്ടികൾക്കും ഉണ്ടാകുന്ന രോഗങ്ങൾ, ചെങ്കണ്ണ് തുടങ്ങി കാൻസർ വരെയുള്ളവർ ചികിത്സിക്കപ്പെടുന്നു. |
| 1995-96 | 24303 | |

രോഗാതുരതയും ആരോഗ്യപ്രശ്നങ്ങളും വർദ്ധിച്ചു കൊണ്ടിരിക്കുന്നുവെന്നു മേൽചേർത്ത പട്ടികകൾ വ്യക്തമാക്കുന്നു. പകർച്ചവ്യാധികൾ, ജല ജന്യരോഗങ്ങൾ, പ്രാണി ജന്യരോഗങ്ങൾ, ത്വക്‌രോഗങ്ങൾ, വാതരോഗങ്ങൾ എന്നിവയാണ് പ്രകടമായും കണ്ടുവരുന്നത്. 1986ൽ വ്യാപകമായ ഛർദ്ദി അതിസാരം 8 പേരുടെ ജീവപഹരിച്ചത് നാം മറന്നുകൂട. വയറിളക്കരോഗങ്ങളും ഛർദ്ദി അതിസാര രോഗങ്ങളും മലേറിയ, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങളും വേനൽ - വർഷാദിക്യ കാലത്ത് ഇപ്പോഴും പടർന്നു പിടിക്കുന്നു. ഇവ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ആണ്. കുടിവെള്ളം, പരിസരമലിനീകരണം, തുടങ്ങി പോഷകാഹാരക്കുറവും ആരോഗ്യ പ്രശ്നങ്ങളിൽ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നു. ആരോഗ്യ സംബന്ധമായ അവബോധവും അവയെഅടിസ്ഥാനമാക്കിയുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും അനിവാര്യ ഘടകങ്ങളാണ്. രോഗം വന്നതിനു ശേഷമുള്ള ചികിത്സകളേക്കാൾ വരാതിരിക്കുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാക്കുകയെന്നത് പ്രധാനമാണ്.

നാഷണൽ ഹെൽത്ത് സാമ്പിൾ സർവെ കാണിക്കുന്നത് നവജാതശിശുവിൻെറ ശരാശരി തൂക്കം 3.3 കി. ഗ്രാം ആണെന്നാണ്. നമ്മുടെ പഞ്ചായത്തിലെ കുട്ടികളുടെ തൂക്കം ശരാശരിയേക്കാൾ കുറവായാണ് കാണുന്നത്. ഗർഭിണികളിലെ പോഷകാഹാരക്കുറവും പൂരക പോഷകാഹാര വിതരണത്തിലെ ന്യൂനതയും ആണ് കുട്ടികളെ ബാധിക്കുന്ന ഒരു ഘടകം. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാര വിതരണവും പൂരകപോഷകാഹാര വിതരണവും കാര്യക്ഷമമാക്കണം. മാംസ്യാംശം കൂടുതലുള്ള ആഹാരങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം. 597 ഗർഭിണികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ രംഗത്ത് മാതൃ ശിശു ക്ഷേമ സംഘടനകളും സബ്സെൻററുകവും അവരുടെ സേവന ചുമതലകൾ കൃത്യമായും നിർവഹിക്കുന്നു എന്നുറപ്പാക്കണം.



152

## എറിയാട് ഗ്രാമ പഞ്ചായത്ത് - ദമ്പതിമാർ സ്ത്രീകളുടെ പ്രായക്രമത്തിൽ

| 15-19 വയസ്സ് | 20-24 വയസ്സ് | 25-29 വയസ്സ് | 30-34 വയസ്സ് | 35-39 വയസ്സ് | 40-45 വയസ്സ് | ആകെ |
|---|---|---|---|---|---|---|
| 97 | 1013 | 1624 | 1374 | 1111 | 590 | 5809 |

## എറിയാട് ഗ്രാമപഞ്ചായത്ത് അമ്മമാർ കുട്ടികളുടെ അടിസ്ഥാനത്തിൽ

| ഒരുകുട്ടി | 2കുട്ടികൾ | 2ൽ കൂടുതൽ കുട്ടികൾ | കുട്ടികളില്ലാത്തവർ | ആകെ |
|---|---|---|---|---|
| 1106 | 2317 | 1876 | 510 | 5809 |

നമ്മുടെ പഞ്ചായത്തിലെ ദമ്പതികളിൽ 15നും 45നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ 5809 പേരാണ് ഉള്ളത്. ഇതിൽ ഇപ്പോൾ ഒരു കുട്ടി മാത്രമുള്ളവർ 1106ഉം 2 കുട്ടികൾ ഉള്ളവർ 2317ഉം രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർ 1876ഉം കുട്ടികളില്ലാത്തവർ 510 ദമ്പതികളുമാണ്. കുടുംബാസൂത്രണകാര്യങ്ങളിൽ നാം മുന്നിലാണെന്ന് ഇതും താഴെ ചേർക്കുന്ന പട്ടികയും വ്യക്തമാക്കുന്നു.

## കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ കുട്ടികളുടെ അടിസ്ഥാനത്തിൽ

| ഒരു കുട്ടി | 2 കുട്ടികൾ | 2ൽ കൂടുതൽ കുട്ടികൾ | കുട്ടികളില്ലാത്തവർ | ആകെ |
|---|---|---|---|---|
| 466 | 2125 | 1792 | 34 | 4417 |

## സ്ഥാപനങ്ങളും ജീവനക്കാരും

മാടവന പ്രാഥമികാരോഗ്യകേന്ദ്രം 12 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടെ 1966ൽ ആരംഭിച്ചതാണെങ്കിലും ഇപ്പോഴും, അതേ സൗകര്യം മാത്രമേയുള്ളു. പകർച്ചവ്യാധികളുടെ ഒരു പോക്കറ്റ് ഏരിയായാണ് ഈ പ്രദേശം. അതുകൊണ്ട് പലപ്പോഴും 70-100 രോഗികളാണ് കിടത്തി ചികിത്സിക്കേണ്ടവരായിട്ടുണ്ടാവുക. വേണ്ടത്ര



153

സൗകര്യമില്ലാതെ തിങ്ങിക്കൂടി കഴിയേണ്ടതായിവരുന്നതിനാൽ പലരോഗികളും തിരിച്ചു പോകുന്നത് മറ്റു പലരോഗങ്ങളും കൊണ്ടായിരിക്കും എന്ന ഗതികേടു നിലനില്ക്കുന്നു.

ഔട്ട് പേഷ്യൻറിൻേറയും സ്ഥിതി വ്യത്യസ്ഥമല്ല. (പട്ടിക 2 നോക്കുക) ഈ ആരോഗ്യകേന്ദ്രം സ്ഥാപിക്കുമ്പോാം വിഭാവനം ചെയ്തിരുന്നതിനേക്കാാം എത്രയോ മടങ്ങ് രോഗികളുടെ സംഖ്യ വർദ്ധിച്ചിരിക്കുന്നു. ആവശ്യത്തിന് മരുന്ന് ലഭിക്കുന്നില്ല എന്നതും പരാതിക്കിടയാകുന്നുണ്ട്. ഒരു ആശുപത്രിയിലെ ഏറ്റവും പ്രധാനമായ ഒന്നാണല്ലോ ഓപ്പറേഷൻ തിയേറ്റർ. ഇവിടത്തെ ഓപ്പറേഷൻ തിയ്യറ്ററിൻെറ സ്ഥിതി പരമദയനീയമാണ്. ആവശ്യത്തിന് ഉപകരണങ്ങളില്ലാതേയും യാതൊരു സൗകര്യങ്ങളില്ലാതേയും ഗർഭിണികളേയും രോഗികളേയും ഓപ്പറേഷൻ നടത്തുന്നതിനു നിർബ്ബന്ധിതമാകുകയാണ്. രോഗികളുടെയും ആരോഗ്യപ്രവർത്തകരുടേയും ദുര്യോഗം മാറ്റിയെടുക്കാതെ തരമില്ല.

ആശുപത്രിയിലെ വൈദ്യുതി സംവിധാനമാണെങ്കിൽ കാലഹരണം വന്നതും കേടുപാടുകാം മൂലം പലയിടങ്ങളിലും വൈദ്യുതിയെത്താതുമാണ്. മലമൂത്ര വിസർജ്ജനത്തിനാവശ്യമായ കക്കൂസ് വേണ്ടത്രയില്ല. ആവശ്യത്തിന് വെള്ളമില്ലാതെ രോഗികാം ക്ലേശിക്കുകയാണ്. ഓഫീസിൻെറ പ്രവർത്തനങ്ങാംക്കും, ഫാർമസി, ലാബോറട്ടറി എന്നിവയുടെ പ്രവർത്തനങ്ങാംക്കും സൗകര്യങ്ങളില്ലാതെ പ്രയാസപ്പെടുകയാണ്.

എറിയാട് പഞ്ചായത്തിൽ 7 സബ് സെൻററുകാം ആണുള്ളത്. 5000 ജനസംഖ്യയ്ക്ക് 1 എന്ന അനുപാതത്തിൽ ആണ് സബ് സെൻററുകാം വേണ്ടത്. ഇപ്പോഴത്തെ ജനസംഖ്യയ്ക്ക് ആനുപാതികമായി 10 സെൻറർ എങ്കിലും വേണം. ഇപ്പോാം നിലവിലുള്ള 7 കേന്ദ്രങ്ങളിൽ മെയിൻ സെൻറർ പ്രൈമറി ഹെൽത്ത് സെൻററിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു. മറ്റ് രണ്ട് കേന്ദ്രങ്ങാംക്ക് മാത്രമേ സ്വന്തമായി കെട്ടിടവും സൗകര്യവുമുള്ളു. 4 എണ്ണം വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് വേണ്ടത്ര സൗകര്യങ്ങളില്ല താനും.

ഇതിൽ അഴീക്കോട് കേന്ദ്രം ദീർഘനാളായി ജീവനക്കാരില്ലാത്തതിനാൽ ഈ പ്രദേശങ്ങളിൽ കേന്ദ്രത്തിൻേറതായ യാതൊരു സേവനവും ലഭിക്കുന്നില്ല. മാസാമാസങ്ങളിൽ ഗൃഹസന്ദർശനമോ ആരോഗ്യ പ്രചരണപരിപാടികളോ നടക്കുന്നിലും വീഴ്ചയുള്ളതായി പരാതികളുണ്ട്.

# ആരോഗ്യ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം, സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം |
|---|---|---|---|---|---|
| 1 | മാടവന പ്രാഥമിക ആരോഗ്യകേന്ദ്രം | അലോപതി | സ്വന്തം | 32 | 1966 |
| 2 | ഉപകേന്ദ്രങ്ങൾ | | | | |
| | (1)എറിയാട് | അലോപതി | സ്വന്തം | - | - |
| | (2) മനോൻ ബസാർ | അലോപതി | സ്വന്തം | - | - |
| | (3) മുനക്കൽ | അലോപതി | വാടക | | |
| | (4) ചേരമാൻ പറമ്പ് | അലോപതി | വാടക | | |
| | (5) മണപ്പാട്ടുച്ചാൽ | അലോപതി | വാടക | | |
| | (6) അഴീക്കോട് | അലോപതി | വാടക | | |
| | (7) മെയിൻ സെൻറർ | അലേപതി | (പി.എച്ച്.സി.യിൽ) | | |
| 3 | അഴീക്കോട് ആയുർവേദ ആശുപത്രി | ആയുർവേദം | സ്വന്തം | 8 | 1943 |
| 4 | എറിയാട് ഹോമിയോ ഡിസ്പെൻസറി | ഹോമിയോ | പഞ്ചായത്ത് കെട്ടിടം | 4 | 1979 |

## ഗവ: ആയുർവേദ ആശുപത്രി, അഴീക്കോട്

1943ൽ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്ന ആയുർവേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടമുണ്ട്. പ്രവർത്തനം ആരംഭിക്കുമ്പോൾ ഉണ്ടായിരുന്ന 10 ബെഡ്ഡുകൾ മാത്രമേ ഇപ്പോഴും ഉള്ളു. രോഗികകളുടെ വർദ്ധനവിനുസരിച്ച് കിടത്തി ചികിത്സിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. വാതരോഗചികിത്സ, പഞ്ചകർമ്മ ചികിത്സ തുടങ്ങിയ ചികിത്സകൾക്കായി 90,000 ത്തോളം രോഗകിളാണ് ഒരുവർഷം ഈ സ്ഥാപനത്തിൽ എത്തിച്ചേരുന്നത്. (പട്ടിക 2 കാണുക) പഞ്ചകർമ്മചികിത്സയ്ക്കുള്ള ധാരാ പാത്തികളിൽ ഒന്ന് കേടായിരിക്കുകയാണ്. പകരം ഒരു ധാരാ പാത്തി കൂടി അത്യാവശ്യമാണ്. ഓഫീസ് ആവശ്യത്തിന് ഒരു അലമാരയും ഏതാനും മേശകളും മരുന്നു സൂക്ഷിക്കുന്നതിന് ഒരലമാരയും വേണ്ടതുണ്ട്. രോഗികളുടെ അത്യാവശ്യസാധനങ്ങൾ സൂക്ഷിക്കുന്നതിനും ബെഡ്ഡ്സൈസ് ലോക്കറുകളും



155

വേണ്ടതുണ്ട്. കാലഹരണം വന്ന വൈദ്യുതി വയറിങ്ങിനു പകരം വയറിങ്ങ് നടത്തേണ്ടത് അത്യാവശ്യമാണ്. ഇവിടെ അത്യാവശ്യത്തിനുപോലും മരുന്നില്ലാതെ പ്രയാസപ്പെടുകയാണ്. 95-96ൽ 49,524 രൂപ 85 പൈസയാണ് മരുന്നിനായി ചെലവിട്ടത്. ഒരു രോഗിക്ക് 50 പൈസയുടെ മരുന്നുപോലും ലഭിച്ചില്ല എന്നു വ്യക്തം.

## ഗവ: ഹോമിയോ ഡിസ്പൻസറി

1979ൽ സ്ഥാപിച്ച ഹോമിയോ ഡിസ്പൻസറി ഇപ്പോഴും പഞ്ചായത്ത് ഓഫീസിന്റെ ഒരു മുറിയിൽ കഴിയുകയാണ്. ആവശ്യമായ യാതൊരു സൗകര്യങ്ങളും ഇല്ല. ഹോമിയോ ഡിസ്പെൻസറിക്ക് വേണ്ടി പഞ്ചായത്ത് സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും ആവശ്യമായ കെട്ടിടം നിർമ്മിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വർഷത്തിൽ ശരാശരി 30,000 രോഗികൾ (പട്ടിക 2 കാണുക) ചികിത്സയ്ക്കെത്തുന്ന ഈ സ്ഥാപനത്തിൽ പരിശോധനയ്ക്കാവശ്യമായ ഒരു മേശയോ ബ്ലഡ് പ്രഷർ പരിശോധിക്കുന്ന ഉപകരണമോ ഇല്ല. സ്റ്റേഷനറി സാധനങ്ങൾ, ആവശ്യമായ മരുന്നുകൾ, മരുന്നു നല്കുന്നതിനാവശ്യമായ കുപ്പികൾ, കവറുകൾ എന്നിവയും ഇല്ലാതെ പ്രയാസപ്പെടുകയാണ്. ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ ഒരു മേശയും വേണ്ടതാണ്

ആളോഹരി ആരോഗ്യച്ചെലവ് കഴിഞ്ഞ പത്തു വർഷത്തിനിടയിൽ പത്തിരട്ടിയായി വർദ്ധിച്ചപ്പോഴും ഈസ്ഥാപനങ്ങളിൽ ഇവ കുറഞ്ഞിരിക്കുന്നു.

## സ്വകാര്യമേഖല

മേൽച്ചേർത്ത സർക്കാർ ആശുപത്രികൾക്കു പുറമെ ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ധാരാളം ആരോഗ്യ സ്ഥാപനങ്ങളുണ്ട്. അവർ നടത്തിക്കൊണ്ടിരിക്കുന്ന ആരോഗ്യ സേവനങ്ങളെ വിസ്മരിക്കാൻ കഴിയില്ല. അഴീക്കോട് മാർത്തോമാ ആശുപത്രി, അഴീക്കോട് K.K.A.M. ആശുപത്രി, എറിയാട് HM ആശുപത്രി എന്നിവയും രണ്ട് ക്ലിനിക്കുകളും അലോപ്പതി ചികിത്സാരംഗത്ത് പ്രവർത്തിക്കുന്നു. മാർത്തോമ്മാ ആശുപത്രി മനോരോഗചികിത്സാരംഗത്തും അവരുടെ സേവനം കാഴ്ച വയ്ക്കുന്നുണ്ട്. ആയുർവേദ ചികിത്സ നടത്തി വരുന്ന പേബസാറിലെ ഹെർബിൻ ആരോഗ്യകേന്ദ്രവും പാരമ്പര്യ വൈദ്യന്മാരും ഡോക്ടർമാരുമായ 8 പേരുടെ ചികിത്സാകേന്ദ്രങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഹോമിയോ ചികിത്സാ രംഗത്ത് ആറ് ഡോക്ടർമാരാണ് വിവിധഭാഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്നത്. ഇതിനെല്ലാം പുറമെ പാരമ്പര്യ ചികിത്സാ എന്ന നിലയിൽ വിഷവൈദ്യ ചികിത്സ നടത്തി വരുന്ന ശ്രീ. വി.എം. അനിരുദ്ധൻ വൈദ്യർ ശ്രേഷ്ഠമായ സേവനമാണ് കാഴ്ച വയ്ക്കുന്നത്.

ആയുർവേദ മരുന്നുകൾ ഉത്പാദിപ്പി



15

ക്കുന്ന STS ഫാർമസ്യൂട്ടിക്കൽ എന്ന സ്ഥാപനവും അഴീക്കോട് പ്രവർത്തിക്കുന്നുണ്ട്. സന്നദ്ധ സംഘടനകളും അവരുടെ പ്രവർത്തവും. VOH, റെഡ്ക്രോസ് സൊസൈറ്റി, IUHPE, എന്നീ സാർവ്വദേശീയ സംഘടനകളുടെ ഭാഗീകമായ പ്രവർത്തനങ്ങാം നടക്കാറുണ്ട്. IMA യും ലയൺസ് ക്ലബ്ബും ചേർന്ന് ഒന്നാം വാർഡിലെ വാർദ്ധക്യരോഗികളെ ചികിത്സിച്ചു വരുന്നു. IUHPE സ്കൂാം കുട്ടികാംക്കും വനിതകാംക്കും വേണ്ടി ധാരാളം ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകാം സംഘടിപ്പിച്ചിട്ടുണ്ട്. പല ക്ലബ്ബുകളും കണ്ണുരോഗ ചികിത്സയും രക്തപരിശോധനാ ക്യാമ്പുകളും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും സംഘടിപ്പിച്ച അനുഭവങ്ങളുണ്ട്. സോഷ്യോ എക്കണോമിക് യൂണിറ്റ്, ശാസ്ത്ര സാഹിത്യ പരിഷദ് തുടങ്ങിയ സംഘടനകളും അവരുടേതായ സേവനം കാഴ്ച വച്ചിട്ടുണ്ട്. പക്ഷേ, ഇത്രയും വലിയ പഞ്ചായത്തിൽ പ്രശ്നസങ്കീർണ്ണമായ ഈ മേഖലയിൽ സന്നദ്ധ സംഘടനയുടെ ആസൂത്രിതമായ പ്രവർത്തനങ്ങാം അനിവാര്യമാണ്.

## വിസർജ്യ നിർമ്മാർജ്ജനം

**ആധുനിക രീതിയിൽ ശാസ്ത്രീയമായി സംവിധാനം ചെയ്തിട്ടുള്ള കക്കൂസുകളും, അവയുടെ ശാസ്ത്രീയമായ ഉപയോഗ ക്രമവും, നമ്മുടെ പഞ്ചായത്തിൽ സ്ഥായിയായി നില നിൽക്കുന്ന ജല ജന്യ രോഗങ്ങളെ നല്ലതോതിൽ നിയന്ത്രിക്കാൻ കഴിയും.**

### കക്കൂസുകാം

| സെപ്റ്റിക് ടാങ്ക് | ഇ.എസ്.പി. | മറ്റുള്ളവ | കക്കൂസ് ഇല്ലാത്തവർ |
|---|---|---|---|
| 1994 | 3631 | 317 | 2803 |

ഏകദേശം 40% വീടുകളിലും അത്തരം കക്കൂസുകാം ഇല്ല. (ഗ്രാമസഭ റിപ്പോർട്ടുകാം) (30നും 70നും ഇടയിൽ ശതമാനം വീടുകളിൽ കക്കൂസുകളിൽ ഇല്ല എന്നാണ് സോഷ്യോ ഇക്കണോമിക് യൂണിറ്റ് സംസ്ഥാനതലത്തിൽ നടത്തിയ സർവ്വേ വ്യക്തമാക്കുന്നത്) ഉള്ളതു തന്നെ പലതും ശാസ്ത്രീയമായിട്ടല്ല നിർമ്മിച്ചിരിക്കുന്നത്. വിവിധ സാമൂഹിക വികസന പദ്ധതികളിലൂടെ പലപ്പോഴായി കക്കൂസുകാം നല്കിയിട്ടുണ്ടെങ്കിലും ആവശ്യത്തിൻെറ അടുത്തുപോലും എത്തിയിട്ടില്ല. സോഷ്യോ ഇക്കണോമിക് യൂണിറ്റ് അടുത്ത കാലത്തായി മത്സ്യത്തൊഴിലാളി കുടുംബങ്ങാംക്കു വേണ്ടി കക്കൂസ് നിർമ്മിച്ചു നൽകിയത് ഒട്ടേറേ കുടുംബങ്ങാംക്കു സഹായകമായിട്ടുണ്ട്. കക്കൂസില്ലാത്ത മുഴുവൻ വീടുകാംക്കും അടിയന്തിരമായും കക്കൂസ് ഉണ്ടാക്കുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തേണ്ടതാണ്. പൊതു കക്കൂസുകാം പ്രായോഗികമല്ലാ എന്നതും വസ്തുതയാണ്.

## മാലിന്യങ്ങൾ

രോഗങ്ങളുടെ വ്യാപനത്തിൽ മാലിന്യങ്ങൾ ഒരു പ്രധാന ഘടകമാണ്. ജലജന്യ, പ്രാണിജന്യ രോഗങ്ങൾ വ്യാപിക്കുന്നതിനാണ് ഇത് ഇടയാക്കുന്നത്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ട സംവിധാനങ്ങൾ വേണ്ടത്ര ഈ പഞ്ചായത്തിൽ ഇല്ല. ശാസ്ത്രീയമായ അവബോധത്തിന്റെ കുറവുകൊണ്ട് വീടുകൾ, ചായക്കടകൾ, ഹോട്ടലുകൾ എന്നിവയുടെ പരിസരങ്ങളിൽ പോലും പലയിടത്തും മാലിന്യക്കൂമ്പാരങ്ങൾ കാണാവുന്നതാണ്. മത്സ്യസംസ്കരണകേന്ദ്രങ്ങൾ, വളം നിർമ്മാണ കേന്ദ്രങ്ങൾ, അറവുശാലകളും, ഇറച്ചി കച്ചവട കേന്ദ്രങ്ങളും അവയുടെ കൂമ്പാരങ്ങളാണ്. മലിന ജലവും ദുർവ്വഹമായ മണവും ഇവിടെ സർവ്വസാധാരണമാണ്. മടൽക്കുഴികളും, ഓല ചീക്കുന്ന തോടുകളും പരിസരങ്ങളെ മലിനമാക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

അഴീക്കോട് വില്ലേജിൽ ആരോഗ്യ പ്രവർത്തനങ്ങൾ ശക്തമാക്കണം.

1 - സബ്സെൻററുകളുടെ പ്രവർത്തനം എല്ലാ കേന്ദ്രങ്ങളിലും എത്തുന്നില്ല. അഴീക്കോട് സബ്സെൻററിൽ സ്റ്റാഫില്ല

2 - LHS, HS, JPHN, JHI എന്നീ തസ്തികകളിൽ പലതും ഒഴിഞ്ഞു കിടക്കുകയാണ്.

3 - പ്രൈമറി ഹെൽത്തു സെൻററിൽ കിടത്തി ചികിത്സിക്കുന്ന രോഗികളുടെ ബാഹുല്യത്തിന് അനുസരിച്ച് സൗകര്യമില്ല, മരുന്നില്ല, കിടക്കകളില്ല, സ്റ്റാഫില്ല.

4 - PHC യിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് ILR സംവിധാനമില്ല. അതുകൊണ്ട് കുത്തിവയ്ക്കുവാനുള്ള മരുന്നുകൾ കേടായി നശിച്ചുപോകുന്നു.

5 - മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും, കുട്ടികൾക്കും, വൃദ്ധജനങ്ങൾക്കും, പോഷകാഹാരക്കുറവു മൂലമുണ്ടാകുന്നു രോഗങ്ങൾ, സാമൂഹ്യസുരക്ഷയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ, എന്നിവ യഥാവിധി നടത്തുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തത

7 - PHC യിൽ ഓപ്പറേഷൻ തിയേറ്റർ ശാസ്ത്രീയമായി സംവിധാനം ചെയ്യുക.

8 - ഗവ: ആയുർവ്വേദ ആശുപത്രിയിൽ എത്തിച്ചേരുന്ന രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ലായ്മ, മരുന്നില്ലായ്മ, ഫർണിച്ചറിന്റെ കുറവ്.

9 - പഞ്ചകർമ്മ ചികിത്സയ്ക്കുവേണ്ടതായ ധാരാപാത്തിയുടെ കുറവ്.

10 - ആശുപത്രിയുടെ കെട്ടിടത്തിലെ വയറിങ്ങ് നശിച്ചുപോയത്.

11 - ഹോമിയോ ഡിസ്പൻസറിക്ക് കെട്ടിടമില്ല.



158

12 - രോഗികളെ കിടത്തി ചികിത്സിക്കാൻ ടേബിൾ, ബ്ലഡ്പ്രഷർ പരിശോധിക്കാനുള്ള ഉപകരണം, അത്യാവശ്യമായ ഫർണിച്ചറുകൾ, മരുന്ന് എന്നിവയുടെ കുറവ്.

13 - ആരോഗ്യ വിദ്യാഭ്യാസത്തിൻെറ അപര്യാപ്തത

14 - 40%ലേറെ കുടുംബങ്ങളിലും കക്കൂസില്ലായ്മ.

15 - ചപ്പുചവറുകൾ നീക്കം ചെയ്യുവാനുള്ള സംവിധാനം

16 - മത്സ്യ സംസ്കരണകേന്ദ്രം, വളനിർമ്മാണകേന്ദ്രം, ഇറച്ചിവെട്ടു കേന്ദ്രം, എന്നിവിടങ്ങളിലെ മാലിന്യങ്ങളും, അഴുക്കുവെള്ളവും ജനങ്ങൾ തിങ്ങിത്താമസിക്കുന്ന പ്രദേശങ്ങളിലും കോളനികളിലും ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നു.

## നിർദ്ദേശങ്ങൾ

1 - അഴീക്കോട് ഒരു സബ്സിഡിയറി ഹെത്ത്ത് സെൻറർ സ്ഥാപിക്കണം.

2 - അയ്യായിരം പേർക്ക് ഒരു സബ്സെൻറർ എന്ന അനുപാതത്തിൽ സബ്സെൻററുകൾ സ്ഥാപിക്കണം.

3 - എറിയാട് പഞ്ചായത്തിൽ മൂന്നു കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കണം. (1) യുബസാർ പരിസരം, (2) 9,10 വാർഡുകൾക്കിടയിൽ, (3) 2,3 വാർഡുകൾക്കിടയിൽ

4 - കെട്ടടമില്ലാത്ത സബ്സെൻററുകൾക്ക് കെട്ടിടം - സാദ്ധ്യമായ പൊതുജനപങ്കാളിത്തം

5 - LHS, HS, JPHN, JHI എന്നീ പോസ്റ്റുകളിൽ ഒഴിവുള്ളവരെ നിയമിക്കണം. സർക്കാർ നിയമിക്കുന്നതുവരെ പകരം സംവിധാനം ഏർപ്പെടുത്തുവാൻ വേണ്ട നടപടികൾ ഉണ്ടാകണം.

6 - അഞ്ചു വയസ്സിനു താഴെ കുട്ടികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും, അറുപതു വയസ്സിനുമേൽ പ്രായമായ വൃദ്ധർക്കും പോഷകാഹാരവിതരണം, വിറ്റാമിൻ എ ഗുളികകളുടെ വിതരണം ഉറപ്പാക്കണം.

7 - ഗർഭിണികൾ, കുട്ടികൾ, എന്നിവരേപ്പോലെ വൃദ്ധർക്കുവേണ്ടി പ്രത്യേകം ക്ലിനിക്കുണ്ടാ,കണം.

8 - പഞ്ചായത്തുകളിൽ കൃത്യമായ ജനന മരണ കണക്കുകൾ കിട്ടുമാറ് രജിസ്ട്രേഷൻ പരിഷ്കരണം.

9 - PHC യിൽ 50 ബഡ്ഡുള്ള ഒരു ആരോഗ്യ കേന്ദ്രമാക്കി ഉയർത്തുക.

10 - PHC യിൽ പ്രതിരോധ കുത്തിവെയ്പിന് മരുന്നു സൂക്ഷിക്കുന്നതിന് ഐസ് ലൈൻഡ് റഫ്രിജറേറ്റർ (ILR) ഏർപ്പെടുത്തുക.

11 - PHC യിലെ കാലഹരണം വന്ന വയറിങ്ങ് മാറ്റി പുനർ വയറിങ് നടത്തുക.

12 - PHC യിലെ ഒഴിഞ്ഞു കിടക്കുന്ന രണ്ടു ക്വാർട്ടേഴ്സുകൾ ഉപയോഗിച്ച് അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്, ലാബറട്ടറി, ഫാർമസി, എന്നിവ പ്രവർത്തിപ്പിക്കത്തക്ക വിധം സംവിധാനം ചെയ്യുക. നിലവിലുള്ള ആശുപത്രി കെട്ടിടത്തിനു മുകളിൽ മുറികൾ നിർമ്മിച്ച് OP, Payward, 50 ബെഡിനുള്ള സംവിധാനം, കോൺഫറൻസ് ഹാൾ എന്നിവ ഉണ്ടാക്കുക.



159

13 - ഗവഃആയുർവേദ ആശുപത്രിയെ 30 ബഡുകളാക്കി ഉയർത്തുക.

14 - ആവശ്യമായ ഫർണിച്ചറുകൾ ധാരാ പാത്തി, അലമാരകൾ, Bed side Lockers എന്നിവയും കഷായം പാകം ചെയ്യുന്നതിനു ള്ള പാത്രങ്ങളും നൽകുക.

15 - ആശുപത്രിയിലെ കാലഹരണം വന്ന വയറിങ് മാറ്റി പുനർവയറിങ്ങ് നടത്തുക.

16 - ഹോമിയോ ഡിസ്പൻസറിക്ക് കെട്ടിടം ഉണ്ടാക്കുക.

17 - രോഗികളെ പരിശോധിക്കാൻ മേശ, ബ്ലഡ് പ്രഷർ പരിശോധിക്കാനുള്ള ഉപകരണം, ഓഫീസ് ആവശ്യത്തിനു വേണ്ട ഫർണിച്ചിർ എന്നിവ നൽകുക.

18 - PHC, ആയുർവേദ ആശുപത്രി, ഹോമി യോ ഡിസ്പെൻസറി, എന്നിവിടങ്ങളിൽ രോ ഗികളുടെ വർദ്ധനവിനനുസരിച്ച് കൂടുതൽ മരുന്നു നൽകുക.

19 - ആശുപത്രികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വികസന സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

20 - സബ്സെൻററുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മഹിളാസ്വസ്ത് സംഘ് രൂ പീകരിച്ച് കാര്യക്ഷമമായ പ്രവർത്തനത്തി നുള്ള സംവിധാനം ഉണ്ടാക്കുക.

21 - ആരോഗ്യ വിദ്യാഭ്യാസത്തിനു സംവി ധാനം - സ്കൂളുകൾ, മഹിളാസംഘടനകൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ എന്നിവയിലൂടെ ആരോഗ്യ വിദ്യാഭ്യാസ ക്ലാ സ്സുകൾ സംഘടിപ്പിക്കുക.

22 - വിവിധ ദേശീയ ആരോഗ്യ പരിപാടി കളുമായി ബന്ധപ്പെടുത്തി ഇവ നടത്താം.

23 - പ്രജനനാരോഗ്യം - എയ്ഡ്സ്നെതിരാ യ പ്രചരണവും വിദ്യാഭ്യാസവും

24 - നവജാതശിശുക്കൾക്ക്, മുലയൂട്ടുന്ന അമ്മമാർക്കായുള്ള പദ്ധതികൾ, ഗർഭിണി കൾക്കാവശ്യമായ പരിശീലനം,

25 - കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് ഉണ്ടാക്കുന്നതിന് പദ്ധതി സോഷ്യോ ഇക്ക ണോമിക് യൂണിറ്റ്, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായം പരമാവധി പ്രയോ ജനപ്പെടുത്തണം.

26 - ചപ്പുചവറുകൾ നീക്കം ചെയ്യാൻ സംവി ധാനം

27 - മത്സ്യ സംസ്കരണ കേന്ദ്രത്തിലും വളം നിർമ്മാണ കേന്ദ്രത്തിലും മാലിന്യവും അഴു ക്കു ജലവും നീക്കം ചെയ്യുന്നതിനു സംവി ധാനം കർശനമാക്കണം. സോക് പിറ്റും ഡ്രൈനേജും ദിവസവും ശുദ്ധീകരണം ഉറപ്പാക്കണം.

28 - കശാപ്പിന് ശേഷമുള്ള അവശിഷ്ടങ്ങൾ യഥാസമയം നീക്കം ചെയ്യാനും പരിസരമലി നീകരണം ഒഴിവാക്കാനും സംവിധാനം. ഒരു സ്ലോട്ടർ ഹൗസ്

29 - മടൽ കുഴികളുടെയും ഓല ചീക്കുന്ന തോടുകളുടേയും കുളങ്ങളുടേയും പരി സരങ്ങളിലെ മലിനീകരണം തടയൽ.

30 - മലിന ജലം കെട്ടി നില്കാതിരിക്കാനും ശുദ്ധജലം മലിനമാക്കാതിരിക്കാനും നടപടി.

31 - ഗൃഹപരിസരങ്ങൾ, തൊഴുത്തുകൾ, ഹോട്ടൽ , ചായക്കടകളുടെ പരിസങ്ങൾ എന്നിവ മലിനമാക്കാതെ സംരക്ഷിക്കണം. കമ്പോസ്റ്റ് കുഴികൾ ശാസ്ത്രീയമായ ഉണ്ടാക്കി ഉപയോഗിക്കുക. ഈച്ച, കൊതു ക്, കീടങ്ങൾ എന്നിവയുടെ വ്യാപനം നിയ



160

ന്ത്രിക്കാനും - വളത്തിനും ഇത് സഹായകരമാകും.

32 - ഗൃഹാന്തരീക്ഷം ശുചിയായി പരിപാലിക്കുന്ന വീട്ടമ്മമാർക്കും കുട്ടികൾക്കും ഹോട്ടൽ, ചായക്കട പരിസരം മാതൃകാ പരമായി ശുചിയായി സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനം.

33 - കോളനികളിലും ജനങ്ങൾ തിങ്ങി താമസിക്കുന്ന കേന്ദ്രങ്ങളിലും അഴുക്കുവെള്ളം ഒഴിഞ്ഞു പോകുന്നതിന് സംവിധാനം.

34 - അലഞ്ഞു നടക്കുന്ന നായകളെ നശിപ്പിക്കൽ

35 - കഞ്ചാവ്, തുടങ്ങിയ ലഹരി പദാർത്ഥങ്ങൾക്കെതിരായ ബോധവൽക്കരണ നടപടി.

36 - എറിയാട് പൊതുശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുകയും മണ്ണിട്ടുയർത്തി ഉപയോഗപ്രദമാക്കുക. അഴീക്കോട് ഒരു പൊതുശ്മശാനം ഉണ്ടാക്കണം.

37 - പുകയില്ലാത്ത അടുപ്പുകൾ പ്രോത്സാഹിപ്പിക്കുക.

38 - തോടുകളിൽ കക്കൂസുകൾ സ്ഥാപിക്കുന്നതും കക്കൂസിൽ നിന്നും ഹോസുകൾ തോടുകളിലേക്ക് വയ്ക്കുന്നതിനും എതിരായ നടപടികൾ

39 - PHC യിൽ ഒരു ഇ.എൻ.ടി. സ്പെഷ്യലിസ്റ്റ്

40 - റോഡിലെ മത്സ്യ - ഇറച്ചിക്കച്ചവടം ഗതാഗതത്തിന് തടസ്സമാകാതിരിക്കാൻ സംവിധാനം - ഒരു മാർക്കറ്റ് സ്ഥാപിക്കണം.

41 - മത്സ്യവളത്തിന്റെ ഉപയോഗം ശാസ്ത്രീയമാക്കാൻ നിയന്ത്രണം.

42 - 7-8 വാർഡുകൾ ഉൾക്കൊള്ളുന്ന പ്രദേശത്ത് ഒരു ഹോമിയോ ഡിസ്പെൻസറി.

43 - കൊടുങ്ങല്ലൂർ ആശുപത്രിയിൽ രാത്രി കാലങ്ങളിൽ കൂടി തുറന്നു പ്രവർത്തിക്കുന്ന ഒരു മരുന്നു വില്പന ശാല, ജനതാമെഡിക്കൽ ഷോപ്പുകൾ പ്രൈമറി ഹെൽത്ത് സെൻററിൽ സ്ഥാപിക്കണം.


44 - കേരളത്തിന് തനതായ ഒരു പൊതുജനാരോഗ്യ നയവും റൂളും ഉണ്ടാക്കുക

45 - പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ആരോഗ്യസമിതികൾ രൂപീകരിക്കണം.



161

5-6



# ഗതാഗതം

ജനശക്തിയുടെ കൂട്ടായ്മയാണ് ഒരു നാടിൻെറ ശക്തി നിർണ്ണയിക്കുന്നത്. സംഘബോധത്തിൻെറ കരുത്തും നാടിൻെറ വികസനത്തിൽ റോഡുകളുടെ പങ്കും തിരിച്ചറിയാൻ കഴിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. നമ്മുടെ ഗ്രാമത്തിൻെറ വികസന പാത വെട്ടിത്തെളിക്കാൻ കരുത്തും ആവേശവും കാട്ടിയ, നാം തന്നെ വിസ്മരിക്കപ്പെട്ട ആ പഴയ നല്ല മനസുകളുടെ മുമ്പിൽ പ്രണാമം അർപ്പിച്ച്കൊണ്ട് മാത്രമേ എറിയാട് പഞ്ചായത്തിൻെറ ഗതാഗത ചരിത്രത്തിലേക്ക് കടക്കാൻ നമുക്കിന്ന് കഴിയൂ.

നമ്മുടെ പഞ്ചായത്തിൽ, കിട്ടിയ വിവരം അനുസരിച്ച് പഴയകാല ചരിത്ര പശ്ചാത്തലമുള്ള ഒരു റോഡാണ് ടിപ്പുസുൽത്താൻ റോഡ്. പേര് സൂചിപ്പിക്കുന്നതനുസരിച്ച് ടിപ്പു സുൽത്താൻെറ പടയോട്ടകാലത്തെ അനുസ്മരിപ്പിക്കുന്ന റോഡാണ്. കാലനിർണ്ണയം കണക്കാക്കാവുന്ന യഥാർത്ഥ രേഖകളൊന്നും കിട്ടിയിട്ടില്ല. എന്നാൽ എറിയാട് പഞ്ചായത്തിൽ നിന്നും ഏത് ഭാഗത്തേക്കുമുള്ള മറ്റെല്ലാ റോഡുകളും വഴികളുമെല്ലാം തന്നെ ഒരു നിലയ്ക്കല്ലെങ്കിൽ മറ്റൊരു നിലയ്ക്ക് ഈ റോഡുമായി ബന്ധപ്പെട്ടു കിടക്കുന്നു. കൊടുങ്ങല്ലൂർ മണ്ഡലത്തിൻെറ തെക്ക് പടിഞ്ഞാറൻ മൂലയിലായി കിടക്കുന്ന എറിയാട് പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിര് അറബിക്കടലും തെക്ക് പുഴയും വടക്ക് എടവിലങ്ങ് പഞ്ചായത്തും കിഴക്ക് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയും മേത്തല പഞ്ചായത്തുമാണ്. പഴമക്കാർക്ക് ജലഗതാഗതത്തിലൂന്നിയ ജീവിത രീതി ആയിരുന്നെങ്കിലും ഇന്ന് പ്രധാനമായും ജനങ്ങൾക്കാശ്രയം റോഡ് ഗതാഗതം തന്നെയാണ്. തൊട്ടടുത്ത പട്ടണമായ കൊടുങ്ങല്ലൂരുമായി ബന്ധപ്പെടുവാൻ പ്രധാനമാ



162

യും നാല് റോഡുകളാണ് ജനങ്ങൾ പ്രയോജനപ്പെടുത്തുന്നത്.

**1. അഴീക്കോട് - കൊടുങ്ങല്ലൂർ (ബ്ലോക്ക് റോഡ്) ആറര കിലോമീറ്റർ പി.ഡബ്ലിയു.ഡി**

അഴീക്കോട് മുതൽ വടക്കോട്ട് എറിയാട് ചന്തയിൽ നിന്നും കിഴക്കോട്ട് തിരിഞ്ഞ് പോകുന്ന ബ്ലോക്ക് റോഡ് പഞ്ചായത്തിൽ ആറര കിലോമീറ്റർ ഉണ്ട്. ടിപ്പു സുൽത്താൻ റോഡുമായി ബ്ലോക്ക് റോഡ് ഏതാണ്ട് 1932 കാലഘട്ടത്തിന് മുമ്പായി തന്നെ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുകയും പിന്നീട് പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുകയും ചെയ്തതാണ്. കൊടുങ്ങല്ലൂർ - അഴീക്കോട് റൂട്ടിൽ ഏറ്റവും തിരക്കുകൂടിയ ഈ റോഡ് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ട ഒന്നാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് റോഡിൻെറ വികാസത്തിന് ഒരു മാറ്റവും വന്നിട്ടില്ല. വീതി കുറവ്, യഥാകാലങ്ങളിൽ അറ്റ കുറ്റപ്പണികൾ നടത്തായ്ക, ഓടകൾ ഇല്ലായ്മ, വെയ്റ്റിംഗ് ഷെഡുകളുടെ പോരായ്മ എന്നീ പ്രശ്നങ്ങൾ ഗ്രാമ സഭകളിൽ പ്രധാനമായും ഉയർന്നു വന്നതാണ്.

**2. ചേരമാൻ - തിരുവള്ളൂർ റോഡ് (2 കി.മീ. പഞ്ചായത്ത്)**

ടിപ്പു സുൽത്താൻ റോഡിൽ ചേരമാൻ ജംഗ്ഷനിൽ നിന്ന് തുടങ്ങി കൊടുങ്ങല്ലൂർ എത്തുന്ന ഈ റോഡിൻെറ രണ്ടര കി. മീ. പഞ്ചായത്ത് അതിർത്തിയിലാണ്. ഏതാണ്ട് 1970 കാലഘട്ടത്തിൽ ജനപങ്കാളിത്തത്തോടെ നിർമ്മിക്കപ്പെട്ട ഈ റോഡ് ബ്ലോക്ക് റോഡിൻെറ തിരക്കു കുറയ്ക്കാനും അഴീക്കോട് - കൊടുങ്ങല്ലൂർ യാത്രയുടെ ദൂരലാഭം കിട്ടാനും ഉപകരിക്കുന്നു. എന്നാൽ ബസ് സർവീസുകൾ ഉള്ള ഈ റോഡ് വർഷങ്ങളായി തകർന്ന് കിടക്കുകയാണ്. അതുമൂലം സർവീസുകൾ പിൻവലിക്കപ്പെട്ടിരിക്കുന്നു. ഇത് പുനർനിർമ്മാണം നടത്തുന്നതിനായി ഗ്രാമസഭകളിൽ ശക്തമായ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

**3. പേബസാർ - പടാകുളം (മൂന്നര കി.മീ. പി. ഡബ്ലിയു. ഡി)**

കൊടുങ്ങല്ലൂർ മേഖലയിലെ ഒരു പ്രധാന ആരാധനാ ചടങ്ങായിരുന്ന ആറാട്ടുത്സവം കടന്ന് പോയിരുന്ന പഴയ കാലഘട്ടത്തിലെ ഒരു പൊതു റോഡായിരുന്നു ഇത്. ആറാട്ടുവഴി എന്ന് അറിയപ്പെട്ടിരുന്ന ഈ വഴി പഴയ മേപ്പിൻെറ മാതൃകയിൽ അല്ല ഇന്ന് കാണുന്നത്. അതിൻെറ കുറച്ച് ഭാഗം (ടിപ്പു സുൽത്താൻ റോഡിൽ നിന്നും പടിഞ്ഞാറോട്ട് കുറച്ച് റോഡ്) മാത്രമാണ് ഇന്ന് ആറാട്ടു വഴി എന്ന് അറിയപ്പെടുന്നത്. ഏതായാലും പഴയ കാല ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട ഈ റോഡിൻെറ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. വാഹന വർദ്ധനവിനനുസരിച്ച് വീതിയില്ലായ്മ വളരെയധികം അപകടങ്ങൾ ഉണ്ടാക്കുന്ന സ്ഥിതിയിലാണ്. ഓടകളില്ലായ്മയും ഇതിൻെറ നാശത്തിന് പ്രധാന കാരണമാണ്.

**4. അഴീക്കോട് - അഞ്ചപ്പാലം റോഡ് (1 കി.മീ. പി. ഡബ്ലിയു. ഡി.)**

അഴീക്കോട് പുത്തൻ പള്ളി ഭാഗത്തു നിന്നും കിഴക്കോട്ട് കൊടുങ്ങല്ലൂരിലെത്താൻ ദൂരലാഭം കിട്ടുന്ന മറ്റൊരു റോഡാണ് ഇത്.

എറിയാട് പഞ്ചായത്തിൽ 1കി.മീ. ആണ് ഈ റോഡുള്ളത്. ബസ് സർവ്വീസുകാം ഉള്ള ഈ റോഡിൻെറ സ്ഥിതിയും ശോചനീയമാണ്. യഥാകാലം അറ്റകുറ്റപ്പണി ചെയ്യുന്നില്ല എന്നത് ഇവിടെയും പ്രശ്നം സൃഷ്ടിക്കുന്നു.

കൂടാതെ ബസ് സർവ്വീസുള്ള മറ്റൊരു റോഡാണ് പുത്തൻ പള്ളി ബ്ലീച്ച് റോഡ് (ഒന്നര കി.മീ. പഞ്ചായത്ത്) തീരദേശത്തെ സാധാരണക്കാർക്ക് വളരെയേറെ ഉപകാര പ്പെടുന്ന റോഡാണ് ഇത്.

ഈ 4 റോഡുകളേയും ബന്ധപ്പെടുത്തി ക്കൊണ്ടും അല്ലാതേയും വാർഡുകളെ തമ്മിൽ കൂട്ടി യോജിപ്പിക്കുന്ന മറ്റ് ലിങ്ക് റോഡുകളുണ്ടെങ്കിലും ഇനിയും വളരെയധികം റോഡുകളുടേയും വഴികളുടേയും ആവശ്യം പഞ്ചായത്തിലുണ്ടെന്ന് ഗ്രാമസഭകളിൽ നിന്നും ഉയർന്ന് വന്ന ശക്തമായ ചർച്ചകളിൽ നിന്ന് വ്യക്തമാകുന്നു. തന്നെയുമല്ല ഇന്നുള്ള ഇത്തരം റോഡുകളിൽ മിക്കവാറും റോഡുകളിലും തകർച്ചയെ നേരിടുകയാണ്. കലുങ്കുകാം ഇല്ലായ്മയും ഓടകളുടെ അഭാവവും ശ്രദ്ധ ആകർഷിക്കുന്നു. അത്തരം കാര്യങ്ങാം പ്രശ്നങ്ങാം എന്ന ഭാഗത്തിൽ ചേർത്തിട്ടുണ്ട്.

എറിയാട് പഞ്ചായത്തിൻെറ കീഴിൽ മൊത്തം റോഡുകളുടെ നീളം 82.240 കി. മി. ആണ്. ഇതിൽ 31.930 കി.മി. പക്കാറോഡും 22.900 കി.മി. മെറ്റൽ റോഡും 27. 410 കി.മി. കച്ചാ റോഡും ആണ്. ഇതിനു പുറമേയാണ് 11 കി.മീ. പി.ഡബ്ലിയു.ഡി റോഡുള്ളത്

## പട്ടിക A

റോഡിൻെറ സ്വഭാവം (നീളം)

| കച്ച | പക്ക | മെറ്റൽ | ടാർ | | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| | | | പഞ്ചായത്ത് | PWD | | |
| 27.410കി.മി. | 31.930 കി.മി. | 22.900 കി.മി. | 82.240 കി.മി. | 11.കി.മി. | | 93. 240കി.മി. |



164

## ജല ഗതാഗതം

റോഡുകളുടെ ആവിർഭാവത്തിന് മുമ്പ് നമ്മുടെ പൂർവ്വീകർ ഏതാണ്ട് 30-35 വർഷം മുമ്പ്വരെ ജലഗതാഗതം ഈ പഞ്ചായത്തിൽ വളരെ പ്രാധാന്യത്തോടെ നടപ്പിലാക്കിയിരുന്നു. അഴീക്കോട് മുതൽ ചേറ്റുവവരെ നീണ്ടുകിടക്കുന്ന പെരുംതോട് പ്രധാന ജല ഗതാഗത പാത തന്നെയായിരുന്നു. പഞ്ചായത്തിന് കുറുകെ ആറ് കിലോമീറ്ററോളം നീണ്ടുകിടക്കുന്ന ഈ തോട് വ്യവസായ വാണിജ്യ നിർമ്മാണ രംഗങ്ങളിലെ ചരക്കുകൾ എത്തിക്കുന്നതിന് പ്രധാന പങ്കു വഹിച്ചിരുന്നു. ഇന്ന് ദേശീയ ജലപാതയായി അംഗീകരിക്കപ്പെട്ട പുഴകളുമായി ബന്ധപ്പെട്ട ഈ തോടുവഴി, ആലപ്പുഴ, കൊച്ചി, തൃശൂർ മുതലായ വാണിജ്യ പട്ടണങ്ങളിലേക്ക് ചരക്കുകൾ കൊണ്ടു പോയിരുന്നതായും കൊണ്ടുവന്നിരുന്നതായും പഴമക്കാർ പറയുന്നു. പെരുംതോട്ടിൽ നിന്ന് കിഴക്കോട്ടും പടിഞ്ഞാറോട്ടും ഉണ്ടായിരുന്ന ചെറുതോടുകളും ജലഗതാഗതത്തിന് ഉപയോഗിച്ചിരുന്നെങ്കിലും കാലപ്പഴക്കത്താൽ പലതും മൂടപ്പെട്ട് പോയിരിക്കുന്നു. പഞ്ചായത്തിൻെറ പടിഞ്ഞാറ് തീരപ്രദേശ ഭാഗത്തുള്ള പൊയില് എന്ന് വിളിക്കപ്പെടുന്ന തോടിനും ഇതേ പ്രാധാന്യം ഉണ്ടായിരുന്നു.

ഈ തോടുകളുടെ ഇരുവശങ്ങൾ സ്വകാര്യവ്യക്തികളുടെ കയ്യേറ്റവും മടൽ മൂടലും കൊണ്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതുകൊണ്ട് തന്നെ പൂർണ്ണമായ അർത്ഥത്തിൽ നമ്മുടെ പഞ്ചായത്തിൽ ഉൾനാടൻ ജലഗതാഗതം ഇല്ലാ എന്ന് തന്നെ പറയാം. സ്വകാര്യ വ്യക്തികളിൽ നിന്നും പിടിച്ചെടുത്ത് ഒപ്പം ജനപങ്കാളിത്തത്തോടെ ഈ രണ്ട് ജലമാർഗ്ഗങ്ങളും വികസിപ്പിച്ചെടുത്താൽ ഇന്ധനക്ഷാമം നേരിടുന്ന ഈ കാലഘട്ടത്തിൽ ചരക്ക് ഗതാഗതം ലാഭകരമായി നടത്താൻ കഴിയുന്നതോടൊപ്പം കൃഷി ആവശ്യത്തിനുള്ള ജലദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാനും പരിസരങ്ങളിലെ വെള്ളക്കെട്ടിന് പരിഹാരം കാണാനും കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

## സ്കീമുകൾ (പദ്ധതികൾ)

പഞ്ചായത്ത് തലത്തിൽ റോഡുകളുടെ നിർമ്മാണത്തിനും റിപ്പയറിങ്ങിനും 2 തരം പദ്ധതികളാണ് നിലവിലുള്ളത്.1. JRY 2. അൺടൈഡ് ഫണ്ട്. 3. ലഭ്യമായ കണക്കുപ്രകാരം 89-90മുതൽ JRY സ്കീം പ്രകാരം 9.600 കി.മീ.ഉം അൺടൈഡ് ഫണ്ട് പ്രകാരം 4.400 കി.മീ.ഉം റോഡുകൾ പണിയുകയോ റിപ്പയർ ചെയ്തതോ ആയി കാണുന്നു.



165

## പ്രശ്നങ്ങൾ

1. റോഡുകളുടെ തകർച്ച

2. വീതികുറവ്

3. ഓടകളുടെ അഭാവം

4. കൽവർട്ടുകളുടെ അഭാവം. നിലവിലുള്ള കൽവർട്ടുകളുടെ തകർച്ച

5. നിലവിലുള്ള റോഡുകളുടെ അരികിലുള്ള കുളങ്ങൾക്കും, തോടുകൾക്കും സൈഡ്‌വാൾകൾ ഇല്ലായ്മ

6. ജനങ്ങൾ തിങ്ങി താമസിക്കുന്ന ഉൾഭാഗങ്ങളിലേക്ക് ലിങ്ക് റോഡുകളുടെ അഭാവം.

7. തോടുകൾ ധാരാളമുള്ള തീരപ്രദേശം അടങ്ങിയ ഭാഗങ്ങൾ പൊതുവഴികൾക്ക് കുറുകെ കിടക്കുന്ന തോടുകൾക്ക് നടപ്പാലം ഇല്ലായ്മ.

8. വെയ്റ്റിംഗ് ഷെഡുകളുടെ അപര്യാപ്തത.

9. ജെട്ടി സൗകര്യം ഇല്ലായ്മ

10. നിലവിലുള്ള ബസ് സർവ്വീസുകൾ നിയമാനുസൃത സമയങ്ങളിൽ കൃത്യ നിഷ്ഠ പാലിക്കാതെയുള്ള ഓട്ടം.

11. ലോക്കൽ സർവീസ് നടത്തുന്ന ബസ്സുകളുടെ ഇഴഞ്ഞുള്ള ഓട്ടം.

## പരിഹാരങ്ങൾ

1. പി.ഡബ്ലിയു.ഡി.യും പഞ്ചായത്തും ഇടപെടേണ്ട റോഡുകൾ യഥാകാലം റിപ്പയർ ചെയ്യുകയും ടാറിംഗ് നടത്തുകയും വേണം.

2. വാഹന വർദ്ധനവിനനുപാതികം ആയി റോഡുകൾക്ക് വീതി കൂട്ടണം.

3. ഓടകൾ ഇല്ലായ്മ എല്ലാ റോഡുകളേയും പെട്ടെന്ന് തകർച്ചയിലേക്ക് എത്തിക്കുന്നു. തീരദേശങ്ങൾ അടക്കമുള്ള പഞ്ചായത്തിൽ മഴക്കാലം ആയാൽ യാത്ര അസാധ്യം ആകുന്ന തരത്തിൽ എല്ലാ റോഡുകളും നാശത്തിൽ എത്തുന്നു. ശാസ്ത്രീയമായ രീതിയിൽ ഓടകൾ നിർമ്മിച്ച് വെള്ളം ഒഴിഞ്ഞു പോകാൻ സംവിധാനം ചെയ്താൽ റോഡുകളുടെ തകർച്ചയിൽ നിന്നും ഒരു പരിധിവരെ രക്ഷപ്പെടാൻ കഴിയും. റോഡുകളുടെ ഇരു ഭാഗങ്ങിലുണ്ടാകുന്ന വെള്ളക്കെട്ട് ഒഴി



166

വാക്കുവാനും ഇത് സാധിക്കും. പഞ്ചായത്ത് നേതൃത്വം കൊടുത്താൽ ഓടകളുടെ നിർമ്മാണം ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയും.

4. നിലവിലുള്ള സ്കീമുകൾ ഉപയോഗിച്ച് ആവശ്യമുള്ള കൽവർട്ടുകൾ പണിയുകയും ഉള്ളവ പുതുക്കി പണിയുകയും ചെയ്യേണ്ടതാണ്.

5. കുളങ്ങൾക്കും തോടുകൾക്കും സൈഡ് പ്രൊട്ടക്ഷൻ നിർമ്മിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

6. ഗ്രാമസഭകളിൽ ഭൂരിഭാഗം വാർഡുകളിൽ നിന്നും ഉയർന്നു വന്ന പ്രധാന നിർദ്ദേശമാണ് പുതിയ റോഡുകളുടെ നിർമ്മാണം. വിസ്തൃതിയേറിയ പഞ്ചായത്തിൽ പല ഭാഗങ്ങളിലും ജനങ്ങൾ തിങ്ങി താമസിക്കുന്ന ഇടങ്ങളുണ്ട്. അത്തരം ഭാഗങ്ങളിലേക്ക് ചെറു റോഡുകൾ അത്യാവശ്യം തന്നെയാണ്. ജനകീയ കമ്മറ്റികൾ രൂപവൽക്കരിച്ച് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയും.

7. പഞ്ചായത്തിൻെറ പല വാർഡുകളും ചെറുതും വലുതുമായ തോടുകൾ ഉൾപ്പെട്ട പ്രദേശങ്ങളാണ്. പ്രത്യേകിച്ചും തീരപ്രദേശം. മൂടപ്പെടാൻ കഴിയാത്ത തോടുകൾ ഉള്ള ഇത്തരം ഭാഗങ്ങളിൽ പല പൊതു വഴികൾക്കും കുറുകെ തോടുകൾ ഉണ്ട്. ഈ ഭാഗത്ത് മഴക്കാലം ആയാൽ കുട്ടികൾക്ക് സ്കൂളിൽ പോവുകയെന്നത് പോലും അപകടകരമാണ്. ഇതിനൊരു പരിഹാരമെന്ന നിലയ്ക്ക് തോടുകൾക്ക് കുറുകെ നടക്കുവാൻ ഉപകരിക്കുന്ന രീതിയിൽ സ്ലാബുകൾ വാർത്തിടുകയെന്നത് അത്യാവശ്യമാണ്. പഞ്ചായത്തിൻെറ സഹകരണവും ജനപങ്കാളിത്തവും ഇതിനായി ഉപയോഗിക്കാം.

8. ബസ് സർവീസുകൾ ധാരാളമുണ്ടെങ്കിലും പല ഭാഗങ്ങളിലും വെയ്റ്റിംഗ് ഷെഡിൻെറ കുറവ് നിലനിൽക്കുന്നു. ഇത് പരിഹരിക്കുന്നതിന് ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ അടക്കമുള്ളവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

9. അഴീക്കോട് - മുനമ്പം ഒരു ഫെറി സർവീസ് നടപ്പിലുണ്ടെങ്കിലും ആ ഭാഗത്തെ അഴീക്കോട് ജെട്ടി എന്നാണ് അറിയപ്പെടുന്നതെങ്കിലും സാങ്കേതിക അർത്ഥത്തിൽ ഒരു ജെട്ടി ഈ പഞ്ചായത്തിൽ ഇല്ല. വളരെയധികം ബോട്ടുതൊഴിലാളികൾ ഉള്ള ഈ പ്രദേശത്ത് ഫെറി സെർവീസ് അടുക്കുന്നതിനുള്ള ഒരു ലാൻറിംഗ് പോയൻറ് മാത്രമാണ് ഉള്ളത്. പഞ്ചായത്തിൻെറ കീഴിലല്ലാത്ത ആ ഫെറി സർവ്വീസ് എത്രയും വേഗം പഞ്ചായത്ത് ഏറ്റെടുക്കുകയും ആധുനിക സൗകര്യങ്ങളുള്ള ഒരു ജെട്ടി നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്. ഫിഷിംഗ് ബോട്ടുകൾ അടുക്കുവാൻ സൗകര്യമുള്ള ജെട്ടി ഉണ്ടായാൽ മത്സ്യ വ്യവസായത്തിൽ ഒരു നൂതന മുന്നേറ്റം തന്നെ ഈ പഞ്ചായത്തിൽ ഉണ്ടാക്കാൻ കഴിയും.

10. പല ബസ് സർവ്വീസുകളും കൊടുങ്ങല്ലൂരിൽ നിന്നും അഴീക്കോടേക്ക് റൂട്ട് ഉള്ളതാണെങ്കിലും പലതും കൊടുങ്ങല്ലൂർ വരെ വന്ന് അവസാനിപ്പിക്കുന്ന പ്രവണത നിലവിലുണ്ട്. ആർ.ടി.ഓ. ഓഫീസുമായി ബന്ധപ്പെട്ട് നിർബന്ധമായും ബസ് സർവീസുകൾ ഓടുവാനുള്ള സംവിധാനം നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.



167

## വണ്ടിത്താവളം

ബസ് സ്റ്റാൻറ് :- ധാരാളം ബസ് സർവ്വീസുകാം നിലവിലുള്ള ഈ പഞ്ചായത്തിൽ ബസ് സ്റ്റാൻഡുകാം ഒന്നും തന്നെയില്ല. അഴീക്കോട് ജെട്ടി ഒരു ഹോാംട്ടിങ്ങ് പോയൻറ് ആണെന്നത് കൊണ്ട് ഒരു ബസ്സ്റ്റാൻറ് അത്യാവശ്യമാണ്.

ഓട്ടോറിക്ഷാ സ്റ്റാൻറ് :- പല കവലകളിലും താൽക്കാലിക ഹോാംട്ടിങ് പോയിൻറുകാം ഉണ്ടെങ്കിലും ഒരു സ്റ്റാൻറ് എന്ന നിർവചനത്തിൽ ഉാംപ്പെടുത്തുവാൻ കഴിയില്ല. തിരക്കു കൂടിയതും വീതി കുറഞ്ഞതുമായ റോഡരികിൽ ഓട്ടോറിക്ഷകളുടെ കാത്ത് കിടപ്പുമൂലം യാത്രക്ക് അസൗകര്യം സൃഷ്ടിക്കുന്നതോടൊപ്പം പല ഭാഗത്തും അപകടങ്ങാംക്ക് കാരണമാവുകയും ചെയ്യുന്നുണ്ട്. ഇതിനൊരു പരിഹാരം കാണേണ്ടതാണ്.

ടാക്സിസ്റ്റാൻറ് :- ഓട്ടോ സ്റ്റാൻറ് പോലെ തന്നെ പ്രധാന കവലകളിൽ ഹോാംട്ടിങ്ങ് പോയൻറുകാം ഉണ്ടെന്നതൊഴിച്ചാൽ പ്രത്യേക സ്റ്റാൻറുകളുടെ അഭാവം നിലനിൽക്കുന്നു.

ബോട്ടുജെട്ടി :- അഴീക്കോട് - മുനമ്പം ഫെറി സർവ്വീസിനായുള്ള ഒരു ഹോാംട്ടിങ്ങ് പോയൻറ് ഉണ്ടെങ്കിലും ജെട്ടി എന്ന നിർവചനത്തിൽ ഉാംപ്പെടുത്താവുന്നതൊന്നും പഞ്ചായത്തിൽ ഇല്ല. മത്സ്യബന്ധനത്തിനായുള്ള ബോട്ടുകാം ധാരാളം വന്ന് അടുക്കുന്ന അഴീക്കോട് ശാസ്ത്രീയ രീതിയിൽ ഒരു ജെട്ടി അത്യാവശ്യമാണ്.

ഗ്രാമസഭകളിൽ ഉയർന്ന് വന്നിട്ടുള്ള വാർഡുതല റോഡുകളുടെ ആവശ്യം പട്ടികയായി ഇതിൽ ചേർക്കുന്നു.

രാജ്യം വികസനത്തിൻെറ പാതയിൽ മുന്നേറുമ്പോാം കരുത്തുറ്റ കർമ്മശേഷിയുള്ള സംഘടിത ശക്തികളുടെ കേന്ദ്രമായ നമ്മുടെ പഞ്ചായത്തിൽ രാജ്യത്തിനൊപ്പം മുന്നേറാൻ വാണിജ്യ വ്യവസായ രംഗങ്ങളിൽ തനതായ സംഭാവന നൽകാനും കഴിയണമെങ്കിൽ നമുക്ക് നമ്മുടേതായ ഗതാഗതമാർഗങ്ങാം ഇനിയും വികസിക്കേണ്ടിയിരിക്കുന്നു. അപാകതകാം പരിഹരിച്ച് നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ജനശക്തിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് നല്ലൊരു ഗതാഗത ശൃംഘല കെട്ടി പടുക്കാൻ നമുക്ക് കഴിയും. ഈ ആത്മവിശ്വാസം നിലനിർത്തിക്കൊണ്ട് നമുക്ക് മുന്നേറാൻ കഴിഞ്ഞാൽ പഞ്ചായത്തിൻെറ മുഖഛായക്ക് നല്ലൊരു പരിവർത്തനം വരുത്താൻ തീർച്ചയായും കഴിയും.



168

# ഊർജ്ജം

## സ്രോതസ്സ്

എറിയാട് പഞ്ചായത്തിലെ പ്രധാനപ്പെട്ട ഊർജ്ജ സ്രോതസ്സുകൾ - വിറക്, മണ്ണെണ്ണ, പാചക വാതകം, പെട്രോൾ, ഡീസൽ, തുടങ്ങിയവയാണ്.

തെങ്ങിൻെറ വിവിധ ഭാഗങ്ങളാണ് പ്രധാന ഇന്ധനം. താപോർജ്ജത്തിനായി വിറക്, മണ്ണെണ്ണ, പാചകവാതകം, വൈദ്യുതി എന്നിവ ഉപയോഗിക്കുന്നു.

## ഗാർഹികം

വെളിച്ചത്തിൻെറ ആവശ്യത്തിനായി 5532 വീടുകളിൽ വൈദ്യുതിയും 3226 വീടുകളിൽ മണ്ണെണ്ണയും ഉപയോഗിക്കുന്നു.

## കാർഷികം

കാർഷിക ആവശ്യങ്ങൾക്കായി 1076 പമ്പുസെറ്റുകൾ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്നവയായുണ്ട്. കുറഞ്ഞ തോതിൽ ഡീസലും മണ്ണെണ്ണയും ഉപയോഗിക്കുന്നു. ചിലയിടങ്ങളിലെങ്കിലും സ്ത്രീകൾ കുടങ്ങളിൽ ജലം കൊണ്ടുവന്ന് വിളകൾ നനയ്ക്കാറുണ്ട്.

## വാണിജ്യം

424 കടകളിൽ വൈദ്യുതി ഉപയോഗിക്കുന്നു. മണ്ണെണ്ണ ഉപയോഗിക്കുന്നവയും കാണാം. ഹോട്ടലുകളിൽ വിറകും പാചകവാതകവും പാചക ആവശ്യത്തിനുപയോഗിക്കുന്നു.

## വ്യവസായം

133 വൈദ്യുതീകരിച്ച ചെറുകിട വ്യവസായ യൂണിറ്റുകളാണ് ഉള്ളത്. ഇതിലേറെയും ചെറുകിട പൊടി മില്ലുകളാണ്.

## പാചകവാതകം

1980 മുതൽക്കാണ് പഞ്ചായത്തിൽ പാചകവാതക ഉപയോഗം തുടങ്ങിയത്. പാചകവാതകം മാത്രമുപയോഗിച്ച് പാചകം ചെയ്യുന്ന വീടുകൾ വിരലിൽ എണ്ണാവുന്നവയേയുള്ളു.

# അനുബന്ധം 10

# എറിയാട് ഗ്രാമപഞ്ചായത്ത്

## 10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| | | | | Section II | Section I |
|---|---|---|---|---|---|
| 1 | നിലവിലുള്ള ഉപഭോക്താക്കൾ | (a) | ഗാർഹികം | 2400 | 2500 |
| | | (b) | വ്യാപാരം | 224 | 200 |
| | | (c) | വ്യാവസായികം | 68 | 65 |
| | | (d) | കാർഷികം | 901 | 175 |
| | | | | 3593 | 2940 |
| | | | | 2940 | |
| | | | | 5533 | |
| 2. | കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം | (a) | ഓർഡിനറി | OH 79 | |
| | | | | WP 129 | |
| | | (b) | | OTP - WP 4+6 | |
| | | | | OH 8 + 10 | |
| | | (c) | | OYEC - WP 15 | |
| | | | | OH 17 | |
| | | അവസാനം നൽകിയ കണക്ഷൻെറ അപേക്ഷാതീയതി | | | |
| | | Ordinary - WP | | 21-7-94 | 3-94 |
| | | | | OH 18-4-91 | 5-91 |
| | | | OYEC - WP | 25-7-96 | 8-96 |
| | | | OH | 23-10-95 | 8-95 |
| | | | OTP | OH 2-1-95 | - |
| | | | | WP 19-6-96 | - |



170

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 323

(a) ബൾബ് - 258 X 60 W

(b) ട്യൂബ് - 65 Nos.

(c) മെർക്കുറി - ഇല്ല

(d) വേപ്പർ - ഇല്ല

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ ഇല്ല -

5. തൻവർഷത്തെ കണക്ഷൻ ഓർഡിനറി (3-96ന് ശേഷം)

OH 3 OH4 57-70H

WP 60 7WP

OTP - OH + WP - 8Nos. + 4 = 12

OYEC-OH - 8WP - 183

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി. ട്രാൻസ്ഫോമറുകളുടെ പേരുകൾ

Section I

1. അത്താണി 160 കെ.വി.എ.
2. ശാരദ സമാജം 250 കെ.വി.എ.
3. പേ ബസാർ 100 "
4. ഐസ്പ്ലാൻറ് 100 "
5. കരിക്കുളം 65 "
6. കല്പക 150 "
7. ലൈറ്റ് ഹൗസ് 100 "
8. ലൈറ്റ് ഹൗസ് നം.2 100 "
9. മേനോൻ ബസാർ 100 "

Section II

1. മാടവന 160 കെ.വി.എ. (അബ്ദുല്ല റോഡ്)
2. മാടവന നം. 2 63 കെ.വി.എ.
3. വൈദ്യർ ജംഗ്ഷൻ 100 "
4. എൻ.ഇ.എസ്. ബ്ലോക്ക് 100 "
5. കെ.വി.എച്ച്.എസ്. 100 "
5. ഐസ്പ്ലാൻറ് (കോമു) 160 "
7. എറിയാട് നം. 1 250 "
8. എറിയാട് നം. 2 160 "
9. അൽ അമീൻ 100 "

| Section I | Section II |
|---|---|
| 10. കയർ സൊസൈറ്റി 160 " | 10. ചേരമാൻ നം. 1 100 " |
| 11. സീതീ സാഹിബ് HS160 " | 11. ചേരമാൻ നം. 2 100 " |
| 12. ജെട്ടി 160 " | 12. ആറാട്ടു വഴി 100 " |
| 13. ത്രീസ്റ്റാർ 100 " | 13. തിരുവള്ളൂർ 100 " |
| 14. അഴീക്കോട് അമീൻ 100 " | |
| 15. പറമ്പിക്കുളങ്ങര 100 " | |
| 16. കാട്ടാകുളം 160 " | |
| 17. ഗവൺമെൻറ് ഫിഷറി 150" | |

| | Section II | Section I |
|---|---|---|
| 7. സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക | 5810രൂപ. | - |

# വൈദ്യുതിയുടെ ലഭ്യത

കൊടുങ്ങല്ലൂർ സബ്സ്റ്റേഷനിൽ നിന്നും മേത്തല അഞ്ചപ്പാലം വഴി പെരിഞ്ഞനം വരെ നീണ്ടു കിടക്കുന്ന 25 കി.മീ. നീളമുള്ള ലൈനുകളിലൂടെയാണ് വൈദ്യുതി ലഭിക്കുന്നത്. (പട്ടിക 1ഉം 2ഉം നോക്കുക)

**ഇന്ധനക്ഷമതയുള്ള പാചക ഉപാധികൾ**

ദക്ഷതയേറിയ അടുപ്പുകൾ: 300ലധികം വീടുകളിൽ പുകയേൽക്കാത്ത അടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. ബയോഗ്യാസ് ഉപയോഗിച്ചുള്ള അടുപ്പുകൾ പഞ്ചായത്തിലില്ല.

# പ്രശ്നങ്ങൾ

1. വോൾട്ടതയുടെ കുറവ്, വൈദ്യുത രംഗത്തെ വലിയ ഒരു പ്രശ്നമായി അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണിത്.

2. പ്രഖ്യാപിതവും, അപ്രഖ്യാപിതവുമായ പവർകട്ടുകൾ, തുടർച്ചയായുണ്ടാകുന്ന വൈദ്യുത തകരാറുകൾ എന്നിവ നാട്ടിൽ നിത്യ സംഭവമാണ്.

3. സമ്പന്ന ഗൃഹങ്ങളിലെ വ്യാപകമായ സ്റ്റെബിലൈസറുകളുടെ ഉപയോഗം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.



172

4. വിറകിൻെറ ലഭ്യത കുറയുന്നതും പാചക വാതക വിതരണത്തിലെ ക്രമക്കേടുകളും പ്രശ്നങ്ങളാണ്.

5. പാചകവാതക വിതരണത്തിനുള്ള സംവിധാനം പഞ്ചായത്തിലില്ല.

6. രണ്ടു വൈദ്യുത ആഫീസുകളുടെ പരിധിയിൽ വരുന്നതിനാൽ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാവുന്നു. വൈദ്യുത തടസ്സങ്ങൾ തന്നെ പരിഹരിക്കാൻ കഴിയുന്നില്ല.

## സാധ്യതകൾ

1. ദക്ഷത കൂടിയ പുകയേൽക്കാത്ത അടുപ്പുകൾ പ്രചരിപ്പിക്കുന്നതിനുള്ള പരിപാടികൾ

2. കച്ചിപ്പെട്ടി, പ്രഷർകുക്കർ, തുടങ്ങിയ ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കൽ, ഇവ ചുരുങ്ങിയ വിലയ്ക്കു ഉപഭോക്താവിനു ലഭ്യമാക്കൽ നടപടികൾ ഉണ്ടാവണം.

3. ഊർജ്ജലാഭമുള്ള വൈദ്യുത ദീപങ്ങൾ, ഇലക്ട്രോണിക് ചോക്കുകൾ, കോമ്പാക്ട് ഫ്ളൂറസെൻറ് ലാമ്പുകൾ എന്നിവ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകാൻ നടപടികൾ.

4. വിറകുല്പാദനത്തിനായി സാമൂഹിക വനവൽക്കരണം നടപ്പിലാക്കണം.

5. വൈദ്യുത പ്രവാഹത്തെ തടസ്സപ്പെടുത്തുന്ന വൃക്ഷശാഖകൾ മുറിച്ചു കളയുന്നതിനായി യുവജനപ്രസ്ഥാനങ്ങളും സന്നദ്ധ സംഘടനകളും മുന്നോട്ടു വരണം.

6. സമഗ്ര ഊർജ്ജാസൂത്രണ പരിപാടി പഞ്ചായത്തു തലത്തിൽ നടപ്പിലാക്കണം.

7. നിലവിലുള്ള പതിനൊന്നു കെ.വി. ലൈനുകളിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതുകൊണ്ടു മാത്രം വോൾട്ടേജു ക്ഷാമം പരിഹരിക്കാനാവില്ല. നിലവിൽ പഞ്ചായത്തു പ്രദേശത്ത് മുപ്പതോളം ട്രാൻസ്ഫോർമർ ഉണ്ടായിട്ടും വോൾട്ടത ക്ഷാമം രൂക്ഷമാണെന്നു തന്നെയാണ് മേൽപ്പറഞ്ഞ നിഗമനത്തിന് കാരണം. എന്നാൽ 11 കെ.വി. ലൈനുകൾ നീട്ടി ചില പ്രദേശങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചാൽ വോൾട്ടേജ് ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാനായെന്നു വരും. ഇതിന് 9-ാം പഞ്ചവത്സര പദ്ധതിയിൽ പണം നീക്കി വെയ്ക്കാൻ സർക്കാരിനോട് ആവശ്യപ്പെടുന്നു.

11 കെ. വി. ലൈനുകൾ നീട്ടി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ:

1ാം വാർഡ് - മുനയ്ക്കൽ

2ാം വാർഡ് - കയർ സൊസൈറ്റി പരിസരം

3ാം വാർഡ് - തീരപ്രദേശം

4ാം വാർഡ് - ചുങ്കം ഭാഗം
മേനോൻ ബസാർ പടിഞ്ഞാറു വശം

5ാം വാർഡ് - ഇംഗ്ലീഷ് മീഡിയം സ്കൂൾ പരിസരം

6ാം വാർഡ് - കൊട്ടിക്കൽ

7ാം വാർഡ് - ഹെൽത്തുസെൻററിന് വടക്കു കിഴക്കുവശം

8ാം വാർഡ് - മാടവന അത്താണിപ്പള്ളിക്കു വടക്കുകിഴക്കുവശം

9-ാം വാർഡ് -എം.ഐ.റ്റി. നേഴ്സറിപരിസരം

10ാം വാർഡ് കൂളപ്പാടൻ ഷാപ്പ് ജംഗ്ഷൻ

11ും 14ും വാർഡുകൾ - ആറാട്ടു വഴി പടിഞ്ഞാറുവശം

12-ാം വാർഡ് കെ. വി. എച്ച്. എസിനു വടക്കുവശം.

13-ാം വാർഡ് അറപ്പ

15-ാം വാർഡ് - അബ്ദുല്ല റോഡിന് വടക്കുവശം

8. അഞ്ചപ്പാലം മുതൽ അഴീക്കോടു വഴി പെരിഞ്ഞനം വരെ മൂന്ന് ഓഫീസുകളുടെ പരിധിയിൽ വരുന്ന അഴീക്കോട് ഫീഡറിൽ നിന്നും ഒരു വലിയ ഭൂവിഭാഗത്തെ കവർ ചെയ്യുന്നു. എന്നതിലാണ് ഈ പ്രദേശത്തു കൂടുതൽ വൈദ്യുതി തടസ്സമുണ്ടാകുന്നത്. ഇതു പരിഹരിക്കാൻ കൊടുങ്ങല്ലൂർ സബ്സ്റ്റേഷനുകളിൽ ഒരു പുതിയ ഫീഡർ തുടങ്ങുകയും, തീരപ്രദേശ പഞ്ചായത്തിനു മാത്രമായി ഒരു പ്രത്യേക ലൈൻ വലിക്കുകയും വേണം.

9. പഞ്ചായത്ത് രണ്ട് വൈദ്യുത ആഫീസിൻെറ പരിധിയിൽ വരുന്നത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നമ്മുടെ പഞ്ചായത്തിൽ ഒരു വൈദ്യുതി ഓഫീസ് ആരംഭിക്കേണ്ടതാണ്. അയ്യായിരത്തിലധികം വരുന്ന ഉപഭോക്താക്കൾക്ക് പല ആവശ്യങ്ങൾക്കായി കൊടുങ്ങല്ലൂർ വരെ പോകേണ്ടി വരുന്നത് ഇതുമൂലം ഒഴിവാക്കാവുന്നതാണ്.

# മാർക്കറ്റ്

ലോകചരിത്രത്തിൻെറ വ്യാവസായിക മേഖലയായിരുന്ന മുസ്രിസ് പട്ടണം - കൊടുങ്ങല്ലൂർ - നമ്മുടെ പഞ്ചായത്തിനോട് തൊട്ടു കിടക്കുന്ന പട്ടണമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ കുരുമുളക് തുടങ്ങിയ സുഗന്ധ ദ്രവ്യങ്ങൾ കയറ്റി അയച്ചിരുന്നതായി പറയപ്പെടുന്നു.

ഏതാണ്ട് 25-30 വർഷങ്ങൾക്കു മുമ്പ് തന്നെ ചകിരി, നെല്ല്, നാളികേരം, ഓല, തഴപ്പായ, കുടംപുളി, കത്തിരി, മത്തൻ, മത്സ്യം തുടങ്ങിയ കാർഷികവും പ്രകൃതിദത്തവുമായ ഉൽപന്നങ്ങൾ ഇവിടെ സുലഭമായി വിപണനം നടത്തുകയും മറ്റുദേശങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്തിരുന്നു. ഇവയിൽ പലതും പഞ്ചായത്തിൻെറ മാർക്കറ്റിംഗ് മാർക്കിൽ നിന്നും ഇന്ന് അപ്രത്യ

ക്ഷമായിരിക്കുന്നു.

നഷ്ടപ്പെട്ടവ തിരിച്ചുകൊണ്ടുവരിക എളുപ്പവും പ്രായോഗികവുമല്ല എന്നതു കൊണ്ടുതന്നെ നിലവിലുള്ള കാർഷിക പ്രകൃതി വിഭവങ്ങൾ ജനജീവിതവുമായി കോർത്തിണക്കി ഒരു പ്രാദേശിക ചന്ത സംസ്കാരവും പ്രസ്തുത ചന്തയോട് കഴിയുന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്വത്തിൻെറ ചുവടുറപ്പിക്കാനും, സമ്പന്നതയുടെ തിരുമുറ്റത്തേക്ക് കടന്നു കയറുവാനും കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ഉൾവിളി ഗ്രാമസഭകളിലെ ചർച്ചകളിൽ പ്രതിഫലിക്കുന്നുണ്ട്.

മത്സ്യം, മാംസം, തുടങ്ങിയവയുടെ വിപണന സൗകര്യങ്ങൾ ധാരാളമുള്ള പഞ്ചായത്താണിത്. പതിനഞ്ചു വാർഡുകളിലായി 50 ഓളം അനധികൃത അറവു വിപണനകേന്ദ്രങ്ങൾ ഇവിടെയുണ്ട്. അവിടെ ആഴ്ചയിൽ 15,000 കിലോ മാംസമെങ്കിലും വിപണനം നടക്കുന്നതായി ഏകദേശ കണക്കുകൾ സൂചിപ്പിക്കുന്നു. അനധികൃതമായ അറവുകൾ പരിസരശുചീകരണത്തെ താറുമാറാക്കുന്നു. മത്സ്യ വിപണന രംഗവും ഇവിടെ സജീവമാണ്. എന്നാൽ മത്സ്യ മാംസ വിതരണത്തിനായുള്ള പൊതു മാർക്കറ്റുകൾ ഇവിടെയില്ല.

നാളികേരം, അടയ്ക്ക, പായ, മത്സ്യം, മാംസം തുടങ്ങിയവയുടെ പൊതുവിപണിയോ സഹകരണ വിപണിയോ വിശ്വസിക്കാവുന്ന വിപുലമായ സ്വകാര്യ വിപണിയോ പഞ്ചായത്തിലില്ല എന്നുള്ളതാണ് പരിതാപകരമായ അവസ്ഥ. മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ മത്സ്യ ഫെഡിൻെറ കീഴിൽ മാവേലി സ്റ്റോറുകൾ നടത്താൻ തീരുമാനമുണ്ടെങ്കിലും അത് ഇതുവരെ ഈ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

പഞ്ചായത്തിലുള്ള പൊതു പ്രവർത്തകരേയും സന്നദ്ധ സംഘടനാ പ്രവർത്തകരേയും കോർത്തിണക്കിയാൽ ചുരുങ്ങിയ ചിലവിൽ ഉത്സാഹമുള്ള മനുഷ്യ വിഭവശേഷി ലഭ്യമാകുന്നതാണ്. തൊഴിലില്ലായ്മയുടെ രൂക്ഷത കുറക്കാനും പഞ്ചായത്തിലെ കർഷകർക്കും അവരുടെ ഉൽപന്നങ്ങൾക്കു കുറെ കൂടി മെച്ചപ്പെട്ട വില ലഭിക്കാനും ഇട നിലക്കാരൻെറ ചൂഷണം ഒഴിവാക്കുവാനും ഈ ഉല്പന്ന-വിപണന ശൃംഖല വഴിയൊരുക്കുന്നതാണ്. ഇതേ സംവിധാനം ഉപയോഗിച്ചുതന്നെ കാർഷിക, വ്യാവസായ, സഹകരണ രംഗങ്ങളിലെ ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിയും. ഇപ്രകാരം നമ്മുടെ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിൻേറയും അധിക ലഭ്യതയും ഇല്ലായ്മയും സമതുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്ഥയോടു കൂടിയ ഒരു പഞ്ചായത്ത് വിപണന സംവിധാനം കരുപ്പിടിപ്പിക്കുന്നത് സ്വാശ്രയ ഗ്രാമത്തിലേക്കുള്ള നമ്മുടെ ഒന്നാമത്തെ കാൽവെപ്പായിരിക്കും എന്ന കാര്യത്തിൽ നിശ്ചയമായും സംശയമില്ല.



175

# പ്രശ്നങ്ങൾ

1. നാളികേരം, പായ, അടക്ക തുടങ്ങിയവയ്ക്ക് പൊതു മാർക്കറ്റുകളോ ആഴ്ചചന്തകളോ ഇല്ല.

2. മത്സ്യം, മാംസം, ഇറച്ചിക്കോഴി തുടങ്ങിയവയ്ക്ക് പൊതുമാർക്കറ്റുകളില്ല.

3. മാർക്കറ്റുകളിലെ വിലനിലവാരം പരിശോധിക്കാൻ സംവിധാനം ഇല്ല.

4. അനധികൃത അറവ് മൂലം വ്യാപകമായ പരിസരമലിനീകരണം സംഭവിക്കുന്നു.

5. അറവ് മാടുകളെ പരിശോധിച്ചതിനു ശേഷം അറക്കുന്ന സമ്പ്രദായം നടപ്പിലില്ല.

# നിർദ്ദേശങ്ങൾ

1. പൊതുമാർക്കറ്റ്, ആഴ്ചചന്ത തുടങ്ങിയവ നടപ്പിലാക്കാൻ പഞ്ചായത്ത് നടപടി എടുക്കണം.

2. അഴീക്കോട് ജെട്ടി, എറിയാട് ചന്ത, മേനോൻ ബസാർ, പേ ബസാർ, അത്താണി, തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റും, എറിയാട് ചന്ത, മേനോൻ ബസാർ, അത്താണി തുടങ്ങിയ സ്ഥലങ്ങളിൽ മാംസവില്പനയ്ക്കായി പൊതു മാർക്കറ്റുകളും പണിയണം. പൊതു, സ്വകാര്യ, സഹകരണ സ്ഥാപനങ്ങളുടെ സഹായം ഇതിനായി ഉപയോഗിക്കാവുന്നതാണ്.

3. വില നിലവാരപരിശോധനയ്ക്ക് സംവിധാനം ഏർപ്പെടുത്തണം.


4. അനധികൃത അറവുകൾ നിരോധിക്കണം. പഞ്ചായത്തുടമയിൽ പ്രധാന സെൻററിൽ ശാസ്ത്രീയമായ അറവ് ശാല സ്ഥാപിക്കണം.

5. അറവ് മാടുകളെ അറക്കുന്നതിന് മുമ്പ് വെറ്റിനറി ഡോക്ടർ സർട്ടിഫൈ ചെയ്യണമെന്ന നിർദ്ദേശം കർശനമായി നടപ്പിലാക്കണം.

6. അത്താണി, അഴീക്കോട് ഭാഗങ്ങളിൽ മാവേലി സ്റ്റോറുകളോ, സഹകരണ സ്റ്റോറുകളോ സ്ഥാപിക്കണം.

7. കരിക്ക് പാർലറുകളുടെ പ്രോത്സാഹനം ആരോഗ്യ പരമായ ശീതള പാനീയ രംഗത്തെ പുതിയ കാൽവെപ്പായിരിക്കും.

8. സഹകരണ അടിസ്ഥാനത്തിൽ (സ്വകാര്യ വ്യക്തികളുടെ കൂട്ടായ്മയിലോ, വിവിധ ഗ്രാമസഭകൾ പ്രാതിനിത്യ സ്വഭാവത്തിൽ സംഘടിച്ചോ) നാളികേരം, ചകിരി, തഴ, മത്സ്യം മുതലായവ ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും നല്ല സാദ്ധ്യതകൾ പഞ്ചായത്തിലുണ്ട്.



# പാർപ്പിടം

ഭവനനിർമ്മാണരംഗത്ത് വളരെയേറെ പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിർക്കുന്ന പഞ്ചായത്താണ് എറിയാട് പഞ്ചായത്ത്. തീരദേശ പഞ്ചായത്ത് ആയതിൻെറ കാരണത്താലും, ഭൂപ്രകൃതി അനുസരിച്ച് ഉള്ള പ്രത്യേകതകൾ കൊണ്ടും, തീരസമതലമായതുകൊണ്ടും പ്രാദേശിക ഭവന നിർമ്മാണ വിഭവങ്ങൾ ഒന്നും തന്നെ ഇവിടെ ലഭ്യമല്ല. മത്സ്യത്തൊളിലാളികളും, കർഷകത്തൊഴിലാളികളും ആണ് ഇവിടുത്തെ ഭൂരിഭാഗം വരുന്ന ജനവിഭാഗം. അതുകൊണ്ട് തന്നെ ഇവിടത്തെ പ്രതിശീർഷവരുമാനം ശരാശരിയേക്കാൾകുറവാണ് കുറഞ്ഞ വരുമാനമുള്ളവർക്ക് വേണ്ടിയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ കൂടി തികച്ചും ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിയുന്നില്ല. പഞ്ചായത്തിൽ മൊത്തം 8759 വീടുകളാണ് ഉള്ളത്. അതിൽ 4686 വീടുകൾ ഓടുമേഞ്ഞതാണ്. എന്നാൽ ഓല മേഞ്ഞതും, ഓലകൊണ്ട് തന്നെ വശങ്ങൾ മറച്ചതുമായ പ്രാഥമിക സൗകര്യങ്ങൾ ഒന്നും തന്നെയില്ലാത്ത വീടുകളുടെ എണ്ണം താരതമ്യപ്പെടുത്തുമ്പോൾ വളരെയധികമാണ് 2989 വീടുകൾ അതായത് പഞ്ചായത്തിലെ മൊത്തം വീടുകളുടെഏകദേശം 33%.

സർക്കാർ നൽകിവരുന്ന ഭവന നിർമ്മാണ പദ്ധതികളിലൂടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് വീടുകൾ ലഭിച്ച അനേകം പേർ പഞ്ചായത്തിലുണ്ട്. എന്നാൽ പദ്ധതികളുടെ പ്രത്യേകതകൾ അനുസരിച്ച് ഗുണഭോക്താക്കളെതെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽപെടാത്തവരുടെ എണ്ണവും കൂടുതലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള, നിലനിൽക്കുന്ന മാനദണ്ഡങ്ങൾ മൂലം കുറഞ്ഞവരുമാനമുള്ള വീടില്ലാത്തവരുടെ പ്രശ്നം പരിഹരിക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുകൾ കൂടുതലാണ് ഉദാഹരണത്തിന് ഗ്രാമവികസന വകുപ്പുകൾ വഴിയാണ് പ്രധാനമായും നിർധനരായ ഭവനരഹിതർക്കുള്ള ധനസഹായം നൽകി വരുന്നത്. അതിൽ കഴിഞ്ഞ പദ്ധതി കാലഘട്ടത്തിൽ 94-95, മുതലാണ് പട്ടീകജാതി പട്ടികവർഗ്ഗത്തിൽപെടാത്തവർക്കും ധനസഹായം നൽകാനുള്ള തീരുമാനം ഉണ്ടായത്. ഇതു എറിയാട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് കാരണമായി ഭവിച്ചിട്ടുണ്ട്.

ഇതിനെല്ലാം പുറമെ നിലനിൽക്കുന്ന വീടുകളിൽ താമസിക്കുന്നവരുടെ പ്രശ്നങ്ങൾ പരിശോധിച്ചു നോക്കുമ്പോൾ മനസ്സി

ലാക്കാൻ കഴിയുന്നത്, ഒരു വീട്ടിൽ തന്നെ ഒരു അണുകുടുംബം ( ന്യൂക്ലിയസ് ഫാമിലി) തന്നെയല്ല, മറിച്ച് ഒന്നിലധികം അണുകുടുംബങ്ങൾ ഒരുമിച്ചു താമസിച്ചു വരുന്നതായി കാണാം . ഇത് , നിലനിൽക്കുന്ന ഭവനരഹിതരുടെ എണ്ണത്തിൽ വളരെയേറെ വർദ്ധനവുണ്ടാക്കും എന്നത് സ്വാഭാവികമാണ്. നിലവിലുള്ളതിൽ 2989 വീടുകൾ ഓലമേഞ്ഞതാണ് എന്ന് സൂചിപ്പിച്ചിരുന്നു. ആ വീടുകൾ എല്ലാംതന്നെ പുതുക്കിപ്പണിയാൻ സാമ്പത്തിക സ്ഥിതി ഇല്ലാത്തതുകൊണ്ടാണ് അവ പുതുക്കിപണിയാത്തതെന്ന് നമുക്ക് മനസ്സിലാക്കാം . സ്വന്തമായി വീടില്ലാത്തവരുടെ ഗണത്തിൽ നാം ഇവരെ ഉൾപ്പെടുത്തിയേ മതിയാകൂ.

അടുത്ത പ്രശ്നം ഈ വീടുകളിൽ പലതിലും ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു എന്നതാണ്. ഈ കുടുബങ്ങൾ സ്വന്തമായി സ്ഥലമില്ലാത്തതിനാലാണ് മാറി വീടുകൾ വെയ്ക്കാത്തത് ഇത് പരിശോധിച്ചുനോക്കുമ്പോൾ 2989-വീടുകളുടെ ഗുണിതങ്ങളായിരിക്കും വീടില്ലാത്തവരുടെ ഗണത്തിലേക്ക് കടന്നു വരുന്നത് . ഈ പ്രശ്നത്തിൽ പുനഃരധിവാസ ഭവനനിർമ്മാണ പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചു കൊടുക്കുവാൻ കഴിയുമോ എന്നത് പരിശോധിക്കേണ്ടതാണ്. സാധാരണയായി ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ പുറംപോക്കുകളിൽ താമസിച്ചുവരുന്നവരാണ്. ഇത് കുറച്ചുകൂടി വിപുലീകരിച്ച് ഒരേവീട്ടിൽ താമസിക്കുന്ന ഒന്നലധികം ന്യൂക്ലിയസ് കുടുംബങ്ങൾ ഉണ്ടെങ്കിൽ അവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് .

ചേരിപ്രദേശം പഞ്ചായത്തിലില്ല. പുറംപോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം 130 ആണ്. ഇവരെക്കൂടി പുനരധിവസിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിൽ സാധാരണയായി ഉപയോഗിച്ചുവരുന്ന വാസ്തുശിൽപ്പ മാതൃകയെ രണ്ടായി തിരിക്കാം. അതിനുകാരണം വാസ്തുശിൽപ്പമാതൃകയെ കുറിച്ചുള്ള അവബോധം കുറവാണെന്നുള്ളതാണ്. ഓട് മേഞ്ഞ കെട്ടിടങ്ങളെല്ലാം തന്നെ പരമ്പരാഗത വാസ്തുശിൽപ്പമാതൃകയിലുള്ളതാണ്. കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങളിൽ പരമ്പരാഗതവും, ആധുനികവുമായ മാതൃകകൾ സ്വീകരിച്ചുവരുന്നതായി കാണാം. പരമ്പരാഗതമാതൃകയിലെ ശാസ്ത്രീയമായ ഗുണങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം ജനങ്ങൾക്ക് നൽകിയാൽ നാടിന് ചേർന്ന വീട് എന്ന സങ്കൽപ്പത്തിൽ നമുക്ക് എത്തിച്ചേരാൻ കഴിയും. സാമ്പത്തീകമായ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും പുതുതായി നിർമ്മിക്കുന്ന വീടുകളെല്ലാം തന്നെ മേൽക്കൂര കോൺക്രീറ്റ് കൊണ്ട് ഉണ്ടാക്കിയതാണെന്ന് കാണാം. ഇതിൽ ശാസ്ത്രീയമായ സമീപനം ഇല്ലാത്തതുകൊണ്ട് ദുർവ്യയം വർധിക്കുകയും സാധാരണക്കാരായ ആളുകൾ പാർപ്പിടം പണിത് പാപ്പരാകുകയുംചെയ്യുന്നു. മിതവ്യയമായരീതിയിൽ പാർപ്പിടം പണിയാനുള്ള അവസ്ഥയിലേക്ക് ജനം സ്വയം സജ്ജമായിവരുന്നതിനുവേണ്ടി, അവർക്ക് വേണ്ട ബോധവൽക്കരണം ആവശ്യമാണ്. നിർമ്മാണ തൊഴിലാളികൾ ആവശ്യത്തിന് ലഭ്യമല്ലാത്ത പഞ്ചായത്താണ് നമ്മുടേത്,. പ്രത്യേകിച്ച് കാർപ്പെൻറർമാർ. ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.



178

## പദ്ധതി അവലോകനം

***താഴെകൊടുത്തിരിക്കുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ ,***
***നടപ്പുപദ്ധതികളെ കുറിച്ച് അവലോകനം നടത്താം.***

| No. | സ്കീം | വർഷം | SCക്ക് ലഭിച്ച വീടിൻെറ എണ്ണം | Non SC ലഭിച്ച വീടിൻെറ എണ്ണം | Stage |
|---|---|---|---|---|---|
| 1. | J.R..Y | 92-93 | 2 | ഇല്ല | പൂർത്തീകരിക്കാതെ കിടക്കുന്നു. |
| | J.R..Y | 93-94 | 4 | ഇല്ല | മൂന്നെണ്ണം പൂർത്തീകരിച്ചു |
| | J.R..Y | 94-96 | മുൻവർഷത്തെ വീടുകൾ പൂർത്തീകരിക്കാത്തതിനാൽ വീടുകൾ അനുവദിച്ചില്ല | | |
| 2. | IAY | 92-93 | 2 | ഇല്ല | ഒരെണ്ണം പൂർത്തീകരിച്ചു |
| | | 93-94 | 2 | ഇല്ല | പൂർണ്ണമാകാതെ കിടക്കുന്നു |
| | | 94-95 | മുൻവർഷത്തെ സ്കീമിൽ വീഴ്ചവരുത്തിയതുകൊണ്ട് സ്കീം ഇല്ല | | |
| | | 95-96 | 14 | 15 | SC 14ൽ 5 ഉം NonSC 11ഉം പൂർത്തീകരിച്ചു. |
| 3. | M.W.S | 92-93 | 3 | ഇല്ല | ഒരെണ്ണം പൂർത്തീകരിച്ചു |
| | | 93-94 | 2 | ഇല്ല | ഒരെണ്ണം പൂർത്തീകരിച്ചു |
| | | 94-95 | 5 | 7 | SC മൂന്നെണ്ണവും Non SC 7എണ്ണം പൂർത്തീകരിച്ചു |
| | | 95-96 | 6 | | 2 എണ്ണം പൂർത്തീകരിച്ചു |



179

രാജീവ് മില്ല്യൻ യോജനയിൽ 250 വീടുകൾ അനുവദിച്ചു. അതിൽ 250 ൻേറയും പണിതൃപ്തികരമായരീതിയിൽ നടക്കുന്നു.

മേൽ പറഞ്ഞ പട്ടികയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ പട്ടികജാതിയിൽപ്പെട്ടവർക്ക് 40വീടും അല്ലാത്തവർക്ക് 22 വീടുമാണ് അനുവദിച്ചിട്ടുള്ളത് ഇതിൽ 40ൽ 22വീടും 15ൽ 4വീടും പൂർത്തീകരിക്കാതെ കിടക്കുന്നു. അനുവദിച്ച വീടുകളുടെ നിർമ്മാണത്തിൽ വീഴ്ചവന്നതിൻെറ പേരിൽ രണ്ട് സ്കീമുകളിൽപ്പെട്ട വീടുകൾ 94-95-96 കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിന് അനുവദിച്ചിട്ടില്ല എന്നുള്ള വസ്തുത പട്ടികയിൽ സൂചിപ്പിക്കുന്നു. അതിന് കണ്ടെത്തിയ കാരണം സ്കീമുകളിലെ സംഖ്യ നിശ്ചിത വിസ്തീർണ്ണത്തിലുള്ള വീട് നിർമ്മിക്കാൻ കഴിയുന്നതല്ല എന്നതാണ് . ആയതു കൊണ്ട് ഈ സ്കീമുകൾ വിജയിപ്പിക്കാൻ സംഖ്യയിൽ വർദ്ധനയുണ്ടാകുകയോ, സേവനാടിസ്ഥാനത്തിൽ തൊഴിൽദിനങ്ങൾ ദാനം ചെയ്തോ പരിഹരിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. 2989 കുടുംബങ്ങൾ താൽക്കാലികകുടുംബങ്ങളിൽ കഴിയുന്നു.
2. 130 കുടുബങ്ങൾ പുറംപോക്കുകളിൽ കഴിയുന്നു.
3. നിലവിലുള്ള ഭവനനിർമ്മാണസ്കീമുകളെകുറിച്ച് ജനങ്ങൾ അറിയുന്നില്ല.
4. പ്രാദേശിക വിഭവങ്ങൾ ലഭ്യമല്ല.
5. ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും ദുർവ്യയമായ രീതിയിൽ നടക്കുന്നു.
6. നിർമ്മാണ തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല.
7. ശാസ്ത്രീയമല്ലാത്ത വാസ്തുശിൽപ്പമാതൃകയെ അവലംബിക്കുന്നു.
8. സൗജന്യ ഭവനനിർമ്മാണ പദ്ധതികൾ ഒഴിച്ച് മറ്റുള്ള ധനസഹായത്തിൻ കാലതാമസം നേരിടുന്നു.
9. നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിനും സാധനസാമഗ്രികൾക്കും ഉള്ള വിലക്കയറ്റം നിർമ്മാണത്തിന് തടസ്സം സൃഷ്ടിക്കുന്നു.
10. നിലവിലുള്ള പദ്ധതികൾ ഫലപ്രദമായി പ്രായോഗികമാക്കാൻ കഴിയുന്നില്ല.
11. ഹൗസിംഗ്സൊസൈറ്റികൾ ഇല്ല.
12. ബാങ്കിൽ നിന്ന് വായ്പ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നു.

## സാദ്ധ്യതകൾ

1. നിലവിലുള്ള പദ്ധതികൾ കൂടുതൽ ഉപയോഗപ്രദമാക്കുക.
2. ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കുക.
3. മിതവ്യയമായ നിർമ്മാണരീതിയെ പ്രോത്സാഹിപ്പിക്കുക.
4. നിർമ്മാണതൊഴിലാളികൾക്ക് ട്രെയ്നിംഗ് നൽകുക.
5. പുനഃരധിവാസ പദ്ധതിയിലൂടെ സ്ഥലം ലഭ്യമായവർക്ക് വീടുകൾ വെച്ചുകൊടുക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
6. സ്വന്തമായി സ്ഥലമുള്ള നിർദ്ധനർക്ക് ധനസഹായം ലഭ്യമാക്കുവാനുള്ള സൗകര്യം ചെയ്യുക.
7. നിലവിലുള്ളഎല്ലാ സ്കീമുകളെകുറിച്ചും ജനങ്ങളെ അറിയിക്കുവാനുള്ള ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.
8. സന്നദ്ധസംഘടനകൾ മുഖേന സർക്കാർ ഏജൻസികൾ കൊടുക്കുന്ന ധനസഹായം ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ചെയ്യുക.
9. താമസം കൂടാതെ ബാങ്ക് വായ്പകൾ കാര്യക്ഷമമാക്കുക.



180

# സാമൂഹ്യക്ഷേമം

എറിയാട് പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും പരമ്പരാഗതമേഖലയിലും, കാർഷികമേഖലയിലും തൊഴിൽചെയ്യുന്ന ജനവിഭാഗങ്ങൾ ആയതുകൊണ്ട്, പൊതുവേ സാമ്പത്തിക മേഖലയിൽ പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമ പഞ്ചായത്താണ് നമ്മുടേത്. നമ്മുടെ ജനസംഖ്യയുടെ (91-ലെ സെൻസസ് പ്രകാരം) 70 ശതമാനം ജനങ്ങളും തൊഴിൽ ചെയ്യാനുള്ള ആരോഗ്യവും മറ്റും ഉള്ളവരാണെങ്കിലും, ഇതിൽ 30 ശതമാനത്തിനും തൊഴിൽ ഇല്ല. ദരിദ്രരുടെ സാമൂഹിക, സാമ്പത്തീക പ്രാദേശിക സവിശേഷതകൾ പരിശോധിച്ചാൽ ഇവർ നമ്മുടെ സമൂഹത്തിൽ ഇടകലർന്ന് ജീവിക്കുന്നവരാണ് അദ്ധ്വാന ശേഷിയും, തൊഴിൽ എടുക്കുവാനുള്ള ഇഛാശക്തിയും, കൈമുതലായുള്ള ഇവർക്ക് വേണ്ടത്ര തൊഴിൽ സാഹചര്യങ്ങൾ ഇല്ല .

## പട്ടിക - 11.1

### IRDP-സർവ്വേപ്രകാരം-ദാരിദ്രരേഖയ്ക്കുതാഴെയുള്ളവരുടെ വിവരം

1991-ലെ സെൻസസ്

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്രരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്കുതാഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 259 | 5 | 32 | 5 | 20 | 239 |
| 2 | 156 | 6 | 27 | 6 | 15 | 141 |
| 3 | 187 | 4 | 22 | 4 | 15 | 172 |
| 4 | 115 | 3 | 16 | 2 | 8 | 97 |
| 5 | 197 | 5 | 19 | 2 | 9 | 188 |
| 6 | 281 | 7 | 24 | 5 | 12 | 264 |
| 7 | 269 | 5 | 40 | 15 | 26 | 243 |
| 8 | 121 | - | 35 | 19 | 12 | 109 |
| 9 | 233 | 8 | 49 | 16 | 30 | 203 |
| 10 | 198 | 3 | 6 | 2 | 13 | 185 |
| 11 | 143 | 1 | 24 | 6 | 12 | 131 |
| 12 | 173 | 2 | 6 | 4 | 10 | 163 |
| 13 | 194 | 4 | 6 | 2 | 8 | 186 |
| 14 | 152 | 1 | 24 | 4 | 10 | 142 |
| മൊത്തം | 2678 | 54 | 330 | 92 | 200 | 2463 |

# ട്രൈസം

ഇത് തീരെ പ്ലാനിംഗ് ഇല്ലാത്ത ഒരു പദ്ധതി യായാണ് നമ്മുടെ പഞ്ചായത്തിൽ അനുഭവ പ്പെട്ടുകാണുന്നത് . ഒന്നാമതായി ഇത് വേണ്ട ത്ര ജനങ്ങളിൽ എത്തുന്നില്ല. അതുകൊണ്ട് തന്നെ വിദ്യാഭ്യാസം കഴിഞ്ഞു നിൽക്കുന്ന യുവതീ -യുവാക്കൾക്ക് ഈ പരിശീലന ത്തിൽ പങ്കെടുക്കാൻ കഴിയുന്നില്ല. മറ്റൊന്ന് ഇവർ പരിശീലിച്ച ട്രേഡിൽ തൊഴിൽ ലഭി ക്കുന്നില്ല. സ്വയം തൊഴിൽ കണ്ടെത്താനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ കെ പരിശീലനം ലഭിച്ച 62- പേരിൽ 12, പേർ ക്കാണ്. 1991- ലെ സെൻസസ് പ്രകാരം 42011 - ആണ് നമ്മുടെ ജനസംഖ്യ. ഇതുമായി താ രതമ്യപ്പെടുത്തുമ്പോൾ 15 ശതമാനം പേർക്കാ ണ് പരിശീലനം ലഭിച്ചത്. നിലവിലുള്ള സം വിധാനം മാറ്റിമറിച്ചുകൊണ്ട് കൂടുതൽ ആളു കൾക്ക് പരിശീലനം ലഭിക്കുന്നതിനും മുഴു വൻ പേർക്കുംതൊഴിൽ സംരഭത്തിൽ ഏർ പ്പെടുന്നതിനുമുള്ള സംവിധാനം ഏർപ്പെടു ത്തുക. IRDP സർവ്വേ പ്രകാരം 2678 കുടും ബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയു ള്ളത്. ഇതിൽ 54 കുടുംബങ്ങൾ ഹരി ജനങ്ങളുടെതാണ്. സാമ്പത്തിക സഹായം ലഭിച്ചത് 330 കുടുബങ്ങൾക്കാണ്. ഇതിൽ 92- കുടുംബങ്ങൾ ഹരിജനങ്ങളുടേതാണ് സഹാ യം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ വന്നകുടുബങ്ങൾ 200 ആണ്. സാമ്പത്തിക സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് താ ഴെയുള്ള കുടുംബങ്ങൾ 2468-ആണ്. DWCRA പദ്ധതി നമ്മുടെ എറിയാടു പഞ്ചായത്തിൽ ഉ ണ്ടെന്ന് തന്നെ ആർക്കും അറിയില്ല. 9-ാം വാർ ഡിൽ 1995-ൽ 10 അംഗങ്ങളെ ഏകോപിപ്പി ച്ചുകൊണ്ട് ശ്രേയസ് കയർ യൂണിറ്റ് എന്ന പേരിൽ ഒരു സ്ഥാപനം 9-ാം വാർഡിൽ ഉണ്ട്. ഉൽപ്പന്നങ്ങൾക്ക് വിപണിയില്ലാത്തുകൊണ്ട് ഈ സ്ഥാപനം ഇന്ന് നഷ്ടത്തിലാണ്. 91- ലെ സെൻസസ് പ്രകാരം നമ്മുടെ ഗ്രാമപഞ്ചായത്തിലെ മൊത്തം സ്ത്രീകളുടെ 0.05 ശതമാനമാണ്

കോട്ടപ്പുറം കേന്ദ്രമായി പ്രവർത്തിക്കുന്ന സമഗ്രവികസന സമിതി (KIDC) യുടെ യൂ ണിറ്റ് പ്രവർത്തനം നമ്മുടെ പഞ്ചായത്തി ലെ മഹിളകൾക്കിടയിലുണ്ട്. നമ്മുടെ പ്ര ദേശത്ത് ഇവർ തഴപ്പായ നെയ്ത്ത് തൊഴി ലാളികൾക്ക് ലോൺ കൊടുക്കുന്നുണ്ട് . ഈ യൂണിറ്റിൽ അംഗങ്ങളായിട്ടുള്ള സ്ത്രീകളു മായ സംസാരിച്ചതിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്, മാസത്തിൽ ഒരു നിശ്ചിത മെമ്പർഷിപ്പ് സംഖ്യയും, കൂടാതെ ഇവരെ സമ്പാദ്യശീലം വളർത്തുന്നതിന് മാസ ഗഡുക്കളായിമറ്റൊരു സംഖ്യയും പിരിക്കുന്നു ണ്ടെന്നാണ്. ഇതിൽ നിന്നും ലോൺ കൊടു ക്കുന്നു. കൂടാതെ സ്വാശ്രയശീലം, സഹകരണം, ബോധവൽക്കരണം എന്നീരം ഗങ്ങളിൽ സ്ത്രീകളെ പ്രാപ്തരാക്കുന്നതി നു വേണ്ടിയുള്ള പ്രവർത്തനം നടത്തുന്നു. നമ്മുടെ ഗ്രാമത്തിൽ ബാലവാടി, മഹിളാസമാ ജം എന്നിവ 16 എണ്ണമുണ്ട് . ഇതിൽ 14 - എണ്ണം രജിസ്ട്രേഷനുള്ളവയാണ്. ഇതിൽ മൊത്തം 1028 അംഗങ്ങാം ഉണ്ട്. ഇതിൽ 2- എണ്ണത്തിന് കെട്ടിടവും സ്ഥലവും സ്വന്തമായു ണ്ട്. 2-എണ്ണത്തിൻ ഷെഡ് ഉണ്ട്, 2 - എണ്ണത്തിന് സ്ഥലമുണ്ടെങ്കിലും കെട്ടിടമോ ഷെഡോ ഇല്ല. 2-എണ്ണത്തിന് ഫർണ്ണീച്ചർ ഉണ്ട് ഒരു സ്ഥലത്തും കളിക്കോപ്പ് ഇല്ല. ഈരംഗത്ത് പ്രത്യുൽപ്പാദനപരമായ കാര്യ ങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്യുയാ ണെങ്കിൽ ഇതിനോട് ബന്ധപ്പെടുത്തി സ് ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയും, അതു പോലെ DWCRAപോലുള്ള ഏജൻസികൾ വഴിയും ശ്രമിക്കുകയാണെങ്കിൽ ചുരുങ്ങിയ പക്ഷം ഈ സ്ഥാപനങ്ങളിലെ കുട്ടികളുടെ ഡ്രസ്സുകളെല്ലാം നിർമ്മിക്കാൻ കഴിയും.



188

| നമ്പർ | പേര് | വാർഡ് | രജിസ്ട്രർ നമ്പർ | സ്ഥാപിച്ച വർഷം | ഭരണ സമിതി അംഗങ്ങൾ | ആകെ അംഗങ്ങൾ | സ്വന്തമായി സ്ഥലം | കെട്ടിടം | ഫർണ്ണീച്ചർ | കളി ക്കോപ്പ് | പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | കമലാനെഹ്റു മഹിളാ സമാജം ബാലവാടി | 9 | 136 | 1975 | 11 | 105 | 5 സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | അമ്മമാർക്ക് ബോധവൽക്കരണം, പോഷകാഹാര പരിപാടി നടത്തിയിരുന്നു. |
| 2. | അഴീക്കോട് മഹിളാസമാജം ബാലവാടി | 2 | - | - | 11 | 110 | 5 സെൻറ് | ഉണ്ട് | ഉണ്ട് | - | വിദ്യാഭ്യാസം, പോഷകാഹാര പരിപാടി നടത്തിയിരുന്നു. അമ്മമാർക്ക് വിദ്യാഭ്യാസം |
| 3. | പ്രിയദർശിനി | 10 | 328 | 92 | 9 | 60 | - | - | - | - | ബോധവൽക്കരണക്ലാസ്സ്, ടൈലറിങ് ക്ലാസ്സ്, പോഷകാഹാരം നടത്തിയിരുന്നു. നേഴ്സറി ക്ലാസ്സ് |
| 4. | ഉദയാമഹിളാസമാജം | 8 | 465 | 94 | 9 | 63 | - | - | - | - | പോഷകാഹാരപരിപാടി നടത്തിയിരുന്നു |
| 5. | തിരുവള്ളൂർ മഹിളാസമാജം | 7 | 182 | 92 | 9 | 60 | - | - | - | - | പോഷകാഹാരം ഇല്ല |
| 6. | അനുപമാ മഹിളാസമാജം | 9 | 296 | 93 | 9 | 70 | - | - | - | - | പോഷകാഹാരം ഇല്ല |
| 7. | ചെമ്പറമ്പ് | 9 | 639 | 94 | 11 | 50 | - | - | - | - | പോഷകാഹാരം ഇല്ല |
| 8. | കസ്തൂർബാ മഹിളാസമാജം | 12 | 231 | 77 | 14 | 80 | ഉണ്ട് | ഷെഡ് ഉണ്ട് | - | - | നേഴ്സറിക്ലാസ് ഉണ്ട്. പോഷകാഹാരം ഇല്ല |
| 9. | ത്രിവേണി മഹിളാസമാജം | 13 | 561 | 94 | 7 | 56 | - | - | - | - | പോഷകാഹാരം ഇല്ല. |

| നമ്പർ | പേര് | വാർഡ് | രജിസ്ട്രർ നമ്പർ | സ്ഥാപിച്ച വർഷം | ഭരണ സമിതി അംഗങ്ങൾ | ആകെ അംഗ ങ്ങൾ | സ്വന്തമായി സ്ഥലം | കെട്ടിടം | ഫർണ്ണീച്ചർ | കളി ക്കോപ്പ് | പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 10. | മഹിളാ സമാജം, കടപ്പുറം | 13 | 446 | 93 | 7 | 52 | - | - | - | - | പോഷകാഹാരം ഇല്ല |
| 11. | ജയശ്രീ മഹിളാസമാജം | 2 | 475 | 94 | 7 | 95 | ഉണ്ട് | ഷെഡ് | - | - | നേഴ്സറിക്ലാസ് ഉണ്ട്. പോഷകാഹാരം ഇല്ല |
| 12. | ഭാരത് മഹിളാ സമാജം | 4 | 20 | 94 | 7 | 50 | - | - | - | - | പോഷകാഹാരം ഇല്ല. |
| 13. | 3-ാം വാർഡ് മൈത്രി മഹിളാസമാജം | 3 | 476 | 94 | 7 | 60 | - | - | - | - | പോഷകാഹാരം ഇല്ല. |
| 14. | ധന്യ മഹിളാ സമാജം | 1 | 218 | [illegible] | 11 | 62 | ഉണ്ട് | - | - | - | പോഷകാഹാരം ഇല്ല. |
| 15. | പുരോഗമന മഹിളാസമാജം | - | 474 | 94 | 9 | 55 | - | - | - | - | പോഷകാഹാരം ഇല്ല. |
| 16. | ലിറ്ററസി | 11 | 49 | 94 | 7 | 60 | ഉണ്ട് | ഷെഡ് | - | - | പോഷകാഹാരം ഇല്ല. |

*ഒരു മഹിളാസമാജത്തിലും കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുന്ന പരിപാടി നിലവിൽ ഇല്ല. അടിയന്തിരമായി വേണ്ട നടപടികൾ സ്വീകരിക്കുക. ജനസംഖ്യാനുപാതികമായി 1000 പേർക്ക് ഒരു മഹിളാ സമാജം എന്ന രീതിയിൽ സ്ഥാപിക്കുക.*

184

ഇത്രയും പറഞ്ഞതിൽ നിന്ന് നമ്മുടെ ഗ്രാമപ്രദേശത്ത് തൊഴിലവസരങ്ങൾ വളരെ കുറവാണെന്നും IRDP, DWCRA എന്നിവയുടെ പ്രവർത്തനം വളരെ ശുഷ്ക്കമാണെന്നും മനസ്സിലായി കാണുമല്ലോ. IRDPസർവ്വേയിൽ ഇനിയും ദരിദ്രജനവിഭാഗങ്ങളെ കൂട്ടിച്ചേർക്കേണ്ടതുണ്ട്. ഈ രംഗത്ത് ബോധവൽക്കരണത്തിൻെറ കുറവുണ്ട്. യഥാസമയം കാര്യങ്ങൾ കൃത്യമായി അറിയാത്തതിൻെറയും അനുവദിക്കുന്ന ആനുകൂല്യങ്ങൾ ബാങ്കിൽ നിന്നും കിട്ടുന്നതിനുള്ള തടസ്സങ്ങളും വളരെയധികമാണ്. ഈ രംഗത്ത് കാര്യമായ അഴിമതി നടക്കുന്നുണ്ട്. ജാമ്യം നിൽക്കുന്നവർ പണം മുഴുവൻ തിരിച്ചടക്കാമെന്ന വ്യവസ്ഥയിൽ വാങ്ങുകയും ഉപഭോക്താവിന് സബ്സിഡി തുക മാത്രം ലഭിക്കുന്ന അവസ്ഥയും നിലവിലുണ്ട്.

## സാദ്ധ്യതകൾ

IRDP, സർവ്വേയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിന്നും 2678 കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 330 കുടുംബങ്ങൾക്കാണ് ആനുകൂല്യം ലഭിച്ചത്. 200 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയത്. ഇനിയും 2468 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. സമൂഹത്തെ മഹത്തായൊരു ലക്ഷ്യത്തിലേക്ക് എത്തിക്കാനുള്ള സംരഭത്തിൻെറ കണക്ക് ഇതാണെങ്കിൽ നാം വളരെ ഗൗരവത്തോടെ ചിന്തിക്കുകയും, നിലവിലുള്ള സംവിധാനത്തിൽ അഴിച്ചുപണി അത്യന്താപേക്ഷിതമാണ്. മത്സ്യം സംസ്ക്കരിച്ച് ഉൽപ്പന്നങ്ങളാക്കുന്ന യൂണിറ്റുകൾ, തെങ്ങിൻെറ വിവിധ ഭാഗങ്ങൾ സംസ്ക്കരിച്ച് ഉൽപ്പന്നങ്ങളാക്കുന്ന യൂണിറ്റുകൾ, സ്ത്രീകൾക്കായി അച്ചാർ, കറിപൗഡർ, ജാം , സ്ക്വാഷ് എന്നിവ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ എന്നിവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളെ കണ്ടെത്തുന്നതിനായ് ഗ്രാമസഭകളെ ഉപയോഗിക്കുക. വിവിധ തലങ്ങളിലെ ആധികാരിക രേഖകളുടെ അഭാവം മൂലം റിപ്പോർട്ട് ശുഷ്ക്കമാണ്. സജീവമായ ചർച്ചയിലൂടെ പൂർണ്ണമാക്കുക.





185

5

# സംസ്കാരം

8

നമ്മുടെ പഞ്ചായത്തിന് വിലപ്പെട്ട സാംസ്കാരിക പൈതൃകവും മതസൗഹാർദ്ദം ഉയർത്തിപ്പിടിച്ചിട്ടുള്ള പാരമ്പര്യവുമാണുള്ളത്. മതപരമായ ചടങ്ങുകളും ആചാരാനുഷ്ഠാനങ്ങളും മതസൗഹാർദ്ദത്തിൻെറ ഐക്യവേദികളാകാറുണ്ട്. തോമാസ്സ്ലീഹയുടേയും ചേരമാൻ പെരുമാളിൻേറയും നാമധേയങ്ങളും ആറാട്ട് മഹോത്സവത്തിൻെറ പഴയ ചരിത്രവും അത് നമ്മെ ഓർമ്മപ്പിക്കുന്നു.

ഹിന്ദുക്കളും, മുസ്ലീങ്ങളും, കൃസ്ത്യാനികളും, ഇടകലർന്ന് താമസിച്ച് വരുന്ന നമ്മുടെ പഞ്ചായത്തിൻെറ ജനസംഖ്യയിൽ കൂടുതൽ മുസ്ലീം വിഭാഗക്കാരാണ്. കൊടുങ്ങല്ലൂരിലെ മറ്റിതര പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്ഥമായ മറ്റെന്തെങ്കിലും ആചാരവിശേഷങ്ങൾ ഈ പ്രദേശങ്ങളിൽ ഉണ്ടെന്ന് പറയാൻ കഴിയില്ല. ഓണവും വിഷുവും ഹിന്ദുക്കളുടേയും ഈദുൽഫിത്തറും ഈദുൽ അസ്ഹയും മുസ്ലീങ്ങളുടേയും, ക്രിസ്തുമസും ഈസ്റ്ററും ക്രിസ്ത്യാനികളുടേയും പ്രധാന ആഘോഷങ്ങളാണെങ്കിലും ഈ ആഘോഷങ്ങളിൽ മുഴുവൻ ജനങ്ങളും പങ്കാളികളാകുക പതിവാണ്.

തിരുവള്ളൂർ ശിവക്ഷേത്രം ഈ പഞ്ചായത്തിലെ പഴക്കംചെന്ന ഒരു ആരാധനാലയമാണ്. സെൻറ് തോമാസ് ചർച്ചും, പുത്തൻപള്ളിയും പഴക്കംചെന്ന ആരാധനാലയങ്ങളാണ്. ഇവ കൂടാതെ വിവിധ മതവിഭാഗങ്ങളുടെ ധാരാളം ആരാധനാലയങ്ങൾ ഉണ്ട്. ഹിന്ദുക്കൾക്കിടയിൽ ചിലകുടുംബക്ഷേത്രങ്ങളും കാണാം.

സാമൂഹ്യാചാരങ്ങളുമായി ബന്ധപ്പെട്ട പല പ്രാചീനകലാരൂപങ്ങളും ഈ പ്രദേശങ്ങളിൽ നില നിന്നിരുന്നു. കൈകൊട്ടിക്കളി, പരിചമുട്ടുകളി, കോൽക്കളി, അറമനമുട്ട്, ഒപ്പന, തിരുവാതിരക്കളി എന്നിവ ഇവയിൽ ചിലതാണ്. ചിലതെല്ലാം അന്യം നിന്നുകൊണ്ടിരിക്കുന്നു. വാറുകളിയും ഓണക്കളിയും കിളിമാസുകളിയും ഒക്കെ ഇതിൽ പെടുന്നു.

മുസ്ലീം ജനവിഭാഗങ്ങളിൽ വിദ്യാഭ്യാസത്തിനും തൊഴിലിനും പ്രധാന്യം നൽകികൊണ്ട് വിപ്ലവകരമായ ഒരു പ്രവർത്തനത്തിന് തുടക്കം കുറിച്ച പ്രദേശമാണ് നമ്മുടേത്. സ്ത്രീകളെ വിദ്യാഭ്യാസപരമായി വളർത്തിയെടുത്ത് ഉന്നത സാമൂഹ്യ പദവികളിലേക്ക് ഉയർത്തുന്നതിൽ നമ്മുടെ പ്രദേശം വഹിച്ച അഭിമാനകരമായ പങ്ക് വിസ്മരിക്കാൻ കഴിയില്ല. എന്നാൽ കലാരംഗത്തോ കായികരംഗത്തോ സ്ത്രീകളെ കൈപിടിച്ചുയർത്താൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

## വാർത്താമാദ്ധ്യമങ്ങളുടെ സ്വാധീനം

വിദ്യഭ്യാസ സാമൂഹ്യരംഗങ്ങളിൽ പ്രമുഖ സ്ഥാനം വഹിച്ചിട്ടുള്ള ഈ പ്രദേശത്ത് മാതൃഭൂമി, മലയാളമനോരമ, ദേശാഭിമാനി, മാധ്യമം, എക്സ്പ്രസ്സ്, ദീപിക, കേരളകൗമുദി, മംഗളം

തുടങ്ങിയ പ്രമുഖപത്രങ്ങൾക്കെല്ലാം പ്രചാരമുണ്ട്. അവയ്ക്ക് പുറമെ ധാരാളം അനുകാലിക പ്രസിദ്ധീകരണങ്ങളും പ്രചരിപ്പിക്കപ്പെടുന്നു.

റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾ 75% ജനങ്ങളേയും സ്വാധീനിക്കുകയോ ആകർഷിക്കുകയോ ചെയ്യുന്നുണ്ട്. 112 വീടുകൾ കേബിൾ ടിവി ശൃംഖലയിൽപെട്ടവയാണ്. ലോകസംഭവങ്ങൾ യഥാസമയം നമ്മുടെ മുമ്പിൽ കാഴ്ചവെയ്ക്കവെ ഈ മാധ്യമങ്ങൾ അറിവിന്റെ ലോകം വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ചില പരിപാടികൾ സാംസാകാരിക അധ:പതനത്തിന് വഴിതെളിയിക്കുന്നുവെന്നും ചില സമയങ്ങളിലെ പരിപാടികൾ കുട്ടികളുടെ പഠനത്തിന് ദോഷകരമായി തീരുന്നുവെന്നും ആക്ഷേപമുണ്ട് ( ഗ്രാമസഭ റിപ്പോർട്ടുകൾ ).

## കായികരംഗം

യുവാക്കൾക്ക് കായികരംഗത്ത് അവരുടെ സജീവമായ സാന്നിദ്ധ്യം ഉറപ്പിക്കാൻ പലപ്പോഴും കഴിയാറില്ല. ഇതിന് കാരണം താല്പര്യകുറവാണെന്ന് പായാൻ കഴിയില്ല. സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങളും ആവശ്യമായ പ്രോത്സാഹനക്കുറവും ഇവിടെ ഘടകങ്ങളാണ്. സത്രീകളിലാണ് ഇത് ഏറ്റവും കൂടുതൽ പ്രകടമാകുന്നത്. പഴയ പല കായിക വിനോദങ്ങളും ഇന്ന് നിലവിലില്ല. ക്രിക്കറ്റ്, വോളിബോൾ, ഫുട്ബോൾ, ബാറ്റ്മിൻറൺ എന്നിവ യുവാക്കളെ ആഘർഷിക്കുന്ന കായിക രംഗങ്ങളാണ്. ജനസാന്ദ്രത വർദ്ധിച്ചതോടെയും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഇല്ലാതായതോടെയും കളിസ്ഥലങ്ങൾ ഇല്ലാതായി. പൊതുകളിസ്ഥലങ്ങളും കുറവാണ്. എറിയാട് കേരളവർമ്മ ഹൈസ്കൂൾ ഗ്രൗണ്ട്, അഴീക്കോട് സീതി സാഹിബ് സ്കൂൾ ഗ്രൗണ്ട്, എറിയാട് ചേരമാൻ മൈതാനം എന്നിവ മാത്രമേ ഇന്ന് പരിശീലനത്തിന് ഉപയോഗിക്കുന്നതിന് ലഭ്യമായിട്ടുള്ളു. സ്ത്രീകൾക്ക് പരിശീലനം ലഭിക്കുന്നതിന് യാതൊരു സൗകര്യവും ഇല്ല എന്നതും ഇവർ ഈ രംഗത്തുനിന്നും പുറകോട്ടോടിക്കുന്നിന് ഒരു കാരണമാണ്.

## കലാരംഗം

എല്ലാ വാർഡുകളിലും ഒന്നും അതിലേറെയും കലാസംഘടനകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ പലതും രജിസ്റ്റർ ചെയ്ത് ചിട്ടയായി പ്രവർത്തിക്കുന്നവയാണ്. കലാമത്സരങ്ങൾ സംഘടിപ്പിക്കുക നാടകം, നൃത്തം, ഗാനങ്ങൾ തുടങ്ങിയ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക വാർഷികാഘോഷങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവ ഈകലാ സംഘടനകളിലൂടെ നടക്കാറുണ്ട്.

സർക്കാരും പഞ്ചായത്തും മുൻകൈയ്യെടുത്ത് നടത്തിവരുന്ന കേരളോത്സവം ഓണം കായികമേള തുടങ്ങിയ വിവിധ പരിപാടികളിൽ ക്ലബ്ബുകളും യുവാക്കളും ധാരാളമായി പങ്കെടുക്കാറുണ്ട്. ഇത് അവർക്ക് ഒരു പ്രോത്സാഹനമാണ്. ഈ മത്സരങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാകാറുള്ളത് ഗുരുതരമായ ഒരു കാര്യമാണ്.

അഴീക്കോട് മാർത്തോമാ ദേവാലയം സംഘടിപ്പിക്കാറുള്ള വിവിധ കലാകായിക മത്സരങ്ങളും ഉത്സവങ്ങളും കലാകായിക രംഗത്തെ പോഷിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

## ഗ്രന്ഥശാലകൾ

എറിയാട് പഞ്ചായത്തിൽ രണ്ട് ഗ്രന്ഥശാലകളാണ് പ്രവർത്തിക്കുന്നത്. എറിയാട് മുഹമ്മദ് അബ്ദുൾ റഹ്മാൻ സ്മാരക ലൈബ്രറിയും റീഡിങ്ങ് റൂമും അഴീക്കോട്ട് ഗ്രാമീണ വായനശാലയും റീഡിങ്ങ് റൂമും ആണിവ. മുഹമ്മദ് അബ്ദുൾറഹ്മാൻ സ്മാരക വായനശാല 1500ൽ ഏറെ പുസ്തകങ്ങളും സ്വന്തമായി കെട്ടിടവും സൗകര്യവും ഉള്ള ഒരു എ. ഗ്രേഡ് വായനശാലയാണ്. എറിയാട് പഞ്ചായത്തിൽ ഒരു സിനിമാ തീയ്യറ്റർ പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ

- ☆ എല്ലാ പ്രദേശങ്ങളിലും ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്തതിനാൽ വായിക്കാനും അറിവ് സമ്പാദിക്കുവാനുമുള്ള അവസരം ജനങ്ങൾക്ക് കുറവാണ്.
- ☆ ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതിപ്രസരം ജനങ്ങളുടെ വായനാശീലത്തെ ദോഷകരമായി ബാധിക്കുന്നു. ചിലതരം സിനിമകൾ യുവതലമുറയെ വഴിതെറ്റിക്കാനും ഇടയാക്കുന്നുണ്ട്.
- ☆ കളിസ്ഥലത്തിന്റെ അപര്യാപ്തത കായികപ്രതിഭകളെ വളർത്തുന്നതിന് തടസമാകുന്നു.
- ☆ വിവാഹാദിചടങ്ങുകളിൽ വർദ്ധിച്ചുവരുന്ന ആർഭാടങ്ങൾ സാമൂഹ്യ അസമത്വങ്ങൾക്ക് ഇടയാക്കുന്നു.

### നിർദ്ദേശങ്ങൾ

- ☆ വാർഡുകൾ തോറും കലാകായിക സംഘടനകൾ. അവ യുവാക്കളുടെ കൂട്ടായ്മക്കും അവരുടെ കർമ്മശേഷി കലാകായിക വളർച്ചയ്ക്കും സാമൂഹികഉന്നമനത്തിനും നാടിന്റെ വളർച്ചക്കും വേണ്ടി കോർത്തിണക്കുക.
- ☆ സംഘടനകളുടെ പഞ്ചായത്ത് തലത്തിലുള്ള കൂട്ടായ്മ.
- ☆ സാംസ്കാരിക സംഘടനകൾക്കും കലാസംഘടനകൾക്കും സാമ്പത്തിക സഹായം.
- ☆ സ്വന്തമായി ഭൂമിയും കെട്ടിടങ്ങളും ഉണ്ടാക്കാൻ സഹായം.
- ☆ പൊതുകളിസ്ഥലങ്ങൾ, നിലവിലുള്ള കേരളവർമ്മസ്കൂൾ ഗ്രൗണ്ട്, സീതി സാഹിബ് സ്കൂൾ ഗ്രൗണ്ട്, ചേരമാൻ മൈതാനം എന്നിവ ഉപയോഗപ്പെടുത്തുക. ഇതിന് പുറമെ സ്ത്രീകൾക്കായി കളിസ്ഥലങ്ങൾ സംഘടിപ്പിക്കുക. 7,8,9,15 വാർഡുകൾക്കിടയിൽ കളിസ്ഥലം കണ്ടെത്തണം.
- ☆ നാടൻ കലകളെ പ്രോത്സാഹിപ്പിക്കുവാൻ സംവിധാനം.
- ☆ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വാർഷിക കലണ്ടർ ഉണ്ടാക്കണം.
- ☆ കലാകായികോത്സവങ്ങൾ വർഷത്തിൽ ഒരിക്കൽ സംഘടിപ്പിക്കണം.
- ☆ കലാസാംസ്കാരിക സംഘടനകളുടെ പ്രവർത്തനം വിലയിരുത്തി പ്രോത്സാഹന സമ്മാനങ്ങൾ.
- ☆ കലാസാംസ്കാരിക പ്രവർത്തകർക്ക് ബോധവത്കരണക്ലാസ്സുകൾ.

5

9

# വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും ഉജ്ജ്വല മുന്നേറ്റം നടത്തുമ്പോൾ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ ഇതൊന്നു മറിയാതെ സ്വസ്ഥമായി കൂടുകയാണ്.

സാമൂഹ്യ സാംസ്കാരിക മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം പഴയ കാലങ്ങളിൽ വളരെ കുറവായിരുന്നു. അതിൻെറ കാരണം സ്ത്രീകൾക്ക് അന്ന് വിദ്യാഭ്യാസം എളുപ്പമായിരുന്നില്ല എന്നുള്ളതാണ്. എന്നാൽ വിദ്യാഭ്യാസ രംഗത്ത് കാര്യമായ മുന്നേറ്റമുണ്ടായിട്ടും സാമൂഹ്യ സാംസ്കാരിക മേഖലകളിൽ അതിനനുസൃതമായ പ്രാതിനിധ്യം ഇപ്പോഴും ഇല്ല. പഴയകാലഘട്ടത്തിൽ സ്ത്രീകൾ കൂടുതലാണ്. ആറുവയസ്സിൽ താഴെയുള്ള ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലാണ്. ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ഉണ്ടായിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസം ലഭിക്കുവാൻ ബുദ്ധിമുട്ടായിരുന്നു. അതുകൊണ്ട് സ്ത്രീ അടുക്കളയിലേക്ക് ഒതുക്കപ്പെട്ടു. ദേശീയ നവോത്ഥാനത്തിൻെറയും സാമൂഹ്യപരിഷ്കരണത്തിൻേറയും പ്രവർത്തന ഫലമായി പെൺകുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനുള്ള അവസരം കൂടുതലായി ലഭി

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| ചെറുകിട വ്യവസായം | 405 | 803 |
| കർഷകതൊഴിലാളി | 112 | 624 |
| കെട്ടിട നിർമ്മാണം | 98 | 862 |
| ഗതാഗതം വാർത്താവിനിമയം | 13 | 1264 |
| മറ്റുള്ളവ | 625 | 1804 |

അനാചാരങ്ങളുടെ തടവുപുള്ളികളായിരുന്നു സ്ത്രീകളെങ്കിൽ, ഇന്ന് ഒരു കച്ചവടവസ്തു എന്ന നിലക്കാണ് സ്ത്രീകളെ സമൂഹം കാണുന്നത്. അതിൻെറ കാരണം സ്ത്രീകൾക്ക് സമൂഹത്തിലുള്ള സ്ഥാനത്തെക്കുറിച്ച് അവർ സ്വയം മനസ്സിലാക്കുന്നില്ലയെന്നതാണ്. 1991 ലെ സെൻസസ് പ്രകാരം ജനസംഖ്യയിൽ സ്ത്രീകൾ 21827 ആണ്. പുരുഷജനസംഖ്യയേക്കാൾ 1643 ച്ചു. അതിൻെറ ഫലമായി വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം കൂടുകയും അത് തൊഴിൽ മേഖലകളിൽ പ്രതിഫലിക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസരംഗത്തും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം ഇപ്പോഴും കുറവാണ്. എന്നാൽ അദ്ധ്യാപനരംഗത്ത് പുരുഷൻമാരേക്കാൾ മുൻപന്തിയിലാണ്.



189

തൊഴിൽരംഗത്ത് സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നിലനിൽക്കുന്നു എന്നതാണ് പട്ടികയിൽ നിന്നും വ്യക്തമാകുന്നത്. സ്വയംതൊഴിൽ രംഗത്ത് സ്ത്രീകളെ പ്രോത്സാഹിപ്പിക്കുവാനും സഹായങ്ങൾ ചെയ്യുവാനും തീവ്രമായ പരിശ്രമം ഉണ്ടാകേണ്ടതുണ്ട്.

സാമൂഹ്യ പരിഷ്കരണരംഗത്തും ദേശീയോത്ഗ്രഥനരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം കുറവായിരുന്നു. പൊതുരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഇന്നും ഒരു പ്രഹേളികയായി തുടരുകയാണ്. നമ്മുടെ പഞ്ചായത്തിൽ 16 മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും നല്ലരീതിയിൽ പ്രവർത്തിക്കുന്ന സമാജങ്ങൾ കുറവാണ്. ബഹുജനസംഘടനകളുടേയും സാമൂഹിക സാംസ്കാരിക സംഘടനകളുടേയും നേതൃത്വനിരയിൽ സ്ത്രീകൾ നാമമാത്രമായിട്ടേയുള്ളൂ. വനിതകളുടേതുമാത്രമായി ഒരു D. W. C. R. A. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. 320 തോളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ . സ്കൂൾ വിദ്യാർത്ഥികളിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുകുറഞ്ഞുവരുന്നു. പ്രീഡിഗ്രി നിലവാരത്തിലും പെൾകുട്ടികൾ വളരെയധികം ഉണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളേക്കാൾ വളരെ പിന്നിലാണ്.

സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ തുലോം കുറവാണെങ്കിലും അപൂർവ്വമായി ചില സ്ത്രീപീഡന കേസുകൾ ഉണ്ടായിട്ടുണ്ട്. സ്ത്രീകൾക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് കേരളാ സമ്പൂർണ്ണസാക്ഷരതാ പ്രവർത്തനം സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

* രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്.
* സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലകളിൽ കൂലി നിരക്ക് വളരെക്കുറവാണ്.
* ഒരേ തൊഴിൽതന്നെ വേതന കാര്യത്തിൽ സ്ത്രീ പുരുഷാന്തരം വളരെ പ്രകടമാണ്.
* ഉത്തരവാദപ്പെട്ട ജോലികൾ ഏറ്റെടുക്കുവനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്ത് പ്രകടമാണ്.
* സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്.
* സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല.

## സാദ്ധ്യതകൾ

* സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈയെടുക്കുക.
* തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലനം നൽകുകയും ചെയ്യുക.
* തുല്ല്യ ജോലിക്ക് തുല്ല്യവേതനം നടപ്പിലാക്കുവാൻ ശ്രമിക്കുക.
* അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
* തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
* തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.
* വിധവാ പെൻഷൻ, അഗതി പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ ആളുകൾക്കും ഉടനെ നൽകുക.



190

# സഹകരണമേഖല

കർഷക സമരങ്ങളുടേയും സ്വാതന്ത്ര സമരത്തിന് ഒരു പിടി മുന്നണിപ്പടയാളികളെ നൽകിയതിൻെറയും ചരിത്രമുള്ളനാടാണ് എറിയാട്. ഈ സമരങ്ങളൊന്നുംതന്നെ എറിയാടുള്ള സഹകരണ പ്രസ്ഥാനങ്ങൾക്ക് ആരംഭം കുറിക്കുന്നതിനായി പ്രത്യക്ഷസംഭാവനകൾ നൽകാൻ കഴിഞ്ഞതായി സൂചനയില്ല. ചില സഹകരണ സ്ഥാപനങ്ങൾ എറിയാട് പഞ്ചായത്തിൽ രൂപീകരിക്കുന്നതിന് മുൻകൈയെടുത്ത ചില ജന്മികുടുംബങ്ങൾ തന്നെയാണ് ആദ്യംആരംഭിച്ച പല സഹകരണസംഘങ്ങൾക്കും നേതൃത്വം കൊടുത്തിട്ടുള്ളത്. 1960-70 കളിലാണ് ഇന്ന് നിലവിലുള്ളതിൽ പല സഹകരണസ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ളത്.

എറിയാട് പഞ്ചായത്തിൽ ആകെ 19 സഹകരണസംഘങ്ങളാണ് നിലവിലുള്ളത്. അതിൽ 2 എണ്ണം വായ്പാ സംഘവും ബാക്കി 17 എണ്ണം വായ്പേതര സഹകരണസംഘങ്ങളുമാണ്. 2 സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്കുകളും 2 കയർ വ്യവസായ സഹകരണസംഘങ്ങളും 3 മത്സ്യതൊഴിലാളി ക്ഷേമസഹകരണസംഘങ്ങളും 4 ഖാദിഗ്രാമവ്യവസായ സഹകരണ സംഘങ്ങളും ഒരു ക്ഷീരവ്യവസായ സഹകരണ സംഘവും 6 സ്കൂൾ സഹകരണസംഘങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കുകൾ

പ്രാദേശിക വികസനത്തിൻെറ നെടുംതൂണുകളായി മാറാവുന്നതും ലാഭകരമായി പ്രവർത്തിക്കുന്നതുമായ രണ്ട് സർവ്വീസ് സഹകരണസംഘങ്ങളാണ് എറിയാട് പഞ്ചായത്തിലുള്ളത്. എറിയാട് വില്ലേജ് പ്രവർത്തന പരിധിയാക്കികൊണ്ട് 1996 ൽ ആരംഭിച്ച അഴിക്കോട് സഹകരണസംഘവും ( വില്ലേജിൻെറ ജനസംഖ്യാനു

| സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| എറിയാട് സർവ്വീസ് സഹകരണബാങ്ക് R-98 | 1920 | 6000 | 7 | 10 ലക്ഷം | ലഭ്യമല്ല | ലാഭം |
| അഴീക്കോട് സർവ്വീസ് സഹകരണബാങ്ക് R-287 | 1966 | 7210 | 4 | 10.05 ലക്ഷം | ലഭ്യമല്ല | ലാഭം |



191

പാധികമായി ഈ രണ്ട് സംഘങ്ങളിലും അംഗങ്ങളെ ചേർക്കാൻ കഴിഞ്ഞിട്ടില്ല ). ഈ സംഘങ്ങളിൽനിന്ന് ലഭ്യമാകുന്ന കാർഷിക വായ്പകൾ പഞ്ചായത്തിലെ കാർഷികോൽപാദനത്തിൽ പ്രതിഫലിച്ച് കാണുന്നില്ല. പൊതുജനങ്ങളിൽ നിന്ന് ലഭ്യമാകുന്ന നിക്ഷേപങ്ങൾ വികസനമേഖലകളിലേക്ക് തിരിച്ച്വിടാൻ ഈസംഘങ്ങൾ ശ്രദ്ധകാണിച്ചിട്ടില്ല.

വ്യവസായിക ഉൽപാദനമേഖലയിൽ ശ്രദ്ധയൂന്നിയും കാര്യക്ഷമമായ മാനേജ്മെൻറ് കൊണ്ടും ഈ സംഘങ്ങൾക്ക് വളരെയധികം പുരോഗതിനേടാൻ കഴിയും.

## കയർ വ്യവസായ സഹകരണസംഘങ്ങൾ

എറിയാട് പഞ്ചായത്തിൽ 2 വില്ലേജുകൾ പ്രവർത്തനപരിധിയാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന 2 കയർ വ്യവസായ സഹകരണസംഘങ്ങളുണ്ട്. ഈ രണ്ട് സംഘടനയിലേയും അംഗസംഖ്യയ്ക്കനുസരിച്ചുള്ള തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നില്ല. ഈ പരമ്പരാഗത തൊഴിൽ മേഖലയിൽ നിന്ന് തൊഴിലാളികളുടെ ഒഴിഞ്ഞുപോക്കിനുള്ള പ്രധാനകാരണങ്ങൾ താഴെപറയുന്നവയാണ്.

1. സംഘങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ മൂലധനമില്ല.
2. സംഘങ്ങൾക്കാവശ്യമായ അസംസ്കൃതപദാർത്ഥമായ തൊണ്ട് ലഭിക്കുന്നില്ല.
3. കയറിന് ന്യായമായ വില ലഭിക്കുന്നില്ല.
4. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന യന്ത്രനിർമ്മിതമായ കയർ നമ്മുടെ കയറിൻെറ സാധ്യത കുറയ്ക്കുന്നു.
5. യന്ത്രവത്കരിക്കപ്പെട്ടിടങ്ങളിലെ വൈദ്യുതിക്ഷാമം.

## മത്സ്യതൊഴിലാളി ക്ഷേമ സഹകരണസംഘം

എറിയാട് പഞ്ചായത്തിൽ മൂന്ന് മത്സ്യതൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. മത്സ്യബന്ധനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പകൾ മത്സ്യഫെഡിൽ നിന്നും ഈ സംഘങ്ങളിലൂടെ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്. സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെ ചൂഷണത്തിന് വളരെയധികം വിധേയരായികൊണ്ടിരിക്കുന്ന ഈമേഖല

| സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| കൊടുങ്ങല്ലൂർ കയർ വ്യവസായ കോ ഓപ്പറേറ്റീവ് സൊസൈറ്റി R-326 | 1911 | 548 | 2 | 10 ലക്ഷം | ലഭ്യമല്ല | നഷ്ടം |
| അഴീക്കോട് സർവ്വീസ് സഹകരണബാങ്ക് R -69 | 1954 | 625 | 3 | 5 ലക്ഷം | ലഭ്യമല്ല | നഷ്ടം |



192

യിലെ പകുതിയോളം തൊഴിലാളികൾക്ക് അംഗത്വം ലഭിച്ചിട്ടില്ല. മത്സ്യതൊഴിലാളികളിൽ സമ്പാദ്യശീലം വളർത്താനുതകുന്ന നിക്ഷേപപദ്ധതികൾ ഈ സംഘങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിലാളി കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്താനായി ചില വായ്പാപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവ വേണ്ടത്ര ഫലപ്രദമായിട്ടില്ല.

അതിലൊന്നായ എറിയാട് സെറികൾച്ചറൽ സൊസൈറ്റിക്ക് ഓഫീസ് പ്രവർനങ്ങളൊന്നുംതന്നെയില്ലെന്ന് കണ്ടെത്താൻ കഴിഞ്ഞു. എറിയാട് ചേരമാൻ തിയ്യറ്ററിന് കിഴക്കുവശം പ്രവർത്തിക്കുന്ന കേരോല്പന്ന വ്യവസായ സഹകരണസംഘത്തിൽ ചെറിയതോതിൽ ബ്രഷ് നിർമ്മാണം നടക്കുന്നുണ്ടെങ്കിലും അവിടെ തൊഴിലെടുക്കുന്ന ആർക്കുംതന്നെ സംഘത്തിൽ അംഗത്വം ഇല്ല. മാട

| സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| അഴീക്കോട് എടവിലങ്ങ് മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണസംഘം Df (R) 11/89/C2 | 1988 | 2351 | 2 | 2 ലക്ഷം | ലഭ്യമല്ല | ലാഭം |
| അഴീക്കോട് മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണസംഘം Df (R) 198/92 | 1992 | 1118 | 2 | 5 ലക്ഷം | ലഭ്യമല്ല | ലഭ്യമല്ല |
| എറിയാട് മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണസംഘം Df (R) 99 | 1992 | 349 | 2 | 5 ലക്ഷം | ലഭ്യമല്ല | ലഭ്യമല്ല |

## ഖാദി വ്യവസായ സഹകരണസംഘങ്ങൾ

നാല് ഖാദി വ്യവസായ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി ഖാദിബോർഡിൽ നിന്നും വിവരം ലഭിച്ചെങ്കിലും വന ഖാദി ഗ്രാമ വ്യവസായത്തിൽ എണ്ണയാട്ട് നടക്കുന്നുണ്ടെങ്കിലും ആധുനികവത്കരണത്തിന് പ്രവർത്തനമൂലധനത്തിന്റെ അഭാവമുണ്ട്. മേനോൻബസാറിലുള്ള ഖാദി വ്യവസായ സംഘവും നാമമാത്രമായി നിലനിൽക്കുന്നു.

| സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| കൊടുങ്ങല്ലൂർ കേരോല്പന്ന വ്യവസായ കോ ഓപ്പറേറ്റീവ് സൊസൈറ്റി R 94 | 1960 | 237 | 1 | 2 ലക്ഷം | ലഭ്യമല്ല | നഷ്ടം |
| മാടവന ഗ്രാമവ്യവസായ സഹകരണസംഘം KVI (R) 3 | 1971 | 1175 | 2 | 1 ലക്ഷം | ലഭ്യമല്ല | നഷ്ടം |
| മഹാത്മ ഖാദി ഗ്രാമസേവ സഹകരണസംഘം R 599 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| എറിയാട് സെറികൾച്ചർ സൊസൈറ്റി | 1993 | 16 | ഇല്ല | 1 ലക്ഷം | ലഭ്യമല്ല | നഷ്ടം |

## മറ്റ് സംഘങ്ങൾ

മേൽസൂചിപ്പിച്ച മേഖലകളിലല്ലാതെ അഴീക്കോട് വില്ലേജിൽ ഒരു മഹിളാ സഹകരണ സംഘവും, എറിയാട് വില്ലേജിൽ ഒരു ക്ഷീരവ്യവസായ സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. മഹിള സഹകരണസംഘത്തിൻെറ പ്രവർത്തനം അതിൻെറ പ്രാരംഭദശയിൽതന്നെ നിൽക്കുകയാണ്. ക്ഷീരവ്യവസായ സഹകരണസംഘത്തിൽ പ്രതിദിനം ഏതാണ്ട് അറുപത് ലിറ്റർ പാലാണ് ശേഖരിക്കാൻ കഴിയുന്നത്. ഈ സംഘങ്ങളെ കൂടാതെ പഞ്ചായത്തിലെ ജനങ്ങൾക്ക് അംഗത്വം കൊടുത്തു

| സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| എറിയാട് ക്ഷീരവ്യവസായ സഹകരണസംഘം | 1977 | 239 | ഇല്ല | 2390 | | നഷ്ടം |
| അഴീക്കോട് വില്ലേജ് മഹിളാ സഹകരണസംഘം | 1992 | 31 | 3 | ലഭ്യമല്ല | ലഭ്യമല്ല | നഷ്ടം |



194

കൊണ്ട് പ്രവർത്തിക്കുന്ന പതിനഞ്ചോളം മറ്റ് സംഘങ്ങൾ കൊടുങ്ങല്ലൂർ താലൂക്കിലുണ്ട്. കൊടുങ്ങല്ലൂർ ടൗൺ കോ - ഓപ്പറേറ്റീവ് ബാങ്കിൻെറ രണ്ട് ബ്രാഞ്ചും തൃശൂർ ജില്ലാ കോ - ഓപ്പറേറ്റീവ് ബാങ്കിൻെറ ഒരു ബ്രാഞ്ചും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## സ്കൂൾ സഹകരണസംഘങ്ങൾ

കൺസ്യൂമർ സംഘങ്ങളായി ഈ പഞ്ചായത്തിലുള്ളത് ആറ് സ്കൂൾ സഹകരണസംഘങ്ങളാണ്. വിദ്യാർത്ഥികൾക്ക് പുസ്തകവിൽപനയല്ലാതെ വേറൊന്നുംതന്നെ ഈ സംഘങ്ങളിൽ നടക്കുന്നില്ല.

| സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| Govt.KVHS Co - Operative Society | 1969 | ലഭ്യമല്ല | 1 | 10,000 | ലഭ്യമല്ല | ലഭ്യമല്ല |
| SSMHS Co - Operative Society | 1976 | ലഭ്യമല്ല | 1 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| അഴീക്കോട് ഗവ. യു. പി. സ്കൂൾ സഹകരണസംഘം | 1986 | 2351 | 1 | 5,000 | ലഭ്യമല്ല | ലഭ്യമല്ല |
| ഹമദാനിയ യു. പി. സ്കൂൾ സഹകരണസംഘം | 1987 | 324 | 1 | 5,000 | ലഭ്യമല്ല | |
| എം. എം. ഐ. യു. പി. സ്കൂൾ സഹകരണസംഘം | 1976 | 193 | 1 | 5,000 | ലഭ്യമല്ല | |
| ഐ. എം. യു. പി. സ്കൂൾ സഹകരണസംഘം | 1976 | 309 | 1 | 5,000 | ലഭ്യമല്ല | |

## പ്രശ്നങ്ങൾ

1. അഴീക്കോട് സർവ്വീസ് സഹകരണ ബാങ്ക്, എറിയാട് സർവ്വീസ് സഹകരണബാങ്ക്, അഴീക്കോട് എടവിലങ്ങ് മത്സ്യതൊഴിലാളി വികസനസംഘം എന്നിവയൊഴിച്ചുള്ള സംഘങ്ങളുടെ മാനേജ്മെൻറ് കാര്യക്ഷമമല്ല.

2. ജനാധിപത്യപരമായ പ്രവർത്തനങ്ങളുടെ അഭാവം ഗുണപരമായ സംഘങ്ങളുടെ വളർച്ചക്ക് വിഘാതമാകുന്നു.
3. തൊഴിലാളികളുടെ പങ്കാളിത്തക്കുറവ് (ഉദാഹരണം- ഖാദി ഗ്രാമവ്യവസായസംഘം എറിയാട്).
4. പ്രവർത്തനരഹിതമായ സംഘങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. (ഉദാഹരണം അഴീക്കോട് ഖാദി ഗ്രാമോദ്ധാരണ സഹകരണസംഘം).
5. സങ്കുചിത രാഷ്ട്രീയാടിസ്ഥാനത്തിലുള്ള സംഘത്തിന്റെ പ്രവർത്തനങ്ങൾ അംഗങ്ങളെ ചേർക്കുന്നതിൽ തടസ്സം നിൽക്കുന്നു.
6. പുതിയ പ്രവർത്തനമേഖലകളിലേക്ക് പ്രവവേശിക്കുവാനുള്ള സംഘങ്ങളുടെ ആത്മധൈര്യമില്ലായ്മ.
7. വർഷംതോറും ഓരോസംഘത്തിനും എസ്റ്റാബ്ലിഷ്മെന്റ് ചിലവ് വർദ്ധിക്കുന്നു.
8. സഹകരണസംഘങ്ങളിലെ നിയമനങ്ങൾ സ്വജനപക്ഷപാതവും അഴിമതിയും വ്യാപകമാക്കുന്നു.
9. സ്കൂൾ സഹകരണസംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

## നിർദ്ദേശങ്ങൾ

വികസനമേഖലകളിൽ കക്ഷിരാഷ്ട്രീയഭേതമന്യേ പ്രവർത്തിക്കുകയാണെങ്കിൽ സഹകരണമേഖല എല്ലാ അർത്ഥത്തിലും സുസാധ്യമാകുന്നതാണ്. പഞ്ചായത്തിൽ താഴെപറയുന്ന സഹകരണസംഘങ്ങൾക്ക് സാധ്യതയുണ്ട്.

1. മുഴുവൻ പ്രായപൂർത്തിയായവരെ ബന്ധപ്പെട്ടസഹകരണസംഘങ്ങളിൽ അംഗങ്ങളാക്കുക.
2. തഴപ്പായ സംഭരണവിപണന സഹകരണസംഘം സ്ഥാപിക്കുക.
3. മത്സ്യസംസ്കരണ വിപണനസംഘം (ജൈവവള നിർമ്മാണയൂണിറ്റും ഫ്രീസിങ്ങ് പ്ലാന്റും ഈ സംഘത്തിന്റെ കീഴിൽ തുടങ്ങാവുന്നതാണ്).
4. യന്ത്രവൽകൃത കയറുല്പന്ന സഹകരണസംഘം.
5. വ്യവസായ സഹകരണസംഘങ്ങൾ. (വ്യവസായ വകുപ്പിന് കീഴിൽ വരുന്ന ഇത്തരം സംഘങ്ങളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും പഞ്ചായത്ത്തല സംവിധാനം ഉണ്ടാകണം).
6. ഗ്രാമീണ കരകൗശല സഹകരണസംഘങ്ങൾ
7. എറിയാട് വില്ലേജ് മഹിളാ സഹകരണ സംഘം
8. നിലവിലുള്ള അഴീക്കോട് മഹിളാ സഹകരണസംഘത്തിന്റേയും, എറിയാട് രൂപീകരിക്കുന്ന മഹിളാസഹകരണ സംഘത്തിന്റേയും കീഴിൽ വൻതോ



296

തിൽ നോട്ടുപുസ്തക നിർമ്മാണയൂണിറ്റ്, കുടനിർമ്മാണം, പുകയില്ലാത്ത അടുപ്പുനിർമ്മാണം, സിമൻറ് ഇഷ്ടിക, വീടുപണിയാനുള്ള സാമഗ്രികൾ, സോപ്പ് നിർമ്മാണം, കൈത്തറിത്തഴ ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവ ആരംഭിക്കാവുന്നതാണ്. ഇവയുടെ വിപണനത്തിനുള്ള എളുപ്പവഴികൾ കണ്ടെത്തുക.

9. അഴീക്കോട് വില്ലേജ് ക്ഷീരോൽപ്പാദക സഹകരണസംഘം തുടങ്ങണം.
10. ഗ്രൂപ്പ്ഫാമിങ്ങ് സംഘങ്ങൾ എല്ലാവാർഡുകളിലും സ്ഥാപിക്കുക. (പച്ചക്കറിക്കും മറ്റ് ഇടവിളകൾക്കും പ്രാധാന്യം നൽകുക).
11. തുണിനെയ്ത്ത് സഹകരണസംഘം.
12. വില്ലേജ്തല കൺസ്യൂമർ സഹകരണ സംഘങ്ങൾ.
13. വിവിധോദ്ദേശ സഹകരണസംഘങ്ങൾ.
14. കേരോൽപ്പന്ന വനിതാ സഹകരണ സംഘം. (വില്ലേജ്തലത്തിൽ).

നിലവിലുള്ള സംഘങ്ങളിൽ അർഹരായ എല്ലാവരേയും ചേർത്തുകൊണ്ടും നഷ്ടത്തിലുള്ള സംഘങ്ങളിൽ കാര്യക്ഷമമായ മാനേജ്മെൻറ് വഴിയും വിപുലീകരണം ഉണ്ടാകേണ്ടതുണ്ട്. ഏതുമേഖലയിലെ സംഘങ്ങളായാലും യഥാർത്ഥഗുണഭോക്താക്കൾക്ക് ഡയറക്ടർബോർഡിൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

വായ്പാ സഹകരണസംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്ന ഗുണഭോക്താക്കൾ വസ്തു ഈടിന്മേലാണ് കടമെടുക്കുന്നത്. ഈടിന് അമിത പ്രാധാന്യം കൊടുക്കാതെ ആവശ്യങ്ങൾക്ക് പ്രാധാന്യംനൽകി വായ്പ നൽകുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കണം. വായ്പാസഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതികൂലമായി പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥാപനങ്ങളുടെ പ്രവർത്തന ങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക. സഹകരണസംഘങ്ങൾക്കും ബാങ്കുകൾക്കും ലഭിക്കേണ്ട ഡെപ്പോസിറ്റുകൾക്ക് ആകർഷകമായ പലിശനൽകി സഹകരണസംഘങ്ങൾ സമാഹരിക്കുകയും ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വായ്പാ വിതരണം ഉദാരമാക്കുകയും ചെയ്യുക. എറിയാട് പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന മേൽപ്പറഞ്ഞ സംഘങ്ങൾക്ക് പുറമെ ജില്ല, താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 22 സഹകരണസംഘങ്ങൾ ഉണ്ട്. ഈ സംഘങ്ങളിൽ പഞ്ചായത്തിൽനിന്ന് മെമ്പർമാരും ഗുണഭോക്താക്കളും ഉണ്ട്. ഇക്കാര്യം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.



197

5

11

# പട്ടികജാതി പട്ടികവർഗക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയിൽ 6% പട്ടികജാതി വിഭാഗക്കാരാണ്. 402 പട്ടികജാതി കുടുംബങ്ങൾ ഇവിടെ താമസിച്ചുവരുന്നു. മേനോൻ ബസാറിന് കിഴക്കുവശത്തായി സ്ഥിതിചെയ്യുന്ന ഒരു ഹരിജൻ കോളനി മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളൂ. ബാക്കിയുള്ളവർ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലായി ഇടകലർന്ന് ജീവിക്കുന്നു. ആകെ 2896 പട്ടികജാതി അംഗങ്ങൾ ഉള്ളതിൽ 1411 പുരുഷൻമാരും 1485 സ്ത്രീകളുമാണുള്ളത്.

വിദ്യാഭ്യാസ സാമൂഹ്യരംഗത്ത് കുറെനേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. 1970ൽ നടപ്പിൽ വന്ന ഭൂപരിഷ്കരണത്തിൻെറ ഫലമായി കുടികിടപ്പവകാശവും മിച്ചഭൂമി ലഭിച്ചതും സാമൂഹ്യപുരോഗതി കൈവരിക്കുവാൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാജാതി മതസ്ഥരും ഇടകലർന്നാണ് നമ്മുടെ പഞ്ചായത്തിൽ താമസിക്കുന്നത്.

ഈ വിഭാഗത്തിൻെറ ഉയർച്ചക്ക് സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും ശരിയായ അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകിവരുന്ന നിരവധി ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് കുറെനേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. എന്നാലും ഇന്നും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്.

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. എസ്സ്. എസ്സ്. എൽ. സി. ക്ക് ശേഷം തുടർന്ന് പഠിക്കുന്നതിൽ പൊതുവെ താൽപര്യം കുറവാണ്. രക്ഷിതാക്കൾ ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. വിദ്യാഭ്യാസത്തിൽ നിന്നും കൊഴിഞ്ഞ് പോകുന്നവരും ഉണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതുണ്ട്. 96• 97 അദ്ധ്യയനവർഷത്തിൽ 427 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95 •96 വർഷത്തിൽ 24 പേർ പഠനം നിർത്തി. അതിൽ 15 പേർ ആൺകുട്ടികളും 9 പേർ പെൺകുട്ടികളുമായിരുന്നു. എസ്സ്. എസ്സ്. എൽ. സി. പരാജയപ്പെട്ടാൽ ഭൂരിപക്ഷം പേരും തുടർന്ന് പഠിക്കുന്നില്ല. ഉയർന്നവിദ്യാഭ്യാസരംഗത്ത്കടന്നുവരുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്.

## തൊഴിൽ

പട്ടികജാതി വിഭാഗത്തിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ ജോലിചെയ്ത് ജീവിച്ചിരുന്നവരാണ്. എന്നാൽ തെങ്ങുകയറ്റതൊഴിലാളികൾ ഒഴികെ കാർഷികമേഖലയിൽ പണിയെ



198

ടുക്കുന്നവർ ഇന്ന് പൊതുവെ കുറവാണ്. കെട്ടിട നിർമ്മാണരംഗത്തേക്കാണ് ഭൂരിപക്ഷംപേരും തിരിയുന്നത്. ആ മേഖലയിൽ നിന്ന് ലഭിക്കുന്ന ഉയർന്നകൂലി കാരണമാണ് അങ്ങനെ സംഭവിക്കുന്നത്.

സ്ത്രീകൾ പൊതുവെ പായനെയ്ത്ത്, ഓലമെടയൽ തുടങ്ങിയ പ്രവൃർത്തികളിൽ ഏർപ്പെടുന്നു. അതിൽ നിന്ന് ലഭിക്കുന്ന കൂലി വളരെകുറവാണ്. മാത്രമല്ല പായ നെയ്യുന്നതിന്ആവശ്യമായ തഴയുടെ ദൗർലഭ്യവും ഈ രംഗത്ത് പ്രശ്നം സൃഷ്ടിക്കുന്നു.

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ പ്രകാരം ബഹുഭൂരിപക്ഷം കുടുംബങ്ങൾക്ക് വീടുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ സ്വന്തമായി ഭൂമിയില്ലാത്തവർക്കും കൈവശരേഖകൾ ഇല്ലാത്തവർക്കും പദ്ധതികളുടെ ആനുകൂല്യം ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പല ആളുകളും ഏജൻസികളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ കഴിയാതെ വിഷമിക്കുന്നു. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം വീടുകൾ പൂർത്തീകരിക്കുവാൻ കഴിയാത്തവരുടെ എണ്ണം കൂടുതലുണ്ട്. പക്കാവീടുകളില്ലാത്ത 55 പേരാണ് പഞ്ചായത്തിലുള്ളത്. പലവീടുകളും വൈദ്യുതീകരിക്കാനുണ്ട്. ചിലതിന് കക്കൂസുകളും ഇല്ല. വ്യക്തമായ വിവരം ലഭ്യമാകാത്തതിനാൽ തരംതിരിച്ച് കണക്കുകൾ കൊടുക്കുവാൻ നിർവാഹമില്ല.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസരംഗത്ത് മുന്നേറുവാൻ കഴിഞ്ഞിട്ടില്ല.
2. എല്ലാവർക്കും സ്വന്തമായി വീടില്ല.
3. ഗവൺമെൻറിൽ നിന്നും ലഭ്യമാകുന്ന സഹായം ദുർവിനിയോഗം ചെയ്യപ്പെടുന്നു.
4. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
5. കുടിവെള്ളം ആവശ്യത്തിനില്ല.
6. വീടിൻെറ വൈദ്യുതീകരണം മന്ദഗതിയിലാണ്.
7. പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല.
8. യുവാക്കൾക്ക് സ്വന്തം തൊഴിൽ കണ്ടെത്തുന്നതിന് നൽകുന്ന വായ്പകൾ ലക്ഷ്യം നേടുന്നില്ല.
9. വിവിധ പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ല.

## സാദ്ധ്യകൾ, നിർദ്ദേശങ്ങൾ

1. വിദ്യാഭ്യാസമുള്ളവർക്ക് സർക്കാർ ഏജൻസികൾ മുഖേന നൽകുന്ന വായ്പകളും ധനസഹായവും പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കുക.
2. വ്യവസായിക പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങുവാൻ ആവശ്യമായ വായ്പ അനുവദിക്കുകയും ചെയ്യുക.
3. പട്ടികജാതി സർവ്വീസ് സഹകരണസംഘം ആരംഭിക്കുക.
4. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുന്നതിന് സംവിധാനം ഉണ്ടാക്കുക.
5. സ്ത്രീകർക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ കരകൗശല വസ്തുക്കളുടെയും റെഡിമെയ്ഡ് വസ്ത്രങ്ങളുടേയും നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.
6. വീടുനിർമ്മാണധനസഹായം വർദ്ധിപ്പിക്കുക.
7. സർക്കാരിൻെറ വിവിധസഹായപദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക



199

5

12

# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തനതായ വരുമാനം കുറവാണ് എന്നുള്ളതാണ് വികസനത്തെ തടസപ്പെടുത്തുന്ന പ്രധാന ഘടകങ്ങളിലൊന്ന്. ഇത് പരിഹരിക്കണമെങ്കിൽ പഞ്ചായത്തിൽ സ്വകാര്യമേഖലയിലും വിവിധ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുക എന്നുള്ളതും കാർഷിക രംഗത്തെ മുരടിപ്പ് അവസാനിപ്പിക്കുകയെന്നുള്ളതും അതോടൊപ്പംതന്നെ ഇന്നുള്ള വരുമാന മാർഗങ്ങൾ കാര്യക്ഷമതയോടുകൂടി പരിഹരിക്കുകയെന്നുള്ളതുമാണ്.

പഞ്ചായത്തിൽ ഇപ്പോൾ നടക്കുന്ന വികസനപ്രവർത്തനങ്ങൾ അധികവും ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വിവിധ ഗ്രാന്റുകൾ ഉപയോഗിച്ച് കൊണ്ടാണ്. ഈഗ്രാൻറുകൾ സർക്കാരിൽ നിന്നും ലഭിക്കുന്നതുതന്നെ യഥാസമയം അല്ല. ഇത് പരിഹരിക്കുന്നതിനായി ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ നിന്നുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ സാധിക്കണം. ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ ചെറുതും വലുതുമായ പഞ്ചായത്തുകൾക്ക് തുല്യമായാണ് വീതിക്കുന്നത്. ഇത് അവസാനിപ്പിച്ച് ജനസംഖ്യാതോതിൽ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യാൻഗവൺമെൻറുകൾ നടപടി സ്വീകരിക്കണം.

പഞ്ചായത്തിൽ നിന്ന് ഗൾഫ് മേഖലയിൽ 3,000 ത്തോളം പേർ ജോലി ചെയ്യുന്നതായി മനസിലാക്കുന്നു. ഇവരിൽ 40% ത്തോളം പേർ മാത്രമെ ഉയർന്ന സാമ്പത്തിക നില കൈവരിച്ചവരുണ്ടാവുകയുള്ളു. പാശ്ചാത്യനാടുകളിൽ ജോലിചെയ്യുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമെയുള്ളു. ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം വേണ്ടവിധത്തിൽ വിനിയോഗിക്കാൻ തയ്യാറായിട്ടില്ല എന്നുള്ളതിന് ഉദാഹരണമാണ് വലിയ രമ്യഹർമ്മങ്ങൾ. ഗൾഫിൽ ജോലി ചെയ്യുന്നവർക്ക് വേണ്ടി പ്രത്യേകം വ്യവസായ സെമിനാറുകൾ അടക്കമുള്ള കാര്യങ്ങൾ ചെയ്തുകൊ

പട്ടിക 1. പഞ്ചായത്തിലെ വരുമാനം

| ഇനം | 1991 - 92 | 1995 - 96 | വ്യത്യാസം | % |
|---|---|---|---|---|
| 1. കെട്ടിടനികുതി | 193281 | 386388 | 193107 | 99.91 % |
| 2. തൊഴിൽ നികുതി | 116700 | 183728 | 67028 | 57.44 % |
| 3. വിനോദ നികുതി | | 45199 | 29024 | 62.66 % |
| 4. അധി. വിനോദനികുതി | 46319 | 30144 | | |
| 5. അൺ ടൈഡ് | 17600 | 274700 | 98700 | 56.08 % |
| 6. ജെ. ആർ. വൈ. | 288800 | 410003 | 121203 | 41.97 % |
| 7. ഗ്രാൻറ് | 85980 | 58220 | 27760 | 32.29 % |
| എസ്റ്റാബ്ലിഷ് മെൻറ് ചെലവ് | 374029 | 579731 | 205702 | 55 % |

ണ്ട് അവരെ വ്യവസായ മേഖലയിലേക്ക് ആകർഷിപ്പിക്കുവാനുള്ള നടപടികൾ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗം കെട്ടിടനികുതിയാണ്. കെട്ടിട നികുതി കണക്കാക്കിയിരിക്കുന്നതിൽ വളരെയധികം അപാകതയുള്ളതായി ഗ്രാമസഭകളിൽ നിന്നുള്ള ചർച്ചകളിൽ നിന്നും മനസിലാക്കുവാൻ സാധിച്ചു. കെട്ടിടനികുതി നിർണയിച്ചതിനുശേഷവും വലിയതോതിൽ തന്നെ കെട്ടിടങ്ങൾ വികസിപ്പിക്കുന്നതായി കാണുവാൻ സാധിക്കുന്നുണ്ട്. ഇത്തരം കെട്ടിടങ്ങൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തുവാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിന് വാർഡ് വികസന സമിതികൾ രൂപീകരിക്കുകയും അവരുടെ സഹായം ഇതിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതുമാണ്. ഇപ്പോൾ ഏതു തരത്തിലുള്ള വീടുകൾക്കും ഒരേ തോതിലുള്ള നികുതിതന്നെയാണ് ചുമത്തുന്നത്. ഇതിൽ നിന്നും വിഭിന്നമായി വലിയവീടുകൾക്ക് കൂടുതൽ നിരക്കിൽ നികുതി ചുമത്തികൊണ്ട് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാനും വലിയവീടുകൾ പണിയുവാനുള്ള ജനങ്ങളുടെ പ്രവണതയെ നിരുത്സാഹപ്പെടുത്താവുന്നതുമാണ്.

നമ്മുടെ പഞ്ചായത്തിലെ തൊഴിൽ നികുതിയിനത്തിൽ ഉള്ള വരുമാനവും ലൈസൻസി ഫീസ് ഇനത്തിൽ ലഭിക്കുന്ന വരുമാനവും വേണ്ടതോതിൽ പിരിച്ചെടുത്തിട്ടില്ല. ഈവരുമാനം പഞ്ചായത്ത് പ്രധിനിധികളുടേയും വാർഡ് വികസന സമിതിയുടെ സഹായത്തോടും വലിയതോതിൽ തന്നെ പിരിച്ചെടുക്കുവാൻ സാധിക്കും.

നികുതി കൊടുക്കുന്നതുവഴി തങ്ങളും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണ് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം, അതോടൊപ്പം പഞ്ചായത്തിൽ ചിലവുചെയ്യുന്നതിൻെറ കണക്കുകൾ ജനങ്ങളെ ബോധ്യപ്പെടുത്തുകയെന്നുള്ളത് പഞ്ചായത്തിൻെറ കടമയായി മാറണം. ഇതിനെ ഗ്രാമസഭകളെ ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ സിനിമാതിയ്യറ്ററിൽ നിന്നുള്ള വരുമാനം മാത്രമാണ് വിനോദ നികുതിയിനത്തിൽ ലഭിക്കുന്നത്. ഇത് ശരിയായ തോതിൽ തന്നെ പിരിച്ചെടുക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിൽ സ്ഥിരമായ ടാക്സി സ്റ്റാൻറുകളും ഓട്ടോറിക്ഷാ സ്റ്റാൻറുകളും ഇല്ല. ഇവയെല്ലാം ഇപ്പോൾ പാർക്ക് ചെയ്യുന്നത് പുറമ്പോക്ക് ഭൂമികളിലാണ്. ഈ സാഹചര്യത്തിൽ ടാക്സികളിൽ നിന്നും ഓട്ടോറിക്ഷകളിൽ നിന്നും പാർക്കിങ്ങ് ഫീസ് ചുമത്തിക്കൊണ്ട് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്ത് അതിർത്തികളിൽ വളരെയധികം കേബിൾ ടിവി ഉപയോഗിക്കുന്നവർ ഉള്ളതായി ഗ്രാമസഭയിലെ ചർച്ചയിൽ നിന്ന് മനസിലാക്കുവാൻ സാധിക്കുന്നു. ഇങ്ങനെയുള്ള കേബിൾ ടിവി ഉപഭോക്താക്കൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തേണ്ടതാണ്.

ഇന്ദിരാ വികാസ് പത്ര പോലുള്ള ഡെപ്പോസിറ്റുകൾ വർദ്ധിപ്പിച്ചുകൊണ്ട് അതിൽ നിന്നും പഞ്ചായത്ത് വികസനത്തിന് ലഭിക്കുന്ന വിഹിതം ഇനത്തിൽ നല്ലൊരു തുക സംഘടിപ്പിക്കാവുന്നതാണ്.

വളരെയധികം പുറമ്പോക്ക് ഭൂമികൾ സ്വകാര്യ വ്യക്തികളുടെ അധീനതയിലാണ്. ഇത് അവരിൽ നിന്ന് പിടിച്ചെടുക്കുകയും അതിലുള്ള ഫല വൃക്ഷാദികളിൽ നിന്നുള്ള വരുമാനം പഞ്ചായത്തിൻെറ ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതുമാണ്.

ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻെറ കീഴിൽ അഴീക്കോടുള്ള 7 ഏക്കർ 20 സെൻറ് ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് മുനമ്പം ഹാർബറിൻെറ ഫിഷിങ്ങ് ലാൻറിങ്ങ് സെൻററാക്കി മാറ്റുകയും അതുവഴി പഞ്ചായത്തിന് വരുമാനം വലിയ

തോതിൽ വർദ്ധിപ്പിക്കാവുന്നതുമാണ്. ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻെറ കീഴിൽത്തന്നെയുള്ള ഐസ് ഫാക്ടറിയും കോൾഡ് സ്റ്റോറേജും പഞ്ചായത്തിന് കൈമാറുവാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിൽ വെച്ച് ഏറ്റവും നല്ല സ്ലിപ്‌വേ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തേ ണ്ടതാണ്.

അഴീക്കോട് മുനക്കൽ പ്രദേശം ടൂറിസ്റ്റ് വിനോദകേന്ദ്രമാക്കുവാനുള്ള നടപടി സ്വീകരി ക്കേണ്ടതാണ്. അതുവഴി പഞ്ചായ ത്തിൻെറ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ മൂന്ന് ഷെഡ്യൂൾഡ് ബാങ്കുകളും രണ്ട് പ്രാഥമിക സഹകരണ ബാങ്കുകളും കൊടുങ്ങല്ലൂർ ടൗൺ കോ - ഓപ്പറേറ്റീവ് ബാങ്കിൻെറ രണ്ട് ശാഖകളും ഉണ്ട്. പഞ്ചായത്തിൽ സ്വകാര്യ ഫൈനാൻസിങ്ങ് സ്ഥാപനങ്ങളും കുറികളും വർദ്ധിച്ചുവരുന്നതായി കാണുന്നു. സ്ഥാ പനങ്ങളുടെ വർദ്ധനവിനേക്കാൾ വളരെയ ധികമാണ് വ്യക്തികൾ കൈകാര്യം ചെയ്യുന്ന സ്വകാര്യപണമിടപാടുകൾ ഇത്തരം സ്ഥാപനങ്ങ ളേയും വ്യക്തികളേയും വ്യക്തമായ നിയമ ത്തിൻകീഴിൽ കൊണ്ട് വരേണ്ടതും ഇവരുടെ ചൂഷണത്തിൽ നിന്ന് പാവപ്പെട്ടവരെ രക്ഷിക്കേണ്ട തുമാണ്.

ബാങ്കുകളുടെ ഡെപ്പോസിറ്റുകൾ വർദ്ധിക്കുന്നതായി കാണുന്നു. എന്നാൽ വളരെ കുറഞ്ഞ ശതമാനം വായ്പമാത്രമാണ് പഞ്ചായത്തിൽ വിതരണം ചെയ്യുന്നത്. ഇതിൻെറ തോത് വർദ്ധിപ്പിച്ച് കൊണ്ട് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്നവരുടേയും എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

ഗ്രാമചന്ത, മത്സ്യമാർക്കറ്റ്, മാംസ സംസ്കരണശാലകൾ എന്നിവ പഞ്ചായത്തിൻെറ അധീനതയിൽ സ്ഥാപിച്ചുകൊണ്ട് പഞ്ചായ ത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും.

ഓരോ വാർഡിലേയും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി മനുഷ്യാദ്ധ്വാനവും സാമ്പത്തിക സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഒമ്പതാം പദ്ധതിയിൽ തീരുമാനിക്കുന്ന വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വരുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം.

വളരെ വരുമാനം കുറഞ്ഞിട്ടുള്ള നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ കൂടുതലും ചിലവഴിക്കുന്നത് ഭരണച്ചിലവുകൾക്കാണ്. ചെലവു കളിലെ മറ്റൊരു മുഖ്യയിനം ശുദ്ധജലവിതരണ ത്തിനാണ്. കമ്മ്യൂണിററി ടാപ്പുകൾ സ്ഥാപി ക്കുന്നത് ഇതിനൊരു പരിധിവരെ പരിഹാരമാണ്.

## പ്രശ്നങ്ങൾ

- സ്വന്തമായ വരുമാനമാർഗ്ഗങ്ങൾ വളരെകുറവാണ്.
- ഗവൺമെൻറ് ഗ്രാൻറുകൾ ജനസംഖ്യാ തോതിൽ വിതരണം ചെയ്യുന്നത്.
- ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം പ്രത്യുൽപാദനപരമായി ഉപയോഗിക്കുന്നിവല്ല.
- വിവിധ നികുതികൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നില്ല.
- പുറമ്പോക്ക് ഭൂമികളിലധികവും സ്വകാര്യ വ്യക്തികളുടെ കൈവശമാണ്.
- ബാങ്ക് വായ്പകൾ ഡിപ്പോസിറ്റിന് അനുസൃതമായി വിതരണം ചെയ്യുന്നില്ല.
- ഭരണച്ചെലവുകൾക്ക് കൂടുതൽ തുക ചെലവഴിക്കേണ്ടതായി വരുന്നു.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

- വ്യവസായികരംഗം പുഷ്ടിപ്പെടുത്തണം.
- ഉദ്പാദത്തിലുള്ള മുരടിപ്പിന് പരിഹാരം കാണണം.
- നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്



202

വാർഡ് മെമ്പർമാരുടേയും വാർഡ് വികസന സമിതികളുടേയും സേവനം ഉപയോഗ പ്പെടുത്തണം.

- കെട്ടിട നികുതി പുനർനിർണ്ണയം ചെയ്യണം.
- ടാക്സി, ഓട്ടോറിക്ഷാ സ്റ്റാൻറുകൾ ഏർപ്പെടു ത്തിക്കൊണ്ട് വരുമാനം വർദ്ധിപ്പിക്കാ വുന്നതാണ്.
- കേബിൾ ടിവി ഉപഭോക്താക്കൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തേണ്ടതാണ്.
- പുറമ്പോക്ക് ഭൂമികൾ അളന്ന് തിട്ടപ്പെടുത്തേ ണ്ടതാണ്.
- ഇന്ദിരാ വികാസ് പോലുള്ള ദേശീയ സമ്പാദ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കേണ്ടതാണ്.
- ബാങ്കിൽ നിന്നുള്ള വായ്പാ വിതരണം വർദ്ധിപ്പിക്കേണ്ടതാണ്.
- ജനകീയ പങ്കാളിത്തം വരുന്ന വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുക്കേ ണ്ടതാണ്.

## ടൂറിസം

ഇന്ന് വളരെയേറെ ചർച്ചചെയ്യപ്പെടുന്ന ഒന്നാണല്ലോ ടൂറിസം. നമ്മുടെ പഞ്ചായത്തിലെ പ്രകൃതിരമണീയമായ പ്രദേശങ്ങളേയും ചില ചരി ത്രപ്രസിദ്ധമായ പ്രദേശങ്ങളേയും കോർത്തിണക്കി ഒരു ടൂറിസ്റ്റ് കേന്ദ്രമായി എറിയാട് ഗ്രാമ പഞ്ചായ ത്തിനെ മാറ്റുന്നതിനെക്കുറിച്ച് വളരെ ഗൗരവ ത്തോടെ ആലോചിക്കേണ്ടിയിരിക്കുന്നു. അതിൻെറ ചില സാധ്യതകൾ നമുക്ക് പരിശോ ധിക്കാം.

അറബിക്കടലിൻേറയും പശ്ചിമ ഘട്ടത്തിൽ നിന്ന് ഉൽഭവിച്ച് മലനാടും ഇടനാടും താണ്ടിയെത്തുന്ന പെരിയാറി ൻേറയും തീരത്താണ് എറിയാട് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

പൗരാണിക ചരിത്രപ്രസിദ്ധമായ മുസരീസ് തുറമുഖം ഈ പ്രദേശത്തായിരുന്നു. പെരിയാറിലുണ്ടായ വെള്ളപ്പൊക്കത്തിൻെറ പരി ണിത ഫലമായിരുന്നു ഈ തുറമുഖത്തിൻെറ നാശം. കേരളത്തിലെ പ്രധാന രാജവംശമായിരു ന്ന ചേരൻമാരുടെ ഭരണ തലസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിൻെറ ഭാഗം തന്നെയായിരുന്നു ഈ ഭൂപ്രദേശം.

പ്രകൃതിദത്തമായ അഴിമുഖവും അഞ്ചുകിലോമീറ്ററോളം നീളമുള്ള കടപ്പുറവും വള രെയേറെ ആളുകളെ ആകർഷിക്കുന്നു. അഴി ക്കോട് മുനക്കൽ ഭാഗത്തെ ഒലിമുട്ടും ചൂളക്കാടു കളും ചീനവലകളും ഈപ്രദേശത്തെ മനോഹര മാക്കുന്നു. കൊടുങ്ങല്ലൂരിൽ നിന്ന് എട്ട് കിലോ മീററോളം മാത്രം ദൂരമുള്ളതിനാൽ നിരവധി ആളു കളെ ഇങ്ങോട്ട് ആകർഷിക്കാൻ കഴിയും.

ക്രിസ്തുമത പ്രചരണവുമായി ഇൻഡ്യ യിലെത്തിയ വിശുദ്ധ തോമാസ് സ്ലീഹ എ. ഡി. 52ൽ കപ്പലിറങ്ങിയത് അഴീക്കോടാണെന്ന് ചരി ത്രരേഖകൾ പറയുന്നു. അദ്ദേഹത്തിൻെറ ഭൗതി കാവശിഷ്ടം (തിരുശേഷിപ്പ്) സൂക്ഷിച്ചിരിക്കുന്ന ഈ പള്ളി കേരളത്തിലെ പ്രധാന തീർത്ഥാ ടനകേന്ദ്രമാണ്. പെരിയാറിൻെറ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ പള്ളി സന്ദർശിക്കാനെത്തുന്നവർക്ക് പെരിയാറിൽകൂടെയുള്ള ബോട്ട്യാത്രനല്ലൊരു അനുഭവമായിരിക്കും. അതുകൊണ്ട് ബോട്ട് യാത്ര കൾക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തണം.

അഴീക്കോട് നിന്ന് പെരിയാറിലൂടെ കിഴ ക്കോട്ട് ഏകദേശം 3 കിമി. സഞ്ചരിച്ചാൽ ടിപ്പു സുൽത്താൻെറ പടയോട്ടവുമായി ചരിത്രബന്ധമുള്ള കൃഷ്ണൻകോട്ടയിൽ എത്താം. പെരിയാറിലൂടെ ഏ കദേശം ഒരു കി. മി. സഞ്ചരിച്ചാൽ അഴീക്കോടിൻെറ തൊട്ടടുത്ത ജില്ലയായ എറണാകുളത്തെ പള്ളിപ്പുറം കോട്ടയിലെത്താം. കൃഷ്ണൻകോട്ടയിൽ നിന്നും പുഴയുടെ അടിയിലൂടെ പള്ളിപ്പുറം കോട്ടയിലേക്ക് തുരങ്കമുണ്ടെന്ന് പറയപ്പെടുന്നു.

പെരിയാറും അറബിക്കടലും സംഗമിക്കുന്ന അഴിമുഖം ഗ്രാമപഞ്ചായത്തിന്റെ തെക്കേ അറ്റത്താണ്. അഴിമുഖത്തേക്കുള്ള ബോട്ട് യാത്ര നല്ല അനുഭവമായിരിക്കും. കടലിലൂടെ ഒരു കിലോമീറ്ററോളം കേറിക്കിടക്കുന്ന ഒലിമുട്ടിലൂടെയുള്ള സഞ്ചാരവും, സൂര്യാസ്തമയം കാണുവാനുള്ള സൗകര്യവും ഉപയോഗപ്പെടുത്തിയാൽ കൂടുതലായി സഞ്ചാരികളെ ഈ ഭാഗത്തേക്ക് ആകർഷിക്കുവാൻ കഴിയും.

കടപ്പുറം ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കേണ്ടതാണ്. മുനക്കൽ ഭാഗത്തുനിന്ന് ഏകദേശം രണ്ട് കി. മി. നടന്നാൽ പെരിയാർ ലൈറ്റ് ഹൗസിലെത്താം. ഇന്ന് ഇത് ഒട്ടനവധി പ്രാദേശിക സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ഇതിന്റെ മുകളിൽ നിന്നുള്ള കാഴ്ച ആഹ്ലാദകരമാണ്. മുനക്കൽ പ്രദേശം മുതൽ അറപ്പപ്പുറംവരെയുള്ള തീരദേശത്തിൽ കൂടെ റോഡ് നിർമ്മിച്ചാൽ അത് ടൂറിസ്റ്റ് വികസനത്തിനുള്ള ഒരു ചുവടുവയ്പായിരിക്കും.

## പ്രശ്നങ്ങൾ

1. മത്സ്യം ഉണക്കുന്നതിന് കടപ്പുറം ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന പരിസരമലിനീകരണം.
2. ടൂറിസ്റ്റുകൾക്ക് വിശ്രമിക്കാനുള്ള സൗകര്യക്കുറവ്.
3. സാമൂഹ്യവിരുദ്ധരുടെ നേതൃത്വത്തിൽ മയക്കുമരുന്ന് വിൽപ്പന.
4. ചൂളമരങ്ങൾ വെട്ടുന്നതുമൂലം ചൂളക്കാടിന്റെ മനോഹാരിത നഷ്ട പ്പെടുന്നു.
5. ബോട്ട് യാത്രക്കുള്ള സൗകര്യമില്ലായ്മ.
6. വൈദ്യുത സൗകര്യങ്ങളുടെ കുറവ്.

## പരിഹാരങ്ങൾ, സാധ്യതകൾ

1. പച്ചമത്സ്യം വളമായി ഉപയോഗിക്കുന്നതിനുള്ള പുത്തൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക.
2. വിശ്രമിക്കുന്നതിന് ആവശ്യമായ സിമന്റ് ബെഞ്ചുകൾ നിർമ്മിക്കുക.
3. പ്രാദേശികമായ ഇടപെടലുകളിലൂടെയും അധികാരികളുടെ ഇടപെടലുകളിലൂടെയും സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം പരിഹരിക്കാം.
4. പ്രധാനകേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ബോട്ട് സർവ്വീസ് ആരംഭിക്കേണ്ടതാണ്.
5. ഇളനീർപാർലർ, ലഘുഭക്ഷണശാല തുടങ്ങിയ സൗകര്യങ്ങളേർപ്പെടുത്തണം.
6. ശംഖ്, കക്ക, ചിപ്പി തുടങ്ങിയവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിച്ച് വിൽപ്പന നടത്താൻ കഴിയും.
7. കടപ്പുറത്ത് വൈദ്യുതദീപങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇതിനുള്ള വൈദ്യുതി സൗരോർജ്ജമോ, കാറ്റോ ഉപയോഗിച്ച് ഉണ്ടാക്കണം.



204

6

# ഉപസംഹാരം

ഇന്ന് നമ്മുടെ സമൂഹത്തിലുള്ള വികസന സമീപനം അശാസ്ത്രീയവും വികലവും ജനവിരുദ്ധവുമാണ്. കലുങ്കും, റോഡും, പാലവും, കുടിവെള്ളവുമായാൽ വികസനമായി എന്നുള്ള ധാരണ എവിടേയും കാണുന്നു. കാർഷിക വ്യവസായിക മേഖലയിലെ ഉൽപാദന പ്രക്രിയ ഈ കാഴ്ചപ്പാടിൽ അന്യം നിൽക്കുകയാണ്.

ഇതുവരെ നടന്നിട്ടുള്ള ആസൂത്രണ പ്രക്രിയ വിവിധ ഡിപ്പാർട്ടുമെൻറുകളുടെ 'വെള്ളം കയറാത്ത അറകളിൽ' കുരുങ്ങിക്കിടക്കുകയായിരുന്നു. ഈ നില മാറിയേതീരൂ. എവിടേയും അഴിമതി സാർവത്രികമായി നിലകൊള്ളുന്ന അവസ്ഥയിൽ നിന്ന് വികസനരംഗം മോചിക്കപ്പെടണം. അതിനുള്ള മാർഗ്ഗം നമ്മുടെ കയ്യിലുള്ള ജനപങ്കാളിത്തം മാത്രമാണ്.

പദ്ധതികൾ നടപ്പാക്കുമ്പോൾ പൂർണ്ണമായി വസ്തുനിഷ്ഠസമീപനം സ്വീകരിക്കാൻ കഴിയണം. സാമൂഹ്യരാഷ്ട്രീയ രംഗത്തുള്ള എല്ലാ തർക്കങ്ങൾക്കും കാരണം പ്രശ്നങ്ങളെ വസ്തുനിഷ്ടമായി വിലയിരുത്താത്തതാണ്. തെളിവിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്നതോടെ തർക്കവിതർക്കങ്ങൾ ഇല്ലാതാകും, ഐക്യം ഉണ്ടാകുകയും ചെയ്യും.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. വികസന സെമിനാറിൻെറ സമാപനത്തോടെ നാമുണ്ടാക്കുന്ന വിദഗ്ധസമിതികൾക്ക് ഓരോ വിഷയത്തിലേയും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്താൻ കഴിയും. സർക്കാർ നൽകുന്ന 40% പദ്ധതിവിഹിതം ഏകദേശം 5,920 കോടി രൂപയാണ്. ഇതിൻെറ പകുതി 2,960 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്ക് കിട്ടാനിടയുണ്ട്. അതിൻെറ കൂടെ 25% ജന വിഹിതം ലഭിക്കാൻ സാധ്യതയുണ്ട്. പ്രതിവർഷം ഓരോ പഞ്ചായത്തിനും ഏകദേശം 73 ലക്ഷം രൂപ ലഭിക്കാനിടയുണ്ട്. ഇത് നമ്മുടെ വികസനരംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് കാരണമാകും.

അടിത്തട്ടിൽ നിന്ന് തുടങ്ങുന്ന ആസൂത്രണപ്രക്രിയയിലൂടെ പുതിയ വികസന സംസ്കാരത്തിൻെറ മുന്നേറ്റം നമ്മുടെ നാട്ടിൽ ജനകീയ പദ്ധതികളെ ശീഘ്രഗതിയിൽ ഫലപ്രദമായി നടത്തുന്നതിനുള്ള ജനകീയ ആയുധമായിമാറാൻ പോകുകയാണ്.

ആയതിനാൽ നമ്മുടെ പഞ്ചായത്തിൻെറ വികസന റിപ്പോർട്ട് വിശദമായി പരിശോധിച്ച് ഗൗരവത്തോടെ ചർച്ച ചെയ്ത് സമ്പുഷ്ടമാക്കി നിർദ്ദേശങ്ങൾ സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ.

കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ ഒററക്കെട്ടായി വികസന രാഷ്ട്രീയത്തിൽ പങ്കാളികളായാൽ യഥാർത്ഥ ജനകീയ രാഷ്ട്രീയം ഉയർന്നുവരുമെന്നുള്ളത് സ്വാഭാവികമാണ്. ഓരോ വാർഡിലും അയൽകൂട്ടങ്ങളെ സജീവമാക്കി ഗ്രാമസഭകളിലൂടെ ഗ്രാമവികസനത്തിനൊരു വേലിയേററം സൃഷ്ടിക്കാൻ നമുക്ക് കഴിയണം.

ഈ വലിയ സ്വപ്നങ്ങളും പ്രതീക്ഷകളും നിറവേറ്റാൻ സമീപ കാലത്ത് തന്നെ കഴിയുമെന്ന പ്രത്യാശയോടെ പഞ്ചായത്ത് വികസന റിപ്പോർട്ട് എറിയാട് ഗ്രാമപഞ്ചായത്ത് വികസന സെമിനാറിൽ എത്തിയ മാന്യ അംഗങ്ങളുടെ മുമ്പാകെ വിശദമായ പരിശോധനക്കും ചർച്ചക്കും കൂട്ടിച്ചേർക്കലിനും വേണ്ടി സമർപ്പിക്കുന്നു.

ശ്രീമതി. എസ്സ്. എം. സുബൈദ,
പ്രസിഡൻറ്,
എറിയാട് ഗ്രാമപഞ്ചായത്ത്.

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

## കൃഷി ജലസേചനം

കെ. സി. സലാഹുദ്ദീൻ മാസ്റ്റർ
അഡ്വ. എ. കെ. കെ. നയന
എൻ. എ. മുഹമ്മദ്
വി. ആർ. പ്രതാപൻ
പി. വി. സജിത
റൈഹാനത്ത് സുലൈമാൻ
എം.. എ. മുഹമ്മദാലി
കെ. എ. അബ്ദുൾസലാം
വി. കെ. ബാലചന്ദ്രൻ

## മത്സ്യബന്ധനം മൃഗസംരക്ഷണം

കെ. എം. അബ്ദു
കെ. എസ്. സുനിൽകുമാർ
കെ. ഡി. സന്തോഷ്
അംബുജാക്ഷിക്കുട്ടൻ
ടി. പി. റഹിം
കെ. എ. രാമൻ
ഡോ. സാബു

## വിദ്യാഭ്യാസം

എൻ. എ. ഗുലാം മുഹമ്മദ്.
സി. എ. നസ്സീർമാസ്റ്റർ
ഏ. കെ. അബൂബക്കർ മാസ്റ്റർ
അയ്യൂബ് മാസ്റ്റർ
മൊയ്തീൻ മാസ്റ്റർ
പ്രൊഫ. കുഞ്ഞിപോക്കർ കുട്ടി
സീനത്ത് ടീച്ചർ
അബ്ദുൾ ഖാദർ മാസ്റ്റർ
കെ. എം. അലി

## ആരോഗ്യം കുടിവെള്ളം

പി. പി. സദാനന്ദൻ
എം. കെ. മുഹമ്മദ് കാസിം
ഡോ. കെ. എൻ. പ്രശോഭിതൻ
ഡോ. എൻ. എ. നസ്റുള്ള
എം. എ. ശാന്ത ടീച്ചർ

## റോഡ്, ഊർജ്ജം, മാർക്കറ്റ്,

കുഞ്ഞി മൊയ്തീൻ
അബ്ദുൾ ഖാദർ കെ. എം.
ശശീന്ദ്രൻ ഓ. എസ്.
കെ. കെ. അബു.

## പാർപ്പിടം സാമൂഹ്യക്ഷേമം

പി. കെ. ഷംസുദ്ദീൻ


THANKS - TIP TOP OFFSET PRINTERS


206

ടി. കെ. സ്കന്ദകുമാർ
എ. കെ. ഉണ്ണികൃഷ്ണൻ
ഇ. ഡി. ഫ്രാൻസിസ്
പി. എം. ലിയാക്കത്തലി
ഉമൈബ അബ്ദുക്കുഞ്ഞി

## സംസ്കാരം, കായികരംഗം

ഇന്ദിരാവിദ്യാധരൻ
കെ. എ. നൗഷാദ്
ബേബി ജനാർദ്ധനൻ

## വ്യവസായം

പി. കെ. അബ്ദുൾറഹിം
എം. എ. സദാനന്ദൻ
പി. എം. റഫീക്ക് റഹ്മാൻ

## വനിതാക്ഷേമം

പി. കെ. ശാരദ
സി. കെ. മണി
വി. കെ. ബാലചന്ദ്രൻ
കൊച്ചുത്രേസ്യ ചീക്കു
എയ്ഞ്ചൽ മേരി
സി. കെ. സതീദേവി
ബേബി ശിവദാസൻ
വി. എ. രാധ

## സഹകരണം

എ. എ. നൗഫൽ
ഗിരിജാ പുഷ്പരാജൻ
പുഷ്പ രാജൻ

## പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

ഏ. കെ. ചന്ദ്രൻ
ശിവദാസൻ
എൻ. എം. ജലീൽ

## വിഭവ സമാഹരണം

ഇ. എം. അബ്ദുക്കുഞ്ഞി മാസ്റ്റർ
അഡ്വ. പി. എം. ഹാരിസ്
എം. കെ. കുഞ്ഞബു
ഏ. ബി. മുഹമ്മദ് സഗീർ

## ചരിത്രം നാട്ടറിവ്

എം. ആർ. സുനിൽ ദത്ത്.
പി. പി. സദാനന്ദൻ
സി. എ. നസീർ മാസ്റ്റർ

## ഗ്രാമപഠനം

തുളസി
ശാന്തിലാൽ ടി. കെ.
ബിന്ദു കെ. എൻ.

# പ്രാദേശിക വികസനത്തിന്റെ സാദ്ധ്യതകൾ



മേത്തല ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട്

209

# നന്ദി

കവർ : വി.പി.സുനിൽകുമാർ
ലേ ഔട്ട്: കൃഷ്ണകുമാർ
സാങ്കേതികസഹായം : സിദ്ധിക്

# മേത്തല ഗ്രാമ പഞ്ചായത്ത്

| | |
|---|---|
| വില്ലേജ് | മേത്തല |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | മൂന്ന് |
| ബ്ലോക്ക് പഞ്ചായത്ത് | കൊടുങ്ങല്ലൂർ |
| താലൂക്ക് | കൊടുങ്ങല്ലൂർ |
| ജില്ല | തൃശ്ശൂർ |
| അസംബ്ലി മണ്ഡലം | കൊടുങ്ങല്ലൂർ |
| വിസ്തീർണ്ണം | 11.66 ച.കി.മീ. |
| | അതിരുകൾ |
| തെക്ക് | കൊടുങ്ങല്ലൂർ കായൽ |
| കിഴക്ക് | കനോലി കനാൽ |
| വടക്ക് | കൊടുങ്ങല്ലൂർ മുനിസിപ്പാലിററിയും എറിയാട് പഞ്ചായത്തും |
| പടിഞ്ഞാറ് | പടന്ന-പെരുംതോട് |
| ജനസംഖ്യ | 33,887 |
| സ്ത്രീകൾ | 17,558 |
| പുരുഷന്മാർ | 16,329 |
| വാർഡുകൾ | 13 |
| പ്രസിഡണ്ട് | കെ.ഡി. കുഞ്ഞപ്പൻ |
| വൈസ്പ്രസിഡണ്ട് | കെ.എസ്. അലി |
| സെക്രട്ടറി | വി.വി. ഉണ്ണികൃഷ്ണൻ |
| പഞ്ചായത്ത് രൂപം കൊണ്ട വർഷം | 1962 |

## കേന്ദ്ര-കേരള സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ

ലാന്റ് ട്രൈബ്യൂണൽ ഓഫീസ് ● പോളി ക്ലിനിക് ● പഞ്ചായത്ത് ഓഫീസ് ● കൃഷിഭവൻ ● വില്ലേജ് ഓഫീസ് ● വി.ഇ.ഒ ഓഫീസുകൾ ● ഇലക്ട്രിസിററി സബ്ഡിവിഷൻ ഓഫീസ് ● കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ ● ശൃംഗപുരം കോട്ടപ്പുറം, അഞ്ചപ്പാലം, കണ്ടംകുളം, ആനാപ്പുഴ പോസ്റ്റോഫീസുകൾ പ്രൈമറി ഹെൽത്ത് സെന്റർ ● ആയുർവ്വേദ ആശുപത്രി ആനാപ്പുഴ ● വിദ്യാലയങ്ങൾ - 17 ● സർക്കാർ - 5 എയ്ഡഡ് - 8 ● അൺഎയ്ഡഡ് - 3 ● സഹകരണ ട്രെയിനിംഗ് കോളേജ് - 1

| | |
|---|---|
| പി.സി. ചാക്കോ | എം.പി. |
| പ്രൊഫ. മീനാക്ഷി തമ്പാൻ | എം.എൽ.എ. |
| കെ.എച്ച്. നാസിമുദ്ദീൻ | ജില്ലാപഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ |
| വി.സി. ജോസഫ് | കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ |
| കെ.ആർ. അപ്പുക്കുട്ടൻ | ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ |
| എം.എൻ. രാമകൃഷ്ണൻ | ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡണ്ട്. |

## ഉള്ളടക്കം


പഞ്ചായത്തംഗങ്ങളും വാർഡുകളും ... 6
നല്ലതുടക്കം ... 9
നഗരത്തിന്റെ ആധുനികത ... 11
മണ്ണും മനുഷ്യരും ... 18
കൃഷി ... 20
ജലമാനേജ്മെന്റ് ... 25
മൃഗസംരക്ഷണം ... 30
മത്സ്യബന്ധനം ... 36
വ്യവസായം ... 41
മാർക്കററ് ... 44
ഊർജ്ജം ... 47
വാർത്താവിനിമയം ... 50
ആരോഗ്യം ... 51
കുടിവെള്ളം ... 55
പാർപ്പിടം ... 57
സാമൂഹ്യക്ഷേമം ... 61
വിദ്യാഭ്യാസം ... 64
സംസ്കാരം ... 69
കായികം ... 72
സഹകരണമേഖല ... 75
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം ... 77
ഗതാഗതം ... 81
വനിത ... 85
വിഭവസമാഹരണം ... 89
പോരായ്മകൾ ... 93
ഇനിയെന്ത്? ... 94


വികസന റിപ്പോർട്ടിന് ഒരു അടിക്കുറിപ്പ് പേജ് 7

213

സമഗ്രഗ്രാമവികസനം നമ്മുടെ ലക്ഷ്യം
ഗ്രാമവികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല

214

## മേത്തല ഗ്രാമപഞ്ചായത്ത്
## ആഫീസ് ജീവനക്കാർ

| | | | |
|---|---|---|---|
| 1. | എ.സി. ഉമാദിയ | ... | ജൂനിയർ സൂപ്രണ്ട്. |
| 2. | എം.ബി. തങ്കമ്മ | ... | അസിസ്റ്റൻറ് എൻജിനിയർ |
| 3. | പി.കെ. ആമി | ... | യു.ഡി. ക്ലാർക്ക് |
| 4. | കെ.ആർ. സബത്ത് | ... | .. .. |
| 5. | പി. ശിവപ്രസാദ് | ... | .. .. |
| 6. | കെ.കെ. അബൂബക്കർ | ... | .. .. |
| 7. | കെ.വി. ബാലകൃഷ്ണൻ | ... | എൽ.ഡി. ക്ലാർക്ക് |
| 8. | ഇ.കെ. ജോസഫ് ഫ്രാങ്ക്ളിൻ | ... | .. .. |
| 9. | വി.പി. ജോസ | ... | .. .. |
| 10. | വി.ജെ. ഷീജോ | ... | .. .. |
| 11. | എം.എസ്. ഡീന | ... | ഫുൾ ടൈം ലൈബ്രേറിയൻ |
| 12. | എൻ.വി. ലളിത | ... | പ്യൂൺ |
| 13. | എം.കെ. തങ്കമണി | ... | .. |
| 14. | കെ.ഡി. അമ്മാളു | ... | ഫുൾടൈം സ്കാവഞ്ചർ |
| 15. | കെ.കെ. സുലോചന | ... | ഫുൾടൈം സ്വീപ്പർ |
| 16. | ടി.എ. കൃഷ്ണൻ | ... | .. .. |
| 17. | വി.വി. ദേവകി | ... | .. .. |
| 18. | സി.വി. മേരി | ... | പാർടൈം സ്വീപ്പർ |

മേത്തല ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ

| | |
|---|---|
| I | M.V. മോളി |
| II | മഹേശ്വരി രാധാകൃഷ്ണൻ |
| III | P.C. ചന്ദ്രൻ |
| IV | K.D. കുഞ്ഞപ്പൻ |
| V | C.P. എലിസബത്ത് |
| VI | ചന്ദ്രികാശിവരാമൻ |
| VII | K.H. വിശ്വനാഥൻ |
| VIII | R.P. മേനോൻ |
| IX | K.S. അലി |
| X | K.R. സുഭാഷ് |
| XI | M.A. ഉഷാദേവി |
| XII | K.A. തുഫ്രൻ |
| XIII | T.B. കൃഷ്നുണ്ണി |

# മേത്തല ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ടിന് ഒരു അടിക്കുറിപ്പ്

അവരവരുടെ നിലപാടിൽ നിന്നുകൊണ്ടുതന്നെ പൊതുവായ വികസനത്തിൽ ജനങ്ങളെ പങ്കെടുപ്പിക്കുക എന്ന ജനകീയാസൂത്രണത്തിനു യോജിക്കാത്ത വിവാദപരമായ പരാമർശങ്ങൾ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൊടുങ്ങല്ലൂർ ഗുരുകുലവുമായി ബന്ധപ്പെട്ട ചില പേരുകൾ വിട്ടുപോയിട്ടുണ്ട് : മഹാമഹോപാദ്ധ്യായ ഗോദവർമ്മവലിയരാജ (ഭട്ടൻ തമ്പുരാൻ), പണ്ഡിറ്റ് രാമസ്വാമി ശാസ്ത്രി, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കാത്തോളിൽ അച്ചുതമേനോൻ, താർക്കിക തിലകം മാനിട്ട കുഞ്ഞുമ്പൂതിരി, കൊച്ചു ഇക്കാവു തമ്പുരാട്ടി ഇവരെ ആദരപൂർവ്വം സ്മരിക്കുന്നു. സാമൂഹ്യ-രാഷ്ട്രീയരംഗങ്ങളിൽ പ്രവർത്തിച്ചവരുടെ കൂട്ടത്തിൽ സർദ്ദാർ ഗോപാലകൃഷ്ണനും, വി.കെ. ഗോപാലനും ഉണ്ടായിരുന്നു എന്ന കാര്യം വിസ്മരിക്കുന്നില്ല. വിഖ്യാതചിത്രകാരനായിരുന്ന ആർട്ടിസ്റ്റ് മാധവ മേനോനെയും.

നാലു പതിറ്റാണ്ടുകാലത്തെ മേത്തല പഞ്ചായത്തിന്റെ ചരിത്രം വികസന റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. അതിവിടെ ചേർക്കുന്നു.

1962ലാണ് മേത്തല പഞ്ചായത്ത് നിലവിൽ വന്നത്. (അതിനുമുമ്പ് കൊടുങ്ങല്ലൂർ പഞ്ചായത്തിലായിരുന്നു) വി.വി. കൃഷ്ണൻ മാസ്റ്ററായിരുന്നു പ്രസിഡണ്ട്. കക്ഷിരഹിത പഞ്ചായത്തെന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ 1963ലാണ് ആദ്യത്തെ തെരഞ്ഞെടുപ്പ് നടന്നത്. കെ.എം. നാരായണൻ വൈദ്യരായിരുന്നു പ്രസിഡണ്ട്. കെ. ശങ്കരപ്പണിക്കർ വൈസ് പ്രസിഡണ്ടും. 16 വർഷക്കാലം ഈ ഭരണ സമിതി അധികാരത്തിലിരുന്നു. വനിതാ പ്രാതിനിധ്യം നടപ്പാക്കുക എന്നതിന്റെ തുടക്കമായി കുഞ്ഞിക്കുട്ടി തമ്പുരാട്ടിയെ പഞ്ചായത്ത് സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്തു. 1979ൽ രണ്ടാമത്തെ തെരഞ്ഞെടുപ്പു നടന്നു. 11 വാർഡുകളുണ്ടായിരുന്ന പഞ്ചായത്തിന്റെ പ്രസിഡണ്ടായി അമ്പാടി വേണുവും, വൈസ്പ്രസിഡണ്ടായി കെ.എച്ച്. വിശ്വനാഥനും തെരഞ്ഞെടുക്കപ്പെട്ടു. ( വിശ്വനാഥൻ പിന്നീട് രാജിവെയ്ക്കുകയും എം വേലായുധൻ മാസ്റ്റർ വൈസ്പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു) 1988ൽ മൂന്നാമത് തെരഞ്ഞെടുപ്പുനടന്നപ്പോൾ വാർഡുകൾ പന്ത്രണ്ടായി വർദ്ധിച്ചു. വനിതാ പ്രാതിനിധ്യം രണ്ട് ആയി പി.എസ്സ്. ഉണ്ണികൃഷ്ണൻ പ്രസിഡണ്ടും. കെ.ഡി. കുഞ്ഞപ്പൻ വൈസ് പ്രസിഡണ്ടുമായി തെരഞ്ഞെടുക്കപ്പെട്ടു രണ്ടര വർഷം കഴിഞ്ഞപ്പോൾ ഇരുവരും തങ്ങളുടെ സ്ഥാനങ്ങൾ ഒഴിയുകയും കെ.ആർ. സുഭാഷും. കെ. മിടുക്കൻ രാജയും യഥാക്രമം പ്രസിഡണ്ടും വൈസ്പ്രസിഡണ്ടുമായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. (കെ.മിടുക്കൻ രാജ നിര്യാതനായ ഒഴിവിൽ ആർ.പി. മേനോൻ വൈസ്പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു) 1995ലാണ് നാലാമത്തെ തെരഞ്ഞെടുപ്പ് നടന്നത്. വാർഡുകളുടെ എണ്ണം 13 ആയി വനിതാ പ്രാതിനിധ്യം അഞ്ചായി വർദ്ധിച്ചു. കെ.ഡി കുഞ്ഞപ്പൻ പ്രസിഡണ്ടായും കെ.എസ്. അലി വൈസ്പ്രസിഡണ്ടായും ടി.ബി. കൃഷ്ണനുണ്ണി സ്റ്റാൻറിംഗ് കമ്മിററി ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു.

സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഉൽപ്പാദന രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന മേത്തലപഞ്ചായത്തിന്റെ വികസനത്തിന് രണ്ടോ. മൂന്നോ വൻകിട വ്യവസായങ്ങളാണ് ആവശ്യം.

മേത്തല
26-11-1996

പ്രൊഫ. ആർ. പി. മേനോൻ
എം.എ. ഉഷാദേവി

## നല്ലതുടക്കം

കേന്ദ്രീകൃത ആസൂത്രണത്തിൻേറയും സ്റ്റേററിസത്തിൻേറയും ദുരന്താനുഭവങ്ങൾ സാമാന്യവൽക്കരിക്കുന്നതിൽ വിദഗ്ദർ വേവലാതിപ്പെടുന്ന ഘട്ടത്തിലാണ് കേരളത്തിൻെറ പ്രാദേശികാസൂത്രണം ഒരു പഞ്ചവത്സരപദ്ധതിയുടെ പ്രായോഗിക സാധ്യതകളിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളത്. ആസൂത്രണത്തിൻെറ സംഘടനാസമ്പ്രദായം ജനാധിപത്യപരമാണെങ്കിലും ഇതിൻെറ 'ഗുണഫലങ്ങളുടെ തുല്യ വിതരണം' ഒരു സൈദ്ധാന്തിക വിഷയമായി ഇനിയും തുടർന്നേക്കും.

ജനകീയാസൂത്രണം ഒരു പ്രസ്ഥാനമായി തീർന്നിട്ടുള്ള ഈ രണ്ടാംഘട്ടത്തിൽ, മലയാളി കൂട്ടമായി ഉയർത്തിയ 'പ്രശ്നങ്ങളിലും ആഗ്രഹങ്ങളിലും' പരിഹാരസാധ്യതകളുടെ ബീജരൂപങ്ങൾ കൂടിയുണ്ട്.

പ്രാദേശികാസൂത്രണത്തിൻെറ സ്ഥിരം ശൈലി 'അവിടെയും ഇവിടേയും കുറേ പണിനടത്തൽ', ഈ നാട്ടിൽ 'ഇതല്ലാതെ പുതുതായി ഒന്നും നടക്കാൻ പോണില്ല എന്ന യാഥാർത്ഥ്യബോധം (!) ഇവയെല്ലാം മാറിവരികയാണ്.

വാട്ടർ ടാപ്പിനും പകരം വാട്ടർ ടാങ്കും, നാലുസെൻറുകോളനികൾക്കുപകരം ഫ്ലാററുകളും 'എൻെറ വീടിനു മുന്നിലുള്ള റോഡിനുപകരം റെയിൽവെ ലൈനും' നിർദ്ദേശിക്കുന്ന ഗ്രാമീണ ജനത! അവർക്കൊപ്പം ഉയരാൻ കഴിയുന്ന കർമ്മസേനയും, വിദഗ്ധരും, ആസൂത്രണസമിതിയും ആയിരിക്കും ജനകീയാസൂത്രണത്തിൻെറ അടുത്ത ഘട്ടത്തിൻെറ വിജയസൂചനകൾ. മുൻഗണനാക്രമത്തെക്കുറിച്ചുള്ള ഒഴുക്കൻ താക്കീതുകൾ ഉണരുന്ന ജനതയുടെ മുൻകൈ തളർത്തിക്കൂടാത്തതാണ്.

218

ആശയററ സമൂഹത്തിൻെറ ഓർമ്മകളിൽ വളർന്നുകൊണ്ടേയിരിക്കുന്ന 'പുലർച്ചകല്ലി'ൻെറ സജീവസാന്നിദ്ധ്യത്തിലാണ് ഞങ്ങൾ മേത്തലക്കാർ 'പഠനപര്യടനം' ആരംഭിച്ചത്.

ഇന്ന് പോളിക്ലിനിക് സ്ഥിതിചെയ്യുന്ന പ്രദേശത്തുകൂടെ നടന്നുപോയ സ്വാമി വിവേകാന്ദൻ, സംസ്കൃതത്തിൽ സംസാരിച്ച തമ്പുരാട്ടികളെക്കുറിച്ച് അത്ഭുതം കൂറിയത്രെ ! ആര്യഭടൻ കണ്ട അതേ ആകാശത്തിൻ കീഴിലാണ് മടലടിയന്ത്രത്തിൻെറ ജ്യാമതീയ അളവുകൾ കണ്ടെത്തിയത്.

തരംതാണ ഒരു അഹങ്കാരത്തിനപ്പുറം ഈ ഓർമ്മകൾക്ക് പ്രാധാന്യമുണ്ട്. ഇന്ന് മേത്തലയിൽ ഒരു ഹൈടെക് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കണമെന്ന ആവശ്യം നാം ഉന്നയിക്കുമ്പോൾ, അല്ലെങ്കിൽ അസാധ്യമെന്ന് തോന്നുന്ന ഏത് ആവശ്യവും ചിന്തകളായി ഒടുങ്ങാതിരിക്കാൻ സ്വന്തം ഗ്രാമചരിത്രത്തിൻെറ സൂക്ഷ്മത നമ്മെ സഹായിച്ചേക്കും.

പഴയതെല്ലാം നല്ലതല്ലെന്ന് ഉറപ്പാണ്. സംഭവിച്ചിരിക്കുന്ന പുതിയ 'ചീത്തക്കാര്യങ്ങൾ' ഏറെയുണ്ട്. സ്ത്രീക്ഷേമത്തിലും ന്യൂനപക്ഷ സംരക്ഷണത്തിലും പട്ടികജാതിക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിലും ഇന്ന് നാം കണ്ടെത്തിയ പുതിയ കാര്യങ്ങളിൽ നിന്ന് നമുക്ക് വീണ്ടും തുടങ്ങാം.

പ്രാദേശിക സൂക്ഷ്മചരിത്രപഠനം ഒരു പ്രയോഗം കൂടിയാണ്. പഠനപര്യടനങ്ങളിലൂടെ നാം കണ്ടെത്തിയ വസ്തുതകൾ- നാട്ടിൽനിന്ന് ഒളിച്ച് പോയെന്ന് ധരിച്ച കുററിപാണൽ, ഒരു കാറ്റുവീഴ്ചയ്ക്ക് അടുക്കാൻ പററിയ തൈതെങ്ങുകൾ, അന്തൂറിയത്തിനും, ഓർക്കിഡിനും വിളിപ്പാടകലെമാത്രം വളരുന്ന ഇലവും ചന്ദനമരങ്ങളും ! (നമ്മുടെ കോട്ടയിലെ വനം)

രാജാകേശവദാസൻ പുതുക്കിപണിതിട്ടും ഒരു ഓർമ്മകുറിപ്പിൻെറ വൈകാരികതയോടെ ജൈവവൈവിദ്ധ്യങ്ങളും പേറിനിൽക്കുന്ന ഈ സ്മരണയുടെ അടച്ചിട്ട കവാടം ഒരു കൂട്ടുചേർന്ന പഠനത്തിലൂടെ നമുക്കൊരിക്കൽ തുറക്കേണ്ടതുണ്ട്.

219

## നഗരത്തിന്റെ ആധുനികത

മേത്തല പഞ്ചായത്തിന്റെ ചരിത്രവും സംസ്കാരവും കൊടുങ്ങല്ലൂരിന്റേതിൽ നിന്ന് ഇഴപിരിക്കാനാവില്ല. വളരെയ
ധികം പഴക്കമുളള ഒരു നഗരമായിട്ടാണ് കൊടുങ്ങല്ലൂർ അറിയപ്പെടുന്നത്. പഴംതമിഴ് പാട്ടുകളുടെ കാലം മുതൽക്കേ
മുചിരി എന്ന പേരിൽ അറിയപ്പെട്ട കൽത്തുറയാണ് മദ്ധ്യയുഗങ്ങളിൽ മുയിരിക്കോട്ടും, കൊടുംങ്കോളൂരും, മഹോ
ദയപുരവുമായി രൂപവും ഭാവവും മാറിവന്നത്. 1341ലെ വെളളപ്പൊക്കം വരെ പശ്ചിമതീരത്തെ പ്രമുഖ തുറമുഖമാ
യിരുന്നു കൊടുങ്ങല്ലൂർ. ചേര സാമ്രാജ്യത്തിന്റെ തലസ്ഥാനമെന്ന നിലയിലും അറിയപെട്ടിരുന്നു. പെരുമാക്കൻമാ
രുടെ കാലത്തിനുശേഷം കൊടുങ്ങല്ലൂരിന് പഴയ പ്രശസ്തി വീണ്ടെടുക്കാൻ കഴിഞ്ഞില്ല. പിന്നീട് കൊടുങ്ങല്ലൂർ
ഭഗവതി ക്ഷേത്രം, ക്ഷേത്രത്തിലെ ഭരണിയെന്ന ഉത്സവം, കൊടുങ്ങല്ലൂർ കോവിലകത്തെ സർവകലാശാല, ഇവി
ടത്തെ പുരോഗമനപ്രസ്ഥാനങ്ങൾ എന്നിവ മൂലമാണ് ആധുനിക കാലഘട്ടത്തിൽ അറിയപ്പെടുന്നത്. കൊടുങ്ങല്ലൂ
രിൽ ധാരാളം ക്ഷേത്രങ്ങളും പളളികളും ഉളളതായി കാണാവുന്നതാണ്. ക്രസ്താബ്ദത്തിന്റെ തുടക്കം മുതലേ
റോമാസാമ്രാജ്യം, ചൈന എന്നിവിടങ്ങളുമായി കച്ചവടബന്ധങ്ങളുമുണ്ടായിരുന്നതുകൊണ്ട് ക്രിസ്തുമതം, ജൂതമ
തം, ഇസ്ലാംമതം എന്നിവ ഇന്ത്യയിൽ ആദ്യം ഇവിടെയാണ് എത്തിചേർന്നത്. പെരുമാൾ രാജാക്കൻമാരുടെ
സഹിഷ്ണുതാമനോഭാവം മൂലം ഇവയ്ക്കെല്ലാം ഇവിടെ അഭയം ലഭിക്കുകയും ചെയ്തു. തോമാ ശ്ലീഹയെ
ക്കുറിച്ചു ഐതിഹ്യപ്രകാരം എ.ഡി. 52ൽ ക്രസ്തുമതം കൊടുങ്ങല്ലൂരിലെത്തി. എ.ഡി. 69 ടെ റോമാസാമ്രാജ്യ
ത്താൽ പീഡിപ്പിക്കപ്പെട്ട ജൂതൻമാരും ഇവിടെയെത്തി. കൊടുങ്ങല്ലൂർ തുറമുഖം നശിക്കപ്പെട്ടതിനുശേഷമാണ്
ജൂതൻമാർ ഇവിടെ നിന്ന് കൊച്ചിയിലേക്ക് താമസം മാററിയത്.

ഇസ്ലാം മതം രൂപീകൃതമായപ്പോൾ തന്നെ കൊടുങ്ങല്ലൂരിൽ ആ മതം കച്ചവടക്കാർ വഴി എത്തുകയും
പെരുമാൾ രാജാക്കൻമാർ അവരുടെ രാജധാനിക്ക് അടുത്തുതന്നെയായി ഒരു പളളി പണിയാൻ അനുവദിക്കുക
യും ചെയ്തു. അവസാനത്തെ രാജാവായിരുന്ന ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ച് മെക്കക്ക്
പോയിരുന്ന ഐതിഹ്യം തന്നെ ഇവിടെ സമൂഹം നവീനാശയങ്ങളെ സ്വീകരിക്കുവാൻ മടിക്കാണിച്ചിരുന്നില്ലെന്ന്
കാണാക്കുന്നതാണ്.

ക്രസ്തുവർഷാരംഭത്തിൽ കേരളത്തിന് വിദേശങ്ങളുമായുണ്ടായിരുന്ന വാണിജ്യപരവും സാസ്കാരിക പരവുമാ
യിരുന്ന ബന്ധങ്ങൾക്ക് അടിസ്ഥാനമായിരുന്ന തുറമുഖങ്ങളിൽ ഏററവും പ്രധാനപ്പെട്ടത് മുസരിസ് ആയിരുന്നു.
പ്രാചീന ഭാരതത്തിലേക്കുളള പ്രവേശനകവാടമായിരുന്നു മുസരിസ്. ഫിനീഷ്യക്കാർ, ഈജിപ്തുകാർ, ഗ്രീക്കുകാർ,
റോമക്കാർ, എന്നിവർ ഇവിടെ മാറിമാറി വാണിജ്യ.ത്തിൽ ഏർപ്പെടുകയുണ്ടായി. റോമൻ സാമ്രാജ്യത്തിന്റെ
വികസനം, ബി.സി. 43നും എ.ഡി. 45നും ഇടയ്ക്കുളള കാലത്തെ ഹിപ്പാലസ്സിന്റെ മൺസൂൺ പ്രതിഭാസം
കണ്ടുപിടിക്കൽ. കപ്പൽ നിർമ്മാണത്തിൽ ഫിനീഷ്യക്കാർക്കുണ്ടായ അഭിവൃദ്ധി എന്നിവയാണ് ദക്ഷിണേന്ത്യയു
മായി വ്യാപാരത്തിൽ ഏർപ്പെടുവാൻ പ്രേരിപ്പിച്ച ഘടകങ്ങൾ. റോമൻ വ്യാപാരക്കാലത്ത് മുസിരിസിനുണ്ടായ
അഭിവൃദ്ധിയിൽ യമനൻമാരും തമിൾകവികളും പ്രശംസിക്കുന്നുണ്ട്. എ.ഡി. അഞ്ചാം ശതകത്തിൽ റോമാ സാമ്രാ
ജ്യത്തിന്റെ തകർച്ചയ്ക്ക് ശേഷം റോമൻ വാണിജ്യം മന്ദീഭവിച്ചെങ്കിലും ചൈനയുമായുളള വാണിജ്യം തുടർന്നു
പോന്നു.

ചേരമാൻ പറമ്പിലും മററും നടത്തിയ ഉത്ഘനനങ്ങളിൽ ധാരാളം ചൈനീസ് പാത്രങ്ങൾ കണ്ടെടിത്തുണ്ട്. എ.ഡി. 1225 ൽ വീരരാഘവ പട്ടയത്തിൽ കൊടുങ്ങല്ലൂർ അഴിമുതൽ നഗരത്തിൻെറ ഗോപുരവാതിൽ വരെയുള്ള സ്ഥലങ്ങൾ ഉൾപ്പെട്ട നഗര സ്ഥാനത്തെ പററി സൂചനയുണ്ട്. പഴയ കൊടുങ്ങല്ലൂരിൻെറ സ്ഥാനിർണ്ണയത്തി ഇത് സഹായകരമാണ്. ഇവിടെ വർത്തക പ്രമാണിമാർക്ക് ആധിപത്യം ഉണ്ടായിരുന്നതായി വീരരാഘവപട്ടയം തെളിവു നൽകുന്നു. എ.ഡി. 11ഉ് 12ഉം നൂററാണ്ടുകളിലെ തമിൾ ലിഖിതങ്ങളിൽ കൊടുങ്ങല്ലൂരിൽ നിന്നും കച്ചവടക്കാർ തമിഴകത്ത് ചെന്നിരുന്നുവെന്നതിന് സൂചനയുണ്ട്. ഒരു വർത്തക കേന്ദ്രം എന്ന നിലയിൽ കൊടുങ്ങല്ലൂരിന് പ്രാധാനം ഉണ്ടായിരുന്നുവെന്ന് ഇത് സൂചിപ്പക്കുന്നു. 1341ലെ വെളളപൊക്കത്തിൽ കൊടുങ്ങല്ലൂരിലെ 'അഴി'ക്ക് ആഴം കുറയുകയും കൊച്ചിയിൽ പ്രകൃതിദത്തമായ ഒരു പുതിയ തുറമുഖം ഉടലെടുക്കുകയും ചെയ്തതോടെ കൊടുങ്ങല്ലൂരിന് വിദേശ വാണിജ്യത്തിൽ ഏർപ്പെട്ടിരുന്ന തുറമുഖ പട്ടണമെന്ന പ്രാധാന്യം നഷ്ടപ്പെട്ടു.

ക്രിസ്തു വർഷത്തിൻെറ ആദ്യത്തെ 5 നൂററാണ്ടുകളിലാണ് തമിഴ് സാഹിത്യത്തിലെ സുപ്രസിദ്ധമായ സംഘകൃതികൾ രചിക്കപ്പെട്ടത്. സംഘം കൃതികളിൽ നിന്ന് അക്കാലത്തെ കേരളത്തെകുറിച്ച് ചേരരാജാക്കൻമാരെ ക്കുറിച്ചുമുളള വിവരങ്ങൾ ലഭ്യമാണ്. ഇവയിൽ പതിററുപാട്ട് ചേരസാമ്രാജ്യത്തെക്കുറിച്ച് മാത്രമുളളതാണ്. 7,8, നൂററാണ്ടുകളിൽ രചിക്കപ്പെട്ട ചിലപ്പതികാരം, മണിമേഖല എന്നീകൃതികൾ ചേരസാമ്രാജ്യത്തിൻെറ തലസ്ഥാനമായ വഞ്ചിയെക്കുറിച്ച് പറയുന്നുണ്ട്. 'വഞ്ചി' തിരുവഞ്ചിക്കുളമാണെന്നാണ് കരുതപ്പെടുന്നത്. ചിലപ്പതികാരത്തിൻെറ കഥയും കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബുദ്ധമതം, ജൈനമതം എന്നിവയുമായി ഭഗവതി ക്ഷേത്രത്തിൽ ചില ചരിത്രകാരൻമാർ ബന്ധിപ്പിക്കുന്നുമുണ്ട്. തിരുവഞ്ചിക്കുളം, തൃക്കുലശേഖരപുരം, കീഴ്തളി ക്ഷേത്രങ്ങൾ വളരെ പുരാതനമാണെന്ന് കണക്കാക്കപ്പെടുന്നു.

കൊടുങ്ങല്ലൂർ തുറമുഖത്തിൻെറ തകർച്ചക്ക്ശേഷം ഈപ്രദേശം കൊളോണിയൽ കാലഘട്ടത്തിലാണ് വീണ്ടം പ്രശസ്തമാകുന്നുത്. പതിനഞ്ചാം നൂററാണ്ടിൻെറ അവസാനത്തിൽ പോർച്ചുഗീസുകാർ കേരളത്തിലെത്തുമ്പോൾ കൊടുങ്ങല്ലൂർ പടിഞ്ഞാറേടത്ത് സ്വരൂപം എന്നറിയപ്പെടുന്ന രാജകുടുംബത്തിൻെറ ഭരണത്തിലായിരുന്നു. സാമൂതിരി രാജാവിൻേറയോ കൊച്ചി രാജാവിൻേറയോ മേൽക്കോയ്മ അവർ അംഗീകരിച്ചിരുന്നു. 1504 ൽ സാമൂതിരിയുമായുളള യുദ്ധത്തിൽ പോർച്ചുഗീസുകാർ കൊടുങ്ങല്ലൂർ നഗരം പിടിച്ചെടുത്ത് അതിനു ചുററും കോട്ട മതിൽ കെട്ടി കൊടുങ്ങല്ലൂർ പട്ടണം നശിപ്പിച്ചതിന് ശേഷം അവർ പുനർ നിർമ്മാണം നടത്തി. അവർ സംഭാവന നൽകിയ ഒരു മണി കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലുണ്ട്. ഈ സംഭവത്തോടെ കൊടുങ്ങല്ലൂർ രാജാവ് കോഴിക്കോടുമായിട്ടുളള ബന്ധം അവസാനിപ്പിച്ച് പോർച്ചുഗീസുകാരുടെ സംരക്ഷണം സ്വീകരിച്ചു. പോർച്ചുഗീസുകാർ ക്രസ്തുമതം പ്രചരിപ്പിക്കുന്നതിൻെറ ഭാഗമായി കൊടുങ്ങല്ലൂരിൽ സെമിനാരി കലാശാലകളും അച്ചടി ശാലകളും സ്ഥാപിച്ചു. പോർച്ചുഗീസുകാരുടെ മതപീഠനത്തെ ഭയന്ന് കൊടുങ്ങല്ലൂരിലുണ്ടായ ജൂതൻമാർ കൊച്ചിയില ഭയം പ്രാപിച്ചു.

പോർച്ചുഗീസുകാർ ഗോവയിൽ നടത്തിയ മത പീഠനത്തിൻെറ ഭാഗമായിപതിനാറാം നൂററാണ്ടിൽ ഗൗഡസാരസ്വത സമുദായം കൊടുങ്ങല്ലൂരിൽ വന്ന് താമസ്സമുറപ്പിച്ചു. 1541ൽ കൊടുങ്ങല്ലൂരിൽ സ്ഥാപിച്ച സെമിനാരി സുറിയാനി യുവാക്കാൾക്ക് ലെത്തീൻ പൗരോഹിത്വത്തിൽ പരിശീലനം നൽകി. കേരള ക്രൈസ്തവ സഭയിൽ ബാബിലോണിലെ പാത്രിയാർക്കീസിന് ഉണ്ടായിരുന്നു അധികാരത്തിന് പകരം റോമിലെഅ പോപ്പിൻെറ അധികാരവും ആധിപത്യവും സ്ഥാപിക്കുക എന്നത് അവരുടെ ലക്ഷ്യമായിരുന്നു. 1662ൽ ഡച്ചുകർ കൊടുങ്ങല്ലൂരിൽ നിന്ന് പോർച്ചുഗീസുകാരെ പുറത്താക്കി. 1755ൽ സാമൂദിരി വീണ്ടും കൊടുങ്ങല്ലൂർ പിടിച്ചെടുത്തു. കൊടുങ്ങല്ലൂർ വലിയ തമ്പുരാൻ കോവിലകം ഡച്ചുകാർ പണിതതാണ്. 1789ൽ തിരുവിതാം കൂർ ഭരിച്ചിരുന്ന ധർമ്മരാജ കൊടുങ്ങല്ലൂർ കോട്ട ഡച്ചുകാരിൽ നിന്നും വിലയ്ക്കു വാങ്ങി. 1790ൽ മൈസൂർ ഭരണാധികാരിയായിരുന്ന ടിപ്പുസുൽത്താൻ കോട്ട പിടിച്ചെടുത്തു. ടിപ്പുസുത്താന് പെട്ടന്നുതന്നെ മൈസൂരിലേക്ക് തിരിച്ചുപോകേണ്ടി വന്നതുകൊണ്ടും 1792ൽ ഇംഗ്ലീഷുകാരുമായുണ്ടായ യുദ്ധത്തിൽ പരാജയപ്പെട്ടതുകൊണ്ടും പിന്നീട് മൈസൂരാക്രമണമുണ്ടായില്ല. കൊടുങ്ങല്ലൂരിനെ വടക്കൻ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന ടിപ്പുസുൽത്താൽ റോഡ് ടിപ്പുവിൻെറ പടയോട്ടത്തിൻെറ ഓർമ്മക്കുറിപ്പായി ഇന്നുമവശേഷിക്കുന്നു. 1791ൽ കൊച്ചി രാജാവ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സാമന്തനാകുവാൻ സമ്മതിച്ചപ്പോൾ കൊടുങ്ങല്ലൂരും ഇംഗ്ലീഷ് കമ്പനിയുടെ നിയന്ത്രണത്തിലായി.

കൊളോണിയൽ കാലഘട്ടത്തിൽ നഷ്ടപ്പെട്ട കൊടുങ്ങല്ലൂരിൻെറ പ്രശസ്തി തിരിച്ചുകൊണ്ടുവന്നത് കൊടുങ്ങല്ലൂർ കോവിലകമാണ്. കൊവിലകത്തെ തമ്പുരാക്കൻമാരും തമ്പുരാട്ടിമാരും അവരുടെ ശിഷ്യഗണങ്ങളും രണ്ടു നൂററാണ്ടോളം കോവിലകത്തെ ഒരു സർവകലാശാലയാക്കി മാററി. വിദ്വാൻ ഇളയതമ്പുരാൻെറ കാലം മുതൽക്കാണ് (കോ.വാ. 975 മുതൽ 10, 26 വരെ) കേരളീയ കലാസാഹിത്യശാസ്ത്ര സാംസ്കാരധിപത്യം കേദാരമെന്ന നിലയിൽ കൊടുങ്ങല്ലൂർ പ്രശസ്തിനേടിയത്. ഗുരുകുല ശിക്ഷണ സമ്പ്രദായമാണ് ഇവിടെ നിലനിന്നിരുന്നത്. കേരളത്തിലെ വിവിധദേശങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടെ പഠിച്ചിരുന്നു. ദാരിദ്ര്യം ജ്ഞാനസമ്പാദനത്തിന് തടസ്സമായിരുന്നില്ല. ദരിദ്രരേയും സമ്പന്നരേയും ഒരേപോലെ വിദ്യാഭ്യാസം ചെയ്യിച്ചിരുന്നു. കാവ്യം, ന്യായം, വേദാന്തം, വ്യാകരണം, അലങ്കാരം, ജ്യോതിഷം. ആയുർവേദം, ശില്പം, സംഗീതം, അഭിനയം എന്നിവ ഇവിടെ അഭ്യസിപ്പിച്ചിരുന്നതായി ഇവിടെ പഠിച്ചിരുന്ന ആററൂർ കൃഷ്ണപിഷാരടി രേഖപ്പെടുത്തിയിട്ടുണ്ട്. ഏററവും ചെറിയ ഗ്രന്ഥങ്ങൾതുടങ്ങി ബുദ്ധിയും ഗ്രഹണശക്തിയും വിഷയങ്ങളുടെ നിശബ്ദജ്ഞാനവും ക്രമത്തിൽ വർദ്ധിച്ചുവരത്തക്കവിധത്തിലായിരുന്നു. പാഠ്യപദ്ധതി ഏർപ്പെടുത്തിയിരുന്നത്. ഏതെങ്കിലും ഒരു ശാസ്ത്രത്തിൽ നൈപുണ്യവും വ്യുൽപ്പത്തിയും സിദ്ധിച്ചാൽ മറേറത് ശാസ്ത്രവും സ്വയം പരിചയം കൊണ്ടുതന്നെ സ്വാധീനമായിത്തീരും എന്ന സിദ്ധാന്തക്കാരായിരുന്നു അന്നെത്തെ ആചാര്യർ.

ഗുരുകുലത്തിൽ സംസ്കൃത കവിതയിലും ഭാഷാകവിതയിലും പയററുമുറകൾ അഭ്യസിപ്പിക്കുന്നവരുടെ സൗകര്യത്തിനുവേണ്ടി ഒരു കവിതകളരി ഉണ്ടായിരുന്നു. കവിതക്കളരിയുടെ നേതൃത്വത്തിൽ മത്സരപരീക്ഷകളുമുണ്ടായിരുന്നു. ഈ ഗുരുകുലത്തിൽ അധ്യായനം ചെയ്ത് വിജയശ്രീലാളിതരായിത്തീർന്നിട്ടുള്ളവരുടെ എണ്ണം ചെറുതല്ല

കുംഭകോണം കൃഷ്ണശാസ്ത്രികൾ, ശഠകോപാചാര്യർ, മഞ്ഞപ്ര വെങ്കിടാദ്രി ഭാഗവതർ കല്ല്യാണകൃഷ്ണഭാഗവതർ, വൈക്കത്തു പാച്ചുമൂത്തത്, വെണ്മണികവികൾ, നടുവം കവികൾ, ആററൂർ കൃഷ്ണപിഷാരടി, കുന്നേഴത്ത് പരമേശ്വരമേനോൻ, പട്ടിക്കാംതൊടി രാമുണ്ണിമേനോൻ എന്നിവർ ഇവിടത്തെ വിദ്യാർത്ഥികളായിരുന്നു. അവർണ്ണജാതിക്കാർക്കും ഇവിടെ വിദ്യാഭ്യാസം നൽകിയിരുന്നു. വിദ്വാൻ ടി.കെ. നീലകണ്ഠദാസ്, കുണ്ടനി ഗോവിന്ദനാശാൻ, പണ്ഡിററ് കറുപ്പൻ എന്നിവർ ഇവിടത്തെ വിദ്യാർത്ഥികളായിരുന്നു. 1074 ഓടെ പ്രധാന ഗുരുനാഥന്മാർ അന്തരിക്കുകയും ഈ ഗുരുകുലം കുറുപ്പില്ലാക്കളരിയാകുകയും ചെയ്തു.

ബ്രിട്ടിഷ് ഭരണകാലഘട്ടം ഗുരുഗുലത്തിനു പുറമെ കൊടുങ്ങല്ലൂർ രാഷ്ട്രീയ കാര്യങ്ങളിലാണ് പ്രശസ്തി നേടിയത്. ഒരു നാട്ടുരാജ്യമായ കൊച്ചിയുടെ ഭാഗമായ കൊടുങ്ങല്ലൂരിൽ ദേശീയപ്രസ്ഥാനം വളരെ ദുർലഭമായിരുന്നു. 1925ൽ കൊച്ചി സ്റ്റേററ് അസംബ്ലി രൂപീകരിച്ചപ്പോഴാണ് ആദ്യമായി രാഷ്ട്രീയപ്രവർത്തനങ്ങൾ തുടങ്ങിയത്. സ്വത്തുള്ളവർക്ക് മാത്രം വോട്ടവകാശം നൽകിയ ആദ്യ തെരഞ്ഞെടുപ്പിൽ നന്ത്യേലത്ത് പത്മനാഭമേനോൻ വിജയിച്ചു. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത ഇ.ഗോപാലമേനോൻ, യി.പി. കരുണാകരമേനോൻ എന്നിവർ ജയിൽശിക്ഷ അനുഭവിച്ചതിനുശേഷം കൊടുങ്ങല്ലൂരിൽ തിരിച്ചെത്തി മദ്യഷാപ്പ് പിക്കററിംഗ്, വിദേശവസ്ത്രഷാപ്പ് പിക്കററിംഗ് എന്നിവയിൽ ഏർപ്പെട്ടു. പിൽക്കാല കമ്മ്യൂണിസ്റ്റ് നേതാവായ ഇ.ഗോപാലകൃഷ്ണമേനോൻ രാഷ്ട്രീയത്തിൽ ആകൃഷ്ടനായത് ഈ സമരങ്ങൾ മൂലമാണ്.

1930കളിൽ കൊടുങ്ങല്ലൂരിലെ ഏററവും പ്രധാനപ്പെട്ട സംഭവമായിരുന്നു കർഷകപ്രക്ഷോഭം. 1930 കളിലെ സാമ്പത്തിക മാന്ദ്യം മൂലം കാർഷികോല്പന്നങ്ങൾക്ക് തീരെ വിലയില്ലാത്ത ഇടത്തരം കർഷകരെ സംഘടിപ്പിച്ചുകൊണ്ട് കെ.എം. ഇബ്രാഹിംസാഹിബ്,. കെ.എം.കുഞ്ഞുമൊയതീൻ സാഹിബ് എന്നിവരുടെ നേതൃത്വത്തിൽ ശക്തരായ കർഷകപ്രക്ഷോഭണം സംഘടിപ്പിച്ചു. 1109 വൃശ്ചിക മാസത്തിലാണ് ഇതുണ്ടായത്. നിയലംഘനം നടത്തിയ കർഷകരെ അറസ്റ്റുചെയ്യാനും നിയനടപടികൾ കൈക്കൊള്ളുവാനും പൊലീസ് തയ്യാറായില്ല. ഈ സമയത്താണ് ബ്രിട്ടീഷ് വൈസ്രോയി കൊച്ചി സന്ദർശിച്ചത്. ഈ അവസരത്തിൽ കൊച്ചുമൊയ്തീൻ സാഹിബിൻെറ നേതൃത്വത്തിൽ 'പട്ടിണിപട്ടാളം' എന്ന ബാനറിൽ കർഷകർ വൈസ്രോയി താമസിച്ചിരുന്ന എറണാകുളത്തെ ദിവാൻസ് ഹൗസിനു മുമ്പിൽ മുദ്രാവാക്യം വിളിച്ചുകൊണ്ട് പ്രകടനം നടത്തി. ഇവരെല്ലാം ക്രൂരമർദ്ദനങ്ങൾക്ക് വിധേയരായി. സഹോദരൻ അയ്യപ്പൻേറയും കെ.എം. സീതിസാഹിബിൻേറയും സ്വാധീനഫലമായിട്ടാണ് അവർക്ക് ഭക്ഷണം പോലും കിട്ടിയത്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിൻെറ സന്ദർശനഫലമായിട്ടാണ് ഈ പ്രക്ഷോഭണം ജനകീയ പ്രസ്ഥാനമായി മാറിയത്. അദ്ദേഹത്തിൻെറ ശ്രമഫലമായി മലബാറിലെ കോൺഗ്രസ്സ് നേതാക്കളായ കേളപ്പൻ ദാമോദരമേനോൻ. മാധവമേനോൻ എന്നിവർ കൊച്ചിയിലെത്തി പൊതുയോഗങ്ങളും പ്രസ്ഥാവനകളും

നടത്തി. ഇതിന്റെയെല്ലാം ഫലമായി സത്യാഗ്രഹികളെ വിട്ടയക്കുകയും കർഷകർക്ക് അനുകൂലമായ നടപടികൾ സ്വീകരിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. കൊച്ചി രാജ്യത്തെ ആദ്യത്തെ കർഷകപ്രക്ഷോഭണമായിരുന്നു. ഈ സമരത്തിന്റെ ഫലമായി ജപ്തിനടപടികളും ഭൂമി ലേലം ചെയ്തു വിൽക്കുന്നതും കുടികിടപ്പ് ഒഴിപ്പിക്കുന്നതും സർക്കാർ വേണ്ടെന്നു വെച്ചു. കർഷകർക്ക് മര്യാദ പലിശ നടപ്പിലാക്കി. കാർഷിക കടങ്ങൾ വിധിയുടമയുമായി പറഞ്ഞുതീർക്കുന്നതിന് 'ഋണരഞ്ജനബോർഡ്' സ്ഥാപിക്കപ്പെട്ടു. ഭൂപണയബാങ്ക് സ്ഥാപിച്ച് കർഷകർക്ക് വായ്പ നൽകാൻ നടപടിയുണ്ടായി. ഭൂനികുതി അഞ്ചിലൊന്നായി കുറവു ചെയ്തു. ഈ പ്രക്ഷോഭ നേതാക്കന്മാരായിരുന്ന ഇബ്രാഹിമും കുഞ്ഞുമൊയ്തീനും കൊ.വ. 1110 ൽ നടന്ന കൊച്ചി നിയമസഭാതെരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു.

ഒത്തുതീർപ്പു വ്യവസ്ഥകൾ പാലിക്കുന്നതിൽ ഗവർമെന്റ് വരുത്തിയ വീഴ്ചകളാണ് 'രക്തലേഖ' കേസിന് ഇടയാക്കിയത്. കർഷകരുടെ അസ്വസ്ഥതകൾ മണപ്പാട്ട് കുഞ്ഞുമുഹമ്മദ്ഹാജിയേപ്പോലുള്ളവരിലൂടെ പുറത്തുവന്ന അദ്ദേഹം കൊച്ചിരാജാവിനെ ഒരു പ്രത്യക്ഷപത്രം അച്ചടിച്ചു അയച്ചുകൊടുത്തു. കർഷകരെ ദുരിതത്തിൽ നിന്നും മോചിപ്പിച്ചില്ലെങ്കിൽ നാട്ടിൽ പൊട്ടിത്തെറി ഉണ്ടാവുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. ഇതിനെതുടർന്ന് കൊ.വ. 1111 ചിങ്ങം ഒന്നാം തീയതിക്കുമുമ്പ് ജപ്തിയും കുടിയിറക്കും ലേലവുമെല്ലാം പൂർണ്ണമായും നിർത്തിവെക്കണമെന്നും ഇല്ലെങ്കിൽ നാട്ടിൽ വിപ്ലവം പൊട്ടിപ്പുറപ്പെടുമെന്നും മുന്നറിയിപ്പ് നൽകികൊണ്ട് 'വിപ്ലവലേഖ'യും രാജാവിന്റെ ജീവനുപോലും ഹാനി സംഭവിക്കത്തക്ക ഒരു രക്തപ്രവാഹം ഉണ്ടാകുമെന്ന് താക്കീത് നകികൊണ്ട് ഒരു രക്തലേഖയും പ്രസിദ്ധം ചെയ്തു. ഇതിന്റെ പേരിൽ മണപ്പാടനെ അറസ്റ്റ് ചെയ്തു വിചാരണക്ക് വിധേയനാക്കി. ആ കാലത്തെ പ്രമാദമായ കേസായിരുന്നു ഇത്. മണപ്പാടനെ ഒരു വർഷത്തെ കഠിനതടവിന് ശിക്ഷിക്കുകയും ചെയ്തു. ഈ കേസിന്റെ അനന്തരഫലം എന്നപോലെ കൊച്ചിയിൽ ഗ്രാമോദ്ധാരണത്തിനായി ഒരു മന്ത്രിയെ നിയമിക്കുകയുണ്ടായി.

ജാതി സമ്പ്രദായത്തിനെതിരെ 1930 കളിലും 40 കളിലും ശക്തമായ സമരങ്ങൾ നടന്നിട്ടുണ്ട്. അവർണ്ണവിഭാഗങ്ങളിൽപ്പെട്ടവർ രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ വരാൻ ഈ സമരങ്ങളാണ് സാഹചര്യമൊരുക്കിയത്. സഹോദരൻ അയ്യപ്പന്റെ ജാതിവിരുദ്ധ ആശയങ്ങൾ അവർണ്ണ സമുദായങ്ങളിലെ യുവാക്കളെ ആവേശഭരിതരാക്കി. അവർണ്ണർക്ക് നടക്കുവാൻ അനുവാദം ഇല്ലാതിരുന്ന റോഡുകളിൽകൂടെ ജാതിപ്പിശാചിന്റെ കോലം കെട്ടിയുണ്ടാക്കി ഘോഷയാത്ര പോവുകയും അവസാനം ജാതിപ്പിശാചിനെ തീകൊളുത്തി നശിപ്പിക്കുകയും ചെയ്യുകയെന്നത് 1920 കളുടെ അവസാനഘട്ടത്തിൽ ഒരു പരിപാടിയായിരുന്നു. ശൃംഗപുരം റോഡിലും അത്തരത്തിലൊരു ഘോഷയാത്രയും ജാതിദഹനവും നടക്കുകയുണ്ടായി. കൊടുങ്ങല്ലൂർ ഹൈസ്ക്കൂളിൽ സവർണ്ണവിദ്യാർത്ഥികൾക്ക് മാത്രമെ കിണറ്റിൽ നിന്ന് വെള്ളം കോരുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ. അവർണ്ണവിദ്യാർത്ഥികൾക്ക് സവർണ്ണവിദ്യാർത്ഥികൾ വെള്ളംകോരി ഒഴിച്ചു കൊടുക്കണം. ഈ വ്യത്യാസം മാററുന്നതിന് പല പ്രക്ഷോഭങ്ങളും നടന്നു. അവർണ്ണഅധ്യാപകരോടും വിവേചനം കാണിച്ചിരുന്നു. ഇതിനെതിരായ പ്രക്ഷോഭണങ്ങളും മാറ്റങ്ങൾക്ക് ഇടയാക്കി.

വി.വി. കൃഷ്ണൻ മാസ്റ്ററുടെ 'രസികൻ' ഡിവറിന്റെ 'ധർമ്മകാഹളം' എന്നിവ ഈ ആശയങ്ങൾ പ്രചരിക്കുവാൻ ഇടയാക്കി. 1947ലെ പാലിയം സത്യഗ്രഹം ഇതിന്റെ ഒരു തുടർച്ചയായിരുന്നു.

1942ലെ ക്വിററ് ഇന്ത്യ പ്രസ്ഥാനത്തിന്റെ കാലത്താണ് ധാരാളം യുവാക്കൾ വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിലേക്ക് എത്തിയത് ഇ.കെ. ഗോപാലകൃഷ്ണൻ, ടി.എൻ. കുമാരൻ, മുഹമ്മദ് സഗീർ, പി.കെ. അബ്ദുൽഖാദർ, മിടുക്കൻ രാജാ തുടങ്ങിയവർ സ്റ്റുഡൻസ് ഫെഡറേഷനിലൂടെ യാണ് രാഷ്ട്രീയത്തിൽ വന്നത്. അതിനുശേഷം വ്യത്യസ്ത സാമൂഹ്യ പ്രവർത്തനങ്ങളിൽ ഇവർ ഏർപ്പെട്ടു. 1945 ഡിസംബറിൽ കമ്മ്യൂണിസ്റ്റ് ആശയഗതിക്കാർക്ക് സ്വാധീനമുള്ള കൊച്ചി എസ്. എൻ.ഡി.പി. യോഗത്തിന്റെ നേതൃത്വത്തിൽ ഉണ്ടായ അവകാശ പ്രഖ്യാപനം കൊച്ചി രാജ്യത്തിന്റെ ചരിത്രത്തിലെ ഒരു രജത രേഖയാണ്. 'ജന്മിത്തം അവസാനിപ്പിക്കുക' 'മുതലാളിത്തം അവസാനിപ്പിക്കുക' 'കൃഷിഭൂമി കൃഷിക്കാർക്ക്' പ്രായപൂർത്തി വോട്ടവകാശം അനുവദിക്കുക' 'പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുക' 'അയിത്തം കുററകരമാക്കുക' എന്നീ ആവശ്യങ്ങളാണ് ഈ പ്രഖ്യാപനത്തിൽ ഉണ്ടായിരുന്നത്. ഈ ആവശ്യങ്ങൾ പ്രചരരിപ്പിക്കുന്നതിനും സംഘടന ശ്ക്തിപ്പെടുത്തുന്നതിനും കൊച്ചി എസ.എൻ.ഡി.പി. തീവ്രശ്രമത്തിൽ ഏർപ്പെട്ടു. കൊടുങ്ങല്ലൂരിലെ എസ്.എൻ.ഡി.പി. താലൂക്ക് സെക്രട്ടറി ടി.എൻ. കുമാരനായിരുന്നു. ചേന്ദമംഗലത്തെ എസ്.എൻ.ഡി.പി. ശാഖകൾ കൊടുങ്ങല്ലൂർ യൂണിററിന്റെ പരിധിയിലായിരുന്നു.

ചേന്ദമംഗലത്തെ എസ്.എൻ.ഡി.പി. ശാഖകളിൽ നിന്നാണ് പാലിയം റോഡിൽകൂടി ഈഴവരാതി ഐത്തക്കാർക്ക് നടക്കുവാൻ ഉള്ള അവകാശം ഉണ്ടാകണം എന്ന ആവശ്യം ഉയർന്നുവന്നത്. അവകാശ പ്രഖ്യാപന പ്രചരണാർത്ഥം ശ്രീ. ടി.എൻ. ബാലകൃഷ്ണന്റേയും എസ്.എൻ.ഡി.പി. യൂണിയന്റേയും നേതൃത്വത്തിൽ ഒരു ജാഥ കൊടുങ്ങല്ലൂരിലാകെ പ്രകടനം നടത്തി. ഇത് ജനങ്ങളുടെ അവകാശബോധത്തെ ഉദ്ദീപിപ്പിച്ചു. 1946 ശ്രീനാരായണ ജന്മദിനത്തിലാണ് പാലിയം റോഡിലൂടെ അവർണ്ണരെ നടക്കുവാൻ അനുവദിച്ചില്ലങ്കിൽ സമരം സംഘടിപ്പിക്കും എന്ന പ്രസ്ഥാവന ഉണ്ടായത്. ഇതിന് ശേഷം ഉണ്ടായ പ്രക്ഷോഭം എല്ലാ രാഷ്ട്രീയ സംഘടനകളും പങ്കെടുത്തതായിരുന്നു. 1947 നവംബർ അവസാനത്തിലാണ് 100 ദിവസത്തിലധികം നീണ്ടുനിന്ന അംഹിംസാത്മക സമരം ആരംഭിച്ചത്. മർദ്ദനങ്ങൾ മൂലമാണ് ഈ സമരത്തെ നേരിട്ടത്. കൊടുങ്ങല്ലൂർ കോവിലകത്തെ രമ തമ്പുരാട്ടി, ഇന്ദിരാതമ്പുരാട്ടി എന്നിവർ ഈ സത്യഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. കൊടുങ്ങല്ലൂരിൽ നിന്നും ഡാങ്കേ കുമാരൻ. പി.ആർ. കുമാരൻ. മിടുക്കൻ രാജാ തുടങ്ങിയവർ സത്യാഗ്രഹത്തിൽ പങ്കെടുത്തു. കോൺഗ്രസ്സുകാർ ഈ സമരത്തിൽ നിന്നും മാറിയപ്പോൾ സമരം കമ്മ്യൂണിസ്റ്റ് കാരുടേയും അനുഭാവികളുടേയും മാത്രമായി മാറി.

ഈ സമരത്തിന്റെ വിജയം കമ്മയൂണിസ്റ്റ് പ്രസ്ഥാനത്തിന് എല്ലാ ജനവിഭാഗങ്ങളിലും വേരുറപ്പിക്കാൻ സഹായിച്ചു.

സ്വാതന്ത്ര്യാനന്തര ഘട്ടത്തിൽ കമ്മയൂണിസ്റ്റുകാർ നെഹറുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറിനെ അംഗീകരിച്ചില്ല. നിരോധിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ എല്ലാം തന്നെ ഒളിവിൽ പാർക്കേണ്ടി വന്നു. സമൂഹത്തിലെ ഏററവും ദരിദ്രരായ കർഷകതൊഴിലാളികളുമായി ഒരു അഭേദ്യ ബന്ധം ഉണ്ടാക്കുവാൻ ഒളിവിലെ താമസം സഹായിച്ചു. ഒളിവിൽ ഇരുന്നുകൊണ്ടാണ് 1949ലെ തെരഞ്ഞെടുപ്പിൽ ഗോപാലകൃഷ്ണമേനോൻ കമ്മ്യൂണിസ്റ്റ് സ്ഥാനർത്ഥിയായി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. അതിനുശേഷം പൊതുവേ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഒരു ശക്തി ദുർഗ്ഗമായിട്ടാണ് കൊടുങ്ങല്ലൂർ കണക്കാക്കപ്പെട്ടിരിക്കുന്നത്.

കൊടുങ്ങല്ലൂരിലെ രാഷ്ട്രീയബോധമുള്ള ജനത ഭൂപരിഷ്കരണം ശക്തമായി നടപ്പിലാക്കി. അതുമൂലം കുടിയാൻമാർക്കും കുടികിടപ്പവകാശം ലഭിക്കുകയുണ്ടായി.

രാഷ്ട്രീയപരമായി മുന്നേറിയെങ്കിലും കൊടുങ്ങല്ലൂർ ഇന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമം തന്നെയാണ്. കാർഷികമായി പിന്നോക്കം നിൽക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. കൊടുങ്ങല്ലൂർ സ്വദേശികൾ പുറത്തുപോയി ജോലിചെയ്തയക്കുന്ന പണമാണ് ഇന്ന് ഈ നാടിനെ നിലനിർത്തുന്നത്. ഒരു കൺസ്യൂമർ സമൂഹമായി മാറിക്കൊണ്ടിരിക്കുന്ന ജനതയാണ് ഇവിടെയുള്ളത്. പ്രാചീന മഹത്വത്തിൽ മാത്രം ഒതുങ്ങാതെ മുന്നോട്ടുപോകുവാനുള്ള ഒരു സംവിധാനം ഉണ്ടാക്കുവാനാണ് നാം ശ്രമിക്കേണ്ടത്.

ഭരണസംവിധാനമായി ബന്ധപ്പെട്ട് ക്ഷേത്രങ്ങളിൽ നിലനിന്നിരുന്ന പ്രദേശങ്ങളെ ഒരർത്ഥത്തിൽ നഗരങ്ങൾ എന്ന് വിളിക്കാം. നിരവധി കീഴ്മറിച്ചിലുകൾക്ക് ശേഷവും സമകാലീനമല്ലാത്ത വൈവിധ്യങ്ങൾ (NonContemporary Contradictions) കൊടുങ്ങല്ലൂരിനും മേത്തലയ്ക്കും ഒരു ആധുനിക നഗരത്തിന്റെ ഹൃദയം നൽകിയിട്ടുണ്ട്. ഒരു ആധുനിക വ്യാവസായിക മേഖലയ്ക്ക് വേണ്ട സാംസ്കാരിക സംഘടന ഇവിടെയുണ്ട്. പ്രാദേശികാസൂത്രണത്തിന്റെ ലീനസാധ്യതകളിൽ ഇതിനിടെ നാം നേടിയെടുത്ത പാർട്ടി രാഷ്ട്രീയത്തിനതീതമായ ഐക്യത്തിന്റെ പാതയിൽ നമുക്ക് പ്രത്യാശകൂടി കൂട്ടിചേർക്കുക.

226

# മണ്ണും മനുഷ്യനും

സമുദ്രനിരപ്പിൽ നിന്നും മൂന്ന് മൂന്നരമീററർ ഉയരമുള്ളസമതലപ്രദേശമായ മേത്തല പഞ്ചായത്ത് 11.66 ച.കി. മീററർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്നു. ആളോഹരി ഭൂമി എട്ടര സെൻറ് മാത്രമാണ്. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിനെ രണ്ടായി തരംതിരിക്കാം. ഈർപ്പം നിലനിർത്താൻ കഴിവില്ലാത്ത മണൽ മണ്ണ് നിറഞ്ഞ പ്രദേശം, മണൽമണ്ണും ചെറിയ തോതിൽ എക്കൽ മണ്ണും (വെള്ളപ്പൊക്കങ്ങളിൽ നിക്ഷേപിക്കപെട്ടതാവാം) നിറഞ്ഞ താഴ്ന്ന പ്രദേശം. കൊടുങ്ങല്ലൂർ കായൽ, കനോലി കനാൽ, പടന്ന പെരുംതോട് ഇവയോട് ചേർന്ന് കിടക്കുന്ന 1, 2, 3, 4, 5, 10, 11, 13 വാർഡുകളിൽ വേലിയേററവും വേലിയിറക്കവും അനുഭവപ്പെടുന്ന ഇടത്തോടുകളുടെ വലിയൊരു ശൃംഖലയുണ്ട്. ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളാണിവ. മടൽ ചീയിക്കുന്നതിനുള്ള ധാരാളം മടൽകുഴികൾ ഈ ഭാഗങ്ങളിലുണ്ട്. ഓരുജല മത്സ്യകൃഷി, കൃഷിക്കും ഞണ്ടുവളർത്തലിനും ഈ പ്രദേശങ്ങൾ അനുയോജ്യമാണ്. പഞ്ചായത്തിലെ തെങ്ങുകൃഷി കേന്ദ്രങ്ങളായിരുന്നു ഈപ്രദേശങ്ങൾ. തെങ്ങുരോഗം മൂലം 50 ശതമാനത്തിലേറെ തെങ്ങുകളും ഉൽപാദനക്ഷമമല്ലാതായിരിക്കുന്നതിനാൽ ഇപ്പോൾ ആ പ്രശ്സ്തി നഷ്ടപ്പെട്ടിരിക്കുന്നു. ഉപ്പുവെള്ളം കയറുന്ന ഈ ഭാഗങ്ങളിൽ കുടിനീർ പ്രശ്നം രൂക്ഷമാണ്. ഇതിനിടയിൽ ശുദ്ധജലം ലഭിക്കുന്ന ചില കുളങ്ങൾ പ്രകൃതിയുടെ അത്ഭുതമാണ്! കോട്ടപ്പുറം കോട്ടയിൽ കാണുന്നതാണ് നമ്മുടെ ഏക വനം! പഞ്ചായത്തിലെ 6, 7, 8, 9, 12 വാർഡുകൾ ശുദ്ധജലം ലഭിക്കുന്നവയാണ്. ഈർപ്പം നിലനിർത്താനുള്ള ശേഷി തീരെകുറവായ മണൽമണ്ണ് ഈ പ്രദേശത്തിൻെറ പ്രത്യേകതയാണ്. ഈമണ്ണിന് ജൈവപുഷ്ടി താരതമ്യേന കുറവാണ്. ശുദ്ധജലം ലഭിക്കുന്ന ധാരാളം കുളങ്ങൾ ഈ പ്രദേശത്തുണ്ട്. ഈ പ്രദേശത്ത് പ്രധാനകൃഷി ഇപ്പോൾ തെങ്ങുതന്നെയാണ്. പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ഉണ്ടായിരുന്ന വയലുകൾ 90 ശതമാനവും നികത്തിക്കഴിഞ്ഞു.

അവശേഷിക്കുന്ന തുണ്ടുഭാഗങ്ങളിലാകട്ടെ നെൽകൃഷി ഇറക്കുന്നുമില്ല. നികത്തപ്പെടാൻ കാത്ത് തരിശായികിടക്കുന്ന നെൽകൃഷിയുടെ സ്മരണയ്ക്കായി ചില സ്ഥല നാമങ്ങളും റവന്യു രേഖകളിൽ മാത്രം 165 ഏക്കർ നിലവും അവശേഷിക്കുന്നു.

കാലവർഷവും തുലാവർഷവും നമ്മുടെ പ്രദേശത്ത് ലഭിക്കുന്നു. വേനൽക്കാലത്ത് ഇടമഴകളും ലഭിക്കാറുണ്ട്. കുളങ്ങളെ ആശ്രയിച്ചാണ് നമ്മുടെ ജനസേചനം. തുലാവർഷത്തിൻെറ ദൈർഘ്യം, ഇടമഴകൾ, കാലവർഷവം വന്നുചേരുന്ന സമയം ഈ ഘടകങ്ങളാണ് നമ്മുടെ ജല ലഭ്യത.

നിശ്ചയിക്കുന്നത്. ഈ പ്രദേശത്തെ ഭൂഗർഭ ജലവിനിയോഗ സാധ്യതകൾ പഠനവിഷയമാക്കിയിട്ടില്ല. വിഭവങ്ങളെ ഉപയോഗിക്കുന്നതു മാത്രമല്ല അവയെ രൂപാന്തരപ്പെടുത്തുന്നതും മനുഷ്യൻ തന്നെയാണ്. മനുഷ്യന് വായ മാത്രമല്ല, രണ്ടു കൈകളും ഉണ്ടെന്ന കാര്യം വിസ്മരിച്ചുകൂട. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 33,887 ആണ്. 17,558 സ്ത്രീകളും 16,329 പുരുഷന്മാരും. സാക്ഷരത ഏതാണ്ട് പൂർണ്ണമാണ്. വിദ്യാലയങ്ങളിൽ നിന്നുമുള്ള കൊഴിഞ്ഞുപോക്ക് എസ്.എസ്.എൽ.സി വരെ തുച്ഛമാണ്. എസ്.എസ്.എൽ.സി ക്ക് പരാജയപ്പെടുന്നവരിൽ ഭൂരിപക്ഷവും അതോടെ വിദ്യാഭ്യാസം നിർത്തുന്നു. ജയിക്കുന്നവരിൽതന്നെ ഒരു ചെറിയ ശതമാനം കുട്ടികൾക്കേ ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്നുള്ളൂ. വിദ്യാഭ്യാസനിലവാരം പൊതുവേ മോശമാണ്. കൃഷി, കയർ, കൈത്തറി, തഴപ്പായ നെയ്ത്ത്, മത്സ്യബന്ധനം ഇവയാണ് നമ്മുടെ പരമ്പരാഗത തൊഴിൽമേഖലകൾ. ഈ മേഖലകളിൽ എല്ലാം തന്നെ തൊഴിലവസരങ്ങൾ കുറഞ്ഞുവരുകയാണ്. സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന ഒരു മേഖലയാണ് തഴപ്പായനെയ്ത്ത്. കയർ, കൈത്തറി മേഖലകളിൽ സ്ത്രീകളാണ് കൂടുതൽ. തയ്യൽ, റെഡിമെയ്ഡ് നിർമ്മാണം, സ്വകാര്യ ആശുപത്രി ജീവനക്കാർ, ലബോറട്ടറി ടെക്നീഷ്യൻ, സെയിൽസ് ഗേൾ എന്നീ പുതിയ മേഖലകളിൽ ചുരുക്കം സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള സ്ത്രീകൾ അധ്യാപനം, ബാങ്കിംഗ്, സർക്കാർ സേവന തുറകൾ ഈ മേഖലകളിൽ ജോലി ചെയ്യുന്നു. വക്കീൽമാരും ഡോക്ടർമാരുമുണ്ട്. എന്നാൽ എഞ്ചിനിയർമാർ കുറവാണ്.

എസ്.എസ്.എൽ.സിയോടെ പഠനം നിർത്തുന്ന ആൺകുട്ടികൾ തൊഴിൽരഹിതരോ ഭാഗിക തൊഴിൽകാരോ ആയിത്തീരുന്നു. നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട ജോലികൾ (കയറ്റിറക്ക്, കെട്ടിട നിർമ്മാണ ജോലികൾ, റോഡുപണി) ഓട്ടോമോബൈൽ വർക്ക്ഷോപ്പുകൾ, ഗതാഗതരംഗത്ത് ഡ്രൈവർ മറ്റു ജീവനക്കാർ, ചെറുകിട കച്ചവടം എന്നീ മേഖലകളിലാണ് ചെറുപ്പക്കാരിലേറെയും തൊഴിൽ കണ്ടെത്തുന്നത്. ഇനിയും കൂടുതൽപേരെ ഉൾക്കൊള്ളാൻ കഴിയാത്തവിധം ഈ മേഖലകളെല്ലാം പൂരിതമായി കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന ഒരു വ്യവസായവും ഈ പ്രദേശത്തില്ല. വിദഗ്ധരും ഉന്നതവിദ്യാഭ്യാസം നേടിയവരും നമ്മുടെ പ്രദേശത്ത് കുറവല്ല. പക്ഷേ അവർ അവസരങ്ങൾ തേടി അന്യരാജ്യങ്ങളിലേക്കോ അന്യസംസ്ഥാനങ്ങളിലേക്കോ പോയിരിക്കുന്നു.

O

*1930കളിൽ ശ്രീ. കെ.എം. ഇബ്രാഹിമിന്റെ നേതൃത്വത്തിൽ കൊടുങ്ങല്ലൂരിൽ ആരംഭിച്ച പ്രസ്ഥാനം ഒരു പക്ഷേ കേരള ചരിത്രത്തിൽ തന്നെ ആദ്യത്തേതായിരിക്കാം, 1950കളിൽ പോലും ഈ പ്രദേശത്ത് കൃഷിഭൂമികൾ ഏതാനും ജന്മികുടുംബങ്ങളുടെ വകയായിരുന്നു. ഭൂപരിഷ്കരണ നിയമങ്ങൾ നടപ്പാക്കപ്പെട്ടതോടെ ജന്മിത്തം പൂർണ്ണമായി അവസാനിച്ചു. രണ്ടു ദശകങ്ങൾ മുമ്പുവരെ ഇവിടെ വ്യാപകമായിരുന്ന നെൽവയലുകൾ വില്ലേജോഫീസ് റിക്കാർഡുകളിലും, വയലംബം, മേത്തലപ്പാടം തുടങ്ങിയ ചില സ്ഥലനാമങ്ങളിലും, ഒരു തലമുറയുടെ ഓർമകളിലും, മാത്രമായി ഒടുങ്ങുന്നു.*

## കൃഷി

ഭൂമി തുണ്ടുവൽകൃതമാകുന്നു. ഒരു ഹെക്ടറിൽ കൂടുതൽ ഉടമസ്ഥാവകാശമുള്ള ഭൂഉടമകളുടെ എണ്ണം എട്ട് മാത്രം. 7220 പേർ ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. ഇതിൽ 80 ശതമാനവും 50 സെൻറിൽ താഴെ ഭൂമിയുള്ളവരാണ്. ആളോഹരി ഭൂമി 8 സെൻറ് മാത്രമാണ്. തുണ്ടുവൽകൃതഭൂമിക്ക് യോജിച്ച സമ്മിശ്രകൃഷിരീതിയും വിളസമ്പ്രദായവും നാം സ്വീകരിക്കേണ്ടതുണ്ട്.

തെങ്ങുരോഗം വ്യാപകമാണ് 40, 60 ശതമാനം തെങ്ങുകളും രോഗബാധിതമാണ്. കാററു വീഴ്ച, കൂമ്പ് ചീയൽ, മണ്ടെപ്പിത്തം ഇവയാണ് ഏററവും നാശം വിതച്ചിരിക്കുന്ന തെങ്ങ് രോഗങ്ങൾ. ഈ രോഗം മൂലം 50, 60 ശതമാനം വരെ ഉൽപാദനനഷ്ടം ഉണ്ടാകുന്നുണ്ട്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങിൻ തൈകൾ നട്ട് പിടിപ്പിക്കുക എന്നതാണ് നിലിവിൽ ഉള്ള പദ്ധതി എന്നാൽ ഇത്തരം തൈകൾക്കും രോഗം ബാധിക്കുന്നതായി കാണുന്നു. നിലവിൽ ഉപയോഗിക്കുന്ന രാസകീടനാശിനികൾ രോഗനിയന്ത്രണത്തിന് വേണ്ടത്ര ഫലപ്രദമായി കാണുന്നില്ല. മാത്രവുമല്ല ഈ പഞ്ചായത്തിലെ വമ്പിച്ച ജനസാന്ദ്രത കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്ന സ്ഥിതി ഇവ പരിഗണിക്കുമ്പോൾ വൻ തോതിലുള്ള രാസ കീടനാശിനി പ്രയോഗം ഒട്ടും അഭികാമ്യമല്ല. രോഗപ്രതിരോധ ഗവേഷണത്തിൽ നമ്മുടെ ശാസ്ത്രജ്ഞർ വേണ്ടത്ര വിജയിച്ചിട്ടില്ല.

പ്രശ്നങ്ങൾ :

1. രോഗബാധമൂലം ഈ പ്രദേശത്തെ തെങ്ങുകൃഷിയും സമ്പദ്‌വ്യവസ്ഥയും തകർച്ചയിലാണ്.
2. എലി, കൊമ്പൻചെല്ലി ഇവയുടെ ആക്രമണവും തെങ്ങുകൃഷിയിൽ വ്യാപകമായുണ്ട്. ഒറ്റപ്പെട്ടപുരയിടങ്ങളിലാകെ എലിശല്യം പരിഹരിക്കുക സാധ്യമല്ല. എലിനശീകരണത്തിന് കൂട്ടായ ഒരു യജ്ഞം ഉണ്ടായിട്ടില്ല.
3. നാളികേരത്തിന്റേയും കേരോൽപ്പന്നങ്ങളുടേയും (കൊപ്ര, വെളിച്ചെണ്ണ) വില തീർത്തും അസ്ഥിരമാണ്; കേരളത്തിലെ ഉൽപാദന ചിലവിന് ആനുപാതികവുമല്ല. നാളികേരോൽപാദനം വർദ്ധിക്കുന്ന സീസണിൽ വില കുത്തനെയിടിയുന്നു.
4. മണൽ മണ്ണ് നിറഞ്ഞ പ്രദേശമായതിനാൽ തെങ്ങിനും മററ് വിളകൾക്കും രാസവളപ്രയോഗം കൂടിയ തോതിൽ നടത്തുന്നത് ദോഷകരമാണ്. അമിത രാസവളപ്രയോഗം മണ്ണിന്റെ ഈർപ്പം നിലനിർത്താനുള്ള ശേഷി നഷ്ടപ്പെടുത്തുന്നു. ചാണകം, കടലപ്പിണ്ണാക്ക്, മത്സ്യവളം ഇവയ്ക്ക് ഇപ്പോൾ കർഷകർക്ക് താങ്ങാനാവാത്തവിലയാണ്. പച്ചില വളത്തിന്റെ ലഭ്യത തീരെ കുറഞ്ഞു.
5. മണ്ണ് പരിശോധന നടത്തുന്നതിനുള്ള സൗകര്യം തീരെ കുറവാണ്. അതുകൊണ്ട് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി വളപ്രയോഗം നടത്താൻ കഴിയാതെ വരുന്നു.
6. ശാസ്ത്രീയമായി വേണ്ട ഇടയകലം (7.6 മീറ്റർ) ഇല്ലാതെയാണ് പഞ്ചായത്തിന്റെ പലഭാഗങ്ങളിലും തെങ്ങുകൃഷി ചെയ്തിരിക്കുന്നത്. ഇതിനാൽ ഇടവിളകൾ കൃഷി ചെയ്യുന്നത് അസാധ്യമാകുന്നു. ചേമ്പ്, ചേന, പച്ചക്കറികൾ, മുരിങ്ങ, കുടംപുളി, വാളൻ പുളി, വാഴ ഇവയുടെ കൃഷി വർഷ് തോറും കുറഞ്ഞുവരുന്നു.
7. കാർഷികരംഗത്ത് നടക്കുന്ന ആധുനിക ശാസ്ത്ര സാങ്കേതിക ഗവേഷണങ്ങളുടെ ഫലങ്ങൾ കർഷകരിൽ എത്തിക്കുന്നതിനുള്ള വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും വൈദഗ്ധ്യ വികസന പദ്ധതികളും ഇല്ല. അതിനാൽ തെങ്ങിൽ അധിഷ്ഠിതമായ ഒരു ബഹുവിള കൃഷി സമ്പ്രദായം സ്വീകരിക്കാനും, കൃഷി ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാനും കർഷകർക്ക് കഴിയുന്നില്ല. തുണ്ടുവൽകൃതഭൂമിയിൽ എങ്ങിനെ സാസ്ത്രീയമായി കൃഷി സമ്പ്രദായം പ്രയോജനപ്പെടുത്താം എന്ന് തെങ്ങ് കൃഷി മേഖലയിലെ കർഷകർക്ക് അറിവില്ലാതിരിക്കയാണ്.

9. പുഷ്പകൃഷി, ഔഷധ സസ്യകൃഷി, കൂൺകൃഷി ഇവയിൽ താൽപര്യമുള്ളവർ ധാരാളം ഉണ്ട്. ഈ രംഗത്ത് മുന്നിട്ടറങ്ങുന്നതിൽ നിന്നും രണ്ടു പ്രശ്നങ്ങളാണ് ഇവരെ തടയുന്നത്. (1) സാങ്കേതിക വിദ്യയുടെ അഭാവം. (2) ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാന അഭാവം.
10. കൃഷിഭവനുകളുടെ പ്രവർത്തനം അപര്യാപ്തമാണ്.
11. ജീവാണു വളങ്ങളുടെ ഉപയോഗവും മണ്ണിര കമ്പോസ്റ്റ് നിർമ്മാണവും ഉപയോഗവും കർഷകർക്കിടയിൽ പ്രചരിച്ചിട്ടില്ല.
12. കൊടുങ്ങല്ലൂർ താലൂക്ക് നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഈ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ കിട്ടിയിട്ടില്ല.
13. തഴപ്പാനെയ്ത്തിന് തഴ ഇപ്പോൾ കിട്ടുന്നില്ല.
14. മുൻപ് ഈ പ്രദേശത്ത് ധാരാളമായുണ്ടായിരുന്ന രാമച്ചകൃഷി ഇപ്പോൾ ഇല്ലാതായിരിക്കുന്നു.
15. വാഴകൃഷി വികസനത്തിനുള്ള സാധ്യതകൾ വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല. നല്ലയിനം വാഴക്കന്നുകളുടെ ലഭ്യതയില്ലായ്മ, വളത്തിൻെറ താങ്ങാനാകാത്ത വില ഇവയാണ് പ്രധാനപ്രശ്നങ്ങൾ. കർഷകതൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു. അവർക്ക് കൃഷിയിലെ നവീനരീതികളെ കുറിച്ച് വേണ്ട അറിവില്ലാത്തതിനാൽ നല്കുന്ന വേതനത്തിന് ആനുപാതികമായ മേന്മയുള്ള സേവനം കിട്ടുന്നില്ല.

### നിർദ്ദേശങ്ങൾ :

1. തെങ്ങുരോഗവ്യാപനം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുന്നതിനും, രോഗപ്രതിരോധശേഷിയുള്ള തെങ്ങിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുമുള്ള ഗവേഷണപദ്ധതികൾക്ക് ഏറ്റവും ഉയർന്ന മുൻഗണന നൽകുക. ഈ ദിശയിൽ ഇതിനകം നടന്ന ഗവേഷണ ഫലങ്ങൾ ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക. ഹിമാചൽപ്രദേശിൽ ആപ്പിൾകൃഷിയെ രോഗവിമുക്തമാക്കാൻ ചെയ്തതുപോലെ തെങ്ങുരോഗഗവേഷണത്തിനും ആവശ്യമെങ്കിൽ വിദേശ ഏജൻസികളുടെ സഹായം തേടുക.
1.1 രോഗം ബാധിച്ച് ഉല്പാദനക്ഷമമല്ലാത്ത തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള പദ്ധതി വ്യാപിപ്പിക്കുകയും തെങ്ങൊന്നിന് നൽകുന്ന ആനുകൂല്യം ചുരുങ്ങിയത് 500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്യുക.
1.2 തെങ്ങിൻെറ മണ്ട വൃത്തിയാക്കി ബോർഡോമിശ്രിതം തുടങ്ങിയ മരുന്നുകൾ തളിക്കുന്നത് ഒരു പരിധിവരെ രോഗനിയന്ത്രണത്തിനു സഹായകമാണ്. വർഷത്തിൽ രണ്ടുപ്രാവശ്യം മുഴുവൻ തെങ്ങുകൾക്കും ശാസ്ത്രീയമായി മരുന്ന് തളിക്കുന്നതിനുള്ള സംവിധാനം കർഷകരുടെ സഹകരണത്തോടെ നടപ്പിലാക്കുക.
1.3 രോഗപ്രതിരോധശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതോടൊപ്പം അവ കായ്ച്ചു തുടങ്ങുന്നതുവരെയുള്ള പരിപാലനത്തിന് ധനസഹായം നൽകുകയും ചെയ്യുക.
2. എലികളെ നശിപ്പിക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും സഹകരിപ്പിച്ച് പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരേസമയം എലിനശീകരണ പ്രവർത്തനങ്ങൾ നടത്തണം.
3. നാളികേരത്തിൻെറ താങ്ങുവില ഉയർത്തുക. നാളികേര ഉല്പാദനം വിർദ്ധിക്കുന്ന സീസൻെറ ആരംഭത്തിൽ തന്നെ കൊപ്രസംഭരണം ആരംഭിക്കുക. നാളികേരത്തൻേറയും വെളിച്ചെണ്ണയുടേയും ഇറക്കുമതി തടയുക.

### ആദരിക്കപ്പെട്ട കർഷകൻെറ അറിവുകൾ

വാഴയാണ് എൻെറ പ്രധാന ഇടവിള കൃഷി. പിന്നെ ചേനയുണ്ട്, ചേമ്പുണ്ട്, വഴുതന, കൈപ്പ, കാച്ചിൽ, പിടിക്കിഴങ്ങ് ഇതൊക്കെ ഞാൻ കൃഷിചെയ്യുന്നുണ്ട്. ഇഞ്ചിയും മഞ്ഞളും ഞാൻകൃഷിചെയ്യുന്നുണ്ട്. നമ്മുടെ മണ്ണിൽ അവ നന്നായിട്ടുണ്ട്. പച്ചക്കറിക്ക് പുകയില കക്ഷായം ആണ് കീടനാശിനിയായി ഉപയോഗിക്കുന്നത്.

പിന്നെ രണ്ട് പശുവുണ്ട്. ആറ് ആടും അഞ്ച് പന്നികളും മുട്ടക്കോഴികൾ 25 എണ്ണം ഉണ്ട്.

ഇടവിളകൾ നനയ്ക്കുന്ന കാര്യത്തിലാണ് പ്രയാസം. ഒരു മോട്ടോർ കൂടി വയ്ക്കണം. വിത്തുകൾ കിട്ടാൻ പ്രയാസമുണ്ട്. 2025 സെൻറ് ഭൂമിയുള്ള ഏതൊരാൾക്കും ദിവസം ഒന്നിരണ്ടു മണിക്കൂർ ജോലി ചെയ്താൽ സ്വന്തം ആവശ്യത്തിന് അല്പമൊക്കെ വില്ക്കാനും പച്ചക്കറി ഉൽപാദിപ്പിക്കാനും കഴിയും.

## സമ്മിശ്രകൃഷി

മുഖ്യവിള
തെങ്ങ്

•

ഇടവിളകൾ
അടയ്ക്കാമരം, മാവ്,
വാളൻപുളി, കുടംപുളി, കശുമാവ്,
പ്ലാവ്, ജാതി,
മുരിങ്ങ

•

ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങുകൾ
പടവലം, പീച്ചി, പാവൽ,
മത്ത, കുമ്പളം
ചീര

•

ഇഞ്ചി, മഞ്ഞൾ, കുരുമുളക്
പച്ചമുളക്

•

പപ്പായ, വാഴ, പച്ചില വളങ്ങൾ

•

രാമച്ചം
തഴ

3.1 വെളിച്ചെണ്ണ അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ (സോപ്പ്, ഹെയർറോയിൽ തുടങ്ങിയവ കേരളത്തിൽ തുടങ്ങുക.

4. ചാണകം, കടലപിണ്ണാക്ക്, മത്സ്യവളം, ആററുചെളി, മണൽ തുടങ്ങിയ ജൈവവളങ്ങൾക്ക് സബ്സിഡി അനുവദിക്കുക. പയർ വർഗ്ഗത്തിൽപെട്ട പച്ചില വളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാനായി അവയുടെ വിത്ത് വ്യാപകമായി കർഷകർക്കിടയിൽ വിതരണം ചെയ്യുക. രാസവളവും ജൈവവളവും ഉൾപ്പെട്ട സമ്മിശ്ര വളപ്രയോഗം സ്വീകരിക്കുന്നതിന് സഹായം നൽകുക.

5. മേത്തല പഞ്ചായത്തിൽ ഒരു മണ്ണ് പരിശോധനാലാബോറട്ടറി ആരംഭിക്കുക. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗത്തിനുള്ള ഉപദേശം കൃഷിഭവനുകൾ അതാതു സമയം നൽകുക.

6. കൃഷി പുനഃസംഘടിപ്പിക്കുന്നതിനായി തെങ്ങുകൾ തമ്മിലുള്ള ഇടയകലം, ഇടവിളയുൾപ്പെടെയുള്ള വൃക്ഷസാന്ദ്രത ഇവ കാണിക്കുന്ന ചാർട്ട് തയ്യാറാക്കി വതരണം ചെയ്യുക. കാർഷിക രംഗത്തുനടക്കുന്ന ആധുനിക ശാസ്ത്രസാങ്കേതിക ഗവേഷണങ്ങളുടെ ഫലങ്ങൾ കർഷകരിൽ എത്തിക്കുന്നതിനായി വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും തൊഴിൽ വൈദ്യപരിശീലനപദ്ധതികളും നിരന്തരം നടത്തുക. ഇതിനായി സെമിനാറുകൾ, പ്രദർശനങ്ങൾ, കാർഷികമേളകൾ പരിശീലനക്യാമ്പുകൾ, കുടുംബയോഗങ്ങൾ ഇവ സംഘടിപ്പിക്കു. ഈപ്രവർത്തനങ്ങളിലൂടെ തെങ്ങും ഇടവിളകളും ഉൾപ്പെടുന്ന ഒരു സമ്മിശ്രകൃഷി രീതി സ്വീകരിക്കാൻ കർഷകരെ പ്രാപ്തരാക്കുക.

| 3.1. ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ) | |
|---|---|
| ഇനം | വിസ്തീർണ്ണം |
| നിലം | 5 ഹെക്ടർ |
| പുരയിടം | 1166 ഹെക്ടർ |
| പുറമ്പോക്ക് | 8 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | 8 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 6 ഹെക്ടർ |
| ആകെ | 1193 ഹെക്ടർ |

7. ഒരോ വാർഡിലും അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പച്ചക്കറികൃഷി നടത്തുക. ഇതിനായി വിത്ത്, വളം ഇവയും കുറഞ്ഞ ഭൂമിയുള്ളവർക്ക് പ്ലാസ്റ്റിക് ചാക്കുകൾ, പ്ലാസ്റ്റിക് ഉറകൾ ഇവയും ആദ്യഘട്ടത്തിൽ വിതരണം ചെയ്യുക. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത അയൽക്കൂട്ടങ്ങൾ മുഖേന ഇത്തരം പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

8. പച്ചക്കറി വിത്തുകൾ നമ്മുടെ കാലാവസ്ഥക്കിണങ്ങിയ ഒട്ടുമാവുകൾ, കശുമാവ് തൈകൾ, വാഴക്കന്നു തൈകൾ, കൊടംപുളി, തീറ്റപ്പുല്ല് വിത്ത്, ഔഷധസസ്യങ്ങളുടെ വിത്തുകളും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്ന നഴ്സറികൾ ഈ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. ഈ നഴ്സറികളോട് ബന്ധപ്പെട്ട്, തെരഞ്ഞെടുക്കപ്പെടുന്ന കർഷകതൊഴിലാളികൾക്കും യുവാക്കൾക്കും ഇവ നടുന്നതിലും പരിപാലിക്കുന്നതിലും പരിശീലനം നൽകിയാൽ ഇവരുടെ സേവനം താല്പര്യമുള്ള കർഷകർക്ക് പ്രയോജനപ്പെടുത്താൻ കഴിയും. ഔഷധസസ്യകൃഷി വ്യാപകമാക്കുന്നതിന് നടീൽവസ്തുക്കളും വിത്തുകളും സാമ്പത്തികസാങ്കേതികസാഹയങ്ങളും

കൃഷിയിറക്കേണ്ട സമയം കഴിഞ്ഞിട്ടാണ് പലപ്പോഴും കൃഷിഭവനിൽ വിത്തുകളും നടീൽ വസ്തുക്കളും കിട്ടുന്നത്

കൃഷി ഓഫീസർ : ഉദ്യോഗസ്ഥതല ചർച്ചയിൽ

നൽകുന്നതിന് ഒരു സൊസൈറ്റി രൂപീകരിക്കുക.

9. മേത്തലപഞ്ചായത്തിൽ പുഷ്പകൃഷിയിൽ താൽപര്യമുള്ള കർഷകരെ തിരഞ്ഞെടുത്ത് ഒരു സൊസൈറ്റി രൂബപീകരിച്ച് ഈ സൊസൈറ്റി മുഖേന ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല തുടങ്ങിയ പുഷ്പച്ചെടികളുടെ നടീൽ വസ്തുവിതരണവും പുഷ്പങ്ങളുടെ വില്പന നടത്തുന്ന കാര്യവും പരിഗണിക്കുക. ഈ നൂതനകൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് വായ്പയും സാമ്പത്തിക സഹായവും നൽകുക.

ആയുർവേദ മരുന്നുകൾക്ക് ഗുണനിയന്ത്രണം ഏർപ്പെടുത്തുകയും കേരളസർക്കാർ സ്ഥാപനമായ 'ഔഷധി' ഔഷധസസ്യകൃഷിക്കാരിൽ നിന്നും സസ്യങ്ങൾ വാങ്ങുവാനുള്ള ഒരു സ്ഥിരം ഏജൻസി കൂടിയായി പ്രവർത്തിക്കുകയും ചെയ്യുക.

പഞ്ചായത്ത് മുൻസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സുകളിൽ കാർഷികോല്പന്നങ്ങൾ ഉൾപ്പെടെയുള്ള ഗ്രാമീണ ഉൽപ്പന്നങ്ങൾ വില്ക്കുന്നതിനായി (കോൾഡ് സ്റ്റോറേജ് ഉൾപ്പെടെ സ്റ്റാളുകൾ നീക്കിവയ്ക്കുക; വിപണനകേന്ദ്രങ്ങൾ ഉണ്ടാക്കുക.

| 2.2 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ | | | | | |
|---|---|---|---|---|---|
| | വിസ്തീർണ്ണം (ഏക്കർ) | | | | |
| വില്ലേജിന്റെ പേര് | റോഡ് | തോട് | കുളം | പുഴ | ആകെ |
| മേത്തല | 30.6873 | 18.1340 | 9.3207 | 156.6150 | 214.7576 |

10. കൃഷിഭവനിൽ സേവന സന്നദ്ധരായ തൊഴിൽ രഹിതരെ എടുത്ത് പരിശീലനം നൽകി ഒരോവാർഡുകളിലേയും ചുമതല നൽകുക. ഇവർ കൃഷിയിടങ്ങൾ സന്ദർശിച്ച് കൃഷിക്കാർക്ക് ആവശ്യമായ ഉപദേശവും സഹായവും നൽകുക. കൃഷിഭവനിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക. ഓരോ വാർഡിലും കൃഷിയിൽ ഏറ്റവും താല്പര്യമുള്ള കർഷകരെ തെരഞ്ഞെടുത്ത് മാതൃകാ കൃഷി തോട്ടങ്ങൾ ഉണ്ടാക്കുക.


പഞ്ചായത്തിൽ ഇനിയും അവശേഷിക്കുന്ന പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് വിത്തും വളവും നൽകി പ്രോത്സാഹിപ്പിക്കുക.

തെങ്ങുരോഗം

തെങ്ങുകൃഷി : 990 ഹെക്ടർ
തെങ്ങുകളുടെ എണ്ണം : 173616
രോഗബാധമൂലം
ഉല്പാദനം നിലച്ചത് : 27%
ഉല്പാദനം ഭാഗികം : 30%

(അവലംബം കൃഷി ഓഫീസ് റിക്കാർഡുകൾ, പഠനപര്യടനം)

| 2.3. പതിച്ചുകൊടുക്കാവുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| | വിസ്തീർണ്ണം (ഏക്കർ) | | | | | |
| വില്ലേജിന്റെ പേര് | പുരയിടം | നിലം | തരിശ് | മററുള്ളവ | ആകെ | സ്ഥാവര വസ്തുക്കളുടെ വിവരം |
| മേത്തല | 2 | 3 | 4 | 5 | 6 | 7 |
| ആകെ | 4 | - | - | - | 4 | വീടുകൾ |




## വിളവിസ്തീർണ്ണം

| | | |
|---|---|---|
| തെങ്ങ് | : | 990 ഹെക്ടർ |
| വാഴ | : | 15 ഹെക്ടർ. |
| കവുങ്ങ് | : | 5 ഹെക്ടർ. |
| മററുവിളകൾ | : | 24 ഹെക്ടർ. |

(1) രണ്ടാം വാർഡിൽ പുഴയോട് ചേർന്ന സ്ഥലത്ത് വർഷങ്ങളായി വീടുവച്ചു തമാസ്സിക്കുന്നവർക്ക് സ്ഥലം പതിച്ചുനൽകാവുന്നതാം.
(2) പതിനൊന്നാം വാർഡിൽ സേട്ടുകൊളനി പതിച്ചുകൊടുക്കാവുന്നതാണം. ഉദ്ദേശം നല് ഏക്കർ പുരയിടം.

ജീവാണുവളങ്ങളുടെ ഉപയോഗസാധ്യതകൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും അവ വിതരണം നടത്തുകയും ചെയ്യുക.
മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കുന്ന രീതി കർഷകർക്കിടയിൽ പ്രചാരത്തിൽ കൊണ്ടുവരിക. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരിശീലനം നൽകുക.
വികസനപദ്ധതിയിൻകീഴിൽ സമഗ്ര കാർഷിക വികസനത്തിനുള്ള എല്ലാ ആനുകൂല്യങ്ങളും മേത്തല പഞ്ചായത്തിൽ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.
13. സൗകര്യമുള്ള എല്ലാ സ്ഥലങ്ങളിലും കൈത നട്ടുപിടിപ്പിക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുകയും കൈത നട്ടുപിടിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
14. രാമച്ചകൃഷി വ്യാപിപ്പിക്കുന്നതിനായി നടീൽ വസ്തുക്കൾ ശേഖരിച്ച് സൗജന്യമായി വിതരണം ചെയ്യുക.
15. വാഴകൃഷി വികസനത്തിനായി മണ്ണൂറ വാഴ ഗവേഷണകേന്ദ്രത്തിൽ നിന്നും നല്ലയിനം വാഴകന്നുകൾ ശേഖരിച്ച് കൃഷിയിറക്കേണ്ട സമയത്തുതന്നെ കർഷകർക്കിടയിൽ വിതരണം ചെയ്യുക. കൃഷിക്കാവശ്യമായ ജൈവ-രാസവളങ്ങൾ സൗജന്യ നിരക്കിൽ നൽകുക.

| 3.9 കൈവശഭൂമി വിസ്തീർണ്ണം | | | |
|---|---|---|---|
| വാർഡ് നമ്പർ | നാമമാത്രകർഷകർ (1ഹെക്ടറിൽ താഴെ) | ചെറുകിടകർഷകർ (1-2 ഹെക്ടർ) | വൻകിടകർഷകർ (2 ഹെക്ടറിനു മുകളിൽ) |
| 1 | 2 | 3 | 4 |
| | 7220 | 8 | ഇല്ല |
| ആളോഹരി ഭൂമി 8 സെൻറ് | | | |

16. (1) പഞ്ചായത്തും കൃഷിഭവനും യോജിച്ച് ആധുനിക കൃഷിസമ്പ്രദായങ്ങളെ സംബന്ധിച്ച് കർഷകതൊഴിലാളികൾക്ക് ശരിയായ പരിശീലനം നൽകുക. ഇതിനായി പഞ്ചായത്തുതലത്തിൽ പരിശീലന ക്യാമ്പുകൾ നടത്തുക.
(2) ഇടത്തരം പുരയിടങ്ങളിൽ ഉപയോഗിക്കാവുന്ന ചെറുതരം ട്രില്ലർ പഞ്ചായത്ത് വാങ്ങുകയും ആവശ്യക്കാർക്ക് മിതമായ വാടകയ്ക്ക് നൽകുകയും ചെയ്യുക.

*ജലസേചനം മാത്രമല്ല, വെള്ളക്കെട്ട് ഒഴിവാക്കാൽ, ജലനിർഗമനപദ്ധതികൾ, ഓരു വെള്ളം തടയൽ, ആധുനിക ജലവിനി യോഗ രീതികൾ ഇവയെല്ലാം ഉൾപ്പെടുന്ന ഒരു ജലമാനേജ്മെൻറാണ് നമുക്കിന്ന് ആവശ്യമായിരിക്കുന്നത്.*

## ജലമാനേജ്മെൻറ്

നമ്മുടെ ജലസേചനാവശ്യങ്ങൾ നിറവേററുന്നത് പ്രധാനമായി സ്വകാര്യകുളങ്ങളെ ആശ്രയിച്ചുകൊണ്ടാണ്. കുളങ്ങളിൽ നിന്നും സ്ത്രീ തൊഴിലാളികൾ കുടത്തിൽ വെള്ളം കോരി നനയ്ക്കുന്ന രീതിയാണ് മൂന്ന് ദശകം മുമ്പുവരെ നിലനിന്നിരുന്നത്. ഇപ്പോൾ വൈദ്യുത പമ്പുകൾ, തീരെ ചെറിയ തുണ്ടുപുരയിടങ്ങളിലൊഴികെ ഉപയോഗിക്കുന്നുണ്ട്. 11 പഞ്ചായത്ത്കുളങ്ങളും 8 ക്ഷേത്രകുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവ സംരക്ഷിച്ച് നമ്മുടെ ജലസേചനാവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്. വേനലൊടുവാകുമ്പോൾ ചെറുകുള ങ്ങൾ വററിപോകുന്നതാണ് ജലസേചനംഗത്തെ പ്രധാന പ്രശ്നം.

മേത്തല പഞ്ചായത്തിലെ വിജയൻതോട് സ്ലൂയിസിൻെറ സംരക്ഷണം, കംപൻകുളത്തിൻെറ സംരക്ഷണം, പടാകുളത്തിൻെറ സംരക്ഷണം ഇവയാണ് ജലസേചന വകുപ്പിൽ നിന്നും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

നമ്മുടെ പൊതുകുളങ്ങളും, സ്വകാര്യകുളങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ശാസ്ത്രീയമായ ജലസേചന രീതികൾ പ്രയോഗത്തി ലാക്കുവാൻ കഴിഞ്ഞാൽ ഈ ജലസ്രോതസ്സുകൾ നമുക്ക് മത്സ്യം വളർത്തലിനും ഉപയോഗിക്കാവുന്നതാണ്.

വേലിയേററവും വേലിയിറക്കവും അനുഭവപ്പെടുന്ന പ്രദേശങ്ങളിലാകട്ടെ ഉപ്പുവെള്ളം കയറുന്നതാണ് പ്രധാന പ്രശ്നം. വേലിയേ ററം തടഞ്ഞ് ബണ്ട് കെട്ടുന്നതുകൊണ്ടുണ്ടാകുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ എല്ലാ ഭാഗങ്ങളിലും ധാരാളം കുളങ്ങൾ ഉണ്ടെങ്കിലും മധ്യ വേനൽ ആകുന്നതോടെ കുളങ്ങൾ വററിതുടങ്ങുകയും ജലസേചനത്തിനാവശ്യമായ വെള്ളം കിട്ടാതെ വരികയും ചെയ്യുന്നു.
2. വൈദ്യുത പമ്പു സെററുകൾക്കുള്ള സബ്സിഡിക്കുള്ള ഭൂപരിധി 30 സെൻറാണ്. 30 സെൻറിൽ കുറഞ്ഞ ഭൂമിയുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല.
3. പഞ്ചായത്തിലെ പൊതുകുളങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല ; കയ്യേറ്റം മൂലം അവയുടെ വിസ്തൃതി കുറയുന്നു.
4. പഞ്ചായത്തിൻെറ പടിഞ്ഞാറേ പെരുംതോടും, തെക്കും കിഴക്കും കായലുമായി ചേർന്നുകിടക്കുന്ന ഭാഗങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശം ഉണ്ടാകുന്നു.
5. പഞ്ചായത്തിൻെറപലഭാഗങ്ങളിലും വെള്ളക്കെട്ടുമൂലം കൃഷിനാശം ഉണ്ടാകുന്നുണ്ട്. കുളങ്ങളും തോടുകളും വ്യാപകമായി നികത്ത പ്പെടുന്നതുകൊണ്ട് വെള്ളക്കെട്ടിൻെറ രൂക്ഷത വർഷം തോറും വർദ്ധിച്ചുവരുന്നു.
6. തോടുകൾ സംരക്ഷിക്കപ്പെടുന്നില്ല. എല്ലാ ഭാഗത്തും തോടുകൾ കയ്യേറുന്നതും നികത്തുന്നതും തുടരുകയാണ്. ഇത് വർഷകാല ങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാൻ ഇടയാക്കുന്നു.
7. കാർഷികാവശ്യത്തിനുള്ള പമ്പുസെറ്റുകൾക്ക് വൈദ്യുതി കണക്ഷൻ കിട്ടാൻ കാലതാമസമുണ്ടാകുന്നു.
8. പഞ്ചായത്തിൻെറ തെക്കും കിഴക്കും കായലും പടിഞ്ഞാറ് പെരുംതോടുമാണ്. ഇവയുമായി ബന്ധപ്പെട്ട ഇടതോടുകളിൽ വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നതുമൂലം കൃഷി നശിക്കുന്നു.
9. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിഗ്ളർ ഇറിഗേഷൻ തുടങ്ങിയ ആധുനിക ജലസേചന രീതികൾ പ്രചാരത്തിലായിട്ടില്ല. ഇവ സ്ഥാപിക്കു ന്നതിനും അറ്റകുറ്റ പണികൾ ചെയ്യുന്നതിനും അറിവുള്ളവർ ഈ പ്രദേശത്തില്ല. ആധുനിക ജലസേചനരീതികളുടെ പ്രാധാന്യം കർഷകരിലേക്ക് എത്തിയിട്ടില്ല.

## നടപാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| | |
|---|---|
| വിജയൻതോട് സ്ലൂയിസ് സംരക്ഷണം | : Rs. 1,30,000 |
| കംമ്പംകുളത്തിൻെറ സംരക്ഷണം | : Rs. 2,00,000 |
| പടാകുളത്തിൻെറ സംരക്ഷണം | : Rs. 5,00,000 |

**നിർദ്ദേശങ്ങൾ :**

1. വേനൽക്കാലത്ത് വറ്റിപോകുന്ന കുളങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കുവാനും കുളങ്ങൾ വെട്ടിവൃത്തിയാക്കി സംരക്ഷിക്കുവാനും സാമ്പത്തിക സഹായം നൽകണം. കുളങ്ങൾ നികത്തുന്നത് നിരുൽസാഹപ്പെടുത്തുന്നതിനായി പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

2.1 വൈദ്യുത പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി ലഭിക്കുന്നതിനുള്ള ഭൂപരിധി ഉപേക്ഷിക്കണം. അര എച്ച്.പി. മോട്ടോറുകൾക്കും സബ്സിഡി അനുവദിക്കണം. ഐ.എസ്.ഐ. മാർക്കുള്ള ഏതു പമ്പുസെറ്റ് വാങ്ങുന്നതിനും സബ്സിഡി നൽകുക. പമ്പ് സെററ് പ്രവർത്തിക്കുന്നതിനുള്ള വൈദ്യുതി സൗജന്യനിരക്കിൽ നൽകുക.

2.2 വളരെ ചെറിയ തുണ്ടുഭൂമികൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ജലസേചനം നടത്താൻ പദ്ധതി ആരംഭിക്കണം.

3. പഞ്ചായത്തിലെ പൊതുകുളങ്ങളെല്ലാം നാലുഭാഗത്തും കരിങ്കൽ കെട്ടി സംരക്ഷിക്കുകയും ഇവയിൽ പമ്പ്സെറ്റുകൾ സ്ഥാപിച്ച് സമീപ പ്രദേശങ്ങളിൽ ജലസേചനപ്രവർത്തനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. (അനുബന്ധം കാണുക)

4. കായൽ, പെരുംതോട് ഇവയിൽ നിന്ന് ഉപ്പ്വെള്ളം കയറുന്ന ഇടതോടുകളിൽ താൽക്കാലിക ബണ്ടുകൾ ചീപ്പുകൾ ഇവ പ്രദേശത്തിന് അനുയോജ്യമാംവിധം സ്ഥാപിച്ച് വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് തടയുക. (അനുബന്ധം കാണുക)

| 1.4. കുളങ്ങളേയും കിണറുകളേയും സംബന്ധിച്ച വിവരങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| കുളങ്ങളുടെ എണ്ണം വാർഡ് 10 സെൻറിന് | | | | | | | |
| വാർഡ് | 10 സെൻറിന് താഴെ | 10-20 | 20-30 | 30-40 | 40-50 | 50 മുകളിൽ | |
| 1 | 2 | 3 | 4 | 5 | 6 | 7 | |
| I | 4 | - | - | - | - | - | പഞ്ചായത്ത് കുളങ്ങൾ : 11<br>സ്വകാര്യ കുളങ്ങൾ : 60<br>ക്ഷേത്ര ക്കുളങ്ങൾ : 10<br>കിണറുകൾ : 59 |
| II | 2 | 1 | - | - | - | - | |
| III | 3 | 2 | - | - | - | - | |
| IV | 2 | 4 | 1 | - | - | 3 | |
| V | 3 | - | - | 1 | - | - | |
| VI | 4 | - | - | - | 1 | - | |
| VII | 2 | - | - | 1 | 1 | 3 | |
| VIII | 10 | - | - | 1 | - | - | |
| IX | 5 | - | - | 1 | - | - | |
| X | 4 | - | - | - | 1 | - | |
| XI | 2 | - | - | - | 1 | - | |
| XII | 5 | - | - | 1 | 1 | 1 | |
| XIII | 8 | 1 | - | - | - | 1 | |
| ആകെ | 54 | 8 | 1 | 5 | 5 | 8 | |

5.1 തോടുകൾ കയ്യേറുന്നത് കർശനമായി തടയുകയും കയ്യേറ്റക്കാർക്ക് എതിരേ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക. പൊതുതോടുകൾ ജനസഹകരണത്തോടെ വെട്ടി വൃത്തിയാക്കുകയും സൈഡ് കെട്ടി സംരക്ഷിക്കുകയും ചെയ്യുക. നികത്തിപ്പോയ തോടുകൾ വീണ്ടും തുറക്കുക.
5.2 തോടുകൾ നികത്തുന്നത് തടയുന്നതിനാവശ്യമായ പ്രചാരണപ്രവർത്തനങ്ങൾ നടത്തുക. സ്വകാര്യ തോടുകൾ വെട്ടി വൃത്തിയാക്കി സൂക്ഷിക്കുന്നതിന് സഹായം നൽകുക.
5.3 അഞ്ചാപ്പാലം-മാണിയമാക്കതോടിൽ ഒരു ചീപ്പുകൂടി സ്ഥാപിച്ച് ജലം സംഭരിക്കുക.
5.4 വർഷക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്ന പ്രദേശങ്ങളിൽ ജല നിർഗ്ഗമനമാർഗങ്ങൾ ഉണ്ടാക്കുയും നിലവിലുള്ളവ വൃത്തിയാക്കി സംരക്ഷിക്കുകയും ചെയ്യുക. (അനുബന്ധം കാണുക) കാർഷികാവശ്യങ്ങൾക്കുള്ള പമ്പുസെറ്റുകൾക്ക് അപേക്ഷകിട്ടിയാലുടൻ കണക്ഷൻ നൽകേണ്ടതാണ്.
6. ഡ്രിപ്പ് ഇറിഗേഷൻ സ്പിംഗ്ളർ ഇറിഗേഷൻ, ആധുനിക ജലവിഭവ മാനേജ്മെൻറ് ഇവ സംബന്ധിച്ച വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (സെമിനാറുകൾ, പ്രദർശനങ്ങൾ) ജനസഹകരണത്തോടെ നടത്തുക. തൊഴിൽ രഹിതരായ യുവാക്കൾക്ക് ഡ്രിപ്പ്, സപിംക്ലർ ഇവ സ്ഥാപിക്കുന്നതിലും അറ്റകുറ്റപണികൾ നടത്തുന്നതിലും പരിശീലനം നൽകുക.

## പണിപൂർത്തിയായ ജലസേചനപദ്ധതികൾ

| | |
|---|---|
| ചാലക്കുളം സംരക്ഷണം | : Rs. 93,000 |
| വീരാൻതെട്ടിലും പുത്തൻകാട് തെട്ടിലും സ്ലൂയിസ് കം ബ്രിഡ്ജ് | : Rs. 1,85,000 |
| അരാകുളം തോടിൻെറ സൈഡ് സംരക്ഷണം | : Rs. 29,500 |

## ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളും എടുക്കേണ്ട നടപടികളും (അനുബന്ധം :1)

(1) തിരുവഞ്ചിക്കുളം തോട്ടിലേയും ചേന്ദൻ കുളത്തിലേയും ചീപ്പുകൾ അററകുററപ്പണികൾ ചെയ്ത് നന്നാക്കുക.

(2) താഴെ പറയുന്ന സ്ഥലങ്ങളിൽ ചീപ്പുകളോ മൺചിറകളോ കെട്ടുക.

(എ) ഉണ്ടെക്കടവ് അമ്പലത്തിനു കിഴക്ക്

(ബി) കളത്തിപറമ്പിൽ ഗോപാലൻെറ വീടിനടുത്ത്

(സി) മങ്കാട്ടിൽ പ്രഭാകരൻെറ തെക്കുവശം

(ഡി) കളിത്തിപറമ്പിൽ ഗോപാലൻെറ വീടിനടുത്ത്

(ഇ) കയർ സൊസൈററിയുടെ തെക്കുഭാഗം

(എഫ്) തീയ്യയുവജന സമാജത്തിൻെറ അടുത്ത്.

3. മീൻപാറിപാടം തോട്, പള്ളിത്തോട്, ഇടത്തോടുകളിൽ ബണ്ടുകെട്ടണം.

4. പെരുംതോട്, മങ്കുഴിതോട് ഇവയുടെ കൈവഴികളിലും പള്ളിതോട്, അമ്പലംതോട് ഇവയിലും ചിറയോ ചീർപ്പോ നിർമ്മിക്കണം.

5. പെരും തോട്ടിൽ നിന്നും ഉപ്പുവെള്ളം കയറുന്ന ഇടത്തോടുകളിൽ ചീർപ്പ് നിർമ്മിക്കണം.

(എ) താലാപ്പിള്ളി കൃഷ്ണൻെറ വടക്കുവശം
(ബി) മനയത്തു സന്തോഷിൻെറ തെക്കുവശം
(സി) തായിൽ രാഘവൻെറ വടക്കുവശം
(ഡി) രജനിടീച്ചറുടെ വടക്കുവശം.

6. ഒന്നാംവാർഡിൽ പഞ്ചായത്തിൻെറ നേതൃത്വത്തിൽ കായൽ ഡ്രഡ്ജ് ചെയ്ത് മണ്ണ് ശേഖരിക്കുകയും കരഭൂമിയുടെ സ്വഭാവത്തിനനുസരിച്ച് ഭൂമി ഉയർത്തികൊണ്ടുവരുന്നതിന് ജനപങ്കാളിത്തോടെ ഡ്രഡ്ജ് ചെയ്ത് മണ്ണ് അതാതു സ്ഥലങ്ങളിൽ എത്തിക്കുകയും ചെയ്യുക.

## മേത്തലപഞ്ചായത്ത് വെള്ളക്കെട്ടുണ്ടാക്കുന്ന സ്ഥലങ്ങളും സ്വീകരിക്കേണ്ട നടപടികളും

**അനുബന്ധം : 2**

വാർഡ് 4. (എ) തോട്. കുറുംബനാംകുളം തോട് ഇവയ്ക്ക് വീതിയും ആഴവും കൂട്ടുക.
(ബി) മാടംകുളത്തിൽ നിന്നും പുഴയിലേക്ക് പൈപ്പ് ഇടുക.
(സി) കോട്ടപ്പുറം പള്ളിയുടെ വടക്ക് ഭാഗത്തുനിന്നും കിഴക്കോട്ടുള്ള പൊതുതോട് കയ്യേററത്തിൽ നിന്നും ഒഴിച്ച് കിഴക്കെ അററം വരെ താഴ്ത്തി ചേരമാൻ പറമ്പുവരെ വെള്ളക്കെട്ട് ഒഴിവാക്കുക.

വാർഡ് 6. കല്ലിക്കാട്ടു ശാരദമ്മയുടെ പറമ്പിൽ ഇട്ടിരിക്കുന്നപൈപ്പിലേക്ക് വടക്കു വശത്തു നിന്നും പൈപ്പുകൾ ഇടുകയും അവിടെ നിലവിലുള്ള വ്യാസം കുറഞ്ഞ പൈപ്പുകൾ മാററി വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
(ബി) എ.സ്.കെ.ജി.എസ്.കോളനിയുടെ മുൻവശത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കാൻ ഗൗരിശങ്കർ ആശുപത്രിയുടെ പടിഞ്ഞാറ് ഭാഗത്ത് നിന്നു് തെക്കോട്ട് കാന ഉണ്ടാക്കുക.

വാർഡ് 7. (എ) അരാകുളം പ്രദേശത്തെ 2 കുളങ്ങളേയും ബന്ധിപ്പിക്കുന്ന തോടും കുളത്തിൽ നിന്ന് പുഴയിലേക്കുള്ള തോടും ഡ്രൈനേജ് ചെയ്യുക.
(ബി) ബി.എച്ച്.എസ്സിന് പടിഞ്ഞാറ് വില്ലോടി പറമ്പിലേയും പരിസരത്തേയും വെള്ളക്കെട്ട് ഒഴിവാക്കാൻ സമീപത്തുള്ള തോട് സംരക്ഷിക്കുക.
(ബി) പടാകുളം ജംഗ്ഷനിൽ നിന്ന് ശൃംഗപുരത്തേയ്ക്ക് കാന കെട്ടുക.
സി) ബോയ്സ് ഹൈസ്കൂൾ മുതൽ ഡോ. പത്മനാഭൻെറ വസതിയുടെ തെക്കുവശം വരെയുള്ള തോട് സംരക്ഷിക്കുക.

വാർഡ് 9. (എ) മേത്തല പോസ്റ്റാഫീസുമുതൽ എം.എം. തോട് വരെയുള്ള തോടുണ്ടായിരുന്നത് മണ്ണ് മൂടിയിരിക്കുന്നു. ഈ തോട് സർവ്വേ നടത്തി വെട്ടി വൃത്തിയാക്കി പുഴയിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുക.
(ബി) ശാസ്താംകോവിൽ - വയലമ്പം റോഡിൻെറ നടുഭാഗത്ത് ഒരു ജലനിർഗമനപൈപ്പ് ഉള്ളത് മൂടിപ്പോയിരിക്കുന്നു.
(ഡി) മുല്ലേഴത്ത്പറമ്പിൽ നിന്നും മാണിയാമാക്കരതോട്ടിലെത്തുന്ന തോട് വെട്ടിവൃത്തിയാക്കുക.

237

വാർഡ് 8. (എ) അഞ്ചപ്പാലം-എരിശ്ശേരിപ്പാലം തോട്
(ബി) ആളംപറമ്പിൽ അഷ്റഫിൻെറ തെക്ക്വശത്തുകൂടി വയലമ്പത്ത് അരാകുളം - അഴീക്കോട് റോഡിലെത്തുന്ന തോട്
(സി) ശ്രീനാരായണ സാംസ്കാരിക സമാജത്തിന് സമീപമാരംഭിച്ച് അഴീക്കോട്-പടാകുളം റോഡിന് തെക്കുവശത്തുകൂടി എരിശ്ശേരിപ്പാലം തോടുമായി സന്ധിക്കുന്ന തോട്.
(ഡി) കാർത്തികേയമേനോൻെറ വീടിന് തെക്കുവശത്തുകൂടി അഞ്ചപ്പാലം ചീർപ്പിന് സമീപം അവസാനിക്കുന്ന തോട്.
(ഇ) കാത്തോളിച്ചിറ തോട്
എഫ്) കാക്കനാട്ടുകന്ന് വടക്കുഭാഗത്ത് നിന്ന് ആരംഭിച്ച് അഞ്ചപ്പാലം-എരിശ്ശേരിപ്പാലം തോട്ടിലെത്തുന്ന മൂന്ന് തോടുകൾ
(ജി) പറമ്പിക്കുളങ്ങര ഈസ്റ്റ്-ഹെൽത്ത്സെൻെറർ തോട്.
(എച്ച്) കാക്കനാട്ടുകുന്ന്-കാട്ടാകുളം വെസ്റ്റ് റോഡിലെ വെളളക്കെട്ട് ഒഴിവാക്കുന്നതിന് ഡ്രെയ്നേജ് നിർമ്മിക്കുക.
(ഐ) കുഡുംബികോളനിയിലെ വെളളക്കെട്ട് ഒഴിവാക്കുന്നതിന് ഡ്രെയ്നേജ് നിർമ്മിക്കുക.
(ജെ) വില്ലൊടി പടാകുളം റോഡിൻെറ പടിഞ്ഞാറ് വശത്തുകൂടി ഓട നിർമ്മിക്കുക.
(കെ) പടാകുളം-അഴീക്കോട് PWD റോഡിൽ കലാനിലയത്തിന് പടിഞ്ഞാറ് നിന്നാരംഭിച്ച് ശ്രീനാരായണസാംസ്കാരിക സമാജത്തിന് സമീപമുളള തോടുമായി ബന്ധിപ്പിക്കുന്ന ഓട നിർമ്മിക്കുക.
(എൽ) കേരളേശ്വരം കിഴക്ക് അഞ്ചപ്പാലം ചീർപ്പിൻെറ ഭാഗത്തേയ്ക്ക് ഒരു ഡ്രെയ്നേജ് നിർമ്മിക്കുക.
വാർഡ് 10. മീൻപററിപ്പാടം തോടിനടുത്തുളള വെളളക്കെട്ട് ഒഴിവാക്കുക.
വാർഡ് 12. (എ) വയലമ്പത്ത്നിന്ന് തെക്കോട്ടുളള തോട്
(ബി) മേത്തലപ്പാടം മങ്കുഴി തോട്
(സി) തേവാലി ക്ഷേത്രപരിസരത്തെ തോട്.
(ഡി) പുത്തൻകാട് തോടും വീരാൻതോടും.
(ഇ) കാതികുളത്തിൽ നിന്നുളളതോട്.
ഇവ വെട്ടി വൃത്തിയാക്കണം. സൈഡ് കെട്ടണം.
വാർഡ് 13. (എ) കയർസൊസൈററിയുടെ പടിഞ്ഞാറ് ഭാഗം കോളനിയുടെ തെക്കേ അററത്തുമുള വെളളക്കെട്ട് പരിഹരിക്കണം.
(ബി) വാർഡിൻെറ കിഴക്ക്ഭാഗത്ത്നിന്നും പെരുന്തോടിനോട് ബന്ധിച്ച് തോടുകളുണ്ടാക്കണം.

*കഴിഞ്ഞ ഒരു ദശകത്തിൽ സാമാന്യേന വികസനം ഉണ്ടായ ഒരു മേഖലയാണ് മൃഗസംരക്ഷണം. എന്നാൽ കാലിത്തീററയുടെ വമ്പിച്ച വിലവർദ്ധനവ് മൂലം ഈ മേഖല ഇപ്പോൾ വികസനം മുട്ടി നിൽക്കുകയാണ്. നല്ലയിനം കന്നുകാലികളെ വളർത്തിയാൽ മാത്രം പോര, അവയ്ക്ക് പോഷകഗുണമുള്ള കാലിത്തീററയും ശാസ്ത്രീയമായ പരിചരണവും നൽകണം.*

## മൃഗസംരക്ഷണം

സങ്കരയിനം പശുക്കളുടേയും കാളകളുടേയും എണ്ണം നാടൻ ഇനങ്ങളേക്കാൾ കൂടുതലാണ്. ഉൽപാദനക്ഷമത കൂടിയ ഇനങ്ങൾ തന്നെയാണ് ജനങ്ങൾ തെരഞ്ഞെടുക്കുന്നത്.

എരുമകളുടേയും ആടുകളുടേയും എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. ആട്ടിറച്ചി കി.ഗ്രാമിന് 90 രൂപ വിലയുണ്ടായിട്ടും ആടുവളർത്തൽ വ്യാപകമാകുന്നില്ല. വളർത്തുമൃഗങ്ങളിൽ ഏററവും കൂടുതലായി കണ്ടുവരുന്നത് ദഹനസംബന്ധമായ രോഗങ്ങളാണ്. കാലിത്തീററയുടെ ഗുണക്കുറവാണ് ഇതിന്റെ പ്രധാന കാരണം. ശാസ്ത്രീയമായ പരിചരണത്തെക്കുറിച്ചുള്ള അജ്ഞതയും ഇതിന് കാരണമാണ്.

വളർത്തുപക്ഷികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ താറാവ് കൃഷി വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി മാത്രമാണ് എട്ടാംപഞ്ചവത്സരപദ്ധതിയിൽ മൃഗസംരക്ഷണവകുപ്പ് ഈ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളത്. ഡയറി ഡവലപ്പ്മെൻറ് വകുപ്പിൽ നിന്നും നാലുതൊഴുത്തുകളും ഒരു മിനി ഡയറിഫാമും ഉണ്ടാക്കുവാനുള്ള സഹായം നൽകിയിട്ടുണ്ട്.
മൃഗസംരക്ഷണവകുപ്പ് എട്ടാംപഞ്ചവത്സരപദ്ധതിയിൽ മററിടങ്ങളിൽ നടപ്പാക്കിയിട്ടുള്ള *ആടുവളർത്തൽ, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, ഡയറിഫാം യൂണിററ്, ബാക്യാഡ് പൗൾട്രിഫാം പദ്ധതി* ഇവയൊന്നും ഈ പഞ്ചായത്തിന് ബാധകമാക്കിയിട്ടില്ല.

### പ്രശ്നങ്ങൾ

1. കാലിതീററ, വയ്ക്കോൽ ഉൾപ്പെടെ, ഈ പ്രദേശത്തിനു പുറത്തുനിന്നും കൊണ്ടുവരുന്നതാണ്. കാലിതീററയ്ക്ക് താങ്ങാനാവാത്ത വിലയാണ്.
2. രണ്ടോമൂന്നോ ഇടത്തട്ടുകാരുടെ കൈമറിഞ്ഞാണ് വയ്ക്കോലും, ഇതരകാലിതീററകളും കാലിവളർത്തുകാർക്ക് കിട്ടുന്നത്.
3. കാലിതീററക്ക് ഗുണനിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. ഇതിനാൽ ഗുണമേൻമയില്ലാത്ത കാലിതീററയാണ് വാങ്ങാൻ കിട്ടുന്നത്.
4. തീററപുൽ കൃഷി തീരെയില്ല.
5. സ്ഥിരതയോടെയും വിശ്വാസ്യതയോടെയും പ്രവർത്തിക്കുന്ന പാൽ ഉൽപാദക സഹകരണ സംഘങ്ങൾ ഇല്ല.
6. ഗവഃ വെററിനറി പോളിക്ലിനിക്ക് ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഡോക്ടർമാരുടെ സേവനം ലഭിക്കാൻ കാലിവളർത്തുകാർ വാഹന സൗകര്യം ഏർപ്പാടാക്കികൊടുക്കേണ്ടതായി വരുന്നു.
7. വെററിനറി ആശുപത്രിയിൽ മിക്കപ്പോഴും മരുന്നുകൾ ഉണ്ടാകാറില്ല.
8. പ്രതിരോധ കുത്തിവെയ്പുകൾ കൃത്യമായി നടക്കാറില്ല.
9. വളരെ ചെറിയ തുണ്ടുഭൂമികളിൽ താമസിക്കുന്നവർ തങ്ങൾക്കും കന്നുകാലികൾക്കും ഒരു പോലെ അനാരോഗ്യമായ തൊഴുത്തുകളിലാണ് കന്നുകാലികളെ വളർത്തുന്നത്.
10. ആട്ടിറച്ചിക്ക് കിലോഗ്രാമിന് 90 രൂപ വിലയുണ്ടെങ്കിലും ആടുവളർത്തൽകുറഞ്ഞുവരുന്നു. ആടുകളെ അഴിച്ചുവിടാതെ വളർത്തുമ്പോൾ നൽകേണ്ട ഭക്ഷണരീതികളും, ആട്ടിൻകൂടുകളും, തീററയായി നൽകാൻ കഴിയുന്ന വിവിധതരം ഇലകളും (ഇപ്പോൾ പ്ലാവിലയെ മാത്രം ആശ്രയിക്കുന്നു) സംബന്ധിച്ച ശാസ്ത്രീയ വിജ്ഞാനം കർഷകർക്ക് ഇല്ല.
11. ദരിദ്രരും ദുർബ്ബലരുമായ വിഭാഗങ്ങൾക്ക് കന്നുകുട്ടികൾ, ആട്ടിൻകുട്ടികൾ ഇവ നൽകാനുള്ള ഫലപ്രദമായ സംവിധാനം ഇല്ല. കാലിവളർത്തലിന് വായ്പയായും മററും നൽകുന്ന തുകകൾ ആ ആവശ്യത്തിനുതന്നെ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധി

ക്കാനുള്ള സാമൂഹ്യ സംവിധാനം ഇല്ല.

12. എരുമ വളർത്തൽ തീരെ കുറഞ്ഞുവരുന്നു.

13. 'വീട്ടുവളപ്പിലെ കോഴികൃഷി' യാണ് ഈ പഞ്ചായത്തിൽ കൂടുതലായി ഉള്ളത്. ഇടക്കിടെപൊട്ടിപുറപ്പെടുന്ന കൊഴിരോഗങ്ങളാണ് പ്രധാന ഭീഷണി.

14. നല്ലയിനം കോഴികുഞ്ഞുങ്ങളെ കിട്ടാനില്ല.

15. സന്തുലിതവും ഗുണമേൻമയുള്ളതുമായ കോഴിതീററ കിട്ടാനില്ല., കിട്ടുന്നവക്കാകട്ടെ വില വളരെ കൂടുതലാണ്.

16. കോഴികളുടെ എണ്ണത്തിനനുസരിച്ച് വലിപ്പമുള്ള കോഴികൂടുകൾ ഉപയോഗിക്കപ്പെടുന്നില്ല.

| മേത്തല ഗ്രാമപഞ്ചായത്ത് (4.2 വളർത്തുപക്ഷികളുടെ സംഖ്യ) | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മററുള്ളവ |
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 68 | 1978 | 235 | 30 | 60 | ഇല്ല |
| 2 | 92 | 1869 | 210 | 20 | 85 | " |
| 3 | 69 | 2135 | 314 | 45 | 150 | " |
| 4 | 75 | 2672 | 730 | 60 | 210 | " |
| 5 | 104 | 1847 | 210 | 40 | 180 | " |
| 6 | 116 | 2560 | 320 | 50 | 90 | " |
| 7 | 51 | 1978 | 450 | 10 | 40 | " |
| 8 | 89 | 2489 | 560 | 20 | 70 | " |
| 9 | 78 | 2848 | 740 | 15 | 55 | " |
| 10 | 160 | 3147 | 970 | 35 | 85 | " |
| 11 | 158 | 1695 | 335 | 15 | 50 | " |
| 12 | 171 | 1875 | 700 | 10 | 35 | " |
| 13 | 143 | 2890 | 680 | 15 | 60 | " |
| ആകെ | 1374 | 29983 | 6454 | 365 | 1170 | " |

17. ഇറച്ചികോഴികളുടെ വില്പന സൗകര്യങ്ങൾ കുറവാണ്.

18. 'മുട്ടക്കോഴികളെ കൂട്ടിലടച്ച് വളർത്തുന്ന രീതി' (Confinement rearing) പ്രചാരത്തിലായിട്ടില്ല

19. 3 മുതൽ 5 സെന്റുവരെ മാത്രം ഭൂമിയുള്ള ദുർബ്ബലവിഭാഗങ്ങൾക്കും ദരിദ്രർക്കും ആരോഗ്യകരമായ ചുററുപാടിൽ എങ്ങിനെ കോഴിവളർത്തൽ നടത്താം എന്ന പഠനം നടന്നിട്ടില്ല.

20. 1, 2, 3, 4, 5, 10, 11, 12, 13 വാർഡുകളിൽ ധാരാളം തോടുകൾ ഉണ്ട്. ഈ ഭാഗത്ത് താറാവു കൃഷിക്ക് സാധ്യതയുണ്ട്. എന്നാൽ രോഗപ്രതിരോധ നടപടികളുടെ അഭാവം, തീററയുടെ വില കൂടുതൽ, നല്ലയിനം താറാവുകുഞ്ഞുങ്ങളെ കിട്ടാതിരിക്കുക. ഈ കാരണങ്ങൾ താറാവു വളർത്തൽ വ്യാപകമാവുന്നില്ല.

21. സങ്കരയിനം പശുക്കളെ വളർത്തുന്ന കർഷകർക്ക് അവയുടെ ശാസ്ത്രീയമായ പരിപാലനത്തിൽ വേണ്ടത്ര അറിവില്ല. കോഴി - താറാവു വളർത്തൽ രംഗത്തും ഈ പ്രശ്നം ഉണ്ട്.

മേത്തല ഗ്രാമപഞ്ചായത്ത് (4.1 വളർത്തുമൃഗസംഖ്യ)

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മററുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | 3 | 11 | 2 | 4 | 43 | 7 | 38 | 3 | 21 | 13 | 2 | 119 | 4 | ഇല്ല |
| 2 | 5 | 8 | 4 | 7 | 39 | 6 | 43 | 4 | 10 | 4 | 6 | 141 | 7 | " |
| 3 | 2 | 16 | - | 11 | 47 | 11 | 31 | 9 | 3 | - | 9 | 144 | 2 | " |
| 4 | - | 21 | 5 | 13 | 51 | 9 | 27 | 11 | 1 | - | 13 | 127 | 11 | " |
| 5 | - | 19 | 3 | 9 | 38 | 11 | 130 | 19 | 7 | - | 1 | 139 | 13 | " |
| 6 | - | 14 | 2 | 14 | 57 | 13 | 134 | 10 | 11 | 3 | 9 | 124 | 6 | " |
| 7 | - | 10 | - | 3 | 32 | 9 | 109 | 4 | 7 | 5 | 13 | 119 | 19 | " |
| 8 | 2 | 19 | - | 14 | 67 | 32 | 184 | 27 | 13 | 2 | 24 | 197 | 13 | " |
| 9 | - | 12 | 3 | 19 | 55 | 17 | 86 | 12 | 8 | - | 8 | 178 | 2 | " |
| 10 | - | 7 | 6 | 7 | 72 | 8 | 79 | 15 | 11 | 2 | 6 | 169 | 6 | " |
| 11 | - | 21 | - | 13 | 81 | 23 | 92 | 23 | 6 | - | 3 | 173 | 4 | " |
| 12 | - | 17 | 7 | 11 | 64 | 19 | 75 | 19 | 7 | 1 | 2 | 190 | 5 | " |
| 13 | - | 11 | 4 | 15 | 53 | 12 | 135 | 9 | 11 | 4 | 3 | 186 | 4 | " |
| ആകെ | 12 | 186 | 36 | 140 | 699 | 147 | 1193 | | 165 | 116 | 34 | 69 | 2006 | 96 |

കാള നാടൻ : 12

കാള സങ്കരം : 36

പശു നാടൻ : 699

പശു സങ്കരം : 1193

## നിർദ്ദേശങ്ങൾ :

1. ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു കാലിത്തീറ്റ-കോഴിത്തീറ്റ ഫാക്ടറി ആരംഭിക്കണം

2. നെൽകൃഷി മേഖലയിൽ നിന്നും ഉൽപാദനസീസണുകളിൽ വൈക്കോൽ നേരിട്ട് ശേഖരിച്ച് കർഷകർക്ക് എത്തിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.

3. കാലിത്തീറ്റക്ക് കർശനമായ ഗുണനിയന്ത്രണം ഏർപ്പെടുത്തുകയും കാലിത്തീറ്റ മിശ്രിതങ്ങളിൽ ചേർത്തിട്ടുള്ള ഘടകങ്ങളും അനുപാതവും ചാക്കിലും പാക്കറ്റിലും രേഖപ്പെടുത്തുവാൻ നിയമം ഉണ്ടാക്കുകയും വേണം. ഇതേകാര്യങ്ങൾ കോഴിത്തീറ്റയ്ക്കും ബാധകമാക്കാം.

4. തീറ്റപ്പുൽകൃഷി വ്യാപകമാക്കണം.

5. പാലുൽപാദന സഹകരണസംഘങ്ങൾ ആവശ്യമായ എണ്ണം സ്ഥാപിക്കുകയും, നിലിവൽ പ്രവർത്തനരഹിതമായവ പുനഃസംഘടിപ്പിക്കുകയും വേണം

| മേത്തല ഗ്രാമപഞ്ചായത്ത് (4.3 രോഗവിവരങ്ങൾ) | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മററുള്ളവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായവ | 504 | 36 | 390 | ഇല്ല | 11 | 480 | 19 | ഇല്ല | ഇല്ല | ഇല്ല. |
| 2. | ശ്വാസകോശസംബന്ധം | 210 | 126 | 96 | - | 17 | 180 | 67 | - | - | - |
| 3. | ഉപാപചയസംബന്ധം | 280 | 20 | 70 | - | 10 | 120 | 30 | - | - | - |
| 4. | ത്വക് രോഗങ്ങൾ | 151 | 36 | 10 | - | 50 | - | - | - | - | - |
| 5. | ധാതുലവണങ്ങളുടെ അഭാവം | 184 | 18 | 130 | - | 8 | 175 | 40 | - | - | - |
| 6. | പരാദരോഗങ്ങൾ | 158 | 13 | 190 | - | 3 | 300 | 80 | - | - | - |
| 7. | പ്രത്യുൽപാദന സംബനം | 7 | 310 | 16 | 406 | - | - | - | - | - | - |
| 8. | വന്ധ്യത | 30 | 5 | 45 | - | - | - | - | - | - | - |
| 9. | അകിടുവീക്കം | 170 | 11 | 214 | - | - | - | - | - | - | - |
| 10. | മുടന്തൻ പനി | 155 | 19 | 412 | - | - | - | - | - | - | - |
| 11. | പകർച്ചവ്യാധികൾ | - | - | - | - | - | 456 | - | - | - | - |

6. ഗവർമെൻറ് വെറ്റിനറി പോളി ക്ലീനിക്കിൻെറ പ്രവൃത്തി സമയം രാവിലെ 8 മുതൽ 5 വരെയാക്കണം. പോളിക്ലീനിക്കിൽ ഒരു മൊബൈൽ ക്ലിനിക്ക് ഏർപ്പെടുത്തണം. കാലി-കോഴി വളർത്തുകാരുടെ റജിസ്റ്റർ സൂക്ഷിക്കുകയും അവർക്ക് 'ഒരു വൈറ്റ് കാർഡ്' നൽകുകയും രണ്ടുമാസത്തിലൊരിക്കലെങ്കിലും വെറ്റിനറി ഡോക്ടർമാർ വളർത്തുമൃഗങ്ങളെ പരിശോധിച്ച് വിവരം റജിസ്റ്ററിൽ 'വൈറ്റ് കാർഡിൽ' രേഖപ്പെടുത്തുകയും വേണം.

With Best Compliments

# V.B.H. Enterprises

General Merchants and Commission Agents

Bazar, Kottapuram, Ph : 803359 (Kdr)

യിൽ ആവശ്യമുള്ളതെല്ലാം ഉണ്ടായിരിക്കണം. മരുന്നുകൾ സൗജന്യമായി നൽകണം. ഇതിനാവശ്യമായ ക്കണം.

രോധ കുത്തിവെയ്പുകൾ കൃത്യസമയത്ത് ചെയ്യുന്ന വിധം സംവിധാനം ഉണ്ടാക്കുകയും കുത്തിവെയ്പ് ലും വെറ്റ് കാർഡിലും രേഖപ്പെടുത്തുകയും വേണം.

ഭൂമികളിൽ താമസിക്കുന്നവർക്ക് പരിസര ശുചിത്വം പാലിച്ചുകൊണ്ട് കന്നുകാലികളെ വളർത്തുന്നതിന് ൂപകൽപന ചെയ്ത് അവ ഉണ്ടാക്കുവാൻ ആവശ്യമായ സഹായം നൽകണം.

പ്പിക്കുന്നതിന് നല്ലയിനം ആട്ടിൻകുട്ടികളെ വിതരണം ചെയ്യാനുള്ള പദ്ധതി ഉണ്ടാക്കുക. പരിമിതമായ ുകളെ അഴിച്ചുവിടാതെ വളർത്തുവാനുള്ള രീതികൾക്ക് (Confiment rearing) പ്രചാരണം നൽകുക.

ുകളേയും വാങ്ങുന്നതിനും തൊഴുത്തുകളും ആട്ടിൻ കൂടുകളും ഉണ്ടാക്കുന്നതിനും കുറഞ്ഞ പലിശനിരക്കിൽ ണ്ടാക്കുക. ദരിദ്രരും ദുർബലരുമായ വിഭാഗങ്ങൾക്ക് കന്നുകുട്ടികളേയും മാടുകളേയും വാങ്ങുന്നതിന് ള പദ്ധതി ആവിഷ്കരിക്കുക.

ുറഞ്ഞ്വരുന്നതിനുള്ള കാരണം പരിശോധിക്കുകയും അവയുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള നടപടികൾ

ാരോ വാർഡിലും സൗകര്യമുള്ള ഗ്രൂപ്പുകളായി തിരിക്കുകയും ഓരോ ഗ്രൂപ്പിൽ നിന്ന് നാലോ അഞ്ചോ ക് എതിരേ നൽകേണ്ട പ്രതിരോഗ കുത്തിവെയപുകൾ, മരുന്നുകൾ ഇവ സംബന്ധിച്ച അറിവ് ഉണ്ടാക്കു എടുക്കുന്നതിന് പരിശീലനം നടത്തുകയും ചെയ്യുക.

ുങ്ങളെ ഉൽപാദിപ്പിക്കുന്ന രണ്ടോ മൂന്നോ ഹാച്ചറികൾ പഞ്ചായത്തിൽ ഉണ്ടാക്കുക. ഒരു കുടുംബത്തിന് ർപ്പെടുന്ന ഒരു യൂണിറ്റ് സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

ർമ ഉള്ളതുമായ കോഴിത്തീററ ഉൽപാദിപ്പിക്കുന്നതിനുമുള്ള കേന്ദ്രം തുടങ്ങുക.

ശ്രിതം എങ്ങിനെ തയ്യാറാക്കാമെന്നതിന് പരിശീലനം നൽകുക.

ിന് ആനുപാതികമായി വലിപ്പമുള്ള കോഴിക്കൂടുകൾ ഉണ്ടാക്കുന്നതിന് കോഴിവളർത്തുകാർക്ക് അറിവ് ായ സഹായങ്ങൾ നൽകുകയും ചെയ്യുക.

ം വിൽക്കുന്നതിന് കോൾഡ് സ്റ്റോറേജോടുകൂടിയ വിപണന സംവിധാനം ഏർപ്പെടുത്തുക. പഞ്ചായത്തു ൽ ഇതിനുള്ള സൗകര്യം ഉണ്ടാകണം.

ഹകരണ മേഖലയിലും മുട്ടക്കോഴികളെ 'അടച്ചുവളർത്തുന്ന' (Cofinement rearing) ഫാമുകൾ ആരംഭിക്കുക. സിക്കുന്നവർക്ക് പരിസര ശുചിത്വം പാലിച്ചുകൊണ്ട് കോഴിവളർത്തുന്നതിനുള്ള അറിവ് പകർന്നുകൊടു ിധാനം സൗജന്യമായി ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക.

ത്സക്കുള്ള വിവരങ്ങൾ കർഷകർക്കു നൽകി സൗജന്യ നിരക്കിൽ നല്ലയിനം താറാവു കുഞ്ഞുങ്ങളെ തീറ്റ സൗജന്യ നിരക്കിൽ നൽകാൻ സംവിധാനം ഏർപ്പെടുത്തണം.

ി-താറാവ് വളർത്തൽ ഈ രംഗങ്ങളിൽ നടന്നുവരുന്ന ഗവേഷണ ഫലങ്ങളും ആധുനിക സാങ്കേതിക ക്കാത്തിക്കുന്നതിന് ഈ രംഗത്ത് വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാറുകളും പരിശീലന പദ്ധ . നല്ലയിനം കന്നുകുട്ടികൾ ആട്ടിൻ കുഞ്ഞുങ്ങൾ കോഴി-താറാവ് കുഞ്ഞുങ്ങൾ ഇവ ആവശ്യക്കാർക്ക് ും തൊഴുത്തുകൾ, ആട്ടിൻകൂടുകൾ, കോഴിക്കൂടുകൾ. ഇവ നിർമ്മിക്കുന്നതിനും സഹായിക്കാനുമായി ർത്തിക്കുന്ന ഒരു റിവോൾവിംഗ് ഫണ്ട് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധകുത്തിവയ്പ് നിർബന്ധിതമാക്കുക.

*കൊടുങ്ങല്ലൂർ കായലും കായലിനോട് ചേർന്ന് കിടക്കുന്ന പെരുംതോടുകളും ഇടത്തോടുകളും, നിരവധി ശുദ്ധജല കുളങ്ങളും കൊണ്ട് സമ്പന്നമായ നമ്മുടെ പഞ്ചായത്തിൽ മത്സ്യം വളർത്തലും മത്സ്യസംസ്കരണവും ഏറെ വികസനസാധ്യതയുള്ള മേഖലയാണ്.*

## മത്സ്യബന്ധനം

കണമ്പ്, തിരുത, കരിമീൻ, പൂമീൻ, കറൂപ്പ്, കൂരി, അറഞ്ഞിൽ, മുളളൻ, പളളത്തി, തുടങ്ങിയ നിരവധി ഇനം മത്സ്യങ്ങളും കായൽഞണ്ടുകളും കൊഞ്ച്, നാടൻചെമ്മീൻ, കാരചെമ്മീൻ, ഇവയിൽ നമ്മുടെ കായലിൽ നിന്ന് ധാരാളമായി കിട്ടിയിരുന്നു. മത്സ്യങ്ങൾക്കും ചെമ്മീൻ-ഞണ്ട് ഇവയ്ക്കും വംശവർദ്ധനവ് നടത്തുന്നതിനാവശ്യമായ പരിസ്ഥിതി തുലനത്തിൽ വന്ന മാററവും വൻതോതിലുളള മത്സ്യബന്ധനവും, വർഷക്കാലത്ത് പ്രത്യക്ഷപ്പെടുന്ന മത്സ്യരോഗവും എല്ലായിനം മത്സ്യങ്ങളുടേയും ലഭ്യതകുറയാൻ കാരണമായിട്ടുണ്ട്.

നമ്മുടെ സമീപപ്രദേശങ്ങളിൽ മത്സ്യം, ചെമ്മീൻ, ഞണ്ട് ഇവ വളർത്തൽ വ്യാപിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഈ സാധ്യത ഇനിയും പ്രയോഗത്തിലായിട്ടില്ല. ശുദ്ധജല മത്സ്യകൃഷിയിലും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. മത്സ്യബന്ധനം, മത്സ്യസംസ്കരണം, വില്പന ഈ രംഗങ്ങളിലായി 1200 ലധികം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിൽ തൊഴിലെടുക്കുന്നുണ്ട്. മത്സ്യതൊഴിലാളികളുടെ ജീവിതനിലവാരത്തിൽ ഇതരവിഭാഗങ്ങൾക്കൊപ്പം ഉയർച്ച ഉണ്ടായിട്ടില്ല.

### പ്രശ്നങ്ങൾ

1. തൊണ്ടഴുക്കൽ, ചകിരിച്ചോറ് തോടുകളിലേക്കും കായലുകളിലേക്കും തളളിവിടൽ, ഇക്കാരണങ്ങളാൽ കായൽ ജലം മലിനമാകുന്നു. ഇത് കായൽ മത്സ്യങ്ങളുടെ വളർച്ചയ്ക്ക് ഭീഷണിയായിട്ടുണ്ട്.
2. കായൽ കൈയ്യേറി നികത്തി എടുക്കുന്നത് പല ഭാഗങ്ങളിലും നടന്നു വരുന്നു. കായലിന്റെ ആഴവും വിസ്തൃതിയും ക്രമേണ കുറഞ്ഞു വരികയാണ്. പ്രധാന തോടുകളും ഇപ്രകാരം കൈയ്യേററത്തിനു വിധേയമായികൊണ്ടിരിക്കുന്നു.
3. ചില കാലങ്ങളിൽ ഫിഷിങ്ങ് ബോട്ടുകൾ കായലിൽ നിന്നും മത്സ്യബന്ധനം നടത്തുന്നു. ഇത് കായൽ മത്സ്യങ്ങളുടെ വംശനാശത്തിന് ഇടയാക്കിയേക്കും.
4. കായലിനോട് ചേർന്നു കിടക്കുന്ന 1, 2, 3, 4, 10, 11 വാർഡുകളിലും പെരുന്തോടിനോട് ചേർന്നു കിടക്കുന്ന 13 - ാം വാർഡിലും ഞണ്ടുകൃഷിക്ക് ഏറെ സാധ്യതകളുണ്ട്. ഞണ്ടുവളർത്തുന്നതിനുളള അടിസ്ഥാന സൗകര്യങ്ങളെപററിയും, രീതിയെപററിയും ജനങ്ങൾക്ക് അറിവില്ലാത്തതാണ് ഞണ്ടുവളർത്തൽ വ്യാപകമാകുന്നതിന് തടസ്സമായിരിക്കുന്നത്.
5. കായലിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ വലിയ മത്സ്യകുളങ്ങൾ ഉണ്ടാക്കി ഓരുജലമത്സ്യവും ചെമ്മീനും വളർത്താൻ സാധ്യതയുണ്ട്. അടിസ്ഥാന സൗകര്യങ്ങളെപ്പററിയും, കൃഷിരീതികളെപററിയുമുളള അജ്ഞതയും ഇത് ലാഭകരമാകുമോ എന്ന സംശയവുമാണ് പ്രധാന തടസ്സങ്ങൾ.
6. ഗതാഗതമില്ലാത്ത തോടുകളിലും മത്സ്യം വളർത്താവുന്നതാണ്.
7. മത്സ്യങ്ങൾക്ക് വർഷക്കാലത്ത് വ്യാപകമായി രോഗം ബാധിക്കുകയും കൂട്ടത്തോടെ ചത്തുപോവുകയും ചെയ്യുന്നു.
8. കായലിൽ മത്സ്യം വളർത്തുന്നതിനുളള സാധ്യതകളും വിവിധ രീതികളും പരിശോധിക്കപ്പെട്ടിട്ടില്ല.

### നിർദ്ദേശങ്ങൾ

1. പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉണ്ടാക്കാനുളള ആധുനിക രീതികൾ പ്രയോഗത്തിൽ വരുത്തുക. ചകിരിച്ചോറ് ജൈവവള നിർമ്മാണത്തിനും മററും ഉപയോഗിക്കുക. ചകിരിച്ചോറ് കായലിലേക്ക് തളളുന്നത് നിരോധിക്കുക.

2. കായലിന്റേയും തോടുകളുടേയും അതിര് അടയാളപ്പെടുത്തുകയും, കൈയ്യേററം പൂർണ്ണമായി തടയുകയും ചെയ്യുക. കയ്യേററം തടയുന്നതിനും കയ്യേറിയ ഭൂമി പിടിച്ചെടുക്കുന്നതിനും സാമൂഹ്യസംവിധാനം ഏർപ്പെടുത്തുക.

3. ഫിഷിങ്ങ് ബോട്ടുകൾ കായലുകളിൽ നിന്ന് മത്സ്യബന്ധനം നടത്തുന്ന് തടയുക.

4. ഞണ്ടുകൃഷിക്കനുയോജ്യമായ കുളങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന പ്രദേശങ്ങളിലെ കൃഷിക്കാർക്ക് ഞണ്ടുകൃഷിക്കുള്ള അടിസ്ഥാന സൗകര്യ.ങ്ങൾ ഒരുക്കികൊടുക്കുകയും പരിശീലനം നൽകുകയും ചെയ്യുക.

5. കായലിനോട് ചേർന്ന പ്രദേശങ്ങളിൽ മത്സ്യകുളങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുന്നതിന് സഹായിക്കുകയും മത്സ്യകൃഷിയിൽ പരിശീലനം നൽകുകയും ചെയ്യുക.

6. ഗതാഗതമില്ലാത്ത തോടുകളിൽ മുളകൊണ്ടുള്ള കൂടുകൾ ഉണ്ടാക്കി മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക.

7. മത്സ്യരോഗം പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി മത്സ്യം വളർത്തുകാർക്ക് ബോധവൽക്കരണം നൽകുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സഹായം നൽകുകയും ചെയ്യുക. മത്സ്യരോഗം തടയുന്നതിനുള്ള ഗവേഷണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ഫലങ്ങൾ ജനങ്ങളിലേക്കെത്തിക്കുകയും ചെയ്യുക.

8. സഹകരണാടിസ്ഥാനത്തിൽ മത്സ്യവളപ്പുകൾ, മത്സ്യകൂടുകൾ ഇവ ഉപയോഗിച്ച് കായൽമത്സ്യകൃഷി നടത്തുന്നതിന് മത്സ്യതൊഴിലാളികൾക്ക് പരിശീലനവും സഹായവും നൽകുക.

9.1 മേത്തല പഞ്ചായത്തിലെ പൊതുകുളങ്ങളിലൊന്നിൽ മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

9.2 മേത്തല പഞ്ചായത്തിലെ പൊതുകളങ്ങളിലെല്ലാം മത്സ്യം വളർത്തുന്നതിനായി ഈ കുളങ്ങളുടെ ചുററുപാടും താമസിക്കുന്നവരെചേർത്ത് ഫിഷ്ക്ലബ്ബുകൾ രൂപീകരിക്കുക., മത്സ്യകുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ നൽകുക.

9.3 സാമാന്യം വലിപ്പമുള്ള സ്വകാര്യകുളങ്ങൾ സംരക്ഷിക്കുന്നതിനും അവയിൽ മത്സ്യം വളർത്തുന്നതിനും കർഷകരെ പ്രേരിപ്പിക്കുന്നന് ആവശ്യമായ പരിശീലനവും സഹായവും നൽകുക., മത്സ്യകുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ പ്രാദേശികമായി വിതരണം ചെയ്യുക.

10.1 പിടിക്കുന്ന മത്സ്യങ്ങൾ കമ്പോളത്തിലെത്തിക്കുന്നതുവരെ കേടുകൂടാതെ സൂക്ഷിക്കാൻ പടന്നയിലും, കോട്ടപ്പുറം മാർക്കററിലും, ആനാപ്പുഴയിലും ശീതീകരണ സൗകര്യത്തോടെ മത്സ്യശേഖരസംവിധാനം സഹകരണമേഖലയിൽ ആരംഭിക്കുക. മത്സ്യം സൂക്ഷിക്കേണ്ടവർക്ക് കുറഞ്ഞ വാടകയിൽ ഈ സൗകര്യം ഉപയോഗിക്കാൻകഴിയണം.

10.2 മത്സ്യം അതിവേഗം കമ്പോളത്തിലെത്തിക്കുന്നതിന് മത്സ്യവില്പനക്കാർക്ക് ഇരുചക്രവാഹനങ്ങൾ വാങ്ങാൻ സഹായം നൽകുക.

11. ആനാപ്പുഴ കാട്ടൂർ ഉൾനാടൻ മത്സ്യഗ്രാമ സംഘത്തിൽ ഉടനെ സെക്രട്ടറിയെ നിയമിക്കണം.

12. മത്സ്യബന്ധനം, മത്സ്യം വളർത്തൽ, മത്സ്യസംസ്കരണം ഈ രംഗങ്ങളിലെ ആധുനികഗവേഷണ ഫലങ്ങൾ മനസ്സിലാക്കുന്നതിനും പ്രയോഗിക്കുന്നതിനും ആവശ്യമായ പരിശീലനം പഞ്ചായത്തുതലത്തിൽ മത്സ്യത്തൊഴിലാഴികൾക്കും താൽപര്യമുള്ള വ്യക്തികൾക്കും കാലാകാലങ്ങളിൽ നൽകണം.

13.1 മത്സ്യഫെഡിന്റെ ഒരു ഓഫീസ് ആനാപ്പുഴയിൽ ആരംഭിക്കുക.

13.2 മത്സ്യതൊഴിലാളികൾക്ക് വേണ്ടി മത്സ്യഫെഡിന്റെ ബസ്സർവ്വീസ് ആരംഭിക്കുക.

13.3 മത്സ്യതൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ, നൂലുകൾ, നൈലോൺ വലകൾ തുടങ്ങിയവ - വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും സഹായം ലഭിക്കുവാനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തുക.

സർവ്വ മംഗളാശംസകൾ!

വി.ബി.എസ് ഹാൾ

തൃക്കുലശേഖരപുരം

കൊടുങ്ങല്ലൂർ

വിശ്വബ്രാഹ്മണസമൂഹം

കൊടുങ്ങല്ലൂർ

13.4 മത്സ്യതൊഴിലാളികൾക്ക് ഇൻഷുറൻസ് പദ്ധതികൾ ഏർപ്പെടുത്തുക.

13.5 മത്സ്യതൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുകയും പഞ്ചായത്തിൽ നിന്നും നേരിട്ട് വിതരണം ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

13.6 മത്സ്യബന്ധനോപകരണങ്ങൾ ഇൻഷ്വർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

13.7 മത്സ്യതൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ കടൽ മത്സ്യതൊഴിലാളികൾ കായൽ മത്സ്യതൊഴിലാളികൾ
എന്ന വേർതിരിവില്ലാതെ എല്ലാ തൊഴിലാളികൾക്കും ലഭിക്കണം. യഥാർത്ഥ മത്സ്യതൊഴിലാളികളെ മാത്രമെ മത്സ്യതൊഴിലാളിക്ഷേമ നിധിയിൽ ഉൾപ്പെടുത്താവൂ.

13.8 മത്സ്യതൊഴിലാളി ക്ഷേമനിധി ഓഫീസ് മേത്തല പഞ്ചായത്തിൽ ആരംഭിക്കണം.

13.9 മത്സ്യതൊഴിലാളികൾക്ക് ജോലിക്കുപോകുവാൻ കഴിയാത്ത ജൂൺ, ജൂലായ് മാസങ്ങളിൽ സൗജന്യ റേഷൻ അനുവദിക്കുക.

13.10 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഇന്നു ലഭിക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ആധുനികവിദ്യാഭ്യാസം ലഭ്യമാക്കുന്ന അർഹതപ്പെട്ട എല്ലാവർക്കും നൽകുകയും ചെയ്യുക.

13.11 11-ാം വാർഡിലെ തീരദേശ മത്സ്യതൊഴിലാളികളെകൂടി ആനാപ്പുഴ-കാട്ടൂർ മത്സ്യ ഗ്രാമത്തിന്റെ പരിധിയിൽ വരുന്ന മത്സ്യതൊഴിലാളികളായി അംഗീകരിക്കുക.

13.12 മത്സ്യതൊഴിലാളി ഭവന നിർമ്മാണ പദ്ധതിയുടെ ആനുകൂല്യം സ്വന്തമായി സ്ഥലം ഉള്ളവരും ഇല്ലാത്തവരുമായ എല്ലാ തൊഴിലാളികൾക്കും കാലതാമസമില്ലാതെ ലഭിക്കത്തക്ക രീതിയിൽ പുനരാവിഷ്കരിക്കുക.

13.13 മത്സ്യതൊഴിലാളി കോളനിയുടെ വികസനത്തിനും ശുചിത്വപരിപാലനത്തിനും സംവിധാനം ഏർപ്പെടുത്തുക.

13.14 മത്സ്യബന്ധനസമയത്തുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽ നിന്നും രക്ഷ നേടുന്നതിന് കായലോരങ്ങളിൽ ഷെൽട്ടറുകൾ സ്ഥാപിക്കുക. പടന്നയിലോ, അഞ്ചപ്പാലം ഭാഗത്തോ ഒരു മത്സ്യമാർക്കററ്
ആരംഭിക്കുക.

14. മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ആധുനിക വിദ്യാഭ്യസം ചെയ്യുന്നതിന് ഒരു റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക.

ജനകീയാസൂത്രണ
പ്രസ്ഥാനത്തിന് ആശംസകൾ !



# IBS Computers

**Sringapuram -Kodungallur**
**Phone /Fax : 0488-803103**

'FINDING A PLACE FOR KODUNGALLUR
IN GLOBAL SOFTWARE MAP'

വൻതോതിൽ സ്ഥലവും വിദ്യുച്ഛക്തിയും ആവശ്യമില്ലാത്തതും, ജോലിയുടെ കാഠിന്യവും മുഷിപ്പും കുറയ്ക്കുന്നതുമായ പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മുൻതൂക്കം നൽകണം.

## വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് മേത്തലപഞ്ചായത്ത്. ആധുനിക വ്യവസായങ്ങളൊന്നും ഇവിടെയില്ല. കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയെ നേരിടുകയാണ്. തൊഴിൽദായകമായ വ്യവസായസ്ഥാപനങ്ങളുടെ അഭാവം പഞ്ചായത്തിന്റെ പുരോഗതികതിക്ക് തടസ്സമായി നൽക്കുന്നു. അധ്വാനം ആവശ്യാനുസരണം ലഭ്യമാണെങ്കിലും അതിന് വ്യാവസായികമായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. സാമ്പത്തിക പരാധീനതയാണ് ഒരു മുഖ്യകാരണം. സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തുന്നതോടൊപ്പം പുതിയ സംരംഭകരേയും കണ്ടെത്താനുള്ള ശ്രമം പഞ്ചായത്ത് തലത്തിൽ നടത്തണം. വ്യവസായ വകുപ്പിന്റെ സാമ്പത്തിക-സാങ്കേതിക സഹായം അത്യാവശ്യമാണ്. വ്യവസായവകുപ്പും പഞ്ചായത്തും പൊതുജനങ്ങളും കൂട്ടായി പ്രവർത്തിച്ചാൽ വ്യവസായ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. 13 വാർഡുകളിലായി 231 ചെറുകിട വ്യവസായ യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട് ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ഇനി ചെറുകിട വ്യവസായത്തിന് സഹായം കിട്ടേണ്ടവരുടെ എണ്ണം 46 മാത്രമാണ്.

പ്രശ്നങ്ങൾ :

1. ക്ഷയിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങൾക്ക് പകരം ആധുനിക വ്യവസായങ്ങൾ കടന്നുവന്നിട്ടില്ല എന്നതാണ് മേത്തല പഞ്ചായത്തിന്റെ ഒരു ദുരവസ്ഥ. ഒരൊറ്റ ആധുനിക വ്യവസായസ്ഥാപനങ്ങളും മേത്തലപഞ്ചായത്തിലില്ല.
2. വ്യവസായകേന്ദ്രം ശുപാർശ ചെയ്ത് അയക്കുന്ന സംരംഭകർക്ക് പോലും വായ്പനൽകാൻ ബാങ്കുകൾ വിമുഖത കാട്ടുന്നു.
3. ആധുനിക വൽക്കരണത്തിന്റേയും വൈവിദ്ധ്യവൽക്കരണത്തിന്റേയും അഭാവത്താൽ ചകിരി വ്യവസായം തകരുന്നു.
4. പ്രാദേശികാസംസ്കൃതവസ്തുക്കൾ ഉപയോഗപ്പെടുത്തുന്ന വ്യവസായ സംരഭങ്ങൾ ഇല്ല.
5. പ്രാദേശികമായി ഡിമാൻറുള്ള ഉൽപ്പനങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നില്ല.
6. കൈത്തറി മേഖലയിലെ ഉൽപാദനം വർദ്ധിപ്പിക്കൽ
7. വ്യവസായ വികസനമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഇക്കാരണത്താൽ സംരംഭകർ നിരവധി സ്ഥലങ്ങളിൽ കയറിയിറങ്ങേണ്ടിവരുന്നു.
8. ശാസ്ത്രീയമായ മാർക്കറ്റ് സർവ്വേ, സംവിധാനം, വിപണന ശൃംഖല ഇവയുടെ അഭാവം. എങ്ങിനെ ഉൽപാദിപ്പിക്കും എന്നതിലേറെ എങ്ങിനെ വിറ്റഴിക്കും എന്നതാണ് സംരംഭകരുടെ പ്രശ്നം.

നിർദ്ദേശങ്ങൾ :

1. വൻതോതിൽ സ്ഥലസൗകര്യവും വിദ്യുച്ഛക്തിയും ആവശ്യമില്ലാത്ത ആധുനിക വ്യവസായ സംരഭങ്ങൾ പ്രാദേശികതലത്തിൽ ആരംഭിക്കുന്നതിനായി അടിസ്ഥാനസൗകര്യങ്ങൾ പഞ്ചായത്ത് തലത്തിൽ ഒരുക്കിക്കൊടുക്കുക.
1.1 മേത്തല പഞ്ചായത്തിൽ ഒരു മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
1.2 മേത്തലയിൽ ഒരു 'ഹൈടെക്' ഇൻറസ്ട്രിയൽ പാർക്ക് ആരംഭിക്കുക.
1.3 ഗൾഫ് മാർക്കറ്റ് ലക്ഷ്യം വച്ചുകൊണ്ടുള്ള വ്യാപാര വ്യവസായ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
1.4 ഈ പ്രദേശത്ത് ചെറുകിട ഇടത്തരം മേഖലകളിൽ ആരംഭിക്കാവുന്ന വ്യവസായങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുകയും കഴിവും താൽപര്യവുമുള്ള സംരംഭകരെ കണ്ടെത്തി അവർക്കാവശ്യമായ സാങ്കേതികവിദ്യ, പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ ഇവ

പഞ്ചായത്തുതലത്തിൽ ഒരുക്കികൊടുക്കുകയും ചെയ്യുക.

2. പഞ്ചായത്ത് പ്രസിഡണ്ട്, അംഗങ്ങൾ, വ്യവസായ വകുപ്പിൻെറ പ്രതിനിധികൾ, പൊതുപ്രവർത്തകർ ഇവർ ഉൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുകയും, ഈ കമ്മറ്റി വ്യവസായ സംരംഭകർക്ക് വായ്പ അനുവദിക്കുന്നതിനായി ബാങ്കുകളിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുക.

3. നിലവിലുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ വേറെ വ്യവസായത്തിൽ യന്ത്രവൽകരണവും വൈവിദ്ധ്യവൽക്കരണവും നടപ്പാക്കുക. നിലവിലുള്ള കയർസഹകരണ സംഘങ്ങൾ വിപുലീകരിച്ച് കയറ്റുപായ, ചവിട്ടി, കിടക്ക, മുതലായ ഉൽപ്പന്നങ്ങൾ കൂടി ഉണ്ടാക്കുവാൻ ഫാക്ടറി സ്ഥാപിക്കുക.

3.1 കയറുൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് തൊഴിലാളികൾക്ക് ഐ.ആർ.ഡി.പി. ലോൺ, കുറഞ്ഞ പലിശനിരക്കുള്ള മറ്റുവായ്പകൾ ഇവ ലഭിക്കാൻ സംവിധാനം ഉണ്ടാക്കുക.

3.2 ചകിരിച്ചോറ് ഉപയോഗിച്ച് ജൈവവളവും മറ്റുൽപ്പന്നങ്ങളും ഉണ്ടാക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യയും, പരിശീലനവും സാമ്പത്തിക സഹായവും കയർതൊഴിലാളിക്ക് ലഭ്യമാക്കുക.

4. നാളികേരത്തിൽ നിന്നും പാൽ, ക്രീം ഇവയും തെങ്ങാവെള്ളത്തിൽനിന്നും ശീതളപാനിയങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള സാങ്കേതിപരിശീലനവും, ഇവയുടെ ഉൽപാദനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും സഹായം നൽകുന്നതിനും ഒരു പദ്ധതി ആരംഭിക്കുക.

4.1 രോഗം ബാധിച്ച ധാരാളം തെങ്ങുകൾ ഈ പ്രദേശത്തുണ്ട്. ഇവ ഉപയോഗിച്ച് ഭവന നിർമ്മാണത്തിനുള്ള കട്ടിള, ജനൽ, പാർട്ടീഷ്യൻ വാളുകൾ, മനോഹരമായ ഫർണിച്ചർ ഇവ ഉണ്ടാക്കാൻ കഴിയും. തൽപര്യമുള്ള യുവതിയുവാക്കളെ തിരഞ്ഞെടുത്ത് ഇതിനാവശ്യമായ പരിശീലനം, അടിസ്ഥാനസൗകര്യങ്ങൾ, മൂലധനം ഇവ ലഭ്യമാക്കുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിക്കണം.

4.2 മത്സ്യസംസ്കരണ ഫാക്ടറികൾ ആരംഭിക്കുക.

5. കാലിത്തീറ്റ, കോഴി-താറാവ് തീറ്റ ഇവ പ്രാദേശികമായി നല്ല ഡിമാൻറുള്ള ഉൽപ്പന്നങ്ങളാണ്. സംരഭകരെ കണ്ടെത്തി ഇവ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യയും അടിസ്ഥാനസൗകര്യങ്ങളും മൂലധന രൂപീകരണത്തിനുള്ള സാഹായവും നൽകണം.

6.1 സിമൻറ് ബ്രിക്സ്, കട്ടള, ജനൽ, ഇവയുടെ നിർമ്മാണത്തിന് സഹായം നൽകുക.

6.2 നീറ്റുകക്ക സംസ്കരിച്ച് ഗൃഹനിർമ്മാണത്തിനുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക.

6.3 ഇലക്ട്രോണിക് ഉപകരണങ്ങളുടെ (ഇലക്ട്രോണിക് ചോക്ക്, റഗുലേറ്റർ, ടി.വി. ബൂസ്റ്റർ) നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

6.4 പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, സോപ്പുപൊടി ഇവയുടെ ഉൽപാദന സാദ്ധ്യത വർദ്ധിപ്പിക്കുക.

6.5 പപ്പടവ്യവസായം ഒരു സംഘത്തിൻെറ കീഴിൽ കേന്ദ്രീകരിക്കുക.

6.6 പന്തൽപണിക്കാർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.

6.7 നിർമ്മാണ മേഖലയിലെ ആധുനിക പ്രവണതകളെപറ്റി തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് പരിശീലനം നൽകുകയും പണിയായുധങ്ങൾ വാങ്ങാൻ സഹായം നൽകുകയു് ചെയ്യുക.

6.8 ഒരു വലനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

6.9 ഒരു പൾവറൈസിങ്ങ് യൂണിറ്റ് ആരംഭിക്കുക.

6.10 കേരോൽപ്പനങ്ങൾ, ഈറ്റ, മുള ഇവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സംവിധാനങ്ങൾ

**വ്യവസായവികസനത്തിന്**

സാങ്കേതിക പരിശീലനം
•
അടിസ്ഥാന സൗകര്യങ്ങൾ
•
മൂലധന രൂപീകരണം
•
വായ്പകൾ
•
മാർക്കറ്റ് സർവ്വേ
•
വിപണന ശൃംഖല
•
ഗുണനിയന്ത്രണം

## ഒരു തെരുവിൻെറ കഥ

ഘണ്ടാകർണ്ണൻേറയും വേട്ടക്കാരൻേറയും നോട്ടപ്പാടിൽ ഇട തൂർന്ന വാളംപുളിമരങ്ങളുടേയും അതിർത്തി കാക്കുന്ന ഇല്ലിക്കൂട്ടത്തിനുമിടയിൽ നാട്ടുവഴിക്ക് ഇരുപുറത്തുമായി തെരുവ് ചിതറി കിടക്കുന്നു.

കോവിലൻെറ നോവലിൻെറ തുടക്കമല്ല. മടലടിയന്ത്രത്തിന് രൂപം കൊടുത്ത ദാമോദരൻേറയും കുഞ്ഞിക്കളവൻേറയും ബാലൻേറയും കരുണാകരൻേറയും ആലയുടെ പരിസരവിവരണമാണ്.

"ഹാൻറിൽകട്ടറിൻെറ കാര്യം ചേട്ടൻ തന്നെ ചെയ്തുകൊടുത്തു പ്രൊപ്പല്ലർ മെഷീനും..." കരുണാകരൻ ഓർമ്മയിൽ പരതുകയാണ് കുമാരൻകുട്ടിയുടേയും ഗംഗാധരൻേറയും ആലകൾ. "ചേട്ടൻെറ ഗ്രാമഫോൺ-ഞാൻ പാട്ടു ശ്രദ്ധിക്കുകയാണ്-സൂചി പതുക്കെ തിരിഞ്ഞ് പ്ലേററിൽ തൊടുന്നതെങ്ങിനെ-എനിക്ക് പിടികിട്ടി" (യുറേക്ക!) ആംഗിൾ ഞാൻ അപ്പോൾ തന്നെ തടിയിൽ വരയ്ക്കുകയാണ്. ഒരു സ്വപ്നത്തിൻെറ വാങ്മയങ്ങളാണ് നല്ല മൂഡിലാണെങ്കിൽ കരുണാകരൻെറ രീതി.

"വടക്കുനിന്നു വന്നവരാണ് ഞങ്ങൾ തിരുവഞ്ചിക്കുളം അമ്പലം പണിയാൻ ബാലക്കരുവാൻ പറഞ്ഞുനിർത്തി. തെരുവിൽ എപ്പോൾ വേണമെങ്കിലും താമസിക്കാം. പുറമേ പോയവർക്കും, പട്ടയമൊന്നുമില്ല. ഇതാണ് പുതിയ തീരുമാനം".

കാറിൻെറ എഞ്ചിനിൽ നിന്ന് അപസ്വരം കേൾക്കുമ്പോൾ തന്നെ തകരാറിൻെറ സ്ഥാനനിർണ്ണയം നടത്തുന്ന, ലേത്ത് എത്തും മുമ്പേ ഗിയർ സെലക്ടർ നിർമ്മാണം നടത്തിയ നാട്ടറിവിൻെറ വെളിച്ചം! ഒരു വ്യാവസായിക വിപ്ലവത്തിന് ഈ കേരളം എന്നേ പാകമായിരുന്നു. ഇന്ന് ജനകീയസൂത്രണപ്രസ്ഥാനം മേത്തലയിൽ ആധുനിക വ്യവസായങ്ങൾ ആവശ്യപ്പെടുമ്പോൾ റിസർച്ച് ആൻറ് ഡെവലപ്പ്മെൻറ് വകുപ്പ് വൈദഗ്ധ്യമില്ലാതെ, മെക്കാനിക്കൽ അദ്ധ്വാനേറജിൻെറ അതിശാസ്ത്രീയതയ്ക്ക് മാനുഷികത നൽകിയ ഈ തെരുവിനെക്കൂടി ഓർക്കുക. അകാലത്തിൽ അന്തരിച്ച കുമാരൻകുട്ടി പാടുകയാണ്.

"....ഉള്ളതല്ലാം ഉള്ളതല്ല
ഉള്ളതിന്നുനാശമില്ല...."

ഏർപ്പെടുത്തുക.

6.11 കറിപൗഡർ, അച്ചാർ മുതലായവയുടെ നിർമ്മാണത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്യുക.

എൽ) ഒരു എഞ്ചിനിയറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ട സൗകര്യം നൽകുക.

6.12 ഖാദിബോർഡിൻെറ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക.

7. എ)സഹകരണമേഖലയിൽ ഒരു കൈത്തറി നെയ്ത്ത് ശാല ആരംഭിക്കുക.

7.1 തറികൾ സ്ഥാപിക്കുന്നതിനും ഷെഡ്ഡുകൾ പണിയുന്നതിനും വസ്തു ഈടിൻമേൽ അല്ലാതെ വായ്പനൽകുക.

8. പഞ്ചായത്ത് ഓഫീസിൽ ഒരു വ്യവസായ വികസനവിഭാഗവും എസ്.എസ്.ഐ. ഇൻഫർമേഷൻ കം അസിസ്റ്റൻസ് സെൻററും ആരംഭിക്കുക. പഞ്ചായത്തടിസ്ഥാനത്തിൽ ഒരുഷ്ഠകജാലകസംവിധാനം ആരംഭിക്കുക.

9. ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ ഇവയുടെ സംയുക്ത ആഭിമുഖ്യത്തിൽ വിപുലമായ മാർക്കറ്റ് സർവേ സംഘടിപ്പിക്കുകയും വിപണന ശൃംഖലരൂപീകരിക്കുകയും ചെയ്യുക. പഞ്ചായത്തുകളുടേയും മുൻസിപ്പാലിറ്റികളുടേയും ഷോപ്പിംങ്ങ് കോംപ്ലക്സുകളിൽ ഗ്രാമീണ വ്യവസായ ഉൽപ്പന്നങ്ങളുടെ പ്രദർശന-വിപണനസൗകര്യങ്ങൾ ഏർപ്പെടുത്തുക.

### ടൂറിസം

നിരവധി ചരിത്ര-സാംസ്കാരിക സ്ഥാപനങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ സാംസ്കാരിക ടൂറിസം വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്. കൊടുങ്ങല്ലൂർ കായലിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുക, ചരിത്ര സാംസ്കാരിക സ്ഥാപനങ്ങൾ സംരക്ഷിക്കുക, ഒരു ചരിത്ര മ്യൂസിയം സ്ഥാപിക്കുക തുടങ്ങിയ നടപടികൾ ടൂറിസം വികസനത്തിന് കൂടി സഹായകമാകും.

## മാർക്കററ്

മേത്തല പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് മാത്രമാണുള്ളത്. തൃശൂർ ജില്ലയിലെ ഏറ്റവും പ്രധാന മാർക്കറ്റുകളിലൊന്നായ കോട്ടപ്പുറം മാർക്കറ്റ്. ആഴ്ചയിൽ രണ്ടു ചന്തദിവസങ്ങളിലായി കോടിക്കണക്കിനു രൂപയുടെ വ്യാപാരം ഈ മാർക്കറ്റിൽ നടക്കുന്നുണ്ട്. കൊടുങ്ങല്ലൂർ താലൂക്കിന്റെ എല്ലാഭാഗങ്ങളിലേക്കും വേണ്ടതായ അരി, പലചരക്ക്, പച്ചക്കറികൾ, കായ, വാഴപ്പഴം തുടങ്ങിയവയുടെ മൊത്തവില്പനയും ചില്ലറ വിൽപനയും ഈ മാർക്കറ്റിൽ നടക്കുന്നു. സ്ഥലപരിമിതി, കുന്നുകൂടുന്ന ചപ്പുചവറുകൾ സംസ്കരിക്കാനുള്ള സംവിധാനങ്ങളുടെ അഭാവം ഇവ ഈ മാർക്കററ് നേരിടുന്ന പ്രശ്നങ്ങളാണ്.

**പ്രശ്നങ്ങൾ :**

1. കോട്ടപ്പുറം മാർക്കറ്റിൽ നടക്കുന്ന കച്ചവടത്തിന്റെ അളവിനും വ്യാപ്തിക്കും അനുസരിച്ചുള്ള സ്ഥലസൗകര്യം ഇല്ല. ചന്തദിവസങ്ങളിൽ വേഗത്തിൽ സാധനങ്ങൾ വാങ്ങിക്കാനും ട്രാൻസ്പോർട്ട് ചെയ്യാനും വിഷമം നേരിടുന്നു.
2. പഞ്ചായത്തിലെ മറ്റൊരു വാർഡിലും മാർക്കറ്റ് ഇല്ല.
3. പഞ്ചായത്തിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറുകൾ ഇല്ല.
4. ഗ്രാമീണ ഉൽപന്നങ്ങൾ വിറ്റഴിക്കാനായി പ്രത്യേക സംവിധാനം ഇല്ല.
5. ഒരു മൊബൈൽ കാറ്ററിങ്ങ് യൂണിറ്റിന്റെ ആവശ്യകത ഉണ്ട്.

**നിർദ്ദേശങ്ങൾ :**

1. കോട്ടപ്പുറം മാർക്കറ്റിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വികസിപ്പിക്കുക.
1.1 കോട്ടപ്പുറം മാർക്കറ്റിൽ ആവശ്യമായ സ്ഥലസൗകര്യം ഉണ്ടാക്കുന്നതിന്, സമീപത്തുള്ള സ്വകാര്യ വ്യക്തികളിൽ നിന്നും, ആവശ്യമായ സ്ഥലം അക്വയർ ചെയ്യുക.
2. മത്സ്യം, മാംസം, പച്ചക്കറികൾ, കായ, വാഴപ്പഴം, മററുപഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ചേന, ചേമ്പ്, പലചരക്ക് അരി, തുടങ്ങിയവ വിൽക്കുന്നതിന് പ്രത്യേകം സ്ഥലസൗകര്യം ഉണ്ടാക്കുക. ഇറച്ചി മീൻ മാർക്കററ് പുഴയരികിലേക്ക് മാററി സ്ഥാപിക്കുക.
3. മാർക്കററിലെ ഭാവികാല ആവശ്യങ്ങൾ പരിഗണിച്ച് ശാസ്ത്രീയമായ രീതിയിൽ പുനർനിർമ്മാണം നടത്തുന്നതിന് വിദഗ്ധരെകൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
4. മാർക്കററും പരിസരവും കോൺക്രീററ് ചെയ്ത് പരിരക്ഷിക്കുക.
5. കോട്ടപ്പുറം കായലിന്റെ ആഴം വർദ്ധിപ്പിച്ച് കിട്ടുന്ന മണ്ണുകൊണ്ട് മാർക്കററിന്റെ സ്ഥലസൗകര്യം വർദ്ധിപ്പിക്കാനുള്ള സാധ്യത പരിശോധിക്കുക.
6. മാർക്കററിൽ കുന്നുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും സംസ്കരിക്കാൻ സംവിധാനം (ജൈവവളയൂണിററ്) ഉണ്ടാക്കുക.
7. മാർക്കററിൽ കൂടുതൽ മുറികളും സ്റ്റാളുകളും പണിയുക
8. മാർക്കററിൽ നിന്ന് മലിനജലം നീക്കം ചെയ്യാൻ ഡ്രെയ്നേജ് സൗകര്യം ഉണ്ടാക്കുക.
9. മത്സ്യം, മാംസം ഇവ വിൽക്കുന്നതിന് ശീതികരണികളോടുകൂടിയ സ്റ്റാളുകൾ സ്ഥാപിക്കുക.
10. മാർക്കററിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

11. മാർക്കററുകൾ ഇല്ലാത്ത എല്ലാ വാർഡുകളിലും പ്രധാന സ്ഥലങ്ങളിൽ മിനിമാർക്കററുകൾ സ്ഥാപിക്കുക.
12. മേത്തല പഞ്ചായത്ത് ഓഫീസിനടുത്തായി ഒരു കോ-ഓപ്പറേററീവ് കൺസ്യൂമർ മാർക്കററ് ആരംഭിക്കുക.
13. പഞ്ചായത്തിൻെറ കീഴിൽ ഇപ്പോൾ ഉള്ളതും ഇനി സ്ഥാപിക്കുന്നതുമായ എല്ലാ മാർക്കററുകളിലും ഗ്രാമീണ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് സൗജന്യനിരക്കിൽ സ്റ്റാളുകൾ അനുവദിക്കുക.
14. ഒരു മൊബൈൽ കാറററിങ്ങ് യൂണിററ് ആരംഭിക്കുക.
15. ഗവൺമെൻററ് തുടങ്ങുവാനുദ്ദേശിക്കുന്ന പച്ചക്കറി സ്റ്റാളുകളിലൊന്ന് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.

ആശംസകളോടെ

**പാലസ് എൻ പാരഡൈസ്**

കൊടുങ്ങല്ലൂർ

## ഊർജ്ജം

**വൈ**

വൈദ്യുതിയും വൈദ്യുതേതര ഊർജ്ജശ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, പാചകവാതകം, കൽക്കരി, എണ്ണ, എണ്ണയുൽപന്നങ്ങൾ ഇവയെല്ലാം അടിസ്ഥാനമാക്കികൊണ്ടുളള ആസൂത്രണമാണ് സമ്പൂർണ്ണ ഊർജ്ജാസൂത്രണം. ഇക്കാര്യത്തിൽ ത്രിതല പഞ്ചായത്തുകളുടെ പരിധിയും പരിമിതിയും വേണ്ടവോളം വ്യക്തമാണ്. ഏതായാലും ഗ്രാമീണ ഊർജ്ജാസൂത്രണത്തിനുളള സമയം അതിക്രമിച്ചിരിക്കുന്നു.

### പ്രശ്നങ്ങൾ :

1. പാരമ്പര്യേതര ഊർജ്ജശ്രോതസ്സുകളുടെ ഉപയോഗസാധ്യത വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല.
2. കുറഞ്ഞവൈദ്യുതോർജ്ജം മതിയാകുന്ന വൈദ്യുതോപകരണങ്ങളുടേയും വൈദ്യുത വിളക്കുകളുടേയും ഉപയോഗം നാമമാത്രമാണ്.
3. കുറഞ്ഞ ഊർജ്ജോപയോഗമുളള ഗൃഹോപകരണങ്ങളുടെ ഉപയോഗത്തിന് ഗ്രാമീണമേഖലയിൽ വേണ്ടത്ര പ്രചാരമുണ്ടായിട്ടില്ല.
4. വോൾട്ടേജ് ക്ഷാമം പൊതുവേ രൂക്ഷമാണ്.
5. പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ഇനിയും വൈദ്യുതി എത്തിനോക്കിയിട്ടില്ല.
6. പല പ്രദേശങ്ങളിലും വഴിവിളക്കുകൾ ഇല്ല.
7. പാചകവാതക വിതരണ ഏജൻസി മേത്തല പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഗ്യാസ് കണക്ഷൻെറ പരിധിയിൽ മേത്തല പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടില്ല.
8. ഗാർഹിക ഇന്ധനാവശ്യത്തിനുളള വിറക് ക്ഷാമം രൂക്ഷമാണ്.
9. ഗാർഹിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമാണ്.
10. പല വൈദ്യുത മീററുകളും പ്രവർത്തിക്കാത്തതോ തകരാറുളളതോ ആണ്.
11. അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ കിട്ടാൻ വളരെ കാത്തിരിക്കേണ്ടി വരുന്നു.

### നിർദ്ദേശങ്ങൾ :

1.1 വൈദ്യുതി എത്താത്തതുമൂലം വഴിവിളക്കുകൾ സ്ഥാപിക്കാൻ കഴിയാത്ത ഇടങ്ങളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക.

1.2 ബയോഗ്യാസ് പ്ലാൻറുകൾ വ്യാപിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുകയും പ്ലാൻറുകൾ സൗജന്യ നിരക്കിൽ സ്ഥാപിച്ചുകൊടുക്കുകയും ചെയ്യുക.

2. അനർട്ട് സബ്സിഡിയോട് കൂടി സി.എഫ്.എൽ. ലാമ്പുകൾ, ഇലക്ട്രോണിക് ചോക്കുകൾ, റെഗുലേററുകൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഈ പ്രദേശത്തെ ജനങ്ങൾക്ക് അത് പോയി വാങ്ങാൻ കഴിയുന്നില്ല. പഞ്ചായത്ത്, കെ.എസ്.ഇ.ബി, അനർട്ട് ഇവ സഹകരിച്ച് പഞ്ചായത്തുതലത്തിൽ ഈ ഉപകരണങ്ങൾ വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കുക.

3. ഊർജ്ജലാഭമുളള നവീന പാചകോപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുക.

4. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ അടിയന്തിര നടപടി

സ്വീകരിക്കുക.

5. വൈദ്യുതി എത്താത്ത പ്രദേശങ്ങളിലേക്ക് വൈദ്യുത ലൈനുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുക.

6. പഞ്ചായത്തിലും വഴിവിളക്കുകൾ ഇല്ലാത്ത എല്ലാ റോഡുകളിലും, പാലങ്ങളിലും, പൊതുടാപ്പുകൾ, പൊതുകക്കൂസുകൾ, എന്നിവയുടെ സമീപത്തും വഴിവിളക്കുകൾ സ്ഥാപിക്കുക.

7. ഗ്യാസ് കണക്ഷൻെറ പരിധിയിൽ മേത്തല പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുക. ജീവിത നിലവാരത്തിൻെറ ഉയർച്ചയിൽ ഗാർഹികാവശ്യത്തിനുള്ള ഊർജ്ജത്തിനായി ഗ്യാസിനെ ആശ്രയിക്കുക ഒരു സൗകര്യം തന്നെയാണ്-ആഡംബരമല്ല.

8.1 ഉയർന്ന് ഇന്ധനക്ഷമതയുള്ള പുകയില്ലാത്ത അടുപ്പുകൾ സൗജന്യ നിരക്കിൽ സ്ഥാപിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

8.2 പുറംപോക്കുഭൂമികളിലും സൗകര്യമുള്ള മററു സ്ഥലങ്ങളിലും വിറകിനുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.

9.1 ഗാർഹികാവശ്യത്തിന് പെർമിററ് പ്രകാരം നൽകുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുക.

9.2 കൂടുതൽ ഇന്ധനക്ഷമതയുള്ള സ്റ്റൗവുകൾ സബ്സിഡി നിരക്കിൽ നൽകുക.

10. ശരിയായി പ്രവർത്തിക്കുന്ന വൈദ്യുതി മീററുകൾ സ്ഥാപിക്കുക.

11. കഴിയുന്നത്രയും വേഗം വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

**അനുബന്ധം : 10**

1. വി.പി.തുരുത്ത് ശ്രീദേവി സമാജം റോഡിൽ സ്ട്രീററ് ലൈററുകൾ സ്ഥാപിക്കുക.
2. ശ്മശാനം റോഡിൽ പോസ്റ്റുകൾ ഇട്ട് ട്യൂബ് ലൈററുകൾ സ്ഥാപിക്കുക.
3. കോട്ടപ്പുറം റോഡിനെ എം.എൽ.എ. റോഡുമായി ബന്ധിപ്പിക്കുന്ന റോട്ടിൽ പോസ്റ്റ് ഇട്ട് സ്ട്രീററ് ലൈററ് സ്ഥാപിക്കുക.
4. കോട്ടപ്പുറം പാലത്തിൻെറ ഇരുവശവും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.
5. വി.പി. തുരുത്തിൽ ഹരിജൻകോളനി റോഡിൻെറ പടിഞ്ഞാറ് ഭാഗത്ത് വൈദ്യുതി എത്തിക്കുക.
6. ഓന്നാം വാർഡിൻെറ വടക്കേ അററത്തെയ്ക്ക് വൈദ്യുതി എത്തിക്കുക.
7. രണ്ടാം വാർഡിൽ എൽത്തുരുത്ത് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൻെറ തെക്കുഭാഗത്തുള്ള 25 വീടുകളിലേക്ക് വൈദ്യുതി എത്തിക്കണം. പതിമൂന്നാംവാർഡിൽ സ്വയൈററിയുടെ പടിഞ്ഞാറ് ഭാഗം പാമ്പിക്കുളം ക്ഷേത്രത്തിന് പടിഞ്ഞാറ് വശം അമ്പു തോട്ടുങ്ങൽ തുടങ്ങി ഏഴു വീടുകൾ, കിഴായി കൗസല്യയുടെ പരിസരം എന്നി ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കണം. രണ്ടാം വാർഡിൽ തിരുവഞ്ചിക്കുളം പരിസരത്തു നിന്നും വടക്കോട്ടുള്ള റോട്ടിലും മഹത്മാഗാന്ധി റോട്ടിൽ കുന്ദംകുളം അമ്പലത്തിന് വടക്കോട്ട് മുനിസിപ്പൽ അതിർത്തി വരെ സ്ട്രീററ് ലൈററ് സ്ഥാപിക്കണം.
8. മൂന്നാം വാർഡിലും നാലാംവാർഡിലും സ്ട്രീററ് ലൈററുകൾ ഇല്ലാത്ത എല്ലാ പൊതുനിരത്തുകളിലും സ്ട്രീററ് ലൈററ് സ്ഥാപിക്കുക.
9. ആറാംവാർഡിൽ ശ്രീനഗർ മുതൽ പടിഞ്ഞാറോട്ട്, കീത്തോളി ആമ്പലത്തിന് പടിഞ്ഞാറ്, കാക്കശ്ശേരി പറമ്പ്, കോഡർലൈൻ ഈ ഭാഗങ്ങളിൽ സ്ട്രീററ് ലൈററ് സ്ഥാപിക്കണം. എഴാംവാർഡിൽ തൈവാലത്ത് ഗോപാലൻെറ പടിഞ്ഞാറ് വശത്ത് നിന്നും തെക്കോട്ടുള്ള വഴിയിൽ പോസ്റ്റുകൾ ഇട്ട് സ്ട്രീററ് ലൈററ് സ്ഥാപിക്കണം. എട്ടാം വാർഡിൽ കാത്തോളിച്ചിറ എരിശ്ശേരി

പട്ടിക 1.6
**തെരുവുവിളക്കുകൾ**

| | | |
|---|---|---|
| വേപ്പർ ലാമ്പ് | : | 6 |
| ഫ്ലൂറസൻറ് ട്യൂബ് | : | 249 |
| ബൾബ് | : | 524 |
| വൈദ്യുതി ലൈനിൻെറ നീളം | : | 29.4 കി.മി. |
| തെരുവിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് | : | 257,063 (1995 96) |

പ്പാലം റോഡ്, കാക്കനൊട്ടുകുന്ന്, കാട്ടകുളം റോഡ്. വില്ലോടി കുടുംബികോളനി റോഡ്, അഞ്ചപ്പാലം എരിശ്ശേരിപ്പാലം റോഡ്, വയലമ്പം അത്താണി റോഡ് ഈ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

10. ഒമ്പതാം വാർഡിൽ വഴിവിളക്കുകൾ ഇല്ലാത്ത റോഡുകളിലെല്ലാം വഴിവിളക്കുകൾ സ്ഥാപിക്കുക.

11. 10ാം വാർഡിൽ ടി.കെ.എസ്. പുരം ചാലക്കുളം പടന്ന റോഡ്, ചാലക്കുളം ശ്രീനാരായണ റോഡ് ചാലക്കുളം കനാൽ റോഡ്, തോട്ടുങ്ങൽ പള്ളിയമ്പ് റോഡ് ഈ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

12. 11ാം വാർഡിൽ മങ്കുഴി റോഡ്, എടമുക്ക് പടിഞ്ഞാറ് പഞ്ചായത്ത്കിണററിനരികൽ, വഴിവിളക്കുകൾ ഇല്ലാത്ത് മററ് സ്ഥാനങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

13. 12ാം വാർഡിൽ മേത്തല പോസ്റ്റോഫീസിന് പടിഞ്ഞാറ് വശം മെയിൻറോഡ്, വയലമ്പം ശാസ്താംപറമ്പ്റോഡ്. ശ്രീനാരായണസമാജം പറമ്പിക്കുളങ്ങര റോഡ്, സൊസൈററി മേത്തലപ്പാടം റോഡ് ഈഭാഗങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക. 10ാം വാർഡ് ടോൾഗേററ് മുതൽ ശൃംഗരുരം വരെയുള്ള റോഡുകളിൽ സ്ട്രീററ് ലൈററ് ഇടണം.

14. കോട്ടയിലെ ബ്രാഞ്ച് ലൈനുകൾ മാടംകുളത്ത് നിന്ന് കിഴക്ക് ഭാഗത്ത് പോയിരിക്കുന്ന ലൈൻ പുഴവരെ നീട്ടി ത്രീ ഫേസാക്കുക. ഈ ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുക.

26

.........

## വാർത്താവിനിമയം

**വാ**ർത്താമിനിയ രംഗത്ത് ഇപ്പോൾ പ്രാഥമിക പരിഗണന അർഹിക്കുന്നത് ടെലഫോൺ സൗകര്യം ആണ്. സ്പെഷൽ ഗ്രേഡ് പഞ്ചായത്ത് ആയതുകൊണ്ട് ഗ്രാമ പ്രദേശങ്ങൾക്കുള്ള പ്രത്യേക ആനുകൂല്യം നമുക്ക് ലഭിക്കാതെ പോകുന്നു.

കുന്നംകുളം, പടന്ന, ഉണ്ടേക്കടവ്, വി. പി. തുരുത്ത് ഈ ഭാഗങ്ങൾ തീർത്തും പിന്നോക്ക പ്രദേശങ്ങളാണ്. ഈഭാഗങ്ങളിൽ ടെലഫോൺ കണക്ഷന് പ്രത്യേക ആനുകൂല്യം നൽകണം.

2. ടെലഫോൺ കണക്ഷൻ കിട്ടുന്നതിന് വളരെ കാലതാമസം ഉണ്ടാകുന്നു.
3. വനിതകൾക്ക് ടെലഫോൺ ബൂത്തുകൾ ആരംഭിക്കുനനതിന് മുൻഗണന ലഭിക്കണം.
4. ദരിദ്ര വിഭാഗങ്ങൾക്കിടയിൽ ടെലിവിഷന്റെ ഗുണം ഇനിയും കിട്ടിയിട്ടില്ല.
5. ടെലിവിഷൻ സംപ്രേഷണം ചെയ്യുന്ന പരിപാടികളുടെ നിലവാരം മോശമാണ്.
6. ഗ്രാണീണ സ്ത്രീകൾക്ക് പത്രമാസികകൾ വായിക്കാനുള്ള സൗകര്യങ്ങൾ ഇപ്പോഴും കുറവാണ്.

### നിർദ്ദേശങ്ങൾ :

1. ഗ്രാമപ്രദേശങ്ങളിൽ ടെലഫോൺ കണക്ഷൻ കിട്ടുന്നതിനുള്ള ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിന് കൂടി ബാധകമാക്കണം .
2. ടെലഫോൺ കണക്ഷൻ നൽകുന്നതിൽ അവികസിത പ്രദേശങ്ങൾക്ക് മുൻഗണന നൽകണം.
3. വനിതാടെലഫോൺ ബൂത്തുകൾ സ്ഥാപിക്കുന്നതിന് ആനുകൂല്യം നൽകണം. ടെലിഫോൺ ബൂത്തുകൾ ഇല്ലാത്ത എല്ലാ വാർഡുകളിലും ടെലഫോൺ ബൂത്തുകൾ സ്ഥാപിക്കണം.
4. മഹിളാസമാജങ്ങൾ, കോളനികൾ, വായനശാലകൾ ഇവയിൽ ടി.വി. സ്ഥാപിക്കാൻ സഹായം നൽകണം.
5. മഹിളാസംഘങ്ങൾക്ക് സൗജന്യ നിരക്കിൽ പത്രമാസികകൾ ലഭ്യമാക്കണം.

മേത്തല പഞ്ചായത്തിൽ രോഗികളെ കിടത്തി ചികത്സിക്കാവുന്ന മൂന്ന് ആശുപത്രകൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ മൂന്ന് ക്ലിനിക്കുകളുമുണ്ട്. മേത്തല പ്രാഥമികാരോഗ്യകേന്ദ്രം, ആനാപ്പുഴ ആയുർവേദ ആശുപത്രി ഇവയാണ് പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ ഇവയിൽ രണ്ടിലും രോഗികളെ കിടത്തി ചികത്സിക്കാൻ ഇപ്പോൾ സൗകര്യം ഇല്ല. മേത്തല പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വാർഡുകൾ പണിയുന്നതിന് തറകെട്ടിയിട്ട് വർഷങ്ങളായി. ഇതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ നിന്നും ധാരാളം ജനങ്ങൾ ചികിത്സക്കായി കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയെ സമീപിക്കുന്നുണ്ട്. അവിടെ സ്പെഷലിസ്റ്റ് ഡോക്ടർമാർ ഉണ്ടെങ്കിലും അവർക്കിരിക്കാനോ രോഗികളെ പരിശോധിക്കാനോ സൗകര്യങ്ങളില്ല. മേത്തല പഞ്ചായത്തിൽ മൂന്ന് ഹോമിയോ ക്ലിനിക്കുകളും ഒരു ആയുർവ്വേദാശുപത്രി-ആയുർവേദ മരുന്നുൽപാദനകേന്ദ്രവും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു.

ജനനനിരക്ക് മരണനിരക്ക് മാതൃ-ശിശു മരണനിരക്ക് ഈ ആരോഗ്യ സൂചകങ്ങളിൽ ലഭ്യമായ വിവരങ്ങൾ പ്രപകാരം നാം സംസ്ഥാന ശരാശരിയോട് അടുത്തുനിൽക്കുന്നു.

ക്ഷയരോഗം തിരിച്ചു വരുവാനുളള സാധ്യതകൾ നിലനിൽക്കുന്നുവെന്നാണ് പഠനപര്യടനത്തിൽ ശേഖരിച്ച വിവരങ്ങൾ കാണിക്കുന്നത്. ചില തൊഴിൽ മേഖലകളിലും ദരിദ്രർക്കിടയിലും ഈ രോഗത്തിൻെറ വ്യാപനം നടക്കുന്നുണ്ടോയെന്ന് അടിയന്തിര പരിശോധന നടത്തേണ്ടിയിരിക്കുന്നു.

പകർച്ചവ്യാധികളൊന്നും തന്നെ സമീപ കാലത്ത് വൻതോതിൽ പൊട്ടിപ്പുറപ്പെട്ടിട്ടില്ല, എങ്കിലും അത്തരം ദുരന്തസാധ്യതകൾ നിലനില്ക്കുന്നു. നമ്മുടെ പ്രദേശത്തിൻെറ പ്രത്യേകതയ്ക്ക് യോജിച്ച കക്കൂസുകളുടെ അഭാവം, കൊളനികളിലും ദരിദ്രജനങ്ങൾ ഇടതിങ്ങിപാർക്കുന്ന സ്ഥലങ്ങളിലും പ്രകടമാണ്.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 1231 കക്കൂസുകൾ ഉണ്ടാകണമായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ആവശ്യമുളള കക്കൂസകളുടെ എണ്ണം ഇതിൽ എത്രയോ കൂടുതലാണ്. ഓരോ വാർഡിലും ചുരുങ്ങിയത് 250 കക്കൂസുകളെങ്കിലും പുതുതായി ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പരിസര ശുചിത്വം പാലിക്കുന്നതിലും നാം പിന്നിലാണെന്ന് കാണുന്നു. ശുചിത്വം രോഗപ്രതിരോധം ഇവയേക്കാൾ ചികിത്സക്കും മരുന്നിനും നാം പ്രാധാന്യം നൽകിയിരിക്കയാണെന്ന്.

### പ്രശ്നങ്ങൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി ഇവ നമ്മുടെ പഞ്ചായത്തിൽ വേണ്ടത്രയില്ല ഇക്കാരണത്താൽ പിന്നോക്കപ്രദേശങ്ങളിൽ വേണ്ടത്ര ചികിത്സാസൗകര്യങ്ങൾ ലഭിക്കുന്നില്ല.
2. കൊതുകുശല്യം വളരെയേറെ വർദ്ധിച്ചിരിക്കുന്നു.
3. പഞ്ചായത്തിൽ ആവശ്യമായ പൊതുകക്കൂസുകൾ ഇല്ല.
4. പല പ്രദേശങ്ങളിലും മലിനജലം കെട്ടികിടക്കുന്നു.
5. ശാസ്ത്രീയമായ കക്കൂസുകളുടെ അഭാവം.
6. പൊതുക്കിണറുകളും കുളങ്ങളും യഥാസമയം വൃത്തിയാക്കുന്നില്ല.
7. കോട്ടപ്പുറം മാർക്കറ്റിലേയും തെരുവുകളിലേയും ചപ്പുചവറുകൾ, അവശിഷ്ടങ്ങൾ ഇവ തോടുകളിലേക്കും പുഴയിലേക്കും തളളുന്നു.

8. മായം ചേർക്കൽ തടയുന്നതിന് ഫലപ്രദമായ സംവിധാനം ഇല്ല.
9. രോഗപ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.
10. എയ്ഡ്സ്, ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്കെതിരെ ബോധവൽക്കരണത്തിന്റെ അഭാവം.
11. മേത്തല പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികത്സിക്കുന്നതിനുള്ള സൗകര്യം ഇല്ല.
12. ആശുപത്രികളിൽ ആവശ്യത്തിന് മരുന്നുകളോ, ജിവനക്കാരോ ഇല്ല.
13. പേവിഷബാധയുടെ ചികിത്സക്കുള്ള മരുന്നുകൾ ഹെൽത്ത് സെന്ററിൽ ഇല്ല.
14. സ്കൂളുകളിൽ ഫസ്റ്റെയ്ഡ് സൗകര്യം ഇല്ല.
15. റോഡപകടങ്ങളിൽ പെടുന്നവരെ തക്കസമയത്ത് ആശുവപത്രികളിൽ എത്തിക്കാൻ സംവിധാനം ഇല്ല.
16. വൃദ്ധസദനം മാതൃശിശു സംരക്ഷണകേന്ദ്രം എന്നിവ ഈ പഞ്ചായത്തിലില്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ രോഗികളെ കിടത്തിചികിത്സിക്കുന്നതിന് സൗകര്യമുള്ള ആയുർവ്വേദ ഹോമിയോ ആശുപത്രികളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും പിന്നോക്കപ്രദേശങ്ങളിൽ സ്ഥാപിക്കുക.
2. ആധുനിക മരുന്നുകൾ ഉപയോഗിച്ച് പഞ്ചായത്തിലെല്ലായിടത്തും ഒരേ സമയം കൊതുകുനശികരണപ്രവർത്തനങ്ങൾ നടത്തുക. സന്നദ്ധസംഘടനകളുടെ സഹായത്തോടെ, കൊതുക് പെരുകുന്നത് തടയുന്ന്യതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.
3. പലഭാഗങ്ങളിലും കെട്ടികിടക്കുന്ന മലിനജലം ഒഴുകിപോകുന്നതിന് ആവശ്യമായ ഓടകൾ നിർമ്മിക്കുക. ഓടകൾ നശിക്കാതെ നോക്കുന്നതിന് അതാതു പ്രദേശത്തെ ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുക.
4. നമ്മുടെ പഞ്ചായത്തിലെ ഭൂപ്രകൃതിക്ക് യോജിച്ച ആധുനിക കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഓരോവാർഡിലും ചുരുങ്ങിയത് 250കക്കൂസുകൾ സൗജന്യ നിരക്കിൽ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക. കോളനികളിലെ പ്രത്യേക പരിതസ്ഥികൾ പരിഗണിച്ച് പൊതുവായി ഒരു സപ്ററി ടാങ്ക് സ്ഥാപിച്ച് ഓരോ വീടുകളിലേയും കക്കൂസുമായി പൈപ്പ് വഴി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണം.
5. പൊതുകിണറുകളും കുളങ്ങളും കാലാകാലങ്ങളിൽ ജനസഹകരണത്തോടെ വൃത്തിയാക്കണം.
6. തെരുവോരങ്ങളിൽ കുപ്പതൊട്ടികൾ സ്ഥാപിക്കുക. കോട്ടപ്പുറം മാർക്കററിലെ ചപ്പുചവറുകളും, കുപ്പതൊട്ടികളിലെ ചപ്പുചവറുകളും സംസ്കരിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക. പ്ലാസ്റ്റിക് വേസ്റ്റുകൾ സംസ്കരിക്കുന്നതിന് പ്രത്യേക ഏർപ്പാടുകൾ ഉണ്ടാക്കണം.
7. ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ തടയുന്നതിന് പരിശോധന കർശനമാക്കുകയും ബ്ലോക്ക് തലത്തിൽ ഒരു ലാബോറട്ടറി സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.
8. മത്സ്യതൊഴിലാളികൾ, കയർതൊഴിലാളികൾ, ദരിദ്രജനങ്ങൾ ഇവർ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിൽ ഡോക്ടർമാരും ഹെൽത്ത് ഇൻസ്പെകടർമാരും രണ്ട് മാസത്തിലൊരിക്കൽ സന്ദർശിക്കുകയും ആവശ്യമായ പരിശോധനകൾ നടത്തി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ട ഉപദേശം നൽകുകയും ചെയ്യുക.
9. എയ്ഡ്സ്, ക്യാൻസർ, തുടങ്ങിയ മാരകരോഗങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുകയും ആവശ്യമായ ടെസ്റ്റുകൾ സൗജന്യമായി ചെയ്തുകൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്യുക.

ഐ.ആർ.ഡി.പി. സർവ്വേ

| | |
|---|---|
| ആകെ ആവശ്യമായ കക്കൂസുകൾ | : 1231 |
| നിർമ്മിച്ചവ | : 148 |
| ഇനിവേണ്ട കക്കൂസുകൾ | : 1083 |

10. മേത്തല പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ വാർഡുകളുടെ നിർമ്മാണം ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ ഒരടിയന്തിര പദ്ധതി ആവിഷ്കരിക്കുക.

11. അനുയോജ്യമായ ഒരു സ്ഥലത്ത് ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ച് പഞ്ചായത്ത് നേരിട്ടോ സ്വകാര്യ വ്യക്തികൾ മുഖേനയോ നടത്തണം.

12. മേത്തല പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുക; ഒരു ലേഡി ഡോക്ടറെ അടിയന്തിരമായി നിയമിക്കുക; അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക.

13. പേവിഷബാധ, പാമ്പുവിഷബാധ ഇവയ്ക്കെതിരെയുള്ള മരുന്നുകൾ ഹെൽത്ത് സെൻററിൽ ലഭ്യമാകണം. രാത്രികാലങ്ങളിൽ ഒരു ഡോക്ടറുടെ സേവനം ലഭിക്കണം.

14. എല്ലാ സ്കൂളുകളിലും ഫസ്റ്റെയിഡ് സൗകര്യങ്ങൾ നിർബന്ധമാക്കുകയും തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് ഫസ്റ്റെയിഡ് പരിശീലനം നൽകുകയും ചെയ്യുക.

15. റോഡപകടങ്ങളിൽ പെടുന്നവരെ ആശുപത്രികളിലെത്തിക്കുന്നതിന് പ്രധാന സ്ഥലങ്ങളിൽ സ്വാഡുകളും, പഞ്ചായത്തിൽ ഒരു ആംബുലൻസും ഉണ്ടാകണം.

16. മേത്തല പഞ്ചായത്തിൽ ഒരു മാതൃശിശു സംരക്ഷണകേന്ദ്രം അടിയന്തിരമായി സ്ഥാപിക്കണം.

# മാസുര

മദ്യപാനം ഒരു സാമൂഹ്യരോഗമാണ് .അതിൻെറ പരിഹാരത്തിന്
സാമൂഹ്യമാനം ഉണ്ടായേതീരൂ.
മദ്യപിക്കുന്നവർക്കുമുമ്പിൽ മദ്യം തീരെ തൊടാത്തവർക്ക്
നല്ലപിള്ളചമയാൻ അവസരമൊരുക്കുകയല്ല

**മാസുര**

ഡീ അഡിക്ഷൻ സെൻററുകളെ കേന്ദ്രീകരിച്ച്
പ്രവർത്തിക്കുന്ന
ഒരു കടലാസ്സ് സംഘടന മാത്രമാണ്

**മാസുര**

കൂടുതൽ സ്നേഹം - കൂടുതൽ പരിഗണന

വിവരങ്ങൾക്ക് അടുത്ത ആശുപത്രികളുമായി ബന്ധപ്പെടുക

പരസ്യം

# കുടിവെള്ളം

മേത്തലപഞ്ചായത്തിൻെറ കിഴക്കും തെക്കും ഭാഗങ്ങളിൽ കൊടുങ്ങല്ലൂർ കായലും പടിഞ്ഞാറ് പടന്ന-മഞ്ഞളിപ്പാലം വരെ പെരുംതോടുമാണ്. കായലും പെരുംതോടുമായി ചേർന്നുകിടക്കുന്ന 1,2,3,4,5,10,11,13 വാർഡുകൾ ഏതാണ്ട് പൂർണ്ണമായിതന്നെ ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളാണ്. ഈ പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളത്തിന് പൈപ്പുവെള്ളം മാത്രമാണ് ആശ്രയം. 6,7,8, 9,12 വാർഡുകളിൽ കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. ഈ പ്രദേശത്തും, പ്രത്യേകിച്ച് കോളനികളിലും, ജനങ്ങൾ തിങ്ങി താമസിക്കുന്ന ഇടങ്ങളിലും വേനൽക്കാലത്ത് ശുദ്ധജലക്ഷാമം രൂക്ഷമാണ്.

കേരളവാട്ടർ അതോറിററിയാണ് കുടിവെള്ളം വിതരണം നടത്തുന്നത്. പലപ്പോഴും ആവശ്യത്തിന് മതിയായ കുടിവെള്ളം കിട്ടാറില്ല. ജലവിതരണം നടത്തുന്ന സമയം വ്യവസ്ഥപ്പെടുത്തിയിട്ടില്ല. സാധാരണ കുടിവെള്ളം ശേഖരിക്കുന്നുത് സ്ത്രീകളാണ്. അവർ കുടങ്ങളുമായി പാതിരാവിലും വെളുപ്പിനും പൈപ്പിൻെറ ചുവട്ടിൽ കുത്തിയിരിക്കേണ്ടതായി വരുന്നു.

ശുദ്ധജലം ലഭിക്കുന്ന വാർഡുകളിലെ രണ്ടോ, മൂന്നോ വലിയ കുളങ്ങളോട് ചേർന്ന് പമ്പിങ്ങ് സ്റ്റേഷനുകൾ ആരംഭിച്ച് ഉപ്പ് കയറുന്ന പ്രദേശങ്ങളിലേക്കും കോളനികളിലേക്കും കുടിനീർ ക്ഷാമമുള്ള ഭാഗങ്ങളിലേക്കും വെള്ളമെത്തിക്കാൻ കഴിയും. ഈ സാധ്യത അടിയന്തിരമായി പരിശോധിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ :

1. ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിൽ കുടിനീർക്ഷാമം രൂക്ഷമാണ്.
2. ശുദ്ധജലം ലഭിക്കുന്ന പ്രദേശങ്ങളിൽ തന്നെ, കോളനികളിലും ജനങ്ങൾ ഇടതിങ്ങി പാർക്കുന്നിടങ്ങളിലും രൂക്ഷമായ ശുദ്ധജലക്ഷാമം ഉണ്ട്.
3. പൈപ്പുവെള്ളം നിശ്ചിത സമയത്തും മതിയായ അളവിലും കിട്ടുന്നില്ല.
4. പൈപ്പുകൾ പൊട്ടിപ്പോകുന്നതുകൊണ്ടും ലീക്കുകൊണ്ടും ധാരാളം ജലം നഷ്ടപ്പെടുന്നു. മാത്രവുമല്ല വിതരണം ചെയ്യുന്ന ജലത്തിൽ മാലിന്യം കലരുന്നു.
5. ശുദ്ധജലം കിട്ടുന്ന വലിയ പൊതുകുളങ്ങളിൽ പമ്പുഹൗസുകളും വാട്ടർടാങ്കുകളും സ്ഥാപിച്ച് കുടിനീർ എത്തിക്കുന്നതിനുള്ള സാധ്യത പരിശോധിക്കപ്പെട്ടിട്ടില്ല.

## നിർദ്ദേശങ്ങൾ :

1. ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.
2. ആവശ്യമായ ഇടങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കണം. (പട്ടിക കാണുക)
3. വാട്ടർ അതോറിററി വിതരണം ചെയ്യുന്ന കുടിവെള്ളം കിട്ടുന്ന സമയം ക്രമപ്പെടുത്തുകയും കൃത്യസമയത്തും അളവിലും ശുദ്ധജലം വിതരണം ചെയ്യുകയും വേണം.
4. ഗുണം കൂടിയ പൈപ്പുകൾ ഉപയോഗിക്കുക.
5. പൈപ്പ് പൊട്ടലും ലീക്കാകലും അപ്പപ്പോൾ പരിഹരിക്കാൻ സംവിധാനം ഉണ്ടാക്കുക.
6. മേത്തല പഞ്ചായത്തിലെ വലിയ പൊതുകുളങ്ങളായ അരാകുളം, കുന്നംകുളം, കണ്ടംകുളം, ചേന്ദൻകുളം തുടങ്ങിയ

തുടങ്ങിയവ വെട്ടിവൃത്തിയാക്കി പമ്പ്ഹൗസുകളും വാട്ടർ ടാങ്കുകളും സ്ഥാപിച്ച് ഈ പഞ്ചായത്തിലെ കുടിനീർ ക്ഷാമം എന്നന്നേയ്ക്കുമായി പരിഹരിക്കുക.

പട്ടിക
വിവിധവാർഡുകളിൽ സ്ഥാപിക്കേണ്ട പൊതുകിണറുകളും വാട്ടർ ടാപ്പുകളും

| വാർഡ് | പൊതുകിണറുകൾ | വാട്ടർടാപ്പുകൾ |
|---|---|---|
| I | 2 | 30 |
| II | 5 | 25 |
| III | 4 | 25 |
| IV | 3 | 15 |
| V | 2 | 15 |
| VI | 2 | 15 |
| VII | 2 | 15 |
| VIII | 2 | 15 |
| IX | 5 | 20 |
| X | 3 | 20 |
| XI | 2 | 30 |
| XII | 3 | 20 |
| XIII | 4 | 20 |
| ആകെ | 39 | 265 |

265

*സമൂഹത്തിന്റെ ഒരു തലത്തിൽ അയൽക്കൂട്ടം /പഞ്ചായത്ത് /ബ്ലോക്ക് / ജില്ല തലങ്ങളിൽ ഏതിലും ചെയ്യാവുന്ന ഏതൊരു പ്രവർത്തനവും ആ തലത്തിലെ ചെയ്യാവൂ. മേൽതലത്തിലേക്ക് മാററരുത്. അപ്പോൾ, ഓരോ തലത്തിനും ഏറെറടുക്കാവുന്ന ഉത്തരവാദിത്വവും, അധികാരവും എന്തെന്ന് അവർ നിശ്ചയിക്കും. (പരിശീലകർക്കുള്ള കൈപുസ്തകം പേജ് : 10 11)*

## പാർപ്പിടം

ഒന്നാം വാർഡിൽ ഒന്നരസെൻറ് സ്ഥലത്ത് താമസിക്കുന്ന പത്തു ദരിദ്രകുടുംബങ്ങളും തിരുവഞ്ചിക്കുളം തീവണ്ടി കോളനിയും അരാകുളം അഴീക്കോട് റോഡിലെ കുടിലുകളും നമ്മുടെ പാർപ്പിട പ്രശ്നത്തിന്റെ രൂക്ഷത, ഏതൊരു സ്ഥിതിവിവരകണക്കിനേക്കാളും, വ്യക്തമാക്കുന്നുണ്ട്.
പഞ്ചായത്തിൽ ഔദ്യോഗിക കണക്കുപ്രകാരം 25 ഭവനരഹിതകുടുംബങ്ങളുണ്ട് (പട്ടിക 11-5 കാണുക) മൂന്ന് സെൻറ് കോളനികളും ലക്ഷം വീട് കോളനികളും പാർപ്പിടപ്രശ്നത്തിന് ശരിയായ ഒരു പരിഹാരമാണോ എന്നതും പഠനവിധേയമാക്കേണ്ടതുണ്ട്.
കേരളത്തിന്റെ തനതായ (സുന്ദരവും!) വാസ്തുശില്പമാതൃക ആധുനിക നിർമ്മാണ രീതികളുമായി ഇണക്കിക്കൊണ്ട് ചിലവുകുറഞ്ഞ പാർപ്പിടങ്ങൾ നിർമ്മിക്കുക എന്ന ആശയത്തിന് ഇനിയും വേണ്ടത്ര പ്രചാരം കിട്ടിയിട്ടില്ല.

### പ്രശ്നങ്ങൾ :

1. ഔദ്യോഗിക രേഖകൾ പ്രകാരം പുറംപോക്കിലും റോഡുവക്കുകളിലുമായി 302 കുടുംബങ്ങളുണ്ടായിരുന്നതിൽ 51 കുടുംബങ്ങൾക്കുമാത്രമാണ് നടപ്പുപദ്ധതിയിൽ വീടുകൾ നിർമ്മിച്ചുനൽകിയിട്ടുള്ളത്. 25 കുടുംബങ്ങൾ ഭവനരഹിതരായി തുടരുന്നു.
2. മൂന്ന് സെന്റ് കോളനികളും ലക്ഷം വീടുകോളനികളും ശുചിത്വമോ സ്വകാര്യതയോ പാലിക്കാൻ കഴിയുന്നവയല്ല. ജീവിച്ചുപോരുന്ന ചുററുപാടിൽ നിന്ന് പറിച്ചുനടൽ ഒഴിവാക്കിക്കൊണ്ട് തന്നെ, നിലവാരമുള്ള ഒരു പാർപ്പിട പദ്ധതി കണ്ടെത്തേണ്ടിയിരിക്കുന്നു.
3. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലെ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിക്കുന്ന പലർക്കും ഇതുവരെ പട്ടയം കിട്ടിയിട്ടില്ല.
4. പഞ്ചായത്തിലെ കോളനികളിലും മററിടങ്ങളിലും ഓല മേഞ്ഞ കുടിലുകളിൽ താമസിക്കുന്നവർക്ക്, ഓലയുടെ വിലകൂടുതലും ദൗർലഭ്യവും (തെങ്ങുരോഗം) കാരണം സമയാസമയങ്ങളിൽ പുരകെട്ടിമേയാൻ കഴിയുന്നില്ല.
5. ഭൂമിയുടെ വമ്പിച്ച വിലവർദ്ധനവുമൂലം ദരിദ്രരും ഭൂരഹിതരുമായവർക്കും പട്ടികജാതിക്കാർക്കും ഭൂമി വാങ്ങി വീടു വയ്ക്കാൻ കഴിയുന്നില്ല.
6. അരാകുളത്തിന്റെ പടിഞ്ഞാറു ഭാഗത്ത് പുറംപോക്കിൽ താമസിക്കുന്നവരുടെ കാര്യത്തിൽ അനിശ്ചിതത്വം തുടരുന്നു.
7. ഭവന നിർമ്മാണ സഹകരണസംഘം വിതരണം ചെയ്യുന്ന വായ്പയുടെ പലിശ വളരെ കൂടുതലാണ് (പതിനെട്ടര ശതമാനം വരെ)
8. ലക്ഷം വീടുകൾ അററകുററ പണി നടത്താത്തതുമൂലം അപകടമുണ്ടാകുന്ന അവസ്ഥ വരെ എത്തിയിരിക്കുന്നു.
9. കരിങ്കല്ല്, വെട്ടുകല്ല്, ഇഷ്ടിക തുടങ്ങിയ നിർമ്മാണ സാമഗ്രികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രാദേശികമായി ഇല്ല. മരം പോലും ദുർലഭമായിരിക്കുന്നു. ഇക്കാരണത്താൽ ഭവന നിർമ്മാണ ചിലവ് ദുർവ്വഹമാണ്.
10. കേരളത്തിന്റെ തനതായ വാസ്തു ശില്പമാതൃകയും ആധുനികനിർമ്മാണ രീതികളും കൂട്ടിയിണക്കി ചെലവു കുറഞ്ഞ വീടുകൾ ഉണ്ടാക്കുന്നതിൽ പരിശീലനം ലഭിച്ച തൊഴിലാളികളും വിദഗ്ദരും കുറവാണ്.
11. ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ പല തലത്തിലുള്ള ഏജൻസികളാണ് നടപ്പാക്കുന്നത്, ഇത്

*With Best Compliments*

S.N.GOVINDAPRABHU & BROS

KODUNGALLUR

267

ലോകമലേശ്വരം
എറിയാട്
മേത്തല
എന്നീ മൂന്നു ചേരികൾ, അതായത്, അംശങ്ങൾ
സന്ധിക്കുന്ന സ്ഥലം തൃശ്ശേരിയായി.
ഇവിടെ ഒരു പാലം നിർമ്മിച്ചു
അതിന് തൃശ്ശേരിപ്പാലം എന്നു പേരിട്ടു.
കാലം കടന്നുപോയി.
തൃശ്ശേരി എരിശ്ശേരിയായി
തൃശ്ശേരിപ്പാലം എരിശ്ശേരിപ്പാലമായി.
(ഉണ്ണിരാമവാരിയർ ഉണ്ണായി വാരിയരായതുപോലെ.)
പടാകുളം-അഴീക്കോടുറോഡിൽ
ലോകമലേശ്വരത്ത് ഒരു കാലും
എറിയാട് മറ്റൊരു കാലും
മേത്തലയിൽ ശേഷിച്ച രണ്ടുകാലുകളുമായി
എരിശ്ശേരിപ്പാലം നിലകൊള്ളുന്നു.
പേരുമാറിയത് അറിയാതെ.
അല്ലെങ്കിൽ തന്നെ പേരിലെന്തിരിക്കുന്നു!

ഈ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു.

12. ഹരിജനങ്ങൾക്ക് നിർമ്മിച്ചു നൽകിയിരിക്കുന്ന വീടുകൾ പലതും സാമ്പത്തിക പരാധീനതമൂലം അറ്റകുറ്റപണികൾ നടക്കാതെ നശിക്കുന്നു.

## നിർദ്ദേശങ്ങൾ :

1. പുറംപോക്കുകളിലും റോഡുവക്കുകളിലും കഴിഞ്ഞുകൂടുന്ന ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു ഭവന നിർമ്മാണപദ്ധതി ഉയർന്ന മുൻഗണന നൽകി നടപ്പാക്കുക. ഇതിൽ മേത്തല പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റികൾ, ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഇവയുടെ സഹകരണം തേടാനുള്ള സാധ്യത പരിഗണിക്കുക.

2.1. ജീവിച്ചുപോരുന്ന ചുറ്റുപാടുകളിൽനിന്നും പറിച്ചുനടലൊഴിവാക്കിക്കൊണ്ട് ഫ്ലാറ്റ് സിസ്റ്റം നടപ്പാക്കുന്നതിന്റെ സാങ്കേതികവും സാമ്പത്തികവുമായ വശങ്ങൾ പരിശോധിക്കുക.

2.2. കോളനികൾ ആരോഗ്യകരമായ ശുചിത്വനിലവാരം നിലനിർത്തുന്നതിനുതകുന്ന കക്കൂസുകളും ഡ്രെയ്നേജ് സൗകര്യങ്ങളും ഉണ്ടാക്കുക.

2.3. ഔദ്യോഗികമായി കോളനികൾ അല്ലെങ്കിലും കോളനികളായി ദരിദ്രവിഭാഗങ്ങൾ ഇടതിങ്ങി പാർക്കുന്ന സ്ഥലങ്ങളിലും കക്കൂസുകളും ഡ്രെയ്നേജ് സൗകര്യങ്ങളും ഉണ്ടാക്കുക.

2.4. എല്ലാ കോളനികളിലും 'പരസര സംരക്ഷണ സമിതികൾ' രൂപീകരിക്കുകയും അവയുടെ സഹായത്തോടെ ശുചിത്വപൂർണ്ണവും ആരോഗ്യകരവുമായ ശീലങ്ങളും സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുള്ള പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിക്കുന്നവരും എന്നാൽ പട്ടയം ലഭിക്കാത്തവരുമായ എല്ലാ കുടുംബങ്ങൾക്കും പട്ടയം നൽകാൻ നടപടി സ്വീകരിക്കുക.

4.1. ഓല മേഞ്ഞ വീടുകളിൽ താമസിക്കുന്നവരിൽ ഓടുമേയാൻ തക്കവിധത്തിൽ ബലമുള്ള അടിത്തറയും ഭിത്തികളുമുള്ള വീടുകൾ ഓടുമേയുന്നതിന് സഹായം നൽകുക.

4.2. എല്ലാ കുടിലുകളും കാലവർഷാരംഭത്തിനമ മുമ്പ് കെട്ടിമേയാൻ ഓല വാങ്ങുന്നതിന് സഹായം നൽകുക.

5.1. ദരിദ്രരും ഭൂരഹിതരുമായവർക്ക് ഭൂമി വാങ്ങി വീടു വയ്ക്കാൻ സഹായം നൽകുക.

5.2. ഭവന നിർമ്മാണാവശ്യത്തിനായി 5 സെന്റോ അതിൽ കുറവോ ഭൂമി വാങ്ങുന്നവർക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് നൽകുക.

5.3. ഭൂരഹിതരായ ഹരിജനങ്ങൾക്ക് സ്ഥലവും വീടും സൗജന്യമായി നൽകുക.

6. അരാകുളം പുറംപോക്കിൽ താമസിക്കുന്നവരെ കുളം നികത്തി വീടുനിർമ്മിച്ച് പുനരധിവസിപ്പിക്കാനുള്ള പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുക.

7. ഹൗസിങ്ങ് സൊസൈറ്റിയിൽനിന്നും കൊടുക്കുന്ന വായ്പകളുടെ പലിശനിരക്ക് കുറക്കുകയോ പലിശയ്ക്ക് സബ്സിഡി അനുവദിക്കുകയോ ചെയ്യുക.

8. ലക്ഷംവീടു കോളനികളിലെ എല്ലാ വീടുകളും പ്രത്യേകം പ്രത്യേകമായി നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം നൽകുക.

9. ഭവനനിർമ്മാണസാമഗ്രികളുടെ വിതരണത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനായി ഇവ ലഭിക്കുന്ന പ്രദേശങ്ങളിൽനിന്നു ശേഖരിച്ച് ആവശ്യക്കാർക്ക് മിതമായ വിലയ്ക്ക് എത്തിച്ചുകൊടുക്കുന്നതിനായി ഒരു ഏജൻസി രൂപീകരിക്കുക.

268

കുറിപ്പ് : സെപ്റ്റംബർ 29ന് ഏഴാംവാർഡിലെ ഗ്രാമസഭയായിരുന്നു നന്ദിനിക്കും മകൾക്കുംവേണ്ടി അയൽവാസികൾ പൊളിഞ്ഞ ചെറ്റപ്പുരയുടെ പ്രശ്നം ഉന്നയിച്ചു ഒരു സ്പെഷൽ ഗ്രാമസഭയും വ്യക്തിപരമായ ആവശ്യങ്ങൾ ലിസ്റ്റ് ചെയ്യപ്പെടുന്നതിന്റെ അനൗചിത്യം ആരും ചോദ്യം ചെയ്തില്ല. അല്ലെങ്കിൽ തന്നെ നന്ദിനി ഹാജരാകാതിരുന്ന സഭയിൽ മറ്റൊരാൾ ഈ പ്രശ്നം അവതരിപ്പിച്ചതിന്റെ 'സാമൂഹ്യബോധം' ആർക്ക് ചോദ്യം ചെയ്യാനാകും! ഒമ്പതാം പദ്ധതിക്ക്വേണ്ടി കാത്തിരിക്കാതെ അയൽക്കാരും രാഷ്ട്രീയ പ്രവർത്തകരും സ്വയം പണമെടുത്ത് നന്ദിനിക്കും അപർണ്ണയ്ക്കും ഓടിട്ട ഒരു കൊച്ചുവീട്. പഞ്ചായത്ത് നീതി പാലിക്കുക എന്ന ആക്രോശത്തിനു പകരം അവനവൻ നീതി പാലിച്ചാൽ മാത്രം സാധ്യമാകുന്ന സംരംഭത്തിന്റെ മാതൃക! ഒരു ഗ്ലാസ് ചായ! ഒരു മിഠായി! നോക്കൂ ഈ നിമിഷങ്ങളെകൂടി ജനകീയാസൂത്രണപ്രസ്ഥാനം അതിന്റെ ഉദ്ഘാടനത്തിരക്കിൽ ഓർമ്മിക്കില്ലേ? മലയാളിയുടെ നീതിബോധം ഉണരുവാൻ കൈപുസ്തകത്തിൽ ഒരു പതിനാലാം വിഷയമേഖല കൂട്ടിച്ചേർക്കണമെന്ന് ആരുപറഞ്ഞു?

നവംബർ എട്ട്

സമയം : രാവിലെ പത്തര.

10. കഴിവും താല്പര്യവുമുള്ള തൊഴിൽരഹിതരെ തിരഞ്ഞെടുത്ത് ചെലവുകുറഞ്ഞ വീടുകൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യകളേയും ഈ പ്രദേശത്തിനിണങ്ങുന്ന വാസ്തുശില്പമാതൃകകളേയും സംബന്ധിച്ച് പരിശീലനം നൽകുക.

**11.5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം**

| വീട് ആവശ്യമുള്ള കുടുംബങ്ങളുടെഎണ്ണം | വിവിധ പരിപാടികളിലായ് അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാൻ | ഇനിയും ബാക്കിയുള്ള വീട് | അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 302 | 51 | 34 | 17 | 251 | |

11. കഴിവും ദുർബ്ബലവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണപദ്ധതികൾ ജില്ലാതലം മുതൽ ഏകീകരിക്കുക.
12. പട്ടികജാതിക്കാർക്ക് നിർമ്മിച്ചു നൽകിയിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സഹായം നൽകുക.
13. ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിന് ഇപ്പോഴത്തെ നിയമപ്രകാരം സാധ്യമല്ല, ആയതിനാൽ നിയമത്തിൽ ഭേദഗതിവരുത്തി സ്ഥലം വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം വർധിപ്പിക്കുക.

**പതിച്ചുകൊടുക്കേണ്ട സ്ഥലങ്ങൾ**

| | |
|---|---|
| 1. ചാലക്കുളം പഞ്ചായത്തു പുറമ്പോക്ക് | 2. മാടംകുളം പഞ്ചായത്ത് പുറമ്പോക്ക് |
| 3. എൽത്തുരുത്ത് ഇറിഗേഷൻ പുറമ്പോക്ക് | 4. സേട്ടുകോളനി (സ്വകാര്യം പഞ്ചായത്ത് പുറമ്പോക് |
| 5. കണ്ടംകുളം കോളനി (രണ്ട് കോളനികൾ) | 6. ആനാപ്പുഴ ഫെറികടവ് ഇറിഗേഷൻ പുറമ്പോക്ക്. |

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ഇപ്പോഴും ദാരിദ്രരേഖയ്ക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങളുടെ എണ്ണം കുറവല്ല. ഈ പഞ്ചായത്തിലെ ദാരിദ്രരേഖയ്ക്ക് താഴെ വരുമാനം ഉള്ള 2665 കുടുംബങ്ങൾ ഉണ്ട്. 8ാം പദ്ധതി കാലത്ത് 323 പേർക്കുമാത്രമാണ് IRDP പദ്ധതിയിൽ സഹായം ലഭിച്ചിട്ടുള്ളത്.
ട്രൈസം പദ്ധതിയിൽ 96 പേർക്ക് ട്രെയ്നിങ്ങ് ലഭിച്ചെങ്കിലും ഇതിൽ 34 പേർക്ക് മാത്രമേ സ്വയം തൊഴിൽ കണ്ടെത്താനായിട്ടുള്ളു.
DWCRA പദ്ധതിയിൽ 19 സ്ത്രീകൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.
ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിലൂടെ ദാരിദ്രരേഖയ്ക്ക് താഴെ ജീവിക്കുന്ന 13% കുടുംബങ്ങൾക്ക് മാത്രമേ പ്രയോജനം ലഭിച്ചിട്ടുള്ളു ഇതിൽ 6% കുടുംബങ്ങൾ മാത്രമേ സഹായം ലഭിച്ചതുവഴി ദാരിദ്രരേഖയ്ക്ക് മുകളിലെത്തിയിട്ടുള്ളു.

### പ്രശ്നങ്ങൾ :

1. IRDP പദ്ധതി പ്രകാരം ലഭിക്കുന്ന സഹായം ദാരിദ്രനിർമ്മാർജ്ജനത്തിന് അപര്യാപ്തമെന്നു കാണുന്നു.
1.1 അനർഹരായവരും സഹായം വാങ്ങുന്നുണ്ട്.
2. വിവിധ സാമൂഹ്യക്ഷേമപദ്ധതികളിലായി ദരിദ്രർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളെ പറ്റി അതതു സമയങ്ങളിൽ ജനങ്ങൾക്ക് വിവരം ലഭിക്കുന്നില്ല.
3. RLEGP സ്കീം മുഖേന വീട് വയ്ക്കാൻ നൽകിവരുന്ന തുക അപര്യാപ്തമാണ്.
4. അംഗൻവാടി ജീവനക്കാർക്ക് തൊഴിൽ സ്ഥിരതയോ ഏകീകൃത സേവന വേതന വ്യവസ്ഥയോ ഇല്ല.
5. DWCRA യൂണിററുകൾ വേണ്ടത്രയില്ല.
6. ബാലവാടി, അങ്കൻവാടി ഇവയ്ക്ക് ലഭിക്കുന്ന സഹായധനം അപര്യാപ്തമാണ്. അംഗൻവാടികൾക്കും ബാലവാടികൾക്കും സ്ഥലമോ കെട്ടിടമോ ഇല്ല.
7. വിധവാ പെൻഷൻ കിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇപ്പോൾ കിട്ടിവരുന്ന ആനുകൂല്യങ്ങൾ അപര്യാപ്തമാണ്.
8. നിരോധനമുണ്ടായിട്ടും പലഭാഗങ്ങളിലും ചാരായ വില്പന തുടരുന്നതായി കാണുന്നു.
9. കുടുംബത്തിൽ നിന്നും പുറന്തള്ളപ്പെടുന്നവരും ഇറങ്ങിപോകാൻ നിർബന്ധിതരാകുന്നവരുമായ വൃദ്ധരെ അധിവസിപ്പിക്കുക ഒരു സാമൂഹ്യാവശ്യമാണ്.

### നിർദ്ദേശങ്ങൾ

1. IRDP പ്രകാരം നൽകിവരുന്ന സഹായം വർദ്ധിപ്പിക്കുക.
1.1 IRDP സഹായം അർഹരായവർക്കുതന്നെ കിട്ടുവാൻ നടപടി സ്വീകരിക്കുക.
2. വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ പ്രകാരം നൽകിവരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരം അതതു സമയം ജനങ്ങളിൽ എത്തിക്കാൻ വേണ്ട നടപടി എടുക്കുക.
3. JRY, IAY മുഖേന വീടുവയ്ക്കാൻ നൽകിവരുന്ന തുക വർദ്ധിപ്പിക്കുക.

### പെൻഷനുകൾ

വില്ലേജ് മേത്തല

| | |
|---|---|
| അഗതി പെൻഷൻ | : ഇല്ല |
| വിധവാപെൻഷൻ | : 15 |
| വാർദ്ധക്യപെൻഷൻ | : 10 |
| അവശകലാകാരപെൻഷൻ | : 3 |
| കായികതാരപെൻഷൻ | : ഇല്ല |
| സ്വാതന്ത്ര്യസമരപെൻഷൻ | : 1 |
| കുഷ്ഠരോഗിപെൻഷൻ | : 2 |
| ക്യാൻസർ രോഗി പെൻഷൻ | : 1 |
| കർഷകതൊഴിലാളി പെൻഷൻ | : 8 |
| തൊഴിലാല്ലായ്മ വേദനം | : 34 |

270

ആശംസകൾ

ലക്ഷ്മി ജ്വല്ലറി

കൊടുങ്ങല്ലൂർ

ഒരു സന്ധ്യതീരത്തുവേണ്ടി

സുഹൃത്തേ,

യശോധരചേച്ചിയെ ഒരുപക്ഷേ നിങ്ങൾക്കെല്ലാവർക്കും അറിയാമായിരിക്കും നമ്മുടെ ഇടയിൽ എത്രയോ യശോധര ചേച്ചിമാരുണ്ട്. കിടക്കാനിടമില്ലാത്ത, വൈകുന്നേരങ്ങളിൽ പ്രത്യക്ഷപ്പെട്ട് നമ്മുടെ കുടുംബസദസ്സുകളെ അലോസരപ്പെടുത്തുന്ന, 'വൃദ്ധകൾ' ഇന്ന് കേരളത്തിലെ ഒരു വംശമായിരിക്കുന്നു. ഒരു സീരിയലിലെ പാവം 'വൃദ്ധ'യായി പ്രത്യക്ഷപ്പെടുമ്പോഴൊക്കെ ഈ കഥാപാത്രം നമ്മുടെ കണ്ണ് നനക്കാറുണ്ട്.

നമുക്കൊക്കെ എപ്പോഴും തിരക്കാണ്. നമുക്ക് തന്നെ നമ്മുടെ സ്വന്തം പ്രശ്നങ്ങളുമുണ്ട്. നോക്കൂ, ഈ യശോധര ചേച്ചി നമ്മുടെ വീട്ടിൽ ഒരിടം തേടുന്നില്ല. ഏതോ ടി.വി. സീരിയലിൽ വൃദ്ധസദനത്തെ കുറിച്ച് ഊതിവീർപ്പിച്ച ചിത്രം കണ്ട് തനിക്കിതുമതി എന്ന് അവർ ധൈര്യമായി പറയുന്നു. ഈ 68 വയസുകാരി വ്യത്യസ്ത കഥാപാത്രമാണ്.

കേരളത്തിലെ വൃദ്ധസദനങ്ങളെക്കുറിച്ച് ഗവേഷണം നടത്തിയ ഒരു സുഹൃത്ത്(അദ്ദേഹം തത്വത്തിൽ വൃദ്ധസദനങ്ങൾക്കെതിരാണ്... വൃദ്ധ, പോസ്റ്റ്മാൻ, മാപ്പിള ഈ സാമാന്യ നാമങ്ങൾക്കിടയിൽ വ്യക്തിയേയും വ്യക്തിത്വത്തേയും തളച്ചിടാൻ, നമുക്ക് എന്താണിത്ര തിടുക്കം?) യശോധര ചേച്ചിക്കായി തിരുവനന്തപുരത്ത് പട്ടത്തുള്ള ഒരു വൃദ്ധസദനം ശുപാർശ ചെയ്തിരിക്കുന്നു. യശോധര ചേച്ചിക്ക് വാർദ്ധക്യകാല പെൻഷൻ തുടർന്നും കിട്ടിയേക്കും.

യശോധരചേച്ചിയുടെ പ്രത്യേക വ്യക്തിത്വത്തിന് ഇണങ്ങുന്ന മറ്റ് വൃദ്ധസദനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഈ പ്രശ്നം പരിഹരിക്കാൻ കൂടുതൽ നല്ല ഭാവനാ പൂർണ്ണമായ ആശയങ്ങളും കഴിയുന്നത്ര വേഗം അയച്ചുതരിക. യശോധര ചേച്ചി ഒക്ടോബർ 30ന് പട്ടത്തേയ്ക്ക് പോകുന്നു.

സ്നേഹത്തോടെ,

കുറിപ്പ് :

9ാം വാർഡിൽ ജനിച്ച് യശോധരയ്ക്ക് ഒക്ടോബർ 30ന് തിരുവനന്തപുരത്തേക്കു പോകാനായില്ല. ജനകീയാസൂത്രണത്തിന്റെ സാദ്ധ്യതകളിൽ വിശ്വസിക്കുന്ന പ്രവർത്തകർ ഒരു സന്ധ്യതീരത്തിനുവേണ്ടി നടത്തുന്ന ശ്രമങ്ങൾ വിജയിച്ചാൽ യശോധര മേത്തലപഞ്ചായത്തി തന്നെ ജീവിക്കുന്നതല്ലേ നല്ലത് ? നമ്മുടെ അമ്മൂമ്മമാർ അവർക്കിഷ്ടപ്പെട്ട വളർത്തുമൃഗങ്ങളെ വളർത്തി അവയെ പേരു വിളിച്ച് ഉണരുന്ന പ്രഭാതങ്ങൾ ! അവർക്കിഷ്ടപ്പെട്ട സിനിമകളിലെ നായകർ തന്നെ അവരെ ആശ്വസിപ്പിക്കാൻ 6 മാസത്തിലൊരിക്കലെത്തുന്ന സായാഹ്നങ്ങൾ 'സന്ധ്യതീരത്തിൽ' യേശുദാസിന്റെ നിധിമാലാ സുഷമാ.. അങ്ങിനെ നൂറുകൂട്ടം അതെ ! പഞ്ചായത്തിന്റെ തീരുമാനങ്ങൾക്ക് കാതോർത്തിരിക്കയാണവർ.

4. അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും സേവനവേതന വ്യവസ്ഥകൾ ഏകീകരിക്കുകയും ചെയ്യുക.

5. പഞ്ചായത്തിന്റെ എല്ലാ വാർഡിലും DWCRA യൂണിററുകൾ സ്ഥാപിക്കുക.

6. ബാലവാടികൾക്കും അംഗൻവാടികൾക്കും ആവശ്യമായ ഗ്രാൻറ് അനുവദിക്കുക; സ്ഥലവും കെട്ടിടവും ഉണ്ടാക്കുക. ഇടമുക്കിലെ ബാലവാടിക്ക് ചുററുമതിൽ ഉണ്ടാക്കുക.

6.1 അംഗൻവാടിയോ ബാലവാടിയോ ഇല്ലാത്ത വാർഡുകളിൽ അവ ആരംഭിക്കുക.

അനുബന്ധം -II

മേത്തല ഗ്രാമപഞ്ചായത്ത്

11.1 IRDP സർവ്വേ പ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ വിവിരം ദാരിദ്രരേഖയ്ക്ക

| സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്രരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|
| 2665 | 73 | 323 | 78 | 145 | 2520 |

7. വിധവാ, വാർദ്ധക്യകാല പെൻഷനുകൾ കൃത്യസമയത്തു തന്നെ വിതരണം ചെയ്യുക

7.1 വിധവകളുടെ മക്കൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകുക.

8. ചാരായ നിരോധനം ഫലപ്രദമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുക.

9. മേത്തല പഞ്ചായത്തിൽ ഒരു വൃദ്ധസദനം സന്ധ്യാതീരം-സ്ഥാപിക്കുക.

10. പഞ്ചായത്തു തലത്തിൽ വികലാംഗരുടെ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുകയും; അവർക്ക് കിട്ടേണ്ടതായ ആനുകൂല്യങ്ങൾ കൃത്യമായി കിട്ടുന്നുണ്ടോ എന്നു പിരിശോധിക്കാൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

11. വിധവകളുടെ മക്കളുടെ വിവാഹത്തിനു നല്കുന്ന സഹായം കാലതാമസം കൂടാതെ നല്കുവാൻ ക്രമീകരണം ഉണ്ടാക്കുക.

13. ബാലവാടിയിൽ LKG-UKG തലങ്ങളിൽ വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുക.

14. സാമൂഹികക്ഷേമ പദ്ധതികൾ പ്രകാരം നല്കിവരുന്ന ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുക.

*ജാതിമതവ്യത്യാസം കൂടാതെ, വിദ്യതേടിയെത്തിയ ഏവരേയും കൈനീട്ടി സ്വീകരിച്ച കൊടുങ്ങല്ലൂർ കോവിലകം, സംസ്കൃതം മാത്രമല്ല, വൈദ്യം, സംഗീതം, തച്ചു ശാസ്ത്രം നടനകലകൾ .......വിജ്ഞാനത്തിന്റേയും സംസ്കാരത്തിന്റേയും ഒട്ടെല്ലാ മേഖലകളിലേയും പാണ്ഡിത്യം പകർന്നു നൽകിയിരുന്ന സർവ്വകലാശാലയായിരുന്നു.*
*ശതവാർഷികം ആഘോഷിച്ച രണ്ടു വിദ്യാലയങ്ങൾ-നിരവധി പ്രഗത്ഭമതികൾക്ക് വിദ്യനൽകിയ പ്രശസ്തമായ ബോയ്സ് ഹൈസ്കൂൾ; പിന്നോക്ക വിഭാഗങ്ങൾക്ക് അറിവും അക്ഷരവും പകരാൻ നവോത്ഥാനഘട്ടത്തിൽ ആരംഭിച്ച ബാലാനു ബോധിനിസ്കൂൾ മേത്തല പഞ്ചായത്തിൽ സാർവ്വത്രിക വിദ്യാഭ്യാസത്തിന് ആരംഭംകുറിച്ചു.*

## വിദ്യാഭ്യാസം

മേത്തല ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്ക് തങ്ങളുടെ വിദ്യാഭ്യാസാവശ്യം നിർവഹിക്കാൻ രണ്ടു ഹൈസ്കൂളുകളാണുള്ളത്. ഒരെണ്ണം എയ്ഡഡും ഒന്ന് അൺ എയ്ഡഡും. ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളും വിദ്വൽപീഠം എന്ന സംസ്കൃത വിദ്യാലയവും ഇവിടെ പ്രവർത്തിക്കുന്നു. രണ്ടു സർക്കാർ യു.പി. സ്കൂളും നാലു എയ്ഡഡ് യു.പി. സ്കൂളും ഒരു അൺ എയ്ഡഡ് യു.പി. സ്കൂളുമാണ് പഞ്ചായത്തിലുള്ളത്. എൽ.പി.സ്കൂളുകൾ ആറെണ്ണം ഉള്ളതിൽ ഒന്ന് സർക്കാർ എൽ.പി.യും, ഒരെണ്ണം അൺ എയ്ഡഡും നാലെണ്ണം എയ്ഡഡുമാണ്. മൂന്ന് നഴ്സറി വിദ്യാലയങ്ങളും ബാലവാടി അംഗൻവാടി എന്നിവ രണ്ടു വീതമുണ്ട്. രണ്ടുപാരലൽ കോളേജുകൾ ഉള്ളതിൽ ഒന്നു വനിതകൾക്കുമാത്രമുള്ളതാണ്. പ്രൈവററ് സ്വാശ്രയ ബി.എഡ്. കോളേജ് ഒരെണ്ണം പ്രവർത്തിക്കുന്നുണ്ട്.

സാങ്കേതിക തൊഴിലധിഷ്ടിത വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെടുന്ന മൂന്നു കംബ്യൂട്ടർ പിരിശീലന കേന്ദ്രങ്ങൾ, ഒരു വനിതാ ഐ.ടി.സി ഒരു ടൈപ്പ്റൈററിംഗ് പരിശീനലകേന്ദ്രം, ഒരു തയ്യൽ പരിശീലനകേന്ദ്രം എന്നിവയാണ്.

കഴിഞ്ഞ പത്തുവർഷങ്ങൾക്കകം ഹൈസ്കൂൾ, യു.പി. എൽ.പി. സ്കൂളുകൾ എന്നിവ ഓരോന്നു വീതം പുതിയതായി ആരംഭിച്ചിട്ടുണ്ട്. ഇവ മൂന്നും അൺ എയ്ഡഡ് സ്കൂളുകൾ ആണ്. കൂടാതെ ഗവൺമെൻറ് ഹൈസ്കൂൾ ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ടിട്ടുണ്ട്.

ഇപ്പോൾ ഈ പഞ്ചായത്തിൽ 8213 വിദ്യാർഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 2072 വിദ്യാർത്ഥികൾ എൽ.പി. വിഭാഗത്തിലും 2594 വിദ്യാർഥികൾ യു.പി. വിഭാഗത്തിലും 3547 പേർ ഹൈസകൂൾ വിഭാഗത്തിലും പഠനം നടത്തുന്നു. മുൻ കൊല്ലങ്ങളെ അപേക്ഷിച്ച് ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനം കുറഞ്ഞുവരുന്നതായി കാണുന്നു. ജനനിരക്ക് കുറഞ്ഞുവരുന്നതും പട്ടണ പ്രദേശത്തെ ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലേക്ക് പ്രവേശനം തേടിപ്പോകുന്നതുമാണ്. ഇതിന് കാരണം. ഇവിടുത്തെ ഹൈസ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥിനികളുടെ എണ്ണം കുറയുന്നതായി കാണുന്നു. മുൻസിപ്പൽ പ്രദേശത്തുള്ള ഗവൺമെൻറ് ഗേൾസ് ഹൈസ്കൂളിലും മററ് ഹൈസ്കൂളുകളിലും ചേർന്ന് പഠിക്കുന്നതാണ് ഇതിന് കാരണം.

മൊത്തം 260 അദ്ധ്യാപകർ ഇവിടുത്തെ വിദ്യാലയങ്ങളിൽ സേവനമനുഷ്ടിക്കുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി ഇതിൽ 80% വും അദ്ധ്യാപികമാരാണ്. അദ്ധ്യാപ-കരക്ഷാകർതൃസമിതി, മാതൃസംഘം എന്നിവ മിക്കാവാറും എല്ലാ വിദ്യാലയങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഇവ ചെറുതല്ലാത്ത പങ്കുവഹിക്കുന്നുണ്ട്. പി.ടി.എ യുടെ ആഭിമുഖ്യത്തിൽ പല വിദ്യാലയങ്ങളിലും മാതൃകാപരമായി നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്നാൽ അദ്ധ്യായന നിലവാരം ഉയർത്തുന്നതിനൽ അവയ്ക്ക് ക്രിയാത്മകമായ പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.

സർക്കാർ സ്കൂളിലെ എസ്.എൽ.സി വിജയശതമാനം സംസ്ഥാനത്തെ ശരാശരിയലും താഴെയാണ്. എന്നാൽ കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന പ്രൈവറ്റ് സ്കൂളിൽ വിജയശതമാനം വളരെ ഉയർന്നു നിൽക്കുന്നു (99%) ആ വിദ്യാലയങ്ങളിലെ പ്രവേശനത്തിനും ചില നിയന്ത്രണങ്ങൾ ഉള്ളതായി അറിയുന്നു. സർക്കാർ സ്കൂളിലെ പ്ലസ് ടു വിഭാഗത്തിന് ഉയർന്ന വിജയം നേടാൻ കഴിഞ്ഞുട്ടുണ്ട്.

സാക്ഷരതാ പ്രവർത്തനത്തിൽ വമ്പിച്ച മുന്നേററം നടത്താൻ കഴിഞ്ഞ ഒരു പഞ്ചായത്താണ് ഇത്. എന്നാൽ മാറി വന്ന സാഹചര്യത്തിൽ തുടർ പ്രവർത്തനങ്ങൾ വേണ്ടവണ്ണം നിർവഹിക്കാൻ കഴിയാതിരുന്നതുമൂലം അതിന്റെ സൽഫലങ്ങൾ പൂർണ്ണമായി കൈവരിക്കാനാവതെപോയി.

മത്തല പഞ്ചായത്തിലെ വിദ്യാലയങ്ങൾ

ഗവ. ഹയർസെക്കൻററി സ്കൂൾ, ശൃംഗപുരം,
. സെൻസ്റ്റർ ആൻസ് ഹൈസ്കൂൾ കോട്ടപ്പുറം
. ഗവ. യു.പി. സ്കൂൾ, മേത്തല
. ഗവ. യു.പി. സ്കൂൾ, ആനാപ്പുഴ
. വി.ഡി.യു.പി. സ്കൂൾ, പാല്യം തുരുത്ത്
. ബാലാനുബോധിനി യു.പി. എസ്, മേത്തല
. എൽതുരുത്ത്. യു.പി. സ്കൂൾ
. കെ.വി.എം.യു.പി. സ്കൂൾ. ടി.കെ.എസ്.പുരം
. ഗവ. ബി.എച്ച്.എസ്.എൽ.പി. സ്കൂൾ, ശൃംഗപുരം
). ഓർഫനേജ് എൽ.പി.എസ്., പള്ളിനട
. സെൻറ് മൈക്കിൾസ് എൽ.പി. എസ്., കോട്ടപ്പുറം
2. എൽ.പി. സ്കൂൾ വിലയപണിക്കൻതുരുത്ത്.
3. ഗവ. എൽ.പി.സ്കൂൾ പാലിയംതുരുത്ത്.
. ഗവ. സെൻറ് തോമസ് കോളേജ് (പാരലൽ കോളേജ്)
5. എസ്.എൽ.ട്രെയനിങ്ങ് കോളേജ് (സ്വാശ്രയ ബി.എഡ്. കോളേജ്)
. ഐ.ജി.എം. യു.പി. സ്കൂൾ
അൺ എയ്ഡഡ്)

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ 15 വിദ്യാലയങ്ങളുണ്ടെങ്കിലും ചില ഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 3 കി. മി.യിലധികം സഞ്ചരിച്ചുവേണം യു.പി. ഹൈസ്കൂൾ വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ.
2. രണ്ട് ബാലവാടികളും രണ്ട് അംഗൻവാടികളും ഉണ്ടെങ്കിലും സാധാരണക്കാർക്ക് പ്രാപ്യമായ ശിശുവിദ്യാഭ്യാസ കേന്ദ്രങ്ങൾ ആവശ്യത്തിനില്ല.
3. സാങ്കേതിക പരിശീലനകേന്ദ്രങ്ങള് , തൊഴിൽ പരിശീലനകേന്ദ്രങ്ങളും കൂടുതൽ ചെറുപ്പക്കാർക്ക് കാര്യക്ഷമമായും അംഗീകൃതമായും പരിശീലനം ലഭിക്കാവുന്ന വിധം പഞ്ചായത്തിലോ സമീപപ്രദേശത്തോ ഇല്ല.
4. സാമ്പത്തിക പരാധീനതയും കെട്ടിടത്തിൻെറ ജീർണ്ണതയും കൊടുങ്ങല്ലൂർ വിദ്വൽപീഠത്തിൻെറ നിലനിൽപും പ്രവർത്തനവും പ്രയാസമുള്ളതാക്കുന്നു.
5. സാക്ഷരതായജ്ഞത്തിൻെറ തുടർപ്രവർത്തനങ്ങൾ നടത്താത്തതുമൂലം അക്ഷരജ്ഞാനവും സംഖ്യാബോധവും നഷ്ടപ്പെട്ടുകൊളളിരിക്കുന്നു. ബോധപൂർവ്വം പ്രവർത്തിച്ചില്ലങ്കിൽ സാക്ഷരതായജ്ഞനം എക്കാലത്തും തുടരേണ്ടി വന്നേക്കും.
6. സ്കൂളുകളിൽ നിന്നും വിട്ടശേഷം ജോലിതിരക്കിനിടയിൽ ഭാഷാപരവും സംഖ്യാപരവുമായ നൈപുണ്യവും അറിവുകളും ക്രമേണ നഷ്ടപ്പെടുന്ന സാഹചര്യത്തിലാണ് കൂടുതൽ ആളുകളും.
7. ബധിരർക്കും മൂകർക്കും അടുത്തെങ്ങും പഠനസൗകര്യങ്ങളില്ല.
8. ഉപകരണങ്ങളുടെ കുറവ്, സ്ഥലപരിമിധി, കളിസ്ഥലത്തിൻെറ അഭാവം തുടങ്ങിയ ന്യൂനതകൾ വിദ്യാലയത്തിൻെറ ശരിയായ പ്രവർത്തനത്തിനും തടസ്സമാണ്. കായികാകലാപ്രവർത്തനങ്ങൾക്ക് വേണ്ടത്ര സൗകര്യം നൽകേണ്ടത് കൂടുതൽ പ്രതിഭകളെ സൃഷ്ടിക്കുന്നതിനാവശ്യമാണ്. മെത്തല ഒരു സ്പോർട്സ് ഗ്രാമമാക്കണം.
9. ചുററുമതിലില്ലാത്ത സ്കൂളുകളിൽ സാമൂഹ്യവിരുദ്ധരുടെ ശല്യം തുടർച്ചയായി അനുഭവപ്പെടുന്നു.
10. അദ്ധ്യാപകർ ലീവെടുത്താൻ കുട്ടികൾക്ക് പഠനം നഷ്ടപ്പെടുന്നു.
11. വിദ്യാഭ്യാസനിലവാരം പൊതുവേ മോശമാണ്. എസ്.എസ്.എൽ.സി. വിജയശതമാനം വളരെ കുറവാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം പഠനം തുടരുവാൻ നിർവ്വാഹമില്ലത്ത കുട്ടികൾ ഉണ്ട്. ദാരിദ്രവും ഗതാഗത സൗകര്യങ്ങളുടെ കുറവും ചില വാർഡുകളിലെ പഠിക്കാനഗ്രഹിക്കുന്ന കുട്ടികളെ തളർത്തുന്ന സ്ഥിതിയുണ്ട്.
12. അദ്ധ്യാപക രക്ഷാകർത്തസമിതിയുടെ പ്രവർത്തനം അദ്ധ്യായനനിലവാരം ഉയർത്തുന്നതിനും പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രാവീണ്യം നേടുന്നതിനും ഇപ്പോൾ പര്യാപ്തമല്ല.
13. ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് ഇംഗ്ലീഷ് ഓപ്ഷനെടുത്ത് ഡിഗ്രി നേടിയവരല്ല.
14. പല വിദ്യാലയങ്ങളിലേയും അദ്ധ്യാന-പരീക്ഷാനിലവാരങ്ങൾ വ്യത്യസ്തമായിരിക്കുന്നു.
15. ചില വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് സാധാരണരീതിയിൽ പ്രവേശനം ലഭിക്കുന്നില്ല.
16. പലസ്കൂളുകളിലും കരകൗശല പരിശീലനത്തിനും പരിപോഷണത്തിനും അദ്ധ്യാപകരില്ല. ആനാപ്പുഴ ഗവ: യു.പി.സ്കൂൾ കെട്ടിടം സുരക്ഷിതമല്ല.
17. നിലവിലുള്ള അംഗൻവാടികളിൽ ഇരിപ്പിട സൗകര്യങ്ങളോ കളിപ്പാട്ടങ്ങളോ വേണ്ടത്രയില്ല.

18. ഓരോവർഷവും വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ റിപ്പോർട്ട് സ്കൂളുകളിലെ പഠനനിലവാരവും അറിയുന്നതിന് സംവിധാനമില്ല.
19. വായനാശീലം വളർത്തുന്നതിനും കുട്ടികൾക്ക് ബാലസാഹിത്യങ്ങളും ആഴ്ചപതിപ്പ് മാസിക മുതലായവയും കിട്ടുന്നില്ല. റഫറൻസ് ഗ്രന്ഥങ്ങളുമില്ല.
20. സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് കണ്ടെത്തുന്നതിൽ പി.ടി.എ. പ്രയാസപ്പെടുന്നു.

## നിർദ്ദേശങ്ങൾ :

1. മേത്തല 1,2,3,4, വാർഡുകളിലെ വിദ്യാഭ്യാസ സൽകര്യം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിൻെറ കിഴക്ക് ഭാഗത്തുള്ള യി.പി. സ്കൂളിൽ ഒരെണ്ണവും, 9,11,12,13 വാർഡുകളിലെ വിദ്യാഭ്യാസസൗകര്യം വർദ്ധിപ്പിക്കുന്നതിന് മേത്തല ഗവ. യു പി. സ്കൂളും ഹൈസ്കൂളാക്കി ഉയർത്തണം.
2. സൗജന്യവും ശാസ്ത്രീയവുമായ ശിശുവിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കണം. കൂടുതൽ ബാലവാടികളും അംഗനവാടികളും വേണം.
3. പ്രായോഗിക പരിശീലനത്തിന് സൗകര്യമുള്ളതും കൂടുതൽ വിദ്യാർത്ഥികൾക്ക് പരിശീലിക്കാവുന്നതുമായ ആധുനിക തൊഴിൽ സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കണം. കൊടുങ്ങല്ലൂരിൽ ഒരു പോളിടെക്നിക് സ്ഥാപിക്കണം.
4. വിദ്യുൽപീഠത്തിൻെറ ശോച്യാവസ്ഥക്ക് പരിഹാരണം കാണണം.
5. തുടർവിദ്യാഭ്യാസ സൗകര്യം നൽകുകയും സാക്ഷരതാപ്രവർത്തനം തുടരുകയും ചെയ്യുക.
6. ഔപചാരിക വിദ്യാഭ്യാസം കഴിഞ്ഞ് ജോലി ചെയ്യുന്നവർക്കായി വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിക്കണം.
7. ബധിര-മൂക വിദ്യാലയം സ്ഥാപിക്കണം.
8. വിദ്യാലയങ്ങൾക്ക് മതിയായ ബഞ്ച്, ഡെസ്ക്, മേശ, കസേര മററ് പഠനോപകരണങ്ങൾ ഇവ നൽകണം. ഇതിനായി ജനപങ്കാളിത്തത്തോടെ ഒരു പദ്ധതിയാരംഭിക്കണം. വേണ്ടത്ര ക്ലാസ്മുറികളും ശുചിയായ മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിച്ചുകൊടുക്കണം. എല്ലാ സ്കൂളുകൾക്കും കളിസ്ഥലം ഉണ്ടാക്കണം. കായിക മത്സരങ്ങൾ നടത്തണം.
9. ചുററുമതിലില്ലാത്ത എല്ലാ വിദ്യാലയങ്ങൾക്കും ചുററു മതിലുണ്ടാക്കണം.
10. അദ്ധ്യാപകരുടെ ലീവ് വേക്കൻസികളിൽ പകരം ആളെ അപ്പപ്പോൾ നിയമിക്കണം.
11. നിലവാരം കുറഞ്ഞ വിദ്യാർത്ഥികളെ കണ്ടെത്തി സാധാരണ നിലവാരത്തിലെത്തിക്കുന്നതിന് പ്രത്യേക കോച്ചിങ്ങ് നൽകണം. മോണിററിംങ്ങ് സംവിധാനം വേണം. ഉന്നതവിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കു സമ്മാനങ്ങളും സ്കോളർഷിപ്പുകളും നൽകണം.
12. വിദ്യാർത്ഥികളുടെ ക്ലാസ്സ് കയററം ശതമാനത്തിലാക്കരുത്. നിപുണതയുടെ അടിസ്ഥാനത്തിലായിരിക്കണം.
13. സാമ്പത്തിക ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പഠനത്തിന് സഹായം നൽകണം.
ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

അദ്ധ്യാപനവൃത്തിയിൽ നിന്ന് വിരമിച്ച് പ്രഗൽഭരായ ധാരാളം ഗുരുക്കൻമാർ നമ്മുടെ പഞ്ചായത്തിലുണ്ട്. അഭ്യസ്തവിദ്യരും അർപ്പണമനോഭാവമുള്ളവരുമായ തൊഴിൽ രഹിതരും കുറവല്ല. മിടുക്കു കുറഞ്ഞ നിലവാരം കുറഞ്ഞവരുമായ വിദ്യാർത്ഥികളെ സഹായിക്കാൻ ഇവരുടെ സേവനം നമുക്ക് കിട്ടാതെ വരില്ല.

നമ്മുടെ ഈ പ്രഗൽഭരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഓരോ വാർഡിലും ഓരോ വിദ്യാകേന്ദ്രങ്ങൾ സ്ഥാപിച്ച് വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നമുക്കാവില്ലേ.

13. പി.ടി.ഐ. സജീവമല്ലാത്ത സ്ഥലങ്ങളിൽ അവ സജീവമാക്കുകയും അക്കാദമിക കാര്യങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിനും വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും വേണം.

14. ഇംഗ്ലീഷ് പ്രത്യേകവിഷയമായി ഡിഗ്രി നേടിയവരെ ഇംഗ്ലീഷ് അദ്ധ്യാപകരായി നിയമിക്കണം.

15. സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾക്ക് പ്രവേശനം നിഷേധിക്കുന്നതിനെതിരെ നടപടിയെടുക്കണം.

17. എല്ലാ വിദ്യാലയങ്ങളിലും കല കരകൗശലാഭ്യാസനത്തിന് സ്പെഷലിസ്റ്റ് അദ്ധ്യപകരെ നിയമിക്കണം.

18. ആനാപുഴ ഗവഃ യു.പി. സ്കൂൾ കെട്ടിടം പുതുക്കി പണിയണം.

അംഗൻവാടികളിലും ബാലവാടികളിലും വേണ്ടത്ര ഫർണീച്ചറുകളും കളികോപ്പുകളും നൽകണം.

20. കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ വിവരവും സ്കൂളുകളിലെ പഠനനിലവാരവും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നതിന് പഞ്ചായത്തിൽ സംവിധാനം വേണം. ഈ വിദ്യാർത്ഥികളെ കണ്ടെത്തി തുടർവിദ്യാഭ്യാസം നൽകുന്നതിന് ഒരു സന്നദ്ധ സംഘടന രൂപീകരിക്കണം.

**അക്കാദമിക് നിലവാരം**

| സ്കൂളിൻെറ പേര് | ആകെ കുട്ടിൾ | 30 %ത്തിൽ കുറവുമാർക്ക് | 30-40 | 40-50 | 50-60 | 60നു മുകളിൽ |
|---|---|---|---|---|---|---|
| ഗവഃ യു.പി.എസ് മേത്തല | 199 | 81 | 26 | 26 | 18 | 48 |
| എൽതുരുത്ത് യു.പി.എസ്. | 143 | 19 | 28 | 38 | 19 | 39 |
| ഗവഃ എൽ.പി.എസ്. പാല്യംതുരുത്ത് | 96 | 4 | 9 | 8 | 13 | 62 |
| വി.പി.തുരുത്ത് എൽ.പി.എസ്. | 105 | 24 | 62 | 16 | 3 | ഇല്ല |
| യു.പി.എസ്. ബാലാനുബോധിനി | 519 | 71 | 109 | 167 | 96 | 76 |
| കെ.പി.എം. യു.പി.എസ്. | 156 | ഇല്ല | 10 | 17 | 13 | 106 |
| ബി.എച്ച്.എസ്. | 258 | 42 | 106 | 54 | 46 | 20 |
| സെൻറ് മൈക്കിൾസ് എൽ.പി.എസ്. | 1010 | 67 | 198 | 207 | 268 | 270 |
| ആകെ | 2486 | 308 | 548 | 533 | 476 | 621 |
| ശതമാനം | | 12.4 | 22 | 21.5 | 19.1 | 25 |
| യു.പി. തലം | | | | | | |
| ഗവ : യു.പി.എസ്. മേത്തല | 346 | 65 | 93 | 79 | 59 | 51 |
| സെൻറ് ആൻറ്സ് എച്ച്. എസ്. യു.പി. | 1004 | 50 | 299 | 453 | 100 | 102 |
| വി.ഡി. യു.പി.എസ്. | 86 | 5 | 15 | 10 | 15 | 41 |
| എൽതുരുത്ത് യു.പി.എസ്. | 169 | 22 | 30 | 60 | 34 | 23 |
| യു.പി.എസ് ബാലാനുബോധിനി | 562 | 80 | 122 | 182 | 113 | 95 |
| ഗവഃ യു.പി.എസ്. ആനാപ്പുഴ | [illegible] | 13 | 3 | 7 | | 10 |
| ആകെ | 2415 | 235 | 614 | 875 | 318 | 354 |
| ശതമാനം | | 9.7 | 25.4 | [illegible] | 14 | 14.7 |

21. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ഗ്രന്ഥശാലകൾ സ്ഥാപിക്കണം. ഗ്രന്ഥശാലകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം. റഫറൻസ് ലൈബ്രറി വേണം.

22. സ്കൂളുകൾ വൈദ്യുതീകരിക്കണം.

23. എല്ലാ ഗവൺമെൻറ് സ്കൂളുകളിലും വാട്ടർ ടാങ്കുകൾ നിർമ്മിക്കണം.

24. കോട്ടപ്പുറം സെൻറ് ആൻസ് ഹൈസ്കൂൾ ഹയർ സെക്കൻററി ആക്കുകയും. ഗവ: H.S.S.ൽ വൊക്കേഷണൽ പഠനസൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം.

25. മേത്തല പഞ്ചായത്തിൽ ഒരു നവോദയ സ്കൂൾ സ്ഥാപിക്കണം.

26. അടുത്ത പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ കോട്ടപ്പുറം സെൻറ് ആൻസ് എച്ച്.എസ്സിൽ ചേർക്കുന്നതിനുള്ള നടപടിയുണ്ടാകണം.

27. H.S.S.ൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് പ്രത്യേകം ഹോസ്റ്റൽ സംവിധാനം ഉണ്ടാക്കണം.

29. പഠിതാക്കളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സന്നദ്ധസംഘടനകളെ ഉപയോഗിച്ച് വാർഡടിസ്ഥാനത്തിൽ ട്യൂഷ്യൻ സെൻററുകൾ സ്ഥാപിക്കണം.

30. പഞ്ചായത്തു പ്രദേശങ്ങളിൽ ദേശീയ സമ്പാദ്യപദ്ധതി, ഇന്ദിരാവികാസ് പത്രം എന്നിവയ്ക്ക് പ്രോത്സാഹനം നൽകി അതിൽ നിന്നുമുള്ള വരുമാനത്തിൻെറ 25% സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കണം.

### പഠനം നിർത്തിയവരെ സംബന്ധിച്ച വിവരം

എൽ.പി. വിഭാഗം : 1

യു.പി. വിഭാഗം : 18

എസ്.സി. : 2

മററുള്ളവർ : 16

എച്ച്.എസ്. വിഭാഗം : 32

എച്ച്.സി. : 5

മററുള്ളവർ : 27

## സംസ്കാരം

മമത ഐക്യത്തിന്റെ പ്രതീകങ്ങളായ ക്ഷേത്രങ്ങൾ, പള്ളികൾ, ചർച്ചുകൾ, വിദ്വൽസദസ്സുകൾ. സമൂഹത്തിന്റെ സാംസ്കാരിക ഉന്നമനത്തിന് നേതൃത്വം നൽകിയിരുന്ന അദ്ധ്യാപകരും സാമൂഹ്യപ്രവർത്തകരും-സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം നമുക്കുണ്ടായിരിക്കണം. എന്നാൽ ഇന്ന് നമ്മുടെ സാംസ്കാരിക മേഖല തകർന്നിരിക്കുന്നു.. സംഭവിക്കാൻ പാടില്ലാത്തതെല്ലാം കൊടുങ്ങല്ലൂരിലും മേത്തലയിലും സംഭവിക്കുന്നു-വർഗ്ഗീയ ധ്രുവീകരണം, ക്രിമിനിൽ സംഘങ്ങൾ എല്ലാം.

ടി.വി. സീരിയലുകളും, മൂന്നാംകിട സിനിമകളും നമ്മുടെ കുട്ടികളുടെ ജീവിതത്തിലേക്ക് തള്ളികയറുന്നതോർത്ത് നാം ഞെട്ടുന്നു. എന്നാൽ നമ്മുടെ ഒഴിവു സമയങ്ങൾ നമ്മിൽ നിന്നും അപഹരിക്കപ്പെടാതിരിക്കാൻ, നമ്മുടേയും നമ്മുടെ കുട്ടികളുടേയും വ്യക്തിത്വ വികാസത്തിന്, ജനങ്ങളുടെ കായികവും മാനസികവുമായ വികാസത്തിന് നമ്മുടെ ഒഴിവ് സമയങ്ങൾ വിനിയോഗിക്കാനായി എന്ത് അടിസ്ഥാന സൗകര്യങ്ങളാണ് നാം മേത്തലക്കാർ ഒരുക്കിയിട്ടുള്ളത്? 1995-96 വർഷത്തിൽ നമ്മുടെ രണ്ട് പഞ്ചായത്തു ലൈബ്രറികൾക്കുമായി നാം ചിലവഴിച്ചത് പഞ്ചായത്തിലെ മൊത്തം വരുമാനത്തിന്റെ ഒരു ശതമാനം മാത്രമാണ്.

ഈ പഞ്ചായത്ത് പ്രദേശത്ത് 13 ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഒരിക്കൽ സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയായിരുന്നു ഇവയ്ക്ക് ഇന്ന് ആ നിലയിലുള്ള പ്രസക്തി നഷ്ടമായിരിക്കുന്നു.

ചരിത്ര പ്രസിദ്ധമായ തിരുവഞ്ചിക്കുളം ക്ഷേത്രം, ചേരമാൻ ജുമാമസ്ജിദ്, കീത്തോളി ക്ഷേത്രം, ചേരമാൻ പറമ്പ് ഇവയെല്ലാം നമ്മുടെ പഞ്ചായത്തിന്റെ ചരിത്ര സാംസ്കാരിക മുദ്രകളാണ്.

കൂത്തു കഥകളിലും അരങ്ങേറുന്ന നമ്മുടെ ഉത്സവങ്ങൾ, അമ്പെടുക്കലും പ്രദക്ഷിണവുമായി പെരുന്നാളുകൾ-ഉത്സവങ്ങളുടെ നാടാണ് നമ്മുടെ പഞ്ചായത്ത്.

തിരുവഞ്ചിക്കുളം ക്ഷേത്രത്തിലേയും, തൃക്കുലശേഖരപുരം പറമ്പിക്കുളങ്ങര ക്ഷേത്രങ്ങളിലേയും ഉത്സവങ്ങൾ പ്രസിദ്ധമാണ്.

എന്നാൽ ഈ ഉത്സവങ്ങൾക്കിടയിൽ തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ ശില്പങ്ങൾ നശിക്കുന്നതും, ശില്പങ്ങൾ അടർന്നു പോകുന്നിടത്ത് കോൺക്രീററ് വച്ച് അടയ്ക്കുന്നതും നാം അറിയുന്നേയില്ല.

32ഓളം കലാ കായിക സമിതികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയിൽ ചിലത് ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നവയാണ്. എന്നാൽ പ്രവർത്തനം ഒരു വാർഷികാഘോഷത്തിൽ ഒതുക്കുന്നവയാണ് ഭൂരിപക്ഷവും. സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധങ്ങളും എല്ലാം ഉൾപ്പെടുന്നതുമാണ് എന്നറിഞ്ഞു പ്രവർത്തിക്കാൻ ഈ സമിതികളിൽ പലതിനും കഴിയുന്നുണ്ടോ എന്ന സംശയമാണ്.

രണ്ട് സിനിമാ തിയ്യറററുകളും, മൂന്ന് കേബിൾ ടി.വിയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന കേബിൾ ടി.വി. ശൃംഖലകൾ വിദ്യാഭ്യസ സാസ്കാരിക വികാസത്തിന് എങ്ങിനെ ഉപയോഗിക്കാൻ കഴിയും എന്ന് നാം ചിന്തിക്കേണ്ടിയിരക്കുന്നു.

വിഭവപരിമിതകളിലും മുൻഗണനാക്രമങ്ങളിലും ഉറച്ചു നിന്നുകൊണ്ടു തന്നെ നമ്മുടേയും നമ്മുടെ കുട്ടികളുടെയും വ്യക്തിത്വ വികാസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ നാം ഇനിയെങ്കിലും കുറച്ച് സമയവും കുറേ വിഭവങ്ങളും ഒരുക്കി വയ്ക്കേണ്ടതുണ്ട്.

### നമ്മുടെ ചരിത്ര-സാസ്കാരിക സ്ഥാപനങ്ങൾ

1. തിരുവഞ്ചിക്കുളം ക്ഷേത്രം.
2. ചേരമാൻ ജുമാ മസ്ജിദ്
3. തൃക്കുലശേഖരപുരം ക്ഷേത്രം.
4. സെൻറ് തോമസ് ചർച്ച്.
5. ചേരമാൻ പറമ്പ്.
6. കോവിലകം
7. കോട്ടപ്പുറം കോട്ട
8. വിദ്വൽപീഠം
9. കോവിലകം ആർട്ട് ഗാലറി & സംഗീത-നൃത്തവിദ്യാലയം
10. കീഴ്ത്തളി ക്ഷേത്രം

### പ്രശ്നങ്ങൾ :

1. മേത്തല പഞ്ചായത്തിലെ സാംസ്കാരിക നിലയം യഥാർഥത്തിൽ പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക കേന്ദ്രമാക്കുക.
2. കൊടുങ്ങല്ലൂരിൻേറയും മേത്തലയുടേയും ചരിത്രം വഹിക്കുന്ന താളിയോലഗ്രന്ഥങ്ങളും ചരിത്ര രേഖകളും പലയിടങ്ങളിലായി കിടന്ന് നശിക്കുന്നു.
3. മേത്തലയിലെ പ്രമുഖ സാംസ്കാരിക സ്ഥാപനമായ വിദ്വൽപീഠം തകർച്ചയുടെ വക്കിലാണ്.
4. മേത്തല പഞ്ചായത്ത് ലൈബ്രറിയിൽ റഫറൻസ് ഗ്രന്ഥങ്ങളോ ഇരുന്ന്.വായിക്കാൻ സൗകര്യങ്ങളോ ഇല്ല.
5. തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ ശില്പങ്ങൾ നശിച്ചുകൊണ്ടിരിക്കതുന്നു.
6. ചരിത്രപ്രസിദ്ധമായ ചേരമാൻ പറമ്പ് കാട്പിടിച്ച് കിടക്കുന്നു.
7. കോളനികളിലും പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിലും ഗ്രന്ഥശാല-വായനശാല സൗകര്യം കുറവാണ്.
8. പഞ്ചായത്തിൽ വനിതകൾക്ക് ഒത്ത് ചേരാനും വനിതാ സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഒരു കേന്ദ്രമില്ല.
9. കോളനികളിലും ഉൾപ്രദേശങ്ങളിലും വിനോദോപാധികളില്ല. മേത്തല പഞ്ചായത്തിൽ ഒരു പാർക്കോ, കുട്ടികളുടെ പാർക്കോ ഇല്ല.
10. മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. വർഗ്ഗീയതയ്ക്കെതിരെ സാംസ്കാരിക തലത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല.
11. നമ്മുടെ പഞ്ചായത്തിലെ പ്രഗൽഭരായ കലാകാരന്മാർ ഈ പ്രദേശത്ത് ആദരിക്കപ്പെടുന്നില്ല. അവരുടെ പ്രതിഭകൾ നമ്മുടെ ജനങ്ങളുടെ സാംസ്കാരിക വികാസത്തിന് ഉപയുക്തമാക്കാവുന്ന ഒരു സമീപനം ഉണ്ടായിട്ടില്ല.
12. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി. സംഘങ്ങൾ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ എങ്ങിനെ പ്രയോജനകരമാക്കാം എന്ന വിഷയം പരിഗണനാവിഷയമാക്കിയിട്ടില്ല.

### നിർദ്ദേശങ്ങൾ :

1. മേത്തല പഞ്ഞആചയത്തിലെ സാംസ്കാരിക നിലയത്തിൻെറ പ്രവർത്തനം ഒരു ജനകീയ സമിതിയുടെ കീഴിലാക്കുകയും ഈ സാംസ്കാരിക നിലയം വികസിപ്പിച്ച് മേത്ത പഞ്ചായത്തിൻെറ സാസ്കാരിക കേന്ദ്രമാക്കുവാൻ ഈ സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുക.
2. മേത്തല പഞ്ചായത്തിൽ ഒരു ചരിത്ര മ്യൂസിയം സ്ഥാപിക്കുക.
3. മേത്തല പഞ്ചായത്ത് ലൈബ്രറിയിൽ വിവിധ വിജ്ഞാനശാഖകളിലെ റഫറൻസ് ഗ്രന്ഥങ്ങൾ ശേഖരിക്കുക.
4. വിദ്വൽപീഠത്തെ നാശത്തിൽ നിന്നും രക്ഷിക്കുന്നതിന് ജനപങ്കാളിതവത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കുക. ഈ സ്ഥാപനത്തെ ഒരു ശാസ്ത്രീയ - നൃത്ത വിദ്യാലയം കൂടിയായി ഉയർത്താൻ വേണ്ട നടപടി ആരംഭിക്കുക.
5. തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ ശില്പങ്ങൾ സംരക്ഷിക്കുന്നതിനും അവയുടെ മാതൃകകൾ പകർത്തി സൂക്ഷിക്കുന്നതിനും സാസ്കാരിക വകുപ്പിൻെറ സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിക്കുക.
6. പുരാവസ്തു വകുപ്പിൻെറ അനുമതിയോടെ ചേരമാൻ പറമ്പിൽ ഒരു പാർക്ക് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുക. മേത്തല പഞ്ചായത്ത് ലൈബ്രറിയുടെ കീഴിൽ ഒരു മൊബൈൽ ഗ്രന്ഥശാല ആരംഭിക്കുകയും കോളനികളിലും ഉൾപ്രദേ

## പാരമ്പര്യത്തിൻെറ ധ്വനികൾ

മലയാള നാടക പാരമ്പര്യത്തിന്റെ വേരുകൾ മേത്തലയുടെ സാഹിത്യാവബോധമുള്ള മണ്ണിൽ ആണ്ടുകിടക്കുന്നവയാണെന്ന് വളരെ എളുപ്പത്തിൽ തന്നെ കണ്ടെത്താവുന്നതാണ്. നാടകം എന്ന അർത്ഥത്തിൽ വ്യക്തമായും വ്യവഹരിക്കാവുന്ന ഏതാനും കൃതികൾ ക്രിസ്തുവർഷം 780 ൽ തന്നെ കൊടുങ്ങല്ലൂരിലെ രാജാവായിരുന്ന കുലശേഖരവർമ്മൻ രചിച്ചിട്ടുണ്ട്. തപതീസംവരണം, സുഭദ്രാധനഞ്ജയം, വിച്ഛിന്നാഭിഷേകം. എന്നിവയാൽ ആ കൃതികൾ സുഭദ്രാധനഞ്ജയം എന്ന നാടകത്തിന്റെ വ്യാഖ്യാനമായി 'വ്യംഗവ്യാഖ്യ' എന്ന പേരിൽ ഒരു കൃതിയും അക്കാലത്ത് രചിക്കപ്പെട്ടു. അഭിനയകലാമർമ്മജ്ഞനായ ഏതോ ഒരു പണ്ഡിതനെ രാജാവ് തിരുവഞ്ചിക്കുളത്തു വരുത്തുകയും നാടകം രാജാവ് തന്നെ അഭിനയിച്ച് കാണിക്കുകയും എന്നിട്ട് വ്യാഖ്യാനമെഴുതിക്കുകയുമാണ് ചെയ്തത്. ധ്വനിയുക്തമായ കാവ്യസരണിയാണ് നല്ലതെന്നും. അതുകൊണ്ട് ധ്വനിമാർഗ്ഗം ഉപയോഗിച്ചാണ് ഈ നാടകം എഴുതുന്നതെന്നും കുലശേഖരവർമ്മൻ വ്യാഖ്യാതാവിനോട് പറയുന്നുണ്ട്. ക്രിസ്തു വർഷം 780ൽ തന്നെ ഉയർന്ന ഒരു നാടകാവബോധത്തിന്റെ കാലാവസ്ഥ നമ്മുടെ നാട്ടിൽ നില നിന്നിരുന്നു എന്ന വസ്തുതയാണ് ഇത് വ്യക്തമാക്കുന്നത്. 18ാം ശതകത്തിൽ നാടകരംഗത്ത് പ്രസിദ്ധി നേടിയ എട്ട് നാടകങ്ങളിൽ നാലും മേത്തല പഞ്ചായത്ത് പരിധിയിൽ വരുന്ന കൊടുങ്ങല്ലൂർ കോവിലകത്തുനിന്നായിരുന്നു. കുഞ്ഞികുട്ടൻതമ്പുരാന്റെ 'ലക്ഷണാസംഘം' (1891) ചന്ദ്രിക (1892) നടുവത്തച്ഛൻ നമ്പൂതിരിയുടെ ഭഗവത് ദൂത് (1892) കൊച്ചുണ്ണിതമ്പുരാന്റെ 'കല്യാണിനാടകം' എന്നിവയാണ് ആ നാടകങ്ങൾ.

ബക്കർ മേത്തല

ശങ്ങളിലും പുസ്തകവിതരണം നടത്തുകയും ചെയ്യുക. മേത്തല പഞ്ചായത്തിൽ ഒരു വനിതാ സാംസ്കാരിക കേന്ദ്രം ആരംഭിക്കുക.

9. പഞ്ചായത്തിലെ എല്ലാ കോളനികളിലും. ജനങ്ങൾ ഇടതിങ്ങി പാർക്കുന്ന പ്രദേശങ്ങളിലും ജനസഹകരണത്തോടെ കളർ ടി.വി.കൾ സ്ഥാപിക്കുക.
10. മേത്തലപഞ്ചായത്തിൽ രണ്ട് പാർക്കുകളും ഒരു ചിൽഡ്രൻസ് പാർക്കും ആരംഭിക്കുക.
11. മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ജനസമിതിയുടെ പ്രചാരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
12. വർഗ്ഗീയതക്കെതിരെ സാംസ്കാരിക തലത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
13. നമ്മുടെ പഞ്ചായത്തിലെ പ്രഗൽഭരായ കലാകാരൻമാരുടെ നേതൃത്വത്തിൽ ശാസ്ത്രീയ സംഗീതം നൃത്തം പെയിൻറിംഗ് തുടങ്ങിയ കലകളുടെ വികാസത്തിന് ഒരു കേന്ദ്രം സ്ഥാപിക്കണം.
14. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി. ശൃംഖലകളുടെ ഒരു ചാനലിൽ വിദ്യാഭ്യാസ-സാംസ്കാരിക പരിപാടികൾ നിശ്ചി സമയങ്ങളിൽ പ്രക്ഷേപണം ചെയ്യിക്കാൻ നടപടി സ്വീകരിക്കുക.

**കുട്ടികൾ കളിക്കട്ടെ!**
**പന്തുകൾ പൊട്ടിക്കട്ടെ!**

**ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തി, ഉയർന്ന ഗുണമേന്മയുള്ള ഒരു ആധുനിക സമൂഹം സൃഷ്ടിക്കുന്നതിൽ സ്പോർട്സ്-കായികരംഗത്തിന്റെ വികാസം അനിവാര്യമാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ 'സമഗ്രമായ ഒരു സ്പോർട്സ് വികസനപദ്ധതി' ഉൾപ്പെടുത്താൻ കഠിനാധ്വാനം ചെയ്യുന്നതിന് സമയം വൈകിപ്പോയോ?**

മഹത്തായ ഒരു കായിക പാരമ്പര്യത്തിന്റെ ഉടമകളാണ് നാം, കൊടുങ്ങല്ലൂർക്കാർ. ഭാരതത്തിന്റെ കായിക രംഗത്തിന് പല മികച്ച കായികതാരങ്ങളേയും കൊടുങ്ങല്ലൂർ സംഭാവന ചെയ്തിട്ടുണ്ട്. അഞ്ചപ്പാലത്തുകാരനായ ശ്രീ. ജി.കെ. മേനോൻ എന്ന തങ്കപ്പമേനോൻ ഇൻഡോ-ജർമൻ അത്‌ലറ്റിക് മീററിൽ ഭാരതത്തെ പ്രതിനിധീകരിച്ച് വെള്ളിമെഡൽ നേടി. ഗോപാലി എന്ന ഗോപാലകൃഷ്ണമേനോൻ ഇന്ത്യയിലെ എക്കാലത്തേയും മഹാനായ അത്‌ലററ് മിൽഖാസിംഗിന് സമശീർഷനായിരുന്നു. പി.പി. വിനയകുമാർ,- കെ.ജെ. ജോളി, കെ.ജെ. പ്രിൻസ്, ഒ.എസ്. ചന്ദ്രമോഹൻ പ്രശസ്തരായ നമ്മുടെ കായിക താരങ്ങളുടെ പട്ടിക നീളുന്നു. വനിതാവിഭാഗത്തിലും നമ്മുടെ കായികതാരങ്ങൾ പിന്നിലായിരുന്നില്ല. എ.കെ.രാധ, എ.കെ. ഓമന ഇവർ നമുക്ക് അഭിമാനിക്കാവുന്ന കായികതാരങ്ങളായിരുന്നു. ഈ കായികപാരമ്പര്യം മാനിച്ച് കേരള; സ്പോർട്സ് കൗൺസിൽ 1974-ൽ ബോയ്സ് ഹൈസ്കൂൾ കേന്ദ്രമാക്കി ഒരു കായിക പരിശിലനകേന്ദ്രം അനുവദിച്ചിരുന്നു. എന്നാൽ ഈ കായികകേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചുപോയിരിക്കുന്നു. നിരവധി കായികതാരങ്ങൾ കളിച്ചുവളർന്ന നമ്മുടെ ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട്, വലുതും ചെറുതുമായ എട്ടോളം മൈതാനങ്ങൾ നമുക്കുണ്ട്. പക്ഷേ അവയെല്ലാം വിളിപ്പാടകലെ നിന്നും കാണേണ്ടിവരുന്ന ഗതികേടിലാണ് നമ്മുടെ കുട്ടികൾ. എന്നിട്ടും പാടത്തും ഇടവഴികളിലും കൊച്ചുകൊച്ചു ഗ്രൗണ്ടുകളിലും നമ്മുടെ കുട്ടികൾ കളിക്കുന്നുണ്ട്. അവർക്ക് കളിക്കാൻ ഉപകരണങ്ങളോ ശാസ്ത്രീയപരിശീലനം നൽകാൻ കോച്ചുകളോ ഇറങ്ങിക്കളിക്കാൻ സൗകര്യമുള്ള കളിക്കളങ്ങളോ കിട്ടുന്നില്ലെന്നു മാത്രം.

## പ്രശ്നങ്ങൾ

1. 1974 ൽ ആരംഭിച്ച റൂറൽ സ്പോർട്സ് സെൻററിന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു.
2. ബോയ്സ്ഹൈസ്കൂൾ ഗ്രൗണ്ട് പരിശീലനത്തിനായി തുറന്നുകൊടുക്കുന്നില്ല.
3. കോച്ചുകളുടെ സേവനം ലഭിക്കുന്നില്ല.
4. കായികക്ഷമത വളർത്താൻ ആവശ്യമായ മൾട്ടി ജിംനേഷ്യം ഇല്ല.
5. പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. കൊടുങ്ങല്ലൂരത്തെ കായിക സംസ്കാരത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.
2. മേത്തല പഞ്ചായത്തിൽ ഒരു മൾട്ടി ജിംനേഷ്യം സ്ഥാപിക്കുക.
3. പരിശീലനത്തിന് ഗ്രൗണ്ടുകൾ ഉപയോഗിക്കാനുള്ള അനുവാദം വാങ്ങുക
4. സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട് പരിശീലകരുടെ സേവനം ലഭ്യമാക്കുക.
5. 1974ൽ മേത്തലയിൽ സ്ഥാപിച്ച റൂറൽ സ്പോർട്സ് കോച്ചിംഗ് സെൻററിന്റെ പ്രവർത്തനം പുനരാരംഭിക്കുക.
6. വികേന്ദ്രീകൃത ആസൂത്രണത്തിലെ യുവജനക്ഷേമത്തിൽ ഉൾപ്പെടുത്തി സ്പോർട്സ് വികസനത്തിന് സാമ്പത്തിക

സഹായം അനുവദിക്കുക.

7. സ്പോർട്സ് പ്രേമികളായ സ്വകാര്യവ്യക്തികളുടേയും ക്ലബ്ബുകളുടേയും സന്നദ്ധസംഘടനകളുടേയും സഹായം മേത്തല പഞ്ചായത്തിലെ സ്പോർട്സ് വികസനത്തിനായി സമാഹരിക്കുക.

8. മേത്തല പഞ്ചായത്തിനെ കേരളത്തിലെ ആദ്യത്തെ സ്പോർട്സ് ഗ്രാമമായി വികസിപ്പിക്കുക.

9. പരിശീലനത്തിനായി ഉപകരണങ്ങൾ ലഭ്യമാക്കുക.

| സ്പോർട്സ് ഇനങ്ങൾ | കിട്ടാവുന്ന ഗ്രൗണ്ടുകൾ |
|---|---|
| 1. ജിംനാസ്റ്റിക്സ് | 1. ഗവ. എച്ച്.എസ്.എസ്. ഗ്രൗണ്ട് |
| 2. അത്‌ലററിക്സ് | 2. ടി.കെ. എസ്.പുരം സ്കൂൾ ഗ്രൗണ്ട് |
| 3. ബാസ്കററ് ബോൾ | 3. എൽതുരുത്ത് ഗ്രൗണ്ട് |
| 4. കബഡി | 4. കെ.കെ.ടി.എം. കോളേജ് ഗ്രൗണ്ട് |
| 5. വോളിബോൾ | 5. ഗവ. യു.പി. സ്കൂൾ മേത്തല |
| 6. ബോൾബാഡ്മിൻറൻ | 6. ഗവ. യു.പി. സ്കൂൾ ആനാപ്പുഴ |
| 7. ക്രിക്കററ് | 7. വി.ഡി.യു.എ.എസ്. പാല്യംതുരുത്ത് |
| 8. ഫുട്ബോൾ | 8. മേത്തല ശ്രീനാരായണ സമാജം ഗ്രൗണ്ട് |
| 9. ബാഡ്മിൻറൻ | |
| 10. നീന്തൽ | |



**മേത്തല പഞ്ചായത്ത് സ്പോർട്ട്സ് ഗ്രാമം**

(ഒരു റിപ്പോർട്ട്)

നവംബർ 1. കേരളപ്പിറവിയുടെ നാല്പതാം വാർഷികം. ഇച്ഛാശക്തിയുള്ള ആരോഗദൃഢഗാത്രരായ ഒരു ജനതയ്ക്കു മാത്രമേ രാജ്യത്തിൻെറ 'വികസന പ്രക്രിയയിൽ സ്വയം സമർപ്പിക്കാൻ കഴുയു എന്ന മനസ്സുറപ്പോടെ മേത്തല പഞ്ചായത്ത് ഒരു സ്പോർട്ട്സ് ഗ്രാമമായി ഇന്ന് പ്രഖ്യാപിക്കപ്പെട്ടു. മേത്തലപഞ്ചായത്ത് കമ്മ്യൂണിററി ഹാളിൽ പ്രസിഡണ്ട് ശ്രീ. കെ.ഡി.കുഞ്ഞപ്പൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൊടുങ്ങല്ലൂരിൻേറയും പ്രത്യേകിച്ച് മേത്തല പഞ്ചായത്തിൻേറയും സമ്പന്നമായ കായിക സംസ്കാരം അനുസ്മരിച്ചു. അത്‌ലറ്റിക്സിൽ ഇന്ത്യയുടെ അഭിമാനമായിരുന്ന ശ്രീ.ജി.എകെ. മേനോൻെറ സാന്നിദ്ധ്യം ഒരാവേശമായി.

യോഗത്തോടനുബന്ധിച്ചുനടന്ന സെമിനാറിൽ ശ്രീ. ജി.കെ. മേനോൻ-കായികരംഗ അനുസ്മരണം, ഡോക്ടർ ജോസ് ഖറിയാസ്-സ്പോർട്സ് മെഡിസിൻ, സ്പോർട്സ് ഡവലപ്പ്മെൻറ് ഓഫീസർ ശ്രീ. വി.പി. പോൾ-കായിക രംഗത്തെ വികസന സാധ്യതകൾ; ശ്രീമതി. ഷെർളിതോമസ-സ്പോർട്സ് സൈക്കോളജി, ഫാ. ജോൺസൺ ചില്ലിക്കൂട്ടത്തിൽ, ഡോ. തോമസ് വർഗ്ഗീസ് ഇവർ സംസാരിച്ചു.

സ്പോർട്സിൽ എതിരാളിയെപററിയുള്ള ഭയം ഒരളവുവരെ നല്ലതാണെന്നും സ്വന്തം കഴിവ് അതിൻെറ പരമാവധിയിലേക്ക്

ഉയർത്താൻ ഈ ഭയം പ്രേരകമാവുമെന്നും ശ്രീമതി. ഷെർളി തോമസ് ചൂണ്ടിക്കാട്ടിയത് ശ്രദ്ധേയമായി. എന്നാൽ ഈ ഭയം എതിരാളിയെ നേരിടുമ്പോൾ പതറിപ്പോകുന്നതിലേക്ക് എത്താതിരിക്കാൻ വേണ്ട ആത്മവിശ്വാസം കായികതാരങ്ങളിൽ ഉണ്ടാക്കുന്നിടത്താണ് സ്പോർട്സ് സൈക്കോളജിയുടെ പ്രസ്കതി എന്നും ശ്രീമതി. ഷെർളി പറഞ്ഞു.

മെഡൽ നേടുന്നതിൽ മാത്രമല്ല. വ്യക്തിത്വവികാസത്തിൻെറ മേഖലകളിലും സ്പോർട്സ് വഹിക്കുന്ന പങ്ക് ശരിയായി മനസ്സിലാക്കപ്പെടേണ്ടതുണ്ടെന്ന് ശ്രീ. വി.പി. പോൾ പറഞ്ഞു. കടലാസിൽ നടക്കുന്ന സ്പോർട്സ് വികാസനമല്ല, ഗ്രൗണ്ടിൽ നടക്കുന്ന പരിശീലനമാണ് അത്‌ലററുകളെ വളർത്തുക. സ്വന്തം സ്പോർട്സ് സ്മരണകളിൽ ശ്രീ. ജി.കെ. മേനോൻ മുഴുകി. കേരള അത്‌ലററിക് ടീമിൻെറ ക്യപ്ററനായിരുന്ന ഡോക്ടർ ജോസ് സഖറിയാസ് സ്പോർട്സ് മെഡിസിൻെറ രംഗത്ത് കോമ്പിനേഷൻ തെറാപ്പിയുടെ വിജയത്തെപററി വിശദീകരിച്ചു.

ഇന്ത്യയെ പ്രതിനിധീകരിച്ച് ഇൻഡോ. ജർമ്മൻ അത്‌ലററിക് മീററിൽ സ്വർണ്ണമെഡൽ നേടിയ ശ്രീ. ജി. കൃഷ്ണമേനോനെ യോഗം ആദരിച്ചു.

*ആസൂത്രണം പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി അധഃപതിച്ചു. സ്ഥലജല വിഭവങ്ങളുടെ കഴിവുകളേയും അവയുടെ വിനിയോഗ പ്രവർത്തനങ്ങളേയും സമഗ്രമായി കണ്ട് പരിപാടികൾ തയ്യാറാക്കുന്നതിന് പകരം ഡിപ്പാർട്ട്മെൻറലിസമായിത്തീർന്നു ഇന്ത്യൻ ആസൂത്രണത്തിൻെറ മുഖമുദ്ര. ആസൂത്രണം കേന്ദ്രീകൃതവും ഉദ്യോഗസ്ഥമേധാവിത്വപരവുമായിരുന്നു. പദ്ധതികൾ നടപ്പാക്കേണ്ടുന്ന പ്രദേശത്തെ ജനങ്ങൾക്ക് അവ സംബന്ധിച്ച തീരുമാനങ്ങളിലോ നിർവ്വഹണത്തിലോ പങ്കുണ്ടായിരുന്നില്ല. (പരിശീലകർക്കുള്ള കൈപ്പുസ്തകം : പേജ് 10,11)*

## സഹകരണമേഖല

മേത്തല ഗ്രമപഞ്ചായത്തിൻെറ സഹകരണപ്രസ്ഥാനത്തിൻെറ ചരിത്രം 1937ൽ ആനാപ്പുഴ മത്സ്യവ്യവസായ സഹകരണസംഘത്തിൻെറ രൂപീകരണത്തോടെ ആരംഭിക്കുന്നു. സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പേതന്നെ സഹകരണപ്രസ്ഥാനം ആരംഭിക്കാൻ കഴിഞ്ഞത് ഈ നാടിന് ദേശീയപ്രസ്ഥാനവുമായി ഉണ്ടായിരുന്ന ദീർഘകാല ബന്ധം വ്യക്തമാക്കുന്നു.

പഞ്ചായത്തിലെ ഏറ്റവും വലിയ ക്രഡിറ്റ് സംഘമാണ് മേത്തല സർവ്വീസ് സഹകരണ സംഘം. 1968ൽ ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 10942 അംഗങ്ങൾ ഉണ്ട്. ഹ്രസ്വകാലവായ്പയായി 54950 പേർക്ക് 10996800 രൂപയും ദീർഘകാല വായ്പയായി 4657 പേർക്ക് 6434500 രൂപയും ഈ ബാങ്കിൽ നിന്ന് കൊടുത്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

ഷെഡ്യൂൾഡ് ബാങ്കുകളുടെ ലിസ്റ്റിൽ പെടുത്തിയിട്ടുള്ള കൊടുങ്ങല്ലൂർ ടൗൺ കോ-ഓപറേറ്റീവ് ബാങ്കിൻെറ 3 ശാഖകൾ ഇവിടെ പ്രവർത്തിക്കുന്നു. ആനാപ്പുഴ മത്സ്യവ്യവസായ സഹകരണസംഘവും ക്രഡിറ്റ് സംഘമാണ്. തൃശ്ശൂർ ജില്ലാസഹകരണബാങ്കിൻെറ മേത്തല ശാഖ 3 കിലോമീറ്റർ അകലെ എറിയാട് പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. കൊടുങ്ങല്ലൂർ ഹൗസിംങ്ങ് സഹകരണ സംഘവും നല്ലനിലയിൽ പ്രവർത്തിക്കുന്നു. 1972 ൽ സ്ഥാപിക്കപ്പെട്ട ഈ സംഘത്തിൽ നിന്ന് ഇതുവരെയായി 6839600 രൂപ ഭവനനിർമ്മാണവായ്പയായി വിതരണം ചെയ്തിട്ടുണ്ട്. നോൺക്രെഡിറ്റ് സംഘങ്ങളിലൊന്നാണ് മത്സ്യവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന കാട്ടൂർ-ആനാപ്പുഴ ഉൾനാടൻ മത്സ്യഗ്രാമസംഘം. പ്രവർത്തനം നിലച്ചനിലയിലാണ് കക്കസംഭരണ-സംസ്കരണ-വിതരണ തൊഴിലാളി സഹകരണ സംഘം. ക്ഷീരവ്യവസായ രംഗത്ത് പ്രവർത്തിച്ചിരുന്ന കണ്ടംകുളം ക്ഷീരവ്യവസായ സംഘവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കയറുവ്യവസായരംഗത്തു പ്രവർത്തികുന്ന സംഘങ്ങളാണ് പറമ്പിക്കുളങ്ങര കയറുവ്യവസായ സഹകരണസംഘം. എൽതുരുത്ത് കയർവ്യവ്യസായ സഹകരണസംഘം, ചാലക്കുളം കയറുവ്യവസായ സഹകരണസംഘം എന്നിവ. മേത്തല കൈത്തറി വ്യവസായ സഹകരണസംഘം നോൺ ക്രെഡിറ്റ് രംഗത്തുള്ള മറ്റൊരു സംഘമാണ്.

നോൺ ക്രെഡിറ്റ് സഹകരണസംഘങ്ങൾ നിലനില്പിന് പ്രയാസപ്പെടുമ്പോൾ ക്രെഡിററ് സംഘങ്ങൾ പൊതുവെ നല്ല രീതിയിൽ പ്രവർത്തനം മുന്നോട്ട് നീക്കുന്നതായി കാണുന്നു.

### പ്രശ്നങ്ങൾ

1. തകർന്നുപോയ സംഘങ്ങളുടെ പിന്നിൽ മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മയും, ദുർവ്യയം, അഴിമതി, സ്വജനപക്ഷാപാതം മുതലായവയും ആലോചിക്കാമെങ്കിലും കയർ, കൈത്തറി മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു.
2. കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിലുള്ള മത്സരങ്ങൾ ചില രംഗങ്ങളിൽ ദൃശ്യമാണെങ്കില് ദൂരവ്യാപകഫലങ്ങളുളവാക്കുന്ന സർക്കാർ നയങ്ങളും ഇവയുടെ ക്ഷീണാവസ്ഥക്ക് കാരണമാണ്.
(ഉദ : തുണിമില്ലുകൾക്ക് നൽകുന്ന ചില ആനുകൂല്യങ്ങൾ, കൈത്തറി സംരക്ഷണത്തിന് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിലെ അയവ്, റിബേറ്റ് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതിലും നിയമാനുസൃതമായി അർഹമായ ആനുകൂല്യങ്ങൾ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിലും വരുന്ന കാലതാമസം മുതലായവ.)
3. ഡിപ്പാർട്ട്മെൻറ് മേധാവിത്തവും കാലാനുസൃതമായ സാങ്കേതിക നവീകരണത്തിൻേറയും ഉൽപ്പന്ന വൈവിദ്ധ്യത്തിൻേറയും അഭാവവും നോൺ ക്രെഡിറ്റ് സംഘങ്ങളെ ക്ഷീണിപ്പിക്കുന്നതായി കാണുന്നു.
4. ജില്ലാ സഹകരണബാങ്കിൻെറ മേത്തല ശാഖ എറിയാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതുകൊണ്ട് മേത്തല ഗ്രാമപഞ്ചാ

യത്തിന് ഉപകാരപ്പെടുന്നില്ല എന്നതും പ്രധാനപ്രശ്നമാണ്.

### നിർദ്ദേശങ്ങൾ

1. പുതിയ സഹകരണസംഘങ്ങൾ ആരംഭിക്കണം.
1.1 ക്ഷീരവ്യവസായരംഗത്ത് കൂടുതൽ സഹകരണസംഘങ്ങൾ ആരംഭിക്കുക.
1.2 കൺസ്യൂമർ സഹകരണസംഘം
1.3 വനിതകൾക്ക് വേണ്ടി പച്ചക്കറി, പഴം, പൂക്കൾ സഹകരണസംഘം
1.4 കെട്ടിടനിർമ്മാണ സഹകരണസംഘം
1.5 നാളികേര സംഭരണ - വിതരണസഹകരണസംഘം
1.6 ബീഡിതൊഴിലാളി സഹകരണസംഘം
1.7 മത്സ്യതൊഴിലാളി സഹകരണസംഘം
1.8 കയറുവ്യവസായ സഹകരണസംഘം തഴപായ്നെയ്ത്ത് സഹകരണസംഘം എന്നിവ പെടുന്നു.
2. പ്രവർത്തനം നിലച്ചുപോയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കണം.
3. സഹകരണമേഖലയിൽ പ്രൊഫഷണൽ മാനേജ്മെൻറ് പരിശീലനത്തിന് സൗകര്യം ഏർപ്പെടുത്തുന്നത് സഹകരണ പ്രസ്ഥാനത്തിൻെറ ഗുണമേൻമ ഉയർത്താൻ കാരണമാകും.
4. സഹകരണസേവനത്തിൻെറ വൈവിദ്ധ്യവൽക്കണം. ഉദാ : ശീതീകരണപ്ലാൻറ്, സൂപ്പർമാർക്കറ്റ്, കരകൗശല വസ്തു നിർമ്മാണ്
5. ക്രെഡിറ്റ് സംഘങ്ങളിൽ പലിശനിരക്ക് കുറയണം എന്നതും വായ്പതുക കൂട്ടണം എന്നതും മറ്റൊരാവശ്യമാണ്.
6. പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന കൊടുങ്ങല്ലൂർ ടൗൺസഹകരണബാങ്കിൽ പ്രവേശനത്തിന് കാലതാമസ്സം വരുന്നതിൽ വളരെയധികം ജനങ്ങൾ ഖിന്നരാണ്.
7. മേത്തല സർവ്വീസ് സഹകരണസംഘത്തിന് ബ്രാഞ്ചുകൾ ഉണ്ടാകണം.
8. കൈത്തറി വ്യവസായത്തിലും പരമ്പരാഗതഉൽപാദന സമ്പ്രദായത്തിന് കാലാനുസൃതമായ മാറ്റവും ഉൽപ്പന്നങ്ങൾക്ക് വൈവിധ്യവും വരുത്തേണ്ടിയിരിക്കുന്നു.
9. തൃശ്ശൂർ ജില്ലാ സഹകരണബാങ്കിൻെറ മേത്തല ശാഖ മേത്തല പഞ്ചായത്തിൽ തന്നെ വേണം. മേത്തല പഞ്ചായത്തിൻെറ മധ്യഭാഗത്തായി ഈ ശാഖാപ്രവർത്തനം ആരംഭിക്കുന്നത് വളരെ ജനോപകാരപ്രദമായിരിക്കും.
10. മേത്തല പഞ്ചായത്തിൽ ഒരു കാർഷിക വികസന ബാങ്ക് സ്ഥാപിക്കണം.
11. മേത്തല സർവ്വീസ് സഹകരണ ബാങ്കിൽ N.R.I. ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തുക. വ്യവസായസംരംഭങ്ങൾ ആരംഭിക്കുക. വായ്പതുക വർദ്ധിപ്പിക്കുക.
12. പ്രവർത്തനം നിലച്ചുപോയ കക്കശേഖരണം, സംസ്കരണ സഹകരണസംഘം പുനരുജ്ജീവിപ്പിക്കുക.
13. കയറുൽപ്പന്നങ്ങൾ വിദേശരാജ്യങ്ങളിൽ വിററഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

*നിയമപരമായ പരിരക്ഷണങ്ങൾ ഉണ്ടായിരിന്നിട്ടും അവശത അനുഭവിക്കുന്ന ഒരു വിഭാഗമാണ് പട്ടികജാതിപട്ടികവർഗ്ഗം*

## പട്ടികജാതി ന്യൂനപക്ഷക്ഷേമം

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരുടെ ജനസംഖ്യ 2145 ആണ് ഇതിൽ 1174 സ്ത്രീകളും 1071 പുരുഷൻമാരും ആണ്. പട്ടികവർഗത്തിൽപെടുന്നവർ നമ്മുടെ പഞ്ചായത്തിൽ ഇല്ല. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ പട്ടികജാതി വിഭാഗത്തിൽ പെടുന്നവുടെ ജീവിതനിലവാരത്തിലും വിദ്യാഭ്യാസത്തിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ ജനസംഖ്യാനുപാതികമായി കണക്കാക്കിയാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ പട്ടികജാതി വിഭാഗത്തിൽ ഇപ്പോഴും കൂടുതലാണ്. വിദ്യാലയങ്ങളിൽ നിന്നുള്ള 'കൊഴിഞ്ഞുപോക്ക്' താഴ്ന്നക്ലാസുകളിൽ പട്ടികജാതി വിഭാഗത്തിൻേറയും ഇതരവിഭാഗത്തിൻേറയും ഏതാണ്ട് തില്യമാണ്. എന്നാൽ ഉന്നതവിദ്യാഭ്യാസത്തിന് പ്രത്യേകിച്ച് സങ്കേതിക വിദ്യാഭ്യാസത്തിന് പോകുന്നവരുടെ എണ്ണം പട്ടികജാതിക്കാരിൽ തീരെ തുഛമാണ്. ഇപ്പോൾ പട്ടികജിതി കുടുംബങ്ങളിൽ നടക്കുന്ന വിവാഹം, അടിയന്തിരം തുടങ്ങിയ ചടങ്ങുകളിൽ ഇതരജാതിമതവിഭാഗങ്ങളിൽപെട്ടവർ പങ്കെടുക്കുവാൻ വിമുഖത കാണിക്കുന്നില്ല. ഈ പഞ്ചായത്തിൽ 4 പട്ടികജാതി കോളനികളുണ്ട്. മററുകോളനികളിലേയും താമസക്കാരിൽ നല്ലൊരു വിഭാഗം പട്ടികജാതിക്കാരാണ്. ഒരു ശരാശരി ജീവിത നിലവാരം പുലർത്തുന്ന അടിസ്ഥാനസൗകര്യങ്ങൾ ഈ കോളനികളിൽ ഇല്ല.

പട്ടികജാതിക്കാരിൽ ഭൂരിപക്ഷവും ഇപ്പോഴും കാർഷികമേഖലകളിലാണ് തൊഴിലെടുക്കുന്നത്. അദ്ധ്യാപകവൃത്തി, ഗവൺമെൻറ് ജോലികൾ, വിദഗ്ധതൊഴിലുകൾ എന്നീ രംഗങ്ങളിൽ ഏതാനും പേർ ഈ വിഭാഗത്തിൽ നിന്നും ജോലി ചെയ്യുന്നുണ്ടെങ്കിലും ഉയർന്ന വിദ്യാഭ്യാസവും സാങ്കേതിക വൈഗ്ധ്യവും വേണ്ടിവരുന്ന തൊഴിൽമേഖലകളിൽ പട്ടികജാതിയിൽ പെടുന്നവരുടെ സാന്നിദ്ധ്യം തീരെ കുറവാണ്.

പട്ടികജാതി വിഭാഗക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവർക്കുതന്നെ കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സാമൂഹ്യ സംവിധാനങ്ങൾ ആവശ്യമാണ്.

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം ഒരു സാമൂഹ്യ ആവശ്യമാണെന്ന് തിരിച്ചറിവ് ഉണ്ടാകുന്നതിനാവശ്യമായ ഒരു അവബോധം സമൂഹത്തിൽ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

**പ്രശ്നങ്ങൾ :**

1. ഈ പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗത്തിൽ ഭൂരിപക്ഷം പേർക്കും കാർഷികേതര മേഖലകളിൽ തൊഴിൽ വൈദഗ്ധ്യമില്ല.
2. തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്.
3. പട്ടികജാതികോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.
4. പരിസരശുചിത്വം നിലനിർത്താനുതകുന്ന ആധുനിക കക്കൂസുകൾ കോളനികളിലും പട്ടികജാതിക്കാർ ഇടതിങ്ങി പാർക്കുന്ന പ്രദേശങ്ങളിലും ഇല്ല.
5. വിദ്യാലയങ്ങളിൽ നിന്ന് 'കൊഴിഞ്ഞു'പോകുന്ന ഹരിജൻ വിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഫലപ്രദമായ സംവിധാനങ്ങൾ ഇല്ല.
6. സാമ്പത്തിക ഞെരുക്കം മൂലം അററകുററപണികൾ നടത്താനാകാതെ പട്ടികജാതി വിഭാഗത്തിൽപെട്ട പലരുടേയും വീടുകൾ നശിച്ചുകൊണ്ടിരിക്കുന്നു.
7. പഞ്ചായത്തിലെ ചില കോളനികളിൽ പട്ടികജാതികുടുംബങ്ങളാണ് കൂടുതലെങ്കിലും അവയെ ഹരിജൻകോളനികളായി

With Best Compliments



Chithira Saree Centre
Kodungallur

പ്രഖ്യാപിക്കാത്തിനാൽ പല ആനുകൂല്യങ്ങളും നഷ്ടപെടുന്നു.

8. ഭൂരിപക്ഷം പട്ടികജാതിക്കാരും തുണ്ടുഭൂമിയിൽ താമസ്സക്കാരാണ്; പട്ടികജാതിക്കാർക്ക് കൃഷി വികസനത്തിനായി അനുവദിക്കുന്ന ഫണ്ടുകൾ ഇക്കാരണത്താൽ ലാപ്സാകുന്നു. എന്നാൽ പാർപ്പിടം കക്കൂസ് ഇവ നിർമ്മിക്കാനുള്ള ഫണ്ടുകൾ മതിയാകുന്നുമില്ല.

9. കൊളനികളിൽ കുടുംബങ്ങൾ തിങ്ങിനിറഞ്ഞ അന്തരിക്ഷത്തിലിരുന്ന് പഠിക്കുവാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. ഭൂരിപക്ഷം വീടുകളിലും ഇരുന്ന് എഴുതാനോ വായിക്കാനോ സൗകര്യമില്ല.

10. സാമ്പത്തി അവശതമൂലം ഹരിജനങ്ങൾക്ക് പെൺകുട്ടികളെ വിവാഹം ചെയ്ത് അയക്കാൻ കഴിയുന്നില്ല.

11. ജോലിക്കിടയിൽ തെങ്ങിൽനിന്നും വീണ് മരിക്കുന്നവരുടെ കുടുംബത്തിന് ഇന്ന് നൽകിവരുന്ന സഹായധനം അപര്യാപ്തമാണ്.

12. ഒരു വീട്ടിൽ രണ്ടു കുടുംബങ്ങളുണ്ടെങ്കിൽ ഇപ്പോൾ ഒരു കുടുംബത്തിന് മാത്രമേ IRDP പദ്ധതിയിൽ വായ്പ കിട്ടുന്നുള്ളു.

13. പട്ടിക ജാതി കോളനികളിൽ തുടർവിദ്യാഭ്യാസത്തിനുള്ള സംവിധാനമോ, വിനോദോപാധികളോ ഗ്രന്ഥശാല, വായനശാല, സൗകര്യങ്ങളോ ഇല്ല.

## നിർദ്ദേശങ്ങൾ :

1. പട്ടികജാതിയിൽപെട്ട യുവതീയുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകളിൽ സൗജന്യമായി പരിശീലനം നൽകാൻ പഞ്ചായത്ത് തലത്തിൽ സംവിധാമുണ്ടാക്കുക.
2. പട്ടിക ജാതിക്കാർക്ക് പരമ്പരാഗത തൊഴിൽമേഖലക്ക് പുറത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
3. എല്ലാ പട്ടികജീതി കോളനികളിലും കുടിവെള്ളം, വൈദ്യുതി ഇവ ലഭ്യമാക്കുക.
4. പട്ടിക ജാതികോളനികളിലും പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന ഇടങ്ങളിലും ആധുനിക കക്കൂസുകൾ സൗജന്യമായി നിർമ്മിച്ച് കൊടുക്കുക.
5. വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്ന പട്ടികജാതി വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് വിദ്യാഭ്യാസം തുടരുവാൻ വേണ്ട ഭൗതികസാഹചര്യം സൃഷ്ടിച്ചുകൊടുക്കുക.
6. ഹരിജൻകോളനികളുടെ റിപ്പയറിംഗ് സൗജന്യമായി ചെയ്തുകൊടുക്കുക. വീടുകൾ ഓടുമേയുന്നതിന് സഹായം നൽകുക.
7. പട്ടികജാതിക്കാർ കൂടുതലുള്ള എല്ലാ കോളനികളേയും പട്ടികജാതിക്കോളനികളായി പ്രഖ്യാപിക്കുക.
8. കൃഷിവികസനത്തിനായി വിവിധ ഏജൻസികൾ പട്ടികജാതിക്കാർക്കായി നീക്കിവെയ്ക്കുന്ന തുക ആ ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുന്നില്ലങ്കിൽ പട്ടികജാതി ഭവനനിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്കായി ചിലവഴിക്കുക.
9. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു ഹോസ്റ്റൽ ഈ പ്രദേശത്ത് ആരംഭിക്കുക.
10. പട്ടികജാതിക്കാരുടെ പെൺമക്കളെ വിവാഹം കഴിച്ചയക്കുന്നതിന് സഹായ് നൽകുക.
11. തെങ്ങിൽ നിന്ന് വീണ മരിക്കുന്ന തൊഴിലാളികളുടെ കുടുംബത്തിന് നൽകുന്ന സഹായം 10,000 രൂപയായി. വർദ്ധിപ്പിക്കുക.
12. ഒരു വീട്ടിൽ 2 കുടുംബങ്ങൾ താമസമുണ്ടെങ്കിൽ ഒരു കുടുംബത്തിന് ഐ.ആർ.ഡി.പി. വായ്പ നൽകിയത് മാറ്

കുടുംബത്തിന് വായ്പകിട്ടുഡാൻ തടസ്സമാകരുത്.

13. എല്ലാ പട്ടികജാതി കോളനികളിലും തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുക; കണ്ണ് പരിശോധന നടത്തി കണ്ണടകൾ സൗജന്യമായി വിതരണം ചെയ്യുക. ഒരു മൊബൈൽ ഗ്രന്ഥശാല ആരംഭിക്കുക.

14. പട്ടിക ജാതിക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവർക്കുതന്നെ കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ സാമൂഹ്യ സംവിധാനം ഉണ്ടാകണം.

15. കുഡുംബി സമുദായത്തിൽ പെട്ടവരെ പട്ടികജാതിയിൽ ഉൾപെടുത്തുന്ന കാര്യം പരിഗണിക്കണം.

## ഗതാഗതം

നമ്മുടെ ഉൾനാടൻ ഗതാഗതത്തിൻെറ സിരകൾ. 79.83 കി. മി. നീളം വരുന്ന ഗ്രാമീണ റോഡുകളാണ് പഞ്ചായത്തിൻെറ വടക്കേ അതിരായ പടാകുളം-അഴീക്കോട് റോഡ്, മധ്യഭാഗത്ത് കിഴക്കുപടിഞ്ഞാറ് അരാകുളം-അഴീക്കോട് റോഡ്, ശൃംഗപുരം-ടി.കെ.എസ്. പുരം റോഡ് പടാകുളം-അഞ്ചപ്പാലം റോഡ് ഇവയാണ് പ്രധാന പി. ഡബ്ല്യു റോഡുകൾ. നാഷണൽ ഹൈവേ 17ഉം നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഗുരുവായൂർ - ഇടപ്പിള്ളി തീരദേശറയിൽപാത കഴിഞ്ഞ മൂന്നരദശകങ്ങളിലായി നമ്മുടെ സ്വപ്നങ്ങളിലുണ്ട്.

പഞ്ചായത്തിൻെറ കിഴക്കും തെക്കും അതിരായ കൊടുങ്ങല്ലൂർ കായൽ അതിപ്രശസ്തമായ ജലഗതാഗതമാർഗ്ഗമാണ്. പടിഞ്ഞാറ് പറുംതോട്, മാണിമാക്കതോട്- ജലഗതാഗതസൗകര്യം നമുക്ക് സുലഭമായിരുന്നു.
മേത്തല പഞ്ചായത്തിൻെറ വാർഷിക വരുമാനത്തിൻെറ നാലിലൊരുഭാഗത്തോളം ഗതാഗതസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ചിലവഴിക്കുന്നുണ്ട്. എങ്കിലും നമ്മുടെ ഗ്രാമീണ റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഇന്നുള്ള റോഡുകൾ അററകുററപണികൾ ചെയ്യുന്നതിനും പുതിയവ ഉണ്ടാക്കുന്നതിനും പഞ്ചായത്തിന് ഇന്നു ചിലവഴിക്കുന്നതിനേക്കാൾ കൂടുതൽ ഭാഗം തുക ചിലവഴിക്കാൻ കഴിയില്ല എന്നു വ്യക്തിമാണ്. അതിനാൽ പുതിയ ഗ്രാമീണ റോഡുകൾ ഉണ്ടാക്കുന്നതിൽ മാത്രമല്ല നിലവിലുള്ളവ അററകുററപണികൾ ചെയ്യുന്നതിനും സന്നദ്ധപ്രവർത്തനവും പ്രാദേശിക വിഭവസമാഹരണവും നടത്തേണ്ടതാണ്.

നമ്മുടെ തോടുകളെല്ലാം വക്കുകൾ ഇടിഞ്ഞ് ആഴവും വീതിയും കുറഞ്ഞും കൈയ്യേററത്തിനും വിധേയമായും നശിക്കുകയാണ്. ഇതുമൂലം ഏററവും ചിലവുകുറഞ്ഞ ഗതാഗത മാർഗ്ഗങ്ങളാണ് നമുക്ക് നഷ്ടമാകുന്നത്.
എൻ.എച്ച്. 17 ൻെറ കൊടുങ്ങല്ലൂർ ഭാഗത്തെ ജോലികൾ ഇനിയും ആരംഭിച്ചിട്ടില്ല. ഏലൂർ ഫെറിയിലെ പാലം പൂർത്തിയായി കഴിയുമ്പോൾ എൻ.എച്ച്. 17 ലെ ഗതാഗതതിരക്ക് വർദ്ധിക്കുമെന്നതിനാൽ എൻ.എച്ചിൻെറ കൊടുങ്ങല്ലൂർ ഭാഗത്തെ പണി അടിയന്തിരമായി നടത്തേണ്ടതുണ്ട്. ഇതിനായി നാം കൂട്ടായ് ശ്രമിക്കണം.

### പ്രശ്നങ്ങൾ

1. ഗുരുവായൂർ-കൊടുങ്ങല്ലൂർ-ഇടപ്പിള്ളി തീരദേശ റയിൽപാത ഒരു വാഗ്ദാനത്തിനപ്പുറത്തേയ്ക്ക് നീളുന്നില്ല.
2. എൻ.എച്ച് 17 കൊടുങ്ങല്ലൂർ ഭാഗത്തെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല.
3. കോട്ടപ്പുറം-അഴീക്കോട് തീരദേശറോഡ് യാഥാർഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല.
4. ചിലവ് കുറഞ്ഞ ഉൾനാടൻ ജലഗതാഗതമാർഗങ്ങളായ തോടുകൾ നശിച്ചുകൊണ്ടിരിക്കുന്നു.
5. ഗ്രാമീണറോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. എല്ലാ റോഡുകളും പൊട്ടിപൊളിഞ്ഞും കുഴിഞ്ഞും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു.
6. പഞ്ചായത്തിൻെറ പല ഭാഗത്തേയ്ക്കും റോഡുകൾ ഇനിയും എത്തിയിട്ടില്ല.
7. ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തിൻെറ പലഭാഗങ്ങളിലും കലിങ്കുകളും പാലങ്ങളും ഉണ്ടാകകേണ്ടതുണ്ട്.

### നിർദ്ദേശങ്ങൾ :

1. ഗുരുവായൂർ-കൊടുങ്ങല്ലൂർ-ഇടപ്പിള്ളി തീരദേശറയിൽപാതയുടെ പണി എത്രയും വേഗം ആരംഭിക്കുന്നതിനായി സമ്മർദ്ദം

With Best Compliments

**Medicare Hospital**

T. K. S. PURAM, KODUNGALLUR

291

## ആക്സിഡൻറ് കെയർ ടാസ്ക് ഫോഴ്സ്

### ഒരു കർമ്മസേനകൂടി ?

റോഡപകടത്തിൽ പെട്ട് മരിക്കുന്നവരെ കൃത്യമായി ആശുപത്രിയിലെത്തിക്കുവാൻ പരിശീലനം സിദ്ധിച്ചവരുടെ ഒരു ടാസ്ക്ഫോഴ്സ് !

ടാസ്ക്ഡ്രൈവർമാർ, ഓട്ടോറിക്ഷാഡ്രൈവർമാർ സന്നദ്ധപ്രവർത്തകർ നേതൃത്വം സബ്ഇൻസ്പെക്ടർ, ഘശഹ്ള യിലെ ഡോക്ടർ പഞ്ചായത്ത് പ്രസിഡണ്ട്. മരണത്തിരക്ക് ഗണ്യമായി കുറക്കുവാൻ കഴിയുമെന്ന് നഗരത്തിന്റെ അനുഭവം പറയുന്നു. ജനകീയാസൂത്രണം പ്രസ്ഥാനം ഈ കടമ ഏറ്റെടുത്തതുകൊണ്ട് കൺമുമ്പിലുള്ള മരണങ്ങളുടെ എണ്ണം കുറക്കുന്ന പണിയെങ്കിലും ദൈവത്തിനോ വിധിക്കോ ഏല്പിച്ചുകൊടുക്കണോഏററവുമടുത്തയാൾ മരിക്കുന്നതുവരെ അപകടനിവാരണകർമ്മസേനയുടെ രൂപികരണം നീട്ടിവയ്ക്കണോ?

### ഗ്രാമീണറോഡുകൾ സംബന്ധിച്ച വിവരം
(Ref. A.II.J)

| റോഡിന്റെ സ്വഭാവം | | നീളം |
|---|---|---|
| കച്ച | : | 21.300 കി.മി |
| പക്ക | : | 17.244 |
| മെററൽ | : | 3.447 |
| പഞ്ചായത്ത് (ടാർ) | : | 14.453 |
| പി.ഡബ്ല്യു.ഡി. | : | 14.484 |
| എൻ.എച്ച് | : | 3.04 |
| മററുള്ളവ | : | 5.863. |
| ആകെ | : | 79.831 |

ചെലുത്തണം.

2. എൻ.എച്ച്. 17ന്റെ കൊടുങ്ങല്ലൂർ ഭാഗത്തെ പണി ഉടനെ ആരംഭിക്കണം.
3. കോട്ടപ്പുറം-അഴീക്കോട് റോഡ് യാഥാർഥ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.
4. പൊതു തോടുകളിലെ കയ്യേററങ്ങൾ ഒഴിവാക്കി വീതിയും ആഴവും കൂട്ടി, സൈഡ് കെട്ടി ഗതാഗതയോഗ്യമാക്കണം.
5. ഗ്രാമീണറോഡുകളുടെ അററകുററപണികളും വികസനവും ജനപങ്കാളിത്തത്തോടെ നടപ്പാക്കണം.
6. റോഡുകൾ എത്തത്താ ഭാഗങ്ങളിൽ സന്നദ്ധപ്രവർത്തനവും ജനപങ്കാളിത്തവും ഉപയോഗപ്പെടുത്തി റോഡുകളുണ്ടാക്കണം.
7. കലുങ്കുകളും പാലങ്ങളും ആവശ്യമായ ഇടങ്ങളിലെല്ലാം അവ ഉണ്ടാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം.
8. റോഡപകടത്തിൽ പെടുന്നവരെ ഉടൻതന്നെ ആശുപത്രിയിൽ എത്തിക്കാൻ പ്രധാനകേന്ദ്രങ്ങലിലെല്ലാം സന്നദ്ധ സ്ക്വാഡുകൾ രൂപീകരിക്കുക.

9.1 വാഹനാപകടങ്ങൾക്ക് കാരണമായേക്കാവുന്ന റോഡിനോട് ചേർന്നുള്ള ഇലക്ട്രിക്/ടെലഫോൺ പോസ്റ്റുകൾ മാററിയിടുക. 9.2 റോഡ് പുറംപോക്കിൽ താമസ്സിക്കുന്നവരെ അടിയന്തിരമായി പുനരധിവസിപ്പിക്കുക.

### അനുബന്ധം

1. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സമീപമുള്ള റോഡു ഭാഗങ്ങളിൽ ഹംപുകളും സൈൻബോർഡുകളും സ്ഥാപിക്കുക.
2. റോഡുകളുടെ ഇരുവശങ്ങളിലും വളർന്ന് നില്ക്കുന്ന കാടുകൾ കാലാകാലങ്ങളിൽ വെട്ടിത്തെളിക്കുക.
3. കൊടുങ്ങല്ലൂർ പള്ളിനടയിലോ KSRTC ബസ് സ്റ്റോപ്പിലോ ലിമിററഡ് സ്റ്റോപ്പ് ബസ്സുകൾ നിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
4. ആനാപ്പുഴ ഫെറിക്കടവിൽ നിന്നും പറവൂർ, തൃശൂർ, ഗുരുവായൂർ ഭാഗങ്ങളിലേക്ക് ബസ്സ് സർവ്വീസുകൾ ആരംഭിക്കുക.
5. വേലിയേററത്തിനനുയോജ്യമായ രീതിയിൽ നിലവിലുള്ള ഫെറി, പാലം നവീകരിക്കുക. സർവ്വീസ് സമയം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുക.
6. വീടുകൾ പണിയുമ്പോൾ റോഡുകൾക്ക് മൂന്നുമീററർ അകലത്തിലായിരിക്കണം എന്നത് കർശനമായി പാലിക്കുക.
7. ആനാപ്പുഴ ഫെറിക്കടവിൽ വെയിറ്റിംഗ് ഷെഡ് പണിയുക. ഒരു മിനി ബസ്സ് സ്റ്റാൻറ് സ്ഥാപിക്കുക.
8. നിർദ്ദിഷ്ടറെയിൽപാത NH 17 ന്റെ പടിഞ്ഞാറുഭാഗത്തുകൂടി നിർമ്മിക്കുക.
9. ആനാപ്പുഴ-കൃഷ്ണൻകോട്ട പാലം പണിയുക.
10. എൽതുരുത്ത് കിഴക്കുഭാഗത്ത് പുഴയോരം ചേർന്ന് ലാൻഡിംഗ് പ്ലെയിസുകളും ബോട്ടുജട്ടിയും സ്ഥാപിക്കുക.
11. കോട്ടപ്പുറത്ത് നിന്ന് സർവ്വീസ് നടത്തുന്ന എല്ലാ ബസ്സുകളും കോട്ടയിൽ വരുന്നതിന് സൗകര്യമുണ്ടാക്കുക.
12. ജലഗതാഗതത്തിനാവശ്യമായ ജട്ടികളും ലാൻഡിംങ് പ്ലെയിസുകളും കോട്ടയിലും കോട്ടപ്പുറത്തും നിർമ്മിക്കുക
13. കോട്ടപ്പുറത്തേയ്ക്ക് KSRTC ബസ്സുകൾ അനുവദിക്കുക.
14. കോട്ടപ്പുറം ബസ്സ്റ്റാൻറിന് സ്ഥലം കണ്ടെത്തി ബസ് സ്റ്റാൻറ് നിർമ്മിക്കുക.
15. കൊടുങ്ങല്ലൂർ -പറവൂർ ബസ്സുകൾ കോട്ടപ്പുറം വഴിപോകുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക.

16. കോട്ടപ്പുറം - കോട്ട റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
17. കോട്ടക്കടവിൽ ബോട്ടു ഘടിപ്പിച്ച ചങ്ങാടം ഏർപ്പെടുത്തുക.
18. v.p. തുരുത്തിൽ ഒരു വെയിററിംഗ് ഷെഡ് പണിയുക.
19. ടി.കെ.എസ്. പുരം - ഗൗരീശങ്കർ റോഡിന്റെ വീതി കൂട്ടി ഓടപണിയുക.
20. NH - 17 ൽ ഓടപണിയുക.
21. വാർഡടിസ്ഥാനത്തിൽ ടാക്സി - ഓട്ടോസ്റ്റാൻറുകൾ നിർമ്മിക്കുക.
22. ടി.കെ.എസ്.പുരത്ത് ഒരു ട്രാഫിക് ഐലൻറ് സ്ഥാപിക്കുക.
23. ടി.കെ.എസ്.പുരം മുതൽ വൺവേ സമ്പ്രദായം നടപ്പിലാക്കുക.
24. കോട്ടപ്പുറം എറണാകുളം, ജലഗതാഗതം പുനരാരംഭിക്കുക.
25. K.S.R.T.C ബസ്സ്റ്റാൻറ് ഷെഡ്യൂളുകൾ വർദ്ധിപ്പിച്ച് സ്ബ് ഡിപ്പോ ആയി ഉയർത്തുക.
26. എൻ.എച്ച്. 17 ലെ കൊടുങ്ങല്ലൂർ ബൈപാസ്സിന്റെ പണി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
27. അത്താണി-വയലമ്പം വഴി ബസ്സ് സർവ്വീസ് ആരംഭിക്കുക.
28. T.K.S. പുരം -അഴീക്കോട് റോഡ് സഞ്ചാരയോഗ്യമാക്കി പടന്ന വഴി ബസ്സ്റൂട്ട് അനുവദിക്കുക.
29. ശ്രീനഗർ-ശാസ്താംകോവിൽ വഴി അഴീക്കോട് ബസ്സ് സർവ്വീസ് ആരംഭിക്കുക.
30. കോട്ടപ്പുറം-അഴീക്കോട് തീരദേശറോഡ് നിർമ്മിക്കുക.
31. അഴീക്കോട് അഴിമുഖം ആഴംകൂട്ടി പ്രവർത്തനയോഗ്യമാക്കുക
32. പടന്നയിൽ ഒരു ലാൻഡിങ്ങ് പ്ലെയിസ് നിർമ്മിക്കുക.

293

## വനിത

ഏറ്റവും ഒടുവിലത്തെ സെൻസസ് റിപ്പോർട്ടുകൾ പ്രകാരം നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ
അപേക്ഷിച്ച് കൂടുതലാണ്. സ്ത്രീകളുടെ എണ്ണം 17,558 ഉം പുരുഷന്മാരുടേത് 16,329 ഉം ആണ്. സാക്ഷരതയിലും പുരുഷ
ന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് മുന്നിൽ. പട്ടികജാതി വിഭാഗത്തിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച്
കൂടുതലാണ്. പഞ്ചായത്തിലെ ആകെയുള്ള 13 വാർഡുകളിൽ 5 എണ്ണം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.
വിവിധ തൊഴിൽ മേഖലകൾ പരിശോധിച്ചതിൽ അധ്യാപനരംഗത്തു സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് മുന്നിലാണ്.
കൈത്തറി, ചകിരി, മത്സ്യസംസ്കരണം എന്നീ തൊഴിലുകളിലും സ്ത്രീതൊഴിലാളികളാണ് കൂടുതൽ. തഴപ്പായെയ്ത്ത് സ്ത്രീ
കളുടെ മാത്രം തൊഴിലാണ്. നിർമ്മാണ രംഗത്താകട്ടെ കല്ല്, ഇഷ്ടിക, കോൺക്രീറ്റ് തുടങ്ങിയ ചുമക്കലാണ് സ്ത്രീകൾക്കു
ജോലി. മൊത്തത്തിൽ നോക്കിയാൽ മുഷിപ്പും കാഠിന്യവുമുള്ള ജോലികളാണ് സ്ത്രീകൾക്കായി നീക്കിവെക്കപ്പെട്ടിരിക്കുന്നത്.
തൊഴിൽ വൈദഗ്ദ്യം ആവശ്യമുള്ള ജോലികളിൽ സ്ത്രീകളുടെ പങ്ക് നിസ്സാരമാണ്. തൊഴിൽജന്യരോഗങ്ങളും സ്ത്രീതൊഴിലാ
ളികൾക്കിടയിൽ കൂടുതലാണ്. കൂലിയുടെ കാര്യത്തിലും പ്രകടമായ അന്തരം നിലനിൽക്കുന്നു. പുരുഷന്മാരായ തൊഴിലാളി
കളെ അപേക്ഷിച്ച് 40-50% കുറവ് കൂലിയാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. DWCRA പദ്ധതിയിൽ 19 സ്ത്രീകൾക്ക് മാത്രമാണ്
തൊഴിൽ ലഭിച്ചിട്ടുള്ളത്.

എണ്ണത്തിലും സാക്ഷരതയിലും മുന്നിട്ടു നിൽക്കുന്നുവെങ്കിലും രാഷ്ട്രീയ-സാമൂഹ്യസംഘടനകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണ്.

സ്ത്രീധനസമ്പ്രദായം കൂടുതൽ വ്യാപകമായിക്കൊണ്ടിരിക്കുന്നു.

കുടുംബത്തിലും, തൊഴിൽമേഖലകളിലും, സമൂഹത്തിലും സ്ത്രീകൾക്ക് നേരെയുള്ള വിവേചനം പുനരുൽപാദിപ്പിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. വനിതകൾക്ക് തൊഴിലവസരങ്ങൾ വളരെ കുറവാണ്. സ്ത്രീകൾക്ക് തൊഴിൽ വൈദഗ്ദ്യം കുറവായതാണ് ഇതിനു കാരണം.
2. വനിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടികൾ എടുക്കണം.
3. മേത്തല പഞ്ചായത്തിൽ സാക്ഷരതയിൽ സ്ത്രീകൾ പിന്നോക്കം നിൽക്കുന്നു.
4. തൊഴിൽ മേഖലയിൽ സ്ത്രീകളോട് നാനാവിധവിവേചനങ്ങൾ നിലനിൽക്കുന്നു.
5. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശത ഇപ്പോഴും തുടരുന്നു.
6. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല.
7. സ്ത്രീപീഡനവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും വർദ്ധിക്കുന്നു.
8. ഈ പഞ്ചായത്തിൽ സ്ത്രീകൾക്ക് ഒത്തുചേരുന്നതിനും സ്ത്രീകളെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ഒരു സ്ഥാപനം ഇല്ല.
9. മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരങ്ങൾ വിതരണം ചെയ്തിരുന്ന പദ്ധതി ഇപ്പോൾ നിർത്തലാക്കിയിരിക്കുന്നു.
10. കയർ, മത്സ്യമേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളിൽ തൊഴിൽജന്യരോഗങ്ങളും ക്ഷയരോഗലക്ഷണങ്ങളും കാണപ്പെടുന്നു

# അധികാരം ജനങ്ങളിലേക്ക്
## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

## നിർദ്ദേശങ്ങൾ

1. ബ്ലോക്ക്-പഞ്ചായത്ത് തലത്തിൽ സ്ത്രീകൾക്കായി വൈദഗ്ദ്യപോഷണ പദ്ധതികൾ നടപ്പാക്കുക. ഡി.ടി.പി. കമ്പ്യൂട്ടർ, ഇല്കട്രോണിക്സ് ഉൽപ്പന്ന നിർമ്മാണം, ഡ്രൈറബ്ബർ ഉൽപ്പന്ന നിർമ്മാണം, ഫാഷൻ ഡിസൈനിംഗ് & ഗാർമെൻറ് മേയ്ക്കിങ്, നോട്ട്ബുക്ക് നിർമ്മാണം, കാർപ്പൻററി, മെയ്സൺ എന്നീ മേഖലകളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുക. ഈ മേഖലകളിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വനിതവ്യവസായസംരഭംങ്ങൾ തുടങ്ങാൻ പദ്ധതി ആവിഷ്കരിക്കുക.

1.1 കയർ, തഴപ്പായ, കൈത്തറിമേഖലകളിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

2.1 തയ്യൽ, കറിപൗഡർ, ഗൃഹോപകരണങ്ങൾ ഇവ നിർമ്മിക്കുന്ന വനിതായൂണിററുകൾ ആരംഭിക്കുക.

2.2 ഒരു വനിതാ കൺസ്യൂമർ സ്റ്റോർ ഈ പഞ്ചായത്തിൽ ആരംഭിക്കുക.

2.3 കുററിമുല്ല, ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയ പുഷ്പകൃഷികളും, പച്ചക്കറിതോട്ടങ്ങളും തുടങ്ങുവാൻ സ്ത്രീകൾക്ക് വേണ്ട സഹായവും പരിശീലനവും തുടങ്ങുക.

2.4 ഒരു വനിതാഹോസ്റ്റൽ തുടങ്ങുക.

3. വനിതകൾക്കായി ഓരോ വാർഡിലും തുടർ സാക്ഷരതാകേന്ദ്രങ്ങൾ ആരംഭിക്കുക.

4. തുല്യജോലിക്ക് തുല്യവേതനം എന്ന നിയമം കർശനമായി നടപ്പാക്കുക. കാഠിന്യവും മുഷിപ്പും ഉള്ള ജോലികൾ സ്ത്രീകൾക്കായി നീക്കിവെയ്ക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതുണ്ട്.

5. പാരമ്പര്യമായി സ്ത്രീകൾ ചെയ്തിരുന്ന പല ജോലികളും പങ്കുവെയ്ക്കാൻ പുരുഷന്മാർ തയ്യാറാകണം. ഇത്തരത്തിൽ ഒരു തൊഴിൽ വിഭജനം സാധ്യമാകുന്നതിന് ആവശ്യമായ ബോധവൽക്കരണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്കൂൾതലം മുതൽ നൽകണം. സാമൂഹ്യ രാഷ്ട്രീയമണ്ഡലങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകാൻ സംഘടനകൾ തയ്യാറാകണം.

6. പൊതുസ്ഥലങ്ങളിൽ വനിതകൾ നടത്തുന്ന കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കണം.

7. സ്ത്രീപീഠനത്തിനെതിരെയുള്ള നിയമസംരക്ഷണത്തെക്കുറിച്ച് സമീപിക്കേണ്ട ഏജൻസികളെക്കുറിച്ചും സ്ത്രീകൾക്ക് അറിവു നൽകുന്നതിനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു വനിത 'നിയമസഹായസെൽ' ആരംഭിക്കുക.

7.2 സ്ത്രീകളുടെ നിയമസാക്ഷരത വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

7.3. കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ വനിത പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുക.

7.4 സ്ത്രീകൾക്ക് നേരെയുള്ള വിവേചനം പുനരുൽപാദിപ്പിക്കപ്പെടുന്നത് കുടുംബത്തിലും വിദ്യാലയങ്ങളിലും ആകയാൽ ഈ തലങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കണം.

7.5. സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിക്കുന്ന പരസ്യങ്ങളും സിനിമകളും നിരോധിക്കുക.

7.6 സ്നേഹം, കാമം, സ്വയം സംരക്ഷണം ഇക്കാര്യങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾതലത്തിൽ മുതൽ ലൈംഗികവിദ്യാഭ്യാസം നൽകുക.

8. മേത്തല പഞ്ചായത്തിൽ ഒരു വനിതാ സാംസ്കാരിക കേന്ദ്രം ആരംഭിക്കുക

9. പഞ്ചായത്ത് തലത്തിൽ ഒരു വനിത എംപ്ലോയ്മെൻറ് ബ്യൂറോ ആരംഭിക്കുക. 18വയസ്സുമുതൽ പ്രായമുളള എല്ലാ വനിതകളുടെ പേരും അവരുടെ വിദ്യാഭ്യാസ യോഗ്യതയും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും തൊഴിൽ കണ്ടുപിടിക്കുന്നതിന് സഹായിക്കുകയും ചെയ്യുക.

10. മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും അംഗൻവാടി വഴി പോഷകാഹാരം വിതരണം ചെയ്യുക.

11. തൊഴിലാളി സ്ത്രീകളുടെ ആരോഗ്യപരിശോധന ആറുമാസത്തിലൊരിക്കലെങ്കിലും നടത്താൻ സംവിധാനമുണ്ടാക്കണം.

12. വനിതാനേതൃത്വമുളള വ്യവസായ ശാലകൾക്ക് കൂടുതൽ വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തുക.

13. വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കുക.

14. വനിതകൾക്കായി ഒരു മൊബൈൽ വ്യവസായ ശാല തുടങ്ങുക.

15. പഞ്ചായത്തുതലത്തിൽ ഒരു ഹോം നഴ്സിങ്ങ് സെൻറർ ആരംഭിക്കണം.

11.4 DWCRA പദ്ധതി പ്രകാരം തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 2 | സിൽവർ ഓർണമെൻറ്സ് | 1995 | 12 | യൂണിററ് നിലവിലുണ്ട്. |
| 3 | കമ്പോസിങ്ങ് | | 1 | |
| | ഹാൻറലൂം | | 5 | |
| 4 | റേഡിയോ റിപ്പയറിംഗ് | | 1 | " നിലവിലില്ല. |

297

*ആത്യന്തികമായി എല്ലാ വിഭവങ്ങളും ജനങ്ങളാണ് സൃഷ്ടിക്കുന്നത്, അതത് പ്രദേശത്തെ ജനങ്ങൾ അതിന്റെ മേൽ അവർക്കുള്ള നിയന്ത്രണം കൂടണം. ഓരോ തലത്തിലുള്ള പ്രവർത്തനത്തിനും ആ തലത്തിൽ തന്നെ കഴിയുന്നത്ര വിഭവം സമാഹരിക്കാൻ കഴിയണം. ഓരോ തലത്തിലേക്കും മേൽതലങ്ങളിൽ നിന്ന് കൈമാറുന്ന വിഭവങ്ങൾ സ്വതന്ത്രമായി ഉപയോഗിക്കാനുള്ള അധികാരം ഉണ്ടായിരിക്കണം. എല്ലാ കണക്കുകളും എല്ലാ രേഖകളും പരിശോധിക്കുവാനുള്ള പൗരന്മാരുടെ അവകാശത്തെ മൗലികമായ ഒന്നായി അംഗീകരിച്ചാൽ മാത്രമേ ഇത് നടക്കൂ. യഥാർത്ഥത്തിൽ 'രഹസ്യ' മായി സൂക്ഷിക്കേണ്ട വളരെ കുറച്ച് കാര്യങ്ങൾ മാത്രമേ കാണൂ. പ്രത്യേകിച്ചും ഒരു പഞ്ചായത്തിൽ (പരിശീലകർക്കുള്ള കൈപ്പുസ്തകം പേജ് : 10,11)*

## വിഭവസമാഹരണം

മേത്തലഗ്രാമപഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് ഇവിടത്തെ ഏററവും പ്രധാനവരുമാന മാർഗ്ഗം കെട്ടിട നികുതിയാണ് (611688 രൂപ) അടുത്തതായി മികച്ച വരുമാനം ചന്തവരവാണ്. (381200) വരവുസംബന്ധിച്ച വിവരങ്ങൾ പട്ടിക 1.23ൽ കൊടുത്തിരിക്കുന്നു. ആകെ വരുമാനം രൂപ 25,19,402/- ആണ്. സർക്കാർ ഗ്രാൻറുകളും മറ്റും ഇതിൽ ഉൾപ്പെടുന്നില്ല. നികുതി ഘടനയിൽ വന്ന മാറ്റങ്ങൾ വരുമാനത്തിന്റെ ഘടനയിലും ഗതിയിലും മാറ്റം വരുത്തിയിട്ടുണ്ട്. ഇത് വേണ്ടത്രയുണ്ടെന്ന് പറയാവതല്ല. മൊത്തം വരുമാനത്തിൽ തനതുവരുമാനം കൂടിക്കൊണ്ടിരിക്കുകയാണെന്ന് കണക്കുകൾ കാണിക്കുന്നു. എന്നാൽ നികുതി സാധ്യതയ്ക്കനുസരിച്ച് വരുമാനം ഉയർന്നതായി കാണുന്നില്ല. നികുതിയേതര വരുമാനം ഇനത്തിൽ ഇപ്പോൾ ചന്തവരവ്, ലൈസൻസ് ഫീസ്, ഡെപ്പോസിറ്റ്, തുടങ്ങിയവ മാത്രമേ കാണുന്നുള്ളു. സർക്കാരിൽ നിന്നുള്ള പദ്ധതി സഹായങ്ങളും ഗ്രാൻറുകളും കൂടി ഇതിൽപെടുന്നുണ്ട്. നികുതിയേതര വരുമാനത്തിന്റെ വർദ്ധനവാണ് ഭാവിയിൽ ഉറ്റുനോക്കേണ്ട പ്രധാന വരുമാനമാർഗ്ഗമാവേണ്ടത്. ഗ്രാമപഞ്ചായത്തിലെ ചെലവിനങ്ങളിൽ പ്രധാനം എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾതന്നെ. ഇത് മൊത്തം വരുമാനത്തിന്റെ 26.2 ശതമാനം വരുന്നുണ്ട് ഈ ഇനത്തിൽപ്പെട്ട ചെലവ് ശമ്പളപരിഷ്കരണവും, ഇൻക്രിമെൻറ് തുടങ്ങിയ ഇനങ്ങളിലായി കൊല്ലംതോറും വർധിച്ചുകൊണ്ടിരിക്കുകയാണ്. പൊതുവേയുള്ള വിലക്കയറ്റവും ഇതിനൊരു കാരണമാണ്.

പൊതുമരാമത്ത് പണികൾക്ക്വേണ്ടി ചെലവാക്കുന്ന തുകയും വർഷംതോറും കൂടിവരികയാണ്. കാലാനുസൃതമായി ജനസമൂഹങ്ങളിലുണ്ടാകുന്ന പുരോഗമനതാൽപര്യവും ആവശ്യബോധവും മൂലം ഈ ചെലവിനം ഇനിയും വർദ്ധിച്ചുകൊണ്ടിരിക്കാനാണ് സാധ്യതകാണുന്നത്. പഞ്ചായത്തിന്റെ 1995-'96 ലെ ആകെ ചെലവ് 26,56,697/- രൂപയാണ്.

11.66 ച. കി. മി. വിസ്തൃതിയുള്ള ഈ പഞ്ചായത്തതിർത്തിയിൽ നിലവിലുള്ള ധനകാര്യ സ്ഥാപനങ്ങൾ

1. വാണിജ്യബാങ്കുകൾ
2. സഹകരണബാങ്കുകൾ
3. മറ്റുബാങ്കുകൾ
4. സഹകരണവായ്പാബാങ്കുകൾ
5. ബാങ്കേതരധനകാര്യസ്ഥാപനങ്ങൾ

കാലാവധി കഴിഞ്ഞ വായ്പതുകകൾ പിരിച്ചെടുക്കാനുള്ള വിഷമതകളും വാണിജ്യ ബാങ്കുകളിൽ പൊതുവേ കാണപ്പെടുന്ന വൻബിസിനസ്സ് മനോഭാവവും നമ്മുടെ പഞ്ചായത്തിലെ സാധാരണ ജനങ്ങൾക്ക് വായ്പാസഹായം എളുപ്പം ലഭ്യമാക്കുന്നതിന് വിലങ്ങുതടിയാകുന്നുണ്ട്. സംസ്ഥാനത്തെ നിക്ഷേപവുമായി താരതമ്യം ചെയ്യുമ്പോൾ പഞ്ചായത്തിലെ നിക്ഷേപശതമാനം ഉയർന്നതായി കാണുന്നു. എന്നാൽ ക്രെഡിറ്റ് റേഷ്യോ നിക്ഷേപശതമാനത്തിന്റെ അടുത്തെങ്ങുമെത്തുന്നതായി കാണുന്നില്ല. ഈ സ്ഥിതിവിശേഷം ഈ നാടിന്റെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി സ്വാധീനിക്കുന്നുണ്ട്.

അനൗപചാരികമായി പണം പലിശയ്ക്കുകൊടുക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും പഞ്ചായത്തിൽ ധാരാളമുള്ളതായി കാണുന്നു. പ്രധാനമായും ഭൂമി കൈമാറ്റ ഇടപാടുമായി ബന്ധപ്പെട്ടും സ്വർണ്ണപണ്ടം പണയപ്പെടുത്തിയും നടത്തുന്ന ഇത്തരം ഇടപാടുകൾക്ക് ഈടാക്കുന്നത് അമിത നിരക്കിലുള്ള പലിശയാണ്. ഇവരിൽ നിന്ന് വായ്പ കിട്ടാൻ എളുപ്പമായതുകൊണ്ട് ശരാശരിക്കാരും താഴ്ന്ന വരുമാനക്കാരും ഇവരുടെ ചൂഷണത്തിന് നിരന്തരം വിധേയരാണ്.

ഗൾഫുകുടിയേറ്റവുമായി ബന്ധപ്പെട്ട ധാരാളം ഭവനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. മുമ്പ് വളരെ മെച്ചമായിരുന്ന അവരുടെ സാമൂഹ്യസാമ്പത്തി ചുറ്റുപാടുകൾ വിദേശരാജ്യങ്ങളിൽ ഗവർൺമെൻറ് നയങ്ങൾ മാറിവന്നതുമൂലവും തൻനാട്ടുകാരുടെ മനോഭാവത്തിൽ വന്ന മാറ്റം മൂലവും അധോഗതിയെ നേരിടുകയാണ്. മെച്ചപ്പെടുന്നവരാകട്ടെ ഭൂമി വാങ്ങാനും കെട്ടിട നിർമ്മാണത്തിനും

കൂടുതൽ സംഖ്യ മുടക്കാൻ വ്യഗ്രതപ്പെട്ടതുമൂലം പ്രത്യുൽപാദനരംഗം സജീവമാകുന്നുമില്ല. ന്യായമായ വരുമാനം ഉറപ്പാണെന്ന വിശ്വാസം ഇവരിൽ വളർത്താൻ കഴിഞ്ഞാൽ ഇവരിൽ നിന്ന് വിഭവസമാഹരണം സാധിച്ചേക്കും.
പഞ്ചാത്തിൽ സന്നദ്ധസംഘടനകൾ ധാരളമുണ്ടെങ്കിലും നാടിൻെറ ആവശ്യങ്ങൾക്കനുസരിച്ച് സന്നദ്ധപ്രവർത്തനത്തിലൂടെ മനുഷ്യവിഭവസമാഹരണം സാധ്യമാവുന്നില്ല. സംഭാവനപിരിച്ച് നടത്തപ്പെടുന്ന വിഭവസമാഹരണം പദ്ധതികളുടെ വലിപ്പചെറുപ്പവും ഗുണാത്മകതയുമനുസരിച്ച് വിജയിക്കുന്നുണ്ടുതാനും.
വിഭവസമാഹരണരംഗത്ത് സ്കൂൾ P.T.A. കൾ പൊതുവേ സ്ഥുത്യർഹമായ സേവനമാണ് നിർവ്വഹിക്കുന്നത്. കെട്ടിടനിർമ്മാണത്തിനും കംപ്യൂട്ടർ ഏർപ്പെടുത്തുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനും സ്റ്റേജ് നിർമ്മാണത്തിനും ഉച്ചഭക്ഷണ വിതരണത്തിനും മറ്റുമായി വിഭവസമാഹരണത്തിന് സംഭാവന സമാഹരിക്കാനും ഈ പ്രസ്ഥാനങ്ങൾ വളരെയെറെ പ്രവർത്തിക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ വരുമാനസാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തി കാണുന്നില്ല. കെട്ടിട നികുതി, തൊഴിൽനികുതി, വസ്തുകൈമാറ്റനികുതി മുതലായ ഇനങ്ങളിലെ വരുമാനം സോഷ്യൽ ഓഡിറ്റ് മുഖേന ഇനിയും വർദ്ധിപ്പിക്കാൻ കഴിയും.
2. കോൺട്രാക്ടർമാരും മറ്റ് ഇടതട്ടുകാരും തട്ടിയെടുക്കുന്ന അമിത ലാഭം നിയമത്തിൻെറ സങ്കീർണ്ണത കുറയ്ക്കുകയും സുതാര്യത വർദ്ധിപ്പിക്കുകയും ചെയ്താൽ നിയന്ത്രിക്കാനാകും. ഇതിനായി സാമൂഹ്യപരിശോധനാസംവിധാനം ഉണ്ടാകണം.
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് ഇന്ന് പല തടസ്സങ്ങളും നിലനിൽക്കുന്നു. പഞ്ചായത്ത് സമിതിയെ പോലുള്ള പൊതുസമിതികളുടെ സാമ്പത്തികമായ കെട്ടുറപ്പ് ബോധ്യപ്പെടുത്താനും സ്കീമുകൾ വിജയകരമാകുമെന്ന ധാരണ വരുത്താനും കഴിയുന്നില്ല. വേണ്ടത്ര വിദഗ്ദസേവനത്തിൻെറ അഭാവം ഇവിടെ പ്രശ്നമായി വരുന്നുണ്ട്.
4. സംഭാവനകളും മറ്റും അടിസ്ഥാനമാക്കിയുള്ള പൊതുഫണ്ടുകളുടെ തെറ്റായ വിനിയോഗവും വിഭവസമാഹരണത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നു.
5. പഞ്ചായത്തുകൾക്ക് നികുതി ചുമത്താവുന്ന മേഖലകളുടെ കുറവും പഞ്ചായത്ത് രാജ് നിയമം വന്നതിന്ശേഷം ആവശ്യമായ 'റൂളുകൾ' രൂപപെട്ടിട്ടില്ലാത്തതും വിഭവസമാഹരണത്തിന് തടസ്സം സൃഷ്ടിക്കുന്നു.
5.1 കെട്ടിട നികുതി, തൊഴിൽ നികുതി, വസ്തുകൈമാറ്റനികുതി എന്നിവയ്ക്ക് സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്താം വീടുകളായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ആളെണ്ണം കണക്കാക്കി നിശ്ചിതപരിധിയിലധികംവരുന്ന സ്ഥലത്തിനും അലങ്കാരത്തിനും നികുതി ചുമത്താം.
5.2 ഭൂമി കൈമാറ്റ രജിസ്ട്രേഷൻപ്രമാണങ്ങൾക്ക് സോഷ്യൽ ഓഡിററ് മുഖേന വരുമാനം വർദ്ധിപ്പിക്കാം.
5.3 അരികത്തുള്ള സ്കൂളുകളിൽ നിന്ന് ദൂരെ മെച്ചപ്പെട്ട വിദ്യാലയങ്ങളിൽ തങ്ങളുടെ കുട്ടികളെ അയച്ച് പഠിപ്പിക്കുന്നവർക്ക് സോഷ്യൽ ഓഡിററ് മുഖേന വിദ്യാലയ സെസ്സ് ഏർപ്പെടുത്തണം. വീട്ടുനികുതിയോടൊപ്പം P.T.A.സെസ്സ് ഏർപ്പെടുത്താം.
5.4 ഗ്രാമീണറോഡ് ഉപയോഗിക്കുന്ന ഇരുചക്ര, ത്രിചക്ര വാഹനങ്ങൾ ഒഴികെയുള്ളവയ്ക്ക് ടോൾ ഏർപ്പെടുത്താം.
5.5 നാഷണൽ ഹൈവേ, സ്റ്റേററ് ഹൈവേ, P.W.D. റോഡുകൾ എന്നിവയ്ക്കരികത്ത് താമസിക്കുന്നവർക്ക് പഠനം, ജോലി,

ബിസിനസ്സ്, വാടക തുടങ്ങി പലയിനങ്ങളിലും പ്രത്യേകസൗകര്യം ലഭിക്കുന്നുണ്ട്. പൊതുമുതൽ വൻതോതിൽ ഈ ഭാഗങ്ങളിൽ ചിലവഴിക്കുന്നതു മൂലമുണ്ടാകുന്ന സൗകര്യമായതുകൊണ്ട് 'സൗകര്യനികുതി' ചുമത്താം.

5.6 പൊതുമുതൽ കൂടുതലായി മുടക്കിയതുമൂലമുള്ള സൗകര്യം മേൽസ്ഥലങ്ങളിലെ വസ്തു-കെട്ടി വില്പനയിൽ വിലയുടെ രൂപത്തിൽ പ്രതിഫലിക്കുന്നതിനാൽ ലാഭനികുതി ചുമത്താം.

1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (Ref. C.B.)

| ഇനം | ധനാഭ്യർഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടി നികുതി | 6,11, 688 | 6,11,688 | ഇല്ല |
| സർവ്വീസ് ചാർജ്ജ് | - | - | - |
| തൊഴിൽ നികുതി | 2,63,055 | 2,263,053 | |
| വാഹനനികുതി | - | - | - |
| വിനോദനികുതി | 3,26,943 | 3,26943 | |
| അഡി. വിനജനികുതി | 1,96,187 | 1,96,187 | |
| പ്രദർശന നികുതി | 4,284 | 4,284 | |
| സർചാർജ്ജ് | 1,062 | 1,062 | |
| ചന്തവരവ് | 3,81,200 | 3,81,200 | |
| ലാൻറ്സസ് | - | - | - |
| ലൈസൻസ് ഫീസ് | 44,004 | 44,004 | |
| കെട്ടിടനികുതി സർചാർജ്ജ് | - | - | - |
| വസ്തുകൈമാററ നികുതി 75% | 26,760 | 26,760 | |
| " " 25% | - | - | - |
| സർക്കാർ ഗ്രാൻറുകളൊഴികെ മററ് വരവുകൾ | 3,40,099 | 3,40,099 | |
| സംഭാവന | - | - | - |
| ഡെപ്പോസിററ് | 77.520 | 77,520 | |
| മററുള്ളഴ | - | - | - |
| ആകെ | 25,19,402 | 25,19,402 | |

## 1.24 ചെലവ് സംബന്ധിച വിവരങ്ങൾ

Ref. C, B (1995-'96)

ഭരണം = 6,60,202 - 26.2%
പൊതുമരാമത്ത് = 6,19,540 - 24.6%
വിദ്യാഭ്യാസം = 85,970 - 3.4 %
ജലവിതരണം,
ഓടകൾ,
പൊതുജനാരോഗ്യം = 4,37,740 - 17.4 %
തെരുവു വിളക്കുകൾ
കത്തിക്കുന്നത് = 2,57,063 - 10.2 %
മറ്റുള്ളവ = 5,96,181 - 23.7%

ആകെ =26,56,697-36

ആകെ വരവ് Rs. 25,19,402/-
ആകെ ചിലവ് Rs. 26,56,697/36

5.7 ഇപ്പോൾ തൊഴിൽനികുതിക്ക് വിധേയരാകുന്നതിൽ കൂടുതലും സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യസ്ഥാപനങ്ങൾ, തുടങ്ങിയവയിലെ സ്ഥിരം തൊഴിലാളികലാണ്. എന്നാൽ ഇവരേക്കാൾ കൂടുതൽ വരുമാനമുള്ള പീസ് വർക്ക്, ബ്രോക്കർ, വഞ്ചി മുതലായി വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുണ്ട്. ഇവരെക്കൂടി തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരാം.

5.8 ആരോഗ്യക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ ആശുപത്രികളിലേയും പ്രൈവറ്റ് ആശുപത്രികളിലേയും സേവനം ലഭിക്കുന്നവരിൽ നിന്ന് ടി. പ്രവർത്തനത്തിലുള്ള നിധിയിലേക്ക് ചുരുങ്ങിയത് 1 രൂപാ വീതം സംഭാവന പിരിക്കാവുന്നതാണ്.

5.9 നിർമ്മാണപ്രവർത്തനരംഗം അഴിമതിയുടെ കൂടി രംഗമാണ്. ടി. രംഗത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും പണികഴിഞ്ഞു. പണം നൽകുമ്പോഴും മാർക്കററ് വില കണക്കിലെടുക്കുകയും ഉദ്യോഗസ്ഥരും പഞ്ചായത്ത് പ്രതിനിധികളും അളന്നംഗീകരിക്കുന്ന ഓരോ സ്റ്റേജിലും അടുത്തദിവസം തന്നെ ജനപ്രതിനിധികൾ മുഖേന ചെക്ക് നൽകത്തക്ക വിധത്തിൽ നടപടിക്രമങ്ങൾ ലളിതമാക്കുകയും വേണം. കണക്കുകൾ പ്രസിദ്ധീകരിക്കണം.

5.10 ടാപ്പ് സ്ഥാപിക്കൽ, കൾവർട്ട് നിർമ്മാണം തുടങ്ങിയ പണികൾക്ക് ഗുണം ലഭ്യമാകുന്ന പ്രദേശത്തുനിന്ന്. സന്നദ്ധപ്രവർത്തനം ആവശ്യപ്പെടാം.

5.11 സിനിമാതിയ്യറ്ററുകളിൽ കുററമററ പരിശോധനാസമ്പ്രദായം ഏർപ്പെടുത്തുന്നത് വിഭവവർദ്ധനയ്ക്ക് സഹായകമാവും. സ്ഥലവാടക കാലാനുസൃതമായി പുതുക്കുകയും അതു ചെയ്യുമ്പോൾ കാർഷിക, കാർഷികേതര, വരുമാനം കണക്കിലെടുക്കുകയും വേണം.

5.12 സന്നദ്ധസംഘങ്ങൾ, ചാരിററബിൾ സൊസൈററികൾ കുറിക്കമ്പനികൾ സ്വകാര്യസാമ്പത്തിക സ്ഥാപനങ്ങൾ എന്നിവകളിൽ നിന്നും ടേൺ ഓവർ ടാക്സ് ഇടാക്കാവുന്നതാണ്.

5.13 തോടുകളിൽ കൂടി സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് ചുങ്കം ഏർപ്പെടുത്താവുന്നതാണ്.

5.14 കേബിൾ ടി.വി.യിൽ പ്രവർത്തിക്കുന്നവരിൽ നിന്നും തൊഴിൽ കരം പിടിക്കണം.

5.15 സ്വകാര്യലാൻഡിംഗ് പ്ലെയ്സുകൾ ലേലം ചെയ്തുകൊടുക്കുന്ന വകയിൽ ഒരു നിശ്ചിത ശതമാനം പഞ്ചായത്ത് വസൂലാക്കണം.

5.16 N.H., P.W.D. പാലങ്ങളുടെ സമീപമുള്ള സ്ഥലങ്ങൾ പഞ്ചായത്ത് ലാൻറിംഗ് പ്ലെയ്സുകളാക്കുന്നതിനുള്ള നടപടിയുണ്ടാകണം

5.17 NRI നിക്ഷേപങ്ങൾ മേത്തലയിലുള്ള ബാങ്കിംങ് സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

301

## പോരായ്മകൾ

### വ്യവസായം (അനുബന്ധം)

1. വനിതകൾക്ക് വ്യാപകമായി തൊഴിലവസരം ഉറപ്പു വരുത്തുന്നതും എക്സ്പോർട്ടിങ് ലക്ഷ്യം വെച്ചുകൊണ്ടുള്ള ബൃഹത്തായ ഒരു വസ്ത്ര നിർമ്മാണ യൂണിററ് മേത്തല പഞ്ചായത്തിൽ ആരംഭിക്കണം.
2. ടെക്നോപാർക്ക് പോലുള്ള ഇലക്ട്രോണിക്, സോഫ്ററ് - വെയർ ഉൽപ്പന്ന നിർമ്മാണ യൂണിററുകൾക്ക് ഇലക്ട്രോണിക് ഘടകഭാഗങ്ങളും (accessories) സോഫററ്വെയറും നിർമ്മിച്ചു നൽകുന്ന യൂണിററുകൾ മേത്തല പഞ്ചായത്തിൽ ആരംഭിക്കണം.
3. നാളികേരത്തിൽ നിന്നും (നാളികേര വെള്ളം ചിരട്ട, കൊപ്ര മുതലായവ ഉപയോഗപ്പെടുത്തികൊണ്ട്) വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിററുകൾ മേത്തല പഞ്ചായത്തിൽ ആരംഭിക്കണം.

1. ജനസംഖ്യാകണക്കുകൾ-ജനനമരണ നിരക്ക്, ശിശുമരണ നിരക്ക് ഇവ വിശകലനവിധേയമാക്കാൻ കഴിഞ്ഞിട്ടില്ല.
2. വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഇവയുടെ സ്ഥിതിവിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്യാനും കഴിഞ്ഞിട്ടില്ല. ആരോഗ്യരംഗത്തെ സ്ഥിതി വിവരകണക്കുകൾ -പ്രായഘടന, വൈകല്യ നിരക്ക്, രോഗാതുരത, സ്ഥാപനങ്ങളും ജീവനക്കാരും, വിവിധ ചികിത്സാരീതികൾ ഇങ്ങനെ ഒട്ടേറെ വിവരങ്ങൾ ഈ രംഗത്ത് ശേഖരിക്കുകയും വിശകലനവിധേയമാക്കുകയും ചെയ്യേണ്ടതുണ്ട്.
3. വിസർജ്ജന നിർമ്മാർജ്ജന സൗകര്യങ്ങൾ സംബന്ധിച്ച കണക്കുകൾ പൂർണ്ണമല്ല.
4. ഭൂഗർഭജനവിനിയോഗ സാധ്യതകൾ ഭൂഗർഭജല വകുപ്പിൽ നിന്നും ശേഖരിക്കേണ്ടതുണ്ട്.
5. വിദ്യാഭ്യാസമേഖലയിൽ പി.ടി.എ. യുടെ പ്രവർത്തനസാധ്യതകൾ പരിശോധിക്കപ്പെടണം. ജില്ലാ - സബ്ജില്ലാകലാകായിക മത്സരങ്ങളിൽ പഞ്ചായത്തിൻെറ പങ്ക്, സാക്ഷരതാപ്രവർത്തനങ്ങളുടെ ഇന്നത്തെ സ്ഥിതി ഇവയും പരിശോധിക്കപ്പെടണം.
6. എത്രശതമാനം വീടുകളിൽ ടി.വി. ഉണ്ട്, ലൈബ്രറികളിൽ നിന്നും പുസ്തകം എടുത്ത് വായിക്കുന്നവരുടെ എണ്ണം എന്നീ വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.
7. വികലാംഗരുടെ എണ്ണം അവർക്കുലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവ ശേഖരിക്കപ്പെട്ടിട്ടില്ല.
8. സഹകരണസംഘം മേധാവികളുടെ യോഗം വിളിച്ചുചേർത്ത് ആ മേഖലയിലെ പ്രശ്നങ്ങൾ വേണ്ടത്ര വിശകലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.
9. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാങ്കേതര ധനകാര്യസ്ഥാപനങ്ങൾ, സ്വകാര്യവ്യക്തികൾ നടത്തുന്ന ബാങ്കുകളും പണമിടപാടുകളും അവയുടെ പലിശയും ഇക്കാര്യങ്ങൾ പരിശോധിക്കപ്പെട്ടിട്ടില്ല.
10. നമ്മുടെ പഞ്ചായത്തിലേയും സമീപ പ്രദേശങ്ങളിലേയും വിദഗ്ധരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.
11. ഏതെല്ലാം വികസന മേഖലകളിൽ എന്തെല്ലാം സന്നദ്ധ പ്രവർത്തനങ്ങൾ സാധ്യമാകും എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല.

## ഇനിയെന്ത്?

ഗ്രാമസഭകളുടെ ഉത്സവലകാലത്തിനുശേഷം കടലാസുപണിയുടെ ഇടവേള സർക്കുലർ ഗ്രാഫുകൾക്കും സ്ഥിതിവിവരകണക്കുകളുടെ തുണുത്തുറഞ്ഞ കോളങ്ങൾക്കും ഉണരുന്ന ഗ്രാമീണജനതയുടെ സർഗ്ഗശക്തിക്കൊപ്പം നില്ക്കാനാവില്ലെന്നുറപ്പാണ്. ആവശ്യങ്ങളും നിർദ്ദേശങ്ങളും വകുപ്പു പദ്ധതികളുടെ കുരുക്കുകളിലും നാടകളിലും ഒടുങ്ങാതിരിക്കാൻ നാമിനിയെന്തു ചെയ്യണം? സിദ്ധാന്ത ദുശ്ശാഠ്യഘങ്ങളിൽ ഉറങ്ങുമ്പോഴും വികസനരാഷ്ട്രീയത്തിന്റെ *പുലർച്ചക്കല്ല് വളർന്നുകൊണ്ടെയിരിക്കുന്നു എന്ന് വിശ്വസിക്കാനാണ് ഞങ്ങൾ മേത്തലക്കാർക്കിഷ്ടം. പ്രാദേശിക-മാനുഷിക വിഭവങ്ങളുടെ സാദ്ധ്യതകളിൽ നാം ആശ്വസിക്കുന്നു.

### ഈ ഐക്യം തുടർന്നാൽ.......
### പലതും ചെയ്യാൻ കഴിയും.

? ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം കഴിഞ്ഞു. മേത്തലയുടെ വികസന സാധ്യതകളും വ്യക്തമായിട്ടുണ്ട്. നിങ്ങളുടെ പരിഗണയിലുള്ള ആദ്യത്തെ കാര്യമെന്താണ്

❑ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന കാര്യത്തിനാണ് ആദ്യപരിഗണന നൽകുക. സ്ഥലം വാങ്ങുന്നതിന് ഒരു സെൻറിന് 5000 രൂപ പഞ്ചായത്തിന് സർക്കാരിൽ നിന്നും കിട്ടും. ഘട്ടം ഘട്ടമായി വീടുകൾ ഉണ്ടാക്കിക്കൊടുക്കും. ഫ്ലാററുകൾ സമ്പ്രദായത്തിന്റെ സാമ്പത്തിക വശങ്ങൾ പരിശോധിക്കണം.

? നവംബർ 1 പുനർസമർപ്പണദിനത്തിലെ പദ്ധതികൾ വിജയമായിരുന്നോ?

❑ വിജയമായിരുന്നു. നല്ല ജനപങ്കാളിത്തമുണ്ടായിരുന്നു.

? ആസൂത്രണത്തിന്റെ തിരക്കിനിടയിൽ മറക്കാനിടയുള്ള വൃദ്ധർക്കുവേണ്ടി ഏതെങ്കിലും അപേക്ഷകൾ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടോ?

❑ ഉണ്ട്. കൂടാതെ ഗ്രമസഭകളിലും ഈ പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

* ഉണ്ടേക്കടവ് പാലത്തിനക്കരെ ഒന്നാം വാർഡിൽ, പാലത്തിനടത്തുനിന്ന് രണ്ട് ഫർലോംഗ് കിഴക്ക് പുഷ്പാവതിചേച്ചിയുടെയും ജ്യോത്സനയുടേയും വീടിനു തൊട്ടരികിൽ പുലർച്ചക്കല്ല് സ്ഥിതിചെയ്യുന്നു. ചെങ്കൽപ്പാറക്കുമുകളിൽ ഒരു കണ്ടൽച്ചെടി മാത്രം. തിരുവഞ്ചിക്കുളം ക്ഷേത്രംപണിയാൻ ദേവകന്യകകൾ കല്ലുചുമന്നുകൊണ്ടുപോയെന്നും നേരം പുലർന്നുപോയെന്നും ഐതിഹ്യം. മനുഷ്യന്റെ നോട്ടത്തെ ഭയന്ന് ഉപേക്ഷിച്ചിട്ടുപോയ കല്ല് വളർന്നുകൊണ്ടെയിരിക്കുന്നു എന്നാണ് ഗ്രാമത്തിലെ യുക്തിവാദിയുടെപോലും വിശ്വാസം.